# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 12, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 7

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 12, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

751/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...110

**II. അടിയന്തരപ്രമേയം**

പ്ലസ് വൺ, ഡിഗ്രി സീറ്റുകളിലെ കുറവ്

—ശ്രീ. കെ. എൻ. എ. ഖാദർ

(അവതരണാനുമതി നിഷേധിച്ചു.) ...502

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) അൺ എയ്ഡഡ് മേഖലയിലെ ചൂഷണം

—ശ്രീ. പി. കെ. ശശി ...514

(2) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

—ശ്രീ. എൻ. ഷംസുദ്ദീൻ ...517

**IV. സബ്മിഷൻ**

(1) പോലീസ് മർദ്ദനം

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)...522

(2) പിറവം പള്ളിയിലെ പ്രശ്നങ്ങൾ

—ശ്രീ. അനൂപ് ജേക്കബ് ...524

(3) കാലവർഷക്കെടുതി

—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

—ശ്രീ. രാജു എബ്രഹാം ...526

പേജ്

(4) സേവന വേതന വ്യവസ്ഥകൾ

—ശ്രീ. ചിറ്റയം ഗോപകുമാർ ...532

(5) ആസ്തി വികസന ഫണ്ട്

—ശ്രീ. പി. ടി. എ. റഹീം ...534

(6) കാർഷിക ലോൺ സർക്കാർ ഏറ്റെടുക്കൽ

—ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...535

(7) സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

—ശ്രീ. സി. കൃഷ്ണൻ ...538

(8) തൊഴിലാളികളുടെ പ്രശ്നങ്ങൾ

—ശ്രീ. എം. സ്വരാജ് ...539

(9) നെല്ല് സംഭരണം

—ശ്രീ. മുരളി പെരുനെല്ലി ...541

(10) ഭരണസമിതി തെരഞ്ഞെടുപ്പ്

—പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...543

**V. മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...545

**VI. റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ട് ...551

(2) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും(ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ റിപ്പോർട്ട് ...551

(3) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട് ...551

*പേജ്*

(4) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ ...552

(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് ...552

**VII. ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ...552

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 12, ചൊവ്വ*


വാല്യം 172 ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7


നിയമസഭ 2018 ജൂൺ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ * 181

### 15-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾ

1 (*181) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളം സന്ദർശിച്ച 15-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സർക്കാർ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) 14-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് അനുവദിച്ച 42 ശതമാനം വിഹിതം നിലവിലെ സാഹചര്യങ്ങൾക്ക് മതിയാകില്ലെന്ന് കമ്മീഷൻ മുമ്പാകെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനായി നിരത്തിയ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) തകർന്നുകൊണ്ടിരിക്കുന്ന റബ്ബർ മേഖലയെ സംരക്ഷിക്കുന്നതിന് ഏതുതരം ഇടപെടൽ ഉണ്ടാകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ സംസ്ഥാനത്തിന് നൽകണമെന്നും ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ള സംസ്ഥാനങ്ങൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രകൃതി ദുരന്തങ്ങൾക്കുള്ള സഹായമായി പ്രത്യേകമായ എന്ത് പദ്ധതി ആവിഷ്കരിക്കണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ/ശിപാർശകൾ താഴെപ്പറയുന്നവയാണ്:

- സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തുക.
- പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 8-ൽ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവ വിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടേംസ് ഓഫ് റഫറൻസ് 8 നീക്കംചെയ്യണമെന്നും ജനസംഖ്യയ്ക്ക് നൽകുന്ന വെയിറ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള വിവേചനാധികാരം കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് ഇടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971-ലെ കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യയ്ക്ക് തുല്യമായ വെയിറ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

| മാനദണ്ഡം | വെയിറ്റേജ് |
|---|---|
| ജനസംഖ്യ 2011-ലെ സെൻസസ് അടിസ്ഥാനമാക്കി | 30% |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30% |
| വരുമാന അന്തരം | 20% |
| വിസ്തീർണ്ണം | 10% |
| വനമേഖല | 10% |

- പ്രത്യേക മേഖലാ ഗ്രാന്റുകൾ നൽകാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെപ്പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.
- തീരദേശപരിപാലനം - 1500 കോടി
- വന സംരക്ഷണം - 1000 കോടി
- മെച്ചപ്പെട്ട തൊഴിൽ ലഭ്യതയ്ക്കാവശ്യമായ നൈപുണ്യ വികസനം -750 കോടി
- റബ്ബർ കർഷകർക്ക് ആശ്വാസം - 250 കോടി
- മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി
- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും; ബാക്കി 30% തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.
- SDRF-ന്റെ കോർപ്പസ് 3000 കോടി രൂപയായി ഉയർത്തണമെന്നും ആയതിലെ കേന്ദ്രവിഹിതം 90 ശതമാനമായി ഉയർത്തണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പബ്ലിക് കലാമിറ്റി ഇൻഷ്വറൻസ് സ്കീം, വാർഡ് ലെവൽ കലാമിറ്റി റെസ്പോൺസ് ഫണ്ട്, ജൻഡർ സെൻസിറ്റീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.
- സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP-യുടെ 3% നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.
- തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ശിപാർശ ചെയ്യുക.

പറഞ്ഞില്ലെങ്കിലും അവരുടെ മെമ്മോറാണ്ടങ്ങളിൽ എതിർത്തുള്ള നിലപാട് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ട്, നമ്മുടെ വായ്പയുടെമേലും ധനകാര്യ പ്രവർത്തനങ്ങളുടെമേലും കൂടുതൽ നിബന്ധന അടിച്ചേൽപ്പിക്കാനുള്ളതാണ്. അത് യോഗം ചേർന്ന ബി.ജെ.പി. ഇതര ധനകാര്യ വകുപ്പുമന്ത്രിമാർ അംഗീകരിക്കുകയുണ്ടായി. മൂന്നാമത്തേത്, സംസ്ഥാനങ്ങൾ തമ്മിലുള്ള വിതരണത്തിൽ എന്ത് മാനദണ്ഡം വേണമെന്നുള്ളതാണ്. അവിടെയാണ് 1971-നുപകരം 2011 അടിസ്ഥാനമാക്കിയത്. 1971 വേണമെന്ന കാര്യത്തിൽ ആ സമ്മേളനത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളും ഒരുമിച്ച് നിൽക്കുകയാണ്. അങ്ങനെ അതിശക്തമായ നിലപാടെടുത്തതിന്റെ ഫലമായി 2011-ന്റെ മാനദണ്ഡവുംകൂടി പരിഗണിക്കുമെന്നും അത് എങ്ങനെ ചെയ്യാമെന്നുള്ളത് ധനകാര്യ കമ്മീഷൻ പരിശോധിക്കുമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിതന്നെ തമിഴ്നാട്ടിൽ വച്ച് പറയുന്ന സ്ഥിതിവിശേഷമുണ്ടായി. എന്താണ് ധനകാര്യ കമ്മീഷൻ ചിന്തിക്കുന്നതെന്ന് നമുക്ക് അറിയില്ല. ടേംസ് ഓഫ് റഫറൻസ് മാറ്റിയില്ലെങ്കിൽപ്പോലും 2011-കൂടി പരിഗണിക്കണമെന്നുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ജനസംഖ്യാ നിയന്ത്രണ മേഖലയിലടക്കം കേരളം കൈവരിച്ച വലിയ നേട്ടങ്ങൾ ധനകാര്യ കമ്മീഷന്റെ വിഹിത വിതരണത്തിൽ നമുക്ക് ദോഷകരമായി ബാധിക്കുന്നു. ആ നേട്ടങ്ങൾക്കുള്ള കോമ്പൻസേഷനായി വെയിറ്റേജ് നൽകാമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അനുഭാവികൾ അംഗീകരിക്കുന്നുണ്ടോ; കേന്ദ്ര-സംസ്ഥാന വിഭവ വിതരണം 42:58-നുപകരം 50:50 ആക്കണമെന്ന നിർദ്ദേശം പറഞ്ഞു, അതിനെക്കുറിച്ചുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, 42 ശതമാനത്തിൽനിന്നും കുറയ്ക്കണമെന്നുള്ളതാണ് നമ്മുടെ നിലപാട്. അവർക്ക് നിശ്ചയമായും അങ്ങനെയൊരു മെമ്മോറാണ്ടമുണ്ടാക്കി കമ്മീഷനിൽ നൽകാം. നമ്മുടെ നിലപാട് ഇത് ടേംസ് ഓഫ് റഫറൻസിൽ ചേർക്കുന്നതിന് എതിരായിട്ടാണ് കേന്ദ്ര സർക്കാർ അവരുടെ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. പക്ഷേ അതിശക്തമായ സമ്മർദ്ദം ഇന്ന് ദേശീയതലത്തിൽ ഇതിനെതിരായി രൂപപ്പെടുന്നുണ്ട്. മുൻധനകാര്യ കമ്മീഷൻ അംഗങ്ങൾതന്നെ ഇതിനെതിരായി പ്രത്യക്ഷമായും പരോക്ഷമായും സംസാരിച്ചിട്ടുണ്ട്. അതിൽനിന്നും ഒരു ചലനമുണ്ടാകും. 42 ശതമാനം വെട്ടിക്കുറയ്ക്കുകയെന്ന് പറയുന്നത് അത്ര എളുപ്പമായിരിക്കില്ല. ഒരു മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ദേശീയതലത്തിൽ വലിയൊരു കൺവെൻഷനടക്കം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അവിടെവച്ച് ഈ പ്രശ്നം കൂടുതൽ ഗൗരവമായി ഉയർന്നുവരും. നമ്മുടെ നേട്ടങ്ങൾക്ക് കോട്ടമുണ്ടാ

കാതിരിക്കാൻ എന്താണ് നടപടിയെന്നതാണ് അങ്ങ് രണ്ടാമത് ചോദിച്ചത്. പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി വിഹിതം നൽകാൻ പാടില്ലെന്ന നിലപാട് പരസ്യമായി കേരളം സ്വീകരിച്ചിട്ടില്ല. അത് നമ്മളെല്ലാവരും അംഗീകരിക്കുന്ന സാമ്പത്തിക നീതി തത്വങ്ങൾക്ക് എതിരാണ്. അങ്ങനെ നൽകുമ്പോൾ നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന വിഹിതത്തിൽ നിന്ന് ഗണ്യമായി വെട്ടിക്കുറയ്ക്കുകയാണ്. ടേംസ് ഓഫ് റഫറൻസ് അപ്ലൈ ചെയ്താൽ 2.5-ൽനിന്ന് യാന്ത്രികമായി 2-ന് താഴെപ്പോകും. അത് disastrous ആയിരിക്കും. അങ്ങനെയുള്ള മാറ്റം ഉണ്ടാകില്ലെന്നൊരു സൂചനയാണ് ഫിനാൻസ് കമ്മീഷനിൽ നിന്നും വന്നത്. ഒരു മിതത്വം പാലിക്കും, അങ്ങോട്ടുമിങ്ങോട്ടും കൂടിയാലും കുറഞ്ഞാലും ഒരു റേഞ്ചിനുള്ളിലേ കൊണ്ടുവരികയുള്ളൂ എന്നൊക്കെ അനൗപചാരികമായ ചർച്ചകളിലൊക്കെ അവർ സമ്മതിക്കുന്ന അവസ്ഥ വന്നിട്ടുണ്ട്. സ്പെഷ്യൽ പ്രശ്നങ്ങളായി നമ്മുടെ നേട്ടങ്ങൾ, രണ്ടാംതലമുറ പ്രശ്നങ്ങൾ എടുക്കണമെന്ന് മെമ്മോറാണ്ടത്തിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായതിനുശേഷം ആദ്യത്തെ ഫിനാൻസ് കമ്മീഷനാണ് നമ്മുടെ മുമ്പിലേയ്ക്ക് വരുന്നത്. നോൺ പ്ലാൻ വിഹിതം ഫിനാൻസ് കമ്മീഷൻ ഡിസ്ട്രിബ്യൂഷൻ നടത്തുമ്പോൾ അതിനകത്ത് സംസ്ഥാനങ്ങൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയെ സംബന്ധിച്ചാണ്, അതായത് vertical devolution 42 ശതമാനത്തിൽ കുറയരുതെന്ന പോയിന്റാണ് അങ്ങയുടെ ഉത്തരത്തിൽ ഹൈലൈറ്റ് ചെയ്യുന്നത്. അതേയവസരത്തിൽത്തന്നെ സംസ്ഥാനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 42 ശതമാനത്തിൽ നിന്നും ഒരു horizontal devolution ഉണ്ട്. കേരളത്തെ സംബന്ധിച്ച് ഏറ്റവും ഗൗരവതരമായ പ്രശ്നങ്ങളുണ്ടാകുന്നത് സംസ്ഥാനങ്ങൾക്കുള്ള വിതരണത്തെ സംബന്ധിച്ചാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ജനസംഖ്യാ നിയന്ത്രണത്തിലും ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തുമുണ്ടാക്കിയ നേട്ടങ്ങൾ നമ്മുടെ വിഹിത വിതരണത്തിൽ നെഗറ്റീവായി മാറുകയാണെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഒരു കാര്യം സമ്മതിക്കണം; നേരത്തെ യൂറോപ്യൻ മോഡൽ എന്ന് വിളിക്കപ്പെട്ട നമ്മുടെ പ്രൈമറിസെക്ടറിൽ ഇന്നിപ്പോൾ സ്റ്റാഗ്നേഷനാണ്. അത് ഈ സർക്കാരിന്റെയോ ഏതെങ്കിലും സർക്കാരിന്റെയോ കുഴപ്പംകൊണ്ട് മാത്രമല്ല. ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്ത് ഹെൽത്ത് സെക്ടറിലും എഡ്യൂക്കേഷൻ സെക്ടറിലും ഉൾപ്പെടെയുണ്ടാക്കിയ ഇൻഫ്രാസ്ട്രക്ച്ചർ മെയിന്റെയിൻ ചെയ്തുകൊണ്ടു പോകുന്നതിന് ഈ ഫോർമുല ഗുരുതരമായ ദോഷം ചെയ്യും. അതുകൊണ്ട് ആ സെക്ടറിലെ ഡെവലപ്മെന്റ് തൃപ്തികരമല്ലെന്ന നിലപാടെടുക്കുകയും 1971-ലെയും 2011-ലെയും സെൻസെസ് താരതമ്യം ചെയ്യുമ്പോൾ നമുക്കുണ്ടാകുന്ന നഷ്ടം വേറെ ഏതെങ്കിലുമൊരു ഹെഡ്ഡിൽ നികത്തപ്പെടാനുമുള്ള ശക്തമായൊരു നിലപാട് സർക്കാർ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നോൺ പ്ലാനിനെ മാത്രം ആസ്പദമാക്കിയുള്ള കണക്കാണ് 32 ശതമാനം എന്നുപറയുന്നത്. നോൺ പ്ലാനും പ്ലാനുംകൂടി പരിഗണിച്ചുകൊണ്ടാണ് 42 ശതമാനം പതിനാലാം ധനകാര്യ കമ്മീഷൻ അംഗീകരിച്ചത്. അതുകൊണ്ട് കേന്ദ്ര സർക്കാർ പറയുന്നതുപോലെ അനധികൃതമായി വിഹിതത്തിൽ കുതിച്ചുചാട്ടം വന്നുവെന്ന് പറയുന്നില്ല. 42 ശതമാനം എന്നത് 50 ശതമാനമായി ഉയർത്തണമെന്ന് പറയുന്നത്, ഒന്ന് ഈ ന്യായവാദത്തിന്റെ അടിസ്ഥാനത്തിലാണ്. രണ്ട്, ജി.എസ്.ടി വന്നപ്പോൾ 55:45 ശതമാനമായിരുന്ന കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നിലവിലുണ്ടായിരുന്ന നികുതി വിഭജനം. അത് 50:50 ശതമാനമായി മാറി. കേന്ദ്ര സർക്കാർ ഒട്ടനവധി കാര്യങ്ങളിൽ, സർചാർജ്ജുകളും മറ്റും കഴിഞ്ഞ വർഷം ഗണ്യമായി വർദ്ധിപ്പിച്ചു; സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാതിരിക്കാൻവേണ്ടി ചെയ്യുന്നതാണ്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് 42 ശതമാനം എന്നത് 50 ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെടുന്നത്. സംസ്ഥാനങ്ങൾ തമ്മിൽ എന്ത് ഫോർമുലയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം? ധാരാളം എക്സർസൈസ് ചെയ്തു. ജനസംഖ്യയ്ക്ക് 2011-ലെ വെയിറ്റേജ് എങ്ങനെ നൽകാം; ഏത് ഫോർമുലയെടുത്താൽ നേരത്തെ ഉണ്ടായിരുന്നതിനെക്കാൾ മെച്ചപ്പെട്ട് വരുമെന്നുള്ളത് സംബന്ധിച്ച് സാമ്പത്തിക വളർച്ച, ഏരിയ തുടങ്ങിയ ഘടകങ്ങൾ കമ്പ്യൂട്ടറിൽ കണക്കുകൂട്ടി, അതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഒരു ഫോർമുല സ്വീകരിച്ചത്. കേരളം ഇന്ന് പ്രതിശീർഷ വരുമാനത്തിൽ ഇന്ത്യയിൽ മൂന്നാമതാണ് എന്നതാണ് നമ്മുടെ പ്രശ്നം. അതുകൊണ്ട് ഇൻകം ഡിസ്റ്റൻസ് എടുത്താൽ നമ്മൾ താഴേയ്ക്ക് പോകും. 2011-ലെ ജനസംഖ്യയാണെങ്കിൽപ്പോലും അതായിരിക്കും അഭികാമ്യം. 2011-ലെ ജനസംഖ്യ വേണോ ഇൻകം ഡിസ്റ്റൻസ് വേണോ എന്ന് ചോദിച്ചാൽ 2011-ലെ ജനസംഖ്യയാണ് അഭികാമ്യം. അത്രയെങ്കിലും ഗ്യാരന്റീഡാണ് 2.5. അതേസമയം ഇൻകം ഡിസ്റ്റൻസിന് മുൻഗണന വന്നാൽ നമുക്ക് പിടികിട്ടാത്ത നിലയിൽ താഴേയ്ക്ക് പോകും. അതുകൊണ്ടാണ് ഇത്തരത്തിലുള്ള സെൻസിറ്റീവ് അനാലിസിസ് നടത്തിയിട്ട് നമ്മുടെ വരുമാനത്തിൽ കുറവ് വരാത്ത രീതിയിലുള്ള ഫോർമുല ഇണക്കിച്ചേർത്ത് നൽകിയിട്ടുള്ളത്. അതോടൊപ്പംതന്നെ ഇങ്ങനെയൊരു ഫോർമുല വച്ചാൽ ബാക്കി സംസ്ഥാനങ്ങൾക്കൊന്നും ഈ രീതിയിൽ വലിയ തകർച്ചയോ മറ്റോ ഉണ്ടാകില്ലെന്നും നമ്മുടെ കണക്കുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് പറഞ്ഞ പോയിന്റുകൾ തന്നെയാണ് എനിക്കും പറയാനുള്ളത്. എല്ലാ സംസ്ഥാനങ്ങൾക്കും മൊത്തത്തിലുള്ള

devolution 42 ശതമാനത്തിൽ നിന്ന് 50 ശതമാനമാക്കണമെന്നുള്ള പോയിന്റ് വളരെ വാലിഡ് ആണ്. അത് ശക്തമായി നേടിയെടുക്കേണ്ടതാണ്. കേരളത്തിന് പ്രത്യേകമായി സംഭവിച്ചുകൊണ്ടിരിക്കുന്ന നഷ്ടങ്ങൾ ഇവാല്യുവേറ്റ് ചെയ്തു കൊണ്ടിരിക്കുകയാണെന്ന് അങ്ങ് പറഞ്ഞു. ഉദാഹരണത്തിന്, കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും നിർത്തിവച്ചുകൊണ്ടാണ് അല്ലെങ്കിൽ അതിനുവേണ്ടിയുള്ള വിഹിതം ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ടാണ് ഈ നിലയിൽ നേരിട്ട് ഫിനാൻസ് കമ്മീഷൻ അവാർഡായി നൽകുന്നത്. യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്ത് ധാരാളം ഫ്ലാഗ്ഷിപ്പ് പദ്ധതികൾ കേരളത്തിനുണ്ടായിരുന്നു. അതിൽ പലതിലും വെട്ടിക്കുറവ് വരും. എസ്.എസ്.എ., ആർ.എം.എസ്.എ., ഐ.എ.വൈ., പി.എം.ജി.എസ്.വൈ. എന്നിവയിലെല്ലാം വെട്ടിക്കുറവ് വരും. അപ്പോൾ എന്തായിരുന്നു ആ മേഖലയിൽ നേരത്തെ കിട്ടിക്കൊണ്ടിരുന്നത്; എത്ര രൂപ നഷ്ടം വന്നിട്ടുണ്ട്; ഈ അവാർഡിൽ നിന്ന് നമുക്ക് എത്ര രൂപ കൂടുതലായി ലഭിക്കുന്നുണ്ട്; പല വകുപ്പുകൾക്കും നേരത്തെ എത്ര കിട്ടുന്നുണ്ട്, ഇപ്പോൾ എത്ര ലഭിക്കുന്നുണ്ട് എന്നൊന്നും അറിയില്ല. അതുകൊണ്ട് ഇക്കാര്യങ്ങളെക്കുറിച്ച് വളരെ കൃത്യതയോടെ, ഓരോ മേഖലയിലും ഓരോ വകുപ്പിനുമുണ്ടായ നേരത്തെയും ഇപ്പോഴത്തെയും വരുമാനം കൃത്യമായി അസസ്സ് ചെയ്യാനും അതുസംബന്ധിച്ച് കഴിയുമെങ്കിൽ ഒരു ധവളപത്രം പുറപ്പെടുവിക്കാനും സർക്കാർ തയ്യാറാകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ പറഞ്ഞ പ്രശ്നം വളരെ വിശദമായി നമ്മുടെ മെമ്മോറാണ്ടത്തിൽ പരിശോധിക്കുന്നുണ്ട്. പരിശോധനയിൽ കണ്ട കാര്യം പറയാം. 42 ശതമാനമായി ഉയർന്നു. അതിൽ ധനകാര്യ കമ്മീഷൻ തരുന്നത് ഗണ്യമായ ഒരു വർദ്ധനയാണ്. അതേസമയം അങ്ങ് പറഞ്ഞതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നമ്മുടെ വിഹിതം 20 ശതമാനത്തിൽ നിന്ന് 40 ശതമാനമായി ഉയർത്തി, പലതും വേണ്ടെന്നുവച്ചു, പ്ലാൻ ഗ്രാന്റ് ഇല്ലാതായി. ഇതൊക്കെയെടുത്ത് കൂടുതൽ പണം നികുതി സർച്ചാർജിലേക്കും സെസ്സിലേക്കുമൊക്കെയായി പോയി. ഇതിന്റെ ഫലമായി കൂടുതൽ തന്നുവെന്ന് പറയുന്ന പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ കേന്ദ്രത്തിൽനിന്ന് പലവിധത്തിൽ ലഭിച്ചിരുന്ന ധനസഹായങ്ങളും ഇപ്പോൾ കിട്ടുന്ന ധനസഹായങ്ങളും താരതമ്യപ്പെടുത്തിയാൽ, ദേശീയ വരുമാനത്തിന്റെ ശതമാനത്തിൽ ഉയർച്ചയില്ല. അതാണ് ഏറ്റവും ഡ്രമാറ്റിക്കായ പോയിന്റ്. 42 എന്ന് കേട്ടപ്പോൾ ഭയങ്കരമായി കുതിച്ചുയർന്നുവെന്നുള്ളതാണ്. ബാക്കി സ്ഥലത്ത് ബി.ജെ.പി. സർക്കാർ വരുത്തിയ കുറവുമൂലം ഒരു കൈകൊണ്ട് തന്നത് മറുകൈകൊണ്ട് തിരിച്ചെടുക്കുന്ന നിലയിലേയ്ക്ക് പോയി. അപ്പോൾ അത് തുറന്നുകാണിക്കുന്നതിന് നമ്മൾ ശേഖരിച്ച കണക്കുകളൊക്കെ വളരെ ഫലപ്രദമാണ്.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്തിന്റെ സാമ്പത്തിക നില അതീവ ഗുരുതരാവസ്ഥയിലേയ്ക്ക് പോകുന്നതായാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. പ്രത്യേകിച്ച് റവന്യൂ കമ്മി പരിധിവിട്ട് വർദ്ധിക്കുന്നതായി. എടുത്തുപറയുകയാണെങ്കിൽ 2015-16-ൽ നിന്ന് 2016-17 വർഷത്തിൽ റവന്യൂ കമ്മി ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ അതിലുണ്ടായ വർദ്ധനവുമൂലം പതിനാലാം ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾപോലും കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ആ ഒരു ഘട്ടത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷനുമുന്നിൽ നമ്മൾ വച്ചിരിക്കുന്ന ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ എത്രത്തോളം ഫലപ്രദമായി നമുക്ക് നേടിയെടുക്കാൻ സാധിക്കും? പ്രകൃതി ദുരന്തങ്ങൾക്ക് പ്രത്യേകമായി ഫണ്ട് ചോദിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ മുൻ ധനകാര്യ കമ്മീഷനുകളുടെ മാനദണ്ഡങ്ങൾപോലും കൈവരിക്കാൻ നമുക്ക് സാധിക്കാത്തതിനാൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഫലപ്രദമായി നേടിയെടുക്കാൻ എങ്ങനെയാണ് കഴിയുക?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിന്റെ ധനകാര്യ സ്ഥിതി വളരെ മോശമാണെന്ന് പറഞ്ഞിട്ടുണ്ടല്ലോ, അത് ധനകാര്യ കമ്മീഷൻ പരിശോധിക്കുമ്പോൾ നമുക്ക് എതിരായി വരുമോ എന്നതാണ് ആദ്യത്തെ ചോദ്യം. ശരിയാണ്. അത് പുതിയ കാര്യമല്ല. 2016-17-ലെ ധന പ്രതിസന്ധിയെക്കുറിച്ച് ബജറ്റ് പ്രസംഗത്തിൽത്തന്നെ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. നമ്മുടെ കമ്മിയെല്ലാം ക്രമാതീതമായി ഉയർന്നു, അതിനുകാരണം ശമ്പളപരിഷ്കരണച്ചെലവ് ഒരുമിച്ച് വന്നതാണ്. അതേസമയം മുൻകാലത്തെന്നപോലെ വാറ്റ് നികുതി വർദ്ധിച്ചില്ല. വാറ്റ് നികുതി എട്ട് ശതമാനമേ വർദ്ധിച്ചുള്ളൂ. സ്വാഭാവികമായി വരവും ചെലവും തമ്മിലുള്ള വിടവ് വർദ്ധിച്ചു. അത് നമ്മൾ പറഞ്ഞിട്ടുള്ള കാര്യമാണ്. നിങ്ങളുടെ സാമ്പത്തിക നിലയിൽ ഇങ്ങനെ ഒരു പ്രശ്നമുണ്ടല്ലോ എന്നതിന്റെ വിശദീകരണത്തിൽ നിന്നാണ് ധനകാര്യ കമ്മീഷൻ ചർച്ചകൾ ആരംഭിച്ചതുതന്നെ. പക്ഷെ നമുക്ക് ഗുണകരമായിട്ടുള്ള കാര്യം, 2017-18-ൽ ധനക്കമ്മിയും റവന്യൂക്കമ്മിയും ഗണ്യമായി കുറഞ്ഞു. 2018-19 വർഷത്തിൽ ഇത് സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരുമെന്നുള്ള ടാർജറ്റാണ് വച്ചിട്ടുള്ളത്. അതുകൊണ്ട് നമ്മൾ ഫിസ്കൽ കൺസോളിഡേഷൻ പാത്തിലാണ്, 2016-17 ഒരു അബ്രേഷനാണ് എന്നുള്ള വാദത്തെ അവർക്ക് അംഗീകരിക്കേണ്ടിവന്നത്. 2008 മുതൽ ഇതുവരെയുള്ള ധനക്കമ്മി പരിശോധിച്ചാൽ കേന്ദ്രത്തിന്റെ ധനക്കമ്മി മൂന്ന് ശതമാനമല്ല, നാല് ശതമാനമാണ്. അതുകൊണ്ട് സംസ്ഥാനത്തിന് മാത്രമല്ല കേന്ദ്ര സർക്കാർ അടക്കമുള്ള പൊതുവായ സാമ്പത്തിക സ്ഥിതിയുടെ ഫലമാണെന്ന് ഫലപ്രദമായി വാദിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ദക്ഷിണേന്ത്യൻ ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും അതിൽ പങ്കെടുത്തതാണ്. വളരെ ഫലപ്രദമായ ചർച്ചയാണ് നടന്നത്. ടേംസ് ഓഫ് റഫറൻസിന്റെ കാര്യത്തിൽ ഏക അഭിപ്രായമാണുണ്ടായത്. റവന്യൂ കമ്മിയുടെ കാര്യത്തിലും കടമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന്മേലും സെക്കന്റ് ജനറേഷൻ പ്രോബ്ലം അഡ്രസ്സ് ചെയ്യുന്ന കാര്യത്തിലുമുള്ള അപാകതയും ഒരു പ്രധാനപ്പെട്ട പ്രശ്നമായിത്തന്നെയാണ് ഞാൻ കാണുന്നത്. രാഷ്ട്രീയത്തിനതീതമായി മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ഇതിൽ ആശങ്കയുണ്ട്. ഇത് മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം ഉൾപ്പെടെയുള്ള മറ്റ് ധനകാര്യ വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എനിക്ക് പൊതുവായി അഭിപ്രായപ്പെടാനുള്ളത് ഇന്ത്യയിലൊട്ടാകെ ടേംസ് ഓഫ് റഫറൻസിന് എതിരായി അഭിപ്രായം ഉയർന്നുവന്നിട്ടുണ്ടെന്നത് ശരിയാണ്. Why can't we take a lead? നമുക്ക് ഒന്നുകൂടി ശക്തമായി ഉന്നയിക്കാം. ധനകാര്യ കമ്മീഷന്റെ മുമ്പിൽ പാർട്ടിയെ പ്രതിനിധീകരിച്ച് ഞാനാണ് പോയത്. ഞങ്ങൾ ചർച്ച ചെയ്ത സന്ദർഭത്തിൽ നമ്മൾ ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾക്കനുസരിച്ച് നമ്മളെ പണിഷ് ചെയ്യാൻ പാടില്ല എന്നുള്ള അഭിപ്രായം പറഞ്ഞപ്പോൾ അവർ ഏതാണ്ട് കൺവിൻസ് ചെയ്തതായാണ് എനിക്ക് തോന്നിയത്. ശ്രീ. എൻ. കെ. സിംഗിനും സഹപ്രവർത്തകർക്കും ആ വാദങ്ങൾ ശരിയാണെന്ന് തോന്നി. It should be compensated എന്നുള്ള ഒരു വ്യൂ അവർക്കുണ്ട്. ഇക്കാര്യങ്ങൾ ശക്തമായി ഉന്നയിക്കാൻ വേണ്ടിയുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബി.ജെ.പി. ഇതര ധനകാര്യ വകുപ്പുമന്ത്രിമാരുടെ രണ്ട് സമ്മേളനങ്ങൾ നടന്നു. രണ്ടാമത്തെ അമരാവതി സമ്മേളനത്തെ തുടർന്ന് പ്രസിഡന്റിന് ഔപചാരികമായി നിവേദനം സമർപ്പിക്കുകയും ചെയ്തു. അത് ടേംസ് ഓഫ് റഫറൻസിന് വേണ്ടി നിന്നവരെ വളരെ പ്രതിരോധത്തിലാക്കിയിട്ടുണ്ട്. എന്നാൽ ഔപചാരികമായ തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാതിരുന്നതിന്റെ പശ്ചാത്തലത്തിൽ ധനകാര്യ വകുപ്പുമന്ത്രിമാർ കൂടിയാലോചിച്ച്, പൊളിറ്റിക്കലായി ദേശീയ തലത്തിലേയ്ക്ക് പ്രശ്നം ഉയർത്തിക്കൊണ്ടുവരുന്നതിന് മുഖ്യമന്ത്രിമാരെയും പ്രമുഖ നേതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ഡൽഹിയിൽ വച്ച് ഒരു ദേശീയ കൺവെൻഷൻ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ആ കൺവെൻഷനിൽ വച്ച് സംസ്ഥാനങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ഡൽഹി പ്രഖ്യാപനത്തിന് രൂപം നൽകി പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നുവച്ചാൽ ഇത് പൊളിറ്റിക്കൽ

ലെവലിൽ ഉയർത്താനാണ് പോകുന്നത്. സംസ്ഥാനത്തിന്റെ അവകാശങ്ങളിൽ കൈവയ്ക്കാനായി ടേംസ് ഓഫ് റഫറൻസിലൂടെ കേന്ദ്ര സർക്കാരിനെ അനുവദിക്കില്ല എന്ന രാഷ്ട്രീയ തലത്തിലുള്ള വലിയ പ്രഖ്യാപനമാക്കി മാറ്റാൻ ഉദ്ദേശിക്കുകയാണ്. അതിനുശേഷം പ്രതികരണം എങ്ങനെ വരുന്നുവെന്നുള്ളത് നമുക്ക് നോക്കാം. കേരളം പോലുള്ള മുന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് അവരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഇതുപോലെ ചെയ്യാൻ കഴിയില്ല; കാരണം പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളും നമ്മളും തമ്മിൽ അഭിപ്രായ വ്യത്യാസം വരും. അത് പ്രത്യേകം എടുക്കേണ്ട കാര്യമാണ്. പക്ഷെ, സന്തോഷകരമായ ഒരു കാര്യം, ബി.ജെ.പി. ഇതര സംസ്ഥാനങ്ങളെല്ലാം മുന്നോക്കം നിൽക്കുന്നവയാണ്. ഒറീസപോലും ജനസംഖ്യാ വളർച്ചയുടെ കാര്യത്തിൽ താഴേയ്ക്കാണ്; പഞ്ചാബും താഴേയ്ക്കാണ്. അതുകൊണ്ട് ഞങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളൊന്നുമില്ല. എന്നാൽ അത്തരത്തിലല്ലാത്തവരുമായി താരതമ്യം ചെയ്യുമ്പോഴാണ് തർക്കം വരുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 14-ാം ധനകാര്യ കമ്മീഷൻ നിലവിലുള്ള നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർദ്ധിപ്പിച്ചപ്പോൾ, അങ്ങ് ഇവിടെ സൂചിപ്പിച്ചു, ഒരു ഭാഗത്ത് ഒരു കൈകൊണ്ട് തരുന്നതോടൊപ്പം കേന്ദ്ര വിഹിതം പല രീതിയിലും വെട്ടിക്കുറച്ചുവെന്ന്. പൊതുവായ ഒരു കണക്കെടുക്കുമ്പോൾ അതിൽ നമുക്ക് നഷ്ടമാണെന്ന് ശ്രീ. വി. ടി. ബൽറാമിന്റെ ചോദ്യത്തിന് ഉത്തരമായി അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇതിനൊരു ക്ലാരിറ്റി വേണം. സെക്ടർവൈസായി ഈ രീതിയിൽ നമുക്ക് എന്തുമാത്രം നഷ്ടമുണ്ടായി എന്ന് സർക്കാർ പഠിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സഭയെ അറിയിക്കുമോ; അതോടൊപ്പം, ഒരു വലിയ നഷ്ടം നമുക്ക് വന്നപ്പോൾ, അങ്ങേയ്ക്കറിയാം, 2014-15-ൽ കേന്ദ്രവിഹിതമായി കൺസോളിഡേറ്റ് എമൗണ്ട് നമുക്ക് ലഭ്യമായി. നിലവിലുള്ള പത്തോളം വകുപ്പുകൾക്ക് നൽകുന്നതിനു വേണ്ടിയാണ് കേന്ദ്ര സർക്കാർ ആ തുക കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് അനുവദിച്ചത്. 2014-15-ൽ അനുവദിച്ച ആ തുക അതത് വകുപ്പുകൾക്ക് ധനകാര്യ വകുപ്പ് ഇതിനകം വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ആദ്യം ചോദിച്ച ചോദ്യത്തിന് നമ്മൾ വിശദമായ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. ആ കണക്കുകൾ ലഭ്യമാക്കുന്നതിന് ഒരു തടസ്സവുമുണ്ടാകുകയില്ല. നമ്മൾ മാത്രമാണ് ആ രീതിയിൽ കൃത്യമായി വാദിച്ചത്. 32 ശതമാനം എന്നത് 42 ശതമാനമായി എന്നല്ലാതെ കേന്ദ്രം മുൻപ് തന്നിരുന്നതും ഇപ്പോൾ തരുന്നതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. 42 ശതമാനം എന്നത് വെട്ടിക്കുറച്ചാൽ സംസ്ഥാനങ്ങൾക്ക്

ധനനഷ്ടമായിരിക്കുമെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാമത്തെ വിഷയം, നമുക്ക് കിട്ടിയ അധിക വിഭവം സംബന്ധിച്ച്, 14-ാം ധനകാര്യ കമ്മീഷൻ വഴി പുതിയതായി ലഭിച്ച അധികവിഭവം, നമ്മുടെ നികുതി വിഹിതം വർദ്ധിപ്പിച്ചു; തുടർച്ചയായി മൂന്ന് ധനകാര്യ കമ്മീഷനിൽ കുറഞ്ഞുവന്നുകൊണ്ടിരുന്ന നികുതിവിഹിതം വർദ്ധിച്ചു. കൂടാതെ കേരളത്തെ റവന്യൂ കമ്മി സംസ്ഥാനമാണെന്ന് അംഗീകരിക്കുകയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകുകയും ചെയ്തു. അതിന് ഏറ്റവും വലിയ ബെനിഫിഷ്യറി കഴിഞ്ഞ സർക്കാരാണ്. ആദ്യവർഷം നാലായിരത്തി ചില്വാനം കോടി രൂപയാണ് ഒറ്റയടിക്ക് ലംപ്സംഗ്രാന്റായി ലഭിച്ചത്. പിന്നീട് അത് ഗണ്യമായി കുറച്ച് രണ്ട് വർഷംകൊണ്ട് ഇല്ലാതാകുകയും ചെയ്തു. ആ സമീപനം പാടില്ലെന്നാണ് ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുള്ളത്. കേരളത്തിന് ഏറ്റവും വലിയ ഗുണം ലഭിച്ച റവന്യൂ കമ്മി ഗ്രാന്റ് ഇനി പാടില്ല എന്നാണ് ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞ ഒരു കാര്യം. കഴിഞ്ഞ പ്രാവശ്യം ലഭിച്ച ചില കാര്യങ്ങൾ നമുക്ക് കിട്ടി. അത് സംബന്ധിച്ച് വീണ്ടും നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്.

മി. സ്പീക്കർ: *182-ാം നമ്പർ ചോദ്യവുമായി *184-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ഈ രണ്ട് ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരുമിച്ച് മറുപടി പറയാം.

## കിഫ്ബി പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ബോണ്ടുകൾ

2 (*182) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി വിദേശ രാജ്യങ്ങളിൽ ബോണ്ടുകൾ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽ ബോണ്ടുകൾ ഇറക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ബോണ്ടുകളുടെ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, (എ-സി) വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിന്റെ ആദ്യഘട്ടമായി

സിംഗപ്പൂർ, യു.കെ. എന്നീ വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനായി കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S&P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. ഇതുസംബന്ധിച്ച് ചർച്ചകൾ ജൂൺ ആദ്യവാരം നടത്തുന്നതിനും ജൂലൈ ആദ്യവാരത്തോടെ ബോണ്ട് പുറപ്പെടുവിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മസാല ബോണ്ടുകൾവഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**കിഫ്ബി മുഖേന ഉള്ള വൻകിട പദ്ധതികൾ**

3 (*184) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ മേഖലയിൽ അടുത്ത മൂന്ന് വർഷംകൊണ്ട് അറുപതിനായിരം കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള മാർഗ്ഗം വിശദമാക്കാമോ;

(ബി) കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കിഫ്ബി മുഖേനയുള്ള വൻകിട പദ്ധതികൾ ഈ സർക്കാരിന്റെ ഭരണകാലത്തുതന്നെ പൂർത്തിയാക്കുന്ന രീതിയിലാണോ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കിഫ്ബിയിലേയ്ക്കുള്ള ധനസമാഹരണത്തിനായി മസാല ബോണ്ട് ഇറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; മസാല ബോണ്ടിന്റെ മെച്ചം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ബജറ്റിനു പുറമേനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണംവഴി സംസ്ഥാനത്തെ അടിസ്ഥാന സൗകര്യമേഖലയിൽ മൂന്ന് വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസനമാണ് സർക്കാർ

ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 23,414.4 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബി ഇതിനോടകം നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള ഒരു രൂപ സെസ് എന്നിവയിലൂടെ നാളിതുവരെ 1,772.64 കോടി രൂപ കിഫ്ബി നിധിയിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ നബാർഡിന്റെ NIDA പദ്ധതിയിലൂടെ 4000 കോടി രൂപയുടെ വായ്പ ലഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇതിൽ ഇതുവരെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ വൻകിട അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കുള്ള 2015-16, 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് വിഹിതത്തിൽ ബാക്കിവന്ന തുകയിൽനിന്നും ആകെ 2,498.42 കോടി രൂപ പൊതു സാമ്പത്തിക വിപണിയിൽനിന്നും നിക്ഷേപം ആകർഷിക്കുന്നതിനുള്ള സീഡ് ക്യാപിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമേ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും കിഫ്ബി സ്വീകരിച്ചുവരുന്നു. കിഫ്ബിയുടെ ആഭിമുഖ്യത്തിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനിയും രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകാരമുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളായ AIF, InVIT, IDF എന്നിവ പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഒരു വ്യത്യസ്ത ധനസമാഹരണ മാർഗ്ഗമായി കെ.എസ്.എഫ്.ഇ.-യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി പദ്ധതിയും ഉടൻ ആരംഭിക്കുന്നതാണ്. വിവിധ ബാങ്കുകളും കിഫ്ബിക്കാവശ്യമായ ദീർഘകാല വായ്പകൾ ലഭ്യമാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നിശ്ചിതമായ നിർവ്വഹണ സമയക്രമത്തോടെ കിഫ്ബി പദ്ധതികൾ അംഗീകരിക്കപ്പെടുന്നതിനാൽ നിർവ്വഹണ പുരോഗതി പ്രകാരമാണ് ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സമീപകാല ആവശ്യത്തിനുതകുന്ന തുക നിലവിൽ കിഫ്ബിയുടെ പക്കലുണ്ട്. കിഫ്ബിയുടെ പദ്ധതിശ്രേണി, നിർവ്വഹണക്രമം, റേറ്റിംഗ് മുതലായവ മികച്ചതായതിനാൽ ആവശ്യാനുസരണമുള്ള ധനസമാഹരണം അനായാസം സാദ്ധ്യമാണ്. കിഫ്ബി പദ്ധതികളുടെ കൃത്യമായ ആസൂത്രണം, സമയബന്ധിതമായ നിർവ്വഹണക്രമം, SPV സംവിധാനം വഴിയുള്ള ചിട്ടയായ നിർവ്വഹണം, തടസ്സരഹിതമായ ധനലഭ്യത, ആസൂത്രിതമായ തിരിച്ചടവ് സംവിധാനം എന്നിവയിലൂടെ കിഫ്ബി വഴിയുള്ള പ്രഖ്യാപിത അടിസ്ഥാന സൗകര്യവികസന ലക്ഷ്യം സാക്ഷാൽക്കരിക്കാനാകുന്നതാണ്.

(ബി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 23,414.4 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ 3,925.32 കോടി രൂപയുള്ള നിർമ്മാണാനുമതി ബന്ധപ്പെട്ട SPV-കൾ നൽകിക്കഴിഞ്ഞു. ഇവ എല്ലാംതന്നെ രണ്ട് വർഷത്തെ നിർമ്മാണ കാലയളവുള്ളതും 2021-നകം പൂർത്തിയാകേണ്ടവയുമാണ്. പ്രഖ്യാപിക്കപ്പെട്ട ബാക്കി പദ്ധതികൾ അതത് ഭരണവകുപ്പിന്റെയും എസ്.പി.വി.-യുടെയും തലത്തിൽ ആസൂത്രണ ഘട്ടത്തിലാണ്.

(സി) വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിനായി മസാല ബോണ്ടുകൾ പ്രയോജനപ്പെടുത്തുന്നതിനും ആദ്യഘട്ടമായി സിംഗപ്പൂർ, യു.കെ. എന്നീ രാജ്യങ്ങളിൽ അവ പുറപ്പെടുവിക്കുന്നതിനും കിഫ്ബിയുടെ മൂപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S&P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. ജൂലൈ ആദ്യവാരത്തോടെ ബോണ്ടുകൾ പുറപ്പെടുവിക്കാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മസാല ബോണ്ടുകൾ വഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇന്ത്യൻ രൂപയിൽ മാത്രമുള്ള വിനിമയ സാദ്ധ്യതയോടെ ധനസമാഹരണത്തിനായി വിദേശത്ത് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളാണ് മസാല ബോണ്ടുകൾ. വിദേശനാണ്യ വിനിമയത്തെ സംബന്ധിച്ചിടത്തോളം വിനിമയ മൂല്യ വ്യതിയാനവുമായി ബന്ധപ്പെട്ട അപകടസാദ്ധ്യത ഏറെയുണ്ട്. മസാല ബോണ്ടുകൾക്ക് ഈ ദൂഷ്യഫലമില്ല. രൂപയുടെ മൂല്യം ഇടിഞ്ഞാലും വിദേശനാണ്യ മൂല്യം ഉയർന്നാലും മസാല ബോണ്ടുകളുടെ വിനിമയ നിരക്കുകളിൽ മാറ്റം സംഭവിക്കുന്നില്ല. ആയതിനാൽ കിഫ്ബി ഇതിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഇവിടെ ബാക്കിയുണ്ടായിരുന്ന തുക ഉപയോഗപ്പെടുത്തിയാണ് അങ്ങ് കിഫ്ബി ആരംഭിച്ചത്. അതിലേയ്ക്ക് വിദേശ നിക്ഷേപംകൂടി സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. കിഫ്ബിയുടെ പ്രവർത്തനങ്ങൾ ന്യൂസ് ബുള്ളറ്റിനിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ തുടങ്ങിയ പല പദ്ധതികളും ഇതുവരെ ആരംഭിക്കാനാവശ്യമായ നടപടികളെടുത്തിട്ടില്ല, ഉടനെ തുടങ്ങുമായിരിക്കും. എന്റെ ചോദ്യം, വിദേശ

നിക്ഷേപങ്ങൾ സ്വീകരിക്കുമ്പോൾ അതിനുള്ള ലാഭവിഹിതം നൽകണമല്ലോ; അങ്ങനെ ലാഭവിഹിതം കൊടുത്താലല്ലേ വിദേശ നിക്ഷേപം നടത്താൻ തയ്യാറാകുകയുള്ളൂ. അങ്ങ് നടപ്പിലാക്കിയ പദ്ധതികളിൽ ഇൻഡസ്ട്രിയിലും അഗ്രികൾച്ചറിലും അടക്കമുള്ള ഉൽപ്പാദന മേഖലയിൽ എത്ര പദ്ധതികൾക്കാണ് കിഫ്ബിയിൽനിന്നും തുക വകയിരുത്തിയിട്ടുള്ളത്? അങ്ങനെയുണ്ടെങ്കിലല്ലേ അവരുടെ നിക്ഷേപവും അതിന്മേലുണ്ടാകുന്ന ലാഭവും തിരിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഉൽപ്പാദനമേഖലയിൽ അങ്ങ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന, നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ ചോദ്യത്തിൽ പരാമർശിച്ച മസാല ബോണ്ടുകളിൽ ലാഭവിഹിതമല്ല, പലിശയാണ് നൽകുന്നത്. ഇതിന്റെ പ്രത്യേകത, Rupee denominated bonds ആണ്. എന്നുവച്ചാൽ വിദേശ നാണയത്തിൽത്തന്നെ തിരിച്ചുകൊടുക്കേണ്ട. വിദേശ നാണയ മൂല്യ ശോഷണത്തിന്റെ ഫലമായുണ്ടാകുന്ന നഷ്ടത്തിൽനിന്നും പരിപൂർണ്ണമായി സ്വതന്ത്രരാണ്. ഭാവിയിൽ ഇന്ത്യൻ രൂപയിൽ സമ്പാദ്യം വേണമെന്ന് ആഗ്രഹിക്കുന്നവരായിരിക്കും ഇതിലേയ്ക്ക് പണം നിക്ഷേപിക്കുന്നത്. കൂടുതലും എൻ.ആർ.കെ.-യും എൻ.ആർ.ഐ.-യും അടക്കമുള്ള വലിയ വരുമാനമുള്ളവരായിരിക്കും ഇതിലേയ്ക്ക് വരുന്നത്. ഇതിന് പലിശയും മുതലും എങ്ങനെ തിരിച്ച് നൽകുമെന്ന് സഭയിൽത്തന്നെ പലവട്ടം പറഞ്ഞിട്ടുള്ളതാണ്. അങ്ങ് പറഞ്ഞതുപോലെ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വൻകിട പദ്ധതികൾക്കുവേണ്ടി ബാക്കിവച്ച തുകയടക്കം ചേർത്തുകൊണ്ട് കിഫ്ബിക്ക് വരുമാനം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 50,000 കോടി രൂപയുടെ നിക്ഷേപം ഇപ്പോൾ നടത്തിയാൽ അത് പതിനാല് വർഷം കഴിഞ്ഞ് തിരിച്ചടയ്ക്കുമ്പോൾ ഏതാണ്ട് ഒരു ലക്ഷം കോടി രൂപ പലിശയടക്കം മുതൽ നൽകേണ്ടിവരും. ഇപ്പോൾ ഈ നിയമസഭ നിശ്ചയിച്ചിട്ടുള്ള മോട്ടോർ വാഹന നികുതിയുടെ 50 ശതമാനവും പെട്രോൾ സെസ്സും ചേർത്താണെങ്കിൽ 14 വർഷംകൊണ്ട് ഏതാണ്ട് ഈ തുക വരും. അതുകൊണ്ട് നമ്മുടേത് fully funded ആണ്. ഭാവിയിലെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഈ തുക ചെലവഴിക്കുന്ന കാര്യം ഇന്ന് നമ്മൾ ചെയ്യുന്നുവെന്നതാണ്. റവന്യൂ മോഡൽ വരുമാനമുള്ളവരാണെങ്കിൽ അത്രയും കൂടി സാവകാശം ലഭിക്കും. പതിനാല് വർഷമെന്നുപറഞ്ഞാൽ പന്ത്രണ്ട് വർഷത്തിലോ പത്ത് വർഷത്തിലോ ഉള്ള തിരിച്ചടവിനുള്ള പണം സർക്കാരിൽ എത്തിച്ചേരും. ഏതൊക്കെ പദ്ധതികളാണ് റവന്യൂ മോഡലിൽ ഇപ്പോൾ എടുക്കുന്നത്? ഒന്ന്, ഏറ്റവും പ്രധാനപ്പെട്ട കെ-ഫോണാണ്. അത് ലാഭത്തിൽ പ്രവർത്തിക്കുന്ന ഒന്നായിരിക്കും. അതിൽനിന്ന് വരുമാനം ലഭിക്കും. രണ്ടാമതായി ട്രാൻസ്ഗ്രിഡ്,

അത് തിരിച്ചടവ് വരുന്നതാണ്. കൂടാതെ ഇൻഡസ്ട്രിയൽ പാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ, ആ ഭൂമി വിൽക്കുമ്പോൾ വരുന്ന തുക ഇവർ തിരിച്ചുതരാൻ ബാദ്ധ്യസ്ഥരാണ്. നമ്മുടെ പ്രതീക്ഷ ഇരുപത്-ഇരുപത്തിയഞ്ച് ശതമാനം നിക്ഷേപങ്ങൾ ഇത്തരത്തിൽ റവന്യൂ ജനറേറ്റ് ചെയ്യുന്ന നിക്ഷേപങ്ങളായി വരുമെന്നുള്ളതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇത് സംബന്ധിച്ച് അങ്ങേയ്ക്ക് ഒരു പ്രതീക്ഷയാണുള്ളത്. ശ്രീ. റോജി എം. ജോൺ ചോദിച്ച ഒരു ചോദ്യത്തിന് കേരളത്തിൽ റവന്യൂ കമ്മി കുറഞ്ഞുകൊണ്ടുവരികയാണെന്ന് അങ്ങ് മറുപടി പറഞ്ഞു. അതെങ്ങനെയാണ് തിരിച്ചടയ്ക്കുക എന്ന് അങ്ങ് ആലോചിക്കുമായിരിക്കും. റേറ്റിംഗ് ഏജൻസികളെ നിശ്ചയിച്ചതായി ഇതിൽ കണ്ടു. അവരെ തെരഞ്ഞെടുക്കുന്നത് പൂർണ്ണമായ മാനദണ്ഡങ്ങൾ പാലിച്ചാണോ; എന്തൊക്കെ മാനദണ്ഡങ്ങളാണ് അതിന് സ്വീകരിച്ചതെന്ന് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഇവിടെ പറഞ്ഞതുപോലെ, ഇതിന് ലീഗൽ കൗൺസിലർമാരെ നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ അറേഞ്ചേഴ്സ് ആയി ഇന്റർനാഷണൽ ലോൺ ബാങ്കുകളായ സ്റ്റാൻഡേർഡ് ചാർട്ടേഡിനെയും ആക്സിസ് ബാങ്കിനെയും നിയമിച്ചിട്ടുണ്ട്. അവർ ടെണ്ടർ വിളിച്ചാണ് ഈ രണ്ട് ഏജൻസികളെ നിശ്ചയിച്ചിരിക്കുന്നത്. ഇന്റർനാഷണലി റെപ്യൂട്ടഡായ ഏജൻസികൾ വളരെയധികമില്ല. അതിൽ ഏറ്റവും പ്രമുഖരായതും നമുക്ക് പരിചിതമായതുമായ രണ്ട് ഏജൻസികളെ തന്നെയാണ് ലഭിച്ചിട്ടുള്ളത്. നമ്മൾ നേരിട്ട് തെരഞ്ഞെടുക്കുകയല്ല, ചുമതലപ്പെടുത്തിയ ബാങ്കുകൾതന്നെ ടെണ്ടർ വിളിച്ച് എടുക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. ഉബൈദുള്ള: സർ, കിഫ്ബിയിലെ ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത് ന്യൂ ജനറേഷൻ ബാങ്കുകളിലാണ്. ധാരാളം നാഷണലൈസ്ഡ് ബാങ്കുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതുപോലെ ധനസമാഹരണത്തിന്റെ ഭാഗമായി സിംഗപ്പൂർ, യു.കെ. എന്നീ വിദേശരാജ്യങ്ങളിൽ മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിനായി കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ന്യൂജനറേഷൻ ബാങ്കുകളാണ്. ധാരാളം നാഷണലൈസ്ഡ് ബാങ്കുകളുണ്ടായിട്ടും നമ്മുടെ പണം ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; അതോടൊപ്പം, കിഫ്ബിയിൽ ഭരണാനുമതി നൽകിയിട്ടുള്ള നാഷണൽ ഹൈവേയുടെ ഫ്ലൈ ഓവർ നിർമ്മാണത്തിന് കേന്ദ്രാനുമതി വേണം. ഓരോ വർക്കിനും പ്രത്യേകമായ കേന്ദ്രാനുമതിക്ക് അപേക്ഷിക്കുകയാണോ അതോ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട

വർക്കുകൾക്ക് കേന്ദ്രാനുമതി ലഭ്യമാക്കുകയാണോ ചെയ്യുന്നത്? ഇപ്പോൾ നടക്കുന്ന വർക്കുകളെ സംബന്ധിച്ച് ഒരു വ്യക്തതയില്ല. ജില്ലാ വികസന സമിതികളിൽ കിഫ്ബിയിൽ ഉൾപ്പെട്ട വർക്കുകളുമായി ബന്ധപ്പെട്ട് ചോദ്യം ഉന്നയിക്കുമ്പോൾ മറുപടി പറയാൻ ആളുകളില്ലാത്ത സ്ഥിതിയുണ്ട്. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഫ്ലൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിച്ചിരിക്കുന്നത്. അവർ ഡി.ഡി.സി. യോഗങ്ങളിൽ പങ്കെടുക്കുകയില്ല. പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് മറുപടി പറയാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇതിന് വ്യക്തത കൈവരിക്കാൻ നടപടി സ്വീകരിക്കണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഒരു കാര്യം നമ്മൾ മനസ്സിലാക്കേണ്ടത്, കെ.എസ്.ടി.പി. പദ്ധതി കൺസീവ് ചെയ്ത് ഗ്രൗണ്ട് ചെയ്ത് വരുന്നതിനെടുക്കുന്ന കാലാവധി നാലും അഞ്ചും വർഷമാണ്. അതിന്റെ ആദ്യത്തെ മിഷൻ വരുന്നതുമുതൽ പരിശോധിച്ചാൽ അത് മനസ്സിലാകും. നബാർഡ് വായ്പയെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ രണ്ട് വർഷംകൊണ്ടാണ് കേരളത്തിൽ ആരംഭിക്കുന്നത്. രണ്ട് വർഷം മുമ്പാണ് കിഫ്ബി പ്രഖ്യാപിക്കുന്നത്. നിയമം പാസ്സാക്കി ഈ സംവിധാനം നിലവിൽ വരാൻ ഒരു വർഷമെടുത്തു. പ്രഖ്യാപിച്ചതിന്റെ പകുതി പദ്ധതികളും അനുമതി നൽകി പ്രവർത്തന പഥത്തിലാണ്. അനുമതി നൽകിയാൽപ്പിന്നെ കാലതാമസമില്ല. കാരണം ഡി.പി.ആർ. തയ്യാറാക്കാത്ത ഒരു പ്രോജക്ടും അനുവദിക്കുന്നില്ല. അതുകൊണ്ട് സാങ്കേതികാനുമതി നൽകി മുന്നോട്ടുപോയാൽ മതി. ഏറ്റവും വേഗതയിൽ ചെയ്യാൻ സാധിക്കുന്ന ഒരു സമ്പ്രദായമാണ് നമ്മൾ ആവിഷ്കരിച്ചിരിക്കുന്നതെന്ന് ഈ വർഷം കഴിയുമ്പോൾ ബോദ്ധ്യമാകും. അങ്ങ് ചോദിച്ച റെയിൽവേ ഓവർ ബ്രിഡ്ജിന് നിശ്ചയമായും – റെയിൽവേ മന്ത്രാലയത്തിന്റെ അനുവാദം ലഭിച്ചേ മതിയാകൂ. ഓരോന്നോരോന്നായി എടുക്കേണ്ടിവരും; മൊത്തമായല്ല. നേരത്തെ ആരംഭിച്ച ഇരുപത്തിയഞ്ചോ മുപ്പതോ റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഒരുമിച്ചെടുക്കാൻ കേന്ദ്ര സർക്കാർ പൊതുമരാമത്ത് വകുപ്പിന് അനുവാദം നൽകിക്കഴിഞ്ഞു. അങ്ങ് പറഞ്ഞ വിഷയം ഇതിൽപ്പെടുമോയെന്ന് എനിക്ക് അറിയില്ല. കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള നാൽപ്പത്തിമൂന്ന് റെയിൽവേ ഓവർ ബ്രിഡ്ജുകൾക്ക് അനുമതി നൽകി. ഒറ്റപ്പെട്ട ഏതെങ്കിലും റെയിൽവേ ഓവർ ബ്രിഡ്ജുണ്ടെങ്കിൽ പരിശോധിച്ച് എത്രയുംവേഗം അതിന് അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അങ്ങയുടെ ആദ്യത്തെ ബജറ്റ് സമ്മേളനത്തിൽ 20,000 കോടി രൂപ സമാഹരിക്കുമെന്നായിരുന്നു പറഞ്ഞിരുന്നത്. പിന്നീടത് 50,000 കോടി

രൂപയായി എന്ന് മനസ്സിലാക്കാൻ സാധിച്ചു. ആർ.ബി.ഐ. നിശ്ചയിച്ചിരിക്കുന്ന ഇതിന്റെ ലിമിറ്റ് എത്രയാണെന്നും, ആർ.ബി.ഐ. നിശ്ചയിച്ചിരിക്കുന്ന മാക്സിമം ലിമിറ്റിൽ നമ്മൾ ലോൺ എടുക്കുന്നുണ്ടോയെന്നുള്ളതും വ്യക്തമാക്കേണ്ടതുണ്ട്. ലോൺ മുഴുവൻ കേരളത്തിനകത്തും ഇന്ത്യയ്ക്കകത്തുനിന്നും തന്നെ സമാഹരിക്കാൻ കഴിയുമെന്നായിരുന്നു ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രതീക്ഷ. എന്നാൽ ഇന്ന് ആ പ്രതീക്ഷ തകർന്നതുകൊണ്ടാണോ മസാല ബോണ്ടുകളായിട്ടും മറ്റും സ്വിറ്റ്സർലൻഡ്, സിംഗപ്പൂർ, യു.കെ. എന്നിവിടങ്ങളിലേക്ക് പോകാനുള്ള സാഹചര്യമുണ്ടായത് എന്ന് വ്യക്തമാക്കാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ബജറ്റ് പ്രസംഗങ്ങളിൽ വന്നിട്ടുള്ള ഭാഗങ്ങൾ ഒരുമിച്ച് വായിച്ചാൽ തെറ്റിദ്ധാരണകൾ ഉണ്ടാകില്ല. 2010-ലാണ് അതിന്റെ കൺസെപ്റ്റ് വരുന്നത്. ഈ പറയുന്ന കാര്യങ്ങളൊക്കെ ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ചിരുന്ന അവസാനത്തെ ബജറ്റിലുണ്ട്; വായിച്ചു നോക്കാവുന്നതാണ്. ആ കാര്യങ്ങൾ വളരെ കൃത്യതയോടുകൂടി വിപുലീകരിച്ച് നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെയുള്ള പ്രഖ്യാപനത്തിൽ InvIT, AIF, IDF തുടങ്ങിയ ഇൻസ്റ്റിറ്റ്യൂഷൻസ് രൂപീകരിച്ച് വായ്പ എടുക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. AIF എന്നുവച്ചാൽ അത് വിദേശത്തെ മസാല ബോണ്ടുകൾ അല്ലെങ്കിൽ വിദേശത്തുനിന്ന് നിക്ഷേപം സ്വീകരിക്കാനുള്ള ഒരേർപ്പാടാണ്. ഇവിടെ പരാജയപ്പെട്ടതുകൊണ്ടല്ല; അന്നുതന്നെ ഇത് വച്ചിരുന്നതാണ്. കാരണം, ഡൈവേഴ്സിഫൈഡ് സോഴ്സുകളിൽ നിന്നും വായ്പയെടുക്കുന്നതാണ് നല്ലത്. നമ്മുടെ ആശ്രിതത്വം കുറയുകയും പലിശ കുറയ്ക്കാൻ നമ്മെ സഹായിക്കുകയും ചെയ്യും. ചോദ്യകർത്താവിന്റെ ഒരു പ്രധാനപ്പെട്ട ചോദ്യം, റിസർവ് ബാങ്കിന്റെ അനുമതി മൊത്തത്തിൽ വാങ്ങിയിട്ടുണ്ടോ എന്നാണ്. ഇത്തരത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളെല്ലാം റിസർവ് ബാങ്ക് അംഗീകരിച്ച നോംസിന്റെ അടിസ്ഥാനത്തിലാണ് രൂപീകരിച്ചിട്ടുള്ളത്. ചിലത് SEBI-യുടെയും ചിലത് റിസർവ് ബാങ്കിന്റെയും അനുവാദമുള്ളതാണ്. നിയമവിരുദ്ധമായി അതിൽ ഒന്നുമില്ല എന്നുള്ളത് റിസർവ് ബാങ്കിന്റെ രണ്ട് ഡെപ്യൂട്ടി ഗവർണർമാരുടെയും വിനോദ് റായിയുടെയും മേൽനോട്ടത്തിലുള്ള എഫ്-ടാക്സ് സമിതി നിയമസഭയ്ക്ക് തന്ന Fidelity Certificate-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മസാല ബോണ്ടിന്റെ റേറ്റിംഗും മറ്റ് കാര്യങ്ങളും റെഡിയായിക്കഴിഞ്ഞാൽ ഇതൊക്കെ ഡ്യൂ ഡിലിജൻസ് ചെയ്തിരിക്കുന്ന, വായ്പയെടുക്കാൻ അനുവാദം നൽകണമെന്ന് പറഞ്ഞ് റിസർവ് ബാങ്കിനെ സമീപിക്കേണ്ടി വരും. റിസർവ് ബാങ്ക് എന്തുകൊണ്ട് തരാതിരിക്കണം; നാഷണൽ ഹൈവേ അതോറിറ്റിക്ക് ഇതുപോലെ മസാല ബോണ്ട് ഇറക്കാൻ അനുവാദം നൽകിയതാണ്. അതുകൊണ്ട് എന്തെങ്കിലും തടസ്സമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രവാസി ചിട്ടിയിലേയ്ക്ക് ആളുകളെ ആകർഷിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാം എന്നുള്ള ചോദ്യത്തിന് ലഭിച്ച ഉത്തരം, ചിട്ടി ഇടപാടുകാരൻ മരണമടഞ്ഞാൽ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള സഹായിയുടേത് ഉൾപ്പെടെയുള്ള യാത്രാച്ചെലവ് വഹിക്കുമെന്നാണ്. നോർക്ക വഴി ആ സഹായം നൽകുന്നുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. മരണമടഞ്ഞാൽ ചിട്ടി അടയ്ക്കുന്ന ആളിന് നൽകുന്ന ആനുകൂല്യമാണിത്. എന്റെ ചോദ്യം, ജീവിതകാലത്ത് ഈ പദ്ധതിയിലേയ്ക്ക് വിദേശ മലയാളികളെ ആകർഷിക്കുന്നതിന് എന്തുചെയ്യാൻ സാധിക്കും? ഉദാഹരണത്തിന്, ചിട്ടി ഇടപാടുകാരന്റെ മക്കൾ നാട്ടിൽ ആയിരിക്കും, സ്കൂളിലും കോളേജിലും സീറ്റ് ലഭിക്കാതെ വിഷമിക്കുമ്പോൾ അവർക്ക് എന്തെങ്കിലും സഹായം ചെയ്യാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ട് പ്രധാനപ്പെട്ട ഇൻസെന്റീവ്സാണ് ഇപ്പോഴുള്ളത്. ബാക്കി അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ നോർക്ക അടക്കമുള്ളവരുമായി ഈ പദ്ധതി നടപ്പാക്കുമ്പോൾ ആലോചിക്കാവുന്നതാണ്. ഒന്നാമത്തേത് ഇൻഷ്വറൻസാണ്. ചിട്ടി അടച്ചു കൊണ്ടിരിക്കുമ്പോൾ ഒരാൾ മരണപ്പെട്ടുകഴിഞ്ഞാൽ, അദ്ദേഹത്തിന്റെ വരുമാനം ഇല്ലാതാകുമ്പോൾ അദ്ദേഹം ബാക്കി അടയ്ക്കേണ്ട തുക ഗ്യാരന്റീഡാണ്. അതാണ് ഇൻഷ്വറൻസ് എന്നു പറയുന്നത്. അതിന് പ്രത്യേകം പണം കൂടുതൽ നൽകേണ്ടതില്ല. രണ്ട്, അദ്ദേഹത്തിന് ചിട്ടി നറുക്ക് വീണുകഴിഞ്ഞാൽ ഗൾഫിൽ ജോലി ചെയ്യുന്നതുകൊണ്ട് പണം തിരികെ ദർഹമായി കൊണ്ടുപോകാൻ കഴിയില്ല. റിയാലായി കൊണ്ടുപോകാനും കഴിയില്ല. നമ്മുടെ നാട്ടിൽ തന്നെ കിടക്കുകയാണ്. അതിനെ പെൻഷൻ ഫണ്ടായി കൺവെർട്ട് ചെയ്യാൻ ഉദാരമായ ഒരു പെൻഷൻ പദ്ധതി ഇതിനോടൊപ്പമുണ്ട്. ഇതാണ് രണ്ട് പ്രധാനപ്പെട്ട ഇൻസെന്റീവ്സായി വച്ചിട്ടുള്ളത്. നോർക്ക ഇതിന്റെ പ്രധാനപ്പെട്ട ഒരു പാർട്ണറാണ്. ക്ഷേമനിധിയുമായി കൂടി ചർച്ച ചെയ്ത് എങ്ങനെ കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കും എന്നുള്ളതിനെക്കുറിച്ച് വിശദമായി പിന്നീട് ചർച്ച ചെയ്യാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. സ്വരാജ്: സർ, കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇതിനകംതന്നെ മറുപടി പറഞ്ഞിട്ടുണ്ട്. പക്ഷേ വിവിധ പദ്ധതികൾ പ്രവൃത്തിപഥത്തിലേയ്ക്ക് വരുമ്പോൾ കാലതാമസം എന്നുപറയുന്നത് ഒരു യാഥാർത്ഥ്യമായിട്ടാണ് അനുഭവപ്പെടുന്നത്. ആദ്യം റോഡിന്റെയും പാലത്തിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്നു, സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിക്കുന്നു, ചീഫ് എഞ്ചിനീയറുടെ അപ്രൂവൽ ലഭിക്കുന്നു, അതുകഴിഞ്ഞ് റോഡ് ഫണ്ട്

ബോർഡിലേയ്ക്ക് അനുമതിക്കായി വീണ്ടും അയയ്ക്കുന്നു. അവിടുന്ന് അനുമതി ലഭിച്ചശേഷം വീണ്ടും കിഫ്ബിയിലേക്ക് വരുന്നു. ഈ നടപടിക്രമങ്ങൾ ഏതെങ്കിലും തരത്തിൽ ലഘൂകരിച്ചുകൊണ്ട് സമയം ലാഭിക്കാൻ ആകുമോ; അതോടൊപ്പംതന്നെ നൽകിയിട്ടുള്ള മറുപടിയിൽ 'ഇവയിൽ 3925.30 കോടി രൂപയുള്ള നിർമ്മാണ അനുമതി ബന്ധപ്പെട്ട SPV-കൾക്ക് നൽകിക്കഴിഞ്ഞു. ഇവയെല്ലാം തന്നെ രണ്ട് വർഷത്തെ നിർമ്മാണ കാലയളവുള്ളതും 2021-നകം പൂർത്തിയാക്കേണ്ടവയുമാണ് എന്ന് പരാമർശിക്കുന്നുണ്ട്. 2021-നകം പൂർത്തിയാക്കേണ്ടതായി കണക്കാക്കിയിട്ടുള്ളത്, സമയബന്ധിതമായി പൂർത്തിയാകുമെന്ന് ഉറപ്പുവരുത്താൻ പ്രത്യേകമായി എന്തെങ്കിലും മേൽനോട്ട സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയല്ല അതിന്റെ നടപടിക്രമങ്ങൾ. ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചുകഴിഞ്ഞാൽ പിന്നീട് വേറൊരു പരിശോധനയും ആവശ്യമില്ല; ഫിനാൻസ് ഡിപ്പാർട്ടുമെന്റിലും വരേണ്ട; ബന്ധപ്പെട്ട വകുപ്പിന് ഭരണാനുമതി നൽകാം. ഭരണാനുമതി നൽകുന്നതിനോടൊപ്പം ഏത് ഏജൻസിയാണ് നടപ്പിലാക്കുകയെന്ന് തീരുമാനിക്കാം. രണ്ടാംഘട്ടം ഈ ഏജൻസി അതിന്റെ ഡി.പി.ആർ. തയ്യാറാക്കും. അല്ലാതെ ഒരു കിലോ മീറ്ററിന് ഇത്ര രൂപ എന്നുവച്ചിട്ടല്ല ചെയ്യുന്നത്. ഇൻവെസ്റ്റിഗേറ്റ് ചെയ്ത റോഡാണെങ്കിലും ഡി.പി.ആർ. തയ്യാറാക്കിയേ മതിയാകു. അതിന് റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങളിൽ കുറച്ച് ഇളവുകൾ വരുത്തി നമ്മുടെ നാടിനനുസൃതമായ ഗൈഡ്‌ലൈൻസ് അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കും. ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞാൽ അത് കിഫ്ബിക്ക് സമർപ്പിക്കണം. ആ ഡി.പി.ആർ. അപ്രൈസലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഭേദഗതി ആവശ്യമെങ്കിൽ വരുത്തും. അതിന്റെയടിസ്ഥാനത്തിൽ ഇത് SPV-ക്ക് ടെണ്ടർ ചെയ്യാം. ടെണ്ടർ ചെയ്തു അത് നടപ്പാക്കിക്കഴിഞ്ഞാൽ എപ്പോൾ ബിൽ പ്രസന്റ് ചെയ്യുന്നുവോ അതിന്റെ പിറ്റേന്ന് പണം ഓൺലൈനായി കരാറുകാരന്റെ അക്കൗണ്ടിലെത്തും. ഇതിൽ 23,414 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഇപ്പോൾ ഡി.പി.ആർ. ലഭിച്ച് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഏതാണ്ട് 4000-ത്തിൽപ്പരം കോടി രൂപയുടേത് കണ്ടീഷണലാണ്. അതടക്കമാണ് 23,414 കോടി രൂപ എന്നുപറഞ്ഞത്. ഇതിൽ 3925.32 കോടി രൂപ എന്നുപറയുന്നത് ടെണ്ടർ കഴിഞ്ഞ് വർക്ക് അവാർഡ് ചെയ്ത് കഴിഞ്ഞിരിക്കുന്നതാണ്. ടെണ്ടർ ചെയ്തിരിക്കുന്ന മൂവായിരത്തി ചില്വാനം കോടി രൂപയുടെ മറ്റൊരു വർക്കുകൂടിയുണ്ട്. ഇപ്പോൾ 7000 കോടി രൂപയുടെ ടെണ്ടർ നടപടികൾ ആയിരിക്കുന്നു. ഈ വർഷം ഇവിടെ സൂചിപ്പിച്ച 20,000 കോടി രൂപയുടെ ടെണ്ടറിലേയ്ക്ക് പോകാൻ ഒരു തടസ്സവുമില്ല. കാരണം, അനുവാദം

നൽകിയപ്പോൾ 4000 കോടി രൂപ ഒഴികെ ബാക്കിയെല്ലാത്തിന്റെയും ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞതാണ്. അതുകൊണ്ട് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേയ്ക്ക് പോകാൻ യാതൊരു തടസ്സവുമില്ല. SPV-കൾക്ക് വേണ്ടത്ര ആൾബലം ഇല്ല എന്നൊക്കെയുള്ള വിമർശനങ്ങൾ വന്നിട്ടുണ്ട്. അത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ നൽകിയിട്ടുള്ള ഫയലുകൾ ഞങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കിഫ്ബി പദ്ധതികളുടെ കാലതാമസത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു. ഗുരുവായൂർ മേൽപ്പാലം പോലുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നൽകി ആ പ്രക്രിയകളുമായി മുന്നോട്ടുപോകുകയാണ്. എസ്.പി.വി. സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രക്രിയകൾ ജില്ലാ തലത്തിലാണ് നടക്കുന്നത്. അതിൽ വേണ്ടത്ര വേഗത ഇല്ലെന്നുള്ള സ്ഥിതിയുണ്ട്. കിഫ്ബി പദ്ധതികൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി വേഗത്തിലാക്കാൻ കഴിയുമോയെന്നുള്ളത് നോക്കാം. കിഫ്ബിയല്ല റവന്യൂ വകുപ്പാണ് ഭൂമി ഏറ്റെടുക്കുന്നത്. ഭൂമി ഏറ്റെടുത്താൽ അപ്പോൾ പണം നൽകും, ഒരു തടസ്സവുമില്ല. നേരത്തേ അങ്ങനെയല്ലായിരുന്നു. പണലഭ്യത ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഭൂമിയേറ്റെടുക്കലിന് പണലഭ്യത പ്രശ്നമല്ല, പണമുണ്ട്. എന്നാൽ നമ്മുടെ നടപടിക്രമങ്ങളിൽ കാലതാമസം ഉണ്ടാകുന്നില്ലെന്ന് പറയാൻ കഴിയില്ല. കാരണം, 3 വർഷം കൊണ്ട് തീർക്കാൻ ഉദ്ദേശിക്കുകയാണ്. അതുസംബന്ധിച്ച് പ്രത്യേകം റിവ്യൂ ചെയ്യുന്നത് സർക്കാരിന് സന്തോഷമുണ്ടാക്കും.

മി. സ്പീക്കർ: ശ്രീ. ഐ. ബി. സതീഷ്. നോട്ട് ഇൻ ദ സീറ്റ്.

ശ്രീ. ജോർജ് എം. തോമസ്: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയും വലിയ വികസന പ്രവർത്തനങ്ങൾ ഇതിനുമുമ്പ് നടന്നിട്ടില്ല. തീർച്ചയായും കിഫ്ബി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഈ നാടാകെ അഭിനന്ദിക്കുകയാണ്. കിഫ്ബി പദ്ധതി പൊടുന്നനെ നിർത്തിയ മട്ടാണ് ഇപ്പോഴുള്ളത്. പുതിയ പദ്ധതികളൊന്നും ഏറ്റെടുക്കുന്നില്ലെന്നാണ് പറയുന്നത്. കിഫ്ബിയുടെ പ്രവർത്തനം ഇനിയും തുടരുമെന്നുള്ള പ്രതീക്ഷയിൽ വളരെ

പ്രധാനപ്പെട്ട ചില വർക്കുകൾ നേരത്തെ എഴുതിക്കൊടുക്കാൻ കഴിയാതെപോയി. അത്തരം കേസുകളിൽ ഒരു പ്രത്യേക പരിഗണന വരും. എന്റെ നിയോജക മണ്ഡലത്തിൽ 100 കോടി രൂപയെങ്കിലും അടുത്തവർഷം അനുവദിക്കാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, എന്റെ ഒന്നാമത്തെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ള 50,000 കോടിരൂപയാണ് ഇവിടെ എടുക്കാനുദ്ദേശിക്കുന്നത്. 50,000 കോടി രൂപയെടുത്താൽ 14 വർഷംകൊണ്ട് ഇത്രയും എത്തിച്ചേരുമെന്ന നമ്മുടെ ബിസിനസ്സ് മോഡലും പറഞ്ഞു. ഇതിനുള്ളിൽ നിൽക്കാനുള്ള അച്ചടക്കം പാലിക്കണം. 50,000 കോടി രൂപയെന്ന് പറഞ്ഞിട്ട് ഒരു ലക്ഷം കോടി രൂപ നൽകിയാൽ അത് അൺസസ്റ്റൈനബിളാണ്. അങ്ങ് പറഞ്ഞതുപോലെ മൂന്നുനാല് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 50,000 കോടി രൂപയുടെ നിക്ഷേപം വരുമെന്ന് പറയുന്നത് അഭൂതപൂർവ്വമായിട്ടുള്ള മുന്നേറ്റമാണ്. ഇത് കണ്ടിട്ട് ഇങ്ങനെ കൂട്ടിക്കൊണ്ടിരിക്കാൻ കഴിയില്ല, അതിന് ലിമിറ്റുണ്ട്. എപ്പോൾ 50,000 കോടി രൂപയിൽ എത്തുമോ അപ്പോൾ നിർത്തണം. കാരണം, അതാണ് അതിന്റെ മോഡൽ. പക്ഷേ സംസ്ഥാനത്ത് 50,000 കോടി രൂപ തന്നെ വലിയ മുന്നേറ്റമാണ്, ബാക്കിയുള്ളത് ബജറ്റിൽ വകയിരുത്തിയത് അനുസരിച്ച് ചെയ്യാൻ സാധിക്കും.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട മന്ത്രി കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് പണം കണ്ടെത്തുന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞു കൊണ്ടിരിക്കുന്നത്. അങ്ങയുടെ ആദ്യ ബജറ്റിൽ ഞങ്ങളെപ്പോലെയുള്ള എം.എൽ.എ.-മാർ എഴുതിത്തന്നതനുസരിച്ച് ചില കാര്യങ്ങൾ പ്രഖ്യാപിച്ചിരുന്നു. എന്റെ നിയോജക മണ്ഡലത്തിലെ ആദ്യത്തെ പ്രൊപ്പോസലെന്ന നിലയിൽ ഞാൻ കൊടുത്തത്, അച്ചൻകോവിൽ, കോന്നി, ചിറ്റാർ, സീതത്തോട് വഴി ശബരിമലയ്ക്കുള്ള റോഡുമായി ബന്ധപ്പെട്ടാണ്. അതിൽ ഇതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് 14 വർഷംകൊണ്ട് പൂർത്തീകരിച്ച് പണം തിരിച്ച് അടയ്ക്കുന്നതിനുള്ള സോഴ്സുകളെക്കുറിച്ചൊക്കെ അങ്ങ് പറഞ്ഞു. വാഹന നികുതി, പെട്രോൾ സെസ്സ് എന്നിവയിൽനിന്നും ലഭിക്കുന്ന വിഹിതം വിനിയോഗിച്ച് അടയ്ക്കാൻ കഴിയുമെന്നാണ് അങ്ങ് പറയുന്നത്. എന്തെങ്കിലും വിവേചനം കാണിച്ചു കൊണ്ടാണോ എന്റെ നിയോജക മണ്ഡലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡിന്റെ കാര്യം ബജറ്റിൽ പ്രഖ്യാപിച്ചതാണ്. നിശ്ചയമായും എന്താണ് കാലതാമസമെന്ന് അന്വേഷിച്ചതിനുശേഷം അങ്ങയെ അറിയിക്കുന്നതാണ്.

എവിടെവരെ നടപടി എത്തിയെന്നുള്ള കാര്യത്തെ സംബന്ധിച്ച്, എനിക്ക് off and on ആയി പറയാൻ കഴിയില്ല; ഒരു വിവേചനവുമില്ല. ആദ്യമായിട്ടാണ് കിഫ്ബിയിൽ വിവേചനത്തെക്കുറിച്ചുള്ള പരാമർശം വരുന്നത്. അത് നൽകുന്നതിലല്ല, മറിച്ച് നടപ്പാക്കുന്നതിലുള്ള വേഗതയെക്കുറിച്ചുള്ള പരാമർശമാണ്. അതിൽ വിവേചനമില്ലാതിരുന്നു എന്നതിന്റെ തെളിവായി ഇപ്പോൾ ഇപ്പുറത്തുനിന്നും കാലതാമസം വരുന്നതിനെക്കുറിച്ചുള്ള പ്രശ്നം വന്നു. അതുകൊണ്ട് അങ്ങനെയൊരു തെറ്റിദ്ധാരണ വേണ്ട, ഒരു വിധത്തിലുള്ള വിവേചനവും ഇക്കാര്യത്തിലില്ല. നിങ്ങളുടെ ഭരണകാലത്ത് ഇത് നടത്തുമെന്ന് ഏറ്റുപറഞ്ഞിട്ടുണ്ട്. നിങ്ങൾ മറന്ന് പോയെങ്കിലും ഞാൻ മറന്നിട്ടില്ല. ഇക്കാര്യം നമ്മൾ കൂട്ടായി നടത്തുന്ന പരിപാടിയാണ്. അത്തരത്തിൽ ഒരു വിവേചനത്തർക്കം വരാതിരിക്കാൻവേണ്ടി വളരെ ശ്രദ്ധാപൂർവ്വം പരിശ്രമിച്ചിട്ടുണ്ട്. കാലതാമസം എന്ത് എന്നുള്ളത് അന്വേഷിച്ച് അങ്ങയെ അറിയിക്കാം.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, നമ്മുടെ സംസ്ഥാനത്ത് കിഫ്ബി സംവിധാനം നടപ്പാകുന്നതിനുമുമ്പ് 2016 ജൂലൈ മാസം 8-ന് നിയമസഭയിലെ പ്രസംഗത്തിലുൾക്കൊള്ളിച്ച അത്യന്താപേക്ഷിതമായ major project-കളുണ്ട്. മാത്രവുമല്ല, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച ചില പ്രോജക്ടുകൾ, അത് on going പ്രോജക്ടുകളാണ്. ഒന്നാമത്, മൂവാറ്റുപുഴ ബൈപ്പാസ് പ്രോജക്ട് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സമുണ്ടോ? രണ്ടാമത്തെ കാര്യം, പലപ്പോഴും എം.എൽ.എ.-മാർ പ്രൊപ്പോസ് ചെയ്യുന്ന ഒരു പ്രോജക്ടിന് 25 കോടി രൂപയാണ് ബജറ്റ് പ്രസംഗത്തിൽ വന്നിട്ടുള്ളതെങ്കിൽ, അതിന്റെ ഡി.പി.ആർ. തയ്യാറാക്കപ്പെടുമ്പോൾ 300 കോടിയും മറ്റും വരാറുണ്ട്. ഇത് പ്രഖ്യാപിക്കുന്നതും ഡി.പി.ആർ. തയ്യാറാക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ഇങ്ങനെവരുന്ന അന്തരം പരിഹരിക്കുന്നതിന് അല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പുമന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഉദ്ദേശിക്കുന്നുണ്ട്. 50,000 കോടി രൂപ ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്നത്തെ തോതിലാണ് കോസ്റ്റ് എസ്കലേഷൻ വരുന്നതെങ്കിൽ ഒരു ലക്ഷം കോടി രൂപയായിത്തീരും. അതുകൊണ്ടാണ് റോഡും മറ്റും പ്രഖ്യാപിച്ച് കഴിഞ്ഞാൽ, ആറുവരിപ്പാതവേണമെന്നു പറയുമ്പോൾ അതിന്റെ ആവശ്യമില്ല അതിന് മുമ്പുള്ള റോഡ് എത്രയാണോ അതിന്റെ വീതിയിൽത്തന്നെ ഇത് പോയാൽ മതിയെന്ന് പറയുന്നത്. അങ്ങനെയൊരു ചിന്ത വന്നിട്ടുണ്ട്. അതുകൊണ്ട് ഇഷ്ടംപോലെ ആകുമെന്നുള്ളതുകൊണ്ട് കർശന പരിശോധന ഉണ്ടാകും. ചില അലോസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മൂവാറ്റുപുഴ ബൈപ്പാസിനെക്കുറിച്ച് ബജറ്റിൽ ഉണ്ടെന്നാണ് അങ്ങ് പറഞ്ഞത്. അത് കിഫ്ബിയിലാണെങ്കിൽ കിഫ്ബിയിലൂടെ, അല്ലെങ്കിൽ അത് സംസ്ഥാന

ബജറ്റിലുൾപ്പെടുത്തി അതിനുള്ള പണം അനുവദിച്ച് ഉറപ്പായും ചെയ്യും. അതിനപ്പുറം നമുക്ക് അഷ്വറൻസിലേയ്ക്ക് പോകേണ്ട. മൂവാറ്റുപുഴ ബൈപ്പാസിനെക്കുറിച്ച് പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. അവിടത്തെ പാലമാണ് ഉദ്ദേശിച്ചതെങ്കിൽ അത് പണിതിട്ടുണ്ട്. പാലത്തിന് അപ്രോച്ച് റോഡില്ലാത്ത പ്രശ്നമുണ്ട്, അത് പരിഹരിക്കാം.

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ ചോദ്യത്തിലേയ്ക്ക് വരുന്നതിനുമുമ്പ് ശ്രീ. ഉബൈദുള്ളയുടെ ചോദ്യത്തിൽ ദേശസാൽകൃത ബാങ്കുകൾക്കുപകരം പുതുതലമുറ ബാങ്കുകളിലേയ്ക്ക് എന്തുകൊണ്ടാണ് പണം നിക്ഷേപിക്കുന്നത് എന്ന് ചോദിച്ചു. അതിനുള്ള മറുപടി അങ്ങ് വിട്ടുപോയതായിരിക്കാം. എന്റെ ചോദ്യം, ബജറ്റ് തയ്യാറാക്കുന്നതിനുമുമ്പ് അങ്ങയുടെ ഓഫീസിൽനിന്നും ഓരോ എം.എൽ.എ.-യുടെയും നിയോജക മണ്ഡലത്തിൽ നടപ്പിലാക്കേണ്ടുന്ന പദ്ധതികളെയും വർക്കുകളെയും സംബന്ധിച്ച് ചോദിച്ചിരുന്നു. ഞങ്ങൾ എല്ലാവരും എഴുതിക്കൊടുത്തു. ഭാഗ്യവശാൽ എല്ലാം അതുപോലെത്തന്നെ അച്ചടിച്ച് ബജറ്റിൽ വരികയും ചെയ്തു. അതിന്റെ ഭാവി എന്താണ്; അത് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ സാധിക്കുമോ; ഏതെങ്കിലും ഒരു വർക്ക് ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ കഴിയുമോ;

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇൻവെസ്റ്റ്മെന്റ് പോളിസി എന്താണ് എന്നുള്ളതിനെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞു. രണ്ട് റിസർവ് ബാങ്ക് ഡെപ്യൂട്ടി ഗവർണർമാരും ശ്രീ. വിനോദ് റായിയും അടങ്ങുന്ന സമിതി ഒരു ഇൻവെസ്റ്റ്മെന്റ് പോളിസി നൽകിയിട്ടുണ്ട്. അത് നിയമത്തിൽ വ്യവസ്ഥയുണ്ട്, ആ നിയമവ്യവസ്ഥ എങ്ങനെ വേണമെന്നുള്ളത് ഇൻവെസ്റ്റ്മെന്റ് പോളിസിയിൽ വിശദമായി പറയുന്നു. പരിപൂർണ്ണമായി അതനുസരിച്ച് മാത്രമാണ് ചെയ്യുന്നത്. എസ്.ബി.ഐ.-യിൽ നമ്മൾ നിക്ഷേപിച്ചിട്ടുണ്ട്. അത് ടെണ്ടർ വിളിച്ചാണ് തീരുമാനിക്കുന്നത്. ന്യൂ ജനറേഷൻ ബാങ്കിൽ ഉണ്ടെങ്കിൽ അവിടെയും നിക്ഷേപം നടത്തും. നമ്മൾ അതിനെ വേണ്ടെന്ന് വച്ചിട്ടില്ല. അപ്പോൾ ഏതൊരാൾക്കും ആ ഇൻവെസ്റ്റ്മെന്റ് പോളിസി വായിക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ ചർച്ച ചെയ്യാം. പക്ഷേ പൂർണ്ണമായിട്ടും ഇൻവെസ്റ്റ്മെന്റ് പോളിസി പ്രകാരമാണ് ചെയ്യുന്നതെന്ന് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ഇന്ത്യയിൽ ഒരു പുതിയ ഇൻസ്ട്രുമെന്റ് ആണ് മസാല ബോണ്ട് എന്നു പറയുന്നത്. ഏറ്റവും കൂടുതൽ മസാല ബോണ്ട് പുറപ്പെടുവിച്ചിട്ടുള്ളത് ആക്സിസ് ബാങ്കാണ്. നമ്മുടെ ദേശസാൽകൃത ബാങ്കുകൾ ആ രീതിയിലേയ്ക്ക് വളരെ ചെറിയ തോതിൽ മാത്രമേ വന്നിട്ടുള്ളൂ. അതുകൊണ്ട് ഏറ്റവും എഫിഷ്യന്റും ഈ റേറ്റിംഗിൽ ഇൻവെസ്റ്റ്മെന്റ് പോളിസിയിൽ പറയുന്ന നിലയുള്ള ബാങ്കുകൾ എന്ന രീതിയിലുമാണ് അവരെ

തെരഞ്ഞെടുത്തത്. അങ്ങ് പറയുന്ന ടോക്കൺ പ്രൊവിഷനിൽ ഒരു വാല്യം മുഴവൻ അച്ചടിച്ച് വച്ചിട്ട് എന്തൊക്കെയാണെന്നുള്ളതെന്ന് ആർക്കും അറിയാത്തതിനാൽ ഇപ്പോൾ അതൊക്കെ മാറ്റി. ഇരുപത്തിയഞ്ചോ അമ്പതോ റോഡുകൾ അനുവദിക്കണമെന്ന് പറഞ്ഞു. അത് ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് മുഴവൻ ഒറ്റയടിക്ക് ഈ വർഷം ചെയ്യില്ല. പക്ഷേ എല്ലാ വർഷവും പൊതുമരാമത്ത് വകുപ്പിൽ നിന്ന് വർഷാവസാനം ആയിരം കോടി രൂപ അഡീഷണലായിട്ട് നൽകാറുണ്ട്. ആ രീതിയിൽ, ആ സന്ദർഭത്തിൽ ഇവ പരിഗണിക്കപ്പെടും.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിലെ വൻകിട പദ്ധതികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, അതിൽ വരുന്ന കാലതാമസമാണ്. പല പദ്ധതികളും ഇഴഞ്ഞുനീങ്ങുകയാണ്. സർക്കാർ ശക്തമായി ഇടപെട്ടാലും മനസ്സുവച്ചാലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിന് ഏറ്റവും പ്രധാനപ്പെട്ട കാരണം നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യമാണ്. ഇത് പരിഹരിക്കാതെ വൻകിട പദ്ധതികളൊന്നും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയില്ല. കിഫ്ബി 20,000 കോടി രൂപയുടെ എ.എസ്. നൽകി. ഈ പദ്ധതികൾക്കാവശ്യമായ നിർമ്മാണ സാമഗ്രികൾ എവിടെനിന്നും ലഭിക്കും; ഇത് സംബന്ധിച്ച് സർക്കാർ ഗൗരവമായ എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ; അതിന് എന്താണ് പരിഹാരം; അത് സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കുറച്ച് നാളുകളായി ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണിത്. രണ്ട് പ്രശ്നങ്ങളാണുള്ളത്, ഒന്ന്, നിർമ്മാണ സാമഗ്രികളായ മണൽ, മണ്ണ്, പാറ എന്നിവയുടേതാണ്. അതിലെ പാരിസ്ഥിതിക ക്ലിയറൻസിന്റെ പ്രശ്നം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വന്നതാണ്. നമുക്ക് പാരിസ്ഥിതിക പരിഗണനയൊന്നും വേണ്ടെന്ന് പറയാൻ കഴിയില്ല. പക്ഷെ, ഇന്നത്തെ വലിയ പ്രതിസന്ധി മറികടക്കുന്നതിനാവശ്യമായ ചില സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. മണലിന്റെ കാര്യത്തിലും ചില നടപടികൾ സ്വീകരിച്ചുവരുന്നു. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഈ രണ്ട് പ്രശ്നങ്ങളും ഫലപ്രദമായി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ വേഗതയിലൊന്നും കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കില്ല. ഉദാഹരണത്തിന്, ഇപ്പോൾ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നിടത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ട് അതെടുക്കാൻ ആളില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. അവസാനം മൂവാറ്റുപുഴ റിവർ വാലി പദ്ധതിയുടെ ഭാഗമായി നേരത്തെ പൊട്ടിച്ച പാറ വലിയ ചെലവിൽ ചുമന്ന് വണ്ടിയിലാക്കി കൊണ്ടുവരാൻ ശ്രമിക്കുകയാണ്. പാറ ലഭ്യമല്ലാത്തതുകൊണ്ട് ടെണ്ടർ എടുക്കാൻ ആളില്ലാത്ത അവസ്ഥയാണുള്ളത്. ടെണ്ടർ ക്ഷണിച്ചിട്ടും പാറ കൊണ്ടുവരാൻ കഴിയുന്നില്ല. അത് പരിഹരിക്കേണ്ട കാര്യമാണ്. അതിനെക്കുറിച്ച് കൂട്ടായി ആലോചിക്കാം.

<u>ശ്രീ. എം. ഉമ്മർ:</u> സർ, വർക്കുകൾ തെരഞ്ഞെടുക്കുമ്പോൾ സാങ്കേതികമായി അധികം പ്രശ്നങ്ങളില്ലാത്ത ലളിതമായ പ്രോജക്ടുകൾ പെട്ടെന്ന് എടുക്കുകയും ആദ്യം ഡി.പി.ആർ. ലഭിക്കുന്നതിന് മുൻഗണന നൽകുകയും വേണം. സംസ്ഥാനത്തിന് പ്രധാനപ്പെട്ടതും എന്നാൽ പ്രോജക്ട് തയ്യാറാക്കുന്നതിന് സാങ്കേതികമായി പലതവണ തടസ്സമുണ്ടാകുകയും ചെയ്യുമ്പോൾ അവസാനം വരുന്ന പ്രോജക്ടുകൾ പണമില്ലാതെ തള്ളപ്പെടാനുള്ള സാദ്ധ്യതയുണ്ടോയെന്നാണ് എന്റെ ചോദ്യം.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, ചില കാര്യങ്ങൾക്ക് മുൻഗണന നൽകാൻതന്നെ തീരുമാനിച്ചിട്ടുണ്ട്. മലയോര ഹൈവേ, തീരദേശ ഹൈവേ, വാട്ടർ വേ ഇതിനൊക്കെയാണ് കണക്റ്റിവിറ്റിയിൽ ഏറ്റവും വലിയ മുൻഗണന നൽകുന്നത്. ഇത് വളരെ സങ്കീർണ്ണമാണ്. ഡി.പി.ആർ. തയ്യാറാക്കാൻ താമസമുണ്ടാകും. അതുകൊണ്ട് ഇതിന് പ്രത്യേക ശ്രദ്ധ നൽകണം. വൻകിട പ്രോജക്ടുകൾക്ക് പണം ഉണ്ടാകുമെന്നുള്ളത് എന്തായാലും ഉറപ്പാണ്. പക്ഷെ, 50,000 കോടി രൂപയുടെ അപ്പുറത്തേയ്ക്ക് ഇൻവെസ്റ്റ്മെന്റ് കൊണ്ടുപോകുന്നതിന് നമുക്കിന്ന് സാധിക്കില്ല. അല്ലെങ്കിൽ റവന്യൂ മോഡലിൽ അത്രയേറെ വരുമാനം ലഭിക്കുന്ന പുതിയ പ്രോജക്ടുകൾ വരണം. അതൊക്കെ 50,000 കോടി രൂപയെന്ന സുവർണ്ണ രേഖയിലെത്തുന്ന സന്ദർഭത്തിൽ എത്രയാണ് റവന്യൂ മോഡലിൽ വന്നിട്ടുള്ളതെന്നുകൂടി പരിഗണിക്കണം. പലിശ 9 ശതമാനം വച്ചാണ് കണക്ക് കൂട്ടിയിട്ടുള്ളത്, അതിൽ താഴ്ന്ന പലിശയ്ക്ക് ലഭിക്കുന്നുണ്ടോയെന്ന് നോക്കണം. 9 ശതമാനത്തിൽ താഴ്ന്ന നിരക്കിൽ ലഭിക്കാനാണ് ചിട്ടി നോക്കുന്നത്. അപ്പോൾ എന്ത് ലഭിക്കും, കാലിബറേഷൻ എത്രമാത്രമാക്കാൻ സാധിക്കും തുടങ്ങിയവയൊക്കെ ആ ഘട്ടത്തിൽ പരിശോധിക്കാം. ഇപ്പോൾ അതൊന്നും വേണ്ട. അങ്ങയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ട് എസ്.പി.വി.-യുമായി സംസാരിച്ച് എത്രയും വേഗതയിലാക്കാൻ ശ്രമിക്കാം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, നേരത്തെ റോഡിന് 8 മീറ്ററും 10 മീറ്ററുമായിരുന്നു വീതി. ഇപ്പോൾ പെട്ടെന്ന് അത് 12 മീറ്ററാക്കണമെന്ന് ഗൈഡ്‌ലൈൻ വന്നിരിക്കുന്നുവെന്ന് ഉദ്യോഗസ്ഥർ വളരെ പ്രയാസപ്പെട്ട് പറയുന്നുണ്ട്. 12 മീറ്ററെന്നത് ഗ്രാമ പ്രദേശങ്ങളിൽ ലഭിക്കാൻ വളരെ പ്രയാസമാണ്. 8 മീറ്ററും 10 മീറ്ററുമുള്ള സ്ഥലങ്ങളുടെ പേരാണ് നിർദ്ദേശിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വർക്കും മുന്നോട്ടുപോയി. ഇപ്പോൾ 12 മീറ്റർ വേണമെന്ന് പറഞ്ഞതുകൊണ്ട് ധാരാളം വർക്കുകൾ നിലയ്ക്കുന്ന അവസ്ഥയാണുള്ളത്. അതിനെ എങ്ങനെ തരണംചെയ്യാൻ സാധിക്കും?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിർദ്ദേശങ്ങൾ വച്ചപ്പോൾ ഞാനടക്കമുള്ളവർ ഈ വീതിയിൽ സ്ഥലമുണ്ടോയെന്ന് നോക്കിയിട്ടില്ല. പക്ഷെ കിഫ്ബി വഴി വലിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഗ്രാമീണ റോഡുകൾ ഉൾപ്പെടുത്താൻ സാധിക്കുമോ? കാരണം, നമ്മുടെ കയ്യിൽ പണം ഉണ്ടായിട്ടല്ല ഇതൊക്കെ ചെയ്യുന്നത്. പ്രോജക്ടുകൾ കാണിച്ചാണ് പണം വാങ്ങുന്നത്. അപ്പോൾ ഒരു മാനദണ്ഡവുമില്ലാത്ത കൊച്ചുകൊച്ചു പ്രോജക്ടുകളാണെങ്കിൽ അത് കിഫ്ബിയുടെ ലക്ഷ്യത്തെത്തന്നെ ബാധിക്കും. അതുകൊണ്ടാണ് ഈ നിബന്ധന കർശനമായി വയ്ക്കുന്നത്. ഭൂമി ഏറ്റെടുക്കാൻ സാധിക്കുന്നതാണെങ്കിൽ തടസ്സമില്ല. ഈ പറഞ്ഞ ബുദ്ധിമുട്ട് എന്റെ മണ്ഡലത്തിലടക്കമുണ്ട്. ഡി.പി.ആർ.ന് നേരത്തെ കണ്ടീഷണൽ അപ്രൂവ് നൽകിയിട്ടുള്ള പ്രോജക്ടുകൾ ഇന്ന് വീതിയില്ലെന്ന് പറഞ്ഞ് മാറ്റിവയ്ക്കേണ്ടിവരുന്നുണ്ട്. എങ്ങനെ വേണമെന്നുള്ളത് നമുക്ക് പരിഗണിക്കാം. പക്ഷെ, ചില മാനദണ്ഡങ്ങൾ പാലിച്ചേ മതിയാകൂ. 6 മീറ്റർ, 8 മീറ്റർ വീതിയിൽ ഒരു റോഡും കിഫ്ബിയിൽനിന്നും സാധിക്കില്ല. മിനിമം 12 മീറ്റർ എന്നുള്ളതാണ് പരിധി. 12 മീറ്റർ സാധിക്കില്ലെങ്കിൽ എലവേറ്റഡായുള്ള ഹൈവേ നിർമ്മിക്കുകയാണ് തീരദേശത്ത് ചെയ്യുന്നത്. അത് മുൻഗണന നൽകിയതുകൊണ്ടാണ്. എന്തുവന്നാലും നമുക്ക് തീരദേശ റോഡ് വേണമെന്ന് തീരുമാനിച്ചതുകൊണ്ടാണ്.

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസിന് കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിച്ചതിന് പ്രത്യേക നന്ദി. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ കിഫ്ബിയിൽ ഏറ്റെടുക്കുന്നുണ്ട്. പക്ഷെ, സംസ്ഥാനത്തെ വാട്ടർ അതോറിറ്റി വലിയൊരു പ്രതിസന്ധിയിലാണ്. കാരണം, കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരുന്ന ഫണ്ട് വെട്ടിക്കുറച്ചു. സംസ്ഥാന വിഹിതം വളരെയേറെ കുറവുമാണ്. ഈ സാഹചര്യത്തിൽ ഏകദേശം 123-ഓളം പദ്ധതികൾ സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പാതിവഴിയിൽ നിൽക്കുകയാണ്. കേരളം കടുത്ത ജലക്ഷാമം അനുഭവിക്കാൻ പോകുന്ന അവസ്ഥയിൽ ഇപ്പോഴുള്ള ഓൺ ഗോയിംഗ് പദ്ധതികളെ നിലവിലുള്ള മാനദണ്ഡമനുസരിച്ച് കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നാണ് മനസ്സിലാക്കുന്നത്. പക്ഷെ, ഈ പദ്ധതികൾ പൂർത്തീകരിക്കണമെന്നുണ്ടെങ്കിൽ ഒന്നുകിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണം, അല്ലെങ്കിൽ കിഫ്ബിയിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്തണം. അതിന് കഴിയുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾത്തന്നെ കേരള വാട്ടർ അതോറിറ്റിക്ക് ഏറ്റവും കൂടുതൽ മുൻഗണന നൽകിയിട്ടുണ്ട്. ഞാൻ മനക്കണക്കിൽ കൂട്ടിനോക്കിയപ്പോൾ നാലായിരത്തിൽപ്പരം കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ പുതിയത് മാത്രമല്ല, നിലവിലുള്ള പൊട്ടിക്കൊണ്ടിരിക്കുന്ന പൈപ്പ്ലൈനുകളൊക്കെ മാറ്റിയിടുന്നതടക്കമുണ്ട്. യഥാർത്ഥത്തിൽ കഴിഞ്ഞ മാസംവരെയുള്ള കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത് കേരള വാട്ടർ അതോറിറ്റിയാണ്. കാരണം, നിലവിലുള്ള പൈപ്പ്ലൈൻ മാറ്റുന്നതിനുള്ള ഡി.പി.ആർ.ന്റെ അലൈൻമെന്റൊക്കെ പെട്ടെന്ന് ചെയ്യാൻ സാധിക്കും. കേരള വാട്ടർ അതോറിറ്റി അടുത്തകാലത്തുണ്ടായ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി മാറിയിട്ടുണ്ട്. പക്ഷെ, അങ്ങ് പറഞ്ഞത് ശരിയാണ്. ഇതുകൊണ്ട് തികയില്ല. കിഫ്ബിക്ക് 50,000 കോടി രൂപയെന്ന പരിധിയുണ്ട്. അതുകൂടി പരിഗണിച്ചേ കൂടുതൽ പണത്തെക്കുറിച്ച് ചിന്തിക്കാൻ സാധിക്കൂ.

മി. സ്പീക്കർ: ചോദ്യം നമ്പർ * 183

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ്**

4(*183) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ദിനംപ്രതി ഉണ്ടാകുന്ന വിലവർദ്ധനവ് സാധാരണക്കാരായ ജനങ്ങൾക്ക് അമിതഭാരത്തോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കൂടുന്നതിനും കാരണമായിട്ടുണ്ടോ;

(ബി) പെട്രോളിയം കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിപ്പിക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചതുമൂലം ലഭിച്ച അധിക വിൽപ്പന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ഉണ്ട്.

(ബി) പെട്രോളിയം കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിപ്പിക്കുന്നതിനെതിരെ, വില വർദ്ധനവ് കുറയ്ക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടി കുറവുവരുത്തണമെന്ന് സംസ്ഥാനം പലതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ 31-5-2018-ലെ കണക്കുപ്രകാരം പെട്രോളിൽനിന്ന് 247.87 കോടി രൂപയും ഡീസലിൽനിന്ന് 370.52 കോടി രൂപയും അധിക നികുതി വരുമാനമായി ലഭിച്ചു. ഇപ്പോൾ വരുത്തിയ ഇളവിലൂടെ ഒരു വർഷംകൊണ്ട് 500 കോടി രൂപയുടെ നികുതി വേണ്ടെന്ന് വയ്ക്കുകയാണ്.

ശ്രീ.കെ.എസ്. ശബരീനാഥൻ: സർ, അങ്ങ് പറഞ്ഞ മറുപടിയിൽത്തന്നെ ഏകദേശം 618 കോടി രൂപയാണ് കഴിഞ്ഞ രണ്ട് വർഷമായുള്ള പെട്രോൾ ഡീസൽ വില വർദ്ധനവിലൂടെ അധിക നികുതിയായി ലഭിച്ചിരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വില ഒരിക്കലും പിടിച്ചുനിർത്താനാകില്ല. ഒരുപക്ഷെ, 90 രൂപയും 100 രൂപയുമൊക്കെ ആകും. ഇങ്ങനെയാണെങ്കിൽ ആനുപാതികമായി ഈ പറഞ്ഞ നികുതിയിൽ കുറവ് വരുത്തുവാൻ കേരള സർക്കാർ ആലോചിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് നമ്മൾ മുൻകൂട്ടി വാഗ്ദാനം ചെയ്യേണ്ട ഒന്നല്ല. അത് യു.ഡി.എഫ്. സർക്കാരും ചെയ്തിട്ടില്ല. ചെയ്യണമെന്ന് പറയുന്നതിൽ ന്യായമില്ല. കാരണം, കേന്ദ്ര സർക്കാർ നികുതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുക, അവർ എപ്പോൾ വർദ്ധിപ്പിച്ചാലും നമ്മൾ കുറച്ചുകൊള്ളാമെന്ന് മുൻകൂർ വാഗ്ദാനം ചെയ്യുക, അതൊരു ടാക്റ്റിക്സേയല്ല. വില എങ്ങനെ പോകുന്നുവെന്ന് നമുക്ക് നോക്കാം. ക്രൂഡ് ഓയിലിന് വില കുറഞ്ഞപ്പോൾ ബി.ജെ.പി. സർക്കാർ അന്യായമായി, ഒരു മാനദണ്ഡവുമില്ലാതെ പെട്രോളിന് 200 ശതമാനവും ഡീസലിന് 300 ശതമാനവും നികുതി വർദ്ധിപ്പിച്ചു. അത് റോൾ ബാക്ക് ചെയ്യണമെന്നുള്ളതായിരിക്കണം നമ്മുടെ മുദ്രാവാക്യം. പക്ഷെ, അവർ ചെയ്യുന്നില്ല. ചെയ്യാത്തതിന്റെ പശ്ചാത്തലത്തിൽ, അങ്ങ് പറഞ്ഞതുപോലെ 600 കോടി രൂപയുടെ അധിക വരുമാനം വന്നു. അതിൽ 500 കോടി രൂപ വേണ്ടെന്നുവച്ച് തീരുമാനവും എടുക്കുന്നുണ്ട്. പക്ഷെ, ഭാവിയിൽ എല്ലാത്തവണയും ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുമെന്ന് പ്രോമിസ് ചെയ്യുന്നത് ശരിയായ ടാക്റ്റിക്സല്ല. ബി.ജെ.പി. സർക്കാർ അവരുടെ അധിക നികുതി കുറയ്ക്കുകയാണ് വേണ്ടത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സി. ആൻഡ് എ.ജി. റിപ്പോർട്ട് പ്രകാരം നമ്മൾ വലിയൊരു ധനപ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. നമ്മുടെ തനത് നികുതി വരുമാനം 42,000 കോടി രൂപയും ശമ്പളവും മറ്റ് ചെലവുകളുമായി 43,000 കോടി രൂപയുമായുള്ള വലിയൊരു ഗ്യാപ്പ് വന്നിരിക്കുകയാണ്. അതിനോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ വിലയും ഇതുകാരണം വർദ്ധിച്ചിരിക്കുകയാണ്. ഇങ്ങനെ സാമ്പത്തികമായി മോശമായ അവസ്ഥയിലേയ്ക്ക് പോകുമ്പോൾ എന്തെങ്കിലും പദ്ധതികൾ അടുത്ത 5-6 മാസത്തേയ്ക്ക് സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ, 2016-17-ലെ സാമ്പത്തിക സ്ഥിതിയാണ് സി. ആൻഡ് എ.ജി. പരിശോധിച്ചിട്ടുള്ളത്. അവിടെയുള്ള പ്രതിസന്ധിയെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ വളരെ വ്യക്തമായി വിശദീകരിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് സർക്കാരിനെ സംബന്ധിച്ചിടത്തോളം അതൊരു പുതുമയുള്ള കാര്യമല്ല. അതിനുശേഷം കമ്മി കുറച്ചുകൊണ്ടുവരുന്നതിന് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പക്ഷെ, നമ്മുടെ തനത് വരുമാനത്തെക്കാൾ കൂടുതലാണ് ശമ്പളച്ചെലവെന്ന് പറയുമ്പോൾ രണ്ട് കാര്യം ഓർക്കണം. ഒന്ന്, ഇതിന് മുമ്പുള്ള വർഷം എടുക്കുകയാണെങ്കിൽ, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തും തനത് വരുമാനം ശമ്പളം, പെൻഷൻ എന്നിവയെക്കാളും 2,000 കോടി രൂപയുടെ കൂടുതലേയുള്ളൂ. 2016-17-ൽ ശമ്പള പരിഷ്കരണത്തിന്റെ ഭാരം വരികയും പെൻഷൻ ചെലവ് 6,000 കോടി രൂപയായി ഉയരുകയും ചെയ്തപ്പോഴുണ്ടായ സ്വാഭാവികമായ കാര്യമാണ്. ജി.എസ്.ടി. വരുമാനം വർദ്ധിക്കുന്നതോടുകൂടി ഇത് കുറച്ചുകൊണ്ടുവന്ന് മുമ്പുള്ളത് പോലെയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് അധിക നികുതി ലഭിച്ചതിൽ വിട്ടുവീഴ്ച ചെയ്തു. 500 കോടി രൂപയുടെ ഡിഫറൻസ് ജനങ്ങൾക്കായി നൽകിയെന്നും പറഞ്ഞു. അപ്പോഴും 118 കോടി രൂപ അങ്ങ് കയ്യിൽ വച്ചിരിക്കുകയാണ്. ഇനി തുടർന്നുള്ളതിനും നൽകുകയില്ലെന്ന് പറയുകയാണ്. നമ്മുടെ ബജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് ലഭിക്കുന്ന മുഴുവൻ തുകയും എടുത്തോട്ടെ, അതേസമയം അതിനപ്പുറത്തേയ്ക്ക് കിട്ടുന്ന അധിക നികുതി വേണ്ടെന്ന് പറയണം. അതിൽ രാഷ്ട്രീയം പറയരുത്. അതിന് ഈ സഭയിലുള്ളവരിൽ ആർക്കാണ് തർക്കം; ചിലപ്പോൾ ഒരാൾക്ക് തർക്കം വന്നേയ്ക്കാം. വേറെ ആർക്കും ഒരു തർക്കവുമില്ല. കേന്ദ്ര ഗവൺമെന്റിനോട് നമുക്കൊരുമിച്ച് ഫൈറ്റ് ചെയ്യാം. അതിന്റെ പേരിൽ കേരളത്തിലെ ജനങ്ങളെ ദ്രോഹിക്കുന്ന നടപടിയിൽനിന്ന് പുറകോട്ടുപോകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2013 മുതൽ 2016 മേയ് മാസം വരെയുള്ള കാലം പരിശോധിച്ചാൽ 23 ശതമാനമായി കുറഞ്ഞ പെട്രോൾ നികുതി പല ഇനങ്ങളിലായി 32.8 ശതമാനമായി ഉയർത്തി എത്ര ആയിരം കോടി രൂപയാണ് നികുതി വർദ്ധനവിലൂടെ സമാഹരിച്ചത്. അങ്ങ് വളരെ ഉദാരമനസ്കനാണ്. അതുംകൂടി ഞാൻ തിരിച്ചുകൊടുക്കണമെന്ന് പറഞ്ഞില്ലല്ലോ; നിങ്ങൾ വരുത്തിയ വർദ്ധനവ് ഒഴിവാക്കി, നിങ്ങളുടെ ഭരണകാലത്ത് ബാക്കിവന്നത് നൽകണമെന്നല്ലേ പറഞ്ഞുള്ളൂ. അതിന് അങ്ങയോട് എനിക്ക് വളരെ നന്ദിയുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്പോർട്സ് അടിസ്ഥാന സൗകര്യ വികസന പദ്ധതി

5 (*185) ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വി. അൻവർ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ വിശദാംശവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏറ്റെടുത്ത സ്പോർട്സ് സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) കായിക മത്സരങ്ങളിലെ വിജയികൾക്കുള്ള ക്യാഷ് അവാർഡ് വർഷങ്ങളോളം കുടിശ്ശികയായിരുന്നത് സമയബന്ധിതമായി നൽകുന്നതിനും ആകർഷകമായ നിരക്കിൽ പുതുക്കുന്നതിനും സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം പദ്ധതിയും പ്രഖ്യാപിച്ചിരുന്നു. ഒന്നാം ഘട്ടത്തിൽ പ്രഖ്യാപിച്ചിരുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളിൽ 6 എണ്ണത്തിന്റെയും 41 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 29 എണ്ണത്തിന്റെയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾക്കും 17 പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയിൽ 3 ജില്ലാ സ്റ്റേഡിയങ്ങളുടെയും 11 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരമല്ലാതെ കായിക വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു. 35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പുസാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസ സൗകര്യം, കായിക ഉപകരണങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് മുതലായവയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറിക്കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിദ്യാഭ്യാസ വകുപ്പിൽനിന്നും കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്ത ഗവ. ജി.വി. രാജാ സ്കൂൾ, മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്പോർട്സ് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 51.18 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ്, 2,42,36,440 രൂപ, വിതരണം ചെയ്തിട്ടുണ്ട്. ക്യാഷ് അവാർഡ് പുതുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും ലഭിക്കുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്. ദേശീയ സിവിൽ സർവീസസ് മത്സരങ്ങളിൽ പങ്കെടുത്ത് 1, 2, 3 സ്ഥാനങ്ങൾ നേടുന്ന കായിക താരങ്ങൾക്ക് യഥാക്രമം 5,000, 3,000, 1,500 രൂപ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച നാല് കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ അംഗം ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും പ്രസ്തുത സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് 20-6-2018-ന് സർട്ടിഫിക്കറ്റ് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ട്രഷറികളുടെ ആധുനികവൽക്കരണം

6 (*186) ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമ്പത്തിക ഇടപാടുകൾ സുതാര്യവും എളുപ്പവുമാക്കാൻ സാധിക്കും വിധം ട്രഷറികളുടെ പ്രവർത്തനങ്ങൾ ആധുനികവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മുഴുവൻ ട്രഷറി ഇടപാടുകളും ഓൺലൈൻ സംവിധാനത്തിൽ ആക്കിയിട്ടുണ്ടോ;

(ഡി) ട്രഷറി സേവിംഗ്സ് ബാങ്കിന് മറ്റ് ബാങ്കുകളുമായി സഹകരിച്ച് എ.ടി.എം. കൗണ്ടറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പെൻഷൻകാർക്കായി എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ട്രഷറികളിൽ പുതുതായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നു.

(1) ഐ.എഫ്.എം.എസ്. (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)

ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണിത്. പൂർണ്ണമായും കടലാസ് രഹിത കറൻസി രഹിത ഇടപാടുകളിലേയ്ക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയിത്തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെതന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചു.

(2) <u>ടി.ഐ.ഡി.പി. (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)</u>

ഇടപാടുകാർക്ക് കൂടുതൽ ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ആധുനിക ബാങ്കിംഗ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്.

(ബി) സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ പൂർണ്ണമായും ഐ.എഫ്.എം.എസ്. സംവിധാനത്തിലൂടെയാണ് ഇപ്പോൾ നടത്തുന്നത്. ഇടപാടുകാർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, കടലാസ് രഹിത ഇടപാടുകൾ തുടങ്ങിയവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി ഇവയും ഏർപ്പെടുത്തുന്നതാണ്.

(സി) വിവരസാങ്കേതിക വിദ്യയുടെ എല്ലാ സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുകയും മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ട്രഷറികളിൽ നടപ്പിലാക്കിയ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ (ഐ.എഫ്.എം.എസ്.) ലക്ഷ്യം. ട്രഷറികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

(1) ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യവും യൂട്ടിലിറ്റി പേയ്മെന്റിനുള്ള സൗകര്യവും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.
(2) ട്രഷറി അക്കൗണ്ട് ഇടപാടുകൾക്ക് മൊബൈൽ ആപ്ലിക്കേഷൻ സൗകര്യം ലഭ്യമാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു.
(3) നിലവിൽ എല്ലാത്തരം ബില്ലുകളും ഓൺലൈൻ രീതിയിൽ സമർപ്പിക്കുന്നതിനോടൊപ്പം ബില്ലുകളുടെ കടലാസ് പ്രിന്റും (Physical copy) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പിട്ട് ട്രഷറിയിൽ സമർപ്പിക്കേണ്ടതുണ്ട്. പൂർണ്ണമായും ഓൺലൈൻ രീതി നടപ്പിൽ വരുത്തുന്നതോടുകൂടി ബില്ലുകളുടെ physical copy സമർപ്പിക്കേണ്ടി വരില്ല. പകരമായി ഡിജിറ്റൽ ഒപ്പോടുകൂടിയ കടലാസുരഹിത ബില്ല് സമർപ്പണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഉണ്ട്. ബാങ്കുകൾ മുഖേന ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ.-യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു.

(ഇ) പെൻഷൻകാരുടെ പെൻഷൻ സംബന്ധമായ വിവരങ്ങൾ, പ്രതിമാസ പെൻഷൻ, കുടിശ്ശിക വരവുവച്ചതിന്റെ വിവരങ്ങൾ, ആദായ നികുതി സംബന്ധമായ കാര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ പെൻഷൻ പോർട്ടൽ (29-7-2017-ലെ സ.ഉ. (അച്ചടി) നമ്പർ 100/2017/ധന) വഴി പെൻഷൻകാർക്ക് ലഭ്യമാണ്.

**കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ**

7 (*187) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; വെളിപ്പെടുത്താമോ;

(സി) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി ജോലി ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കോളേജുകൾക്ക് നാക് അക്രഡിറ്റേഷനും ഐ.എസ്.ഒ. സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്. കേപ്പിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ അദ്ധ്യാപകർക്ക് ഉന്നത നിലവാരമുള്ള പരിശീലനം, വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് Industry Institute Interaction പോലെയുള്ള മികച്ച

പദ്ധതികൾ, വിവിധ ഏജൻസികളുടെ Accreditation/Certification ലഭിക്കുന്നതിനുള്ള നടപടികൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലാബുകൾ, ലൈബ്രറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലോകബാങ്കിന്റെ സഹായത്തോടെയുള്ള TEQIP പദ്ധതി പ്രകാരം ആധുനികവൽക്കരിച്ചിട്ടുണ്ട്. കോളേജുകൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് മേഖലകൾ തെരഞ്ഞെടുക്കുകയും ആ മേഖലകൾ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ 213.12 കോടി രൂപ മതിപ്പ് ചെലവുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. KIIFB-യുടെ സാമ്പത്തിക സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) KIIFB-യുടെ സാമ്പത്തിക സഹായത്തോടെ കേപ്പിന്റെ കീഴിലുള്ള കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി 213.12 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഉണ്ട്. കേപ്പിനുകീഴിലുള്ള വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ സഹകരണ വകുപ്പുമന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ അടക്കമുള്ള ഉദ്യോഗസ്ഥർ അംഗങ്ങളുമായ എക്സിക്യൂട്ടീവ് കമ്മിറ്റി വിശദമായ പരിശോധന നടത്തുന്നുണ്ട്. കൂടാതെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്തും വിലയിരുത്തൽ നടത്തിവരുന്നുണ്ട്. ഓരോ മൂന്ന് മാസത്തിലൊരിക്കലും പ്രിൻസിപ്പാൾമാരുടെ യോഗം വിളിച്ചുചേർത്ത് വകുപ്പുമന്ത്രിയും സെക്രട്ടറിയും പങ്കെടുത്ത് വിശദമായ വിലയിരുത്തൽ നടത്തുന്നുണ്ട്. പ്രാദേശിക എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നിട്ടുള്ള കോളേജ് വികസന സമിതികളും ആശുപത്രി വികസന സമിതികളും ചേർന്ന് അതാത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് വകുപ്പുതലത്തിലും ഡയറക്ടറേറ്റ് തലത്തിലും കോളേജ് തലത്തിലും പരിശോധിച്ച് വേണ്ട തിരുത്തൽ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിന് കേപിന്റെ കോളേജുകളെ രണ്ട് മേഖലകളായി തിരിച്ച് പ്ലെയ്സ്മെന്റ് ഡ്രൈവ് നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പെരുമൺ, കിടങ്ങൂർ, തലശ്ശേരി, വടകര, തൃക്കരിപ്പൂർ കോളേജുകൾക്ക് ISO 9001: 2015 സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. വടകര, തൃക്കരിപ്പൂർ കോളേജുകൾക്ക് NAAC അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. പത്തനാപുരം, പുന്നപ്ര കോളേജുകൾക്ക് ISO സർട്ടിഫിക്കേഷൻ ഈ വർഷം ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പെരുമൺ, തലശ്ശേരി, തൃക്കരിപ്പൂർ, കിടങ്ങൂർ കോളേജുകൾക്ക് NBA അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം

8 (*188) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനുള്ള ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) സർക്കാർ ഓഫീസുകളുടെ മേൽക്കൂരകളിൽ സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) സൗരവീഥി എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) സോളാർ സംവിധാനം ഉപയോഗിച്ച് കോൾ പാടങ്ങളിൽ വെള്ളം പമ്പ് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കാസർഗോഡ് സോളാർ പാർക്ക് എന്നത്തേക്ക് ഉദ്ഘാടനം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021-ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി, കെ.എസ്.ഇ.ബി. ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരപദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 200 മെഗാവാട്ട് വൈദ്യുതി ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

<u>പ്രോജക്ടിന്റെ പരിധി</u>

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾവഴി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |
| കെ.എസ്.ഇ.ബി.എൽ.-ന്റെ റിസർവോയറുകൾ, കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ | 150 മെഗാവാട്ട് |
| സോളാർ പാർക്കുകൾവഴി | 100 മെഗാവാട്ട് |
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾവഴി | 50 മെഗാവാട്ട് |
| വെസ്റ്റ് കല്ലട, എൻ.ടി.പി.സി.-യുടെ കൈവശമുള്ള ഭൂമി, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| ആകെ | 1050 മെഗാവാട്ട് |

കെ.എസ്.ഇ.ബി.എൽ. നിർമ്മാണം പൂർത്തിയാക്കിയതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

<u>അനെർട്ട് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:</u>

1. 3 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ ഫോട്ടോ വോൾട്ടായിക് - സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
2. 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. കേന്ദ്ര മന്ത്രാലയത്തിന്റെ സഹകരണത്തോടെ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സർക്കാർ മുതൽമുടക്കില്ലാതെ തന്നെ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലേയ്ക്കായി വിവിധ ജില്ലാ പഞ്ചായത്തുകളിൽ നിന്നുമായി 1500.565 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ഈ തുക മുതൽമുടക്കി 2.0365 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ വിവിധ സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ബാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

ഇതുകൂടാതെ തൃശ്ശൂർ കോർപ്പറേഷൻ കെട്ടിടത്തിൽ അനെർട്ടിന്റെ കൺസൾട്ടൻസിയിൽ 200kw പവർപ്ലാന്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ശൃംഖലയിലേയ്ക്ക് നൽകുന്നുണ്ട്.

(സി) ഉണ്ട്. ഈ മൊബൈൽ ആപ്ലിക്കേഷൻ താഴെപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിൽ 2012 മുതൽ സ്ഥാപിച്ചിട്ടുള്ള അക്ഷയ ഉപകരണങ്ങൾ വാങ്ങുന്നതിന് (സൗരോർജ്ജ പവർ പ്ലാന്റുകൾ, ഉപകരണങ്ങൾ, വാട്ടർ ഹീറ്ററുകൾ, ബയോഗ്യാസ് പ്ലാന്റുകൾ) ഇതിലൂടെ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്ന ഉപകരണങ്ങൾക്ക് ഒരു വർഷത്തെ സൗജന്യ ഇൻഷ്വറൻസ് അനെർട്ട് ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ അക്ഷയ ഊർജ്ജ സേവന കേന്ദ്രത്തിൽനിന്ന് ഒരു ടെക്നീഷ്യൻ സ്ഥലം സന്ദർശിച്ച് ഉപകരണങ്ങൾ സൗജന്യമായി പരിശോധിക്കുന്നതാണ്. കൂടാതെ അനെർട്ടുമായി സഹകരിച്ച് അക്ഷയ ഊർജ്ജ പ്രചാരണ പ്രോത്സാഹന പരിപാടികളിൽ പങ്കാളിയാകാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇതിൽ രജിസ്റ്റർ ചെയ്യാനാകും.

(ഡി) തൃശ്ശൂർ, പൊന്നാനി എന്നിവിടങ്ങളിലെ കോൾപ്പാടങ്ങളിൽ സൗരവൈദ്യുതി ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള രണ്ട് പൈലറ്റ് പരിപാടികൾ അനെർട്ട് ആരംഭിച്ചിട്ടുണ്ട്. 50 ഹോഴ്സ് പവർ ശേഷിയുള്ള ഓരോ പമ്പുകളാണ് അവിടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) കാസർഗോഡ് സോളാർ പാർക്കിൽ 50 മെഗാവാട്ടിന്റെ പദ്ധതി 14-9-2017-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ലോട്ടറി മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ**

9 (*189) ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അനധികൃത ഇതരസംസ്ഥാന ലോട്ടറികൾക്കും വ്യാജലോട്ടറികൾക്കും എതിരെ സംസ്ഥാനം സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) വ്യാജലോട്ടറി തടയുന്നതിനാവശ്യമായ സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) ലോട്ടറി വിറ്റുവരവിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം ഏതൊക്കെ മേഖലകളിലാണ് ചെലവഴിക്കുന്നത്;

(ഇ) ലോട്ടറിയിൽ നിന്നുള്ള വരുമാനം ദുർബ്ബലവിഭാഗങ്ങളുടെ ക്ഷേമത്തിന് മാത്രം ഉപകരിക്കുന്ന വിധത്തിൽ പുനരവലോകനം ചെയ്യുമോ; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വിൽപ്പനയിലെയും സമ്മാനവിതരണത്തിലെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഏജന്റുമാർക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനുമായി 18 പുതിയ സബ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചു. കൂടാതെ വകുപ്പിന്റെ ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ആസ്ഥാനമായി ഒരു ആഭ്യന്തര പരിശോധനാ ഓഫീസും പുതിയതായി ആരംഭിച്ചു.

50 രൂപ മുഖവിലയുണ്ടായിരുന്ന പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിക്കുകയും അറ്റാദായത്തിൽനിന്ന് 5% കുറവുവരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പരിഷ്കരിച്ചിരുന്നു. 1-7-2017 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% GST ഏർപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയായും 12% GST

കൂടിചേർത്ത് പരമാവധി വിൽപ്പന വില 30 രൂപയാക്കിക്കൊണ്ടും 50 ശതമാനത്തിനു മുകളിൽ സമ്മാനത്തുക നൽകിയും 24%, 24.5%, 25.25% എന്നിങ്ങനെ ഡിസ്കൗണ്ട് അനുവദിച്ചും (2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10000 വരെ 24.5%, 10000-നു മുകളിൽ 25.5%) 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ സമ്മാനഘടന പരിഷ്കരിച്ചു.

ശരാശരി 31000 സമ്മാനങ്ങൾ കൂടി വർദ്ധിപ്പിച്ചുകൊണ്ടും കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പന വില 40 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടും (Face value 35.72 + 12% GST) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ വീണ്ടും പരിഷ്കരിക്കുകയുണ്ടായി.

5,000 രൂപ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 15-7-2018-ലെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വീണ്ടും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 40 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ ഡിസ്കൗണ്ട് നിരക്ക് 5000 ടിക്കറ്റുകൾ വരെ 24 %, 5000-നു മുകളിൽ 25 % എന്നിങ്ങനെ പരിഷ്കരിച്ചിട്ടുണ്ട്.

23-8-2016-ലെ G.O (Ms) 85/2016/TD. നമ്പർ ഉത്തരവ് പ്രകാരം 100 രൂപ മുഖവിലയോടുകൂടി നിർമൽ ബൈവീക്കിലി ലോട്ടറി ആരംഭിച്ചിരുന്നു. പിന്നീട് ഭാഗ്യനിധി ഭാഗ്യക്കുറി റദ്ദുചെയ്ത് പകരം നിർമ്മൽ ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു. ശുചിത്വത്തിന്റെ പരസ്യ പ്രചരണാർത്ഥം ആവിഷ്കരിച്ച് നടപ്പിലാക്കിയ നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യപ്രചരണത്തിനായുള്ള വാചകങ്ങൾ അച്ചടിച്ചുവരുന്നു.

വ്യാജ ലോട്ടറി ടിക്കറ്റുകളുടെ വ്യാപനം തടയുന്നതിലേയ്ക്കായി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശപ്രകാരം കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തി ടിക്കറ്റുകൾ ഡിസൈൻ ചെയ്യുന്നതിന് സി-ഡിറ്റുമായി ചേർന്ന് Security Design Lab രൂപീകരിച്ചു. വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനും ലോട്ടറി സെക്യൂരിറ്റി പ്രിന്റിംഗിന് മേൽനോട്ടം വഹിക്കുന്നതിനുമായി ഉന്നതതല സമിതിയും ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളുടെ നിർവ്വഹണത്തിനായി സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതികളുടെ മേൽനോട്ടത്തിൽ സുരക്ഷാ സംവിധാനങ്ങളിൽ നവീകരണങ്ങൾ നടത്തിവരുന്നു.

ഭാഗ്യക്കുറി വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, എറണാകുളം മേഖലാ ഭാഗ്യക്കുറി ഡെപ്യൂട്ടി ഡയറക്ടറേറ്റ്, 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ, 3 ഭാഗ്യക്കുറി സബ് ഓഫീസുകൾ എന്നിവിടങ്ങളിൽ CCTV സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി. ഡയറക്ടറേറ്റിൽ Aadhar enabled biometric attendance സംവിധാനം ഏർപ്പെടുത്തുകയും മറ്റ് ഓഫീസുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. വകുപ്പിന് കീഴിലെ എല്ലാ ഓഫീസിലും പഴഞ്ചനായ IT ഹാർഡ്‌വെയർ മാറ്റി പുതിയ ഹാർഡ്‌വെയർ ഉപകരണങ്ങൾ e-tender വഴി വാങ്ങി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി വകുപ്പിന് പുതിയൊരു സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി NIC-യെ ചുമതലപ്പെടുത്തി.

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് മുഖേന ക്ഷേമനിധിയിലെ അംഗങ്ങളായ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി ആരംഭിച്ചു. 2017-ലെ ഓണം ബോണസ് ഇനത്തിൽ അംഗങ്ങൾക്ക് 5,500 രൂപയും പെൻഷൻകാർക്ക് 1500 രൂപയും വീതം മുൻവർഷം നൽകിയതിനേക്കാൾ 500 രൂപ വർദ്ധനവ് വരുത്തി അനുവദിച്ചു. ക്ഷേമനിധിയിലെ അംഗപരിമിതരായ അംഗങ്ങൾക്കെല്ലാം ഭാഗ്യക്കുറി വിൽപ്പനയ്ക്ക് സഹായകരമാകുംവിധം ഭാഗ്യക്കുറി ടിക്കറ്റ് ഡിസ്‌പ്ലേ റാക്ക്, ബീച്ച് അംബ്രല്ലാ എന്നിവ സഹിതം സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് ട്രൈ സ്കൂട്ടറുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. സംസ്ഥാന സാക്ഷരതാ മിഷനുമായി ചേർന്ന് കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധിയിൽ അംഗങ്ങളിൽ താൽപ്പര്യമുള്ള അപേക്ഷകർക്ക് സൗജന്യമായി പത്താംതരം തുല്യതാ പരീക്ഷ എഴുതാനുള്ള അവസരം നൽകാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2008-ൽ നിലവിൽവന്ന ക്ഷേമനിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളിൽ കാലികമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

ഭാഗ്യക്കുറി വകുപ്പിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് എല്ലാ നറുക്കെടുപ്പുകളും ടെലിവിഷൻ ചാനലുകൾവഴി തത്സമയം സംപ്രേഷണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാനത്തെ പ്രധാന കാത്തിരിപ്പുകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീസൗഹൃദ ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിക്കുവാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

(ബി) അനധികൃതമായി പ്രവർത്തിക്കുന്ന ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പ് തടയുന്നതിനായി എൻഫോഴ്സ്മെന്റ് അതോറിറ്റി രൂപീകരിച്ച് കേരള പേപ്പർ ലോട്ടറി റൂൾസ് ഭേദഗതി ചെയ്തു.

ടിക്കറ്റുകൾ വ്യാജമായി പ്രിന്റ് ചെയ്യൽ, ഫോട്ടോസ്റ്റാറ്റ് പകർപ്പുകൾ ഹാജരാക്കി സമ്മാനത്തുക തട്ടിയെടുക്കൽ, ടിക്കറ്റുകളിലെ നമ്പർ തിരുത്തൽ എന്നിവ തടയുന്നതിലേയ്ക്കായി ലോട്ടറി ടിക്കറ്റുകളുടെ അച്ചടിയിൽത്തന്നെ നവീന രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

അനധികൃത ലോട്ടറി നടത്തിപ്പ് തടയുന്നതിലേയ്ക്കായി റൂളിലെയും ആക്ടിലെയും വ്യവസ്ഥകൾ ചുമത്തി അനധികൃത ലോട്ടറി നടത്തിപ്പുകാർക്കെതിരെ കേസെടുക്കാൻ പോലീസിന് നിർദ്ദേശം നൽകി.

എഴുത്ത് ലോട്ടറി നടത്തിപ്പ് ഉൻമൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ സോണൽതലത്തിൽ പുനഃസംഘടിപ്പിച്ചു.

അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വാർത്തകളും പരാതികളും ക്രോഡീകരിച്ച് I.G.P (Crimes) നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-1-2018-ൽ സംസ്ഥാന വ്യാപകമായി എഴുത്ത് ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തുകയും ഇതിൽ ഉൾപ്പെട്ട വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാരുടെ ഏജൻസി ക്യാൻസൽ/ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) വ്യാജ ലോട്ടറി തടയുന്നതിനായി നിലവിൽ Guilloche pattern, Relief pattern, Opaque Text pattern, Micro letters pattern, Invert Microline, Void pandograph, Linear barcode, Secret code എന്നീ 8 സുരക്ഷാ സംവിധാനങ്ങളാണ് ലോട്ടറി ടിക്കറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) നിലവിൽ ഭാഗ്യക്കുറി ടിക്കറ്റ് വിറ്റുവരവിൽ നിന്നുള്ള വരുമാനം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്കാണ് (0075-0-103-99) ഒടുക്കിവരുന്നത്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വരുമാനത്തിന്റെ ഭാഗമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ചികിത്സാ ധനസഹായത്തിനായി വിനിയോഗിക്കുന്നത്.

(ഇ) ലോട്ടറിയിൽനിന്നുള്ള വരുമാനം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്കായി വിനിയോഗിക്കുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## വൈദ്യുതി വിതരണരംഗത്ത് വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ

10 (*190) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണം കാര്യക്ഷമമാക്കി ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിന് ആസൂത്രണ സമീപനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയത്; വിശദമാക്കുമോ;

(ബി) വിതരണരംഗം കാര്യക്ഷമമാക്കുവാൻ വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി. നടത്തിയ ഇടപെടലുകൾ വിജയപ്രദമായിരുന്നോ; വിശദമാക്കുമോ;

(സി) സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത് എന്തൊക്കെയാണ്;

(ഡി) വൈദ്യുതിയുടെ കാര്യക്ഷമമായ വിനിയോഗവും മിതമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) വൈദ്യുതി വിതരണം കാര്യക്ഷമമാക്കി ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിനായി എച്ച്.റ്റി. ശൃംഖലാ വികസനത്തിനായി ഓരോ ഇലക്ട്രിക്കൽ സർക്കിളിന് കീഴിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾക്ക് (PMU) രൂപം നൽകി. സബ് ഡിവിഷൻതലത്തിൽ പ്രോജക്ട് മാനേജ്മെന്റ് സബ് യൂണിറ്റുകൾ എൽ.റ്റി. ശൃംഖലയുടെ വികസനത്തിനുവേണ്ട പദ്ധതികൾ തയ്യാറാക്കുന്നതിനും രൂപീകരിച്ചിട്ടുണ്ട്. വിതരണ മേഖലയുടെ വികസനത്തിനുവേണ്ട അടുത്ത നാല് വർഷത്തേയ്ക്കുള്ള പ്രവൃത്തികൾ PMU-കൾ ആസൂത്രണം ചെയ്യുകയും പദ്ധതിക്കുവേണ്ട ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തുകഴിഞ്ഞു.

2021-ഓടുകൂടി ലോകോത്തര നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി

വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണമേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആദ്യപടിയെന്നോണം നിലവിലുള്ളതും പുതുതായി കൂട്ടിച്ചേർക്കാൻ പോകുന്നതുമായ വിതരണ ശൃംഖലയുടെ രേഖാചിത്രം തയ്യാറാക്കുന്നതിനായി നൂതന സംവിധാനമായ GIS Mapping ആണ് ഉപയോഗപ്പെടുത്തിയത്. കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ തങ്ങളുടെ മൊബൈൽ ഫോണിലെ GIS സംവിധാനം ഉപയോഗിച്ച് എല്ലാ എച്ച്.റ്റി. വൈദ്യുത തൂണുകളും കേബിൾ മാർഗ്ഗങ്ങളും പ്ലോട്ട് ചെയ്തു. ഏകദേശം 6000 ഉദ്യോഗസ്ഥർ രണ്ടാഴ്ച സമയംകൊണ്ടാണ് 60000 km-ൽപ്പരം ലൈനുകൾ സർവ്വേ ചെയ്തത്. 14 ലക്ഷത്തോളം ലൊക്കേഷനുകൾ മാപ് ചെയ്തു. കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരകരായ ICFOSS എന്ന സ്ഥാപനമാണ് ഇതിനാവശ്യമായ മൊബൈൽ ആപ്പ് സൗജന്യമായി നിർമ്മിച്ചുനൽകിയത്.

വിതരണ രംഗം കാര്യക്ഷമമാക്കുവാൻ വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടത്തിയ ഇടപെടലുകൾ വിജയപ്രദമായിരുന്നു. വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം, ഏതൊരു സെക്ഷൻ ഓഫീസിലും ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ, പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം, കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം തയ്യാറാക്കുന്ന ബിൽ സംബന്ധിച്ച വിവരങ്ങൾ (ബിൽ തുക, പിഴ കൂടാതെ പണമടയ്ക്കേണ്ട തീയതി, പിഴയോടുകൂടി പണമടയ്ക്കുന്നതിനുള്ള അവസാന തീയതി) ഉപഭോക്താക്കളെ എസ്.എം.എസ്. ആയി മൊബൈൽ ഫോൺ വഴി അറിയിക്കുന്നതിനുള്ള പദ്ധതിയായ ഊർജ്ജ്-സൗഹൃദ, വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. വഴി എത്തിക്കുന്ന ഊർജ്ജ്-ദൂത് പദ്ധതി മുതലായ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ പദ്ധതികൾ വിജയപ്രദമായി നടപ്പിലാക്കി.

(സി) സ്മാർട്ട് മീറ്റർ മുഖേന ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക് പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച് വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം എന്ന പ്രത്യേകതകളുമുണ്ട്. വൈദ്യുതി തടസ്സങ്ങൾ തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ കഴിയുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

(ഡി) വൈദ്യുതിയുടെ കാര്യക്ഷമമായ വിനിയോഗവും മിതമായ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഡെൽപ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു.

2. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി.

3. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം നടത്തിവരുന്നു.

4. സബ് സ്റ്റേഷന്റെ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പാൾ 220 കെ.വി. സബ് സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

5. പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് (എച്ച്.വി.ഡി.എസ്.) പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തി. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഡിവിഷനിൽ സുൽത്താൻപേട്ട സെക്ഷന്റെ പരിധിയിലുള്ള വർക്കുകളുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

6. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്ത് നൽകുന്ന പദ്ധതി.

7. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തി. ഇപ്പോൾ കാര്യവട്ടം യൂണിവേഴ്സിറ്റിയുടെയും ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെയും എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

8. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി

9. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതര സ്ഥലങ്ങളിലും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ പ്രാഥമിക എനർജി ഓഡിറ്റിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ പകുതിയോ 50,000 രൂപയോ ഏതാണ് കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമതാ പഠനങ്ങൾ നടത്തി മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് അവാർഡ് പ്രവർത്തനം ഏകോപിപ്പിക്കുന്നത്. 2017-ൽ വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നീ ആറ് വിഭാഗങ്ങളിലായാണ് അവാർഡ് നൽകിയത്.

## വിനോദസഞ്ചാര മേഖലയുടെ വളർച്ച

11 (*191) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിലും തൊഴിൽ നൽകുന്നതിലും വിനോദസഞ്ചാര മേഖല വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ;

(ബി) പ്രദേശവാസികളുടെ സാമ്പത്തിക ഉന്നമനത്തിന് വഴിവെയ്ക്കുന്ന ഈ വ്യവസായമേഖലയിൽ ഏതാനും ചിലർ നടത്തുന്ന ചൂഷണവും അനുചിതമായ പെരുമാറ്റവും കൊണ്ട് തിരിച്ചടി നേരിടാതിരിക്കാനായി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതോറിറ്റിയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണ്;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ശുചിയായ പരിപാലനത്തിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) വിനോദസഞ്ചാര മേഖലയുടെ വികസനമെന്നത് സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിലെ സുപ്രധാന ഘടകമാണ്. വിനോദസഞ്ചാരരംഗം വളർച്ചയുടെയും മത്സരത്തിന്റെയും പാതയിലൂടെയാണ് നീങ്ങുന്നത്. സംസ്ഥാന വരുമാനത്തിന്റെ ഏകദേശം 10 ശതമാനം വിനോദസഞ്ചാര മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിച്ചും ജനകീയ പങ്കാളിത്തത്തോടെയുമാണ് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ സുസ്ഥിര വികസനത്തിനായി സർക്കാർ ഒട്ടേറെ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി കൊണ്ടിരിക്കുന്നത്.

ഉത്തരവാദിത്വ ടൂറിസം എന്ന സംസ്ഥാനത്തിന്റെ ഔദ്യോഗിക നയം വഴി ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശവാസികൾക്ക് ലഭ്യമാക്കുകയും അതുവഴി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് മുതൽക്കൂട്ടായി മാറുകയും ചെയ്യുന്നു. ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന തദ്ദേശവാസികൾക്ക് തൊഴിൽ, വരുമാനം എന്നിവ വിപുലപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. ടൂറിസം മേഖലകളിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് ലക്ഷ്യമിടുന്നത്. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി 50000 പേർക്ക് തൊഴിൽ പരിശീലനം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾക്ക് പ്രാദേശികമായി നേതൃത്വം നൽകുന്നതിനായി 750 റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകിവരികയാണ്. കൂടാതെ 2000 പേർക്ക് പരിശീലനം നൽകിയും 1000 യൂണിറ്റുകൾ പുതുതായി രൂപീകരിച്ചും 50000 തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പ്രാദേശിക തൊഴിൽ ലഭ്യതയ്ക്കുകൂടി ടൂറിസം മേഖലയെ ഉപയോഗപ്പെടുത്തുവാൻ ഉത്തരവാദിത്വ ടൂറിസം മുഖേന 2000 പേർക്ക് വിദഗ്ദ്ധ-അവിദഗ്ദ്ധ മേഖലയിൽ

പരിശീലനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങൾ വഴി ടൂറിസം ഹോസ്പിറ്റാലിറ്റി മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭക കോഴ്സുകളും പരിശീലനവും നൽകിക്കൊണ്ട് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ കണ്ടെത്തുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. ടൂറിസം മേഖലയിലെ അനഭിലഷണീയമായ സംഗതികൾ നിയന്ത്രിച്ച് ഈ മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിന് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി അതോറിറ്റി പ്രവർത്തിക്കുന്നതാണ്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടായിരിക്കും. വിനോദസഞ്ചാരികൾക്ക് നേരിടേണ്ടി വരുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം കാണാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഗുണപരമായ ഇടപെടൽ നടത്തുവാൻ അതോറിറ്റിക്ക് അധികാരമുണ്ടാകും. ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുകയും വിനോദസഞ്ചാരികൾക്ക് അത്യാഹിതങ്ങൾ ഉണ്ടായാൽ ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനും തുടർ നടപടിക്കുമായി അത്യാഹിത സെല്ലുകൾ രൂപീകരിക്കുകയും ചെയ്യുന്നതാണ്.

(സി) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്.കേരളത്തിലെ വിനോദസഞ്ചാര മേഖലകളെ പരിപോഷിപ്പിക്കുന്നതിനും പുതിയ ടൂറിസം സീസണെ വരവേൽക്കാനുമുള്ള ഒരുക്കത്തിനുള്ള മുന്നോടിയായിട്ടാണ് ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 78 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പു വരുത്തുവാൻ ബഹുജന പങ്കാളിത്ത സ്വഭാവത്തോടെ നടപ്പിലാക്കുന്നതിനായി പത്തിന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇതിൽ പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകളില്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനവും തിരിച്ചറിയൽ കാർഡ് നൽകലും
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം
10. ടി കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തൽ.

മാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട കാര്യമാണെങ്കിലും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടത്തിവരുന്നത്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.-യെ ഉപയോഗപ്പെടുത്തി ചെയ്തുവരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവീസ്മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നു. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ നടപ്പിലാക്കിവരുന്നു.

## വ്യവസായമിത്ര പദ്ധതി

12 (*192) <u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും അധികം ആളുകൾക്ക് തൊഴിൽ നൽകുന്ന ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രതിസന്ധി നേരിടുന്ന സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ കരകയറ്റാനായി പ്രഖ്യാപിച്ചിട്ടുള്ള വ്യവസായമിത്ര പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ചെറുകിട വ്യവസായങ്ങൾക്കുവേണ്ടിയുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്കുവേണ്ടിയുള്ള ക്ലസ്റ്റർ ഡെവലപ്മെൻറ് സ്കീം, പീഡിത ചെറുകിട വ്യവസായങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി എന്നീ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ചെറുകിട വ്യവസായ മേഖലയുടെ പ്രോൽസാഹനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ പ്രസ്തുത സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) നൽകുന്ന പദ്ധതിയാണ് നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി
2. സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്
3. ബിസിനസ് സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനും സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും പരസ്പര സഹായത്തിനും സംരംഭക സ്ഥാപനങ്ങൾക്കും സാങ്കേതികദാതാക്കൾക്കും യൂണിവേഴ്സിറ്റികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി. ഇതിനായി ഈ സാമ്പത്തിക വർഷം 16-5-2018-ലെ GO(MS) No.39/18/ID പ്രകാരം 110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
4. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
5. എം.എസ്.എം.ഇ.-കളുടെ വളർച്ചയ്ക്ക് സഹായകമാവുന്ന ക്ലസ്റ്റർ കേന്ദ്രീകൃത സമീപനമാണ് സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
6. തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി
7. ഉൽപ്പാദനമേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ. സംരംഭങ്ങൾക്കും 1-4-2012 മുതൽ നടത്തിയ നിക്ഷേപങ്ങൾക്ക് നൽകുന്ന ധനസഹായമാണ് സംരംഭകത്വ സഹായ പദ്ധതി.

8. വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ പശ്ചാത്തല വികസന പദ്ധതികൾ വഴി സ്വീകരിക്കുന്നു.

9. യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. ഒരു ഇ.ഡി. ക്ലബ്ബിന് ഒരു വർഷം 20,000 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.

10. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു.

11. ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭകർക്ക് സഹായകരമായ വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.സി.ഡി.പി. പദ്ധതിയായ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

12. എം.എസ്.എം.ഇ.കളിൽ 01-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി ഇ.എസ്.ഐ., ഇ.പി.എഫ്. എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% 3 വർഷത്തേയ്ക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണ് സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ. പ്രസ്തുത പദ്ധതിക്ക് 8-3-2018-ലെ ജി.ഒ. (എം.എസ്.) നമ്പർ 15/18 വ്യവ. പ്രകാരം ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

13. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

14. മേൽപ്പറഞ്ഞ 13 ഇനങ്ങൾ കൂടാതെയുള്ള മറ്റ് പദ്ധതികൾ.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

(ബി) തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കാനുമാണ് 'വ്യവസായ മിത്ര' എന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പദ്ധതി (Kerala State MSME Revival and Rehabilitation Scheme) വിഭാവനം ചെയ്യുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഇതിന്റെ നടത്തിപ്പിനായി 15-5-2018-ലെ G.O (Ms.) No. 38/2018/ID പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

<u>എം.എസ്.എം.ഇ.യ്ക്കുള്ള ഇൻഷ്വറൻസ് പദ്ധതി</u>

ചെറുകിട വ്യവസായ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആവിഷ്കരിക്കുകയും 8-5-2018-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 526/18/ഐ.ഡി. ഉത്തരവുപ്രകാരം നൂറ് ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

ഹൗസ്ഹോൾഡ് നാനോ യൂണിറ്റുകൾ, പി.എം.ഇ.ജി.പി. യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭകർക്ക് പൊതു സൗകര്യകേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 15-5-2018-ലെ ജി.ഒ.(എം.എസ്.)നം.37/18/വ്യവ ഉത്തരവുപ്രകാരം പ്രസ്തുത പദ്ധതിക്ക് 300 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 300 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ വനിതകളുടെ യൂണിറ്റുകൾക്കായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു.

പീഡിത ചെറുകിട വ്യവസായങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി

തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കാനുമാണ് 'വ്യവസായ മിത്ര' എന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഇത്തരത്തിൽ കണ്ടെത്തിയ പീഡിത വ്യവസായ സംരംഭങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പദ്ധതി (Kerala State MSME Revival and Rehabilitation Scheme) വിഭാവനം ചെയ്യുന്നു. 2018-19 വർഷത്തെ ബജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി 5-5-2018-ലെ ജി.ഒ. (എം.എസ്.) No. 38/18/വ്യവ. പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

## ടൂറിസം മാസ്റ്റർ പ്ലാൻ

13 (*193) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത മൂന്ന് വർഷം കൊണ്ട് കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ ലക്ഷ്യമിട്ട് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) വിനോദസഞ്ചാരികൾക്ക് ഗുണമേന്മയുള്ള സേവനം പ്രദാനം ചെയ്യുന്നതിന് വേണ്ട അടിസ്ഥാന സൗകര്യ വികസനം ആസൂത്രണം ചെയ്യുന്നതിന് ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പങ്കാളിത്ത പ്രക്രിയയിലൂടെ പ്രദേശവാസികളുടെയും വിനോദ സഞ്ചാരത്തിന്റെയും വികസനം സാധ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പെപ്പർ ടൂറിസം പദ്ധതിയുടെ വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) അടുത്ത മൂന്ന് വർഷംകൊണ്ട് കൂടുതൽ വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2021-ഓടെ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനവും വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 100 ശതമാനവും വർദ്ധനവ് വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിവിധ വിദേശ രാജ്യങ്ങളിൽ പ്രചരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. ടൂറിസം വകുപ്പ് പുതിയ ബ്രാൻഡിംഗ് ആയ 'Come out and Play' ക്യാമ്പയിൻ തുടങ്ങിക്കഴിഞ്ഞു. ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ ഇന്ത്യയിലെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനായി ആരംഭിച്ചു കഴിഞ്ഞു. യാലാ കേരള ക്യാമ്പയിൻ, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യ ക്യാമ്പയിൻ തുടങ്ങിയവ വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനായി നടത്തിവരുന്നുണ്ട്.

ഇന്ത്യയിലെ സഞ്ചാരികളെ പരമാവധി കേരളത്തിലേയ്ക്ക് എത്തിക്കാനായി വിവിധ സംസ്ഥാനങ്ങളിൽ പാർട്ണർഷിപ്പ് മീറ്റ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിനുപുറമേ ടൂറിസം ട്രാവൽ/ട്രേഡ് രംഗത്തെ പ്രമുഖ കമ്പനികളായ TTF, IITM, ITM, SATTE, Holiday Expo, IITE, ABP എന്നിവർ നടത്തുന്ന പ്രമുഖ ട്രേഡ് ഫെയറുകളിലും നല്ല രീതിയിൽ പങ്കെടുത്ത് പ്രചരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിദേശ സഞ്ചാരികളെ ആകർഷിക്കാനായി പ്രമുഖ വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും പ്രമുഖ അന്താരാഷ്ട്ര ട്രേഡ് ഫെയറുകളിൽ നേരിട്ട് പങ്കെടുക്കുകയും ചെയ്യുന്നുണ്ട്.

ഫാം ടൂറിസം വഴിയും സംസ്ഥാനത്തെത്തുന്ന സഞ്ചാരികൾക്ക് മികച്ച യാത്രാനുഭവം പകർന്നുനൽകാൻ കഴിയുന്നുണ്ട്. മികച്ച ബ്ലോഗർമാരെ ഉൾപ്പെടുത്തി കേരള ബ്ലോഗ് എക്സ്പ്രസ് സംഘടിപ്പിക്കുക വഴി വിവിധ രാജ്യങ്ങളിൽ കേരള ടൂറിസത്തെക്കുറിച്ചും ഡെസ്റ്റിനേഷനുകളെക്കുറിച്ചും നല്ല ചിത്രം അവതരിപ്പിക്കാൻ സാധിക്കുന്നുണ്ട്. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി വരും വർഷങ്ങളിൽ അവതരിപ്പിക്കും. നവ മാധ്യമങ്ങൾ വഴിയും വരും വർഷങ്ങളിൽ ടൂറിസം പ്രചരണം കൂടുതൽ ശക്തമാക്കും. മ്യൂസിക് ഫെസ്റ്റിവൽ, കളിനറി ഫെസ്റ്റിവൽ എന്നിവ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ യോഗ അംബാസഡർ ടൂർ പരിപാടിയെ പിൻതുണയ്ക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെ ക്യാമ്പയിനും ഈ വർഷം നടക്കുന്നത് സംസ്ഥാന ടൂറിസത്തിന് വരും വർഷങ്ങളിൽ വളർച്ചയുണ്ടാകാൻ ഇടയാക്കും. കൂടാതെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട്, മലനാട് മലബാർ റിവർ ക്രൂയിസ് പ്രോജക്ട്, ജഡായുപ്പാറ, ആക്കുളം ടൂറിസ്റ്റ് വില്ലേജ്, മുടവൂർപ്പാറ പൈതൃക പദ്ധതി തുടങ്ങിയവയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര സാദ്ധ്യതയുള്ള പ്രധാന മേഖലകളെ ഉൾപ്പെടുത്തിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇതിലൂടെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ വികസനത്തിനുള്ള ആദ്യപടിയെന്ന നിലയിൽ മാസ്റ്റർ പ്ലാനിനെ കണക്കാക്കാം. നിലവിൽ കോവളം-പൂവാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി, നിലമ്പൂർ, കക്കയം-പെരുവണ്ണാമൂഴി, ഗോൾഡൻ വാലി (പൊന്മുടി), അഷ്ടമുടി, അതിരപ്പിള്ളി (കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്) സസ്റ്റൈനബിൾ ടൂറിസം ഡെവലപ്മെന്റ് മാസ്റ്റർ പ്ലാൻ ഫോർ നിള, കുമരകം മാസ്റ്റർ പ്ലാൻ എന്നിവയുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന നടപടി പൂർത്തീകരിച്ചുവരുന്നു. ഇതുകൂടാതെ തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പദ്ധതി, ആലപ്പുഴ ഹെറിറ്റേജ് സർക്യൂട്ട് പദ്ധതി, മുസിരിസ് Phase II പദ്ധതി പ്ലാൻ എന്നിവയും തയ്യാറാക്കുന്ന നടപടി ത്വരിതഗതിയിൽ പൂർത്തീകരിച്ചുവരുന്നു.

(സി) ഇന്ത്യയിൽ ആദ്യമായി ജനപങ്കാളിത്തത്തോടെയുള്ള ഒരു ടൂറിസം ആസൂത്രണ പ്രക്രിയയാണിത്. ജനപങ്കാളിത്തത്തോടെ സംസ്ഥാന ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഉത്തരവാദിത്വ ടൂറിസം മിഷനാണ്. ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് പെപ്പർ ടൂറിസം പദ്ധതിയുടെ ലക്ഷ്യം (PEPPER-People's Participatory Tourism Planning and Empowerment Through Responsible Tourism). തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ വൈക്കത്താണ് ഇതിന് തുടക്കം കുറിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഊർജ്ജസംരക്ഷണ രംഗത്ത് നടപ്പിലാക്കിയ നൂതന പദ്ധതികൾ

14 (*194) ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജസംരക്ഷണ രംഗത്ത് നടപ്പിലാക്കിയ നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ദേശിയ ഊർജ്ജ സംരക്ഷണ അവാർഡ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(സി) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഇ.എം.സി.-യുടെ ആഭിമുഖ്യത്തിൽ വിവിധ മലയോര ജില്ലകളിൽ ആരംഭിച്ചിട്ടുള്ള പൈക്കൊ ജലവൈദ്യുത പദ്ധതികളുടെ വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഊർജ്ജ സംരക്ഷണ രംഗത്ത് നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഡെൽപ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം വിതരണം ചെയ്തുവരുന്നു.
2. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി
3. വിതരണ മേഖലയിൽ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ നവീകരണം നടത്തിവരുന്നു.
4. സബ്സ്റ്റേഷൻ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 200KV സബ്സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

5. പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് (എച്ച്.വി.ഡി.എസ്.) പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തലും ഊർജ്ജ സംരക്ഷണവും നടത്തിവരുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഡിവിഷനിൽ സുൽത്താൻപേട്ട സെക്ഷന്റെ പരിധിയിലുള്ള വർക്കുകളുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.
6. ഊർജ്ജക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്ന പദ്ധതി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എനർജി മാനേജ്മെന്റ് സെന്റർ മുഖേന താഴെപ്പറയുന്ന ഊർജ്ജ സംരക്ഷണ പരിപാടികൾ നടത്തിവരുന്നു.

- ഡീസൽ ജനറേറ്റർ സെറ്റുകൾ, ബോയിലറുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവയുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിനുള്ള വിശദ പഠനങ്ങൾ
- വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന നീരാവിയിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി
- കാർഷിക ആവശ്യത്തിനുള്ള പമ്പ് സെറ്റിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള പദ്ധതികൾ
- കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള മാതൃകാ പഠനങ്ങൾ
- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വഴി കേടായ എൽ.ഇ.ഡി. വിളക്കുകൾ പ്രവർത്തനസജ്ജമാക്കുന്ന പരിപാടി
- മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടി
- സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് സ്കീം
- കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പാക്കൽ
- സ്മാർട്ട് എനർജി പരിപാടിയുടെ ഭാഗമായി ഊർജ്ജകാര്യക്ഷമതയുള്ള സ്കൂളുകൾ, കാർബൺ ന്യൂട്രൽ സ്കൂൾ എന്നീ പരിപാടികൾ

(ബി) ഉണ്ട്. 2008, 2010, 2012, 2013, 2014, 2015, 2016, 2017 എന്നീ വർഷങ്ങൾ ഇ.എം.സി.-ക്ക് സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതിൽ 2008, 2014, 2017 എന്നീ വർഷങ്ങളിൽ ഒന്നാം സ്ഥാനം ലഭിച്ചു.

(സി) ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- ഡീസൽ ജനറേറ്റർ സെറ്റുകൾ, ബോയിലറുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവയുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിനുള്ള വിശദ പഠനങ്ങൾ
- വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന നീരാവിയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി
- കാർഷിക ആവശ്യത്തിനുള്ള പമ്പ് സെറ്റിന്റെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള പദ്ധതികൾ
- കേരള വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള മാതൃകാ പഠനങ്ങൾ
- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വഴി കേടായ എൽ.ഇ.ഡി. വിളക്കുകളുടെ പ്രവർത്തനം സജ്ജമാക്കുന്ന പരിപാടി
- മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടി
- സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് സ്കീം
- കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് നടപ്പിലാക്കൽ
- സ്മാർട്ട് എനർജി പരിപാടിയുടെ ഭാഗമായി ഊർജ്ജകാര്യക്ഷമതയുള്ള സ്കൂളുകൾ, കാർബൺ ന്യൂട്രൽ സ്കൂൾ എന്നീ പരിപാടികൾ
- വ്യവസായങ്ങൾക്കുള്ള ഊർജ്ജ ഓഡിറ്റ് സബ്സിഡി സ്കീം
- കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധി
- സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ്
- സ്ത്രീകൾക്കായി നടത്തുന്ന ഊർജ്ജ ക്ലിനിക്ക്
- ഊർജ്ജ കിരൺ

- വൻകിട വ്യവസായങ്ങളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിർബന്ധിത ഊർജ്ജ ഓഡിറ്റ്
- പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ്
- തെരുവ് വിളക്കുകളിലെ ഊർജ്ജ കാര്യക്ഷമത ഉയർത്തുന്നതിനുള്ള പരിപാടി

കൂടാതെ ലൈബ്രറി വഴിയുള്ള ഊർജ്ജസംരക്ഷണ പരിശീലന പരിപാടികൾ, പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, എക്സിബിഷൻസ് തുടങ്ങിയ വിവിധതരം പരിപാടികളും ഇ.എം.സി. നടപ്പിലാക്കുന്നുണ്ട്.

(ഡി) കേന്ദ്ര നവീന നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെ (Central Financial Assistance - CFA) 1 kw മുതൽ 5 kw വരെ സ്ഥാപിതശേഷിയുള്ള പൈക്കോ ജലവൈദ്യുത ടർബയിനുകൾ ഗുണഭോക്താക്കൾവഴി വിവിധ മലയോര ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനോടകം ഇത്തരത്തിലുള്ള 110 പൈക്കോ ജലവൈദ്യുത ടർബയിനുകൾ വികേന്ദ്രീയ ഊർജ്ജ ഉൽപ്പാദനത്തിനായി കേരളത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ഇടുക്കി, വയനാട് എന്നീ ജില്ലകളിലാണ് ഇത്തരം പദ്ധതികൾ ഏറ്റവും കൂടുതൽ നടപ്പിലാക്കിയിട്ടുള്ളത്.

ഇത്തരം പദ്ധതികൾ ഗ്രിഡുമായി ബന്ധപ്പെടുത്തിയുള്ളതല്ല. സ്വയം പ്രവർത്തിക്കുന്നവയാണ്. പ്രധാനമായും ഒറ്റപ്പെട്ടു കിടക്കുന്ന വീടുകൾ, ഏലത്തോട്ടങ്ങൾ, റിസോർട്ടുകൾ, വനം വകുപ്പിന്റെ വനപ്രദേശത്ത് ഒറ്റപ്പെട്ട് കിടക്കുന്ന കാവൽപ്പുരകൾ, ട്രൈബൽ കോളനികൾ എന്നിവയിൽ ഇത്തരത്തിലുള്ള വൈദ്യുതി ഉൽപ്പാദനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഒന്നരലക്ഷം രൂപ ഇത്തരത്തിലുള്ള പദ്ധതികൾക്ക് കേന്ദ്ര സഹായമായി ഇ.എം.സി. വഴി നൽകി വരുന്നു. മാത്രമല്ല ഇത്തരത്തിലുള്ള പൈക്കോ ടർബയിനുകൾ ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വീടുകൾ, അങ്കണവാടികൾ മുതലായവ വൈദ്യുതീകരിച്ചുകൊണ്ടും കൂടാതെ തെരുവു വിളക്കുകൾ സ്ഥാപിച്ചുകൊണ്ടും ഉള്ള രണ്ട് മൈക്രോഗ്രിഡുകൾ നടപ്പാക്കിക്കഴിഞ്ഞു. ഒരു പദ്ധതി ചിന്നാർ മൃഗ സങ്കേതത്തിനകത്തുള്ള തായന്നൻകുടി എന്ന ട്രൈബൽ കോളനിയിലാണ്. രണ്ടാമത്തേത് മറയൂരിനടുത്തുള്ള വനപ്രദേശമായ ഈച്ചാംപെട്ടി ഗിരിവർഗ്ഗ കോളനിയിലാണ്.

ചെറിയ ഉയരവ്യത്യാസം ഉപയോഗപ്പെടുത്തി (1-1.5 m വരെ) ചെറിയ പുഴകൾ, തോടുകൾ, ജലസേചന കനാലുകൾ എന്നിവയിലെ വെള്ളം തിരിച്ചുവിട്ട് കൃത്രിമമായ ചുഴി സൃഷ്ടിച്ച് ടർബൈനുകൾ കറക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു നവീന രീതിയിലുള്ള 20 kw-ന്റെ മൈക്രോ ജലവൈദ്യുത പദ്ധതി തിരുവനന്തപുരം നഗരത്തിൽ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കിള്ളിയാറിൽ പണി പൂർത്തിയായി വരുന്നു. അടിയന്തരമായി കമ്മീഷൻ ചെയ്യുവാൻ കഴിയുന്ന തരത്തിൽ പദ്ധതിയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

വെള്ളത്തിന്റെ ഉയരവ്യത്യാസം ഇല്ലാതെതന്നെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന കൈനറ്റിക് ടർബയിനുകളും പരീക്ഷിച്ചുവരുന്നു. ഇത്തരത്തിലുള്ള ആദ്യ പദ്ധതി കെ.എസ്.ഇ.ബി.-യുടെ പത്തനംതിട്ട ജില്ലയിലെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ നടപ്പിലാക്കുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയും വ്യവസായ പാർക്കുകളും

15 (*195) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ബാബു:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ നഗരങ്ങളായ ബംഗളൂരു, കോയമ്പത്തൂർ എന്നിവയെ കൊച്ചിയുമായി ബന്ധിപ്പിച്ച് സംസ്ഥാനത്തെ വ്യവസായ കുതിപ്പിന് സാദ്ധ്യത തുറക്കുന്ന കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) വ്യവസായ ഇടനാഴിയുടെ ഭാഗമായി കഞ്ചിക്കോട്ട് വ്യവസായ പാർക്ക് തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൊച്ചിയിൽ പെട്രോ കെമിക്കൽ പാർക്കും ഫാർമസ്യൂട്ടിക്കൽസ് പാർക്കും സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ഡി) വ്യവസായ പാർക്കുകൾക്കു വേണ്ട ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) ചെന്നൈ-ബാംഗ്ലൂർ വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് ദീർഘിപ്പിച്ച് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടി കൈക്കൊള്ളാവുന്നതാണെന്ന് കേന്ദ്ര ഏജൻസിയായ National Industrial Corridor Development and Implementation Trust (NICDIT) അറിയിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ നിയോഗിച്ച് പദ്ധതി രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പഠനം 2018 സെപ്തംബറിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പദ്ധതി രൂപരേഖയും വിശദമായ പദ്ധതി കാഴ്ചപ്പാടും National Industrial Corridor Development and Implementation Trust (NICDIT)-ന് സമർപ്പിച്ചതിനുശേഷം മാത്രമേ ഇക്കാര്യം തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(സി) കൊച്ചിയിൽ പെട്രോകെമിക്കൽ പാർക്കും ഫാർമസ്യൂട്ടിക്കൽ പാർക്കും സ്ഥാപിക്കുന്നതിലേയ്ക്കായി 481.79 ഏക്കർ സ്ഥലം ഫാക്ടിന്റെ അമ്പലമുകളിലുള്ള സ്ഥലത്തുനിന്നും ഏറ്റെടുക്കുന്നതിനുവേണ്ടി 04-5-2018-ലെ സ.ഉ. (സാധാ) നമ്പർ 504/18/വ്യവ. പ്രകാരം സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉത്തരവനുസരിച്ചുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(ഡി) വളരെ ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. ആയതിനാൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളത്തെ എടയാറിൽ ഒരു സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് ബഹുനില സമുച്ചയത്തിന്റെ ഒന്നാം ഘട്ടത്തിന്റെ പണി പൂർത്തിയായി വരുന്നു. തിരുവനന്തപുരത്ത് കൊച്ചുവേളിയിൽ രണ്ട് ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ആലപ്പുഴ പുന്നപ്രയിലും പാലക്കാട് പുതുശ്ശേരിയിലും ഷൊർണ്ണൂരിലും സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭജോലികൾ നടന്നുവരുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ വ്യവസായികൾക്ക് ഉപയുക്തമാകുന്ന വിധത്തിലുള്ള ബഹുനില വ്യവസായ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ ഉപയുക്തമാക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## സൂക്ഷ്മ-ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

16 (*196) ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലകളിൽ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) വീട്ടിലുള്ളതോ വീടിനോട് ചേർന്ന് നടത്തുന്നതോ ആയ നാനോ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഏതെല്ലാം ഗാർഹിക സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വനിതകൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനായി 2018-ലെ 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്' നിലവിൽവന്നു.

സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലകളിൽ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ/പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ പ്രസ്തുത സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ്വെൻഷൻ) നൽകുന്ന പദ്ധതിയാണ് നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്വെൻഷൻ പദ്ധതി.

2. സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്.

3. ബിസിനസ് സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനും സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും പരസ്പര സഹായത്തിനും സംരംഭക സ്ഥാപനങ്ങൾക്കും സാങ്കേതികദാതാക്കൾക്കും യൂണിവേഴ്സിറ്റികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.

4. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

5. എം.എസ്.എം.ഇ.-കളുടെ വളർച്ചയ്ക്ക് സഹായകമാവുന്ന ക്ലസ്റ്റർ കേന്ദ്രീകൃത സമീപനമാണ് സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

6. തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി

7. ഉൽപ്പാദനമേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ. സംരംഭങ്ങൾക്കും 1-4-2012 മുതൽ നടത്തിയ നിക്ഷേപങ്ങൾക്ക് നൽകുന്ന ധനസഹായമാണ് സംരംഭകത്വ സഹായ പദ്ധതി.

8. വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ പശ്ചാത്തല വികസന പദ്ധതികൾ വഴി സ്വീകരിക്കുന്നു.

9. യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. ഒരു ഇ.ഡി. ക്ലബ്ബിന് ഒരു വർഷം 20,000 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.

10. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു.

11. ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭകർക്ക് സഹായകരമായ വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.സി.ഡി.പി. പദ്ധതിയായ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

12. എം.എസ്.എം.ഇ.-കളിൽ 1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി ഇ.എസ്.ഐ., ഇ.പി.എഫ്. എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% 3 വർഷത്തേയ്ക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണ് സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ. പ്രസ്തുത പദ്ധതിക്ക് 8-3-2018-ലെ ജി.ഒ. (എം.എസ്.) നം.15/18 വ്യവ. പ്രകാരം ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

13. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

14. മേൽപ്പറഞ്ഞ 13 ഇനങ്ങൾ കൂടാതെയുള്ള മറ്റു പദ്ധതികൾ

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

(ബി-ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും സാമൂഹിക സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കും അതിസൂക്ഷ്മ നാനോ വ്യവസായങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. അതിനായി സർക്കാർ ഗാർഹിക നാനോ വ്യവസായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

5 ലക്ഷം രൂപയിൽ താഴെ യന്ത്ര സാമഗ്രികളിൽ സ്ഥിര നിക്ഷേപം വരുന്നതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്/ഗ്രീൻ വിഭാഗത്തിൽപ്പെടുന്നതുമായ ഉൽപ്പാദക, ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെടുന്നതും വീടിന് ചേർന്നോ അല്ലെങ്കിൽ വീടിനുള്ളിൽത്തന്നെയോ തുടങ്ങാവുന്ന വ്യവസായങ്ങൾക്കാണ് നാനോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അഞ്ച് ലക്ഷം രൂപ വരെ ടേം വായ്പ എടുക്കുന്ന സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾക്കും പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കും പലിശയിൽ 8% വരെ സബ്സിഡിയായി മടക്കി കൊടുക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ സബ്സിഡി നൽകുന്നു.

**പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനം**

17 (*197) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി സംസ്ഥാനത്ത് ക്ലസ്റ്ററുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ഒരു വീട്ടിൽ ഒരു തറി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ കൈത്തറിയെ കൂടുതൽ ജനകീയമാക്കാനും പുതുതലമുറയിൽ നിന്നുള്ളവരെ ഈ രംഗത്തേക്ക് ആകർഷിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്കൂൾ കുട്ടികൾക്കായി സർക്കാർ നടപ്പിലാക്കിയ സൗജന്യ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്ക് എത്രമാത്രം ഗുണകരമായി എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4000 നെയ്ത്തുതൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയിലൂടെ ഇവർക്ക് ഒരു സ്ഥിര വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്.

കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും അപ്പെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ദർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി, കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകുന്ന പനമ്പിന്റെ വില വർദ്ധിപ്പിക്കുകയും പനമ്പ് നെയ്ത്തുതൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉൽപ്പാദന ഇൻസെന്റീവ് മുതലായവ ഏർപ്പെടുത്തൽ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമേയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

കയർ മേഖലയിൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

കരകൗശല മേഖലയിൽ വാഴനാര്, വൈക്കോൽ ചിത്ര, തഴപ്പായ, ദാരുശിൽപ്പ, കളിമൺ ഉൽപ്പന്ന, ബെൽ മെറ്റൽ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പരിപോഷിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നു. കരകൗശല

വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ നിർവ്വഹണ ഏജൻസികളായുള്ള പ്രസ്തുത ക്ലസ്റ്ററുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൈത്തറി മേഖലയിൽ കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി.-യുടെ കീഴിൽ ക്ലസ്റ്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. ഈ പദ്ധതിയിലൂടെ വീടുകളിൽ സ്വന്തമായി പണിശാലകൾ ഉള്ളവർക്കും സംഘങ്ങളിലെ പൊതു പണിശാലകളിൽ നെയ്ത്തുകാർക്കും പുതിയ തറികൾ വാങ്ങുന്നതിന് ഒരു തറിക്ക് പരമാവധി 75% തുകയായ 40,000 രൂപ സർക്കാർ ധനസഹായമായി നൽകിവരുന്നുണ്ട്.

കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതിയും ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറിയെ കൂടുതൽ ജനകീയമാക്കാനും പുതുതലമുറയിൽ നിന്നുള്ളവരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈത്തറി വ്യവസായത്തിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4000 നെയ്ത്തുതൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയിലൂടെ ഇവർക്ക് ഒരു സ്ഥിര വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നു. സംസ്ഥാനത്തെ പൂട്ടിക്കിടന്നിരുന്ന പല സംഘങ്ങളേയും പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. പദ്ധതിയുടെ ഭാഗമായി തറി റിപ്പയറിംഗിനും മറ്റ് ചെലവുകൾക്കുമായി ഓരോ തറിക്കും 4,000 രൂപ വീതം നൽകിവരുന്നു. യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 50 കോടിയോളം രൂപ തൊഴിലാളികൾക്ക് കൂലിയിനത്തിൽ നൽകി. നെയ്ത്തു തൊഴിലാളികൾക്ക് പ്രോത്സാഹനം എന്ന രീതിയിൽ പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയിലും കൂടുതൽ തുണി നെയ്യുന്ന നെയ്ത്ത് തൊഴിലാളികളെ ആദരിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നു. കൂടാതെ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളിക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ തുക അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ പരമ്പരാഗത കൈത്തറി മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്താൻ നടപടി

18 (*198) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികൾക്ക് സംസ്ഥാനത്തെ വിനോദ സഞ്ചാരമേഖല ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച ടൂറിസം സാധ്യത കേരളത്തിനുണ്ടായിട്ടും ഈ രംഗത്ത് മെച്ചപ്പെട്ട പ്രകടനം സാധ്യമാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിനോദ സഞ്ചാര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ശക്തമായ ടൂറിസം വിപണന പദ്ധതി ആവിഷ്കരിക്കുന്നതിന് തയ്യാറാകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാനത്തേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കാൻ സംസ്ഥാന സർക്കാർ നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിവിധ വിദേശ രാജ്യങ്ങളിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം ആകർഷകമാണെന്ന് കാണിക്കാൻ വിവിധ വിദേശ രാജ്യങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. വിവിധ രാജ്യങ്ങളിലെ പ്രമുഖ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കാനും വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. സംസ്ഥാന ടൂറിസം വകുപ്പ് മികച്ചതാക്കി തീർക്കാൻ ഉത്തരവാദിത്വ ടൂറിസം പ്രവർത്തനം വിപുലീകരിച്ചു കഴിഞ്ഞു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ വിനോദസഞ്ചാരികൾക്ക് കേരളം മികച്ച ഡെസ്റ്റിനേഷനാണെന്ന് മനസ്സിലാക്കാൻ കേരള ബ്ലോഗ് എക്സ്പ്രസ് വഴി വിദേശ ബ്ലോഗർമാരുടെ സഹായവും സ്വീകരിച്ചിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെയും ഇതിന്റെ ഭാഗമാണ്. യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോ ന്യൂസ്, സ്കൈ ന്യൂസ് എന്നിവയിലും യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലും പ്രധാന ചാനലായ

സിഎൻഎൻ.ലും കേരള ടൂറിസം പരസ്യം പ്രൈം ടൈമിൽ സംപ്രേഷണം ചെയ്തുകഴിഞ്ഞു. ലണ്ടൻ ബസ് ബ്രാന്റിംഗ്, ITB ജർമ്മനി വേദി ബ്രാന്റിംഗ്, പാരീസ് ഡ്രാമാ തീയറ്റർ ബ്രാന്റിംഗ് എന്നിവയും വിദേശികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രചാരണ പ്രവർത്തനങ്ങളാണ്. സിംഗപ്പൂർ, മലേഷ്യ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, ആസ്ട്രേലിയ, ന്യൂസീലന്റ്, അമേരിക്ക എന്നിവിടങ്ങളിലും കേരള ടൂറിസം ബ്രാന്റ് ആയി അവതരിപ്പിച്ചു കഴിഞ്ഞു. കേരളത്തിലെത്തുന്ന വിദേശികളുടെ സുരക്ഷ മുൻനിർത്തി സർക്കാർ തലത്തിൽ വിവിധ കർമ്മ പരിപാടികളും ആലോചിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ മനോഹരമായ ഡെസ്റ്റിനേഷനാക്കി സംരക്ഷിക്കാൻ ആവശ്യമായ നടപടികളും എടുത്തുവരുന്നുണ്ട്. കേരളത്തെക്കുറിച്ച് വിദേശികളുടെ ഇടയിൽ മതിപ്പ് ഉളവാക്കുന്നതിനും മറ്റുമായി ഉള്ള പ്രചാരണ/വിപണന തന്ത്രങ്ങൾ ഓൺലൈൻ നവമാധ്യമങ്ങൾ വഴിയും നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യവും വൃത്തിയും ഉറപ്പുവരുത്തുന്നതിനും മറ്റുമായി ടൂറിസം ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള ടൂറിസത്തിന് ദേശീയ അന്തർദേശീയ തലങ്ങളിൽ മികച്ച പ്രകടനം തന്നെയാണ് കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുള്ളത്. കേരള ടൂറിസം വളർച്ചയുടെ പാതയിലാണെന്ന് തന്നെയാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന അന്തർദേശീയ/ദേശീയ അവാർഡുകളും പുരസ്കാരങ്ങളും മികച്ച പ്രകടനത്തിന്റെ കൂടി തെളിവാണ്.

(സി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ശക്തമായ ടൂറിസം വികസനം തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളും ടൂറിസം അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനത്തിനും മേൽനോട്ടത്തിനുമായി ബഹു. മുഖ്യമന്ത്രി ചെയർമാനായും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി വൈസ് ചെയർമാനും ബഹു. റവന്യൂ വകുപ്പുമന്ത്രി, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹു.തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, ബഹു. ജലവിഭവ വകുപ്പുമന്ത്രി എന്നിവർ അംഗങ്ങളായും അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, വനവും വന്യജീവിയും വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്, ഡയറക്ടർ, ടൂറിസം വകുപ്പ് എന്നിവർ എക്സ്-ഒഫീഷ്യോ അംഗങ്ങളായും സെക്രട്ടറി, ടൂറിസം വകുപ്പ് കൺവീനറായും ഒരു മന്ത്രിതല സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

## സഹകരണ വകുപ്പിലെ പ്രധാന മാറ്റങ്ങളും നേട്ടങ്ങളും

19 (*199) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നശേഷം സഹകരണ വകുപ്പിൽ വരുത്തിയ പ്രധാന മാറ്റങ്ങളും വകുപ്പിനുണ്ടായ നേട്ടങ്ങളും വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ സഹകരണ നയം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖല മുൻകാലങ്ങളിൽ ഏർപ്പെടാതിരുന്ന ഏതൊക്കെ മേഖലകളിലാണ് അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) വിശദമാക്കാം.

- സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
- 2016 ഡിസംബർ 10 മുതൽ 2017 ജനവരി 10 വരെ സഹകരണ മേഖല സംരക്ഷണ പ്രചരണം സംഘടിപ്പിച്ചു. ഡിസംബർ 18-ന് സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു.
- ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിലെ ഉത്സവ ആഘോഷ വേളകളായ ഓണം, ബക്രീദ്, റംസാൻ, ക്രിസ്തുമസ് എന്നീ വേളകളിൽ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.
- 8-ാമത് സഹകരണ കോൺഗ്രസ് വളരെ വിജയകരമായി 2018 ഫെബ്രുവരി 10, 11, 12 തീയതികളിൽ കണ്ണൂരിൽവച്ച് സംഘടിപ്പിച്ചു. 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന കോൺഗ്രസ് 3 വർഷത്തിൽ ഒരിക്കൽ നടത്തുന്നതിനും തീരുമാനിച്ചു. വിവിധ പരിഷ്കരണങ്ങൾ ഉൾക്കൊള്ളുന്ന സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്ത് അംഗീകരിച്ചു.

- സഹകരണ മേഖലയിൽ അന്താരാഷ്ട്ര പുസ്തകോത്സവവും സാഹിത്യോത്സവവും കൃതി ബുക്ക് ഫെസ്റ്റ്, കൃതി ആർട്ട് ഫെസ്റ്റ്, കൃതി വിജ്ഞാനോത്സവം എന്നീ വിഭാഗങ്ങളിലായി സംഘടിപ്പിച്ചു.

  <u>പാലക്കാട് നെൽകർഷക പദ്ധതി</u>: പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെയും പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെയും പാഡിക്കോയുടെയും സംയുക്താഭിമുഖ്യത്തിൽ നെൽ കർഷകരുടെ നെല്ല് ഉടനടി സംഭരിക്കുന്നതിനും ന്യായവില ലഭ്യമാക്കുന്നതിനുമുള്ള ശാശ്വത സംവിധാനം ഒരുക്കുന്നതിനായി നടപടി സ്വീകരിച്ചു.

- കെ.എസ്.ആർ.ടി.സി. പെൻഷൻ സഹകരണ സംഘങ്ങൾ വഴി വിതരണം നടത്തി.

- ക്ഷേമ പെൻഷൻ വിതരണവും ഏഴ് ഘട്ടങ്ങളിലായി വിജയകരമായി പൂർത്തിയാക്കി.

- കൺസ്യൂമർ ഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിനുംവേണ്ടി ഇ-ടെണ്ടർ നടപ്പിലാക്കി.

- സഹകരണ പരീക്ഷാ ബോർഡിലൂടെ ജൂനിയർ ക്ലാർക്ക് തസ്തികയിലെ 446 ഒഴിവുകളിലേയ്ക്കും ജൂനിയർ സൂപ്പർവൈസറുടെ 3 ഒഴിവിലേയ്ക്കും സെക്രട്ടറി തസ്തികയിലെ 41 ഒഴിവിലേയ്ക്കും ടൈപ്പിസ്റ്റ് തസ്തികയിലെ 2 ഒഴിവിലേയ്ക്കും പരീക്ഷ നടത്തുകയുണ്ടായി.

- കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് റിസ്ക് ഫണ്ട് പദ്ധതി ആനുകൂല്യ വിതരണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 75.45 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

- സഹകരണ പെൻഷൻ ബോർഡ് - പെൻഷൻ വിതരണം - എല്ലാ സഹകരണ സംഘം ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി.

- സഹകരണ ജീവനക്കാരുടെ ക്ഷേമ ബോർഡ് - അംഗങ്ങളായ ജീവനക്കാർക്ക് നൽകിവരുന്ന ചികിത്സാ ധനസാഹായം, മരണാനന്തര ധനസഹായം, ജീവനക്കാരുടെ ആശ്രിതർക്കുള്ള ചികിത്സാസഹായം എന്നിവ വർദ്ധിപ്പിച്ചു.

- പ്ലാൻഫണ്ട് വിനിയോഗം - സഹകരണ മേഖലയ്ക്ക് 2017-18 വർഷത്തെ സംസ്ഥാന പദ്ധതി വിഹിതമായി 130 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം നടപ്പിലാക്കി.
- സഹകരണ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി.
- സഹകരണ വകുപ്പിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വിവിധ ഓഫീസുകൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, യു.പി.എസ്. എന്നിവ വാങ്ങി നൽകുകയും മറ്റ് ജില്ലകളിലേയ്ക്കുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.
- ഓൺലൈൻ സർവീസുകൾ- സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് എന്നീ മൊഡ്യൂളുകൾ വികസിപ്പിച്ചു.
- വകുപ്പിലെ മുഴുവൻ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സംവിധാനമുള്ള മൊബൈൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- സഹകരണ വകുപ്പിന്റേതായ ഒരു ട്രെയിനിംഗ് സെന്റർ ആസ്ഥാന മന്ദിരത്തിൽ ആരംഭിച്ചു.
- സഹകരണ ആഡിറ്റ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തിവരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ശീതീകരണ സംഭരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഓരോ സാമ്പത്തിക വർഷവും സംഘങ്ങൾക്ക് അവാർഡും ധനസഹായവും അനുവദിക്കുന്നുണ്ട്.
- ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സഹകരണ എക്സ്പോ വിപുലമായ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സംസ്ഥാനത്ത് സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ സംരംഭകത്വ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുൻകയ്യെടുത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡിക്കായി രണ്ട് കോടി രൂപ അനുവദിച്ചു.
- അനെർട്ടിന്റെ സാങ്കേതിക മികവോടെ പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള യുവതീ-യുവാക്കളെ ഉൾപ്പെടുത്തി ഒരു റിന്യൂവബിൾ എനർജി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലാ സഹകരണ ആശുപത്രിയുടെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 13 കോടി രൂപ അനുവദിച്ചു.
- കാർഷിക വായ്പകൾ 70% എങ്കിലും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും സഹകരണ സംഘങ്ങളെ മലബാർ സിമന്റിന്റെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളുമായും ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചു.
- സഹകരണ മേഖലയിൽ കേപിനെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി.ജി.എസ്., നെഫ്റ്റ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സഹകരണ മേഖലയിൽ 2018, ജനുവരി 10 മുതൽ മാർച്ച് 31 വരെ സംഘടിപ്പിച്ച നിക്ഷേപ സമാഹരണ യജ്ഞത്തിൽ 7055.93 കോടി രൂപയുടെ നിക്ഷേപ വർദ്ധനവുണ്ടായി.
- 2018-ലെ കുടിശ്ശിക നിവാരണ പദ്ധതിയുടെ പുരോഗതി പ്രകാരം 10849 പേർക്ക് 1597.07 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ നൽകുകയും 11167.63 ലക്ഷം രൂപ തിരിച്ചടവ് വരികയും ചെയ്തു.
- കൺസ്യൂമർ ഫെഡിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടുകൂടി ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി.
- പലിശരഹിത വായ്പാ ഇനത്തിലായി 3,56,72,100 (31-3-2017), 17,33,652 (14-5-2018) എന്നീ തുകകൾ ഹൗസിംഗ് ഫെഡറേഷന് അനുവദിച്ചു.
- വനിതാ ഫെഡിനെ സാമ്പത്തികമായി മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1,63,95,000 രൂപ നൽകിയിട്ടുണ്ട്.
- സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത വനിതാ സഹകരണ സംഘങ്ങൾക്കായി വനിതാ സംരംഭകത്വ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി.
- വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവൽക്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി.
- സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുമായി സഹകരിച്ച് സാനിറ്ററി നാപ്കിൻ യൂണിറ്റുകൾ വനിതാ സഹകരണ സംഘങ്ങൾ വഴി സംസ്ഥാനത്തെ സ്കൂൾ-കോളേജുകളിൽ വരുംനാളുകളിൽ നടപ്പിലാക്കാനുള്ള പദ്ധതി സ്വീകരിച്ചുവരുന്നു.
- ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹകരണ മേഖലയുടെ കൈത്താങ്ങായി 9.2 കോടി രൂപ സംഭാവനയായി നൽകുകയുണ്ടായി.
- കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി. അതിന്റെ പ്രവർത്തനം വിപുലീകരിച്ചു.

- ഐ.സി.ഡി.പി. (സംയോജിത സഹകരണ വികസനം) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം നടപ്പാക്കി വരുന്നു.

- സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്.

- പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

- കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി. ധനസഹായ പ്രകാരം സർക്കാർ ഓഹരിയായി 29 പ്രാഥമിക സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

- 2016-17-ൽ ദുർബ്ബല സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായ പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിച്ചുവരുന്നു.

- കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തി വിപണന സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി എന്നീ ഇനങ്ങളിലായി തുക അനുവദിച്ചു വരുന്നു.

- കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതിയിൽ 2016-17-ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

- റെയ്ഡ്കോ മുഖേന മിനി അഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ് സെന്ററുകൾ എന്നിവ തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു. കൂടാതെ റെയ്ഡ്കോയുടെ വികസനത്തിനുവേണ്ടി എൻ.സി.ഡി.സി.യുടെ ധനസഹായത്തോടെ 2016-17 വർഷത്തിൽ 15 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കി വരുന്നു.

- സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി സ്വർണ്ണപ്പണയ പരിശോധന എല്ലാ സംഘങ്ങളിലും കർശനമായി നടപ്പിലാക്കി.

- ഐ.സി.ഡി.പി. മാതൃകയിൽ സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സാമ്പത്തികമായും സാമൂഹികമായും ഉദ്ധരിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിൽ സംസ്ഥാന സർക്കാരിന്റെയും സഹകരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ നേതൃത്വത്തിൽ 309 പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളിലെ സെക്രട്ടറി, പ്രസിഡന്റ്, രണ്ട് മെമ്പർമാർ ഉൾപ്പെടെ ഒരു സംഘത്തിൽനിന്നും നാല് പേർ എന്ന ക്രമത്തിൽ ജൂൺ 1, 2, 4 തീയതികളിൽ പ്രീ-പ്രോജക്ട് വർക്ക്ഷോപ്പ് നടത്തുകയുണ്ടായി.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2016-17 വർഷത്തിൽ നാല് സംഘങ്ങൾക്ക് 1,35,31,000 രൂപയും 2017-18 വർഷത്തിൽ 14 സംഘങ്ങൾക്ക് 3,43,70,000 രൂപയും 2018-19 വർഷത്തിൽ 10 സംഘങ്ങൾക്ക് 2,20,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 വർഷത്തിൽ 2,00,00,000 രൂപയും ഫെഡറേഷന്റെ അനുബന്ധ സ്ഥാപനമായ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ പേറ്റന്റ് ലഭിച്ച 5 മരുന്നുകളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി 1,39,79,000 രൂപയും 2017-18 വർഷത്തിൽ ആയുർധാരയിൽ മരുന്ന് നിർമ്മാണത്തിനായി 1,50,00,000 രൂപയും ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പെട്രോൾ പമ്പിന്റെയും പഞ്ചകർമ്മ സെന്ററുകളുടെയും പുനരുദ്ധാരണത്തിനായി 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ഫെഡറേഷന്റെ ഭരണപരമായ ചെലവുകൾക്കായി 2016-17, 2017-18 വർഷങ്ങളിൽ 25 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം 275 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

- അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് അട്ടപ്പാടി സഹകരണ ആരോഗ്യ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രി ആൻഡ് റിസർച്ച് സെന്ററിന് 2017-18 വർഷത്തിൽ 145 ലക്ഷം രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്ത് അംഗീകരിച്ചു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി)

- സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
- സഹകരണ മേഖലയിൽ അന്താരാഷ്ട്ര പുസ്തകോത്സവവും സാഹിത്യോത്സവവും കൃതി ബുക്ക് ഫെസ്റ്റ്, കൃതി ആർട്ട് ഫെസ്റ്റ്, കൃതി വിജ്ഞാനോത്സവം എന്നീ വിഭാഗങ്ങളിലായി സംഘടിപ്പിച്ചു.
- കെ.എസ്.ആർ.ടി.സി. പെൻഷൻ സഹകരണ സംഘങ്ങൾ വഴി വിതരണം നടത്തി.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏഴ് ഘട്ടങ്ങളിലായി സാമൂഹിക സുരക്ഷാ ക്ഷേമ പെൻഷൻ സഹകരണ സംഘങ്ങൾ വഴി വിജയകരമായി വിതരണം പൂർത്തീകരിച്ചിട്ടുണ്ട്.
- ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയായ 'ഹരിതം സഹകരണം' 2017-ലും 2018-ലും വിജയകരമായി നടപ്പാക്കി.
- ബയോമെട്രിക് അറ്റൻഡൻസ് സംവിധാനം നടപ്പിലാക്കി.
- സഹകരണ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി.
- ഓൺലൈൻ സർവീസുകൾ - സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് എന്നീ മൊഡ്യൂളുകൾ വികസിപ്പിച്ചു.
- വകുപ്പിലെ മുഴുവൻ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സംവിധാനമുള്ള മൊബൈൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു.
- സഹകരണ വകുപ്പിന്റേതായ ഒരു ട്രെയിനിംഗ് സെന്റർ ആസ്ഥാന മന്ദിരത്തിൽ ആരംഭിച്ചു.

- ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്വയംഭരണ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- കൺസ്യൂമർ ഫെഡ്ഡിൽ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിനുംവേണ്ടി ഇ-ടെണ്ടർ നടപ്പിലാക്കി.
- ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡിക്കായി രണ്ട് കോടി രൂപ അനുവദിച്ചു.
- അനെർട്ടിന്റെ സാങ്കേതിക മികവോടെ പ്രോജക്ടുകൾ പ്രാവർത്തികമാക്കുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള യുവതീ-യുവാക്കളെ ഉൾപ്പെടുത്തി ഒരു റിന്യൂവബിൾ എനർജി കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുന്നതിനും സഹകരണ സംഘങ്ങളെ മലബാർ സിമന്റിന്റെ ഡീലർമാരായും സ്റ്റോക്കിസ്റ്റുകളുമായും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., ആർ.റ്റി.ജി.എസ്., നെഫ്റ്റ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി സ്വർണ്ണപ്പണയ പരിശോധന എല്ലാ സംഘങ്ങളിലും കർശനമായി നടപ്പിലാക്കി.
- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17

വർഷത്തിൽ 2,00,00,000 രൂപയും ഫെഡറേഷന്റെ അനുബന്ധ സ്ഥാപനമായ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ പേറ്റന്റ് ലഭിച്ച 5 മരുന്നുകളുടെ നിർമ്മാണത്തിനും വിപണനത്തിനുമായി 1,39,79,000 രൂപയും 2017-18 വർഷത്തിൽ ആയുർധാരയിൽ മരുന്ന് നിർമ്മാണത്തിനായി 1,50,00,000 രൂപയും ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പെട്രോൾ പമ്പിന്റെയും പഞ്ചകർമ്മ സെന്ററുകളുടെയും പുനരുദ്ധാരണത്തിനായി 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

- സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുമായി സഹകരിച്ച് സാനിറ്ററി നാപ്കിൻ യൂണിറ്റുകൾ വനിതാ സഹകരണ സംഘങ്ങൾ വഴി സംസ്ഥാനത്തെ സ്കൂൾ-കോളേജുകളിൽ വരുംനാളുകളിൽ നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

**ലോട്ടറി വകുപ്പിന്റെ ജൂബിലിയോടനുബന്ധിച്ച് നവീന പദ്ധതി**

20 (*200) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി വകുപ്പിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എല്ലാ ടിക്കറ്റുകളുടെയും മുഖവില ഏകീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സമ്മാനത്തുകയിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(ഡി) ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും സാമൂഹ്യ ക്ഷേമത്തിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) വ്യാജലോട്ടറി തടയുന്നതിനായി ഏതെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ലോട്ടറി ടിക്കറ്റിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) എല്ലാ നറുക്കെടുപ്പുകളും ടെലിവിഷൻ ചാനലുകൾ വഴി തത്സമയം സംപ്രേഷണം

ചെയ്യുവാനും കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാനത്തെ പ്രധാന കാത്തിരിപ്പ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീസൗഹൃദ ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

തിരുവോണം ബമ്പർ 2017, ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-18 എന്നീ ബമ്പർ ഭാഗ്യക്കുറികളുടെ പേര് യഥാക്രമം സുവർണ്ണ ജൂബിലി തിരുവോണം ബമ്പർ 2017, സുവർണ്ണ ജൂബിലി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-18 എന്നിങ്ങനെ പുനർനാമകരണം ചെയ്തിരുന്നു.

(ബി) 50 രൂപ മുഖവിലയുള്ള പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 30 രൂപയാക്കി ഏകീകരിച്ചിരുന്നു.

സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 01-7-2017 മുതൽ 12% GST ഏർപ്പെടുത്തിയതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി. ഇതിന്റെ 12% GST കൂടിചേർത്ത് പരമാവധി വിൽപ്പനവില 30 രൂപയാക്കി 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാനഘടന പരിഷ്കരിച്ചിരുന്നു.

ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ വീണ്ടും പരിഷ്കരിച്ചിരുന്നു. കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പന വില 40 രൂപയാക്കിക്കൊണ്ടും (മുഖവില 35.72+12% GST) മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ MRP പഴയരീതിയിൽ (MRP Rs.30 face value 26.8 + 12% GST) നിലനിർത്തിയുമാണ് സമ്മാനഘടനകൾ പരിഷ്കരിച്ചത്.

മുഖവിലയിൽ വ്യത്യാസം വരുത്താതെ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ 15-7-2018-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും അറ്റാദായത്തിൽ 5% കുറവ് വരുത്തി പ്രസ്തുത തുകകൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് 2017 ജൂൺ മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി, സമ്മാന ഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. നിലവിൽ പ്രതിവാര ഭാഗ്യക്കുറികൾക്ക് 51 ശതമാനത്തിലധികം തുക സമ്മാനയിനത്തിൽ നൽകുന്നുണ്ട്.

(ഡി) ലോട്ടറിയിൽ നിന്നുള്ള വരുമാനം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്കായി വിനിയോഗിക്കുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഇ) വ്യാജ ലോട്ടറി തടയുന്നതിനായി നിലവിൽ Guilloche Pattern, Relief Pattern, Opaque text Pattern, Micro letter Pattern, Invert microline, Void Pandograph, Linear barcode, Secret Code എന്നീ 8 സുരക്ഷാ സംവിധാനങ്ങൾ ലോട്ടറി ടിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ മേഖലയിൽ ടയർ ഫാക്ടറി**

21 (*201) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക സഹകരണ ബാങ്കുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ ഒരു ടയർ ഫാക്ടറി തുടങ്ങുന്നത് സംബന്ധിച്ച സർക്കാർ നയം വിശദീകരിക്കാമോ;

(ബി) റബ്ബറിന്റെ വിലത്തകർച്ചയിൽ നിന്നും കേരളത്തിലെ കർഷകരെ രക്ഷിക്കുന്നതിനായി ഈ ആശയം നടപ്പിലാക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ;

(സി) ജില്ല സഹകരണ ബാങ്കുകളും കാർഷിക വികസന ബാങ്കുകളും ഈ സംരംഭവുമായി മുന്നോട്ട് വന്നാൽ ഒരു കമ്പനി രൂപീകരിക്കുവാൻ കഴിയും എന്ന കാര്യം പരിശോധിക്കുമോ;

(ഡി) കർണാടകത്തിലെ കാംകോയുടെ പ്രവർത്തന ശൈലിയിൽ, അടയ്ക്കയുടെയും കൊക്കോയുടെയും വിലത്തകർച്ചയിൽ കർഷകരെ രക്ഷിച്ച അതേ രീതി റബ്ബർ കർഷകർക്കും നടപ്പിലാക്കാൻ ശ്രമിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ&ബി) റബ്ബറിന്റെ വിലത്തകർച്ചയിൽ നിന്നും കേരളത്തിലെ റബ്ബർ കർഷകരെ രക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ ടയർ ഫാക്ടറി തുടങ്ങുന്നത് സംബന്ധിച്ച് പ്രത്യേകമായി നയം സർക്കാർ രൂപീകരിച്ചിട്ടില്ല.

(സി) സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ കമ്പനി നിയമപ്രകാരം അനുബന്ധ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന് നിയമതടസ്സം ഇല്ലാത്തതാണ്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ ആർ.ബി.ഐ. അനുമതിയില്ല.

(ഡി) സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ റബ്ബർ കർഷകരെ രക്ഷിക്കുന്നതിന് ഇപ്രകാരം ഒരു രീതി അവലംബിക്കുന്നതിന് ഒരു പഠനം നടത്തിയിട്ടില്ല.

## ടൂറിസം കേന്ദ്രങ്ങളിൽ ഹരിത പെരുമാറ്റച്ചട്ടം

22 (*202) ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ നേരിടുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ടൂറിസം കേന്ദ്രങ്ങളിൽ ഹരിത പെരുമാറ്റചട്ടം ഏർപ്പെടുത്തിയതുമൂലം പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) മാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട കാര്യമാണെങ്കിലും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിവിധ ഏജൻസികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവൽക്കരണം

മുതലായവ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിയുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.യെ ഉപയോഗപ്പെടുത്തി തുടർന്നുവരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ്-സർവീസ്മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നു. നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് മൂന്നാർ മേഖല മാലിന്യവിമുക്തമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനീഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ നടപ്പിലാക്കി വരുന്നു.

(ബി) ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് കൈക്കൊണ്ടുവരുന്നത്. ഇതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഹരിത പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങളുടെ

അളവിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ചില ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുടർച്ചയായ ബോധവൽക്കരണത്തിലൂടെ മാത്രമേ പൂർണ്ണ നിയന്ത്രണം നടപ്പാക്കാനാവുകയുള്ളൂ.

(സി) ഭിന്നശേഷി സൗഹാർദ്ദം ലക്ഷ്യമാക്കി ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ എന്ന പ്രോജക്റ്റ് നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ 13 ഡി.റ്റി.പി.സി.-കളിലൂടെയും കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേനയും നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ സാധിക്കുന്ന ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധനയും ആരംഭിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികൾ മറ്റ് പദ്ധതികളിലൂടെയും വിവിധ ജില്ലകളിൽ നടന്നുവരുന്നു.

(ഡി) കൊല്ലം ജില്ലയിലെ "ജഡായുപ്പാറ ടൂറിസം പദ്ധതി"യാണ് സംസ്ഥാനത്ത് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന ടൂറിസം പദ്ധതി.

## കേരള ബാങ്ക് രൂപീകരണം

23 (*203) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെടുകാര്യസ്ഥത കൊണ്ടും അഴിമതി കൊണ്ടും പ്രതിസന്ധി നേരിട്ടിരുന്ന സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും കരകയറ്റാനായി ഈ സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി ഉണ്ടായ പ്രവർത്തനനേട്ടം അറിയിക്കാമോ;

(ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള കേരള ബാങ്ക് രൂപീകരണത്തിന് നബാർഡ് എന്തെങ്കിലും ഉപാധികൾ വച്ചിട്ടുണ്ടോ; റിസർവ് ബാങ്കിന്റെ അനുമതി നേടിയെടുക്കാനുള്ള പരിശ്രമത്തിന്റെ പുരോഗതി അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും എല്ലാ ജില്ലാ സഹകരണ ബാങ്കുകളുടെയും നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് ബാങ്കുകളിൽ പ്രത്യേകം നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തുകയും ബാങ്കുകളിൽ പ്രത്യേകമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി ഇളവുകളോടെ കുടിശ്ശിക വായ്പ തീർപ്പാക്കുന്നതിന് വായ്പക്കാർക്ക് അവസരം നൽകിയും പാവപ്പെട്ടവർക്കും മാരകരോഗം ബാധിച്ചവർക്കും വായ്പ തിരിച്ചടവിന് ഇളവുകൾ നൽകിയും ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്വർണ്ണ പണ്ടം പണയത്തിന്മേൽ പരിശോധനകൾ കർശനമായി നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള ഇടപെടലുകളുടെ ഫലമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെ ബാങ്കുകളുടെ പ്രവർത്തന ലാഭം വർദ്ധിപ്പിക്കുന്നതിനും NPA വായ്പകൾ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് അഡീഷണൽ ആതറൈസേഷൻ മുഖേന 22 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽ കിട്ടാക്കടമായി നിന്നിരുന്ന കൺസ്യൂമർഫെഡിന്റെ 94.89 കോടി രൂപ 9-2-2017-ൽ സർക്കാരിന്റെ ഇടപെടൽ മുഖാന്തിരം 8.38 കോടി രൂപ ഇളവ് നൽകി ക്ലോസ് ചെയ്തത് ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 67.29 കോടി രൂപയോളം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

ഗവൺമെന്റിന്റെ ബജറ്റ് വിഹിതത്തിൽ നിന്നും 10 കോടി രൂപ NUALS എന്ന സ്ഥാപനത്തിന് അനുവദിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ടി തുകയ്ക്ക് ആനുപാതികമായി കുറച്ചുകൊണ്ടുവരുവാനും സാധിച്ചിട്ടുണ്ട്. ടി നടപടികൾകൊണ്ട് സംസ്ഥാന സഹകരണ ബാങ്കിന്റെ അറ്റനഷ്ടം പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൊച്ചി മെഡിക്കൽ കോളേജിന്റെ ആസ്തി ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുത്തതിനാൽ CAPE-ന്റെ പേരിൽ എറണാകുളം ജില്ലാ ബാങ്കിലുള്ള വായ്പാ ബാദ്ധ്യത അടച്ചുതീർക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡുവായി 14-7-2017-ൽ 25 കോടി രൂപ ബാങ്കിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ 31-3-2018-ൽ 58.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക വായ്പകളുടെ തിരിച്ചടവിനായി സർക്കാർ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിന്റെയും ബാങ്കുകളുടെ ശ്രമഫലമായും സംസ്ഥാന സഹകരണ ബാങ്കിന്റെയും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള മറ്റ് ജില്ലാ സഹകരണ ബാങ്കുകളുടെയും നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. നടപടികൾ തുടർന്നുവരികയുമാണ്.

(സി) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വച്ചിട്ടുള്ളതായി നബാർഡിൽനിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന മറ്റ് നടപടികളും തുടർന്നുവരുന്നു.

1. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.
2. 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണ്ണയം, ആഡിറ്റ് എന്നിവ നിർവഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
3. 14 ജില്ലാ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും Core banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുന്നതിനുവേണ്ടി സൊല്യൂഷൻ പ്രൊവൈഡറെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
4. കേരള സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200-ഓളം ഉന്നത ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ

സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട് മറ്റ് നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അത് നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവയെക്കുറിച്ച് രൂപകൽപ്പന ചെയ്യുന്നതിനുവേണ്ടി ഈ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം**

24 (*204) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ ചെറിയ വിലയ്ക്ക് വിറ്റ് പൊതു മേഖലയിലെ മിച്ചസമ്പാദ്യം ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സ്വകാര്യവത്ക്കരിക്കാൻ നീക്കം നടക്കുന്നതെന്ന് അറിയിക്കാമോ;

(സി) കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്നതും ആരോഗ്യ സേവന മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതും രൂപീകരണ കാലം മുതൽ ഇതുവരെ മികച്ച ലാഭം സൃഷ്ടിക്കുന്നതുമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി കരാർ തൊഴിലാളികളെ പിരിച്ചു വിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; സ്ഥാപനം പൊതു മേഖലയിൽത്തന്നെ നിലനിർത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എച്ച്.എൽ.എൽ. സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിന്റെ സാദ്ധ്യത സംബന്ധിച്ച് പരിശോധിച്ചിരുന്നോ;

(ഇ) ബി.ഇ.എം.എൽ., എച്ച്.ഒ.സി., ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവ സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ&ബി) ഉണ്ട്. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന നടത്തുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതായിട്ടാണ് ലഭ്യമായ വിവരം.

എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ ചെന്നൈയിലുള്ള വാക്സിൻ നിർമ്മാണ യൂണിറ്റും മെഡിപാർക്കും പ്രത്യേക എസ്.പി.വി.-കളാക്കിയതിനുശേഷം കേന്ദ്ര സർക്കാരിന്റെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തിക കാര്യങ്ങൾക്കുള്ള ക്യാബിനറ്റ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻവെസ്റ്റ്മെന്റ് & പബ്ലിക് അസെറ്റ് മാനേജ്മെന്റാണ് ഇത് സംബന്ധിച്ച നോഡൽ ഏജൻസി. ഇതിന്റെ ഭാഗമായിട്ടുള്ള തുടർനടപടികൾക്കായി ട്രാൻസാക്ഷൻ അഡ്വൈസറെയും ലീഗൽ അഡ്വൈസറെയും സുതാര്യമായ നടപടികളിലൂടെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ആസ്തികളുടെ മൂല്യനിർണ്ണയത്തിനായുള്ള കൺസൾട്ടന്റിനെയും തെരഞ്ഞെടുത്തിട്ടുണ്ട്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറിയായി കേരളത്തിൽ കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെയും സ്വകാര്യവൽക്കരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ മുഴുവൻ ഓഹരികളും വിൽക്കുന്നതിനായി Expression of Interest ക്ഷണിച്ചുകൊണ്ടുള്ള അവസാന തീയതി 2018 ജൂൺ 30 വരെ നീട്ടിയിട്ടുണ്ടെന്നാണ് ലഭ്യമായ വിവരം.

ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി.എച്ച്.ഇ.എൽ. - ഇ.എം.എൽ.-ന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടത്തുന്നത്.

ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ.ൽ സംസ്ഥാന സർക്കാരിന് 49% ഓഹരിയാണുള്ളത്. 51% ഓഹരികൾകൂടി സംസ്ഥാന സർക്കാരിന് സ്വീകാര്യമാണെങ്കിൽ കൈമാറാൻ കേന്ദ്ര സർക്കാർ തയ്യാറാണ്. RIAB സമർപ്പിച്ച Financial Due Diligence Report കണക്കുപ്രകാരം കമ്പനിക്ക് Net Worth (-) 13.24 രൂപയാണ്. ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിബന്ധനകളും വ്യവസ്ഥകളും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപ്പെക്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാമെന്ന് 15-5-2018-ൽ സർക്കാർ വിളിച്ച യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് പ്രവർത്തന മൂലധനമായി കെ.എം.എം.എൽ.-ൽനിന്നും 5 കോടി രൂപ ഇന്റർ കോർപ്പറേറ്റ് ലോൺ അനുവദിക്കുകയും ചെയ്തിരുന്നു.

ബി.ഇ.എം.എൽ., എച്ച്.ഒ.സി. എന്നീ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനായുള്ള തീരുമാനങ്ങളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ലെന്നാണ് ലഭിക്കുന്ന വിവരം.

(സി&ഡി) ഉണ്ട്. 20-2-2018-ലെ D.O. No.33718/CM പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഘന വ്യവസായ വകുപ്പുമന്ത്രിക്ക് സ്ഥാപനം പൊതുമേഖലയിൽത്തന്നെ നിലനിർത്താൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിരുന്നു. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ 100% ഓഹരി രണ്ട് ഘട്ടങ്ങളിലായി വിറ്റഴിക്കാനും സബ്സിഡിയറി യൂണിറ്റുകളായ വാക്സിൻ വെഞ്ചേഴ്സും മെഡി പാർക്കും രണ്ട് വ്യത്യസ്ത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആക്കാനും 1-11-2017-ലെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭായോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ. സ്വകാര്യവത്കരിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽനിന്നും കരാർ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടില്ലെന്നാണ് കമ്പനിയിൽനിന്നും ലഭ്യമായ വിവരം.

(ഇ) ബി.ഇ.എം.എൽ., എച്ച്.ഒ.സി. എന്നീ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനായുള്ള തീരുമാനങ്ങളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ മാതൃകമ്പനിയിൽ നിന്നും വിഭജിച്ചുകൊണ്ട് ഘന-വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ കേന്ദ്ര പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനും വൈവിധ്യവൽക്കരണത്തിലൂടെ മുന്നോട്ടുപോകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകണമെന്ന് കേരള നിയമസഭ 2017 മാർച്ച് 13-ാം തീയതി ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ആയത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. എന്നാൽ എച്ച്.എൻ.എൽ.-നെ വിറ്റഴിക്കാനുള്ള

കേന്ദ്ര സർക്കാരിന്റെ നീക്കത്തിന്റെ ഭാഗമായി Expression of Interest (EoI) ക്ഷണിച്ചിരിക്കുകയും പ്രസ്തുത പൊതുലേലത്തിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം അതത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും കൂടുതൽ വൈദഗ്ദ്ധ്യമുള്ള മേഖലകളിലെ കൂടുതൽ തൊഴിൽ ലഭ്യതയുടെ വർദ്ധനവിനും വിലങ്ങുതടിയാകും. കൂടാതെ സംസ്ഥാനത്തിന്റെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടുപോകുന്നതിനും ഇടയാകും.

ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ തീരുമാനം സംബന്ധിച്ച നടപടികളിൽനിന്ന് പിന്മാറുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

കൂടാതെ സംസ്ഥാന സർക്കാരിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതിയിൽനിന്ന് ഇവ ഏറ്റെടുക്കാൻ കഴിയുമോയെന്ന കാര്യവും പരിശോധിച്ചുവരുന്നു. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് 1-6-2018 മുതൽ ഏറ്റെടുക്കാൻ തീരുമാനമായിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളും സർക്കാർ ആവിഷ്കരിച്ചുവരുന്നു. ചെലവ് കുറഞ്ഞതും നൂതനവുമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള നൂതനമായ വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## മൂന്നാറിൽ വിനോദസഞ്ചാരികൾക്കുള്ള താമസസൗകര്യം

25 (*205) ശ്രീ. സി. മമ്മൂട്ടി :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നീലക്കുറിഞ്ഞി പൂക്കുന്ന സീസണിൽ മൂന്നാറിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കായി ടൂറിസം വകുപ്പ് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇടത്തരക്കാരായ വിനോദസഞ്ചാരികൾക്കായി കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കുമെന്ന് വിനോദസഞ്ചാര വകുപ്പ് പ്രഖ്യാപിച്ചിരുന്നോ;

(സി) എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഈ വർഷം നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.:

- ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- " Neelakurinji Season 2018" സംബന്ധിച്ച് ഒരു ഓൺലൈൻ പ്രൊമോഷൻ ക്യാമ്പയിൻ നടപ്പാക്കിവരുന്നു.
- " Expansion of Ecotourism Activities at Silent Valley, Rhodovalley and Meesapulimala in Munnar" -ന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- സ്റ്റഡി ഓൺ ട്രാഫിക് & ക്രൗഡ് മാനേജ്മെന്റ് സ്കീംസ് ഫോർ കുറിഞ്ഞി ഫ്ളവറിംഗ് സീസൺ ഇൻ മൂന്നാർ എന്ന പദ്ധതിക്ക് 10 ലക്ഷം രൂപ ഇടുക്കി ഡി.റ്റി.പി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

- ക്യാരിയിംഗ് കപ്പാസിറ്റി സ്റ്റഡീസ് ഇൻ ഇക്കോ ടൂറിസം ഏരിയ എന്ന പദ്ധതിക്കായി 55,70,000 രൂപ അനുവദിച്ചിട്ടുണ്ട്.
- ഇതിൽ ഇരവികുളം നാഷണൽ പാർക്ക്, സൈലന്റ് വാലി, ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി, പെരിയാർ ടൈഗർ റിസർവ്, പറമ്പിക്കുളം ടൈഗർ റിസർവ് എന്നീ പ്രദേശങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.
- ഡെവലപ്മെന്റ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം അറ്റ് ദേവികുളം പദ്ധതിക്ക് സർക്കാർ 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഇംപ്രൂവ്മെന്റ് ഓഫ് ഫെസിലിറ്റീസ് ഫോർ വിസിറ്റേഴ്സ്, കൺസ്ട്രക്ഷൻ ഓഫ് കഫറ്റേരിയ-കം-എന്റർടൈൻമെന്റ് സെന്റർ എന്ന പദ്ധതിക്കായി 1,27,70,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- കെ.ടി.ഡി.സി.യുടെ കീഴിലുള്ള ഹോട്ടലുകൾ മോടിപിടിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.
- നീലക്കുറിഞ്ഞി 2018 സീസണുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ട്രാഫിക് പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡി.റ്റി.പി.സി. ഇടുക്കി മുഖാന്തരം ഒന്നരക്കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലാണ്. ഇതുകൂടാതെ നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് മൂന്നാർ മേഖലയിലുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മറ്റ് രണ്ട് പദ്ധതികളും (130 ലക്ഷം രൂപ) സർക്കാരിന്റെ പരിഗണനയിലാണ്.

ഏകദേശം പത്ത് ലക്ഷത്തോളം സഞ്ചാരികൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ സ്ഥിതിയിൽ പ്രതിദിനം പരമാവധി 4000 സന്ദർശകരെ മാത്രമേ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ അടിമാലി മുതൽ ഇരവികുളം വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ഓൺലൈൻ ബുക്കിംഗ് മുഖേന പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അടിമാലിയിൽനിന്നും ടൂറിസ്റ്റുകളെ പ്രത്യേകം ബസുകളിൽ (കെ.എസ്.ആർ.ടി.സി./ഡി.ടി.പി.സി.) ടി സ്ഥലത്തേയ്ക്ക് എത്തിക്കാനും അനുബന്ധ സൗകര്യങ്ങൾ/സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനം, പോലീസ്, റവന്യൂ, വൈദ്യുതി, വാട്ടർ അതോറിറ്റി, ആർ.ടി.ഒ. തുടങ്ങിയ ഏജൻസികളുടെ ഏകോപനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

### ഖാദി ഗ്രാമ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ

26 (*206) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഖാദി ഉല്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(ബി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഖാദി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഖാദി മേഖലയിലെ അംഗീകൃത സ്ഥാപനങ്ങൾക്കും ഖാദി സഹകരണ സംഘങ്ങൾക്കും ബോർഡ് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത്;

(ഡി) എല്ലാ ജില്ലകളിലും ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്ത് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഖാദി ഉൽപ്പാദന വിപണന രംഗത്ത് മുന്നേറ്റം കൈവരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്നതരത്തിൽ റെഡിമേയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും അതുപ്രകാരം അഞ്ചുവർഷംകൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ

വൈവിദ്ധ്യവൽക്കരണം തുടങ്ങിയവയാണ്. ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചെലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു. ഇതിനുപുറമേ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരവും (പി.എം.ഇ.ജി.പി.) ഗ്രാമീണ മേഖലയിൽ ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയിൽ മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 35% വരെ സബ്സിഡി അനുവദിച്ചുനൽകുന്നു.

ഖാദി ഗ്രാമ വ്യവസായ വിപണന രംഗത്ത് കൂടുതൽ മുന്നേറ്റം കൈവരിക്കുന്നതിനുവേണ്ടി വർഷം മുഴുവനും റിബേറ്റ് , ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ്, ആധുനിക സൗകര്യങ്ങളോടുകൂടിയ വിൽപ്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, കൂടാതെ ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനും അവർക്ക് തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ (മേശ, സ്റ്റൂൾ, ടോയ്ലെറ്റ്) ഏർപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുകയും ഉൽപ്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയിട്ടുമുണ്ട് (നൂൽപ്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും). ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഖാദി ബോർഡിലും ഖാദി കമ്മീഷനിലും രജിസ്റ്റർ ചെയ്ത് ഖാദി വ്യവസായം നടത്തുന്ന ഖാദി സംഘങ്ങളിലെയും സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് മുകളിൽ പറഞ്ഞ ക്ഷേമാനുകൂല്യങ്ങളും കൂലിയും ഉറപ്പു വരുത്തിയിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങൾക്ക് ഫ്ളാഗ്ഷിപ്പ് സ്കീമിലൂടെ സർക്കാർ നൽകുന്ന ഫണ്ട് ഉപയോഗിച്ച് തൊഴിലുപകരണങ്ങൾ, വർക്ക്ഷെഡ് എന്നിവ സൃഷ്ടിക്കുന്നതിനും നവീകരിക്കുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനും സഹായം ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതിക്ക് 2016-17-ൽ 8 ലക്ഷവും 2017-18-ൽ 10 ലക്ഷം രൂപയും അനുവദിക്കുകയും തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2018-19-ൽ 15 ലക്ഷം രൂപ ടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(ഡി) ഖാദി ഗ്രാമം പദ്ധതി 5 വർഷംകൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ്. ആയതിന്റെ പ്രാരംഭ വർഷമായ 2017-18 -ൽ കണ്ണൂർ, കാസർഗോഡ്, വയനാട്, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ആയതിലേയ്ക്ക് 4.52 കോടി രൂപ അനുവദിക്കുകയും ലഭ്യമായ ഒരു കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് 10 ഖാദി ഗ്രാമം (ചർക്ക), 5 ഖാദി ഗ്രാമം (തറി) എന്നിവ സൃഷ്ടിക്കുന്നതിലേയ്ക്കായി 250 ചർക്കകളും 50 തറികളും വാങ്ങിക്കഴിഞ്ഞു. ആയതിലേയ്ക്കുള്ള നെയ്ത്തു പരിശീലനം നടക്കുന്നു. പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്കുതന്നെ ടി 15 ഖാദി ഗ്രാമങ്ങളുടെ പദ്ധതി പൂർത്തീകരണം നടക്കുന്നതാണ്. ഖാദി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയും ഖാദി ഗ്രാമം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുമായി കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ ചർക്ക, തറി, റിപ്പയറിംഗ് യൂണിറ്റ്, സ്പെയർ പാർട്സ് ഗോഡൗൺ, നെയ്ത്ത് പരിശീലന കേന്ദ്രം എന്നിവ സ്ഥാപിക്കുകയും ആയതിന്റെ പദ്ധതി പൂർത്തീകരണവും ക്രമീകരണങ്ങളും നടന്നുവരികയും ചെയ്യുന്നു. വരും വർഷങ്ങളിൽ മറ്റ് ജില്ലകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കുന്നതാണ്.

**കായിക മേഖലയുടെ പുനരുജ്ജീവനം**

27 (*207) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി സി. കെ. ആശ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായിക മേഖലയുടെ പുനരുജ്ജീവനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ദേശീയ-അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ വിജയികളായവർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായിരുന്ന തുക വിതരണം ചെയ്തുവോ; വ്യക്തമാക്കുമോ;

(സി) 2010 മുതൽ 2014 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഒളിമ്പിക്സ് മെഡൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സ്പോർട്സ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) കായിക മേഖലയുടെ പുനരുജ്ജീവനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

(1) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" .

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയിലും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 പേർക്കുവീതം ആകെ 160 കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) പ്ലേ ഫോർ ഹെൽത്ത്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായകാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ

കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

(3) <u>ഫുട്ബോൾ പരിശീലന പദ്ധതി</u>

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഫുട്ബോളിന്റെ സമഗ്ര വികസനത്തിന് അടിത്തറയിടുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(4) <u>എലൈറ്റ് സ്കീം</u>

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം പദ്ധതിയും പ്രഖ്യാപിച്ചിരുന്നു. 2016-17, 2017-18 ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന ടി പദ്ധതിയിൻകീഴിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിൽ 6 സ്റ്റേഡിയങ്ങളുടെയും 41 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 29 സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾക്കും 17 പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 3 ജില്ലാ സ്റ്റേഡിയങ്ങളുടെയും 11 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറിക്കിട്ടിയ ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കൊൽക്കത്തയിൽവച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-ലെ ദേശീയ വോളീബോൾ ചാമ്പ്യൻമാരായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡും കേരള ടീമിലെ ലിബറോ ആയ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലിയും നൽകിയിട്ടുണ്ട്.

(ബി) ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് (2,42,36,440 രൂപ) വിതരണം ചെയ്തിട്ടുണ്ട്.

(സി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും പ്രസ്തുത സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് 20-6-2018-ന് സർട്ടിഫിക്കറ്റ് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" .

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയിലും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 പേർക്കുവീതം ആകെ 160 കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനംകൂടി പ്രയോജനപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) വിദ്യാഭ്യാസ വകുപ്പിൽനിന്നും കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്ത ഗവൺമെന്റ് ജി.വി. രാജാ സ്കൂൾ, മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്പോർട്സ് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 51.18 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ഹൈഡൽ ടൂറിസം പദ്ധതി**

28 (*208) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന ഹൈഡൽ ടൂറിസം പദ്ധതികൾ എന്തൊക്കെയാണ്; ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് നിക്ഷേപിക്കുന്നത് എത്ര തുകയാണ്; കേന്ദ്ര ഗവൺമെന്റ് നിക്ഷേപിക്കുന്നത് എത്ര തുകയാണ്;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ ഏതൊക്കെ സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങളുമായി സർക്കാർ കരാർ ഒപ്പുവെച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഹൈഡൽ ടൂറിസം പദ്ധതി സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ ഡാമുകളും കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനമായും ഇടുക്കി, മാട്ടുപ്പെട്ടി, പൊൻമുടി, കക്കയം, ബാണാസുരസാഗർ, പെരിങ്ങൽക്കുത്ത്, ലോവർ മീൻമുട്ടി എന്നിവിടങ്ങളിൽ ഹൈഡൽ ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും നിലവിൽ യാതൊരു ഫണ്ടും ലഭിച്ചിട്ടില്ല. ഹൈഡൽ ടൂറിസത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

(സി) ഈ പദ്ധതികളുമായി ബന്ധപ്പെട്ട് ഇതുവരെ സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങളുമായി സർക്കാർ യാതൊരുവിധ കരാറുകളും ഒപ്പുവച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. ഇതിന് വിധേയമായിട്ടാണ് പരിസ്ഥിതിക്ക് യാതൊരുവിധ കോട്ടവും തട്ടാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ ഹൈഡൽ ടൂറിസം നടത്തിവരുന്നത്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ഡാമുകളുടെ ഇരുവശങ്ങളിലും രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ പാർക്കുകൾ, ബട്ടർഫ്‌ളൈ പാർക്കുകൾ, പൂന്തോട്ടങ്ങൾ തുടങ്ങിയവ വിനോദസഞ്ചാരികളെ ഏറെ ആകർഷിച്ചുവരുന്നു.

**സേവന വെബ്സൈറ്റിലെ ഡാറ്റാ എൻട്രി**

29 (*209) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ പെൻഷനുവേണ്ടി അപേക്ഷ നൽകിയ ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് അത് അനുവദിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ സേവന വെബ്സൈറ്റിൽ ഇതിന്റെ ഡാറ്റ എൻട്രി നടത്തുന്നത് നിർത്തിവയ്ക്കണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ഒരു നിർദ്ദേശം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ;

(സി) അർഹരായ പാവപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ സേവന വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ - സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 873504 പുതിയ പെൻഷൻകാരെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിസ്റ്റിൽ ചേർത്ത് 2018 മാർച്ച് വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിസ്റ്റിൽ അനർഹരായ നിരവധിപേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽ വരികയും ചെയ്തിട്ടുണ്ട്. യാതൊരുതരത്തിലും അർഹതയില്ലാത്തവർ നിയന്ത്രണരഹിതമായി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിസ്റ്റിൽ കടന്നു വന്നാൽ ആയത് ഈ പദ്ധതിയുടെ സുസ്ഥിരതയെത്തന്നെ ബാധിക്കുന്ന സ്ഥിതിയുണ്ടാകും. അർഹരായ മുഴുവൻ

പേർക്കും ഈ ആനുകൂല്യം തടസ്സമേതുമില്ലാതെ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ പെൻഷൻ ലിസ്റ്റ് സ്കീംലൈൻ ചെയ്യേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് താൽക്കാലികമായി ഡാറ്റാ എൻട്രി നിർത്തിവച്ചത്. ബജറ്റിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ച് സമഗ്രമായ പരിശോധന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടികളിലേയ്ക്ക് നീങ്ങുകയുള്ളൂ. ഈ സമയം തന്നെ ഭിന്നശേഷി പെൻഷൻ ഡാറ്റാ എൻട്രി അനുവദിച്ചിട്ടുണ്ട്.

## ഗ്രീൻ കാർപ്പെറ്റ് പദ്ധതി

30 (*210) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഗ്രീൻ കാർപെറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് തുടരെ ഉണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ പിന്നോട്ട് നയിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന പദ്ധതിയനുസരിച്ച് എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ഇ) ടൂറിസം വികസനം ശരിയായ ദിശയിലാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 78 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ ബഹുജന പങ്കാളിത്ത സ്വഭാവത്തോടെ നടപ്പിലാക്കുന്ന ഒരു കർമ്മ പദ്ധതിയാണിത്. ടി പദ്ധതി നടത്തിപ്പിനായി പത്തിന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇതിൽ പ്രധാനമായും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകളില്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയുംപെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനവും തിരിച്ചറിയൽ കാർഡ് നൽകലും
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം
10. ടി കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ചിട്ടുണ്ട്. ഗ്രീൻ കാർപ്പറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കുവേണ്ട പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനായി ചുമതലപ്പെട്ടവർ ശ്രദ്ധിച്ചുവരുന്നു. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) തുടരെയുണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയിൽ ഉണ്ടാക്കുന്ന പ്രയാസങ്ങൾ പരിഗണിച്ച് 15-5-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത സർവ്വകക്ഷി യോഗത്തിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കാൻ ഐകകണ്ഠ്യേന തീരുമാനിച്ചിട്ടുണ്ട്.

(ഡി) ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ എന്ന പ്രോജക്ട് ഭിന്നശേഷി സൗഹാർദ്ദം ലക്ഷ്യമാക്കി 13 ഡി.റ്റി.പി.സി.-കളിലൂടെയും കണ്ണൂരിൽ വകുപ്പ് നേരിട്ടും നടപ്പിലാക്കിവരുന്നു. ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തരമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിന് ലക്ഷ്യമിടുന്നു. വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച പരിശോധന വകുപ്പ് നടത്തുന്നുണ്ട്.

ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുന്ന പ്രവൃത്തികൾ വിവിധ ജില്ലകളിൽ നടന്നുവരുന്നു.

(ഇ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതിയുടെയും സൂക്ഷ്മമായ അവലോകനം ജില്ലതിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറി തലത്തിലും വകുപ്പ് ഡയറക്ടർതലത്തിലും കാലാകാലങ്ങളിൽ നടത്തിവരുന്നു.

ഓരോ മൂന്ന് മാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും യഥാസമയം പൂർത്തിയാക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട് വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർമാർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പു വരുത്തിയിട്ടുണ്ട്.

അതത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ.-മാർ ചെയർമാനായി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തേണ്ടതുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹരെ ഒഴിവാക്കാൻ നടപടി

1(2277) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരിൽ അനർഹർ ഉണ്ടെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്; അതിനായി പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നത്;

(സി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ എത്രമാസത്തെ കുടിശ്ശികയുണ്ട്;

(ഡി) ഒന്നിൽ കൂടുതൽ പെൻഷൻ കൈപ്പറ്റുന്നവരെ ഒഴിവാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്: എത്ര പേരെ ഒഴിവാക്കിയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അതത് പ്രാദേശിക സർക്കാരുകളിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം നൽകിയിട്ടുള്ള സത്യപ്രസ്താവനകളിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെന്ന് കണ്ടെത്തിയവരുടെ പെൻഷൻ തടഞ്ഞിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന പരിധിക്കുപ്പുറത്തുള്ളവർ ഉൾപ്പെട്ടിട്ടുണ്ടെന്നും പുനർവിവാഹം ചെയ്തവർ തുടർന്നും വിധവാ പെൻഷൻ കൈപ്പറ്റുന്നതായും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും ബന്ധുക്കൾ പെൻഷൻ വാങ്ങുന്നുവെന്നും വിവരങ്ങൾ സർക്കാരിന് ലഭിച്ചതിനെത്തുടർന്ന് അത്തരക്കാരെ ഒഴിവാക്കുന്നതിലേയ്ക്ക് 22-1-2018-ലെ എസ്.എഫ്.സി.-ബി2/53/2017/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അനധികൃതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരെ ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തരം ഒരു സർവ്വേയും നടന്നുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ 873504 പേരെ പുതുതായി ഉൾപ്പെടുത്തുകയുണ്ടായി. നിലവിൽ 4217097 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നു. അതിലേയ്ക്ക് പ്രതിമാസം 483.30 കോടി രൂപ ചെലവഴിക്കുന്നുണ്ട്.

(സി) 2018 മാർച്ച് വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2018 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ നൽകാൻ അവശേഷിക്കുന്നു.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഗണ്യമായ വർദ്ധനവ് നൽകിയ സാഹചര്യത്തിൽ ഒരാൾക്ക് ഒരു പെൻഷൻ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു എന്നും എന്നാൽ 6-2-2017-ന് മുമ്പ് ഒന്നിലധികം പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ഒരു പെൻഷൻ ഉയർന്ന നിരക്കിലും രണ്ടാമതൊരു പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതാണെന്നും പുതുതായി രണ്ടാമതൊരു പെൻഷൻ ലഭിക്കാൻ അർഹതയില്ലെന്നും 6-2-2017-ലെ സ.ഉ. (എം.എസ്)നമ്പർ 67/2017/ധന പ്രകാരം ഉത്തരവായിരുന്നു. ഒരേ തരത്തിലുള്ള രണ്ട് പെൻഷൻ വാങ്ങി വന്നിരുന്ന 13272 വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുണ്ട്.

## നോട്ട് നിരോധനം

2(2278) <u>ശ്രീ. കെ. വി. വിജയദാസ് </u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനംമൂലം എന്തെല്ലാം കെടുതികളാണ് സംസ്ഥാനം ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നത് ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

ഭാരത സർക്കാരിന്റെ വികലമായ സാമ്പത്തിക നയത്തിന്റെ ഭാഗമായി നടപ്പിലാക്കിയ നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്തമേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും ഉണർവിന്റെ പാതയിലേയ്ക്ക് തിരികെ വന്നുകൊണ്ടിരുന്ന സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിവിടുകയും ചെയ്തിരുന്നു. നിരോധിച്ച മുഴുവൻ നോട്ടുകളും തിരിച്ചെത്തിയെന്ന് മാത്രമല്ല, പുതിയ നോട്ടുകൾ പുറത്തിറക്കുന്നതിനെടുത്ത കാലതാമസം കമ്പോളത്തെ തകർക്കുകയും ഉൽപ്പാദനത്തിൽ ഇടിവുണ്ടാക്കുകയും വ്യാപാരം ശോഷിക്കുകയും കോടിക്കണക്കിന് തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്തുകയും ആത്യന്തികമായി ദേശീയ വളർച്ചയെ പിന്നോട്ടടിക്കുകയും ചെയ്തു. നോട്ട് അസാധുവാക്കൽ വരുമാനത്തിൽ ഏൽപ്പിച്ച ആഘാതത്തിൽനിന്നും സംസ്ഥാനം ഇനിയും മുക്തമായിട്ടില്ല. പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി തുടങ്ങിയ പല മേഖലകളിലും മേൽ ദുരന്തത്തിന്റെ പ്രതിഫലനങ്ങൾ ഇപ്പോഴും ദൃശ്യമാണ്. ഉയർച്ചയുടെ പാതയിലായിരുന്ന നിർമ്മാണ, ഗതാഗത, സംഭരണ, വ്യാപാര, ഹോട്ടൽ, റിയൽ എസ്റ്റേറ്റ് മേഖലകളുടെ തിരിച്ചുവരവ് ഇനിയും സാദ്ധ്യമായിട്ടില്ല. കറൻസിക്കായുള്ള നെട്ടോട്ടത്തിലായിരുന്ന വിനോദസഞ്ചാര മേഖല മടങ്ങിവരവിന്റെ പാതയിലാണ്. സംസ്ഥാനം കൈക്കൊണ്ട ക്രിയാത്മകവും ഫലപ്രദവുമായ നടപടികളിലൂടെ ഒരു പരിധിവരെ നോട്ട് നിരോധനത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനും സംസ്ഥാന സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

3(2279) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെയും ഡയാലിസിസ് സെന്ററുകളുടെയും ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

## പൊതുകടം കൂടുന്നതിൽ ധനകാര്യ കമ്മീഷന് ആശങ്ക

4(2280) ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുകടം കൂടുന്നതിൽ ധനകാര്യകമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) 2018-19 വർഷം പൊതുവിപണിയിൽനിന്നും എന്ത് തുക വായ്പയെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനകം എത്ര കോടി രൂപ വായ്പയെടുത്തുവെന്ന് വ്യക്തമാക്കുമോ; വായ്പയെടുത്ത തുക പ്രത്യുല്പാദന പരമല്ലാത്ത പദ്ധതികളിൽ വിനിയോഗിക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ;

(ഡി) ലോക ബാങ്കിൽ നിന്നും 2017-18 ൽ എത്ര കോടി രൂപ ധനസഹായം ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികളിലാണ് നിലവിൽ ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ കടബാധ്യത അനിയന്ത്രിതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഔദ്യോഗികമായി അറിയിച്ചിട്ടില്ല.

(ബി) 2018-19 വർഷം പൊതുവിപണിയിൽനിന്നും 24085.79 കോടി രൂപ വായ്പയെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 1-4-2016 മുതൽ 31-3-2018 വരെയുള്ള സംസ്ഥാനത്തിന്റെ വായ്പ(തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ )

| | 2016-17 | 2017-18* |
|---|---|---|
| ആഭ്യന്തര കടം | 15772.46 | 17216.91 |
| കേന്ദ്ര സർക്കാരിൽനിന്നുള്ള വായ്പ | 379.43 | -130.09 |
| സ്മോൾ സേവിംഗ്സ് പ്രോവിഡന്റ് ഫണ്ട്, മറ്റുള്ളവ | 12931.66 | 4794.25 |

*( എ.ജി.യിൽ നിന്നുള്ള പ്രാഥമിക കണക്ക്)

വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്.

(ഡി) ലോക ബാങ്കിൽനിന്നും വിദേശ സഹായ പദ്ധതികൾക്കുള്ള വായ്പാ ഇനത്തിൽ 356.33 കോടി രൂപ (താൽക്കാലിക കണക്കുപ്രകാരം) 2017-18-ൽ ലഭിച്ചു. നിലവിൽ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, കേരള റൂറൽ വാട്ടർ സപ്ലൈ &സാനിറ്റേഷൻ പ്രോജക്ട്, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് എന്നീ പദ്ധതികൾക്കാണ് ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നത്.

(ഇ) കടബാദ്ധ്യത അനിയന്ത്രിതമായി വർദ്ധിക്കുന്നില്ല. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനും ധനക്കമ്മി അനുവദനീയമായ മൂന്നുശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

## പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് റോഡ്

5(2281) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൂർ ചെനയ്ക്കൽ ബൈപ്പാസ് റോഡിനുവേണ്ടി സ്ഥലം ഏറ്റെടുക്കുവാനുള്ള പ്രൊപ്പോസലിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് നിർമ്മാണത്തിനുവേണ്ടി എത്ര രൂപയുടെ പ്രൊപ്പോസലാണ് അനുവദിച്ചത്;

(സി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ-പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്ന പ്രൊപ്പോസൽ എസ്.എൽ.ഇ.സി/എച്ച്.എൽ.സി. മീറ്റിംഗിൽ സമർപ്പിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനാണ് ഭരണ വകുപ്പ് ഫയൽ സമർപ്പിച്ചിരുന്നത്. (PWD-G3/697/2017-PWD). പ്രസ്തുത പ്രവൃത്തിക്ക് 14-7-2015-ലെ സ.ഉ.(സാധാ.)നമ്പർ 1002/2015/PWD പ്രകാരം 2175 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുള്ള സാഹചര്യത്തിൽ എസ്.എൽ.ഇ.സി./ എച്ച്.എൽ.സി. മീറ്റിംഗിൽ സമർപ്പിക്കുന്നതിന് ഫണ്ട് ലഭ്യത വ്യക്തമാക്കി ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരത്തോടെ ഭരണ വകുപ്പ് ഫയൽ (PWD-G3/697/2017-PWD) മടക്കി നൽകിയിട്ടുണ്ട്.

**കൺവെയൻസ് ഇനത്തിൽ തുക അനുവദിക്കാത്ത നടപടി**

6 (2282) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺവെയൻസ് ഇനത്തിൽ തുക അനുവദിക്കുന്നില്ലായെന്ന കാരണത്താൽ വൈപ്പിൻ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെട്ട നിരവധി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കരാറുകാർ തയ്യാറാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

7(T2283) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2012-13 വർഷത്തിൽ ലീവ് വേക്കൻസിയിൽ എയ്ഡഡ് സ്കൂളിൽ സർവീസിൽ പ്രവേശിക്കുകയും സർവീസ് ബ്രേക്ക് ഇല്ലാതെ തുടർച്ചയായി സർവീസുമുള്ള ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനാണോ കോൺട്രിബ്യൂട്ടറി പെൻഷനാണോ ബാധകമാകുക എന്ന് വിശദമാക്കാമോ?

ഉത്തരം

31-3-2013 വരെ സർക്കാരിൽ സ്ഥിരനിയമനം ലഭിച്ചിരിക്കുന്ന ജീവനക്കാർക്ക് (Substantive vacancy on regular basis) മാത്രം തുടർന്നും സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവധി ഒഴിവിലെ സേവനം സർക്കാരിന് കിഴിലെ സ്ഥിരനിയമനം അല്ലാത്തതിനാൽ പ്രസ്തുത ജീവനക്കാർക്ക് സ്ഥിരനിയമനം ലഭിച്ചത് 31-3-2013-ന് ശേഷമാണെങ്കിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയാണ് ബാധകമാകുക.

**നവകേരള നിധി**

8(2284) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മിഷനുകളെ ഏകോപിപ്പിക്കുന്നതിന് നവകേരള നിധി എന്ന പേരിൽ ഒരു പൊതുഫണ്ട് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഈ ഫണ്ട് ഏത് രീതിയിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ടിലേക്ക് ഏതെല്ലാം തരത്തിലാണ് തുക സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; ഫണ്ടിൽ നിന്നുള്ള ധനസഹായം അനുവദിച്ചുനൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നാളിതുവരെ ഫണ്ടിലേക്ക് എത്ര തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; എവിടെനിന്നെല്ലാമാണ് തുക സമാഹരിച്ചിട്ടുള്ളത്; തുകയെന്തെങ്കിലും ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) സർക്കാരിന്റെ വിവിധ മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി നവകേരള നിധി എന്ന പേരിൽ ഒരു പൊതുഫണ്ട് 17-3-2018-ലെ ജി.ഒ. (പി)നമ്പർ 39/2018/ധന നമ്പർ ഉത്തരവ് പ്രകാരം രൂപവൽക്കരിച്ച് ഉത്തരവായിട്ടുണ്ട്.

ഭവന-ഭൂരഹിത വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ മിഷനുകൾ, പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, ശുചിത്വപരിപാലന മിഷനുകൾ, പൊതുസ്ഥാപനങ്ങളുടെ വികസന നവീകരണ പദ്ധതികൾ, സർക്കാരിന്റെ വിവിധ പുനരധിവാസ പദ്ധതികൾ, സർക്കാർ അംഗീകൃത സാമൂഹ്യ-സേവന-തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ വികസന നവീകരണ പദ്ധതികൾ, പാർശ്വവൽക്കരിക്കപ്പെട്ട സാധു ജനവിഭാഗങ്ങൾക്ക് ഭൂമി, വൈദ്യുതി, കുടിവെള്ളം മുതലായ അടിസ്ഥാന വിഭവങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ, അന്യം നിന്നുപോകാൻ സാദ്ധ്യതയുള്ള കലാ-സാംസ്കാരിക പൈതൃക വിഭവങ്ങളുടെ സംരക്ഷണ പദ്ധതികൾ മുതലായവയ്ക്ക് ഈ ഫണ്ട് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നും ഉദാരമായ സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖേന ഫണ്ട് സമാഹരണം നടത്തുന്നതാണ്.

പത്തുകോടി രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം ചീഫ് സെക്രട്ടറിക്കും പത്ത് കോടി രൂപയ്ക്ക് മുകളിലുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരം മുഖ്യമന്ത്രിക്കുമായിരിക്കും.

(സി) നവകേരള നിധിക്കുവേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ.-യുടെ തിരുവനന്തപുരം മുഖ്യശാഖയിൽ ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് 5-6-2018 വരെ 3,00,00,000 (മൂന്ന് കോടി രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽനിന്നാണ് ഈ തുക ലഭ്യമായിട്ടുള്ളത്.

നാളിതുവരെ നവകേരള നിധിയിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## ദേശീയ പെൻഷൻ പദ്ധതി

9(2285) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ സംസ്ഥാനത്ത് എത്ര യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിലെ എത്ര ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ദേശീയ പെൻഷൻ പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കിയതിന് സംസ്ഥാന സർക്കാരിന് എന്തെങ്കിലും ദേശീയ ബഹുമതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2018 മാർച്ച് 31 വരെ ദേശീയ പെൻഷൻ പദ്ധതിയിൽ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ ആകെ 34 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ 19507 ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ എൻ.പി.എസ്. വിഹിതമായി (തൊഴിലാളി വിഹിതവും തൊഴിലുടമാ വിഹിതവും ഉൾപ്പെടെ) 31-3-2018 വരെ ആകെ 133,22,34,965 രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) അൻപതിനായിരത്തിൽ താഴെ എൻ.പി.എസ്. വരിക്കാരുള്ള സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനത്തിനുള്ള ബഹുമതി 19-12-2016-ൽ സംസ്ഥാന സർക്കാരിന് പി.എഫ്. ആർ.ഡി.എ.-യിൽ നിന്നും ലഭിക്കുകയുണ്ടായി.

## വാമനപുരം നിയോജകമണ്ഡലത്തിൽനിന്നും പ്രത്യേക വികസന നിധി പ്രകാരം ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികൾ

10(2286) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക വികസന നിധി പ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികൾ ഏതെല്ലാം;വിശദമാക്കാമോ;

(ബി) ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാം; അവയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി* ചേർക്കുന്നു.

## പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായ കർമ്മ സമിതികളുടെ പ്രവർത്തന പുരോഗതി

11(2287) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആസൂത്രണബോർഡ് രൂപം കൊടുത്ത 43 കർമ്മ സമിതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സുസ്ഥിരമായ നേട്ടം കൈവരിക്കാനുതകുന്ന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) നാലാമത് കേരള പൊതുചെലവ് പുനഃപരിശോധന കമ്മിറ്റിയുടെ ശിപാർശപ്രകാരം പൊതുചെലവ് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് 43 കർമ്മ സമിതികൾ രൂപീകരിച്ചു. 2016 സെപ്റ്റംബർ അവസാനത്തോടെ ആരംഭിച്ച കർമ്മ സമിതികൾ 2017 മാർച്ചോടെ റിപ്പോർട്ടുകൾ സമർപ്പിച്ചു. കർമ്മസമിതികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് പതിമൂന്നാം പദ്ധതിയും 2017-18, 2018-19-കളിലെ വാർഷിക പദ്ധതികളും രൂപീകരിച്ചത്.

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സുസ്ഥിര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ഇത് ജനകീയ പങ്കാളിത്തത്തോടുകൂടി വിവിധ വകുപ്പുകളിലൂടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയ തലത്തിൽ ഒരു ചട്ടക്കൂട് രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee-യും സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ (കില), സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷയായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു. വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും sustainable Development Goals കൈവരിക്കുന്നതിന് വേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit-ഉം Kerala Institute of Local Administration -ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16-2-2018-ൽ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർചർച്ചകൾ, ശിൽപ്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകി വരുന്നു. സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻ മുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരളം മിഷൻ പദ്ധതിയെ Sustainable Development Goals-ന്റെ സൂചകങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുന്നതിനും ഉദ്ദേശ്യമുണ്ട്.

(സി) ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിന് പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടുവരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (FMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ

നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവുചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാ ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തും

റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി ഓരോ വർഷവും 20-30 ബേസിസ് പോയിന്റ് വീതം കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. 2016-17-ൽ റവന്യൂ കമ്മി 2.51 ശതമാനമായിരുന്നു. 2017-18-ലെ പുതുക്കിയ കണക്ക് പ്രകാരം ഇത് 1.9 ശതമാനമായി കുറഞ്ഞിട്ടുണ്ട്. 2018-19-ൽ റവന്യൂ കമ്മി 1.6 ശതമാനമായി കുറയ്ക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## ഒറ്റപ്പാലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതി

12 (2288) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഈ സർക്കാർ അംഗീകാരം നൽകി ഫണ്ട് അനുവദിച്ചത് ;വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിരുന്ന എത്ര പ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിച്ചു; ഇനി പൂർത്തീകരിക്കാനുള്ളവ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 15 പ്രവൃത്തികൾക്കും 2017-18 സാമ്പത്തിക വർഷത്തെ 6 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

13 (2289) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ കടപ്പത്രങ്ങൾ മുഖേനയും മറ്റ് മാർഗ്ഗങ്ങളിലൂടെയും എത്ര തുക കടമെടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ കാലയളവിൽ ട്രഷറി നിയന്ത്രണം എത്ര കാലം ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ സർക്കാരിന്റെ കാലയളവിൽ നാളിതുവരെയുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാർ അധികാരം ഏൽക്കുന്നതിന് തൊട്ടുമുമ്പ് അവസാനിച്ച സാമ്പത്തിക വർഷത്തെ (2011 മാർച്ച് 31-ന്) സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നത് ടി സർക്കാർ അധികാരം ഒഴിയുന്നതിന് തൊട്ടുമുമ്പ് (2016 മാർച്ച് 31-ന്) അവസാനിച്ച സാമ്പത്തിക വർഷം 1,57,370.33 കോടി രൂപയായി വർദ്ധിച്ചു.

(ബി) മുൻസർക്കാർ അധികാരത്തിലിരുന്ന കാലയളവിൽ ഉടനീളം ട്രഷറി വിനിമയങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

(സി) 2016-17, 2017-18 കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്കുകൾ പ്രകാരം പൊതുകടത്തിൽ 50,964.62 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

## ഇ-വേ ബിൽ സമ്പ്രദായം

14 (2290) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന ഇ-വേ ബിൽ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ബിൽ ഇല്ലാതെ അന്തർ സംസ്ഥാന ചരക്കുഗതാഗതം നടത്തുന്ന വാഹനങ്ങളെ ട്രാക്ക് ചെയ്തുപിടിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം ചെക്ക്പോസ്റ്റുകളിൽ ഇത്തരം വാഹനങ്ങളെ ട്രാക്ക് ചെയ്തു പിടിച്ചുവെന്നും എത്ര തുകയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2018 ഏപ്രിൽ 1 മുതൽ അന്തർസംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. 10 കിലോമീറ്ററിന് മുകളിലുള്ള ചരക്കുനീക്കത്തിന് വാഹന നമ്പർ ഇല്ലാതെയുള്ള ഇ-വേ ബില്ലിന് സാധുതയില്ല. ഇ-വേ ബിൽ ഒഴിവാക്കിയിട്ടുള്ള ചരക്കുകളുടെ വിവരം കേന്ദ്ര വിജ്ഞാപനം 27/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന സർക്കാർ വിജ്ഞാപനം നമ്പർ 03/2018 പ്രകാരം വാൻ സെയിലും സംസ്ഥാനത്തിനകത്ത് കർഷകരിൽനിന്നും നേരിട്ടുള്ള റബ്ബർ സ്ക്രാപ്പ്, റബ്ബർ ഷീറ്റ്, റബ്ബർ പാൽ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ വാങ്ങലും 25 കിലോമീറ്ററിനുള്ളിൽ സ്വന്തം ആവശ്യങ്ങൾക്കായിട്ടുള്ള സാധനങ്ങളുടെ വാങ്ങലും ഇ-വേ ബില്ലിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃതമല്ലാത്ത വാഹനങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന് ഇ-വേ ബിൽ ഒഴിവാക്കിയിട്ടുണ്ട്. ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ 50,000 രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000 രൂപയ്ക്കുമുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കള്ളക്കടത്തും നികുതി വെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സംസ്ഥാന സർക്കാർ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലുകളുമായി നിരീക്ഷണ ക്യാമറകൾ ബന്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നീരീക്ഷണ ക്യാമറകളിൽനിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി. നെറ്റ്‌വർക്ക് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ തത്സമയംതന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്ര

സർക്കാർ ആർ.എഫ്.ഐ.ഡി. സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയം പ്രവർത്തനക്ഷമമായി മാറുകയും ചെയ്യും. നിലവിൽ ഇന്റലിജൻസ് വിഭാഗം ഓൺലൈൻ സംവിധാനങ്ങളുപയോഗിച്ച് ഇ-വേ ബിൽ പരിശോധിക്കുകയാണ് ചെയ്യുന്നത്.

(സി) ജി.എസ്.ടി. സംവിധാനത്തിൽ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗമാണ് ചരക്കുവാഹനങ്ങളും ഇ-വേ ബില്ലുകളും പരിശോധിക്കുന്നത്. ഇന്ത്യയിൽ 2018 ഏപ്രിൽ 1 മുതലാണ് അന്തർസംസ്ഥാന ചരക്കുനീക്കങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ഇ-വേ ബിൽ നിർബന്ധമാക്കിയതിനുശേഷം വാഹന പരിശോധനയിലൂടെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നികുതിയിനത്തിലും പിഴയിനത്തിലുംകൂടി 4.84 കോടി രൂപ ഈടാക്കിയിട്ടുണ്ട്.

## റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

15 (2291) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; അതിലൂടെ എന്ത് വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതുകൊണ്ട് മെച്ചമുണ്ടായിട്ടുണ്ടോ; ഈ നടപടികൾ വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സർക്കാർ കൈക്കൊണ്ടുവരികയാണ്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും ഇന്റലിജൻസ് സ്ക്വാഡുകളെ പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. നികുതി കുടിശ്ശിക അസസ്മെന്റ് കാര്യക്ഷമമാക്കുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. മോട്ടോർ വാഹന നികുതി ഇനത്തിൽ വർദ്ധനവ്

ലഭിക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. ഭൂമിയുടെ ന്യായവിലയിൽ 10 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില യുക്തിസഹമായി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള ഫീസുകൾ നേരിയ തോതിൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതുവഴി ജി.എസ്.ടി.-യിൽനിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ വകുപ്പുകൾ പൊതുമേഖല/ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ 5 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്.

നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ധനകാര്യ വകുപ്പ് മറ്റ് വകുപ്പുകൾ, ബജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്നുശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ )

| | 2015-16 | 2016-17 | 2017-18 |
|---|---|---|---|
| റവന്യൂ വരുമാനം | 69032.66 | 75611.72 | 82927.19* |

(*അക്കൗണ്ടന്റ് ജനറലിൽനിന്നുള്ള പ്രാഥമിക കണക്കുകൾ പ്രകാരം)

(ബി) വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ കുറച്ചുവർഷങ്ങളായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വർക്ക് സ്റ്റഡി നടത്തിയതിനുശേഷവും പുനർവിന്യാസത്തിനുള്ള സാദ്ധ്യതകൾ കൂടി പരിശോധിച്ച ശേഷവുമായിരിക്കും തസ്തികകൾ അനുവദിക്കുക. അതേസമയം സാമൂഹ്യക്ഷേമ ചെലവുകൾക്കോ വികസന ചെലവുകൾക്കോ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ രണ്ടുവർഷക്കാലംകൊണ്ട് 12685 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കർശനമായ പരിശോധനയ്ക്ക് ശേഷമേ ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ. പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തിയും ചെലവ് പരമാവധി കുറയ്ക്കുന്നതാണ്. ഇപ്രകാരം ചെലവുചുരുക്കൽ നടപടികളുടെ യഥാർത്ഥ ഫലപ്രാപ്തി സംബന്ധിച്ച വിവരങ്ങൾ വരും വർഷങ്ങളിൽ പ്രതിഫലിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ**

16(2292) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ കേരളത്തിന്റെ നികുതിവരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏതെല്ലാം മേഖലയിലുള്ള ശിപാർശ കളായിരിക്കും പ്രതികൂലമായേക്കുമെന്ന് വിലയിരുത്തുന്നത്;വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടമാണ് സംസ്ഥാനത്തിന് ഉണ്ടാവുക; ഇതൊഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ ഇതുവരെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല. പ്രസ്തുത ശിപാർശകൾ 2019 ഒക്ടോബറിൽ മാത്രമേ സമർപ്പിക്കുകയുള്ളൂ.

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷൻ അതിന്റെ ശിപാർശകൾ സമർപ്പിക്കുന്ന മുറയ്ക്കേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകൂ. ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ധനകാര്യ/ മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന തിരുവനന്തപുരം, അമരാവതി സമ്മേളനങ്ങളിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സംസ്ഥാന സന്ദർശന വേളയിൽ ഈ വിഷയങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങിയ മെമ്മോറാണ്ടം കമ്മീഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പെട്രോൾ ഡീസൽ വിലവർദ്ധനവ്**

17 (2293) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് 31-ലെ കണക്കുപ്രകാരം ഒരു ലിറ്റർ പെട്രോളിന്റെയും ഡീസലിന്റെയും വില തിരുവനന്തപുരത്ത് എത്ര രൂപയാണെന്നും ഈ വിലയിൽ സംസ്ഥാന നികുതിയും കേന്ദ്ര നികുതിയും എത്ര വീതമാണെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തിനുള്ള നികുതി വിഹിതകണക്കിൽ 2016 ജൂൺ ഒന്നിന് ശേഷം എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോയെന്നും ഇനി കുറവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കുമോ;

(സി) 2016 ജൂൺ 1-നും 2018 ജൂൺ 1-നും പെട്രോൾ/ഡീസൽ വിലയിൽ സംസ്ഥാനത്തിന് എത്ര കോടി രൂപ നികുതി വരുമാനം ലഭിച്ചെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2018 മേയ് 31-ലെ കണക്കുപ്രകാരം ഒരു ലിറ്റർ പെട്രോളിന്റെയും ഡീസലിന്റെയും തിരുവനന്തപുരത്തെ വില സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | പെട്രോൾ | ഡീസൽ |
|---|---|---|
| വില | 82.54 രൂപ | 75.13 രൂപ |
| സംസ്ഥാന നികുതി | 20.01 രൂപ | 15.28 രൂപ |
| കേന്ദ്ര നികുതി | 19.48 രൂപ | 15.33 രൂപ |

(ബി) 1-6-2018 മുതൽ പെട്രോളിന്റെ നികുതി 31.80 ശതമാനത്തിൽനിന്നും 30.08 ശതമാനമായും ഡീസലിന്റെ നികുതി 24.52 ശതമാനത്തിൽനിന്നും 22.76 ശതമാനമായും കുറവ് വരുത്തിയിട്ടുണ്ട്. ഇനി കുറവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) 2016 ജൂൺ 1-ന് പെട്രോളിൽനിന്നും 7.78 കോടി രൂപയും ഡീസലിൽനിന്ന് 9.93 കോടി രൂപയും നികുതി വരുമാനം ലഭിച്ചു. 2018 ജൂൺ ഒന്നിന് പെട്രോളിൽനിന്നും 10.18 കോടി രൂപയും ഡീസലിൽനിന്ന് 11.30 കോടി രൂപയും നികുതി വരുമാനം ലഭിച്ചു.

**പെട്രോളിയം വില വർദ്ധനവുമൂലം അധിക നികുതി**

18 (2294) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം കമ്പനികൾ ഡീസൽ, പെട്രോൾ വിലകളിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(ബി) ഈ വില വർദ്ധനവുമൂലം സംസ്ഥാനത്തിന് അധിക വില്പന നികുതിയിനത്തിൽ എന്ത് തുക ഇതുവരെ ലഭിച്ചിട്ടുണ്ട്;

(സി) ഓരോ പ്രാവശ്യവും വർദ്ധനവ് വരുത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിച്ച അധിക വില്പന നികുതി എത്രയായിരുന്നു;വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം കമ്പനികൾ ഡീസൽ ലിറ്റർ ഒന്നിന് 15.03 രൂപയുടെയും പെട്രോൾ ലിറ്റർ ഒന്നിന് 12.48 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി&സി) ഈ വില വർദ്ധനവുമൂലം സംസ്ഥാനത്തിന് അധിക വിൽപ്പന നികുതിയിനത്തിൽ (എ.എസ്.ടി .)വർദ്ധനവുണ്ടായിട്ടില്ല.

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിലൂടെയുള്ള അധിക നികുതി വരുമാനം**

19 (2295) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുകൊണ്ട് സംസ്ഥാനത്തിന് ലഭിച്ച അധിക നികുതി വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ലഭിച്ച അധിക നികുതി എതെല്ലാം മേഖലയുടെ വികസന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ അധികവരുമാനത്തിൽ നിന്നും ഒരു നിശ്ചിത ശതമാനം തുക വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനകൊണ്ട് സംസ്ഥാനത്തിന് 31-5-2018 വരെ പെട്രോളിൽനിന്നും 247.87 കോടി രൂപയും ഡീസലിൽനിന്ന് 370.52 കോടി രൂപയും അധിക നികുതി വരുമാനമായി ലഭിച്ചു. വരുമാനം സഞ്ചിതനിധിയിൽ വരവുവെച്ച് ബജറ്റ് പ്രകാരം ചെലവുചെയ്യുക എന്നതാണ് നിയമാനുസൃത രീതി. സർക്കാർ ചെലവിലുണ്ടാകുന്ന വർദ്ധനവ് എല്ലാ മേഖലകളിലും പ്രതിഫലിക്കും.

## പെട്രോളിനും ഡീഡലിനും സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി

20 (2296) ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി എന്തെല്ലാമാണെന്നും അത് എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇന്ധന നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുക എത്രയാണ്;

(സി) ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പെട്രോൾ | | |
| വിൽപ്പന നികുതി | - | 30.08 % |
| അധിക വിൽപ്പന നികുതി | - | ലിറ്ററിന് ഒരു രൂപ |
| സെസ്സ് | - | ആകെ നികുതിയുടെ ഒരുശതമാനം |
| ഡീസൽ വിൽപ്പന നികുതി | - | 22.76 % |
| അധിക വിൽപ്പന നികുതി | - | ലിറ്ററിന് ഒരു രൂപ |
| സെസ്സ് | - | ആകെ നികുതിയുടെ ഒരു ശതമാനം |

(ബി) ഇന്ധന നികുതി ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുക ചുവടെ ചേർക്കുന്നു:

പെട്രോൾ - 3226.91 കോടി രൂപ

ഡീസൽ - 3823.30 കോടി രൂപ

(സി) 2018-19 സാമ്പത്തിക വർഷത്തിൽ പെട്രോളിൽനിന്നും 3872.29 കോടി രൂപയും ഡീസലിൽനിന്നും 4587.96 കോടി രൂപയും പ്രതീക്ഷിക്കുന്നു.

## പെട്രോളിന്റെയും ഡീഡലിന്റെയും വില കുറച്ച നടപടി

21 (2297) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും 2018 ജൂൺ 1 മുതൽ 1 രൂപ കുറച്ച് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടിയുടെ ഭാഗമായി സംസ്ഥാനത്തിന് പ്രതിമാസം എത്ര കോടി രൂപയുടെ നഷ്ടമാണ് വന്നുചേരുന്നത്;

(ബി) സംസ്ഥാന സർക്കാർ പീരിയോഡിക്കലായി വില നിലവാരം പരിഗണിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും 2018 ജൂൺ 1 മുതൽ ഒരു രൂപ കുറച്ച് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടിയുടെ ഭാഗമായി സംസ്ഥാനത്തിന് പ്രതിമാസം 41 കോടിയോളം രൂപയുടെ നഷ്ടമാണ് വന്നുചേരുന്നത്.

(ബി) പ്രത്യേക സംവിധാനം പരിഗണനയിലില്ല.

## റവന്യൂ ചെലവിൽ ധനകാര്യ കമ്മീഷന് ആശങ്ക

22(2298) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വർദ്ധിച്ചുവരുന്ന പലിശബാധ്യത , ശമ്പളം, പെൻഷൻ എന്നിവയ്ക്ക് റവന്യൂ വരവിന്റെ പ്രധാന ഭാഗം ചെലവഴിക്കുന്നതിൽ 15 ാം ധനകാര്യ കമ്മീഷൻ ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി സംസ്ഥാന റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനം വീതമാണ് നിലവിൽ ചെലവഴിക്കുന്നത്;

(സി) ഇതുമൂലം റവന്യൂ കമ്മിയിലുണ്ടാകുന്ന വർദ്ധന എത്ര ശതമാനമാണ്; റവന്യൂ കമ്മി 3 ശതമാനമായി നിലനിർത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. എന്നീ സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് സർക്കാരിന് കൂടുതൽ സാമ്പത്തികഭാരം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) വികസിത രാജ്യങ്ങൾക്ക് സമാനമായ മാനവവികസനശേഷിയും വിനോദ സഞ്ചാര സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാന വരുമാനം വർദ്ധിപ്പിക്കണമെന്ന ധനകാര്യ കമ്മീഷന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇതിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് ഔദ്യോഗിക വിശദീകരണമൊന്നും ആവശ്യപ്പെട്ടിട്ടില്ല.

(ബി) 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആകെ റവന്യൂ വരുമാനത്തിന്റെ 35.61 ശതമാനം ശമ്പളത്തിനായും 19.33 ശതമാനം പെൻഷനായും 15.32 ശതമാനം പലിശ ബാദ്ധ്യത ഇനത്തിലും ചെലവഴിക്കുന്നു.

(സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2015-16 സാമ്പത്തികവർഷത്തിൽ പലിശ ബാദ്ധ്യത, ശമ്പളം, പെൻഷൻ എന്നിവ ആകെ റവന്യൂ വരുമാനത്തിന്റെ 69.10 ശതമാനമാണ്. 2016-17-ൽ ഇത് 73.32 ശതമാനമായി വർദ്ധിക്കുകയുണ്ടായി. എന്നാൽ 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇത് 70.27 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഈ കുറവ് റവന്യൂ കമ്മിയിലും പ്രതിഫലിച്ചിട്ടുണ്ട് (2016-17 റവന്യൂ കമ്മി 15485 കോടി രൂപയായിരുന്നു. ഇത് 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 13080 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്)

2018-19-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം റവന്യൂ വരവ് വർദ്ധിപ്പിച്ചും റവന്യൂ ചെലവുകൾ വെട്ടിച്ചുരുക്കിയും റവന്യൂ കമ്മി GSDP-യുടെ 1.66 ശതമാനമായും ധനക്കമ്മി GSDP-യുടെ 3.10 ശതമാനമായും നിലനിർത്താനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ നൽകുന്ന സഹായം സർക്കാർ ട്രഷറിയിന്മേൽ സമ്മർദ്ദമുണ്ടാക്കുന്നുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിച്ച് സ്വയം സജ്ജമാക്കുന്നതിനുവേണ്ട സഹായം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആയതിനാൽ പ്രഖ്യാപിതമായ സഹായം തടസ്സമില്ലാതെ നൽകുന്നതാണ്.

(ഇ) വികസിത രാജ്യങ്ങൾക്ക് സമാനമായ മാനവവികസനശേഷിയും വിനോദ സഞ്ചാര സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി സംസ്ഥാന വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

## സാമ്പത്തിക പ്രതിസന്ധി

23(2299) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന വിവിധ കുടിശ്ശികകൾ തീർക്കുന്നതിനായി ഈ സർക്കാർ എത്ര രൂപ ചെലവഴിച്ചു; വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ?

ഉത്തരം

(എ&ബി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെ ധൃതിപിടിച്ച് ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽപ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായി പാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും ടി വൈഷമ്യം തരണംചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം

(സി) ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ ദീർഘകാല ബാദ്ധ്യതയ്ക്കുപുറമെ അടിയന്തര ഹ്രസ്വകാല ബാദ്ധ്യതകളുൾപ്പെടെ ഏകദേശം 11295.67 കോടി രൂപയായിരുന്നു വിവിധ ഇനങ്ങളിൽ കുടിശ്ശികയായിരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | തുക കോടിയിൽ |
|---|---|---|
| അടിയന്തര ബാദ്ധ്യത | | |
| 1 | ഇ-ലാംസ് | 1431.00 |
| 2 | ട്രഷറി ക്യൂ | 100.00 |
| 3 | വെയ്സ് & മീൻസ് ക്ലിയറൻസിനായി കിടന്നവ | 450.00 |
| 4 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1473.67 |

| | | |
|---|---|---|
| 5 | ബാങ്കുകൾക്കും കരാറുകാർക്കും നൽകാനുള്ളത് | 1632.00 |
| 6 | സ്ഥാപനങ്ങളിൽനിന്നും ലഭിച്ച ഡെപ്പോസിറ്റുകൾ | 1365.00 |
| 7 | ഭൂമി ഏറ്റെടുക്കൽ വില നൽകേണ്ടത് | 250.00 |
| 8 | മറ്റ് പെൻഷനുകൾ | 268 |
| ബജറ്റിൽ വകയിരുത്താത്ത ഹ്രസ്വകാല ബാദ്ധ്യതകൾ | | |
| 9 | ഫ്ലാഗ്ഷിപ് റോഡ് പദ്ധതി | 1620.00 |
| 10 | ബജറ്റ് വിഹിതത്തിനതീതമായി ഭരണാനുമതി നൽകിയ മരാമത്ത് പദ്ധതികൾ | 1199.00 |
| 11 | സർക്കാരിതര ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക | 500.00 |
| 12 | നെല്ല് സംഭരണം | 471.00 |
| 13 | വിപണി ഇടപെടൽ | 536.00 |
| | ആകെ | 11295.67 |

## സംസ്ഥാനത്തിന്റെ പൊതു ധനകാര്യ സ്ഥിതി

24(2300) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതു ധനകാര്യസ്ഥിതി എന്തെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ദിവസം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നുയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിലുള്ള നിലവിലെ അന്തരം എത്രയാണ്;

(ഡി) സംസ്ഥാനത്തിന്റെ പ്രതിദിന ചെലവ് എത്രയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഭരണനിർവ്വഹണത്തിനുള്ള ചെലവും വരവും തമ്മിലുള്ള നിലവിലെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം (കേന്ദ്ര ഗവൺമെന്റിൽനിന്നും കൈമാറ്റം ചെയ്ത് കിട്ടിയത് ഉൾപ്പെടെ) 82927.19 കോടി രൂപയും റവന്യൂ ചെലവ് 97894.83 കോടി രൂപയും ആയിരുന്നു. റവന്യൂ കമ്മിയും ധനക്കമ്മിയും യഥാക്രമം 14967.65 കോടിയും 24310.74 കോടിയും മൂലധന ചെലവ് 8182.73 കോടി രൂപയുമായിരുന്നു.

(ബി) സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. അതിലുപരിയായി മറ്റ് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

(സി) 2017-18 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. ആയത് പ്രകാരം റവന്യൂ കമ്മി 14967.65 കോടി രൂപയും ധനക്കമ്മി 24310.74 കോടി രൂപയുമാണ്.

(ഡി) ചെലവുകൾ ഏകീകൃത സ്വഭാവമില്ലാത്തതാകയാലും അക്കൗണ്ടന്റ് ജനറൽ വാർഷികാടിസ്ഥാനത്തിൽ മാത്രം കണക്കുകൾ അന്തിമമായി തയ്യാറാക്കുകയും ചെയ്യുന്നതിനാൽ ദിവസ അടിസ്ഥാനത്തിൽ ചെലവ് കണക്കാക്കുന്നതിനുതകുന്ന ആധികാരിക വിവരങ്ങൾ ലഭ്യമല്ല.

(ഇ) 2017-18 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം റവന്യൂ വരവും റവന്യൂ ചെലവും തമ്മിലുള്ള അനുപാതം 100:118 ആണ്.

## കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ

25(2301) ശ്രീ. വി. ടി.ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന ഇതുവരെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ഇവയ്ക്കായി വേണ്ടിവരുന്ന ആകെ തുക എത്രയെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചുവെന്നും എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-6-2018-ൽ നടന്ന കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലും 2-6-2018-ൽ നടന്ന കിഫ്ബി ബോർഡിലും അംഗീകരിച്ച പദ്ധതികൾ ഉൾപ്പെടെ ആകെ 23,355.18 കോടി രൂപയുടെ 383 പദ്ധതികൾക്ക്/ ഉപ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇവയിൽ 109 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 60 പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**കിഫ്ബിയിലെ ജീവനക്കാർ**

26(2302) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിലവിൽ എത്ര ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്; ഇവരുടെ നിയമനരീതി വിശദമാക്കുമോ;

(ബി) ഈ ജീവനക്കാരുടെ തസ്തിക, ശമ്പളം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ കിഫ്ബിയിൽ 39 ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇതിൽ ധനവകുപ്പിലെ കേഡർ തസ്തികകൾക്കുപുറമേ ധനവകുപ്പ്, പൊതുഭരണ വകുപ്പ്, സെബി എന്നിവിടങ്ങളിൽനിന്നുള്ള ഡെപ്യൂട്ടേഷനിലും സി.എം.ഡി. വഴിയും നേരിട്ടും എഴുത്തുപരീക്ഷയും അഭിമുഖവും നടത്തി കോൺട്രാക്ട് വ്യവസ്ഥയിലും ദിവസ വേതന അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഇൻസ്പെക്ഷൻ അതോറിറ്റിയിലേയ്ക്ക് 17 പേരുടെ വിദഗ്ദ്ധ സേവനം 6 മാസത്തേയ്ക്ക് സി.എം.ഡി. വഴി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കിഫ്ബിയിലെ ജീവനക്കാരുടെ തസ്തിക, ശമ്പളനിരക്ക് എന്നിവയും സി.എം.ഡി. വഴി കിഫ്ബിയിലേയ്ക്ക് നിയമിതരായ ജീവനക്കാരുടെ തസ്തിക, ശമ്പളനിരക്ക് എന്നിവയും അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബിയിൽനിന്ന് കോളേജുകൾക്ക് ധനസഹായം

27(2303) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ സർക്കാർ കോളജുകൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും തുക അനുവദിച്ചിട്ടുണ്ടോ;എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തഴവ ഗവ.കോളജിനുവേണ്ടി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിന് ഇത്തരത്തിൽ ഉത്തരവായിട്ടുണ്ടോ;

(ഡി) ഇതിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2016-17 ബജറ്റിൽ സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി 500 കോടി രൂപയുടെ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണ വകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ ( KITE) നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തെരഞ്ഞെടുത്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി KITE കിഫ്ബിയിൽ സമർപ്പിച്ച 15 കോളേജുകൾക്ക് വിശദമായ പരിശോധനയ്ക്കുശേഷം 131.63 കോടി രൂപ അനുവദിക്കാൻ കിഫ്ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഉത്തരവുകൾ തയ്യാറായിവരുന്നു. എന്നാൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോളേജുകൾക്ക് സ്ഥലം വാങ്ങുവാൻ നാളിതുവരെ കിഫ്ബി തീരുമാനം എടുത്തിട്ടില്ല.

(സി) തഴവ ഗവ. കോളേജിന് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ ഇതുവരെ കിഫ്ബി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ബന്ധപ്പെട്ട ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആണ് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കേണ്ടത്.

## കിഫ്ബിയിൽ സമാഹരിച്ച തുക

28(2304) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽ നിലവിൽ എന്ത് തുക ലഭ്യമാക്കിയിട്ടുണ്ട് ;

(ബി) മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ് ഇനങ്ങളിൽ ഇതുവരെ എന്ത് തുക പ്രസ്തുത ഫണ്ടിലേക്ക് ലഭിച്ചു ;

(സി) മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന ശീർഷകത്തിൽ 2015-16 മുതൽ നിക്കിയിരിപ്പുണ്ടായിരുന്ന തുക കിഫ്ബി ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ ഓരോ വർഷവും ലഭിച്ച തുകയെത്രയാണ് ;

(ഡി) നബാർഡിൽനിന്നും എത്ര കോടി രൂപ കിഫ്ബി ഫണ്ടിലേക്ക് വായ്പയായി എടുത്തിട്ടുണ്ട്;

(ഇ) കെ.എസ്.എഫ്.ഇ.- യുടെ പ്രവാസി ചിട്ടിയിലൂടെ ഈ പദ്ധതിയിലേക്ക് ഫണ്ട് സ്വീകരിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കാത്തത് എന്തുകൊണ്ടാണ്;

(എഫ്) ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, മസാല ബോണ്ട് എന്നിവ വഴി എന്ത് തുക ഇതുവരെ സമാഹരിച്ചു?

### ഉത്തരം

(എ) കിഫ്ബി ഫണ്ടിൽ നിലവിൽ 38,638,213,410.83 രൂപ ലഭ്യമായിട്ടുണ്ട്.

(ബി) മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ് ഇനങ്ങളിൽ നിന്നും ഇതുവരെ 1,772.64 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന ശീർഷകത്തിൽ നിന്നും 2015-16-ൽ 873,85,52,778 രൂപയും 2016-17-ൽ 1624,56,74,966 രൂപയും കിഫ്ബിയിൽ ലഭ്യമായിട്ടുണ്ട്.

(ഡി) നബാർഡിന്റെ NDA സ്കീം മുഖേന 565 കോടി രൂപ കിഫ്ബിക്ക് അനുവദിക്കുകയും അതിൽ 100.80 കോടി രൂപ ആദ്യഗഡുവായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പൂർണ്ണമായും ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ഒരു സംവിധാനമാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിക്കായി തയ്യാറാക്കുന്നത്. വളരെ വിപുലവും സങ്കീർണ്ണവുമായ ചിട്ടി നിയമങ്ങൾ ഒരു സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമായിരുന്നു. കൂടാതെ

വിദേശത്തുനിന്നും സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്തുന്ന ഒരു സംവിധാനമായതിനാൽ അതിൻപ്രകാരം പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ, മതിയായ സുരക്ഷാ നടപടികൾ എന്നിവ സ്വീകരിച്ചുമാത്രമേ ടി സോഫ്റ്റ്‌വെയർ പൊതുജനങ്ങൾക്കായി ലഭ്യമാക്കാൻ കഴിയൂ. ഈ ഒരു കാലതാമസമാണ് കെ.എസ്.എഫ്. ഇ. പ്രവാസി ചിട്ടി ആരംഭിക്കുന്നതിൽ ഉണ്ടായത്. എന്നാൽ ഈ നടപടികൾ പൂർത്തിയായി വരുന്ന സാഹചര്യത്തിൽ പ്രവാസി ചിട്ടി താമസിയാതെ ആരംഭിക്കുന്നതാണ്.

(എഫ്) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ മുഖേനയും മസാല ബോണ്ടുകൾ വഴിയും ഫണ്ടുകൾ സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതേയുള്ളു.

## കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ

29(2305) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ എത്ര കോടി രൂപയുടെ, എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിനായി ഇപ്പോൾ എത്ര കോടി രൂപയുടെ ഫണ്ട് നിലവിലുണ്ട്;

(സി) ഈ തുക ഏത് ബാങ്ക്/ട്രഷറിയിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ തുക സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള 5 വർഷ കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിന്റെയും 2017-18-ലെ ബജറ്റ് പ്രസംഗത്തിന്റെയും അടിസ്ഥാനത്തിലും നാളിതുവരെ 31,540.14 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 23,414.4 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ബോർഡ് അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി പട്ടിക അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) നിലവിൽ ലഭ്യമായ കിഫ്ബി ഫണ്ടിനെക്കുറിച്ചും അത് നിക്ഷേപിച്ചിരിക്കുന്നതിന്റെ വിശദാംശങ്ങളുമടങ്ങുന്ന പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമാകുന്ന തുക സംസ്ഥാന ട്രഷറിയിലല്ലാതെയുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകിയിട്ടുള്ള ഉയർന്ന റേറ്റിംഗ്, ഉയർന്ന പലിശ നിരക്ക്, നിലവിലെ നിക്ഷേപത്തിന്റെ തോത് എന്നിവയുടെ അടിസ്ഥാനത്തിലാണ് നിക്ഷേപം നടത്തിയിട്ടുള്ള സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. കിഫ്ബിയിലെ നിലവിലുള്ള എല്ലാ നിക്ഷേപങ്ങളും ബോർഡ് അംഗീകരിച്ച 'ഇൻവെസ്റ്റ്മെന്റ് പോളിസി'യുടെ അടിസ്ഥാനത്തിലാണ്.

**മങ്കട മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികൾ**

30 (2306) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) പദ്ധതിയുടെ പ്രഖ്യാപനവും ഇൻ-പ്രിൻസിപ്പൽ എ.എസ്. എന്നിവ നൽകിയിട്ടും നാളിതുവരെ പദ്ധതികളുടെ ധനാനുമതി കിഫ്ബി അനുവദിക്കാത്തത് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് കിഫ്ബി ബോർഡിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്?

<u>ഉത്തരം</u>

(എ&ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ മങ്കട നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെ അനുബന്ധമായി* ചേർക്കുന്നു. ബജറ്റ് പ്രസംഗത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി നൽകുകയും ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കൾ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റ് വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്നമുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതുമാണ്.

(സി) 24-2-2018-ലെ സ.ഉ.(കൈ.)നമ്പർ 69/2018/ധന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ പരിശോധനാ രീതികളാണ് കിഫ്ബി അവലംബിക്കുന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

### കിഫ്ബി മുഖേന കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ

31(2307) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പോകുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് നിലവിൽ കിഫ്ബി അംഗീകാരം/ ഭരണാനുമതി ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി അംഗീകാരം ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയും എന്ന് മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും ഇതിൽ കിഫ്ബി ഭരണാനുമതി നൽകിയ 12 പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(ഡി) കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളുടെ തുടർനടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(എസ്.പി.വി.) ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാറശ്ശാല മണ്ഡലത്തിലെ കിഫ്ബി വഴിയുള്ള പ്രവൃത്തികൾ

32(2308) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; അവയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം പദ്ധതികളാണ് കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്; അവയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി))പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികളുടെ പട്ടികയും ഓരോ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും പ്രസ്തുത മണ്ഡലവുമായി ബന്ധപ്പെട്ട കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

## കിഫ്ബിയും ആസ്തി വികസന നിധിയും

33(2309) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ തലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്ന സ്കൂൾകെട്ടിട നിർമാണങ്ങൾക്ക് കിഫ്ബിയിൽനിന്നും അനുവദിക്കുന്ന തുകയ്ക്ക് പുറമെ അധികമായി തുക ആവശ്യമായി വരുമ്പോൾ പ്രസ്തുത തുക ആസ്തി വികസന നിധിയിൽ നിന്നും അനുവദിക്കുകയാണെങ്കിൽ ആയതിന് ജില്ലാകളക്ടറിൽനിന്നും വീണ്ടും ഭരണാനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റും അനുബന്ധ രേഖകളും എപ്രകാരമാണ് സമർപ്പിക്കേണ്ടത്; സർക്കാരിൽ നിന്നുള്ള ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത് 1-12-2017-ലെ സ.ഉ.(അ)നമ്പർ 153/2017/ധന. പ്രകാരമാണ്. പ്രസ്തുത ഉത്തരവനുസരിച്ച് എം.എൽ.എ.-മാർ ഇതിനായുള്ള തങ്ങളുടെ ശിപാർശകൾ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർമാർ ആയത് പരിശോധിച്ച് ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്ന ഓൺലൈൻ പോർട്ടലിലൂടെ (www.ads2kerala.gov.in) ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയയ്ക്കേണ്ടതും ധനകാര്യ വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ ആസ്തി വികസന ഫണ്ട് ടി പ്രവൃത്തിക്ക് അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റുകൾ നിർവ്വഹണ ഏജൻസി തയ്യാറാക്കിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റും മറ്റ് അനുബന്ധരേഖകളും എം.എൽ.എ.-യുടെ ശിപാർശയോടൊപ്പം വീണ്ടും സമർപ്പിക്കേണ്ടതില്ല.

**നേമം മണ്ഡലത്തിലെ ആസ്തിവികസന പദ്ധതികൾ**

34 (2310) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ.-എസ്.ഡി.എഫ്., എ.ഡി.എഫ്. സ്കീമുകൾ പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതികളും ഓരോ പദ്ധതിയുടെ തുകയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ സാങ്കേതികാനുമതി ലഭിക്കാത്തവയുടെയും ഇതുവരെ കമ്മീഷൻ ചെയ്യാത്തവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 മുതൽ 2015-2018 വരെയുള്ള വർഷങ്ങളിൽ നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ.-എസ്.ഡി.എഫ്. സ്കീമുകൾ പ്രകാരം ഭരണാനുമതി

ലഭിച്ച പദ്ധതികളും ഓരോ പദ്ധതിയുടെ തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

എ.ഡി.എഫ്. സ്കീമുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെട്ട വൈപ്പിനിലെ പ്രവൃത്തികൾ

35 (2311) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെട്ടതും ടെണ്ടർ ചെയ്തതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികളാണ് ഇനിയും ഏറ്റെടുക്കാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## എം.എൽ.എ. ആസ്തി വികസന സ്കീം

36 (2312) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എൽ. ആസ്തി വികസന സ്കീമിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചുകഴിഞ്ഞ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് അനുമതിയുണ്ടോ;

(ബി) ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡ് പ്രവൃത്തികളുടെ ഡി. പി. ആർ. സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ വിഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിനെ മാത്രമാണോ ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) അല്ലെങ്കിൽ ഇതര ഏജൻസികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ ഭരണാനുമതി ലഭിച്ചുകഴിഞ്ഞ പ്രവൃത്തികൾക്ക് ഏതെങ്കിലും തരത്തിൽ മാറ്റം വരുന്ന പക്ഷം ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അതേ സാമ്പത്തികവർഷം തന്നെ സമർപ്പിക്കേണ്ടതാണ്. മാറ്റം അനിവാര്യമായ സാഹചര്യം വ്യക്തമാക്കുന്ന റിപ്പോർട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട എം.എൽ.എ.-യുടെ കത്തും പുതുക്കിയ ഭരണാനുമതിക്കായി ഇതോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

(ബി&സി) ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് പ്രധാനമായുംചുമതലപ്പെടുത്തിയിരിക്കുന്നത്. ഏതെങ്കിലും കാരണവശാൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് ആയത് നിർവ്വഹിക്കാൻ സാധിക്കാത്ത പക്ഷം 25-4-2017-ലെ സ.ഉ.(പി) നം. 95/2017/ധന പ്രകാരം റോഡ് പ്രവൃത്തികൾക്കായി അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ഏജൻസികളെയും എസ്റ്റിമേറ്റ് തയ്യാറാക്കാൻ സമീപിക്കാവുന്നതാണ്.

**നേമം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ**

37 (2313) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നേമം നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടുപയോഗിച്ച് നടത്താൻ എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നുവെന്നും വർഷം തിരിച്ചും പ്രവൃത്തികളുടെ പേരുകളും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്കെല്ലാം ഭരണാനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രോപ്പോസലുകൾക്ക് ഭരണാനുമതി ലഭിക്കാതെ പോയതിന്റെ കാരണവും ഇനി ഇതിന് ഭരണാനുമതി നൽകുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നേമം നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്താൻ ബഹു. എം.എൽ.എ. നിർദ്ദേശിച്ച പ്രവൃത്തികളും എസ്റ്റിമേറ്റ് തുകയും അനുബന്ധമായി* ചേർക്കുന്നു.

(ബി-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഭേദഗതി**

38 (2314) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഭവന സമുച്ചയം നിർമ്മിച്ച് കൊടുക്കുന്ന പദ്ധതിയിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തോടൊപ്പം ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാലോചിതമായ മാറ്റങ്ങൾ ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വരുത്തിവരുന്നുണ്ട്.

(ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)യുടെ ഗുണഭോക്താക്കൾ ഭൂരഹിതരും ഭവനരഹിതരുമാണെങ്കിലും സ്വകാര്യ വ്യക്തികളാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാനും വ്യവസ്ഥയില്ല. മാത്രമല്ല ലൈഫ് പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ പട്ടിക ഇതിനോടകം പുറത്തിറക്കിക്കഴിഞ്ഞു. അതിൽനിന്നും ചിലർക്ക് മാത്രമായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് വിമർശനത്തിന് ഇടയാക്കിയേയ്ക്കാം. എന്നിരുന്നാലും സർക്കാരിന്റെ സുപ്രധാന പദ്ധതികളിലൊന്നായ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ (ലൈഫ്)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂരഹിത-ഭവനരഹിതർക്കായി നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിച്ചുനൽകുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

39(2315) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ 2017-18 ലെ, എം.എൽ.എ.-യുടെ വികസന ഫണ്ട്(എൽ.എ.സി. എ.ഡി.എഫ്, എസ്.ഡി.എഫ് എന്നിവ )മുഖേന ചേയ്യേണ്ട പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികളുടെ അവസ്ഥയും വ്യക്തമാക്കാമോ;

(സി) നാളിതുവരെ ഭരണാനുമതി നൽകാത്ത മേൽ സ്കീമുകളിലെ പദ്ധതികൾക്ക് നിശ്ചിത സമയത്തിനുള്ളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മങ്കട നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. ടി. എ. അഹമ്മദ് കബീർ, എൽ.എ.സി.-എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി 2017-18-ൽ 18 പ്രവൃത്തികളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിൽ 11 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 4 പ്രവൃത്തികളിൽ കരാറുടമ്പടി ഒപ്പുവച്ചു. 2 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. 2 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചു. 2 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകി, ഒരെണ്ണം ആരംഭിച്ചിട്ടില്ല. 6 പ്രവൃത്തികൾക്ക് ഡി.പി.ആർ. ലഭിക്കാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. ഒരു പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചുവരികയാണ്.

പ്രാദേശിക വികസന നിധിയിൽ (എസ്.ഡി.എഫ്.) ഉൾപ്പെടുത്തി 46 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അതിൽ 41 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) എൽ.എ.സി.-എ.ഡി.എസ്.-മായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എസ്.ഡി.എഫ്.-ൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ആറ് മാസ കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഉടൻതന്നെ സമർപ്പിക്കുവാനും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് നിശ്ചിത സമയത്തിനകം ഭരണാനുമതി നൽകാറുണ്ട്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

40(2316) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2017-18 വർഷത്തിൽ ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികൾ ഏതൊക്കെ;

(ബി) ഈ പ്രവൃത്തികളിൽ ഏതൊക്കെ നടപ്പിലാക്കി; പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

41(2317) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പൂർത്തീകരിക്കാത്തവ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

42(2318) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിയ്ക്കാൻ വേണ്ടിയുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത്;

(ബി) ഏതെല്ലാം പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നല്കി; വിശദാംശം നൽകാമോ;

(സി) ഭരണാനുമതി നല്കിയ പ്രൊപ്പോസലുകളുടെ കാലികസ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കാൻ ലഭിച്ച 14 പ്രൊപ്പോസലുകളും ലഭിച്ച തീയതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി&സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിൽനിന്നും 6 പ്രൊപ്പോസലുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ടി പ്രൊപ്പോസലുകളുടെ വിശദാംശങ്ങളും കാലികസ്ഥിതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**നിയോജകമണ്ഡല ആസ്തി വികസന നിധി**

43(2319) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയിൽ സർക്കാരിന്റേയും തദ്ദേശസ്ഥാപനങ്ങളുടേയും വിഹിതത്തിനൊപ്പം എം.എൽ എ ആസ്തി വികസന നിധിയിൽനിന്നും തുക വിനിയോഗിക്കുന്നതിന് സാധിക്കുമോ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)യുടെ ഗുണഭോക്താക്കൾ ഭൂരഹിതരും ഭവനരഹിതരുമാണെങ്കിലും സ്വകാര്യ വ്യക്തികളാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. മാത്രമല്ല ലൈഫ് പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ പട്ടിക ഇതിനോടകം പുറത്തിറക്കിക്കഴിഞ്ഞു. അതിൽനിന്നും ചിലർക്ക് മാത്രമായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നത് വിമർശനത്തിന് ഇടയാക്കിയേയ്ക്കാം. എന്നിരുന്നാലും സർക്കാരിന്റെ സുപ്രധാന പദ്ധതികളിലൊന്നായ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ (ലൈഫ്) ഭൂരഹിത-ഭവനരഹിതർക്കായി നിയോജകമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിച്ചുനൽകുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സർക്കാർ സ്കൂളുകളിൽ ഓപ്പൺ എയർ സ്റ്റേജ്

44(2320) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ - എസ്.ഡി.എഫ്. ഉപയോഗിച്ച് സർക്കാർ സ്കൂളുകളിൽ ഓപ്പൺ എയർ സ്റ്റേജ്, ചുറ്റുമതിൽ തുടങ്ങിയവ അനുവദിക്കുവാൻ വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി ഇത്തരം പ്രവൃത്തികൾക്ക് എം.എൽ.എ. എസ്.ഡി.എഫ് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ.-എസ്.ഡി.എഫ്.ന്റെ മാർഗ്ഗരേഖ പ്രകാരം സർക്കാർ സ്കൂളുകളിൽ ഓപ്പൺ എയർ സ്റ്റേജ്, ചുറ്റുമതിൽ തുടങ്ങിയവ അനുവദനീയമായ പ്രവൃത്തികളിൽ ഉൾപ്പെടുന്നില്ല.

(ബി) സർക്കാർ നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിലെ ഒരിനമായ ഒരോ നിയോജക മണ്ഡലത്തിലെയും തെരഞ്ഞെടുത്ത ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതിക്ക് എം.എൽ.എ.യുടെ ആസ്തി വികസന നിധി വിനിയോഗിക്കുവാൻ 1-12-2017-ലെ സ.ഉ. (അച്ചടി) നമ്പർ 153/2017/ധന പ്രകാരം അനുമതിയുണ്ട്. ഇതിനായി എം.എൽ.എ.- എസ്.ഡി.എഫ്. വിനിയോഗിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## നിയമന നിരോധനം

45(2321) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ സർവ്വീസ് ഒഴികെയുള്ള മേഖലകളിൽ നിയമന നിരോധനം ഏർപ്പെടുത്തണമെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ എന്തെങ്കിലും നീതി ആയോഗിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും മേഖലകളിൽ നിയമന നിരോധനമേർപ്പെടുത്തുന്നതിനോ പുറംകരാറുകളും പൊതു-സ്വകാര്യ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനോ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

## ധനകാര്യ കമ്മീഷനുമുമ്പിൽ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ

46(2322) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) പതിനാലാം ധനകാര്യകമ്മീഷൻ ശിപാർശയനുസരിച്ച് രാജ്യത്തിന് ലഭിക്കേണ്ട വരുമാന സ്രോതസ്സിൽ പുതിയ തീരുമാനങ്ങൾ മൂലം എന്തെല്ലാം കുറവുകളാണ് ഉണ്ടാവുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ദക്ഷിണേന്ത്യൻ ധനമന്ത്രിമാർ തമ്മിൽ പൊതുവായ എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ/ശിപാർശകൾ താഴെപ്പറയുന്നവയാണ്

- സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തുക
- പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 8-ൽ

2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവ വിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള വിവേചനാധികാരം കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

- സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

| <u>മാനദണ്ഡം</u> | <u>വെയ്റ്റേജ്</u> |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | 30% |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30% |
| വരുമാന അന്തരം | 20% |
| വിസ്തീർണ്ണം | 10 % |
| വനമേഖല | 10% |

പ്രത്യേക മേഖലാ ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.

- തീരദേശപരിപാലനം - 1500 കോടി
- വനസംരക്ഷണം - 1000 കോടി
- മെച്ചപ്പെട്ട തൊഴിൽ ലഭ്യതയ്ക്കാവശ്യമായ നൈപുണ്യ വികസനം - 750 കോടി
- റബ്ബർ കർഷകർക്ക് ആശ്വാസം - 250 കോടി

- മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി
- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

  തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും ബാക്കി 30% തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിലെ ഇ-ഗവേണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

- സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP-യുടെ 3% ആയി നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.

SDRF-ന്റെ കോർപ്പസ് 3000 കോടി രൂപയായി ഉയർത്തണമെന്നും ആയതിലെ കേന്ദ്ര വിഹിതം 90 ശതമാനമായി ഉയർത്തണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പബ്ലിക് കാലാമിറ്റി ഇൻഷ്വറൻസ് സ്കീം, വാർഡ് ലെവൽ കലാമിറ്റി റെസ്പോൺസ് ഫണ്ട്, ജൻഡർ സെൻസിറ്റീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ശിപാർശ ചെയ്യുക

(ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ 2015-2020 വരെയാണ് പ്രാബല്യത്തിലുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ 2019 ഒക്ടോബറിൽ മാത്രമേ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുള്ളൂ. അതിന് ശേഷമേ ഇത് സംബന്ധിച്ച വിലയിരുത്തലുകൾ സാദ്ധ്യമാകുകയുള്ളൂ.

(സി) ഉണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്ക് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ ധനമന്ത്രിമാരുടെ നേതൃത്വത്തിൽ ബഹു. രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

## സംസ്ഥാനങ്ങളുടെ സാമ്പത്തിക വിഭവങ്ങളും നികുതി അധികാരങ്ങളും

47(2323) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ സാമ്പത്തികവിഭവങ്ങളും നികുതി അധികാരങ്ങളും ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കേന്ദ്ര സർക്കാർ കവർന്നെടുക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനങ്ങളുടെ ധനകമ്മി പരിധി ഗണ്യമായി കുറയ്ക്കണമെന്ന് ധനഉത്തരവാദിത്വ നിയമ അവലോകന സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന താല്പര്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ഗ്രാന്റുകളെ ഇൻസെന്റീവ് ആക്കുന്നതിന് കേന്ദ്രം നീക്കംനടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ധനകമ്മീഷൻ എന്ന ഭരണഘടന സ്ഥാപനത്തെ കേന്ദ്രസർക്കാരിന്റെ വരുതിയിൽ നിർത്തുന്നതിനുള്ള ശ്രമങ്ങളെ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) വാറ്റ് നടപ്പിലാക്കിയപ്പോൾ നികുതി പിരിക്കുന്നതിനുള്ള അധികാരത്തിന്റെ ഏറിയ പങ്കും സംസ്ഥാനത്തിന് നഷ്ടപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതിയിലൂടെ GST നടപ്പിലാക്കിയതോടെ നികുതി നിരക്കുകളിലോ നികുതി ഭരണ ചിട്ടകളിലോ സംസ്ഥാനങ്ങൾക്ക് ഇനി മാറ്റം വരുത്താൻ കഴിയുകയില്ല. കൂടാതെ സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി പരിമിതപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ നടപടികൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന പ്രവണത കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്.

(ബി) എഫ്.ആർ.ബി.എം. കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് 2022-23-ഓടെ സംസ്ഥാനത്തിന്റെ ധനക്കമ്മി/ജി.എസ്.ഡി.പി. അനുപാതം 1.7 ശതമാനമായി കുറയ്ക്കേണ്ടിവരുമെന്ന് നാലാമത് കേരള പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ ശിപാർശ അംഗീകരിക്കുന്നപക്ഷം അത് പാലിക്കുന്നതിനായി സംസ്ഥാനത്തിന് ചെലവ് വെട്ടിക്കുറയ്ക്കേണ്ടി വരികയും വരുമാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടി വരികയും ചെയ്യും. കേരളം പോലുള്ള ധനക്കമ്മി, റവന്യൂ കമ്മി അനുപാതങ്ങൾ ഉയർന്നുനിൽക്കുന്ന സംസ്ഥാനത്തിന് എഫ്. ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് നാലാം പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റവന്യൂ ചെലവ് വഹിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ മൂലധന ചെലവ് വെട്ടിക്കുറയ്ക്കാത്തവിധം യുക്തിസഹമായ സാമ്പത്തിക നടത്തിപ്പ് കൈക്കൊള്ളേണ്ടിവരുമെന്നും പൊതുച്ചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷണം നടത്തിയിട്ടുണ്ട്.

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ ഐറ്റം-7 പ്രകാരം സംസ്ഥാനങ്ങളുടെ പ്രവർത്തന മികവ് അളക്കുന്നതിനും ഇൻസെന്റീവ് ശിപാർശ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങളുടെ പ്രകടനം അളക്കുന്നത് പ്രയാസകരവും തീരുമാനങ്ങൾ വസ്തുനിഷ്ഠമാകാതെ പോകാനുമുള്ള സാദ്ധ്യതയാണുള്ളത്. ആയത് സ്വീകാര്യമല്ലെന്ന് കമ്മീഷനെ മെമ്മോറാണ്ടത്തിലൂടെ അറിയിച്ചിട്ടുണ്ട്.

(ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ ധനകാര്യ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ബഹു. രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

## സർക്കാർ കോളേജിലേയ്ക്കാവശ്യമായ തസ്തികകൾ

48(2324) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവയിൽ ആരംഭിച്ചിട്ടുള്ള സർക്കാർ

കോളേജിലേക്കാവശ്യമായ അധ്യാപക അനധ്യാപക തസ്തികകൾ നാളിതുവരെ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളേജ് ആരംഭിച്ച് 3 വർഷം പൂർത്തീകരിച്ചിട്ടും പ്രിൻസിപ്പാളിന്റെ തസ്തിക അനുവദിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) എത്രയുംവേഗം ആവശ്യമായ തസ്തികകൾ അനുവദിച്ച് കോളേജിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവ ആർട്സ് ആൻഡ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ, അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും ഇത്തരത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ പ്രവർത്തനത്തിന് ആവശ്യം വേണ്ടുന്ന തസ്തികകളുടെ എണ്ണം ലഭ്യമാക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ക്ഷാമബത്ത കുടിശ്ശിക**

49(2325) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ക്ഷാമബത്ത കുടിശ്ശിക നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതുമൂലം സർക്കാരിന് ഉണ്ടാകുന്ന അധിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 7-6-2018-ലെ 84/2018/ധന സർക്കാർ ഉത്തരവ് പ്രകാരം 1-7-2017 മുതൽ കുടിശ്ശികയായ 1% ക്ഷാമബത്ത അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 1-1-2018 പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച 2% ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്ത സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിച്ചുനൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 7-6-2018-ലെ 84/2018/ധന സർക്കാർ ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതിന് വാർഷിക സാമ്പത്തിക ബാദ്ധ്യത ₹362.04 കോടിയാണെന്ന് കണക്കാക്കിയിട്ടുണ്ട്. 1-1-2018 പ്രാബല്യത്തിൽ അനുവദിക്കേണ്ട ക്ഷാമബത്ത കുടിശ്ശികയുടെ സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല.

**ചരക്ക് സേവന നികുതി വകുപ്പിലെ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തിക**

50 (2326) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ടയിൽ, ചട്ടം 17A പ്രകാരമുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേനയോ ആശ്രിത സേവനം മുഖേനയോ സ്പോർട്സ് ക്വാട്ട മുഖേനയോ നിയമനം ലഭിച്ചവരെ പരിഗണിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ടയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരെ ഉൾപ്പെടുത്താൻ കഴിയില്ല എന്ന് നികുതി വകുപ്പ് സെക്രട്ടറിയുടെ 3-4-2018-ലെ റ്റാക്സസ്-ഡി3/4/2018 -ാം നമ്പർ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. ട്രിബ്യൂണലിൽ നിന്നുള്ള അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോളേജ് അദ്ധ്യാപകരുടെ പെൻഷൻ**

51(2327) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽനിന്നും വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്ക്കരിക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കോളേജ് അദ്ധ്യാപകരുടെ ശമ്പളം 2016 മുതൽ പ്രാബല്യത്തിൽ യു.ജി.സി. പരിഷ്ക്കരിച്ച നടപടിയ്ക്ക് പിൻതുടർച്ചയായി സർവ്വീസിൽ നിന്നും വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർവീസിൽനിന്ന് വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് 7-5-2011-ലെ സ.ഉ.(അ)നമ്പർ 211/2011/ധന നമ്പർ ഉത്തരവ് 1-1-2006 മുതൽ പ്രാബല്യത്തിലുണ്ട്.

(ബി) കോളേജ് അദ്ധ്യാപകരുടെ ശമ്പളം 2016 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം യു.ജി.സി. നടപടിക്ക് തുടർച്ചയായി ഭരണ വകുപ്പ് ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് വിരമിച്ച കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

52(2328) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇത് സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച എക്സ്പേർട്സ് കമ്മിറ്റിയുടെ ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 1-4-2013 മുതൽ സംസ്ഥാന സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിച്ച ജീവനക്കാരിൽ എത്ര പേരാണ് പ്രസ്തുത പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്നത്;

(ഡി) ഈ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെ വിഹിതമായും സർക്കാർ വിഹിതമായും ഇതുവരെ എത്ര കോടി രൂപ അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി&ഡി) എൻ.എസ്.ഡി.എൽ. ലഭ്യമാക്കിയിരിക്കുന്ന ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2018 ഏപ്രിൽ വരെ 71876 സർക്കാർ ജീവനക്കാരാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിരിക്കുന്നത്. ജീവനക്കാരുടെ വിഹിതവും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ആകെ 908 കോടി രൂപയാണ് പദ്ധതി പ്രകാരം അടവാക്കിയിരിക്കുന്നത്.

## ഇൻഷ്വറൻസ് വകുപ്പ് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ലെന്ന പരാതി

53(2329) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ എസ്.എൽ. ഐ., ജി.ഐ.എസ്. പദ്ധതികളുടെ വ്യക്തമായ കണക്ക് വകുപ്പ് സൂക്ഷിച്ചിട്ടില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; നടപടി സ്വീകരിക്കുമോ;

(ബി) ഇൻഷ്വറൻസ് വകുപ്പിന്റെ ഇക്കാര്യത്തിലുള്ള പോരായ്മ പരിശോധിച്ചിട്ടുണ്ടോ;

(സി) ജീവനക്കാരുടെ ക്ലെയിമിനുവേണ്ടി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുമോ;

(ഡി) ജീവനക്കാരുടെ പാസ്സ് ബുക്കുകൾ അപ്ഡേറ്റ് ചെയ്ത് ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇൻഷ്വറൻസ് വകുപ്പിലെ ജീവനക്കാരുടെ ജോലിയെ സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; വ്യക്തത ഇല്ലാത്ത കണക്കുകൾ ശരിയാക്കുവാൻ വേണ്ടി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) ഇതിനു ചെലവായ തുക എത്രയെന്നറിയിക്കുമോ?

### ഉത്തരം

(എ&ബി) പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജീവനക്കാരുടെ ക്ലെയിമുകൾ അനുവദിക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 29-4-2017-ലെ സർക്കുലർ നമ്പർ 31/2017/ധന, 28-7-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 97/2017/ധന എന്നിവ പ്രകാരം ജീവനക്കാരുടെ എസ്.എൽ.ഐ./ജി.ഐ.എസ്. പാസ്സ് ബുക്കുകളിൽ പ്രതിമാസ കിഴിവ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ബന്ധപ്പെട്ട ഡിഡി.ഒ.യ്ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പാസ്സ് ബുക്കുകളിലെ വിവരങ്ങൾ സോഫ്റ്റ്‌വെയർ മുഖേന ഇൻഷ്വറൻസ് വകുപ്പിന് നൽകുന്നതിനുള്ള നിർദ്ദേശം ഡി.ഡി.ഒ.-മാർക്കും നൽകിയിട്ടുണ്ട്.

(ഇ) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്, സർക്കാർ വാഹനങ്ങളുടെ മോട്ടോർ വാഹന ഇൻഷ്വറൻസ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫയർ, മറൈൻ, ഇ.ഇ.പി. ഫിഡിലിറ്റി ഗ്യാരന്റി, മണി ഇൻ ട്രാൻസിറ്റ്, ബർഗ്ലറി ഇൻഷ്വറൻസുകൾ, മഹിളാ പ്രധാൻ ഏജന്റുമാരുടെ ഇൻഷ്വറൻസ് എന്നിവയുടെ പോളിസി നൽകുന്നതും ക്ലെയിം തീർപ്പാക്കുന്നതും ഈ വകുപ്പാണ്. ഇൻഷ്വറൻസ് വകുപ്പിൽനിന്നും അനുവദിച്ചിരിക്കുന്ന എസ്.എൽ.ഐ., ജി.ഐ.എസ്. പാസ്സ് ബുക്കിൽ അതാത് ഡി.ഡി.ഒ. സാക്ഷ്യപ്പെടുത്തിയ പ്രീമിയം അടവ് സംബന്ധിച്ച വിവരം രേഖപ്പെടുത്തി പാസ്സ് ബുക്കിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വറൻസ് വകുപ്പാണ് എസ്.എൽ.ഐ., ജി.ഐ.എസ്. ക്ലെയിം തീർപ്പാക്കുന്നത്.

ഇൻഷ്വറൻസ് വകുപ്പിലെ കണക്കുകൾ ശരിയാക്കുവാൻ വേണ്ടി ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

(എഫ്) ബാധകമല്ല.

## വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി

54(T 2330) <u>ശ്രീ. വി. ടി.ബൽറാം:</u>

<u>ശ്രീ. പി. ടി. തോമസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതി പ്രകാരം നാളിതുവരെ അപേക്ഷിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്രപേരുടെ വായ്പ എഴുതി തള്ളി എന്നും ഇതിനായി എത്രകോടി രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(സി) അപേക്ഷിച്ചവരിൽ എത്രപേരുടെ അപേക്ഷ നിരസിച്ചുവെന്നും അതിനുള്ള കാരണമെന്തെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്നും സർക്കാരിൽ ലഭിച്ചതും

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ളതുമായ 6190 അപേക്ഷകളിലെ സർക്കാർ വിഹിതമായ 60.49 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്.

(സി) സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളുടെയും പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിരസിക്കപ്പെട്ട അപേക്ഷ സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളു.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

55(2331) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകൾക്ക് ഇതിനകം ആനുകൂല്യം നൽകി;

(ബി) എസ്.ബി.റ്റി.-യിൽനിന്നും വായ്പ എടുത്തിട്ടുള്ളവർക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിച്ചിട്ടുണ്ടോ ; ഈ പ്രശ്നം എസ്.എൽ.ബി.സി.-യിൽ ഉന്നയിക്കുകയുണ്ടായോ ; എങ്കിൽ എസ്.എൽ.ബി.സി.-യുടെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) എസ്.ബി.റ്റി.-യിൽനിന്നും വിദ്യാഭ്യാസ വായ്പയെടുത്ത എത്രപേർക്ക് ഇതിനകം ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കിയെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതിയിൽ 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായതുമായ 6190 അപേക്ഷകളിലെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുന്നു.

(ബി) മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്നും വിദ്യാഭ്യാസ വായ്പ

എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതാണ്. എന്നാൽ മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾക്ക് ധനസഹായം ലഭിക്കുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്. എസ്.എൽ.ബി.സി. ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്

(സി) മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ അപേക്ഷകളുൾപ്പെടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ സമർപ്പിക്കപ്പെട്ട 1846 അപേക്ഷകളിന്മേൽ സർക്കാർ വിഹിതം കൈമാറിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

56(T 2332) ശ്രീ. അനിൽ അക്കര :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായവരെ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി വായ്പ എടുത്തവർക്ക് ഗുണകരമായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി പരാജയപ്പെടുവാനുണ്ടായ കാരണം അറിയിക്കുമോ;

(ബി) നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ട് വിഭാഗത്തിൽപ്പെട്ടവർക്ക് എന്ത് ആനുകൂല്യമാണ് പ്രഖ്യാപിച്ചത്; ഇതിനകം എത്ര പേർക്ക് ഈ ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ;

---
T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) 31-3-2016-ന് മുമ്പ് തിരിച്ചടവ് മുടങ്ങി നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയ വിഭാഗത്തിൽപ്പെട്ടവരുടെ പലിശ മുഴുവൻ എഴുതി തള്ളുന്നതിന് ബാങ്കുകൾ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചില്ലായെന്നത് വസ്തുതയാണോ;

(ഇ) ഈ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുവാൻ ഒറ്റത്തവണയായി ലോൺ തുകയുടെ 40 ശതമാനം മുൻകൂറായി അടയ്ക്കണമെന്ന നിബന്ധന വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായിരുന്നവർക്ക് പ്രതിബന്ധം സൃഷ്ടിച്ചിരുന്നോ;

(എഫ്) വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമോ ശാരീരികമോ ആയ വൈകല്യം ബാധിച്ചാൽ മുഴുവൻ തുകയും സർക്കാർ അടയ്ക്കുമെന്ന പ്രഖ്യാപനത്തിന്റെ ആനുകൂല്യം ഇതിനകം എത്ര പേർക്ക് ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി വിജയകരമായ രീതിയിൽ നടപ്പിലാക്കി വരികയാണ്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം യോഗ്യമായിട്ടുള്ള 6190 അപേക്ഷകളിലെ സർക്കാർ വിഹിതം ഇതിനകം അനുവദിച്ചിട്ടുണ്ട്. ബാക്കി യോഗ്യമായ അപേക്ഷകൾക്കുള്ള സർക്കാർ സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി 1-4-2016-നുമുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള, പരമാവധി നാലുവർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്ന നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും. ഇവർക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള മറ്റെല്ലാ വ്യവസ്ഥകളും ബാധകമായിരിക്കും. ഇതിനകം ഈ വിഭാഗത്തിൽപ്പെട്ട 2628 പേർക്ക് സർക്കാർ വിഹിതം ലഭ്യമാക്കിയിട്ടുണ്ട്.

(സി) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വായ്പകളിൽ 4 ലക്ഷം വരെയുള്ള വായ്പകളുടെ പലിശ ഒഴിവാക്കുന്നതിന് ബാങ്കുകൾ തയ്യാറായിട്ടുണ്ട്. 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകളുടെ പലിശ ഒഴിവാക്കുന്നതിന് അതാതു ബാങ്കുകളിൽ നിലവിലുള്ള പാക്കേജുകൾ പ്രകാരമുള്ള രീതിയാണ് അവലംബിക്കുന്നത്.

(ഡി) മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതാണ്. എന്നാൽ മുമ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്.

(ഇ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷകന്റെ വിഹിതം ഒടുക്കുന്നതിന് നാലുമാസത്തെ സാവകാശം നൽകിയിട്ടുണ്ട്.

(എഫ്) അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിര വൈകല്യം നേരിട്ടതും മരണപ്പെട്ടുപോയവരുമായ അപേക്ഷകരുടെ വിഭാഗത്തിൽ 57 പേർക്ക് ഇതുവരെ ആനുകൂല്യം നൽകിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ കുടിശ്ശികയുള്ളവർക്കായി സഹായ നിധി

57(2333) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ കുടിശ്ശികയുള്ളവർക്കായി സർക്കാർ പ്രഖ്യാപിച്ച സഹായനിധിയിലേയ്ക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം എത്രപേർ അപേക്ഷ നല്കിയെന്നും എത്രപേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം സഹായധനം നല്കിയത് കുടിശ്ശിക വരുത്തിയവരുടെ ക്രെഡിറ്റ് സ്കോറിനെ ബാധിക്കുമോ എന്ന് അറിയിക്കാമോ?

## ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനുള്ള യോഗ്യമായ അപേക്ഷകൾ സർക്കാരിൽ ലഭ്യമാകുന്ന അധിക അനുമതി വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ആവശ്യമായ തുക അനുവദിക്കുന്നതാണ്.

(ബി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ളതുമായ 6190 അപേക്ഷകരുടെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്.

(സി) എസ്.എൽ.ബി.സി. നൽകിയ വിവരങ്ങളനുസരിച്ച് സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ വാർഷിക തിരിച്ചടവിന്റെ ഒരുഭാഗം സർക്കാർ സഹായമായി ലഭിച്ചവരുടെ credit score-ൽ ഇത് പ്രതിഫലിക്കില്ല. കൂടാതെ NPA അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിനുംശേഷം ബാക്കിവരുന്ന തുക ഇളവില്ലാതെ മുഴുവനായി തിരിച്ചടയ്ക്കുന്നവരുടെ credit score-ലും വ്യത്യാസം വരികയില്ല. എന്നാൽ NPA അക്കൗണ്ടുകളിൽ സർക്കാർ ധനസഹായത്തിന് ശേഷം ബാക്കിവരുന്ന തുകയ്ക്ക് ബാങ്ക് ഒറ്റത്തവണ തീർപ്പാക്കൽ വഴി മൊത്തമായോ ഭാഗികമായോ ഇളവ് അനുവദിക്കുകയാണെങ്കിൽ അതേപ്പറ്റിയുള്ള പരാമർശം credit score-ൽ പ്രതിഫലിക്കുമെന്നാണ് എസ്.എൽ.ബി.സി. അറിയിച്ചിട്ടുള്ളത്.

## വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിന് നടപടികൾ

58(2334) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിൽ ആയവരെ സഹായിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തും രാജ്യത്തിനു പുറത്തും പഠിക്കുന്നതിനായി എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളെ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ എത്രപേർ ഇതുവരെ അപേക്ഷ നല്കിയിട്ടുണ്ടെന്നും ഈ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാകുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme ) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16-5-2017-ലെ സ.ഉ. (പി)നമ്പർ 65/2017/ധന, 12-7-2017-ലെ സ.ഉ (പി)നം. 89/2017/ധന, 30-10-2017-ലെ സ.ഉ (പി)നം. 135/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20-11-2017-ലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇന്ത്യക്കകത്തുള്ള IIT, IIM, IIST, IISC മുതലായ ദേശീയ സ്ഥാപനങ്ങളിലേതുൾപ്പെടെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ ഇന്റഗ്രേറ്റഡ് കോഴ്സുകൾക്കും (ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും ഉൾപ്പെടെ) പ്രസ്തുത സഹായം ലഭിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കോഴ്സുകളിലൊഴികെ മറ്റ് കോഴ്സുകളിൽ മാനേജ്മെന്റ് എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങൾ എന്നിവയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. ഇത് എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്കും ബാധകമാണ്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിലെ വിവരങ്ങൾ അനുസരിച്ച് പ്രസ്തുത പദ്ധതി പ്രകാരം 78069 അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽനിന്നും സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ളതുമായ 6190 അപേക്ഷകളിലെ സർക്കാർ വിഹിതം ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് ഇതിനകം കൈമാറിയിട്ടുണ്ട്. ബാക്കി അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്.

**പബ്ലിക് അക്കൗണ്ടിൽനിന്നും തിരിച്ചെടുത്ത തുക**

59(2335) <u>ശ്രീ. വി. ഡി.സതീശൻ :</u>
<u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. എ. പി. അനിൽ കുമാർ :</u>
<u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ

സ്ഥാപനങ്ങൾ ഇവയുടെ പബ്ലിക് അക്കൗണ്ടുകളിൽ പാർക്ക് ചെയ്തിരിയ്ക്കുന്ന തുക സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് 14-12-2017-ലെ ജി.ഒ(പി) നമ്പർ 156/17/ ഫിൻ പ്രകാരം തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ തിരിച്ചെടുത്തു; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം തിരിച്ചെടുത്ത തുകയിൽ എത്ര കോടി രൂപ 2018 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥന വഴി വിവിധ വകുപ്പുകൾക്ക് തിരിച്ച് നൽകി;

(സി) 2017 ഡിസംബർ 14 -ലെ ഉത്തരവിനുശേഷം 31-3-2018 വരെ എത്ര കോടി രൂപ വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തിരിച്ചെടുത്തു; വിശദാംശം നൽകുമോ;

(ഡി) ഇപ്രകാരം തിരിച്ചെടുത്ത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; 2018-19 സാമ്പത്തിക വർഷം ഇതുവരെ എത്ര കോടി രൂപ തിരികെ നൽകി;

(ഇ) തിരിച്ചെടുത്ത തുക ലഭിക്കാത്തതുമൂലം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിയ്ക്കുന്നത്?

<u>ഉത്തരം</u>

(എ) വിവിധ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പബ്ലിക് അക്കൗണ്ടുകളിൽനിന്ന് 14-12-2017-ലെ സ.ഉ (അച്ചടി)നം. 156/17/ധന ഉത്തരവ് പ്രകാരം ഉത്തരവായ 5630 കോടി രൂപയിൽ 3028,19,67,335 രൂപ സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടുകളിൽനിന്നും തിരിച്ചെടുത്ത തുക മടക്കി നൽകുന്നതിനായി 2018 ഫെബ്രുവരിയിലെ ഉപധനാഭ്യർത്ഥനയിൽ 200 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 2018 മാർച്ചിലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 133.1272 കോടി രൂപയുടെ ചെലവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 14-12-2017-ലെ സ.ഉ.(അച്ചടി)നമ്പർ 156/17/ധന ഉത്തരവിനുശേഷം 28-3-2018-ലെ സ.ഉ.(അച്ചടി)നം.51/18/ധന ഉത്തരവ് പ്രകാരം 4989,56,44,655 രൂപയും 31-3-2018-ലെ സ.ഉ.(അച്ചടി)നം. 55/18/ധന ഉത്തരവ് പ്രകാരം 1958,51,23,636 രൂപയും സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്

(ഡി) വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും തിരിച്ചെടുത്ത തുകകൾ മടക്കി നൽകുന്നതിന് ധനകാര്യ (സ്കീം ലൈനിംഗ്) സെക്ഷനിൽനിന്നും 20-2-2018-ലെ സ.ഉ.(അച്ചടി)നമ്പർ 24/18/ധന, 26-2-2018-ലെ സ.ഉ.(അച്ചടി)നമ്പർ27/18/ ധന, 3-4-2018-ലെ സ.ഉ.(അച്ചടി)നം. 57/18/ധന, 03-4-2018-ലെ സ.ഉ.(അച്ചടി)നമ്പർ 25/18/ധന, 07-5-2018-ലെ സർക്കുലർ നമ്പർ 41/18/ധന എന്നീ ഉത്തരവുകളിലൂടെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും പിൻവലിച്ച തുകകൾ 03-4-2018-ലെ സ.ഉ.(സാധാ)നമ്പർ 3151/18/ധന, 30-5-2018-ലെ സ.ഉ.(സാധാ) നമ്പർ 4606/18/ധന എന്നീ ഉത്തരവുകൾ പ്രകാരവും തിരികെ നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം തിരിക നൽകിയ തുകയുടെ വിശദാംശം ശേഖരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ബജറ്റിലെ മുൻഗണനാക്രമം**

60(2336) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ശിപാർശ പ്രകാരം 2018-19 വർഷത്തെ ബജറ്റിൽ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) മണലൂർ എം.എൽ.എ. 2018-ലെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ എം.എൽ.എ.-മാരുടെ ശിപാർശ പ്രകാരം 2018-19 വർഷത്തെ ബജറ്റിൽ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലെ ഭരണാനുമതിക്കായുള്ള എല്ലാ പ്രൊപ്പോസലുകളും ജൂലൈ 31-നകം സമർപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻകീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (കെട്ടിടം) അറിയിച്ചിട്ടുണ്ട്. ആയത് ഭരണ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. മുരളി പെരുനെല്ലിയുടെ 2017-18-ലെ ആസ്തി വികസന പദ്ധതിയിൽ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ പാറപ്പുറം ഗവ. യു.പി. സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് 20-4-2018-ലെ ഉത്തരവ് നമ്പർ ആർ.ഡി. 6/2407/17(1) പ്രകാരം 99.9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹു. മണലൂർ എം.എൽ.എ. 2018-19 ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്തിട്ടുള്ള പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയത് ഭരണ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

61(2337) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ നാളിതുവരെ ഭരണാനുമതിയും സാങ്കേതികാനുമതിയും

നൽകിയ പദ്ധതികൾ, ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഇവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷത്തെയും ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കൃത്യമായി നടപ്പിൽ വരുത്തുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു

(ഡി) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ഒരു പുതിയ സോഫ്റ്റ്‌വെയർ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ഈ സംവിധാനം പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാകുന്നതോടെ പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കും.

**കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ സമർപ്പിച്ച നിവേദനം**

62(2338) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 ബജറ്റിൽ ക്ഷേമപെൻഷൻ വാങ്ങുന്നതിൽ നിന്നും അനർഹരെ ഒഴിവാക്കുന്നതിനായി പ്രഖ്യാപിച്ച മാനദണ്ഡങ്ങൾ മൂലം ഭിന്നശേഷിക്കാരായവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഓൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ സമർപ്പിച്ച നിവേദനത്തിൻ മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ ഘടകങ്ങളും പരിഗണിച്ചുകൊണ്ട് അർഹരായവർക്ക് ഒരു തരത്തിലും ആനുകൂല്യം നിഷേധിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തി കൊണ്ടായിരിക്കും ഇത് നടപ്പിലാക്കുക.

(ബി) ഇത് സംബന്ധിച്ച ഓൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വികസന ക്ഷേമ പരിപാടികൾ

63(2339) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നയം കൊണ്ടും മുൻസർക്കാരിന്റെ കാലത്തെ സാമ്പത്തിക അരാജകത്വംകൊണ്ടും ഭദ്രമല്ലാതായ സാമ്പത്തിക സ്ഥിതിയിലും കേരളത്തെ ദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള വികസന ക്ഷേമ പരിപാടികൾ വിശദമാക്കാമോ;

(ബി) സമ്പൂർണ്ണ സാമൂഹിക സുരക്ഷ എന്ന ലക്ഷ്യം നേടാനായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) സർവീസ് പെൻഷനോ രണ്ടേക്കറിലധികം ഭൂമിയോ ഇല്ലാത്തവരോ ആദായ നികുതി പരിധിയിൽപ്പെടാത്തവരോ ആയ 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്ന പദ്ധതി പ്രകാരം എത്ര പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയിൽ അർഹതയുള്ള എത്ര പേരുണ്ടെന്നാണ് മതിപ്പുകണക്ക്;

(ഇ) വ്യാജ പെൻഷൻകാരെ കണ്ടെത്തി ഒഴിവാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ?

ഉത്തരം

(എ) സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് സർക്കാർ വ്യാപൃതമായിരിക്കുന്നത്. ഇതിന് അനുയോജ്യമായ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 29,150 കോടി രൂപയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖല, പൊതുവിതരണ

സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം മുതലായ മേഖലകൾക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും മുൻഗണന നൽകുന്ന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. കൂടാതെ അർഹരായവർക്ക് ക്ഷേമപെൻഷനുകൾ കൃത്യമായി നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.

(ബി) സാമൂഹ്യക്ഷേമ രംഗത്തും മൂലധന ചെലവിലും പുരോഗതി കൈവരിക്കാനായി സംസ്ഥാന സർക്കാർ പല ഇടപെടലുകളും നടത്തുന്നുണ്ട്. അതിലേയ്ക്കായി ക്ഷേമപെൻഷനുകൾ അർഹരായവർക്ക് നൽകുകയും കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ന്യൂനപക്ഷങ്ങൾ, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കുള്ള പദ്ധതികൾക്ക് അർഹമായ വിഹിതം മാറ്റിവച്ചിട്ടുമുണ്ട്. സമ്പൂർണ്ണ പാർപ്പിടം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് പാർപ്പിട പദ്ധതിക്കായി 2018-19-ൽ 2500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ചെലവഴിക്കൽ ഗ്രാമീണ, നിർമ്മാണ മേഖലകളിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കും.

(സി&ഡി)) നിലവിൽ 4217099 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 873504 പുതിയ പെൻഷനർമാരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച ഒരു സർവ്വേ നടത്താൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വേ നടന്നുവരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ വരുമാന പരിധിക്ക് പുറത്തുള്ളവർ ഉൾപ്പെട്ടിട്ടുണ്ടെന്നും പുനർവിവാഹം ചെയ്തവർ വിധവാ പെൻഷൻ തുടർന്നും കൈപ്പറ്റുന്നതായും പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും ബന്ധുക്കൾ പെൻഷൻ വാങ്ങുന്നു എന്നും വിവരങ്ങൾ സർക്കാരിൽ ലഭിച്ചതിനെത്തുടർന്ന് അത്തരക്കാരെ ഒഴിവാക്കുന്നതിലേയ്ക്ക് 22-1-2018-ലെ എസ്.എഫ്.സി. ബി2/53/2017/ധന നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ സാമ്പത്തികസ്ഥിതി മനസ്സിലാക്കാൻ സർവ്വേ

64(2340) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ എല്ലാവർഷവും നൂറ് രൂപ വച്ച് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ബി) ഈ പെൻഷൻ വാങ്ങുന്നവരിൽ 1500 ചതുരശ്ര അടിക്ക് മുകളിൽ വിസ്തൃതിയുള്ള വീട്ടിൽ താമസിക്കുന്നവരെയും 1200 സി.സി.-യിൽ കൂടുതൽ യന്ത്രശേഷിയുള്ള വാഹനം ഉള്ളവരെയും ആദായനികുതി നൽകുന്നവരോടൊപ്പം താമസിക്കുന്നവരെയും ഒഴിവാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ ഇപ്രകാരം ഒഴിവാക്കി; അറിയിക്കുമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ സാമ്പത്തികസ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെയാണ് പ്രസ്തുത സർവ്വേയ്ക്ക് നിയോഗിച്ചിട്ടുള്ളതെന്നും; എന്താണ് അവരുടെ കണ്ടെത്തലുകളെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിൽ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ആദ്യം 1000 രൂപയായും തുടർന്ന് 1,100 രൂപയായും വർദ്ധിപ്പിച്ച് 2018 മാർച്ച് വരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. അർഹരായവർക്ക് ആർക്കും ആനുകൂല്യം നിഷേധിക്കപ്പെടില്ല എന്നുറപ്പുവരുത്തി മാത്രം ഇവ നടപ്പിലാക്കും.

(സി) ഉണ്ട്.

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്. ഇവരെ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികളുടെ മുന്നോടിയായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തരം ഒരു സർവ്വേ നടന്നുവരുന്നു. പ്രസ്തുത സർവ്വേയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## ചെലവ് ചുരുക്കൽ നടപടികൾ

65(2341) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ചെലവ് ചുരുക്കൽ നടപടി പ്രാവർത്തികമാക്കിയശേഷം, ഗവൺമെന്റ് സെക്രട്ടറിമാർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് നിലവിലുണ്ടായിരുന്ന 20,000 രൂപ 30,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കുകൾ തമ്മിലുള്ള വിടവ് വർദ്ധിക്കുന്നതുമൂലമുള്ള അസന്തുലിതാവസ്ഥ കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനം അനുഭവിക്കുന്നുണ്ട്. വരുമാന വളർച്ചയിലൂന്നിയ ധനദൃഢീകരണ നടപടികളാണ് ഈ സർക്കാരിന്റെ മുൻഗണന. അനാവശ്യവും ധൂർത്ത് നിറഞ്ഞതുമായ ചെലവുകൾ നിയന്ത്രിച്ച് സർക്കാർ ചെലവ് ചെയ്യലിന്റെ മുൻഗണനയിൽ ക്ഷേമ വികസന ചെലവുകൾക്ക് പ്രാമുഖ്യം നൽകുക എന്നതും സർക്കാരിന്റെ നയമാണ്. ഇതിന്റെ ഭാഗമായി ധനദൃഢീകരണം സാദ്ധ്യമാകാനുതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 17-4-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. ഗവൺമെന്റ് സെക്രട്ടറിമാർക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിനുള്ള തുക കാലാനുസൃതമായി പരിഷ്കരിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. അതോടൊപ്പം സെക്രട്ടറിമാർക്കുള്ള മൊബൈൽ ഫോൺ, വസതിയിലെ ടെലിഫോൺ, ബ്രോഡ്ബാൻഡ് ചാർജ് ഇനങ്ങളിലുള്ള സംയോജിത പ്രതിമാസ പരിധിയിൽ 60% കുറവും വരുത്തിയിട്ടുണ്ട്.

## ദേശീയ പെൻഷൻ പദ്ധതി

66(2342) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര ജീവനക്കാർ ദേശീയ പെൻഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര തുക ഇതുവരെ പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്കിന്റെ കാലാവധി എന്ന് വരെയാണ്; ആക്സിസ് ബാങ്കിന് മുമ്പ് ഏത് ബാങ്കായിരുന്നു ട്രസ്റ്റി ബാങ്ക് ; വിശദമാക്കാമോ;

(സി) ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് മാനേജർമാരായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ദേശീയ പെൻഷൻ പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ഇൻവെസ്റ്റ്മെന്റ് പാറ്റേൺ എന്താണെന്ന് അറിയിക്കാമോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 മാർച്ച് 31 വരെ 70257 സർക്കാർ ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ വിഹിതവും (432.48 കോടി രൂപ) കൂടി ചേർത്ത് ആകെ 864.96 കോടി രൂപ 31-3-2018 വരെ ദേശീയ പെൻഷൻ പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 30-4-2018-ലെ PFRDA/2013/10/CRTB/1 സർക്കുലർ പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിലെ ട്രസ്റ്റി ബാങ്കായി നിയമിക്കപ്പെട്ടിരിക്കുന്ന ആക്സിസ് ബാങ്കിന്റെ കാലാവധി 2018 ജൂൺ 30 വരെയാണ്. ആക്സിസ് ബാങ്കിന് മുമ്പ് ബാങ്ക് ഓഫ് ഇന്ത്യ ആയിരുന്നു ദേശീയ പെൻഷൻ പദ്ധതിയിലെ ട്രസ്റ്റി ബാങ്ക്.

(സി) എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊലൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയാണ് ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് മാനേജർമാർ.

(ഡി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഇൻവെസ്റ്റ്മെന്റ് പാറ്റേൺ പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിലെ നിക്ഷേപത്തിന്റെ 85% വരെ ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പി ബോണ്ടുകൾ എന്നിവയിലും 15%വരെ കമ്പനി ഷെയറുകളിലും 5% വരെ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചലഞ്ച് ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ

67 (2343) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ സർക്കാർ ഫണ്ടും സ്കൂൾ ഫണ്ടും ഉപയോഗിച്ച് ചലഞ്ച് ഫണ്ട് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി എം.എൽ.എ.-യുടെ അടിസ്ഥാന സൗകര്യ വികസന ഫണ്ട് വിനിയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ചലഞ്ച് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചലഞ്ച് ഫണ്ട് പദ്ധതിക്കായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് (LAC-ADS) വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) 1-3-2018-ലെ സ.ഉ.(അ) നമ്പർ 30/2018/ധന. പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം *ചെയ്യുന്നു).

## ധനകാര്യ വകുപ്പിലെ ഫയൽ നീക്കം

68 (2344) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ എത്ര ഫയലുകളാണ് തീർപ്പാക്കാനായിട്ടുള്ളത്; ഇതിൽ ഒരു മാസത്തിൽ കൂടുതൽ കാലതാമസമുണ്ടായിട്ടുള്ള എത്ര ഫയലുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലതാമസം പല പദ്ധതികളുടെയും നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-ഓഫീസ് സംവിധാനം മുഖേനയുള്ള കണക്കുകൾ പ്രകാരം സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ 8122 ഫയലുകളാണ് നാളിതുവരെ തീർപ്പാക്കാനുള്ളത്. ഇതിൽ ഒരു മാസത്തിൽ കൂടുതൽ കാലതാമസമുണ്ടായിട്ടുള്ള 2900 ഫയലുകളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) ഫയൽ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ (വ്യയം) സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യോഗം ചേരുകയും ഫയൽ നടപടികൾ ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## വിശ്വാസ് സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം

69 (2345) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്. എന്നിവ നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെ ഏകീകരിച്ചത് പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജിവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. തിരിച്ചടവ് നടത്തുന്നതിന് വിശ്വാസ് സോഫ്റ്റ് വെയറിന്റെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ ജീവനക്കാർ നാളിതുവരെ അടച്ച പ്രീമിയം തുക സംബന്ധിച്ച് വിവരം അറിയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുറയ്ക്ക് പ്രസ്തുത സംവിധാനം പൂർണ്ണമായി നടപ്പിലാക്കാൻ കഴിയും.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിശ്വാസ് സോഫ്റ്റ്‌വെയർ വഴി ഓൺലൈൻ സേവനങ്ങൾ നിലവിൽ നടപ്പിലാക്കിയിട്ടില്ല.

(സി) ജീവനക്കാർ നാളിതുവരെ അടച്ച പ്രീമിയം തുക സംബന്ധിച്ച വിവരം അറിയുന്നതിന് അടവ് വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്ന പാസ്സ് ബുക്ക് സംവിധാനമാണ് നിലവിലുള്ളത്. ഇപ്പോഴുള്ള വിശ്വാസ് സോഫ്റ്റ്‌വെയർ നവീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതാണ്.

## ഫൈനാൻസ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റം

70 (2346) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ച ഫൈനാൻസ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ 31-5-2018 വരെ എത്ര ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ തീരുമാനമാകാതെയുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ധനകാര്യ സെക്രട്ടറിയുടെ പക്കൽ എത്ര ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ പെന്റിംഗുണ്ട്; ഏതെല്ലാം റിപ്പോർട്ടുകൾ; എന്നുമുതലാണ് ഓരോ റിപ്പോർട്ടുകളും പെന്റിംഗ് ആയിട്ടുള്ളത്;

(സി) റിപ്പോർട്ടുകൾ പെന്റിംഗ് ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ധനകാര്യ പരിശോധനാ വിഭാഗം 2017-18 സാമ്പത്തിക വർഷം 201 റിപ്പോർട്ടുകൾ അംഗീകരിച്ച് ഭരണ വകുപ്പിന് അനന്തര നടപടികൾക്ക് കൈമാറുകയുണ്ടായി. 92 റിപ്പോർട്ടുകൾ നിലവിൽ ഫിംസിൽ സൂക്ഷ്മ പരിശോധനയിലാണ്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടുകൾക്ക് രഹസ്യ സ്വഭാവമുള്ളതിനാൽ അവ സൂക്ഷ്മ പരിശോധനകൾക്കുശേഷം അംഗീകരിച്ച് ശിപാർശകളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിവരികയാണ് ചെയ്യുന്നത്.

## പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതം

71 (2347) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള സർക്കാർവിഹിതം യഥാസമയം സർക്കാർ ഒടുക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതം യഥാസമയം സർക്കാർ ഒടുക്കുന്നുണ്ട്. ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 മാർച്ച് 31 വരെ 432.48 കോടി രൂപ സർക്കാർ വിഹിതമായി ഒടുക്കിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്രെഡിറ്റേഷൻ

72(2348) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയിലെ പരിജ്ഞാനവും മുൻപരിചയവും കണക്കിലെടുത്ത് അക്രെഡിറ്റേഷൻ നൽകുന്ന സമ്പ്രദായം പരിശോധിക്കുമോ;

(ബി) നിലവിൽ പ്രവൃത്തികൾ ചെയ്ത് വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവരുടെ പരിചയ മേഖലയിൽ ഉൾപ്പെടുത്താതെ ഇറക്കിയ അക്രെഡിറ്റേഷൻ സംബന്ധിച്ച ഉത്തരവുകൾമൂലം സ്ഥാപനങ്ങൾക്ക് പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിക്കാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കുവേണ്ടി ഉത്തരവ് പരിഷ്കരിക്കുമോ?

ഉത്തരം

(എ&ബി) 26-9-2014-ലെ G.O.(Ms)423/14/ധന ഉത്തരവ് പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണ് നിലവിൽ അക്രെഡിറ്റേഷൻ നൽകുന്നത്. അതത് കാലയളവിൽ നോട്ടിഫിക്കേഷൻ നൽകി വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ്, ബിഡ് കപ്പാസിറ്റി, ടെക്നിക്കൽ വിഭവശേഷി പ്രവർത്തന മുൻപരിചയം മുതലായവ കണക്കിലെടുത്ത് സ്ഥാപനങ്ങൾ സമർപ്പിക്കുന്ന വിശദാംശങ്ങൾ സെലക്ഷൻ കമ്മിറ്റി പരിശോധിച്ച് ലഭിക്കുന്ന സ്കോറിന്റെ അടിസ്ഥാനത്തിലാണ് അക്രെഡിറ്റേഷൻ നൽകുന്നത്. 2018-19 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള അക്രെഡിറ്റേഷൻ പുതുക്കുന്നത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. 2018 ജൂലൈ മാസത്തിൽ കൂടുന്ന സെലക്ഷൻ കമ്മിറ്റി യോഗത്തിൽ ടി അപേക്ഷകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നമുറയ്ക്ക് പുതിയ അക്രെഡിറ്റേഷൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

73 (2349) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിനായി സ്ഥലമേറ്റെടുക്കുന്നതിനായുള്ള ഫണ്ട് ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ധനകാര്യ എക്സ്പെൻഡിച്ചർ എ-വകുപ്പിലാരംഭിച്ച ഫയൽ നടപടി ഏത് ഘട്ടത്തിലാണെന്നറിയിയ്ക്കുമോ;

(ബി) പ്രസ്തുത ഫണ്ട് എത്രയുംവേഗം ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് എക്സ്പെൻഡിച്ചർ (എ) വകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ "ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, ആമ്പല്ലൂർ" പദ്ധതി നിർവ്വഹണം സംബന്ധിച്ച ഭരണവകുപ്പ് ശിപാർശ ധനകാര്യ (പി.യു.ഡി.) വകുപ്പ് PU-D2/124/2015/FIN നമ്പർ ഫയലിൽ പരിശോധിക്കുകയും 17-4-2017-ലെ G.O.(Rt)No.627/2017/ID നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന് പദ്ധതി നിർവ്വഹണത്തിനായി 90 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 1-6-2017-ലെ G.O.(Rt.) No.4569/2017/Fin. പ്രകാരം 90 കോടി രൂപ 4885-1-200-95 (PV) ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ വകയിരുത്തുകയും ടി തുക റിലീസ് ചെയ്യുന്നതിന് വ്യവസായ വകുപ്പിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പ് 28-6-2017-ലെ G.O.(MS)No.55/2017/ID പ്രകാരം പ്രസ്തുത തുക KSIDC-ക്ക് റിലീസ് ചെയ്യുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 28-6-2017-ലെ ഭരണവകുപ്പിന്റെ G.O.(MS)No.55/2017/ID ഉത്തരവുപ്രകാരം ആവശ്യമായ തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

**ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ**

74 (2350) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഉണ്ട്; ജില്ലതിരിച്ച് എണ്ണം വിശദമാക്കുമോ;

(ബി) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള പെൻഷൻ പദ്ധതി നിലവിൽവന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ദേശീയ സമ്പാദ്യ പദ്ധതിയുടെകീഴിൽ നിലവിലുള്ള സ്കീമുകൾ എന്തൊക്കെയാണ്; പ്രസ്തുത സ്കീമുകൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 10583 ഏജന്റുമാരുണ്ട്. ജില്ലതിരിച്ചുള്ള

എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | MPKBY | SAS | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 966 | 100 | 1066 |
| കൊല്ലം | 878 | 80 | 958 |
| പത്തനംതിട്ട | 723 | 47 | 770 |
| ആലപ്പുഴ | 998 | 107 | 1105 |
| കോട്ടയം | 832 | 52 | 884 |
| ഇടുക്കി | 239 | 6 | 245 |
| എറണാകുളം | 1040 | 103 | 1143 |
| തൃശ്ശൂർ | 955 | 90 | 1045 |
| പാലക്കാട് | 567 | 52 | 619 |
| മലപ്പുറം | 674 | 7 | 681 |
| കോഴിക്കോട് | 893 | 14 | 907 |
| വയനാട് | 119 | - | 119 |
| കണ്ണൂർ | 729 | 58 | 787 |
| കാസർഗോഡ് | 245 | 9 | 254 |
| ആകെ | 9858 | 725 | 10583 |

(ബി) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള പെൻഷൻ പദ്ധതി നിലവിൽവന്നിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 14-8-2000-ലെ സ.ഉ.(പി)നമ്പർ 1084/2000/ധന. ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് എൽ.ഐ.സിയുമായി ചേർന്ന് ദേശീയ സമ്പാദ്യ പദ്ധതി മഹിളാ പ്രധാൻ, എസ്.എ.എസ്. ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കുകയും 2011-ൽ എൽ.ഐ.സി.-യുമായുള്ള സഹകരണം ഒഴിവാക്കി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ (പുതുക്കിയ) പെൻഷൻ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

1-3-2011-ലെ സ.ഉ.(പി) നമ്പർ 4/2011/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാരിൽ നിന്ന് വിഹിതം സ്വീകരിച്ച് നടപ്പിലാക്കിവരുന്ന പുതുക്കിയ പെൻഷൻ പദ്ധതിക്ക് 1-2-2011 മുതൽ പ്രാബല്യമുണ്ട്.

മിനിമം 10 വർഷത്തെയെങ്കിലും വിഹിതം ഒടുക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഏജന്റിന് പ്രതിമാസം 600 രൂപ നിരക്കിലും കൂടുതലായുള്ള ഓരോ വർഷത്തെയും ഒടുക്കിന് മിനിമം പെൻഷന്റെ 10% അധിക വർദ്ധനവും നൽകി പരമാവധി 35 വർഷത്തെ സേവനമുള്ളയാൾക്ക് 2,100 രൂപ പെൻഷൻ അനുവദിക്കുന്നതിനാണ് അനുമതിയുള്ളത്.

(സി) റെക്കറിംഗ് ഡെപ്പോസിറ്റ്, 1 വർഷം, 2 വർഷം, 3 വർഷം, 5 വർഷം എന്നീ കാലയളവിലുള്ള ടൈം ഡെപ്പോസിറ്റ്, മാസവരുമാന പദ്ധതി, 5 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, സീനിയർ സിറ്റിസൺസ് സ്കീം, സുകന്യാ സമൃദ്ധി യോജന, കിസാൻ വികാസ് പത്ര എന്നിവയാണ് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിനുകീഴിലുള്ള സ്കീമുകൾ. പ്രസ്തുത സ്കീമുകൾക്ക് കേന്ദ്ര സഹായം ലഭ്യമല്ല. ആയത് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളാണ്.

## സർക്കാരിന് സാധനങ്ങൾ ഓൺലൈനിൽ വാങ്ങുന്നതിന് അംഗീകാരം

75 (2351) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും ഓൺലൈനിൽ വാങ്ങുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി സ്റ്റോർ പർച്ചേയ്സ് മാനുവലിൽ വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ ജെം എന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ സാധനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ഉപയോഗിച്ച് സ്വകാര്യ ഇ-കൊമേഴ്സ് സൈറ്റുകളിൽ നിന്ന് സാധനങ്ങൾ വാങ്ങാൻ സാധിക്കുമോ;

(ഡി) ക്വട്ടേഷനോ ടെൻഡറോ ക്ഷണിക്കുന്നതിന് ഈ സംവിധാനം ഉപയോഗിക്കുമ്പോൾ സാദ്ധ്യമാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) സാദ്ധ്യമാകും, ക്വട്ടേഷനും ടെണ്ടറും ക്ഷണിക്കുന്നതിനുള്ള സംവിധാനം ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് എന്ന ഓൺലൈൻ സംഭരണ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജി.എസ്.ടി. രജിസ്ട്രേഷൻ

76(2352) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാണിജ്യ നികുതി വകുപ്പിൽ രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികളും ജി.എസ്.ടി. സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. രജിസ്ട്രേഷൻ ചെയ്യാത്ത വ്യാപാരികളുടെമേൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) വാറ്റിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി.യിൽ 20 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾക്കു മാത്രമേ രജിസ്ട്രേഷൻ ബാദ്ധ്യതയുള്ളൂ. അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾക്ക് വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷന് ബാദ്ധ്യതയുണ്ട്. നിലവിൽ വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ 98%-ലധികം വ്യാപാരികൾ ജി.എസ്.ടി സംവിധാനത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

(ബി) ജി.എസ്.ടി. രജിസ്ട്രേഷൻ ബാദ്ധ്യതയുണ്ടെന്ന് കണ്ടെത്തുന്ന വ്യാപാരികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ജി.എസ്.ടി. നിയമപ്രകാരം നൽകുന്നതാണ്.

## ജി.എസ്.ടി. നിലവിൽവന്നശേഷമുള്ള വരുമാന വർദ്ധനവ്

77(2353) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നശേഷം സംസ്ഥാനത്തിന് ലഭ്യമായ വരുമാന വർദ്ധനവ് എത്രയെന്നും എന്തെങ്കിലും വരുമാനചോർച്ച ഏതെങ്കിലും വിഭാഗത്തിൽ നിന്നുണ്ടായിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച് നാളിതുവരെയുള്ള സർക്കാർ അവലോകനം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ധനകാര്യ വകുപ്പ് കണക്കുപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ട കച്ചവടക്കാർ എത്രയെന്നും അവരിൽ എത്ര പേർ നാളിതുവരെ രജിസ്ട്രേഷൻ നേടിയെന്നും അപേക്ഷകർ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇവരിൽ കോമ്പോസിഷൻ സ്കീമിൽ ഉൾപ്പെട്ട വ്യാപാരികൾ എത്ര; അവർ ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഇപ്രകാരം കണ്ടെത്തി നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പാക്കിയശേഷം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകേണ്ട തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. പ്രാപ്യാധിഷ്ഠിത ഉപഭോക്തൃ നികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിന് പല കാരണങ്ങളുണ്ട്. ജി.എസ്.ടി. നടപ്പിലായിട്ട് പത്ത് മാസത്തോളമായെങ്കിലും ഇതുവരേയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച് ലളിതമായ 3 ബി റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല. ജി.എസ്.ടി. നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ. 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്ക് കൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നത് തുലോം പരിമിതമാണ്. ജി.എസ്.ടി.എൻ.ൽ ലഭ്യമായ വിശദാംശങ്ങൾ സംസ്ഥാനങ്ങൾക്ക് കാലപരിമിതിയില്ലാതെ ലഭ്യമാക്കണമെന്നും പൂർണ്ണ റിട്ടേൺ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്നും കേരളം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടി.-യുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. ഇത് 28% ആയിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75%-ൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതിനിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195-ഓളം ചരക്കുകളുടെ നികുതിനിരക്ക് 28%-ൽ നിന്ന് 18% ആയി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ

എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽത്തന്നെ അന്തർ സംസ്ഥാന വ്യാപാരികളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇതു കുറെയൊക്കെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്. റിട്ടേൺ ഫയലിംഗ് പൂർണ്ണതോതിൽ നടപ്പിലാവുകയും ഇ-വേ ബിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി പിരിവ് ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2838 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതി പിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസ്.ടി.യിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാദ്ധ്യമല്ല.

(ബി) വാറ്റിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ 20 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള വ്യാപാരികൾക്കു മാത്രമേ രജിസ്ട്രേഷന് ബാദ്ധ്യതയുള്ളൂ. അന്തർ സംസ്ഥാന വിൽപ്പന നടത്തുന്ന വ്യാപാരികൾക്ക് വിറ്റുവരവ് പരിധിയില്ലാതെ രജിസ്ട്രേഷന് ബാദ്ധ്യതയുണ്ട്. നിലവിൽ വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ 99%-ത്തോളം ജി.എസ്.ടി.-യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്.

(സി) രജിസ്ട്രേഷൻ എടുത്തിട്ടുള്ള കച്ചവടക്കാരിൽ 49256 വ്യാപാരികൾ കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുണ്ട്. കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള വ്യാപാരികൾ നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ - ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ - ഒക്ടോബർ | 395.00 കോടി |
| നവംബർ - ഡിസംബർ | 736.00 കോടി |
| ജനവരി - ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ജി.എസ്.ടി.**

78 (2354) <u>ശ്രീ. അടൂർ പ്രകാശ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ:</u>
<u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സാഹചര്യത്തിൽ ജി.എസ്.ടി. സംസ്ഥാനത്തിന് ഗുണകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇ-വേ ബിൽ നടപ്പിലാക്കിയതോടു കൂടി ചരക്ക് നീക്കവിവരങ്ങൾ ഓൺലൈനായി റിക്കാർഡ് ചെയ്യുന്നതിനും നികുതി വെട്ടിപ്പ് പൂർണ്ണമായി തടയുന്നതിനും സാധിച്ചിട്ടുണ്ടോ; ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം 2017-18-ൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ച നഷ്ടപരിഹാര തുക കേന്ദ്രത്തിൽ നിന്നും കൃത്യമായി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജി.എസ്.ടി. നെറ്റ് വർക്ക് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഇതുമൂലം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) ഇൻപുട്ട് ടാക്സിന്റെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറാത്ത അവസ്ഥ ജി.എസ്.ടി. നടപ്പിലാക്കി ഒരു വർഷം കഴിഞ്ഞിട്ടും നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യാപാരികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമായിട്ടുണ്ടോ; ഈയിനത്തിൽ ഇതുവരെ എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുമ്പ് നിലവിലുണ്ടായിരുന്ന പരോക്ഷനികുതികളെല്ലാം ഏകീകരിച്ചാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ഇതിലൂടെ സർവീസ് മേഖലയിൽ നിന്നുള്ള വരുമാനവും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. സാധനങ്ങളുടെ നികുതിയെ സംബന്ധിച്ച് മുമ്പുണ്ടായിരുന്ന മൊത്തം നികുതി നിരക്കിനെക്കാൾ കുറച്ചാണ് ജി.എസ്.ടി.-യിൽ നികുതി നിരക്ക് തീരുമാനിച്ചിരിക്കുന്നത്. എന്നിരുന്നാലും ജി.എസ്.ടി.-യിൽ tax net വിപുലമാകുകയും ജി.എസ്.ടി. ഘടന നികുതി ചോർച്ചയ്ക്കുള്ള സാദ്ധ്യത ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ നികുതി വരുമാനം കാലക്രമേണ കൂടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചരക്കുനീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയതിലൂടെ നികുതിവെട്ടിപ്പ് ഇല്ലാതാക്കുകയും വരുമാന വർദ്ധവുണ്ടാക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന് 2018 ഏപ്രിൽ 15 മുതലുമാണ് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ആയതിനാൽ ഇ-വേ ബിൽ സംവിധാനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ സമയമായിട്ടില്ല. കൂടാതെ നൂതന സാങ്കേതിക വിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. ഇ-വേ ബില്ലിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണെങ്കിലും റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇവ തമ്മിലുള്ള സൂക്ഷ്മപരിശോധന നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തികവർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ - ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ - ഒക്ടോബർ | 395.00 കോടി |
| നവംബർ - ഡിസംബർ | 713.00 കോടി |
| ജനവരി - ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജി.എസ്.ടി. റിട്ടേൺ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഇതുവരെയും പൂർത്തിയായിട്ടില്ല. ആയതിനാൽ റിട്ടേണുകളുടെ സംക്ഷിപ്ത രൂപമായ ജി.എസ്.ടി.ആർ.3 ബി. ആണ് നിലവിൽ നികുതി അടയ്ക്കുന്നതിനായി ഫയൽ ചെയ്യുന്നത്. കൂടാതെ വിൽപ്പനയുടെ (ഔട്ട് വേർഡ് സപ്ലൈ) വിശദാംശങ്ങൾ ഉൾപ്പെടുത്തി ജി.എസ്.ടി.ആർ. 1 റിട്ടേൺ മാത്രമേ ഇപ്പോൾ ഫയൽ ചെയ്യുന്നുള്ളൂ. ജി.എസ്.ടി. നെറ്റ്‌വർക്കിലെ സാങ്കേതിക തകരാറുകൾമൂലം റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി പല മാസങ്ങളിലും നീട്ടി നൽകിയിട്ടുണ്ട്.

(ഡി) മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലായിരുന്ന കാലയളവിൽ നികുതി ഉൾപ്പെടുത്തി നിശ്ചയിച്ചിരുന്ന പരമാവധി ചില്ലറ വൽപ്പന വില ജി.എസ്.ടി. പ്രാബല്യത്തിലായതിന് ശേഷമുണ്ടായ നികുതി നിരക്കിലെ കുറവിനനുസൃതമായി നിർമ്മാതാക്കൾ കുറച്ച് നിശ്ചയിച്ചിട്ടുണ്ടോയെന്നും ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര അന്റീപ്രോഫിറ്റീയറിംഗ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ഇത്തരം വ്യാപാരികൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ആന്റീപ്രോഫിറ്റീയറിംഗ് അതോറിറ്റിയാണ്.

(ഇ) സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ വിഹിതമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക എല്ലാ മാസാന്ത്യത്തിലും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ഇതുവരെ ലഭിച്ച തുക താഴെപ്പറയുന്നു.

| **മാസം** | **തുക (കോടിയിൽ)** |
|---|---|
| (1) | (2) |
| ആഗസ്റ്റ് | 451.74 |
| സെപ്റ്റംബർ | 763.46 |
| ഒക്ടോബർ | 822.64 |
| നവംബർ | 801.36 |
| ഡിസംബർ | 795.95 |

| (1) | (2) |
|---|---|
| ജനുവരി | 826.00 |
| ഫെബ്രുവരി | 808.82 |
| മാർച്ച് | 794.11 |
| ഏപ്രിൽ | 802.07 |
| മേയ് | 785.97 |

## ജി.എസ്.ടി. നെറ്റ്‌വർക്ക് സോഫ്റ്റ്‌വെയർ

79 (2355) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനമായതിനാൽ റിട്ടേൺ ഫയലിംഗിനും അതിന്റെയടിസ്ഥാനത്തിലുള്ള സൂക്ഷ്മ പരിശോധനയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി. നെറ്റ് വർക്ക് എന്ന സോഫ്റ്റ് വെയർ കാര്യക്ഷമമല്ലാത്തതിനാൽ 37 ശതമാനത്തോളം വരുമാനചോർച്ച യുണ്ടാകുന്നുവെന്ന നിഗമനത്തിന്റെയടിസ്ഥാനത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള പരിഷ്കാരങ്ങൾ എന്തെല്ലാമാണ് ;

(ബി) നിലവിൽ 51 ശതമാനം സ്വകാര്യ കമ്പനികളുടെ ഉടമസ്ഥതയിലുള്ള ജി.എസ്.ടി. നെറ്റ് വർക്ക് പൂർണ്ണമായും സർക്കാർ സംരംഭമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതുവഴി ലക്ഷ്യമിടുന്ന നേട്ടം എന്താണ്;

(സി) ഡിജിറ്റൽ ഇടപാടുകൾക്ക് നികുതിയിളവ് നൽകാനും അതേ സമയം ഉല്പന്നങ്ങളുടെ മേൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ് ചുമത്താനുമുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കിയിരുന്നോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ&ബി) ജി.എസ്.ടി. സോഫ്റ്റ്‌വെയർ ഇതുവരെയും പൂർണ്ണസജ്ജമായിട്ടില്ല. ഇതുമൂലം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇ-വേ ബിൽ സമ്പ്രദായം ഏപ്രിൽ 1 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. ജി.എസ്.ടി.

നിയമപ്രകാരം സംസ്ഥാനത്തിനു മാത്രമായി ചരക്കുകളിന്മേലോ സേവനങ്ങളിന്മേലോ പുതുതായി നികുതി ചുമത്തുവാനോ നികുതിയിളവുകൾ നൽകുവാനോ സാധിക്കുകയില്ല. നികുതി വരുമാനത്തിന്റെ കൃത്യത വ്യക്തമായി വിലയിരുത്തുന്നതിന്റെ വിവരങ്ങൾ നിലവിൽ ലഭ്യമല്ല. ജി.എസ്.ടി. നെറ്റ്‌വർക്കിൽ നിന്ന് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവ തരംതിരിക്കുവാനും വിലയിരുത്തുവാനുമുള്ള ബാക്ക് എൻഡ് മോഡ്യൂൾ, സംസ്ഥാനത്ത് വികസിപ്പിച്ചുവരുന്നു. എന്നാൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നികുതിനഷ്ടം ജി.എസ്.ടി. കൗൺസിലിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. ഇതിലൂടെ ജി.എസ്.ടി. സംബന്ധിച്ച ഡാറ്റാ സ്വകാര്യ കമ്പനികളുടെ കൈവശമെത്തുന്നത് തടയാനും സെക്യൂരിറ്റി ഉറപ്പുവരുത്തുവാനും കഴിയും.

(സി) ഡിജിറ്റൽ ഇടപാടുകൾക്ക് നികുതിയിളവ് നൽകാനും അതേ സമയം ഉൽപ്പന്നങ്ങളുടെ മേൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ് ചുമത്താനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി

80(2356) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ജി.എസ്.ടി.യുടെ പേരിൽ അമിതവിലയും അമിത ലാഭവും ഈടാക്കുന്ന വ്യാപാര സ്ഥാപനങ്ങൾക്കും കമ്പനികൾക്കുമെതിരെ നടപടി എടുക്കുന്നതിനായി സംസ്ഥാനത്ത് ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ ഘടനയും പ്രവർത്തന രീതിയും വ്യക്തമാക്കുമോ;

(സി) അമിത വിലയും അമിത ലാഭവും സംബന്ധിച്ച് ഉപഭോക്താവിനുള്ള പരാതികൾ ആന്റി പ്രോഫിറ്റീറിംഗ് കമ്മിറ്റിയെ ധരിപ്പിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഇന്ത്യയൊട്ടാകെ ഒറ്റ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണുള്ളത്. ഇത് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയാണ് പ്രവർത്തിക്കുന്നത്. ഇത് സംസ്ഥാനം 25-9-2017-ലെ S.R.O. No.581/2017 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി

ഇതിനകം 2 തവണ റിപ്പോർട്ട് കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയിൽ കേന്ദ്ര നികുതി വകുപ്പിന്റെ ഒരു മെമ്പറും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഒരു മെമ്പറും ഉൾപ്പെടുന്നു. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചശേഷം കഴമ്പുണ്ടെങ്കിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറും. തുടർ നടപടി സ്വീകരിക്കുന്നത് ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്.

(സി) അമിത വിലയും അമിത ലാഭവും സംബന്ധിച്ച് ഉപഭോക്താവിനുള്ള പരാതികൾ തെളിവുകൾ സഹിതം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിയെ അറിയിക്കാവുന്നതാണ്. ഇതിനുള്ള അപേക്ഷാഫോറം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ വെബ്സൈറ്റായ "www.keralataxes.gov.in" -ലും കേന്ദ്ര നികുതി വകുപ്പിന്റെ വെബ്സൈറ്റായ "www.cbec.gov.in" -ലും ലഭ്യമാണ്.

## ചരക്ക് സേവന നികുതി

81 (2357) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പാക്കിയ ശേഷം കേരളത്തിലെ നികുതി വരുമാനത്തിലുണ്ടായിട്ടുള്ള വർദ്ധനവ് സംസ്ഥാനം പ്രതീക്ഷിച്ചിരുന്നതിനെക്കാളും കുറവാണോ ;

(ബി) എങ്കിൽ ഈ കുറവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കരുതുന്നത്;

(സി) മുന്നൊരുക്കങ്ങളില്ലാതെ ചെക്പോസ്റ്റുകൾ ഇല്ലാതാക്കിയത് നികുതി വെട്ടിപ്പിന് കാരണമായെന്ന് കരുതുന്നുണ്ടോ ;

(ഡി) ചെക്പോസ്റ്റുകൾക്ക് പകരമുള്ള ഇ-വേ ബിൽ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### <u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയശേഷം കേരളത്തിലെ നികുതി വരുമാനം 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള കണക്കനുസരിച്ച് 16 ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി വരുമാനം 25 ശതമാനം എങ്കിലും വർദ്ധിക്കുമെന്നാണ് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ കരുതിയിരുന്നത്.

(ബി) 1-7-2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനമായി നിശ്ചയിച്ചുവെങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന ജി.എസ്.ടി.എൻ. സോഫ്റ്റ്‌വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാക്കുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കും എന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപ്പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെത്തുടർന്ന് 1-4-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരു പരിധിവരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്ന് ഉണ്ടായിട്ടുള്ള നികുതി വെട്ടിപ്പിനെ ഇല്ലാതാക്കാൻ സഹായിക്കും.

(ഡി) ജി.എസ്.ടി. നിലവിൽ വന്നതിനെ തുടർന്ന് ചെക്ക് പോസ്റ്റ് നിർത്തലാക്കപ്പെട്ടപ്പോൾ 1-7-2017 മുതൽ തന്നെ ഇ-വേ ബിൽ സമ്പ്രദായം

നടപ്പിലാക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ GSTIN സോഫ്റ്റ്‌വെയർ പൂർത്തിയാകാത്തതിനാൽ 1-4-2018 മുതലാണ് കേരളത്തിൽ ഇ-വേ ബിൽ സമ്പ്രദായം നിലവിൽ വന്നത്. സംസ്ഥാനത്തിനകത്തുള്ള ചരക്ക നീക്കത്തിനുള്ള ഇ-വേ ബിൽ സമ്പ്രദായം 15-4-2018 മുതലാണ് നടപ്പിലാക്കിയത്. ഇത് നടപ്പിലാക്കിയിട്ട് ചുരുങ്ങിയ കാലയളവ് മാത്രമായിട്ടുള്ളതിനാൽ ഇതിന്റെ കാര്യക്ഷമതയെ സംബന്ധിച്ച് വിലയിരുത്തുവാനുള്ള സമയം ആയിട്ടില്ല. ക്യാമറ സ്ഥാപിച്ച് ഇ-വേ ബിൽ വിവരങ്ങളുമായി തത്സമയം ഒത്തുനോക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് പാലക്കാടാണ് നടപ്പിലാക്കുക. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കുന്നതോടുകൂടി അന്തർ സംസ്ഥാന വ്യാപാരങ്ങളിലുള്ള നികുതി വെട്ടിപ്പിനെ ഫലപ്രദമായി തടയുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് വിജയകരമായാൽ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലും ഈ സമ്പ്രദായം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ചരക്ക് സേവന നികുതി**

82 (2358) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരക്ക് സേവന നികുതിയുടെ ജി.എസ്.ടി. വരവോടെ പ്രത്യക്ഷ നികുതിയിലും പരോക്ഷനികുതിയിലും എത്ര ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചരക്ക് സേവന നികുതിയുടെ വരവോടെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 2017-18 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി.-യും കോമ്പൻസേഷനുമുൾപ്പെടെ പരോക്ഷ നികുതിയിനത്തിൽ 13% വർദ്ധനവുണ്ടായിട്ടുണ്ട്.

**ചരക്ക് സേവന നികുതി (ജി.എസ്.ടി.)**

83 (2359) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിലവിൽവന്നശേഷം സേവനമേഖലയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച നികുതിയുടെ വ്യക്തമായ കണക്ക് ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം പ്രസ്തുത നികുതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം 2015-16 -ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 2016-17, 2017-18 എന്നീ വർഷങ്ങളിൽ നഷ്ടപരിഹാരമായി ലഭിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിലവിൽവന്നശേഷം ചരക്കു സേവന നികുതിയിൽനിന്നും 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെ 11467.62 കോടി രൂപ (എസ്.ജി.എസ്.ടി.-യും ഐ.ജി.എസ്.ടി.-യുമായി) ലഭിച്ചു. സേവന മേഖലയിൽനിന്ന് മാത്രം ലഭിച്ച നികുതി സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം പ്രസ്തുത നികുതി നടപ്പിലാക്കിയപ്പോൾ ഉണ്ടായ വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 2838 കോടി രൂപ നഷ്ടപരിഹാരമായി ലഭിച്ചിട്ടുണ്ട്. 2016-17-ൽ നഷ്ട പരിഹാരം ഒന്നും ലഭിച്ചിട്ടില്ല.

**നികുതി ചോർച്ച**

84 (2360) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നികുതി ചോർച്ച ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നികുതി ചോർച്ച തടയുന്നതിനായി നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾമൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് നിലവിൽ പരിമിതികളുണ്ട്. GST-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തിയാലേ നികുതി പിരിവ്

വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അന്തർ സംസ്ഥാനത്തെയും സംസ്ഥാനത്തിനകത്തെയും ചരക്കു നീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തു നോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും.

(ബി&സി) നികുതി ചോർച്ച തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ വിഭാഗത്തെ പുനഃക്രമീകരിച്ച് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

**നികുതി കുടിശ്ശിക**

85 (2361) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. സമ്പ്രദായം നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നികുതി സമ്പ്രദായത്തിൽ പലകാരണങ്ങളാൽ നികുതി കുടിശ്ശിക വരുത്തിയ വ്യാപാര സ്ഥാപനങ്ങൾക്ക് എർപ്പെടുത്തിയ ആംനസ്റ്റിയിലൂടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആംനസ്റ്റിയുടെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആംനസ്റ്റി പ്രകാരം ഇളവുകൾ ലഭിക്കുന്നതിന് ഇപ്പോൾ നൽകിയിട്ടുള്ള കാലാവധി ഏതുവരെയാണെന്ന് അറിയിക്കുമോ;

(ഡി) കാലാവധി ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. സമ്പ്രദായം നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നികുതി സമ്പ്രദായത്തിൽ പല കാരണങ്ങളാൽ നികുതി കുടിശ്ശിക വരുത്തിയ വ്യാപാര സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ ആംനസ്റ്റിയിലൂടെ 2016-17 സാമ്പത്തിക വർഷം 5.86 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 72.96 കോടി രൂപയും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത ആംനസ്റ്റിയുടെ വ്യവസ്ഥകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ആംനസ്റ്റി പ്രകാരം ഇളവുകൾ ലഭിക്കുന്നതിന് ഇപ്പോൾ നൽകിയിട്ടുള്ള കാലാവധി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) 2018 ഫിനാൻസ് ആക്ട് പ്രകാരം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**പെട്രോളിനും ഡീസലിനും ചുമത്തപ്പെട്ടിട്ടുള്ള നികുതി**

86 (2362) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളായ തമിഴ് നാട്ടിലും കർണ്ണാടകയിലും പെട്രോളിനും ഡീസലിനും സംസ്ഥാനത്തേക്കാൾ നികുതി കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2017 ഫെബ്രുവരി, മാർച്ച്, 2018 ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയിനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രസർക്കാർ എണ്ണ വില വർദ്ധിപ്പിക്കുന്നതനുസരിച്ച് കേരളത്തിന് ലഭിക്കുന്ന അധികവരുമാനം വേണ്ടെന്ന് വെച്ച് ജനങ്ങളെ സഹായിക്കുവാൻ തയ്യാറാകുമോ; എങ്കിൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തുക കോടിയിൽ

| മാസം | പെട്രോളിൽ നിന്നും ലഭിച്ച വരുമാനം | ഡീസലിൽ നിന്നും ലഭിച്ച വരുമാനം |
|---|---|---|
| 2017 ഫെബ്രുവരി | 257.36 | 306.60 |
| 2017 മാർച്ച് | 452.81 | 565.67 |
| 2018 ഏപ്രിൽ | 27.72 | 31.78 |
| 2018 മേയ് | 288.30 | 316.78 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജനങ്ങളെ സഹായിക്കുന്നതിനുവേണ്ടി 1-6-2018 മുതൽ വിലയിൽ ഒരു രൂപായെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (31-5-2018-ലെ SRO No.345/18). പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രാഥമിക ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ട്. പൊതുവെ എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനത്തെ ബാധിക്കുന്ന പ്രശ്നമായതിനാൽ വിശദമായ ചർച്ച ഇതുവരെ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടില്ല.

## നികുതിയിനത്തിൽ ലഭിച്ച തുക

87 (2363) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലവളവിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലേറിയശേഷം നികുതി വരുമാനത്തിലുണ്ടായ വർദ്ധനയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലയളവിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | സംസ്ഥാന തനത് നികുതി വരുമാനം (കോടിയിൽ) | കേന്ദ്ര നികുതി വരുമാനം (കോടിയിൽ) | ആകെ നികുതി വരുമാനം (കോടിയിൽ) |
|---|---|---|---|
| 2011-12 | 25718.59 | 5990.36 | 31708.95 |
| 2012-13 | 30076.6 | 6840.65 | 36917.25 |
| 2013-14 | 31995.02 | 7468.68 | 39463.70 |
| 2014-15 | 35232.50 | 7926.29 | 43158.79 |
| 2015-16 | 38995.15 | 12690.67 | 51685.82 |
| 2016-17 | 42176.38 | 15225.02 | 57401.40 |
| 2017-18 | 48399.51 | 14893.21 | 63292.72 |

(ബി) ഈ സർക്കാർ അധികാരത്തിലേറിയ ശേഷം നികുതി വരുമാനത്തിലുണ്ടായ വർദ്ധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച വരുമാനം (തുക കോടിയിൽ) | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|
| 2016-17 | 57401.40 | 11.06% |
| 2017-18 | 63292.72 | 10.26% |

**സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനനിരക്കുകൾ**

88 (2364) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുമെന്ന് 2018-19 ലെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നോ;

(ബി) എന്നുമുതലാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത് എന്നറിയിക്കുമോ;;

(സി) സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളുടെയും പുതുക്കിയ സേവന നിരക്കുകൾ വിശദമാക്കുമോ;

(ഡി) സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തിയ ശേഷം ഈയിനത്തിൽ സർക്കാരിന് കിട്ടിയ വരുമാനം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തുമെന്ന് 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 274-ൽ വ്യക്തമാക്കിയിരുന്നു.

(ബി&സി) 17-3-2018-ലെ സ.ഉ. (അച്ചടി)നം.44/2018/ധന പ്രകാരമുള്ള നിരക്ക് വർദ്ധനവിന് 1-4-2018 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം സർക്കാർ/പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ ചാർജ്ജുകൾ എന്നിവയിൽ 5% വർദ്ധനവാണ് വരുത്തിയിട്ടുള്ളത്.

(ഡി) നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായ ശേഷമേ നിരക്ക് വർദ്ധനവുമൂലം സർക്കാരിന് ലഭിച്ച വരുമാനം കണക്കാക്കാനാകുകയുള്ളൂ.

## ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്ക് എ.ടി.എം. കാർഡ്

89 (2365) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി സേവിംഗ്സ് ബാങ്ക് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്ക് എ.ടി.എം. കാർഡ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എ.ടി.എം. കാർഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) പരിഗണനയിലുണ്ട്.

(സി) ബാങ്കുകൾ മുഖേന ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആർ.ബി.ഐ.യുമായും ബാങ്കുകളുമായും ചർച്ച നടന്നുകൊണ്ടിരിക്കുന്നു.

## മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യം

90 (2366) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ ചെക്കും മറ്റ് ബില്ലുകളും സമർപ്പിക്കുമ്പോൾ സർക്കാർ നിയന്ത്രണം ഇല്ലാതെ ട്രഷറി ഉദ്യോഗസ്ഥർ ബിൽ മടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ അനൗദ്യോഗിക നിയന്ത്രണം ഏർപ്പെടുത്തുവാൻ ട്രഷറി ഉദ്യോഗസ്ഥർക്ക് ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇക്കാര്യം സർക്കാർ പരിശോധിക്കുമോ; അനൗദ്യോഗിക ട്രഷറി നിയന്ത്രണം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വ്യക്തമായ അഭിപ്രായം ലഭ്യമാക്കുമോ;

(സി) മുൻ മന്ത്രിമാരുടെ സ്റ്റാഫുകളുടെ പെൻഷൻ സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന കാരണത്താൽ സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും ഏതെങ്കിലും ട്രഷറി ഓഫീസർ കത്തെഴുതിയിട്ടുണ്ടോ ;

(ഡി) ഏതെല്ലാം ട്രഷറികളിൽ മുൻമന്ത്രിമാരുടെ സ്റ്റാഫിന്റെ പെൻഷനും കമ്മ്യൂട്ടേഷനും തടഞ്ഞുവച്ചിട്ടുണ്ടെന്ന് ട്രഷറി തിരിച്ച് വ്യക്തമാക്കുമോ;

(ഇ) മുൻമന്ത്രിമാരുടെ സ്റ്റാഫിന്റെ പെൻഷൻ സംബന്ധിച്ച് ഏതെങ്കിലും ട്രഷറി ഓഫീസർ ട്രഷറി ഡയറക്ടറോട് രേഖാമൂലമോ അല്ലാതെയോ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ട്രഷറി ഡയറക്ടർ നൽകിയ നിർദ്ദേശം വ്യക്തമാക്കുമോ;

(എഫ്) മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യം കാരണമില്ലാതെ തടഞ്ഞുവെച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ പുറപ്പെടുവിക്കുന്ന ട്രഷറി നിയന്ത്രണ നിർദ്ദേശങ്ങൾക്കനുസരണമായിട്ടാണ് ട്രഷറി ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. ഇതിനു വിരുദ്ധമായി ട്രഷറി ഉദ്യോഗസ്ഥർ ബില്ലുകൾ മടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ട്രഷറി ഇടപാടുകൾക്ക് അനൗദ്യോഗിക നിയന്ത്രണം ഏർപ്പെടുത്തുവാൻ ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടില്ല. ട്രഷറി ഇടപാടുകളിലെ ക്രമീകരണവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ ധനകാര്യ വകുപ്പ് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകാറുണ്ട്. ഇത്തരത്തിലല്ലാതെ അനൗദ്യോഗിക ട്രഷറി നിയന്ത്രണങ്ങളൊന്നുംതന്നെ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കാറില്ല.

(സി) ഉണ്ട്.

(ഡി) ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയിലും താമരശ്ശേരി ജില്ലാ ട്രഷറിയുടെ കീഴിലുള്ള കൊടുവള്ളി സബ്ട്രഷറിയിലും മുൻ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുള്ള പെൻഷനിലെ ചില വിവരങ്ങളിൽ വ്യക്തത ആവശ്യമായതിനാൽ പെൻഷൻ നൽകാൻ കഴിഞ്ഞിരുന്നില്ല. ആയതിന് സ്പഷ്ടീകരണം ലഭിച്ച മുറയ്ക്ക് പിന്നീട് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. ഇക്കാര്യത്തിൽ ട്രഷറി ഡയറക്ടർ സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടുകയും സർക്കാർ നിർദ്ദേശം ട്രഷറി ഓഫീസർക്ക് നൽകുകയും അതിന്മേൽ തുടർനടപടി കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(എഫ്) മുൻമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യം കാരണമില്ലാതെ തടഞ്ഞ് വച്ചിട്ടില്ല. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ട്രഷറി ഓഫീസർമാർക്ക് വ്യക്തത ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ട്രഷറി

ഡയറക്ടർ മുഖാന്തരം സർക്കാരിൽ നിന്നോ അക്കൗണ്ടന്റ് ജനറലിൽ നിന്നോ സ്പഷ്ടീകരണം തേടുന്നത് സാധാരണ നടപടിക്രമം മാത്രമാണ്. അകാരണമായി പെൻഷൻ തടഞ്ഞു വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പഴയങ്ങാടി ട്രഷറിയുടെ കെട്ടിടനിർമ്മാണം

91 (2367) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന കെട്ടിടം നിർമ്മിക്കുന്നതിന് 16-7-2017 ന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിന് ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള പുതിയ എസ്റ്റിമേറ്റ്, ഇൻകെൽ തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രഷറിയുടെ കെട്ടിടനിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർതലത്തിലുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചും ആദ്യം സമർപ്പിച്ച എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടുമുള്ള പുതുക്കിയ എസ്റ്റിമേറ്റ് 2018 ജൂൺ അവസാനത്തോടുകൂടി സമർപ്പിക്കുന്നതാണെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് സാങ്കേതികാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ട്രഷറി നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള നടപടികൾ

92(2368) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവനക്കാരും പെൻഷൻകാരുമല്ലാതെ ഏകദേശം എത്രപേർക്ക് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങളിൽ നിന്നുള്ള ട്രഷറി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ട്രഷറി നിക്ഷേപം കൂടുതൽ ആകർഷകമാക്കുന്നതിനും ഈ സർക്കാർ എന്തെങ്കിലും കർമ്മപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഉപഭോക്താക്കളിൽ നിന്നും വിവിധ ഇടപാടുകൾക്ക് പുതിയ ചാർജ്ജുകൾ ഈടാക്കുകയും നിലവിലെ നിരക്കുകൾ വർദ്ധിപ്പിക്കുകയും ചെയ്തതുമൂലം പിൻതിരിയുന്ന നിക്ഷേപകരെയും പൊതുജനങ്ങളെയും ആകർഷിക്കത്തക്ക വിധത്തിൽ ട്രഷറി നിക്ഷേപം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെയും പെൻഷൻ കാരുടേതുമല്ലാത്ത 2,16,233 (രണ്ട് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി മുപ്പത്തിമൂന്ന്) എണ്ണം ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ നിലവിലുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ട്രഷറികളിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിന് വേണ്ട എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ട്രഷറിയിൽ നിക്ഷേപിക്കാൻ താൽപ്പര്യപ്പെട്ടുവരുന്ന നിക്ഷേപകന് ട്രഷറി ഓഫീസറെ നേരിട്ട് സമീപിച്ചാൽ നിക്ഷേപകന് ആവശ്യമായ എല്ലാ സഹായ സൗകര്യങ്ങളും ട്രഷറി ഓഫീസർ നേരിട്ട് ഉറപ്പുവരുത്തുന്നതാണ്. ട്രഷറി നിക്ഷേപത്തിന്റെ പലിശ നിരക്കും അതിന്റെ മറ്റ് ആകർഷണീയതകളും വ്യക്തമാക്കിക്കൊണ്ടുള്ള പരസ്യ ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രമുഖമായ സ്ഥാനത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. നിക്ഷേപത്തിന്റെ പലിശ പ്രതിമാസ നിരക്കിൽ നിക്ഷേപകന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാൻ നിലവിൽ ക്രമീകരണങ്ങളുണ്ട്. ഈ പലിശ നിക്ഷേപകന്റെ സൗകര്യാർത്ഥം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന മാറ്റുന്നതിനുള്ള സൗകര്യം അടുത്തുതന്നെ ഏർപ്പെടുത്തുന്നതാണ്. ഇതുവഴി നിക്ഷേപകന് ട്രഷറിയിൽ നേരിട്ട് ഹാജരാകാതെ തന്നെ പലിശ വാങ്ങാവുന്നതാണ്. ട്രഷറി സ്ഥിര നിക്ഷേപകർക്ക് പണം നിക്ഷേപിച്ചാലുടൻ തന്നെ സർട്ടിഫിക്കറ്റ് നൽകുവാനുള്ള സൗകര്യം ട്രഷറിയിൽ ഏർപ്പാടാക്കിയിട്ടുണ്ട്. മാത്രമല്ല, നിക്ഷേപത്തിനായി ബാങ്ക് ചെക്ക് സമർപ്പിച്ചാൽ തന്നെയും അന്നേ ദിവസം തന്നെ തുക ട്രഷറി അക്കൗണ്ടിലേയ്ക്ക് മാറ്റുകയും നിക്ഷേപ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. നിക്ഷേപ തുകയുടെ പലിശ ഇടപാടുകാരന് ഏത് ട്രഷറിയിൽ നിന്നും മാറാവുന്നതാണ്. നിക്ഷേപ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിലുള്ള ആകർഷകമായ

പലിശ നിരക്ക് സ്ഥിര നിക്ഷേപം നടത്താൻ ഇടപാടുകാർക്ക് പ്രേരണയായിട്ടുണ്ട്. ട്രഷറി സേവിംഗ്സ് ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാനുള്ള ക്രമീകരണങ്ങൾ അവസാനഘട്ടത്തിലാണ്.

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാരിൽനിന്നും യാതൊരു സർവീസ് ചാർജും ഈടാക്കുന്നില്ല. മാത്രമല്ല ഇടപാടുകാരുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല. ട്രഷറി അക്കൗണ്ടിലെ പണം ബാങ്ക് അക്കൗണ്ടിലേയ്ക്ക് NEFT/RTGS മുഖേന മാറ്റാവുന്നതാണ്. ട്രഷറി ഇടപാടുകാർക്ക് എ.ടി.എം. സൗകര്യം പ്രദാനം ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ട്രഷറി ഇടപാടുകാർക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം അടുത്തുതന്നെ ഏർപ്പെടുത്തുന്നതാണ്. ട്രഷറി ഇടപാടുകാർക്ക് ഈ സൗകര്യങ്ങളെല്ലാം ലഭ്യമാകുന്നത് ഒരു സർവീസ് ചാർജും ഫീസും ഈടാക്കാതെയാണ്. മറ്റ് ഒളിഞ്ഞിരിക്കുന്ന ചാർജുകൾ ഒന്നുമില്ലാതെ ട്രഷറി ഇടപാടുകാർക്ക് ലഭ്യമാക്കിയിരിക്കുന്ന ഇത്തരം ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഇടപാടുകാരെ ട്രഷറികളിലേയ്ക്ക് ആകർഷിക്കാൻ പര്യാപ്തമാണ്.

## ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകൾ

93 (2369) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം കൊടുത്തു തീർക്കാൻ കഴിയാതെ ട്രഷറി ക്യൂവിലേക്കു മാറ്റിയ ബില്ലുകളുടെ തുക വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ കൊടുത്തു തീർത്തതും ഇനി കൊടുക്കാനുള്ളതുമായ തുക എത്രയാണ്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീക്കിയിരുപ്പുണ്ടായ തുക തിരിച്ച് പിടിച്ചത് മുഴുവൻ കൊടുത്ത് തീർത്തിട്ടുണ്ടോ; ആയതിന്റെ കണക്കുകൾ നൽകാമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കൊടുത്തുതീർക്കാൻ കഴിയാതെ ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകളുടെ മൊത്തം തുക 1351.27 കോടി രൂപയാണ്. കഴിഞ്ഞ സാമ്പത്തികവർഷാവസാനം കൊടുത്തുതീർക്കാൻ കഴിയാതെ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയ ബില്ലുകളുടെ വകുപ്പ് തിരിച്ചുള്ള തുകയുടെ വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ 1119 കോടി രൂപ കൊടുത്തു തീർത്തിട്ടുണ്ട്. ഇനി 232.33 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് തിരികെ പിടിച്ച തുക സംബന്ധിച്ച് ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ കണക്കുപ്രകാരം ആകെ 1170.34 കോടി രൂപ തിരികെ നൽകിയിട്ടുണ്ട്. വിശദമായ കണക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## കേരള ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന

94 (2370) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറിയുടെ സമ്മാനങ്ങൾ ഈയടുത്തകാലത്ത് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പരിഷ്കാരം ഏത് വിധത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സമ്മാനങ്ങൾ പരിഷ്കരിച്ച ശേഷം ലോട്ടറിയുടെ വിൽപ്പനയിൽ ഇടിവാണോ വർദ്ധനവാണോ ഉണ്ടായിട്ടുള്ളത് ; വ്യക്തമാക്കാമോ;

(സി) മൊത്തവ്യാപാര സ്ഥാപനങ്ങളിൽ ലോട്ടറികൾ കെട്ടിക്കിടക്കുന്നു എന്നതും ഏജന്റുമാർ മുൻകൂർ പണം അടച്ചുവാങ്ങുന്നതിനാലും വിൽപ്പനയിലെ കുറവ് ശ്രദ്ധയിൽ പെടുന്നില്ല എന്നത് വസ്തുതയാണോ;

(ഡി) അനുവദിച്ച ക്വാട്ട നഷ്ടപ്പെടുമെന്നതിനാൽ ലോട്ടറി ഓഫീസുകളിൽ നിന്ന് ടിക്കറ്റുകൾ കുറച്ചെടുക്കാൻ ഏജന്റുമാർ തയ്യാറാകുന്നില്ല എന്നും തത്കാലത്തേക്ക് ടിക്കറ്റുകൾ കുറച്ചാൽ പിന്നീട് അത് കൂട്ടണമെന്ന് കരുതിയാൽ ബുദ്ധിമുട്ടാണെന്നും അതിനാൽ കെട്ടുകണക്കിന് ടിക്കറ്റുകൾ ബാക്കിയായിട്ടും മൊത്തവിതരണ ഏജന്റുമാർ നഷ്ടം സഹിക്കുന്നു എന്നത് വസ്തുതയാണോ ;

(ഇ) മുൻനിര സമ്മാനങ്ങളുടെ എണ്ണം കുറച്ചത് ലോട്ടറിവിൽപ്പന ഗണ്യമായി കുറയാൻ കാരണമായിട്ടുണ്ടോ;

(എഫ്) എങ്കിൽ വിൽപ്പന വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽവരുത്തി പരിഷ്കരിച്ചിട്ടുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പന വില 30 രൂപയിൽനിന്നും 40 രൂപയാക്കി (മുഖവില 35.72+12% GST) വർദ്ധിപ്പിച്ചു കൊണ്ടും മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ പരമാവധി വിൽപ്പനവില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും (മുഖവില 26.8+12% GST) ഡിസ്കൗണ്ടിൽ ഗണ്യമായ വർദ്ധനവ് വരുത്തിയുമാണ് സമ്മാന ഘടനകൾ ആവിഷ്കരിച്ചത്. സമ്മാനങ്ങളുടെ എണ്ണത്തിൽ ശരാശരി 27000 എണ്ണം വീതം വർദ്ധനവ് വരുന്നുണ്ട്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാനം 80 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും അക്ഷയ ഒഴികെ മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാന തുക കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

5,000 രൂപയുള്ള സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും Prize Percentage ഏകദേശം അതേപോലെ നിലനിർത്തിയും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ 15-7-2018-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ വീണ്ടും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2018 ഏപ്രിൽ മാസത്തെ റവന്യൂ കളക്ഷനെ അപേക്ഷിച്ച് മേയ് മാസത്തിൽ 65.41 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ഇത്തരത്തിൽ ഒരു പരാതിയും ഏജന്റുമാർ നൽകിയിട്ടില്ല. മഴക്കാലം സ്കൂൾ തുറക്കൽ, നോമ്പുകാലം എന്നിവ വിൽപ്പനയെ ബാധിച്ചിട്ടുണ്ട്.

(ഡി) ഭാഗ്യക്കുറി ഏജന്റുമാരെ നിർബന്ധിച്ച് ടിക്കറ്റെടുപ്പിക്കാൻ പാടില്ലെന്ന് ജില്ലാ/സബ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) മേയ്, ജൂൺ മാസങ്ങളിൽ ലോട്ടറി വിൽപ്പനയിൽ സ്വാഭാവികമായി കുറവ് വരാറുണ്ട്. 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചപ്പോൾ രണ്ടും മൂന്നും സമ്മാനങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിലും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിരുന്നു. സമ്മാനങ്ങളുടെ എണ്ണത്തിൽ ശരാശരി 27000 വീതം വർദ്ധനവ് വരുത്തിക്കൊണ്ടാണ് സമ്മാനഘടന പരിഷ്കരിച്ചിട്ടുള്ളത്.

(എഫ്) കുറവ് വരുത്തിയ ഒന്നാം സമ്മാനത്തുക വർദ്ധിപ്പിച്ചുകൊണ്ടും 5,000 രൂപ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയും ആകെ സമ്മാനത്തുകയിൽ ചെറിയ രീതിയിൽ വർദ്ധനവ് വരുത്തിക്കൊണ്ടും 40 രൂപ പരമാവധി വിൽപ്പന വിലയുള്ള കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ ഡിസ്കൗണ്ട് നിരക്ക് 5000 ടിക്കറ്റുകൾ വരെ 24%, 5000-ന് മുകളിൽ 25% എന്നിങ്ങനെ മാറ്റം വരുത്തിക്കൊണ്ടും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 15-7-2018-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യാജ ലോട്ടറികൾ തടയുന്നതിന് നടപടി**

95(2371) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ലോട്ടറികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പനയ്ക്ക് എത്തുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടിക്കറ്റുകൾ വ്യാജമായി പ്രിന്റ് ചെയ്യൽ, ഫോട്ടോസ്റ്റാറ്റ് പകർപ്പുകൾ ഹാജരാക്കി സമ്മാനത്തുക തട്ടിയെടുക്കൽ, ടിക്കറ്റുകളിലെ നമ്പർ തിരുത്തൽ എന്നിവ തടയുന്നതിലേയ്ക്കായി ലോട്ടറി ടിക്കറ്റുകളിൽ നവീന രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അനധികൃത ലോട്ടറി നടത്തിപ്പിന് തടയിടുന്നതിലേയ്ക്കായി റൂളിലെയും ആക്ടിലെയും വ്യവസ്ഥകൾ ചുമത്തി അനധികൃത ലോട്ടറി നടത്തിപ്പുകാർക്കെതിരെ കേസെടുക്കുവാൻ പോലീസിന് നിർദ്ദേശം നൽകി. എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ സോണൽ തലത്തിൽ പുനഃസംഘടിപ്പിച്ചു. അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വാർത്തകളും പരാതികളും ക്രോഡീകരിച്ച് IGP (Crimes)-ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-1-2018-ൽ സംസ്ഥാന വ്യാപകമായി എഴുത്തു ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തുകയും ഇതിൽ ഉൾപ്പെട്ട വകുപ്പിലെ അംഗീകൃത ഏജന്റുമാരുടെ ഏജൻസി സസ്പെൻഡ്/റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) നിയമം അനുശാസിക്കുംവിധം മാത്രമേ സംസ്ഥാനത്ത് ലോട്ടറി നടത്തിപ്പ് അനുവദിക്കൂ എന്ന് ഉറപ്പുവരുത്തുന്നതിനായി കേരള പേപ്പർ ലോട്ടറി ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

## എഴുത്ത് ലോട്ടറി ഇടപാട്

96 (2372) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഭാഗ്യക്കുറി ഏജൻസികൾ എഴുത്ത് ലോട്ടറി ഇടപാട് നടത്തിവരുന്ന വിവരം ലോട്ടറി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം നടപടികൾ കർശനമായി തടയാൻ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന അംഗീകൃത ലോട്ടറി ഏജന്റുമാർ എഴുത്ത് ലോട്ടറി നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെടുമ്പോൾ വകുപ്പുതലത്തിൽ കർശന നടപടികൾ സ്വീകരിക്കാറുണ്ട്. എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ സോണൽ തലത്തിൽ പുനഃസംഘടിപ്പിക്കുകയും എഴുത്ത് ലോട്ടറി നടത്തിപ്പുക്കാർക്കെതിരെ റൂളിലെയും ആക്ടിലെയും വ്യവസ്ഥകൾ ചുമത്തി കേസെടുക്കുവാൻ പോലീസിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വാർത്തകളും പരാതികളും ക്രോഡീകരിച്ച് IGP (Crimes)-ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-1-2018-ൽ സംസ്ഥാന വ്യാപകമായി എഴുത്തു ലോട്ടറിക്കെതിരെ നടന്ന റെയ്ഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ കേസിൽ ഉൾപ്പെട്ട വകുപ്പിലെ രജിസ്റ്റേർഡ് ഏജന്റുമാരോട് വിശദീകരണം ആവശ്യപ്പെടുക, ഏജൻസി സസ്പെൻഡ് ചെയ്യുക, റദ്ദ് ചെയ്യുക എന്നീ നടപടികൾ വകുപ്പ് തലത്തിൽ കൃത്യമായി സ്വീകരിക്കുന്നുണ്ട്. ഏജന്റുമാരല്ലാത്ത വിൽപ്പനക്കാർ ഇത്തരം കേസുകളിലുൾപ്പെടുന്നപക്ഷം ടി വിൽപ്പനക്കാർക്ക് ടിക്കറ്റുകൾ നൽകുന്ന ഏജന്റുമാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വോപരി എഴുത്ത് ലോട്ടറിയുൾപ്പെടെയുള്ള അനധികൃത ലോട്ടറി നടത്തിപ്പിനെതിരെ കാലാകാലങ്ങളിൽ പത്ര മാധ്യമങ്ങളിലൂടെ ജാഗ്രതാനിർദ്ദേശം അടങ്ങിയ പരസ്യങ്ങൾ നൽകി വരുന്നു.

## ലോട്ടറി ടിക്കറ്റുകളുടെ സമ്മാനങ്ങളിലെ പരിഷ്കാരങ്ങൾ

97 (2373) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റുകളുടെ സമ്മാനങ്ങളിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾമൂലം ടിക്കറ്റുകളുടെ വില്പനയിലും അതുമൂലം സർക്കാരിന്റെ വരുമാനത്തിലും കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം ഏജന്റുമാർക്ക് നഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാ വർഷവും മേയ്, ജൂൺ മാസങ്ങളിൽ ടിക്കറ്റ് വിൽപ്പനയിൽ സ്വാഭാവികമായി കുറവ് സംഭവിക്കാറുണ്ട്. 2018 ഏപ്രിൽ മാസത്തെ റവന്യൂ കളക്ഷൻ 755.12 കോടി രൂപയായിരുന്നു. 2018 മേയ് മാസത്തിൽ ആയത് 820.53 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) എല്ലാ വർഷവും മേയ്, ജൂൺ മാസങ്ങളിലുണ്ടാകുന്ന സ്വാഭാവിക കുറവാണ് ഉണ്ടായിട്ടുള്ളത്. ഇത് താൽക്കാലികമാണ്. 5,000 രൂപ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ 15-7-2018-ലെ നറുക്കെടുപ്പു മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി

98 (2374) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഓരോ സർക്കാർ, സ്വകാര്യ ആശുപത്രിയിലും ഏതൊക്കെ രോഗങ്ങൾക്കാണ് ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതെന്ന വിശദാംശം ആശുപത്രികൾ തിരിച്ച് ലഭ്യമാക്കുമോ;

(സി) പാവപ്പെട്ട രോഗികൾക്ക് ആശ്വാസകരമായ ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം ലഭ്യമാണ്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം കാൻസർ, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്ക, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്ക മാറ്റിവയ്ക്കലിനുശേഷമുള്ള തുടർ ചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയുടെ ഗുരുതര ക്ഷതങ്ങൾ തുടങ്ങിയ രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സാ ധനസഹായം ലഭ്യമാണ്. പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ധനസഹായം ലഭിക്കുന്ന രോഗങ്ങളുടെ വിശദാംശവും ഡയാലിസിസ് സെന്ററുകളുടെ വിശദാംശവും അനുബന്ധമായി *ചേർക്കുന്നു.

(സി) പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ജീവനക്കാരെ നിയോഗിക്കൽ, സോഫ്റ്റ്‌വെയർ നവീകരണം, പാക്കേജ് പുതുക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം പ്രകാരമുള്ള സേവനം

99 (2375) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ട ചില സ്വകാര്യ ആശുപത്രികൾ രോഗികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ചികിത്സ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആശുപത്രികൾക്കെതിരെ എന്ത് നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ചികിത്സയിനത്തിൽ ആശുപത്രികൾക്ക് തുക കൊടുത്തു തീർക്കാനുണ്ടെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആശുപത്രികളിലും കർശനമായി ഇതിന്റെ സേവനം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികളിൽനിന്നും ലഭിച്ച ക്ലെയിമുകൾ നടപടിക്രമം പൂർത്തിയാക്കി വിതരണം നടത്തിവരുന്നു.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുമായി കരാറിലേർപ്പെട്ട സ്വകാര്യ ആശുപത്രികളിലെ ഫണ്ട് വിനിയോഗവും കരാർ വ്യവസ്ഥകൾ പാലിക്കുന്നതും സംബന്ധിച്ച പരിശോധനയ്ക്കായി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കാരുണ്യ ബെനവലന്റ് ഫണ്ടിലെ ഉദ്യോഗസ്ഥരും ആശുപത്രികളിൽ പരിശോധന നടത്തുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ ചികിത്സാ നിരക്ക് ഏകീകരിക്കുന്നതിനും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സാ പാക്കേജ് നിരക്ക് പരിഷ്കരിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ചെയർപേഴ്സൺ ആയിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കെ.എഫ്.സി.-യെ മികച്ച ധനകാര്യ സ്ഥാപനമായി ഉയർത്തിക്കൊണ്ടുവരാൻ നടപടി

100 (2376) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.-യെ കേരളത്തിലെ മികച്ച ധനകാര്യ സ്ഥാപനമായി ഉയർത്തിക്കൊണ്ടുവരാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എഫ്.സി. പ്രഖ്യാപിച്ച പുതിയ വായ്പാനയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്റ്റാർട്ട് അപ് സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കാൻ കെ.എഫ്.സി.-യുടെ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എഫ്.സി.-യെ ചെറുബാങ്കായി ഉയർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എഫ്.സി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

1. വായ്പകളുടെ പലിശനിരക്ക് വിപണി നിലവാരവുമായി ഏകീകരിച്ചു. Prime Lending Rate (14.5%) വ്യവസ്ഥയിലാണ് വായ്പ അനുവദിച്ചിരുന്നത്. ഇത് ബേസ് റേറ്റ് സിസ്റ്റത്തിലേയ്ക്ക് മാറ്റി. 9.5% ആണ് പുതിയ ബേസ് റേറ്റ്.
2. അപേക്ഷകൾ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കി പുതിയ നടപടിക്രമങ്ങൾ നടപ്പിലാക്കി.
3. ലോൺ അപ്രൈസലിനുവേണ്ടി സോണൽ മാനേജരുടെ/ ഹെഡ്ഡാഫീസിന്റെകീഴിൽ കേന്ദ്രീകൃതമായ പ്രത്യേക വിഭാഗം ആരംഭിച്ചു. അങ്ങനെ വിദഗ്ദ്ധ ഓഫീസർമാരുടെ സേവനം എല്ലാ ഓഫീസുകൾക്കും ഒരേ പോലെ ലഭ്യമാക്കി.
4. കോർപ്പറേഷന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി പുതുക്കിയ പ്രവർത്തന രേഖ നടപ്പിലാക്കുന്നു.
5. കിട്ടാക്കടങ്ങൾ കുറയ്ക്കുവാൻ വായ്പ തീർപ്പാക്കൽ അദാലത്തുകൾ ആരംഭിച്ചു.

(ബി) കെ.എഫ്.സി.-യുടെ പുതിയ വായ്പാ പദ്ധതിയിലെ പ്രധാന മാറ്റങ്ങൾ ഇപ്രകാരമാണ്.

1. ഐ.ടി. ബയോടെക്നോളജി വിഭാഗങ്ങൾക്കായി രണ്ട് പുതിയ സ്കീമുകൾ ആരംഭിച്ചു.
2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകി വരുന്ന ഇളവുകൾ 100 ലക്ഷം വരെയുള്ള വായ്പകൾക്ക് ബാധകമാക്കി.
3. വിവിധ കമ്മിറ്റികളുടെ ലോൺ അനുവദിക്കുന്നതിനുള്ള പരിധി പുതുക്കിയിട്ടുണ്ട്.
4. വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾക്ക് സമയപരിധി നിശ്ചയിച്ചു.
5. വായ്പകൾ കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുതുക്കി നിശ്ചയിച്ചു.
6. അനുവദിച്ച് 6 മാസത്തിനുള്ളിൽ വായ്പത്തുക പിൻവലിച്ച് തുടങ്ങാത്ത വായ്പകൾ കാലഹരണപ്പെട്ടതായി കരുതും.

(സി) സ്റ്റാർട്ടപ്പ് സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മൂന്ന് വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(1) <u>സ്റ്റാർട്ടപ്പ് സപ്പോർട്ട് സ്കീം</u>

ടേം ലോണും പ്രവർത്തന മൂലധനവുമുൾപ്പെടെ 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. 18-നും 35-നും ഇടയ്ക്ക് പ്രായമുള്ള ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി/ഐ.ടി.ഐ. ഡിപ്ലോമ പാസ്സായ ആദ്യ വരി സംരംഭകർക്ക് അപേക്ഷിക്കാം. എന്നിരുന്നാലും എഞ്ചിനീയറിംഗ് പാസ്സായവർക്കും വിദ്യാർത്ഥികൾക്കും മുൻഗണന ലഭിക്കും. പദ്ധതി ചെലവിന്റെ 90% വരെ വായ്പ ലഭിക്കും. 5 വർഷം വരെ വായ്പാ തിരിച്ചടവ് കാലാവധിയുണ്ട്.

(2) <u>സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ പൂർത്തീകരിക്കാനായി വർക്കിംഗ് ക്യാപിറ്റൽ സഹായം</u>

100 ലക്ഷം രൂപ വരെ ഐ.ടി. ഹാർഡ്‌വെയർ/ബയോടെക്നോളജി ഉൽപ്പന്ന നിർമ്മാതാക്കൾക്ക് വായ്പ ലഭിക്കും. അർഹതയുള്ളവർക്ക് 10% വരെ പലിശ നിരക്കിൽ വായ്പ ലഭിക്കും. ചെറുകിട സംരംഭകരായി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പകൾക്ക് അർഹതയുള്ളത്.

(3) <u>ഐ.ടി. ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾക്ക് വെഞ്ച്വർ ഡെബ്റ്റ്</u>

500 ലക്ഷം രൂപ വരെ ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾക്ക് വായ്പ ലഭിക്കാൻ അർഹതയുണ്ട്. പദ്ധതി ചെലവിന്റെ 80% വരെ വായ്പ ലഭിക്കും. ചെറുകിട സംരംഭകരായി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് ലിമിറ്റഡ് കമ്പനി/ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് സ്ഥാപനങ്ങൾക്കാണ് വായ്പയ്ക്ക് അർഹതയുള്ളത്.

അതത് സ്ഥാപനങ്ങളുടെ നിക്ഷേപം SEBI അംഗീകാരമുള്ള വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് അംഗീകരിച്ചിരിക്കണം.

(ഡി) കെ.എഫ്.സി.-ക്ക് ചെറുബാങ്കിംഗ് ചെയ്യാനുള്ള അപേക്ഷ ആർ.ബി.ഐ. നിരസിച്ചു. ആയതിനാൽ ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഒന്നും തന്നെ ഇല്ല.

## കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ പ്രായം

101 (2377) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല.

## കെ.എസ്.എഫ്.ഇ.-യുടെ ലാഭം

102 (2378) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.എഫ്.ഇ.-യുടെ ലാഭം വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഓരോ വർഷവും ലഭിച്ച വരുമാനവും ലാഭവും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.എഫ്.ഇ.-യിൽ എത്ര പേർക്ക് പി.എസ്.സി. മുഖാന്തരം നിയമനം നൽകിയെന്നും ഏതെല്ലാം തസ്തികയിലെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 2016-17 സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ.-യുടെ ലാഭം 151 കോടി രൂപയാണ്. 2017-18 സാമ്പത്തിക വർഷത്തിലെ അൺ ഓഡിറ്റ് കണക്ക് പ്രകാരം 2015-16 വർഷത്തെ അടിസ്ഥാനമാക്കി 20 ശതമാനത്തിനോടടുത്ത് ലാഭത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

2016-17 സാമ്പത്തിക വർഷം 1966 കോടി രൂപയും 2017-18-ൽ 2155 കോടി രൂപയുമാണ് വരുമാനം പ്രതീക്ഷിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യിൽ പി.എസ്.സി മുഖാന്തരം നടത്തിയ നിയമനങ്ങളുടെ വിവരം തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | നിയമനങ്ങളുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ അസിസ്റ്റന്റ് | 1163 |
| 2 | ഓഫീസ് അറ്റൻഡന്റ് | 312 |

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

103 (2379) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് വഴിയാണോ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സർക്കാർ വിഹിതം ഉണ്ടാകുമോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം നൽകുമോ;

(ഡി) ഇക്കഴിഞ്ഞ ബജറ്റിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, പലിശ രഹിത ചികിത്സാ വായ്പാ പദ്ധതി, വിവിധ വകുപ്പുകളിലെ മെഡിക്കൽ അലവൻസ് എന്നീ ഇനങ്ങൾക്ക് എത്ര വീതമാണ് പണം നീക്കിവച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) അല്ല.

(സി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് മാത്രമേ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയൂ.

(ഡി) 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിന് 73.02 കോടി രൂപയും പലിശ രഹിത ചികിത്സാ വായ്പാ പദ്ധതിക്ക് 10.5 കോടി രൂപയും പെൻഷൻകാരുടെ മെഡിക്കൽ അലവൻസിന് 172.0979 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

104 (2380) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യ പത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)യും തയ്യാറാക്കി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്. കരാർ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രീമിയം, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

105 (2381) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി ഇതുവരെ പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് എന്തുകൊണ്ടാണ്;

(ബി) ഇതിനായി ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയത്; ഇതിനായുള്ള കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ;

(സി) പദ്ധതി അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)യും തയ്യാറാക്കി വരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്. കരാർ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ ഇൻഷ്വറൻസ് കമ്പനി, പ്രീമിയം, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം

106 (2382) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം, സോഫ്റ്റ് വെയർ നിർമ്മിക്കുന്ന കെൽട്രോണുമായുള്ള തർക്കം കാരണം തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെൽട്രോണുമായി ഉണ്ടാക്കിയ കരാർ പ്രകാരം എത്ര കാലംകൊണ്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകണമെന്നും ഇതിലേയ്ക്കായി എത്ര തുക അനുവദിക്കുമെന്നും, അതിന്റെ വിതരണം എത്ര വീതം ഏതെല്ലാം ഘട്ടത്തിൽ നടത്തുമെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) എന്നാണ് കെൽട്രോണുമായി കരാറിലേർപ്പെട്ടതെന്ന് അറിയിക്കുമോ;

(ഡി) എന്താണ് നിലവിൽ കമ്പ്യൂട്ടർവത്കരണത്തിന് തടസ്സം വരാനുള്ള കാരണമെന്ന് അറിയിക്കുമോ;

(ഇ) അടിയന്തരമായി കമ്പ്യൂട്ടർവത്കരണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെൽട്രോണുമായി ഏർപ്പെട്ട കരാർ പ്രകാരം 70 ദിവസംകൊണ്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകണമെന്നും ഇതിലേയ്ക്കായി 1,22,82,982 രൂപ നാല് ഘട്ടത്തിലായി വിതരണം ചെയ്യണമെന്നുമാണ് വ്യക്തമാക്കിയിരുന്നത്. കരാർ തീയതി മുതൽ ഒരു മാസം പൂർത്തിയാകുമ്പോൾ ആദ്യഘട്ടമായി കരാർ തുകയുടെ 30 ശതമാനവും രണ്ടാംഘട്ടമായി രണ്ട് മാസം പൂർത്തിയാകുമ്പോൾ 60 ശതമാനവും (ആദ്യതവണ തുക ഉൾപ്പെടെ) മൂന്നാംഘട്ട സോഫ്റ്റ്‌വെയർ വികസനം പൂർണ്ണമായും പൂർത്തിയാക്കി, സോഫ്റ്റ്‌വെയർ ആഡിറ്റ് നടത്തി അതുപ്രകാരമുള്ള പിഴവുകൾ പരിഹരിച്ചതിനുശേഷം കരാർ തുകയുടെ 90 ശതമാനവും(ആദ്യ രണ്ട് തവണ തുകകൾ ഉൾപ്പെടെ) പൂർത്തീകരണത്തിനുശേഷം ഒരു വർഷത്തെ വാറണ്ടി കാലാവധി കഴിഞ്ഞതിനുശേഷം ശേഷിക്കുന്ന 10 ശതമാനവും നൽകാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം തൃപ്തികരമാകും വരെ ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക അധികരിക്കാത്തവിധം ടി പ്രവൃത്തി തുടരുന്നതിനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) 30-10-2010-ലാണ് കെൽട്രോണുമായി കരാറിലേർപ്പെട്ടത്.

(ഡി) 2010-ൽ നടപ്പാക്കിയ സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്ക്കരിക്കാതിരുന്നതിനാലാണ് തടസ്സം നേരിട്ടത്.

(ഇ) കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളിലെ നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനും കാലോചിതമായി സോഫ്റ്റ്‌വെയർ പരിഷ്ക്കരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

## റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് ക്ഷാമം

107 (T 2383) ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ/കോർട്ട്ഫീ സ്റ്റാമ്പുകൾക്ക് കടുത്ത ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ക്ഷാമം നേരിടാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) ഈ ക്ഷാമം മുതലെടുത്ത് ഓൺലൈൻ വ്യാപാര സൈറ്റുകളിൽ ഇവയ്ക്ക് മൂന്നിരട്ടി അധിക വില ഈടാക്കി വില്പന നടത്തുന്ന സാഹചര്യത്തിൽ റവന്യൂ, കോർട്ട് ഫീ സ്റ്റാമ്പുകളുടെ ക്ഷാമം നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് ചില ജില്ലകളിൽ പ്രാദേശികമായി ക്ഷാമം അനുഭവപ്പെട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് ട്രഷറികൾക്ക് ആവശ്യമായ മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിന് ലഭ്യമാകുന്നത്. നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിച്ചാണ് ഇവ ട്രഷറികൾക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാനത്ത്, ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികളെടുത്തു വന്നതിനാൽ സെക്യൂരിറ്റി പ്രസ്സിൽ നിന്നും സ്റ്റാമ്പുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ കാലതാമസം

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നേരിടുകയും തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 50, 100 രൂപ മൂല്യത്തിലുള്ള മുദ്രപ്പത്രങ്ങളും റവന്യൂ സ്റ്റാമ്പുകളും സ്റ്റോക്കില്ലാതെ വരികയും അവ ട്രഷറികൾക്ക് ലഭ്യമാകാതിരുന്നതും പ്രാദേശികമായി ഇവയുടെ ക്ഷാമത്തിനിടയാക്കുകയുണ്ടായി.ഈ സാഹചര്യം ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(സി) ഓൺലൈൻ വ്യാപാര സൈറ്റുകൾ വഴി അധിക വില ഈടാക്കി റവന്യൂ, കോർട്ട് ഫീ സ്റ്റാമ്പ് വിൽപ്പന നടത്തുന്നതായ വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും റവന്യൂ സ്റ്റാമ്പുകളുടെയും കോർട്ട് ഫീ സ്റ്റാമ്പുകളുടെയും ലഭ്യത ഉറപ്പുവരുത്തുവാൻ ആവശ്യമായ ക്രമീകരണം ട്രഷറികളിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിനായി റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകളുടെ സ്റ്റോക്ക് കൂടുതലുള്ള ട്രഷറികളിൽനിന്നും പരിമിതമായ നീക്കിയിരുപ്പുള്ള ട്രഷറികളിലേയ്ക്ക് എത്തിക്കുന്നതിന് ജില്ലാ ട്രഷറി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ദൈനംദിന സ്റ്റോക്കുവിവരം അറിയിക്കുവാനും അതിൻപ്രകാരം സ്റ്റോക്ക് പുനർക്രമീകരണം നടത്തി റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽനിന്നും മുദ്രപ്പത്രങ്ങളുടേയും റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകളുടേയും സ്റ്റോക്ക് എത്തിച്ച് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽനിന്നും ട്രഷറികൾക്ക് വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ റവന്യൂ/കോർട്ട് ഫീ സ്റ്റാമ്പുകൾക്ക് അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

### സ്റ്റാമ്പ് പേപ്പറുകൾ/മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

108 (2384) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലടക്കം സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ചെറിയ തുകകൾക്കുള്ള സ്റ്റാമ്പ് പേപ്പറുകൾ മാസങ്ങളായി ആവശ്യാനുസരണം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 10, 50, 100 തുടങ്ങിയ തുകകൾക്കുള്ള മുദ്രപത്രങ്ങൾ മാസങ്ങളായി ലഭ്യമല്ലാത്തതിനാലുള്ള ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിനും മുദ്രപത്രങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെറിയ തുകകൾക്കുള്ള സ്റ്റാമ്പ് പേപ്പറുകൾക്ക് ചില ജില്ലകളിൽ പ്രാദേശികമായി ക്ഷാമം അനുഭവപ്പെട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും എത്തിച്ച് വിതരണം ആരംഭിച്ചിട്ടുണ്ട്.

**മുദ്രപ്പത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കുമുള്ള ക്ഷാമം**

109 (2385) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ വിലയുടെ മുദ്രപ്പത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും കടുത്ത ക്ഷാമം അനുഭവപ്പെടുന്നതുമൂലം ജനന-മരണ സർട്ടിഫിക്കറ്റുകൾ മുതൽ വിവിധ ഉടമ്പടികൾവരെയുള്ളവയ്ക്കായി സാധാരണക്കാർ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ചെറിയ തുകകൾക്കുള്ള സ്റ്റാമ്പ് പേപ്പറുകൾക്ക് ചില ജില്ലകളിൽ പ്രാദേശികമായി ക്ഷാമം അനുഭവപ്പെട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) ഉണ്ട്. മുദ്രപ്പത്രക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ കുറഞ്ഞ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50, 100 രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപ്പത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി/സ്റ്റാമ്പ് ഡിപ്പോകളിൽ പുനർമൂല്യനിർണ്ണയം ചെയ്ത 50 രൂപയുടെയും 100 രൂപയുടെയും നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾ സബ് ട്രഷറികൾക്കും വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിൽനിന്നും എത്തിച്ച മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങൾക്കും റവന്യൂ സ്റ്റാമ്പുകൾക്കും ട്രഷറികളിൽ അനുഭവപ്പെട്ടിരുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

**കയർ മേഖലയുടെ സമഗ്ര വികസനം**

110 (2386) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ സമഗ്ര വികസനത്തിനായി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ;

(ബി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ അവലോകനം ചെയ്തിട്ടുണ്ടോ; അത് വിജയപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഡീഫൈബറേഷൻ മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര മില്ലുകൾ സ്ഥാപിച്ചു;

(ഡി) കയർ മേഖലയിൽ നടപ്പിലാക്കിയ യന്ത്രവൽക്കരണം പ്രസ്തുത മേഖലയ്ക്ക് ഉണർവ് നൽകിയിട്ടുണ്ടോ; ഇത്തരം നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലവിളംബം ഈ മേഖലയുടെ വികസനത്തിന് തടസ്സമായെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉത്തരം

(എ) വൈക്കം കയർ പ്രോജക്ടിനെ ചകിരി ഉൽപ്പാദത്തിൽ സ്വാശ്രയത്വം കൈവരിക്കുന്ന മാതൃകാ പ്രോജക്ട് ആയി നിശ്ചയിച്ച് അവിടെ 7 ചകിരി മില്ലുകൾ കയർ സംഘങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. 15-6-2018-ൽ ചകിരി മില്ലുകൾ ആരംഭിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈക്കത്ത് നടക്കും. കൂടാതെ തൃശ്ശൂർ - 10, കോഴിക്കോട് - 10 എന്നീ നിലയിൽ സംഘങ്ങളിൽ ചകിരി മില്ലുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. എല്ലാ പ്രോജക്ട് പരിധിയിലും താൽപ്പര്യമുള്ള സംഘങ്ങളിൽ ചകിരി മില്ലുകൾ ഈ വർഷം തന്നെ

സ്ഥാപിക്കുന്നതാണ്. വൈക്കം പ്രോജക്ടിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ "ഹരിത കർമ്മ സേന" മുഖേനയും സംഘങ്ങൾ നേരിട്ടും പ്രോജക്ട് ഓഫീസിന്റെ സഹായത്തോടെ തെരഞ്ഞെടുത്ത ആളുകൾ വഴിയും തൊണ്ട് സംഭരണത്തിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. മലബാർ മേഖലയിൽ നിന്നും സംഘങ്ങളിലേയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നുണ്ട്. പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു.

(ബി) പ്രോജക്ടുതലത്തിലും സംസ്ഥാനതലത്തിലും അവലോകനം ചെയ്യുന്നുണ്ട്. വിജയപ്രദമാണ്.

(സി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 35 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കയർ മേഖലയിൽ യന്ത്രവൽക്കരണം ചകിരി ഉൽപ്പാദക രംഗത്ത് നടപ്പിലാക്കി തുടങ്ങിയതേയുള്ളൂ. കയർപിരി രംഗത്ത് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുമ്പോഴേ ഗണ്യമായ മാറ്റം പ്രതീക്ഷിക്കാനാകൂ. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കണമെങ്കിൽ ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ആ നിലയ്ക്കുള്ള നടപടികളാണ് സർക്കാർ നടത്തുന്നത്. നിയന്ത്രിത യന്ത്രവൽക്കരണ പദ്ധതി ഗുണനിലവാരമുള്ള ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് പര്യാപ്തമായിരുന്നില്ല. മെയിന്റനൻസിനും തൊണ്ട് സംഭരണത്തിനും വ്യക്തമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്.

## കയർ സൊസൈറ്റികൾക്ക് മെഷിണറികൾ

111 (2387) <u>ശ്രീ. അടൂർ പ്രകാശ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സൊസൈറ്റികൾക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഇതര മെഷീനുകളും നൽകാറുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഏതെല്ലാം മെഷീനുകൾ നൽകിയെന്ന് ഇനംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ സ്ഥാപനങ്ങൾക്കും നൽകിയ മെഷീനുകളുടെ വില എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

| | | | |
|---|---|---|---|
| 1. | ഡീ ഫൈബറിംഗ് മെഷീൻ (10 HP) | - | 53 നമ്പർ |
| 2. | ഡീ ഫൈബറിംഗ് മെഷീൻ (15 HP) | - | 36 നമ്പർ |
| 3. | വില്ലോയിംഗ് മെഷീൻ (ഡ്രം ടൈപ്പ്) | - | 85 നമ്പർ |
| 4. | വില്ലോയിംഗ് മെഷീൻ (മുള്ളുതാങ്ങി ടൈപ്പ്) | - | 12 നമ്പർ |
| 5. | വില്ലോയിംഗ് മെഷീൻ (1 HP) | - | 61 നമ്പർ |
| 6. | സ്ക്രീനിംഗ് മെഷീൻ (ഫോർ ഫൈബർ) | - | 84 നമ്പർ |
| 7. | സ്ക്രീനിംഗ് മെഷീൻ (ഫോർ പിത്ത്) | - | 34 നമ്പർ |
| 8. | കൺവെയർ (ഫോർ ഫൈബർ) | - | 36 നമ്പർ |
| 9. | കൺവെയർ (ഫോർ പിത്ത്) | - | 34 നമ്പർ |
| 10. | ബൈലിംഗ് പ്രസ് | - | 11 നമ്പർ |
| 11. | ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ | - | 10 നമ്പർ |
| 12. | ഇലക്ട്രോണിക് റാട്ട് | - | 8946 നമ്പർ |
| 13. | ക്രഷർ യൂണിറ്റ് | - | 6 നമ്പർ |

ബന്ധപ്പെട്ട സൊസൈറ്റികളുടെ പേര് വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മെഷീനുകളുടെ വില, (ടാക്സ് ഒഴികെ) ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | ഡീ ഫൈബറിംഗ് മെഷീൻ (10 HP) | - Rs.1,19,25,000 |
| 2. | ഡീ ഫൈബറിംഗ് മെഷീൻ (15 HP/20 HP) | - Rs.1,23,01,000 |
| 3. | വില്ലോയിംഗ് മെഷീൻ (ഡ്രം ടൈപ്പ്) | - Rs.68,00,000 |
| 4. | വില്ലോയിംഗ് മെഷീൻ (മുള്ളുതാങ്ങി ടൈപ്പ്) | - Rs.15,00,000 |
| 5. | വില്ലോയിംഗ് മെഷീൻ (1 HP) | - Rs.15,86,000 |
| 6. | സ്ക്രീനിംഗ് മെഷീൻ (ഫോർ ഫൈബർ) | - Rs.42,00,000 |
| 7. | സ്ക്രീനിംഗ് മെഷീൻ (ഫോർ പിത്ത്) | - Rs.13,60,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| 8. | കൺവെയർ (ഫോർ ഫൈബർ) | - Rs.21,60,000 |
| 9. | കൺവെയർ (ഫോർ പിത്ത്) | - Rs.17,00,000 |
| 10. | ബൈലിംഗ് പ്രസ് | - Rs.29,00,000 |
| 11. | ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ | - Rs.14,03,800 |
| 12. | ഇലക്ട്രോണിക് റാട്ട് | - Rs.2,59,43,400 |
| 13. | ക്രഷർ യൂണിറ്റ് | - Rs.13,50,000 |

## പരമ്പരാഗത കയർ വ്യവസായം

112 (2388) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ വ്യവസായത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കയറിന് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർക്ക് സ്ഥിര ജോലിയും മാന്യമായ വേതനവും ലഭിക്കത്തക്ക രീതിയിലും ഈ വ്യവസായം പുനഃസംഘടിപ്പിക്കാൻ തയ്യാറാകുമോ?

### ഉത്തരം

(എ) സമ്പൂർണ്ണ ആധുനീകരണത്തിന് നടപടികൾ ത്വരിതഗതിയിൽ കൈക്കൊള്ളുന്നതിനൊപ്പം പരമ്പരാഗത മേഖലയെ സംരക്ഷിക്കുകയും ചെയ്യുകയെന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി സംഭരിക്കുകയാണ്. കയറിനും കയർ ഉൽപ്പന്നങ്ങൾക്കും ഡിമാന്റ് വർദ്ധിപ്പിക്കുന്നതിനുള്ള ആസൂത്രിത നടപടികളും സ്വീകരിച്ചുവരുന്നു.

കയർ തൊഴിലാളികൾക്കുള്ള ക്ഷേമ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും കൃത്യമായി നൽകുകയും ചെയ്തുപോരുന്നുണ്ട്. ഈ ലക്ഷ്യം വച്ചുകൊണ്ടുള്ള വിവിധ സ്കീമുകൾ നടപ്പിലാക്കി വരുന്നു.

(ബി) കയർ മേഖലയിലെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്.

2017-ൽ നടന്ന "കയർ കേരള " അന്താരാഷ്ട്ര മേളയോടനുബന്ധിച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പുവച്ച് വിജയകരമായി നടപ്പാക്കിവരുന്നു. ചകിരി ഉൽപ്പാദന-കയർപിരി-ഉൽപ്പാദക മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ചകിരി ദൗർലഭ്യമാണ് കയർമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇത് പരിഹരിക്കാനായി കയറിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ഫാർമേഴ്സ് സർവീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിയാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് 12 കോടി രൂപ പ്രവർത്തന മൂലധനമായി 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 417 കയർ സഹകരണ സംഘങ്ങൾക്ക് 8.76 കോടി രൂപ നൽകിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 എച്ച്.പി.യുടെ 65 ഡി.എഫ്.മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ കയർ മെഷീണറി ഫാക്ടറിക്ക് അനുവദിക്കുകയും മെഷീനുകളുടെ വിതരണം ആരംഭിക്കുകയും ചെയ്തു.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷീണറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

**ചെറുകിട കയർ ഉൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

113 (2389) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കയർ ഉത്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) സംഘങ്ങൾ കയർ ഫെഡിന് നൽകുന്ന കയറിന്റെ വില കൃത്യസമയത്ത് വിതരണം ചെയ്യുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) കയർ തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തി തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർമേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിയാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അംഗങ്ങൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനുമായി

കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടിയുള്ള എൻ.സി.ഡി.സി. പദ്ധതിയുടെ 200 കോടി രൂപയുടെ ആദ്യഘട്ടത്തിന് തുടക്കമായി.

(ബി) സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ വില സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി)കയർ തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻകം സപ്പോർട്ട് തുക വർദ്ധിപ്പിക്കുന്നത് പരിഗണനയിൽ ഇല്ല.

കയർ തൊഴിലാളികൾക്ക് 300 രൂപ മിനിമം കൂലി ഉറപ്പാക്കുന്നതിനാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ കൂലിയുടെ ഒരു ഭാഗം നൽകുന്നത്. 190 രൂപ കയർ സഹകരണ സംഘം/രജിസ്റ്റേർഡ് സ്വകാര്യ ഉൽപ്പാദകൻ നൽകുമ്പോൾ 110 രൂപ സർക്കാർ നൽകും.

കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണമാണ് ലക്ഷ്യംവയ്ക്കുന്നത്. യന്ത്രവൽക്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിച്ച് ഉയർന്നകൂലി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പരമ്പരാഗത മേഖലയിൽ തുടരുന്നവർക്ക് വരുമാനം ഉറപ്പാക്കൽ വേണ്ടിവരും. വരുമാനം ഉറപ്പാക്കൽ പദ്ധതി പരമ്പരാഗത മേഖലയിലെ കുറഞ്ഞ ഉൽപ്പാദനക്ഷമത മൂലമുണ്ടാകുന്ന വരുമാനക്കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതിയാണ്.

## കയറുൽപ്പന്നങ്ങളുടെ വിപണനം

114 (2390) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മുതൽ നാളിതുവരെ എത്രമാത്രം കയറുൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തിയിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചും വർഷംതിരിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

കയർഫെഡ് കയറും കേരള സംസ്ഥാന കയർ കോർപ്പറേഷൻ കയർ ഉൽപ്പന്നങ്ങളുമാണ് പൊതുവിൽ സംഭരിക്കുന്നത്. എന്നാൽ കയർഫെഡും അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്ന് കയർ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. കയർഫെഡ് പ്രധാനമായും കയർ സംഭരണവും വിപണനവുമാണ് നടത്തുന്നത്. 2010-11 മുതൽ 2016-17 വരെയുള്ള കയർ സംഭരണ-വിപണനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സംഭരണം (ക്വിന്റലിൽ) | വില (ലക്ഷത്തിൽ) | വിപണനം (ക്വിന്റലിൽ) | വില (ലക്ഷത്തിൽ) |
|---|---|---|---|---|
| 2010-11 | 52409.00 | 1991.00 | 38698.50 | 1530.35 |
| 2011-12 | 55662.49 | 2563.23 | 44534.70 | 2009.69 |
| 2012-13 | 69994.93 | 2561.13 | 73786.14 | 3003.95 |
| 2013-14 | 71474.10 | 3164.62 | 69966.24 | 3058.25 |
| 2014-15 | 65379.38 | 3422.50 | 61725.02 | 3275.45 |
| 2015-16 | 78820.43 | 4177.5 | 70295.83 | 3570.98 |
| 2016-17 | 99793.85 | 5009.34 | 93176.25 | 4889.96 |
| 2017-18 | 125066.70 | 6618.54 | 149319.30 | 7897.32 |

കയർഫെഡ് കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത് ആലപ്പുഴയിലാണ്. കയർഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഭൂരിപക്ഷം സംഘങ്ങളും പ്രാഥമിക കയർപിരി സംഘങ്ങളാണ്. എന്നാൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ചുരുക്കം മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മാത്രമാണ് കയർഫെഡ് സംഭരിക്കുന്നത്. ആയത് ചുവടെ ചേർക്കുന്നു:

| വർഷം | സംഭരണം വില (ലക്ഷത്തിൽ) | വിപണനം വില (ലക്ഷത്തിൽ) |
|---|---|---|
| 2010-11 | 118.97 | 382.8 |
| 2011-12 | 329.73 | 367.84 |
| 2012-13 | 316.84 | 540.26 |
| 2013-14 | 345.41 | 755.01 |
| 2014-15 | 331.32 | 462.42 |
| 2015-16 | 317.62 | 434.4 |
| 2016-17 | 261.88 | 882.93 |

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ ജില്ലയിൽ നിന്നാണ് കയർ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത്. ഇത് കേരളത്തിലുടനീളം ഷോറൂമുകൾ വഴിയും ഓണം വിപണനമേളകൾ വഴിയും പല എക്സിബിഷനുകൾ വഴിയും വിറ്റഴിച്ചിട്ടുണ്ട്. കേരളത്തിന് വെളിയിൽ ഡൽഹി, അഹമ്മദാബാദ്, ചെന്നൈ, ഗ്വാഹട്ടി, ലക്നൗ, കോയമ്പത്തൂർ, കൽക്കട്ട എന്നീ സ്ഥലങ്ങളിൽ കയർ ഉൽപ്പന്നങ്ങൾ വിപണനം നടത്തിയിട്ടുണ്ട്. ആഭ്യന്തര മാർക്കറ്റിന്റെ വിപുലമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് കയർ കോർപ്പറേഷൻ 2016-17 മുതൽ ശ്രമിച്ചുവരികയാണ്. 2017-18 ഓണക്കാലത്ത് സംഘടിപ്പിച്ച 'കയർ കാർണിവൽ' ഈ രംഗത്തെ ഒരു ചുവട് വയ്പ്പാണ്. 4.8 കോടി രൂപയുടെ ആഭ്യന്തര വിൽപ്പന നടത്തുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.

2011 മുതൽ നാളിതുവരെ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ശേഖരിച്ച് വിപണനം നടത്തിയ കയർ ഉൽപ്പന്നങ്ങളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു:

തുക കോടിയിൽ

| വർഷം | സംഭരണം | വിൽപ്പന |
|---|---|---|
| 2011-12 | 58.00 | 56.38 |
| 2012-13 | 71.00 | 68.19 |
| 2013-14 | 92.00 | 96.86 |
| 2014-15 | 104.9 | 101.00 |
| 2015-16 | 104.32 | 101.66 |
| 2016-17 | 115.52 | 105.00 |
| 2017-18 | 125.18 | 114.00 |

## വ്യവസായ മിത്ര പദ്ധതി

115 (2391) ശ്രീ. എം. ഉമ്മർ:
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളെ രക്ഷിക്കുന്നതിനായി വ്യവസായ മിത്ര എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തകർച്ച നേരിടുന്ന ചെറുകിട വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ദി കേരള സ്റ്റസ്ഡ് എം.എസ്.എം.ഇ ' റിവൈവൽ ആൻഡ് റിഹാബിലിറ്റേഷൻ പദ്ധതിക്ക് 15-5-2018-ലെ GO(Ms)No.38/2018/ID പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രശ്നങ്ങൾ നേരിടുന്ന എം.എസ്.എം.ഇ.-കളെ കണ്ടെത്തുകയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ലീഡ് ബാങ്ക് മാനേജർ, ജില്ലാ പ്രസിഡന്റ് KSSIA, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB, ഡെപ്യൂട്ടി കമ്മീഷണർ, GST, റെപ്രസെന്റേറ്റീവ് MSME, DI എന്നിവർ അംഗങ്ങളായും (ക്വാറം 5) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന എം.എസ്.എം.ഇ. വികസന കമ്മിറ്റിയാണ് വ്യവസായ മിത്ര.

മേൽ പറഞ്ഞിട്ടുള്ള കമ്മിറ്റിയിൽ വച്ചാണ് ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സഹായം എന്താണെന്ന് കണ്ടെത്തുകയും അത് അനുവദിക്കുകയും ചെയ്യുന്നത്. ധനകാര്യ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ ഈ പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നു. താഴെപ്പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതിമൂലം നൽകുന്നത്.

1. നിലവിലുള്ള വായ്പാ അക്കൗണ്ട് പുനഃക്രമീകരണം ചെയ്യുക.
2. പുനരുദ്ധരിക്കാനാകുന്ന യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.
3. നിയമപരമായി അടയ്ക്കേണ്ടതായ ബാദ്ധ്യതകൾ അടയ്ക്കുന്നതിന് സഹായം.
4. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000 രൂപ.

## വ്യവസായ വികസനത്തിന് നടപ്പിലാക്കിയ പരിപാടികൾ

116 (2392) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വികസനം സാധ്യമാക്കുന്നതിനും നിക്ഷേപ സാധ്യതകൾ ഉയർത്തികൊണ്ടുവരുന്നതിനും നടപ്പിലാക്കിയ പരിപാടികൾ എന്തൊക്കെയായിരുന്നു;

(ബി) എമർജിംഗ് കേരള 2012-ൽ എത്ര പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിരുന്നുവെന്നും അതിൽ എത്ര തുകയുള്ള പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പദ്ധതികളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുവാൻ സാധിച്ചു?

ഉത്തരം

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിനും നിക്ഷേപ സാദ്ധ്യതകൾ ഉയർത്തിക്കൊണ്ടുവരുന്നതിനും വേണ്ടി നടപ്പിലാക്കിയ പരിപാടികൾ താഴെപ്പറയുന്നു:

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന പരിപാടികൾ നടത്തിവരുന്നു.

ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമായ വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുകയെന്ന മുഖ്യ ലക്ഷ്യത്തോടെ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതി നടപ്പാക്കിവരുന്നു. വ്യവസായ വകുപ്പിൽ നിലവിലുണ്ടായിരുന്ന ചില പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി. നിലവിലുള്ള വ്യവസായ വികസന ഏരിയകളുടെയും പ്ലോട്ടുകളുടെയും പശ്ചാത്തല വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി.

കുറഞ്ഞ ഭൂവിസ്തൃതിയിൽ കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾക്കൊള്ളുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണവും നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ എടയാറിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ്

പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, നിക്ഷേപകരുടെ മേളകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്ന വിപണന മേളകൾ, മെഷീണറി പ്രദർശനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ നടത്തിയിട്ടുണ്ട്. മലബാർ ക്രാഫ്റ്റ് മേള, ദേശീയ/അന്തർദ്ദേശീയ മേളകളിൽ പങ്കെടുക്കുന്നതിനുള്ള പദ്ധതി, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് നൽകുന്ന അവാർഡുകൾ ബി.2 ബി മീറ്റ് തുടങ്ങിയവയും മറ്റ് ചില പദ്ധതികളാണ്.

2012-ൽ വ്യവസായ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം എന്ന പദ്ധതിയും 2015-16-ൽ പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്ന പദ്ധതിയും ആവിഷ്കരിച്ചിരുന്നു.

2012 സെപ്റ്റംബർ മുതൽ 2014 വരെ എമർജിംഗ് കേരള സംഗമം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയിരുന്നു.

(ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഇതിൽ 56 പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളിൽ 6 പദ്ധതികൾ പൂർത്തിയായി. പൂർത്തിയായ പദ്ധതികളുടെ ആകെ നിക്ഷേപം 19040 കോടി രൂപയാണ്.

(സി) മുൻ സർക്കാരിന്റെ ഭരണകാലത്ത് 8651 കോടി രൂപയുടെ നിക്ഷേപം വന്നു.

## വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സുരക്ഷാസംവിധാനം

117(2393) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സുരക്ഷാസംവിധാനം ഒരുക്കുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നിലവിലുള്ളത്;

(ബി) വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും സുരക്ഷാ സംവിധാനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് വ്യവസായ മേഖലയിൽ അപകടങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എത്ര തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽവരുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സുരക്ഷയ്ക്കായി 1948-ലെ ഫാക്ടറി നിയമത്തിൽ വിവിധ തരത്തിലുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത നിയമത്തിലെ നിർദ്ദേശങ്ങൾ ഫാക്ടറി മാനേജ്മെന്റ് നടപ്പാക്കുന്നുണ്ടോയെന്ന് ഡിവിഷണൽ ഫാക്ടറി ഇൻസ്പെക്ടർമാർ യഥാസമയം ഫാക്ടറിയിൽ എത്തി പരിശോധന നടത്തി ഉറപ്പുവരുത്തുന്നു. പ്രസ്തുത നിർദ്ദേശം നടപ്പാക്കാത്ത ഫാക്ടറികൾക്കെതിരെ ഫാക്ടറി നിയമ പ്രകാരം കേസ് എടുക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 66 പ്രോസിക്യൂഷൻ കേസുകൾ വിവിധ മജിസ്ട്രേറ്റ് കോടതികളിൽ ഫാക്ടറി മാനേജ്മെന്റിനെതിരായി ഫയൽ ചെയ്തു. അതീവ അപകട സാദ്ധ്യതയുള്ള ഫാക്ടറികളിൽ വർഷംതോറും സുരക്ഷാ ഓഡിറ്റ് (ഇന്റേണൽ-എക്സ്റ്റേണൽ) നടത്തുന്നുണ്ട്. മാത്രമല്ല ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ മേഖലാ പരിശീലന കേന്ദ്രങ്ങൾ വഴിയും മൊബൈൽ പരിശീലന വാഹനമായ സുരക്ഷാരഥം ഉപയോഗിച്ച് നേരിട്ട് ഫാക്ടറികളിലെത്തിയും തൊഴിലാളികൾക്കും സൂപ്പർവൈസർമാർക്കും ഉടമകൾക്കും നിർമ്മാണ പ്രക്രിയയ്ക്ക് അനുസൃതമായ തൊഴിൽ ആരോഗ്യ സുരക്ഷിത അവബോധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി) ഉണ്ടായിട്ടുണ്ട്. ഇതിൽ 55 തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

**താലൂക്ക് വ്യവസായ ഓഫീസ്**

118 (2394) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമാക്കി താലൂക്ക് വ്യവസായ ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കാട്ടാക്കട താലൂക്ക് കേന്ദ്രമാക്കി താലൂക്ക് വ്യവസായ ഓഫീസ് തുടങ്ങുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് 2-6-2018-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നഷ്ടക്കണക്കുകൾ

119 (2395) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്തേയും ഈ സർക്കാർ നിലവിൽവന്നതിന് ശേഷമുള്ളതുമായ കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭ നഷ്ട കണക്കുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ അവസാനകാലയളവായ 2015-16 സാമ്പത്തികവർഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

ഈ സർക്കാർ നിലവിൽവന്നതിനുശേഷമുള്ള കാലയളവിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

### സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാൻ നടപടി

120 (2396) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യമായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിരന്തരം നടക്കുന്ന ഹർത്താലും തൊഴിൽ സമരങ്ങളും വ്യാവസായിക വളർച്ചയ്ക്ക് വിഘാതമാണെന്നും അത് സംസ്ഥാന താത്പര്യങ്ങൾക്ക് എതിരാണെന്നും കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിസ്സാര കാര്യങ്ങൾക്കുപോലും തൊഴിൽ സമരം ഉണ്ടാക്കുകയും ഉള്ള വ്യവസായങ്ങൾകൂടി അടച്ചുപൂട്ടുന്നതിന് ഇടയാക്കുകയുംചെയ്ത സാഹചര്യം സംസ്ഥാന താത്പര്യങ്ങൾക്ക് എതിരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുവാനായി വ്യവസായ പാർക്കുകളിലും കെ. എസ്. ഐ. ഡി. സി., കിൻഫ്രാ പാർക്കുകളിലും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ ലോകരാജ്യങ്ങളിലെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന സൂചികയാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്. വ്യത്യസ്ത അളവുകോലുകളാൽ കണക്കാക്കപ്പെടുന്ന ഈ സൂചിക വിവിധ രാജ്യങ്ങളിലെ ഭരണക്രമത്തിലെ വ്യവസായ സൗഹൃദ വ്യവസ്ഥയെ കുറിക്കുന്നു. 2015-16-ലെ കണക്കുപ്രകാരം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലുള്ള 189 രാജ്യങ്ങളിൽ 130-ാം സ്ഥാനത്താണ് ഇന്ത്യ. വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്റസ്ട്രിയൽ പോളിസി & പ്രൊമോഷൻ (DIPP) സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപത്തിന് ആക്കംകൂട്ടുന്നതിനായും അതുവഴി ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനുംവേണ്ടിയാണ് കേന്ദ്ര സർക്കാർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും ആവശ്യമായ പഠനം നടത്തുന്നതിനും ഉപദേശിക്കുന്നതിനുമായി 2015-ൽ സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെയും ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി വിവിധ ജില്ലകളിലെ വ്യവസായ ഏരിയ/പ്ലോട്ട് എന്നിവിടങ്ങളിലെ ആഭ്യന്തര റോഡിന്റെ റിപ്പയറിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്ക് ഭരണാനുമതിയും ആവശ്യമായ ഫണ്ടും അനുവദിച്ചിട്ടുണ്ട്. എറണാകുളത്തെ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. വ്യവസായ പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന

സൗകര്യ വികസനത്തിനായി രണ്ടാംഘട്ടപ്രവർത്തനങ്ങൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. സ്വകാര്യമേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെകീഴിലുള്ള 38 ഡെവലപ്മെന്റ് ഏരിയ/ ഡെവലപ്മെന്റ് പ്ലോട്ടുകളിൽ സർവ്വേ നടത്തി വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജം ഉൾപ്പെടെ ഊർജ്ജ ഉറവിടങ്ങൾ ഉൾപ്പെടെ, ജലവിതരണ സൗകര്യങ്ങൾ, ഖര/ദ്രവ മാലിന്യ നിർമ്മാജ്ജന സംവിധാനം എന്നിവ ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 2800 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് വ്യവസായ പാർക്കുകളിൽ തന്നെ ബഹുനില കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കൂടുതൽ വ്യാവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ റോഡ്, വൈദ്യുതി, വെള്ളം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം, കോമൺ ഫെസിലിറ്റി സെന്ററുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്.

മാത്രമല്ല സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകളും വെള്ളം ഒഴുകി പോകുന്നതിനുവേണ്ടി ഡ്രെയിൻ എന്നിവയും നിർമ്മിച്ച ശേഷമാണ് സ്ഥലം അനുവദിക്കുന്നത്. ഇതുകൂടാതെ വൈദ്യുതിയുടെ ലഭ്യതയ്ക്ക് സബ്സ്റ്റേഷനും ജല ലഭ്യതയ്ക്ക് പൈപ്പ് ലൈനുകളും നിർമ്മിച്ച് നൽകാറുണ്ട്. ആവശ്യമാണെന്ന്

കാണുന്നപക്ഷം മലിനജലം ശുദ്ധീകരിക്കുന്ന ഇ.റ്റി.പി.യും തയ്യാറാക്കുന്നതാണ്. ഈ സൗകര്യങ്ങൾ സ്ഥലം ഏറ്റെടുക്കുന്ന വ്യവസായികൾക്ക് ഉതകുന്ന വിധത്തിലുള്ളതാണ്. ഇതുകൂടാതെ ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ച് വ്യവസായികൾക്ക് വാടകയ്ക്ക് നൽകാറുണ്ട്.

## നിക്ഷേപ സൗഹൃദ സംസ്ഥാന പട്ടിക

121 (2397) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ തയ്യാറാക്കിയ നിക്ഷേപ സൗഹൃദ സംസ്ഥാന പട്ടികയിൽ കേരളത്തിന്റെ സ്ഥാനം നിലവിൽ എത്രയാണ്;

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് ചെറുകിട വ്യവസായ ആവശ്യത്തിനായി പുതിയ വ്യവസായ വികസന പ്ലോട്ടുകൾ ആരംഭിച്ചിട്ടുണ്ടോ; ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനും, പുതിയ വ്യവസായ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മുൻസർക്കാരിന്റെ കാലത്ത് വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമായിരുന്നു ;

(ഡി) അക്കാലത്ത് രൂപീകരിച്ച ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ് എന്നിവയുടെ രൂപീകരണം സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് മാത്രം സഹായകമായി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ തയ്യാറാക്കിയ ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ 2016-ലെ റാങ്ക് 20 ആയിരുന്നു. 2017-ലെ റാങ്കിംഗ് നടന്നുവരികയാണ്.

(ബി) കേരളത്തിൽ വ്യവസായ ആവശ്യങ്ങൾക്കുള്ള ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. ഒരേ വ്യവസായ പ്രദേശത്ത് കൂടുതൽ വ്യവസായങ്ങളെ ഉൾക്കൊള്ളിക്കാൻതക്ക അധിക സ്ഥലസൗകര്യം ലഭ്യമാക്കുന്ന ബഹുനില

മന്ദിരങ്ങൾ അത്യാവശ്യമാണ്. ബഹുനില വ്യവസായ എസ്റ്റേറ്റുകൾ, വകുപ്പിന്റെ കീഴിൽ വരുന്ന ഡി.എ/ഡി.പി.-കളിൽ പുതിയ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വേളി (i), (ii) ഘട്ടങ്ങൾ, ഷൊർണ്ണൂർ, പുഴയ്ക്കൽ പാടം (i), (ii) ഘട്ടങ്ങൾ, പുന്നപ്ര, പുതുശ്ശേരി, മഞ്ചേരി, വരവൂർ എന്നിവിടങ്ങളിൽ ബഹുനില സമുച്ചയങ്ങൾ എന്നിവ പൂർത്തീകരിക്കുന്നതിനുമായി ഈ സാമ്പത്തികവർഷം 3666.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(സി) കെ.എസ്.ഐ.ഡി.സി. മുഖാന്തരം വനിതാസംരംഭകത്വ മിഷൻ അഥവാ വീ-മിഷൻ വഴി പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ചെറുകിട വ്യവസായ പദ്ധതികൾ**

122(2398) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സമൃദ്ധമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംരംഭകർക്ക് ജില്ലാതലത്തിൽ പരിശീലനം നല്കുവാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ ;

(സി) ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്കരണത്തിലും നിലവിലുള്ള ടെക്നോളജികളെക്കുറിച്ച് വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാന തല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്ന ഗവേഷണ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, വർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായി

രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാൻഡിംഗ്, ലൈസൻസ് എന്നിവയ്ക്കായി ഏക ജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി വകുപ്പുമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷിക ഉൽപ്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയിലൂടെ കാർഷിക വിഭവങ്ങളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ കാർഷിക വിളകളുടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കോക്കനട്ട് അഗ്രോ പാർക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണി കേന്ദ്രത്തിലും മാങ്കോ പാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും ബനാന ഹണി പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും വെജിറ്റബിൾ പാർക്ക് ഇടുക്കി ജില്ലയിലെ വട്ടവടയിലുള്ള പഴത്തോട്ടത്തിലും സ്ഥാപിക്കുവാനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന സംരംഭകത്വ വികസന പരിപാടി, സംരംഭകത്വ ബോധവൽക്കരണ പരിപാടി, ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവയിൽ കാർഷികാധിഷ്ഠിത വ്യവസായ സംരംഭ യൂണിറ്റുകൾക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നടത്തിവരുന്നു. കാർഷികാധിഷ്ഠിത യൂണിറ്റുകൾക്ക് മുൻഗണന നൽകി 10% സബ്സിഡിയും നൽകിവരുന്നു.

(ബി) ജില്ലാതലത്തിൽ നടത്തുന്ന ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള നൈപുണ്യ വികസന പരിശീലനങ്ങളിൽ പലപ്പോഴും ഭക്ഷ്യസംസ്കരണ മേഖലയെ ഉൾപ്പെടുത്തുകയും സംരംഭകർക്ക് മികച്ച പരിശീലനം നൽകാറുമുണ്ട്. കൂടാതെ ജില്ലാതലത്തിൽ നടത്തുന്ന സംരംഭക്ത്വ വികസന പരിശീലനം, ടെക്നോളജി ക്ലിനിക്കുകൾ എന്നിവയിൽ കാർഷിക മേഖലയുടെ മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകാറുണ്ട്.

(സി) ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് ബ്ലോക്ക് തലത്തിലും മുൻസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനിലും വിദ്യാഭ്യാസ

സ്ഥാപനങ്ങളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. വ്യവസായ വകുപ്പിന്റെ പ്രാതിനിധ്യമുള്ള കമ്മിറ്റികളിലും മറ്റ് യോഗങ്ങളിലും പദ്ധതികളെപ്പറ്റി വിശദീകരിക്കുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സംരംഭകത്വ സഹായ പദ്ധതി വഴി ധനസഹായം നൽകുന്നു. കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് എസ്.എഫ്.എ.സി. വഴി ധനസഹായം നൽകുന്നു.

**ഇടക്കൊച്ചി സുസ്ഥിര വികസന മേഖല**

123(2399) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായി 2010-ൽ ഇൻകെൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി നടത്തിവരുന്ന പഠനം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഠനം പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായി 2010-ൽ ഇൻകെൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി നടത്തിവരുന്ന പഠനം പൂർത്തിയായിട്ടുണ്ട്.

**വ്യവസായരംഗത്തെ യന്ത്രവൽക്കരണം**

124 (2400) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായരംഗത്തെ യന്ത്രവത്കരണം തൊഴിൽ നഷ്ടത്തിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ചെറുകിട വ്യവസായ രംഗത്തെ യന്ത്രവത്കരണം തൊഴിൽ നഷ്ടത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യവസായരംഗത്തെ യന്ത്രവൽക്കരണം തൊഴിൽ നഷ്ടത്തിന് കാരണമാകുന്നതായി കരുതുന്നില്ല. കായികക്ഷമത ആവശ്യമുള്ള മേഖലകളിലാണ് യന്ത്രവൽക്കരണം അനിവാര്യമായി വരുന്നത്. യന്ത്രവൽക്കരണത്തിന് വിധേയമാകുന്ന മേഖലകളുടെ അനുബന്ധമേഖലകളിൽ ഇതുമൂലം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. അതിനാൽ അവിടെയുണ്ടാകുന്ന തൊഴിൽ നഷ്ടം അനുബന്ധമേഖലകളിലുണ്ടാകുന്ന തൊഴിലവസരങ്ങളിലൂടെ നികത്താൻ കഴിയുന്നുമുണ്ട്.

(ബി) ഇല്ല.

(സി) ചെറുകിട വ്യവസായരംഗത്തെ യന്ത്രവൽക്കരണം തൊഴിൽ നഷ്ടം ഉണ്ടാക്കുന്നതായി കരുതുന്നില്ല.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

125 (2401) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം എത്ര കോടി രൂപയായിരുന്നുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം 131.87 കോടി രൂപയായിരുന്നു.

**കെ.എം.എം.എൽ. സിർക്കോൺ ഉൽപ്പാദനം കുറച്ച നടപടി**

126 (2402) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈൽ, സാനിട്ടറി സാധനങ്ങൾ, കളിമൺപാത്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന സിർക്കോണിന്റെ ഉല്പാദനം കെ.എം.എം.എൽ. കുറച്ചതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ലോകമാർക്കറ്റിൽ സിർക്കോണിന്റെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് പകരം കുറച്ച നടപടി സ്വകാര്യ ലോബികൾക്ക് ഗുണകരമാവുമെന്നത് പരിഗണിച്ച് തീരുമാനം അടിയന്തരമായി പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിർക്കോണിന്റെ ഉൽപ്പാദനത്തിൽ കുറവുവരുത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

127 (2403) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ച ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ:

(ബി) വ്യവസായ വകുപ്പിനുകീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷാവസാനം 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

128 (2404) ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് വൻനഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ 2017-18 വർഷം 107 കോടിയോളം രൂപ ലാഭത്തിലാക്കാൻ സാധ്യമാകുംവിധം നടത്തിയ ഇടപെടൽ വിശദമാക്കാമോ;

(ബി) ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ലാഭത്തിലാക്കാൻ നടപ്പാക്കാനുദ്ദേശിക്കുന്ന പുനഃസംഘടനാ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കഴിഞ്ഞ വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി വകയിരുത്തിയിരുന്ന സാമ്പത്തിക സഹായം എത്രയായിരുന്നെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദമായി വിശകലനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ചെലവ് കുറഞ്ഞതും നൂതനവുമായ

സാങ്കേതികവിദ്യകൾ നടപ്പിലാക്കി ഉൽപ്പാദന സംവിധാനങ്ങളിൽ കാലോചിതമായ നവീകരണ പ്രക്രിയകൾ കൊണ്ടുവന്നും വിപണന സംവിധാനങ്ങൾ ആവിഷ്കരിച്ചും സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

അതത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ സുതാര്യമായ രീതിയിൽ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ചും കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ സാങ്കേതിക രംഗത്തും മാനേജ്മെന്റ് രംഗത്തും വിദഗ്ദ്ധരായവരുടെ സേവനം ലഭ്യമാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു.

കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിന്റെ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും സാധിച്ചു. കൂടാതെ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ സ്ഥാപനങ്ങൾക്ക് സ്ഥിരതയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്. സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കും അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനും കൂടുതൽ ബജറ്റ് വിഹിതം അനുവദിക്കുക വഴി പദ്ധതി പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതം ഓരോ വർഷവും വർദ്ധിപ്പിച്ച് നൽകി വരുന്നു.

ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള സമഗ്രമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച ശ്രീ. പി. നന്ദകുമാർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു 'കോംപ്ലക്സ് ' സ്ഥാപിക്കുന്ന കാര്യം സർക്കാർ ആലോചിച്ചു വരുന്നു.

കെൽ, കേരള ആട്ടോമൊബൈൽസ്, BHEL-EML Ltd.എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാദ്ധ്യതയും പരിശോധിക്കുന്നതാണ്. ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി കെൽട്രോണിന്റെ നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പ്രധാന അസംസ്കൃത വസ്തുവായ വൈദ്യുതി കൂടുതൽ ലാഭകരമായി "ഓപ്പൺ അക്സസ്" സംവിധാനത്തിൽ ലഭ്യമാക്കിയതിലൂടെ കമ്പനിക്ക് സ്ഥായിയായ ലാഭം കൈവരികയും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കുകയും ചെയ്തു.

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പുനഃസംഘടനയുടെ ഭാഗമായി സ്ഥാപനത്തെ മത്സരക്ഷമതയുള്ള താക്കുന്നതിനായി ധനകാര്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 31-3-2016 വരെയുള്ള കാലയളവിൽ കമ്പനി സർക്കാരിന് നൽകേണ്ട വായ്പാ കുടിശ്ശികയും പലിശയും ഉൾപ്പെടെയുള്ള 121.66 കോടി രൂപ ഓഹരി മൂലധനമാക്കി മാറ്റുന്നതിനും സഞ്ചിത നഷ്ടമായ 101.78 കോടി രൂപ എഴുതിത്തള്ളുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള പദ്ധതി വിഹിതം 270 കോടി രൂപയായിരുന്നു. പ്രസ്തുത വർഷം അധിക ധനസഹായമായി 17.5 കോടി രൂപയും നൽകിയിട്ടുണ്ട്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

129(2405) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ലാഭത്തിലേക്ക് കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ആകെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് നിലവിൽ എത്ര സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(സി) 2011-2016 കാലയളവിൽ ഈ സ്ഥാപനങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് എന്തായിരുന്നു എന്ന് വിശദമാക്കാമോ ;

(ഡി) മേൽപ്പറഞ്ഞ കാലയളവിൽ ഏതെങ്കിലും സ്ഥാപനം അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിച്ചിരുന്നോ?

ഉത്തരം

(എ) വ്യവസായ വകുപ്പിനുകീഴിൽ ഈ സാമ്പത്തിക വർഷം 14 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ വിപുലീകരണത്തിലൂടെയും വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കിയും കൂടുതൽ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബാക്കിയുള്ള സ്ഥാപനങ്ങളിൽ ചില സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിക്കുന്നുണ്ടെങ്കിലും സർക്കാർ വായ്പയിന്മേലുള്ള പലിശകൂടി വകയിരുത്തുമ്പോൾ നഷ്ടത്തിലാകുന്ന സാഹചര്യവും നിലവിലുണ്ട്. സർക്കാർ വായ്പകൾ ഇക്വിറ്റിയായി മാറ്റുന്ന തരത്തിലുള്ള ധനപരമായ പുനഃസംഘടനാ നടപടികളിലൂടെ സ്ഥാപനങ്ങളുടെ ലഭകരമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള സാദ്ധ്യതകളും പരിശോധിക്കേണ്ടതായിട്ടുണ്ട്.

(ബി) ആകെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. അവയുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) 2011-16 വരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി*ചേർത്തിരിക്കുന്നു.

(ഡി) ഇല്ല.

**നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

130(2406) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര പൊതുമേഖല വ്യവസായ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചു വന്നിരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെകീഴിലുള്ള 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 32 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചു വന്നിരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി

131(2407) ശ്രീ. പി. കെ .ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് കൊണ്ടുവന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാൻ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) വ്യവസായ രംഗത്ത് പ്രസ്തുത പദ്ധതികൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി സംരംഭകർക്കുള്ള അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് നിലവിൽവന്നു.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികൾക്ക് ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഒരു ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫാറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫാറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫാറം) നടപ്പിലാക്കിവരുന്നു. പ്രസ്തുത ഏകീകൃത അപേക്ഷാഫാറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.

സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾമൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരംഭകർക്കും നവസംരംഭകർക്കും അനായാസം നിക്ഷേപം നടത്തുവാനും അതുവഴി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുന്നതാണ്.

ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ സാമ്പത്തിക പാക്കേജുകൾ, നിക്ഷേപകർക്കുള്ള വഴികാട്ടൽ തുടങ്ങിയ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കിക്കൊണ്ട് സർക്കാർ സംസ്ഥാനത്ത് നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ ലക്ഷ്യം വയ്ക്കുന്നു. ആകർഷണീയമായ നിക്ഷേപകേന്ദ്രമാകുന്നതിലൂടെ സാമ്പത്തികവും വ്യാവസായികവുമായ വളർച്ച കൈവരിക്കുക, സംരംഭക സമൂഹം സൃഷ്ടിക്കുക, തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടുകൂടി സംസ്ഥാന സർക്കാർ നിക്ഷേപസൗഹൃദമായ ഒരു വ്യവസായ വാണിജ്യനയം വിഭാവനം ചെയ്തിട്ടുണ്ട്.

## വ്യവസായ രംഗത്ത് വിദേശനിക്ഷേപം ആകർഷിക്കുന്നതിന് നടപടി

132(2408) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ രംഗത്ത് പുതുതായി എത്ര നിക്ഷേപം ഉണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ രംഗത്ത് വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി ഉണ്ടായ നിക്ഷേപങ്ങളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കിൻഫ്രയിലെ വിവിധ പാർക്കുകളിലായി 135 വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ പൂർണ്ണമായി പ്രവർത്തനമാകുമ്പോൾ 158.88 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. വഴി സാമ്പത്തിക സഹായം നൽകുന്നതിലൂടെ ഏകദേശം 125 കോടിയിൽപ്പരം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

(ബി)

- സംസ്ഥാനത്തെ വ്യവസായ രംഗത്ത് വിദേശ/തദ്ദേശ നിക്ഷേപം ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി പുതിയ സംരംഭങ്ങൾക്കുള്ള ലോണുകളുടെ പലിശ 0.75% കുറച്ചിട്ടുണ്ട്. കൂടാതെ ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ വീണ്ടും കുറവ് നൽകുന്നതാണ്. ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി വ്യവസ്ഥകളും മാനദണ്ഡങ്ങളും ലഘൂകരിച്ചിട്ടുണ്ട്.
- സംരംഭങ്ങൾക്കാവശ്യമായ അനുമതികളും ക്ലിയറൻസും ലഭ്യമാക്കുന്നതിന് ഏകജാലക സംവിധാനം നിലവിൽവന്നു.
- സംസ്ഥാനത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതിനായി നിലവിലുള്ള വിവിധ നിയമങ്ങൾ ലഘൂകരിച്ചുകൊണ്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് നിയമം നിലവിൽവന്നിട്ടുണ്ട്.
- കെ.എസ്.ഐ.ഡി.സി. വഴിയും കിൻഫ്ര വഴിയും വ്യവസായ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

കിൻഫ്ര ആവിഷ്കരിച്ചുവരുന്ന വിവിധ വ്യവസായ പാർക്കുകളിൽ വിദേശ വ്യവസായികൾക്ക് മുതൽമുടക്കാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കിൻഫ്രയുടെ വിവിധ പാർക്കുകളിൽ ഭൂമി ലഭിച്ച സംരംഭകരുടെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചുള്ള സംരംഭങ്ങളുടെ പ്രവർത്തനം പൂർണ്ണമാകുമ്പോൾ 1835 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായം സ്വീകരിച്ച സ്ഥാപനങ്ങൾ മുഖേന ഏകദേശം 450 പേർക്കും കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളും വ്യവസായ പാർക്കുകളും വഴി ഏകദേശം 1100-ഓളം പേർക്കും സ്റ്റാർട്ടപ്പ് സംരംഭങ്ങൾ വഴി 600-ൽപ്പരവും തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

## ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

133(2409) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ചെറുകിട സംരംഭങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ വ്യവസായ വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഉൽപ്പാദന മേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ. സംരംഭങ്ങൾക്കും 1-4-2012 മുതൽ നടത്തിയ നിക്ഷേപങ്ങൾക്ക് നൽകുന്ന ധനസഹായമാണ് സംരംഭകത്വ സഹായ പദ്ധതി.

2. കേന്ദ്ര സർക്കാരിന്റെ ആർ.ഇ.ജി.പി, പി.എം.ആർ.വൈ എന്നീ പദ്ധതികൾ കൂടിച്ചേർന്നാണ് പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) എന്ന പദ്ധതി നിലവിൽ വന്നത്. കെ.വി.ഐ.സി, കെ.വി.ഐ.ബി. എന്നീ ഏജൻസികൾ ഗ്രാമ പ്രദേശങ്ങളിൽ മാത്രവും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഗ്രാമപ്രദേശങ്ങളിലും പട്ടണ പ്രദേശങ്ങളിലും പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി) നടപ്പിലാക്കുന്നു.

3. വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ പശ്ചാത്തല വികസന പദ്ധതികൾ വഴി സ്വീകരിക്കുന്നു.

4. യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. ഒരു ഇ.ഡി. ക്ലബ്ബിന് ഒരു വർഷം 20,000 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.

5. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു.

6. ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാംവിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി. പദ്ധതിയായ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

7. കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ 144 ലക്ഷം രൂപയും 2017-18-ൽ 329.25 ലക്ഷം രൂപയും വിതരണം ചെയ്യുകയുണ്ടായി. 2018-19-ൽ 100 ലക്ഷം രൂപയും വിതരണം ചെയ്യുകയുണ്ടായി.

8. മുളയനുബന്ധ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി 2016-17 സാമ്പത്തിക വർഷത്തിലും 2017-18-ലും 200 ലക്ഷം രൂപ വീതം വിതരണം ചെയ്യുകയുണ്ടായി. 2018-19-ൽ 120 ലക്ഷം രൂപ വിതരണം ചെയ്തുകഴിഞ്ഞു.

9. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

10. കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നതും വനിതാ, പട്ടികജാതി-പട്ടികവർഗ്ഗ, അംഗപരിമിത വിഭാഗങ്ങൾക്ക് പ്രാമുഖ്യമുള്ളതുമായ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

- കേരളത്തിലെ വിദഗ്ദ്ധരായ കരകൗശല കലാകാരന്മാരെ കണ്ടെത്തി ഓരോ വർഷവും അവാർഡ് നൽകിവരുന്നു.
- കേരളത്തിലെ 60 വയസ്സുകഴിഞ്ഞ കരകൗശല വിദഗ്ദ്ധർക്ക് പ്രതിമാസം 1,000 രൂപ പെൻഷൻ നൽകിവരുന്നു.

- കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘവുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംഘങ്ങളിലെ ജീവനക്കാർക്ക് സ്വയംപിരിഞ്ഞുപോകാൻ അവസരം നൽകുന്നതിനുവേണ്ടി പ്രതിമാസം 500 രൂപ സമാശ്വാസ പെൻഷനായി അനുവദിച്ചുവരുന്നു.
- കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം വിൽപ്പന നികുതിയിനത്തിൽ ഒടുക്കിയ തുക മടക്കി നൽകുന്നു.

11. മേൽപറഞ്ഞ ഇനങ്ങൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷിണറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

മേൽ പദ്ധതികൾക്ക് പുറമേ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ള നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഒരു പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനായി 2018-ലെ 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്' നിലവിൽ വന്നു.

2. നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ പ്രസ്തുത സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) നൽകുന്ന പദ്ധതിയാണ് നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.

3. സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്.

4. ബിസിനസ്സ് സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനും സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും പരസ്പര സഹായത്തിനും സംരംഭക സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും യൂണിവേഴ്സിറ്റിക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.

5. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

6. എം.എസ്.എം.ഇ.-കളുടെ വളർച്ചയ്ക്ക് സഹായകമാവുന്ന ക്ലസ്റ്റർ കേന്ദ്രീകൃത സമീപനമാണ് സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്‌മെന്റ് പ്രോഗ്രാം.

7. തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി.

8. വനിതകൾ, എസ്.സി/എസ്.റ്റി, അംഗപരിമിതർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവർ അടങ്ങിയ വ്യവസായ സഹകരണ സംഘങ്ങൾക്ക് വികസനം, നവീകരണം, വിപുലീകരണം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം പദ്ധതി ലക്ഷ്യമിടുന്നു.

9. എം.എസ്.എം.ഇ.കളിൽ 01-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി ഇ.എസ്.ഐ., ഇ.പി.എഫ്. എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% 3 വർഷത്തേയ്ക്ക് റീ ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതിയാണ് സ്കീം

ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.

10. വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ പശ്ചാത്തല വികസന പദ്ധതികൾ വഴി സ്വീകരിക്കുന്നു.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം**

134(2410) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിലായി കേന്ദ്രപൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലൂടെ സംസ്ഥാനത്ത് ലഭിച്ച നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുൻവർഷങ്ങളിൽ നഷ്ടമുണ്ടായ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഈ സർക്കാർ നിലവിൽവന്നതിനുശേഷം ലാഭത്തിൽ എത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കാലാനുസൃതമായ നവീകരണം, ഉല്പന്നവൈവിദ്ധ്യവല്ക്കരണം, മത്സരക്ഷമത എന്നീ മേഖലകളിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി-ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യതയോടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിച്ചുവരുന്നു. ഓരോ മേഖലയിലെയും വൈദഗ്ദ്ധ്യമുള്ളവരെ എം.ഡി.മാരായി നിയമിച്ചു. ഡയറക്ടർ ബോർഡുകളിൽ സാങ്കേതിക/മാനേജ്മെന്റ് രംഗത്ത് വൈദഗ്ദ്ധ്യം നേടിയവരുടെയും സേവനം ലഭ്യമാക്കിയിരുന്നു. കാര്യക്ഷമമായ മാനേജ്മെന്റിലൂടെ ചെലവുകൾ കുറച്ച് കാര്യക്ഷമമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

നവീകരണ-വിപുലീകരണ പദ്ധതികൾക്ക് മുൻഗണന നൽകിവരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷത്തിൽ (2017-18) രണ്ടുവർഷ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പിന്റെകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 270 കോടി രൂപയും 2018-19 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ടെക്സ്റ്റൈൽ മേഖലയ്ക്കുമായി 297.35 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ലാഭത്തിലാണ്.

2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽനിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാനും 2017-18-ൽ 106.09 കോടി രൂപ മൊത്തം ലാഭം ഉണ്ടാക്കുവാനും കഴിഞ്ഞു. 2017-18-ൽ ചവറയിലെ KMML 195.78 കോടി രൂപയുടെ റെക്കോർഡ് ലാഭമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, കെമിക്കൽ മേഖലയിലെ TTP, TCC എന്നീ സ്ഥാപനങ്ങളും 2017-18-ൽ റെക്കോർഡ് ലാഭം രേഖപ്പെടുത്തിയിട്ടുണ്ട്.

## സ്റ്റാർട്ടപ്പ് നയം

135(T 2411) <u>ശ്രീ. സി. ദിവാകരൻ :</u>

<u>ശ്രീ. ജി. എസ്. ജയലാൽ :</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി. :</u>

<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളിൽ സംരംഭകശേഷി വളർത്തുന്നതിന് രാജ്യത്താദ്യമായി സംസ്ഥാന സർക്കാർ സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) രാജ്യത്തെ സ്റ്റാർട്ടപ്പ് ഹബ്ബായി കേരളത്തെ വികസിപ്പിക്കുന്നതിന് നടത്തിവരുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(സി) കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിയ 'ഹഡിൽ കേരള' സമ്മേളനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സമ്മേളനത്തിന്റെ പ്രധാന നിർദ്ദേശങ്ങളും തീരുമാനങ്ങളും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2014-ൽ സംസ്ഥാന സർക്കാർ സാങ്കേതിക സ്റ്റാർട്ടപ്പ് നയം പ്രഖ്യാപിച്ചു. 2017-ൽ പുതുക്കിയ വിവര സാങ്കേതികവിദ്യ നയം പ്രഖ്യാപിച്ചപ്പോൾ അതിന്റെ ഉപനയമായി പുതുക്കിയ സാങ്കേതിക സ്റ്റാർട്ടപ്പ് നയവും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) യുവാക്കളെ തൊഴിലന്വേഷകർ എന്ന നിലയിൽ നിന്നും മാറ്റി സംരംഭകരാകുവാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നു. ഇതിനായി വിവിധ ഘടകങ്ങൾ അടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കി വരുന്നു.

കേരളത്തിലെ യുവസംരംഭകരെ വികസനത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭകർക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ആ.ഡി.സി.യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 3 ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. ഇതുകൂടാതെ കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്താൽ 11-ഓളം കോളേജുകളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കലാലയങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്നവർക്ക് നൂതനാശയങ്ങൾ വളർത്തിയെടുക്കുന്നതിന് എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി&ഡി) ഇന്റർനെറ്റ് & മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച 'ഹഡിൽ കേരള' സമ്മേളനത്തിലെ ഒരു പ്രധാന പങ്കാളി കേരള സ്റ്റാർട്ടപ്പ് മിഷൻ ആയിരുന്നു. ദേശീയതലത്തിലെ സ്റ്റാർട്ടപ്പുകളും സംസ്ഥാന സ്റ്റാർട്ടപ്പുകളും പങ്കെടുത്ത ഈ പരിപാടി അന്യോന്യം സംവദിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായിച്ചു. കൂടാതെ പങ്കെടുക്കുന്ന വിവിധ നിക്ഷേപകരുമായി ബന്ധം സ്ഥാപിക്കുന്നതിനും നിക്ഷേപം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ചില സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ഉറപ്പുവരുത്തുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. ദുബായ്, ഷാർജ ഭരണാധികാരികളും നോർവേയിൽനിന്നും ട്രൂ കോളർ സ്ഥാപകനും പങ്കെടുത്തതിൽനിന്ന് അവരുമായി ബന്ധപ്പെട്ട് വിപണന സാദ്ധ്യതകളും വിജ്ഞാനവും പങ്കുവയ്ക്കുന്നതിനും ഈ പരിപാടി സഹായിച്ചിട്ടുണ്ട്.

### വയനാട് ജില്ലയിൽ കൃഷി അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ

136(2412) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ കൃഷി അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

വയനാട് ജില്ലയിൽ കൃഷി അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേകം പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ കൃഷി അധിഷ്ഠിത വ്യവസായങ്ങൾക്ക് വ്യവസായ വകുപ്പിന്റെ സംരംഭക സഹായ പദ്ധതി വഴി 10% അധിക സബ്സിഡി നൽകിവരുന്നു. വയനാട് ജില്ലയിൽ തുടങ്ങുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും 10% അധിക സബ്സിഡിയും ടി പദ്ധതി പ്രകാരം നൽകുന്നു.

### വ്യവസായ മിത്ര പദ്ധതി

137(2413) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മിത്ര പദ്ധതിയുടെ വിശദ വിവരം നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് വ്യവസായ സംരംഭങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ എത്ര വ്യവസായ സംരംഭങ്ങളാണ് പദ്ധതിയുടെ കീഴിൽ വരുന്നതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി)) എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ച് ഈ സാമ്പത്തിക വർഷം 'ദി കേരള സ്ട്രസ്ഡ് എം.എസ്.എം.ഇ. റിവൈവൽ ആൻഡ് റിഹാബിലിറ്റേഷൻ സ്കീം' അഥവാ 'തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണം' എന്ന പദ്ധതിക്കായി സംസ്ഥാനത്തിന്റെ വിഹിതമായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

താഴെ പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതിമൂലം നൽകാനുദ്ദേശിക്കുന്നത്.

- നിലവിലുള്ള വായ്പാ അക്കൗണ്ട് പുനക്രമീകരണം ചെയ്യുക.
- പുനരുദ്ധീകരിക്കാനാകുന്ന യൂണിറ്റുകൾക്ക് പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.
- നിയമപരമായി അടയ്ക്കേണ്ടുന്ന ബാദ്ധ്യതകൾ അടയ്ക്കുന്നതിന് സഹായം.
- പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ പരമാവധി 10,000 രൂപ.
- മേൽപദ്ധതി ആനുകൂല്യത്തിനായി അപേക്ഷകർക്ക് വേണ്ട അർഹത ചുവടെ ചേർക്കുന്നു.
- സംസ്ഥാനത്തിനകത്തുള്ള ഉൽപ്പാദന മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾ ആയിരിക്കണം.
- നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാൻ പാടില്ല.
- ഇ.എം. പാർട്ട്-2/ഉദ്യോഗ് ആധാർ എന്നിവയിൽ ഏതെങ്കിലും ഫയൽ ചെയ്തിട്ടുണ്ടായിരിക്കണം
- സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽപ്പെട്ട യൂണിറ്റായിരിക്കണം
- റിവൈവൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പുനരുദ്ധാരണ യോഗ്യമായ യൂണിറ്റായിരിക്കണം.
- സ്വതന്ത്ര അസ്തിത്വമുള്ള യൂണിറ്റായിരിക്കണം.
- നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം, ധനസഹായം ലഭിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ കരാർ സാക്ഷ്യപത്രം എന്നീ രേഖകളും ആവശ്യമാണ്.

(സി) ഉണ്ട്. ജിയോ ടാഗിംഗ് മുഖേന കണ്ടെത്തിയ 3558 വ്യവസായ സംരംഭങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്.

## മണലൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ

138(2414) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017- 18 വർഷത്തിൽ വ്യവസായ വകുപ്പിന്റെകീഴിൽ മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ, പ്രവൃത്തികൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

2017-18 വർഷത്തിൽ വ്യവസായ വകുപ്പിന്റെകീഴിൽ മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ, പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- എന്റർപ്രണേഴ്സ് സപ്പോർട്ട് സ്കീം പ്രകാരം 4 സ്ഥാപനങ്ങൾക്കായി 4,95,490 രൂപ അനുവദിച്ചിട്ടുണ്ട്.
- പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിലൂടെ 3 പേർക്ക് 11,51,550 രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.
- മണലൂർ ഗവൺമെന്റ് ഐ.ടി.ഐ, പി.ജെ.എം.എച്ച്.എസ്, ഇമിനൂർ, സെന്റ് ഫ്രാൻസിസ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇ.ഡി. ക്ലബ്ബുകൾക്ക് ധനസഹായമായി 24,001 രൂപ അനുവദിച്ചിട്ടുണ്ട്.
- മദർ ആർട്സ് ആൻഡ് സയൻസ് കോളേജ്, പെരുവല്ലൂർ, സെന്റ് ഫ്രാൻസിസ് ഹയർ സെക്കണ്ടറി സ്കൂൾ, മറ്റം എന്നിവിടങ്ങളിൽ 150-ഓളം പേരെ പങ്കെടുപ്പിച്ചുകൊണ്ട് എന്റർപ്രണേഴ്സ് അവയർനെസ് പ്രോഗ്രാം നടത്തി.

## ചിറ്റൂർ ഷുഗർ ലിമിറ്റഡിന്റെ സ്ഥലത്ത് വൈൻ ഫാക്ടറി

139(2415) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഷുഗർ ലിമിറ്റഡ്.-ന്റെ സ്ഥലത്ത് വൈൻ ഫാക്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഫീസിബിലിറ്റി സ്റ്റഡി നടത്തുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി) ചിറ്റൂർ ഷുഗർ ലിമിറ്റഡിന്റെ സ്ഥലത്ത് വൈൻ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്താൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. വാഴപ്പഴം, കൈതച്ചക്ക, ജാതിക്ക എന്നിവയിൽനിന്നും വൈൻ നിർമ്മിക്കാനുള്ള സാദ്ധ്യതാ പഠനമാണ് നടത്തിയത്. ഉൽപ്പാദന സാദ്ധ്യത സർക്കാർ പരിശോധിച്ചു വരുന്നു.

**കുട്ടനാട് മണ്ഡലത്തിലെ സംരംഭകർക്ക് പ്രോത്സാഹനം**

140(2416) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് മണ്ഡലത്തിൽ കൃഷിയധിഷ്ഠിത വ്യാപാര/വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

കൃഷിയധിഷ്ഠിത വ്യാപാര/വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ കുട്ടനാട് മണ്ഡലത്തിൽ മാത്രമായി പ്രത്യേക പദ്ധതികൾ നിലവിലില്ലെങ്കിലും വ്യവസായ സംരംഭക പ്രോത്സാഹന പദ്ധതികളായി വകുപ്പ് നടപ്പിലാക്കി വരുന്നതും പുതുതായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും കുട്ടനാട് മണ്ഡലത്തിലും പ്രാവർത്തികമാക്കാവുന്നതാണ്.

**വ്യവസായ മിത്ര പദ്ധതി**

141(2417) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ചയെ നേരിടുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ പുനഃരുദ്ധരിക്കുവാൻ വ്യവസായ മിത്ര എന്ന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്; ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകർക്ക് വേണ്ട അർഹത എന്തൊക്കെയാണ്;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ തകർച്ച നേരിടുന്നുവെന്ന പൊതുഅവസ്ഥ സംജാതമായിട്ടില്ല. എന്നാൽ യൂണിറ്റുകൾ ധനകാര്യമില്ലായ്മ, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മാനേജ്മെന്റ് സമ്പ്രദായങ്ങൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്/വർദ്ധിച്ച വില എന്നിവയാൽ ചില സംരംഭങ്ങൾ നഷ്ടത്തിലാവുകയോ/മാന്ദ്യമോ സംഭവിച്ചിട്ടുണ്ട്.

(ബി) വ്യവസായ മിത്ര എന്നത് ഒരു പദ്ധതിയല്ല. മേൽപ്പറഞ്ഞ പ്രതിസന്ധികൾ നേരിടുന്ന കേരളത്തിലെ എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ച് ഈ സാമ്പത്തിക വർഷം 'ദി കേരള സ്ട്രസ്ഡ് എം.എസ്.എം.ഇ. റിവൈവൽ ആൻഡ് റിഹാബിലിറ്റേഷൻ സ്കീം' എന്ന പദ്ധതിക്കായി മുന്നൂറ് ലക്ഷം രൂപ സർക്കാർ ഈ സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്. 15-5-2018-ലെ G.O.(Ms)No.38/2018/ID നമ്പറിൽ ഭരണാനുമതി നൽകിക്കഴിഞ്ഞു.

(സി) താഴെപ്പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതിമൂലം നൽകാനുദ്ദേശിക്കുന്നത്:

- നിലവിലുള്ള വായ്പാ അക്കൗണ്ട് പുനക്രമീകരണം ചെയ്യുക
- പുനരുദ്ധീകരിക്കാനാകുന്ന യൂണിറ്റുകൾ പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.
- നിയമപരമായി അടയ്ക്കേണ്ടുന്ന ബാദ്ധ്യതകൾ അടയ്ക്കുന്നതിന് സഹായം.
- പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ പരമാവധി 10,000 രൂപ
- മേൽ പദ്ധതി ആനുകൂല്യത്തിനായി അപേക്ഷകർക്ക് വേണ്ട അർഹത ചുവടെ ചേർക്കുന്നു.
- സംസ്ഥാനത്തിനകത്തുള്ള ഉൽപ്പാദന മേഖലയിലുള്ള വ്യവസായ സംരംഭങ്ങൾ ആയിരിക്കണം.

- നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടാൻ പാടില്ല.
- ഇ.എം. പാർട്ട്-2/ഉദ്യോഗ് ആധാർ എന്നിവയിൽ ഏതെങ്കിലും ഫയൽ ചെയ്തിട്ടുണ്ടായിരിക്കണം.
- സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽപ്പെട്ട യൂണിറ്റായിരിക്കണം.
- റിവൈവൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പുനരുദ്ധാരണ യോഗ്യമായ യൂണിറ്റായിരിക്കണം.
- സ്വതന്ത്ര അസ്തിത്വമുള്ള യൂണിറ്റായിരിക്കണം.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി 2018-19 ബജറ്റിൽ സംസ്ഥാന വിഹിതമായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

**പീഡിത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

142(2418) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡിത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പുനഃരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി എം.എസ്.എം.ഇ. പുനരുജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2017-18 വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ എം.എസ്.എം.ഇ. യൂണിറ്റുകൾ ധനകാര്യമില്ലായ്മ, വിപണനത്തിലെ പ്രശ്നങ്ങൾ, ഫലപ്രദമല്ലാത്ത മനേജ്മെന്റ് സമ്പ്രദായങ്ങൾ, ആവശ്യകതയിലെ മാന്ദ്യം, സ്ഥാപനങ്ങൾക്കുണ്ടാകുന്ന തളർച്ച തുടങ്ങിയ പ്രതിസന്ധികൾ നേരിടുകയാണ്. ഇത്തരം തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുവാനുള്ള ഈ പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്തിന്റെ വിഹിതമായി ഈ സാമ്പത്തികവർഷം 300 ലക്ഷം രൂപ വകയിരുത്തുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി കേരള എം.എസ്.എം.ഇ. പുനരുജ്ജീവന ട്രസ്റ്റ് ഫണ്ട് രൂപീകരിക്കുന്നതാണ്. ട്രസ്റ്റ് ഫണ്ടിൽ 100 കോടി രൂപയുടെ കോർപ്പസ് ഫണ്ട് ഉണ്ടായിരിക്കുകയും ഇതിൽ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റും ബാക്കി ഭാഗം കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ കൺസോർഷ്യവും വഹിക്കേണ്ടതാണ്. വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചായിരിക്കണം ധനസഹായവും വായ്പയും അനുവദിക്കേണ്ടത്. പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാനത്തിന്റെ സമാനവിഹിതമായി 2018-19 ബജറ്റിൽ 300 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി നൽകികഴിഞ്ഞു.

(സി) ചെറുകിട വ്യവസായ മേഖലയെ പരിപോഷിപ്പിക്കുന്നതിനായി 2017-18 വർഷത്തെ ബജറ്റിൽ വകയിരുത്തിയ ആകെ തുകയായ 13801.00 ലക്ഷം രൂപയുടെ 73.56% (10133.91 ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്.

## സൂക്ഷ്മ ചെറുകിട അതിസൂക്ഷ്മ നാനോ വ്യവസായങ്ങൾ

143(2419) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കും അതിസൂക്ഷ്മ നാനോ വ്യവസായങ്ങൾക്കും ഉള്ള പ്രാധാന്യം മനസ്സിലാക്കി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇത്തരം പദ്ധതികൾക്കായി വായ്പയെടുക്കുന്ന സംരംഭകർക്ക് വാർഷിക പലിശയിൽ സബ്സിഡി അനുവദിക്കാറുണ്ടോ;

(സി) വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും എന്തൊക്കെ ഇളവുകളാണ് നൽകുന്നത്;

(ഡി) പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത ഇത്തരം ഗാർഹിക യൂണിറ്റുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അത് ഇത്തരം സ്ഥാപനങ്ങളുടെ വളർച്ചയിൽ എന്ത് മാത്രം സഹായകമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിയിൻകീഴിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് ദേശീയ, അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 1. <u>സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്.)</u>

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വകുപ്പിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് 2012-ൽ സംരംഭക സഹായ പദ്ധതി നിലവിൽവന്നു. ഈ പദ്ധതി പ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് 3 ഘട്ടങ്ങളിലാണ് നൽകുന്നത്.

- സ്റ്റാർട്ടപ്പ് സപ്പോർട്ട്
- ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്
- ടെക്നോളജി സപ്പോർട്ട്

2. <u>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി</u>

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ടതുമായതും ഉൽപ്പാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇമ്പേഴ്സ് ചെയ്തുനൽകുന്നത്.

3. <u>സ്കീം ഫോർ റീ ഇംമ്പേഴ്സമെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.</u>

ഈ പദ്ധതി പ്രകാരം 1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി ഇ.എസ്.ഐ., ഇ.പി.എഫ്. എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% മൂന്ന് വർഷത്തേയ്ക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണിത്. 1-4-2017-നുശേഷം ഏറ്റവും കുറഞ്ഞത് 5 പേർക്കെങ്കിലും തൊഴിൽ നൽകുന്നതും ഉൽപ്പാദന, സേവന മേഖലയിലുള്ളതുമായ എല്ലാ മൈക്രോ സ്മാൾ മീഡിയം സംരംഭങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. സംരംഭകരെയും തൊഴിലാളികളെയും ഒരുപോലെ

സഹായിക്കുന്നതിനുവേണ്ടി ഏകദേശം 3 വർഷ കാലയളവിലേയ്ക്കുള്ള ഒരു പ്രോത്സാഹനമായിട്ടാണ് ഈ പദ്ധതി.

4. <u>ദി കേരള സ്ലസ്‌ഡ് എം.എസ്.എം.ഇ. റിവൈവൽ ആൻഡ് റീഹാബിലിറ്റേഷൻ സ്കീം.</u>

എം.എസ്.എം.ഇ. യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ച് 2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതിയാണിത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, മാനേജർ ക്രെഡിറ്റ്, ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിലെ (ബാങ്ക്) മാനേജർമാർ, പ്രോജക്ട് കൺസൾട്ടന്റ്, ധനകാര്യം, സാങ്കേതികം, വാണിജ്യം എന്നീ മേഖലകളിലെ വിദഗ്ദ്ധർ (ടെക്നോക്രാറ്റ്) എന്നിവരെ ഉൾപ്പെടുത്തിയുള്ള ഒരു വിദഗ്ദ്ധ സമിതിയുടെ നിരീക്ഷണത്തിൽ നിർദ്ദിഷ്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രശ്നങ്ങൾ നേരിടുന്ന എം.എസ്.എം.ഇ.കളെ കണ്ടെത്തുകയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ലീഡ് ബാങ്ക് മാനേജർ, ജില്ലാ പ്രസിഡന്റ് KSSIA, ധനകാര്യ സ്ഥാപനങ്ങളിലെ അംഗങ്ങൾ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB, ഡെപ്യൂട്ടി കമ്മീഷണർ, GST, റെപ്രസെന്റേറ്റീവ് MSME DI എന്നിവർ അംഗങ്ങളായും (ക്വാറം 5) വ്യവസായ മിത്രയെന്ന പേരിൽ എം.എസ്.എം.ഇ. വികസന കമ്മിറ്റി രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. മേൽ പറഞ്ഞിട്ടുള്ള കമ്മിറ്റികളിൽ വച്ചാണ് ഓരോ യൂണിറ്റുകൾക്കും ആവശ്യമായ സഹായം എന്താണെന്ന് കണ്ടെത്തുകയും അത് അനുവദിക്കുകയും ചെയ്യുന്നത്.

ധനകാര്യ സ്ഥാപനങ്ങളുടെയും ബാങ്കുകളുടെയും സഹായത്തോടെ ഈ പദ്ധതി നടത്തിപ്പിനായി കോർപ്പസ് ഫണ്ട് രൂപീകരിക്കാനാണുദ്ദേശിക്കുന്നത്. താഴെപ്പറയുന്ന തരത്തിലുള്ള ധനസഹായമാണ് ഈ പദ്ധതി മുഖേന നൽകുന്നത്.

1. നിലവിലുള്ള വായ്പാ അക്കൗണ്ട് പുനക്രമീകരണം ചെയ്യുക.
2. പുനരുദ്ധരിക്കാനാകുന്ന യൂണിറ്റുകൾക്ക് പുനരാരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ നൽകുക.
3. നിയമപരമായി അടയ്ക്കേണ്ടുന്ന ബാദ്ധ്യതകൾ അടയ്ക്കുന്നതിന് സഹായം
4. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവുകൾ, പരമാവധി 10,000 രൂപ.

2018-19 ബജറ്റിൽ ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്തിന്റെ വിഹിതമായ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) നാനോ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പയെടുക്കുന്ന വ്യവസായ സംരംഭകർക്ക് ടേം വായ്പയിൽ ആദ്യ മൂന്ന് വർഷത്തേയ്ക്ക് 6% മുതൽ 8% വരെ പലിശ ഇളവ് റീഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ അനുവദിക്കുന്നു.

(സി) നാനോ ഗാർഹിക വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജനറൽ വിഭാഗത്തിൽപ്പെട്ടവർ എടുത്തിട്ടുള്ള ടേം വായ്പയിൽ 6% വരെ പലിശ സബ്സിഡി ലഭിക്കുന്നു. വനിത/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായി എടുത്തിട്ടുള്ള വായ്പയുടെ വാർഷിക പലിശയിൽ 8% വരെ സബ്സിഡി ലഭിക്കുന്നു. സംരംഭകത്വ സഹായ പദ്ധതിയിൽ സ്ഥിരമൂലധന നിക്ഷേപത്തിൻമേൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് 15%, പരമാവധി 20 ലക്ഷം രൂപ വരെ, ധനസഹായം ലഭിക്കുമ്പോൾ വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും 20%, പരമാവധി 30 ലക്ഷം രൂപവരെ, ധനസഹായം ലഭിക്കുന്നു.

(ഡി) പരിസ്ഥിതിക്ക് ദോഷകരമല്ലാത്ത ഇത്തരം ഗാർഹിക യൂണിറ്റുകളെ 3-11-2017-ലെ G.O.(Ms)116/2017/ID എന്ന ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. Self Certification Memorandum ഫയൽ ചെയ്ത് യൂണിറ്റുകൾക്ക് പ്രവർത്തിക്കാനാകും. 23-11-2017-ലാണ് ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം 107 യൂണിറ്റുകൾക്ക് ഈ പദ്ധതിയിൽ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഈ പദ്ധതിയിൻകീഴിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കുമാത്രമായി web portal രൂപീകരിച്ചിട്ടില്ല. എന്നാൽ പൊതുവായി എം.എസ്.എം.ഇ.കൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി web portal രൂപീകരിച്ചിട്ടുണ്ട്. വെബ്സൈറ്റ് ചുവടെ ചേർക്കുന്നു.

1. www. keralasme.org

2. www. keralasme.com

### ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ

144(2420) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന എന്തെല്ലാം നടപടികളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

ചെറുകിട വ്യവസായ മേഖലയുടെ പ്രോത്സാഹനത്തിനായി വ്യവസായ വാണിജ്യ വകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ പ്രസ്തുത സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ്‌വെൻഷൻ) നൽകുന്ന പദ്ധതിയാണ് നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.

2. സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതിയാണ് ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്.

3. ബിസിനസ്സ് സംരംഭകർക്ക് സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനും സർവ്വകലാശാലാ വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും പരസ്പര സഹായത്തിനും സംരംഭക സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും യൂണിവേഴ്സിറ്റികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.

4. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.

5. എം.എസ്.എം.ഇ.-കളുടെ വളർച്ചയ്ക്ക് സഹായകമാവുന്ന ക്ലസ്റ്റർ കേന്ദ്രീകൃത സമീപനമാണ് സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം.

6. തകർച്ച നേരിടുന്ന എം.എസ്.എം.ഇ. യൂണിറ്റുകളെ കണ്ടെത്താനും പുനരുജ്ജീവിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി.

7. ഉൽപ്പാദന മേഖലയിലുള്ള എല്ലാ എം.എസ്.എം.ഇ. സംരംഭങ്ങൾക്കും 01-4-2012 മുതൽ നടത്തിയ നിക്ഷേപങ്ങൾക്ക് നൽകുന്ന ധനസഹായമാണ് സംരംഭകത്വ സഹായ പദ്ധതി.

8. വ്യവസായ വാണിജ്യ ഡയറക്ടറുടെയും സിഡ്കോയുടെയും അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ പശ്ചാത്തല വികസന പദ്ധതികൾ വഴി സ്വീകരിക്കുന്നു.

9. യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. ഒരു ഇ.ഡി. ക്ലബ്ബിന് ഒരു വർഷം 20,000 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നു.

10. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു.

11. ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാംവിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ.-സി.ഡി.പി പദ്ധതിയായ ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

12. എം.എസ്.എം.ഇ.-കളിൽ 01-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി, ഇ.എസ്.ഐ, ഇ.പി.എഫ് എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75% മൂന്ന് വർഷത്തേയ്ക്ക് റീ ഇംബേഴ്സ് ചെയ്തുനൽകുന്ന പദ്ധതിയാണ് സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ. പ്രസ്തുത പദ്ധതിക്ക് 8-3-2018-ലെ ജി.ഒ. (എം.എസ്) നമ്പർ 15/18/വ്യവ. പ്രകാരം ഭരണാനുമതി നൽകുകയും 100 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

13. കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

14. മേൽ പറഞ്ഞ 13 ഇനങ്ങൾ കൂടാതെയുള്ള മറ്റു പദ്ധതികൾ.

മേൽപറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക് മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു. കൂടാതെ സിഡ്കോ അതിജീവനം എന്ന പദ്ധതി വഴി വ്യവസായ ഏരിയകളിൽ ഷെഡ്ഡുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയിൽ വ്യവസായികൾക്ക് നൽകിവരുന്നു.

## വ്യവസായ രംഗത്തെ പദ്ധതികൾ

145(2421) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ക്ലസ്റ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെ ആയിരിക്കുമെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനവും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം 4000 നെയ്ത്തുതൊഴിലാളികളും അതിലിരട്ടിയോളം അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയിലൂടെ ഇവർക്ക് ഒരു സ്ഥിര വരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാകുന്നു. ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്.

കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ, കെൽപാം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയും അപ്പെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും കരകൗശല മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി, കരകൗശല മേഖലയിലെ വിദഗ്ദ്ധർക്കുള്ള വാർദ്ധക്യകാല പെൻഷൻ പദ്ധതി, കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി തുടങ്ങിയവ നടപ്പാക്കി വരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബു ഇന്നോവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകുന്ന പനമ്പിന്റെ വില വർദ്ധിപ്പിക്കുകയും പനമ്പ് നെയ്ത്തുതൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉൽപ്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉൽപ്പാദന ഇൻസെന്റീവ് മുതലായ ഏർപ്പെടുത്തൽ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപ്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമേയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ട്രീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, സംസ്ഥാന സർക്കാർ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയവ നടപ്പാക്കിവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി കേരള കാഷ്യു ബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർ മേഖലയിൽ കയർ ഭ്രവസ്തു വികസന പരിപാടി, കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം, മാനേജീരിയൽ സബ്സിഡി, എൻ.സി.ഡി.സി. പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി, കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം, കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം, കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, ഉൽപ്പാദനവും പ്രചോദനവും പദ്ധതി, വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി, കയർ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

(ബി) കരകൗശല മേഖലയിൽ വാഴനാര്, വൈക്കോൽ ചിത്ര, തഴപ്പായ ദാരുശിൽപ്പ, കളിമൺ ഉൽപ്പന്ന, ബെൽമെറ്റൽ എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പരിപോഷിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടുവരുന്നു. കരകൗശല

വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ നിർവ്വഹണ ഏജൻസികളായുള്ള പ്രസ്തുത ക്ലസ്റ്ററുകളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൈത്തറി മേഖലയിൽ കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി.യുടെ കീഴിൽ ക്ലസ്റ്ററുകൾ പ്രവർത്തിച്ചുവരുന്നു. ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദി ഗ്രാമം പദ്ധതിയുടെ കീഴിൽ ചർക്ക ഇനത്തിൽ 10 ഖാദി ഗ്രാമങ്ങളും തറി ഇനത്തിൽ 5 ഗ്രാമങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. ഇതിനായി 20-6-2017-ൽ സ. ഉ. (സാധാ) നമ്പർ 47/17/വ്യവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥല പരിധിയുമായി ബന്ധപ്പെട്ട വിഷയത്തിൽ വിവിധ തലങ്ങളിൽ ചർച്ചകൾ നടന്നുവരുന്നു.

**കൈത്തറി മേഖല**

146(2422) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വ്യവസായ വകുപ്പിനുകീഴിൽ സംസ്ഥാനത്ത് എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ പ്രവർത്തനക്ഷമമായ എത്ര കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഉണ്ട്; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി നെയ്ത്തു സഹകരണസംഘങ്ങൾ പാലക്കാട് ജില്ലയിൽ എത്രയുണ്ടെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഇ) പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനഃരുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, റിബേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

ഈ പദ്ധതികൾക്ക് പുറമേ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോടി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതികൂടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ ഏകദേശം 4.40 ലക്ഷം കുട്ടികൾക്ക് രണ്ട് ജോടി കൈത്തറി യൂണിഫോം തുണി വിതരണം ചെയ്തു. 2018 മേയ് മാസത്തോടെ 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും കൈത്തറി യൂണിഫോം തുണി എത്തിക്കുവാൻ സാധിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനുപുറമേ കൈത്തറി മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും അവരുടെ വേതനം വർദ്ധിപ്പിക്കുവാനും സാധിച്ചു.

(ബി&സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) പാലക്കാട് ജില്ലയിലെ പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാലക്കാട് കൈത്തറി സർക്കിൾ | 7 |
| ഒറ്റപ്പാലം കൈത്തറി സർക്കിൾ | 3 |
| ചിറ്റൂർ കൈത്തറി സർക്കിൾ | 6 |

(ഇ) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത തറികൾ കാഡ്കോ മുഖേന അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുന്നതിനായി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കൈത്തറി സംഘങ്ങൾക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയും വിപണനരംഗത്ത് സഹായവുമായി ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു.

## കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി

147(2423) ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യവസായ ഇടനാഴിക്കായി എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(സി) എൻ.എച്ച്. 47-ന്റെ പ്രാന്തപ്രദേശങ്ങളിൽ ചെറുതും വലുതുമായ വ്യവസായ പാർക്കുകളുടെയും വ്യവസായ ശാലകളുടെയും ശൃംഖല സൃഷ്ടിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ഡി) ഫാക്ടിന്റെ അധീനതയിലുള്ളതും ഉപയോഗിക്കാതെ സൂക്ഷിക്കുന്നതുമായ അധിക ഭൂമി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടുണ്ടോ;

(ഇ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കിയിട്ടുണ്ടോ?

### ഉത്തരം

(എ-സി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി National Industrial Corridor Development and Implementation Trust (NICDIT)-ന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി മുതൽ ബാംഗ്ലൂർ വരെയുള്ള വ്യവസായ ഇടനാഴിയുടെ വിശദമായ രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശ ഏജൻസിയെ കെ.എസ്.ഐ.ഡി.സി. മുഖാന്തരം നിയമിച്ചിട്ടുണ്ട്. സംസ്ഥാനം നൽകുന്ന രൂപരേഖ കേന്ദ്രം അംഗീകരിക്കേണ്ടതുണ്ട്. പ്രസ്തുത പഠനം പൂർത്തിയാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടിയശേഷം മാത്രമേ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമാവുകയുള്ളൂ.

(ഡി) ഫാക്ടിന്റെ അമ്പലമുകളിലുള്ള അധികഭൂമി കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിട്ടില്ല.

(ഇ) സർക്കാർ ഗ്യാരണ്ടി ഉണ്ടായിരുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കടവും തൊഴിലാളികളുടെ ബാദ്ധ്യതയും സർക്കാർ തീർത്തുകഴിഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി കിൻഫ്രയ്ക്ക് കൈമാറാനാണ് നിലവിലുള്ള ധാരണ.

## തൃശ്ശൂർ-പാലക്കാട് വ്യവസായ ഇടനാഴി

148(2424) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പാലക്കാട് വ്യവസായ ഇടനാഴിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതി ഏതെല്ലാം തരത്തിൽ പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എന്ന് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്ത് വന്നുചേരുക എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനു വേണ്ടിയുള്ള സംസ്ഥാന സർക്കാർ അപേക്ഷ, കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.റ്റി.)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കെ.എസ്.ഐ.ഡി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ എൻ.ഐ.സി.ഡി.ഐ.റ്റി.-ക്ക് സമർപ്പിക്കുകയും ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ വിശദപഠനം നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. ആയതിനാൽ കേരള സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിശദപഠനം നടത്തിയശേഷം മാത്രമേ ഇക്കാര്യം തീരുമാനമാകൂ.

## ബൃഹത് വിവിധോദ്ദേശ്യ വ്യവസായ സോണുകൾ

149(2425) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച അഞ്ച് ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി പട്ടന്നൂർ-പനയത്തുപറമ്പിലും തൊട്ടുപുഴയിലും മങ്കടയിലും വിഴിഞ്ഞത്തും കാസർഗോഡും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) മേല്പറഞ്ഞ പദ്ധതികളിൽ ഏതെങ്കിലും പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്?

ഉത്തരം

(എ-സി) 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ബൃഹത് വിവിധോദ്ദേശ്യ സോണുകൾ കണ്ണൂർ, തൊട്ടുപുഴ, വിഴിഞ്ഞം, കാസർഗോഡ് എന്നിവിടങ്ങളിലാണ്. ഇവിയിൽ കണ്ണൂരും തൊട്ടുപുഴയിലും അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വിഴിഞ്ഞത്തും കാസർഗോഡും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ കിൻഫ്ര തുടരുന്നു.

മങ്കടയിൽ കണ്ടെത്തിയ ഭൂമി അനുയോജ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി സർക്കാർ ഉപേക്ഷിച്ചു.

## ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം

150(2426) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;വ്യക്തമാക്കാമോ ;

(ബി) ലൈഫ് സയൻസ് പാർക്കിനായി സ്ഥലം വിട്ടുനൽകിയവർക്ക് നൽകാനുള്ള തുക നൽകിയോ; വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനം പ്രവർത്തനം ആരംഭിക്കുമ്പോൾ എത്ര പേർക്ക് തൊഴിൽ നല്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി. തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി.-ക്ക് ലഭ്യമായ തുടർച്ചയായ 23 ഏക്കർ ഭൂമിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ റോഡ്, ഡ്രെയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരുന്ന് ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളാ വെറ്ററിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ റിസർച്ച്-കം-ലേണിംഗ് സെന്റർ ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ, ഏകദേശം 3 ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നവേഷൻ-കം-ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണവും ആരംഭിക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യും ശ്രീ.ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയും ചേർന്ന് ജോയിന്റ് വെഞ്ച്വർ പ്രോജക്ടായ മെഡിക്കൽ ഡിവൈസസ് പാർക്ക്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി & എൻവയോൺമെന്റുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018-19-ൽത്തന്നെ ആരംഭിക്കുന്നതാണ്.

(ബി) ലൈഫ് സയൻസ് പാർക്കിനുവേണ്ടി ഒന്നാംഘട്ടത്തിൽ 75 ഏക്കറിൽ 70 ഏക്കറോളം ഭൂമി കൈവശമെടുക്കുകയും സ്ഥലം വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില നൽകുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ ഏകദേശം 86 ഏക്കറോളം ഭൂമി കെ.എസ്.ഐ.ഡി.സി.-ക്ക് നവംബർ 2017-ൽ കൈമാറുകയും ഏറ്റെടുത്ത പ്രസ്തുത ഭൂമി വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില ട്രഷറിയിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാവുമ്പോഴേയ്ക്കും ഉദ്ദേശം 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

151(2427) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി സ്ഥലമേറ്റെടുക്കുന്നതിലേക്ക് കെ എസ് ഐ ഡി സി-ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 20-1-2016-ലെ മന്ത്രിസഭായോഗത്തിൽ ഇനം നം. 8121 (OA) തീരുമാനം പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനമനുസരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നെല്ലിക്കുഴി ഫർണീച്ചർ പാർക്ക്/ഹൗസ്

152(2428) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു ഫർണിച്ചർ പാർക്ക് /ഹൗസ് സ്ഥാപിക്കുമെന്ന 2016-17 ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെയും ആയതു സംബന്ധിച്ച് നല്കിയ നിവേദനത്തിന്റെയും അടിസ്ഥാനത്തിൽ ഫർണിച്ചർ ഹൗസ് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ആയത് സംബന്ധിച്ച് വ്യവസായ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) നെല്ലിക്കുഴി ഫർണിച്ചർ പാർക്ക്/ഹൗസ് സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു ഫർണിച്ചർ പാർക്ക്/ഹൗസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കോതമംഗലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. ഫർണിച്ചർ പാർക്ക്/ഹൗസ് (കോമൺ ഫെസിലിറ്റി സെന്റർ) സ്ഥാപിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## കുറ്റിപ്പുറം മാൽകോടെക്സ് സ്പിന്നിംഗ് മില്ലിലെ എം.ഡി. നിയമനം

153(2429) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ 1-1-2018 മുതൽ മാനേജിംഗ് ഡയറക്ടർ നിയമനത്തിന് എത്ര പേരാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുറ്റിപ്പുറം മാൽകോടെക്സ് സ്പിന്നിംഗ് മില്ലിലെ എം.ഡി. നിയമനത്തിനായി പ്രസ്തുത മില്ലിൽ ജോലിചെയ്യുന്ന സീനിയറായ ഉദ്യോഗസ്ഥർ സമർപ്പിച്ച അപേക്ഷ പരിഗണിക്കാതെ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലെ ജൂനിയറായ ഉദ്യോഗസ്ഥന് എം.ഡി.യുടെ അധിക ചുമതല നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാനേജിംഗ് ഡയറക്ടർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) 2011-ൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലെ ജനറൽ മാനേജരായി ജോലിയിൽ പ്രവേശിച്ച് 2014 മുതൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയും വഹിക്കുന്ന ഉദ്യോഗസ്ഥനാണ് കുറ്റിപ്പുറം മാൽകോടെക്സ് സ്പിന്നിംഗ് മില്ലിലെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയിട്ടുള്ളത്. ഇദ്ദേഹം ജൂനിയറായ ഉദ്യോഗസ്ഥനല്ല. ഈ മേഖലയിൽ 25-ലെറെ വർഷത്തെ പ്രവർത്തി പരിചയമുണ്ട്. 3-4-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 400/2018/വ്യവ നമ്പർ

ഉത്തരവ് പ്രകാരം മാൽകോടെക്സ് മാനേജിംഗ് ഡയറക്ടറുടെ അധികച്ചുമതല വഹിച്ചിരുന്ന ശ്രീ. കെ. ശശീന്ദ്രൻ വിരമിച്ചതിനെ തുടർന്ന് സർവ്വീസിൽ നിന്ന് 31-3-2018-ന് വിടുതൽ ചെയ്യുകയും തൽസ്ഥാനത്തേയ്ക്ക് കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജരായ ശ്രീ. സി. ആർ. രമേഷിന് മാനേജിംഗ് ഡയറക്ടറുടെ അധികച്ചുമതല നൽകി നിയമിച്ചിട്ടുണ്ട്.

**ഗെയിൽ പൈപ്പ്ലൈൻ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

154(2430) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈനിനെതിരെ ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുള്ള എതിർപ്പ് മറി കടക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിന് തയ്യാറായിട്ടുണ്ടോ;

(ബി) നഷ്ടപരിഹാര തുക സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ചില തല്പര കക്ഷികൾ ഈ പദ്ധതിയെ അട്ടിമറിക്കുവാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ പദ്ധതിക്കെതിരെ പ്രതിഷേധം നിലനിന്നിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ ആർജ്ജവമായ ഇടപെടൽമൂലം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പ്രതിഷേധങ്ങളെ മറികടക്കുവാനും സാധിച്ചു.

നഷ്ടപരിഹാരം സംബന്ധിച്ച പരാതി ഉയർന്നപ്പോൾ പാക്കേജ് പുനഃപരിശോധിക്കുകയും 1-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം ഉയർത്തിക്കൊണ്ടുള്ള പുതുക്കിയ പാക്കേജ് പ്രഖ്യാപിക്കുകയും

ചെയ്തു. ഇത് ഭൂവുടമകൾക്ക് ഇടയിൽ പദ്ധതിക്കനുകൂലമായി വളരെ നല്ല പ്രതികരണമാണ് ഉളവാക്കിയത്.

(സി&ഡി) ഉണ്ട്. ജനങ്ങളുടെ സംശയ ദൂരീകരണത്തിന് ജില്ലാ ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ട്. ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും സഹകരണത്തോടുകൂടി ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുകയും ആയത് വളരെയധികം സഹായകരമാവുകയും ചെയ്തു. തൽഫലമായി ജനങ്ങൾ പദ്ധതിക്കനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് ഗെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ സർക്കാർ സജീവമായ മേൽനോട്ടം നടത്തിവരുന്നു.

**തലശ്ശേരി കിൻഫ്രാ പാർക്കിന്റെ വികസനം**

155(2431) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബജറ്റിൽ തലശ്ശേരി കിൻഫ്രാ പാർക്കിന്റെ വികസനത്തിനായി 50 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച തലശ്ശേരി കിൻഫ്ര പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട പദ്ധതിക്കായി എഞ്ചിനിയറിംഗ് കൺസൽട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്ക്**

156(2432) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിലേക്ക് വ്യവസായങ്ങൾ

ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ;

(ബി) പ്രസ്തുത വ്യവസായ പാർക്കിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് തുടങ്ങിയ വാണിജ്യ മേഖലയിലുള്ള സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തും സംസ്ഥാനത്തിനുപുറത്തും സംഘടിപ്പിക്കുന്ന വ്യവസായ സംരംഭകരുടെ ബിസിനസ്സ് മീറ്റിൽ ഇതു സംബന്ധിച്ച് അവതരണങ്ങളും നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വ്യവസായ പാർക്കിൽ നിലവിൽ 8 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭങ്ങൾ എല്ലാം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഒറ്റപ്പാലം വ്യവസായ പാർക്കിൽ കിൻഫ്ര നിർമ്മിച്ച 1,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിൽ ബ്ലിസ്സ്ഫുൾ അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന വസ്ത്ര നിർമ്മാണ യൂണിറ്റിന് സ്ഥലം അനുവദിക്കുകയും പ്രസ്തുത യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു.

**കിൻഫ്രയുടെ വ്യവസായ പാർക്കുകൾ**

157(2433) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച കിൻഫ്രയുടെ വ്യവസായ പാർക്കുകൾ ഇതിനകം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പുനലൂർ, മട്ടന്നൂർ, തൃശ്ശൂർ, തൊടുപുഴ, കളമശ്ശേരി, കഴക്കൂട്ടം,കൊരട്ടി, കൊല്ലം, ഒറ്റപ്പാലം, പാലക്കാട്, രാമനാട്ടുകര എന്നീ വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) വ്യവസായ പാർക്കുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുനലൂരിൽ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മട്ടന്നൂർ, കഴക്കൂട്ടം, കൊരട്ടി, ഒറ്റപ്പാലം, പാലക്കാട്, കളമശ്ശേരി എന്നീ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തൃശ്ശൂർ, തൊടുപുഴ, കൊല്ലം, രാമനാട്ടുകര എന്നീ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(സി) ഇല്ല.

**മാർജിൻ മണി ലോൺ**

158(2434) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭകർക്ക് നൽകിക്കൊണ്ടിരുന്ന മാർജിൻ മണി ലോൺ സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് ഏത് വർഷം വരെ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) മാർജിൻ മണി ലോൺ എടുത്ത് സംരംഭങ്ങൾ തുടങ്ങി പിന്നീട് നഷ്ടത്തിലായി സംരംഭം നിർത്തിയവരിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ വ്യവസായം നടത്തി നഷ്ടം വന്ന് കടത്തിൽ ആയി ദുരിതം പേറുന്ന സംരംഭകന് പരമാവധി ആശ്വാസം നൽകുന്നതിനും സർക്കാരിന് മുടക്കുമുതലെങ്കിലും തിരികെ ലഭിക്കുന്നതിനും ആവശ്യമായ രീതിയിൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2012-13 വരെ മാർജിൻ മണി പദ്ധതി നിലവിലുണ്ടായിരുന്നു.

(ബി&സി) മാർജിൻ മണി ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട് 24-3-2017-ലെ G.O.(Ms)459/17/വ്യവ. ഉത്തരവുപ്രകാരം രണ്ട് കാറ്റഗറികളിലായി തരംതിരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. എല്ലാത്തരം വായ്പയെടുത്തും നഷ്ടത്തിലായ സംരംഭകരെ OTS പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

**കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ബാദ്ധ്യത**

159(2435) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഇപ്പോഴത്തെ ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) വ്യവസായ ആവശ്യത്തിനായി ഈ ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഇതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുന്നത്തറ ടെക്സ്റ്റൈൽസ് ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഒഫിഷ്യൽ ലിക്വിഡേറ്ററാണ് ബാദ്ധ്യത നിശ്ചയിക്കുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

**നാദാപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ക്വാറികൾ**

160(2436) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള ക്വാറികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ അനധികൃതമായി ഏതെങ്കിലും ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം പാറമടകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ലൈസൻസുള്ള ക്വാറികളുടെ പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി&സി) നാദാപുരം നിയോജക മണ്ഡലത്തിൽ അനധികൃതമായ ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിർമ്മാണ മേഖലയിലെ ബുദ്ധിമുട്ടുകൾ**

161(2437) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ക്വാറികൾ അടച്ചുപൂട്ടിയതു കാരണം പാറ, മണൽ എന്നിവയ്ക്ക് ക്ഷാമവും വിലവർദ്ധനവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു മൂലം സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തിയാക്കുവാനുണ്ടാകുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ ചെറുകിട ക്വാറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ചതുമൂലം പാറ, മണൽ എന്നിവയുടെ ക്ഷാമം ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി&സി) 2-12-2016-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും തന്മൂലം സംസ്ഥാനത്തെ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിട്ട പ്രതിസന്ധി സർക്കാർ പരിശോധിക്കുകയും ആയത് പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യെയും ജില്ലാതല അപഗ്രഥന സമിതി (DEAC)-യെയും പ്രവർത്തനക്ഷമമാക്കി.

2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ. (പി) 25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പുമന്ത്രി യുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. തെരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ/ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

6. അന്യസംസ്ഥാനത്തു നിന്നും/വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

7. ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.

8. 9-3-2018-ൽ വ്യവസായ വകുപ്പുമന്ത്രി യുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ

162(2438) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015- ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ. എം.എസ്. മോഹനൻ, പൂഴിക്കോൽ പി.ഒ, കടുത്തുരുത്തി സമർപ്പിച്ച 161/A4/2016 /IND അപ്പീൽ പെറ്റീഷനിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) ഈ പരാതി സംബന്ധിച്ച് മൈനിംഗ്ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരാതിക്കാരന്റെ പരാതിക്ക്പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ;

(ഡി) പ്രസ്തുത പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഹീയറിംഗ് നടത്തിയിട്ടുണ്ടോ; പ്രസ്തുത ഹീയറിംഗിന്റെ തുടർ നടപടി ശ്രീ മോഹനനെ അറിയിച്ചിട്ടുണ്ടോ; നിയമത്തിന്റെ നൂലാമാലകളെക്കുറിച്ച് അറിയാത്ത ആ തൊഴിലാളിയുടെ അറിവില്ലായ്മ മാപ്പാക്കി തുടർ നടപടികളിൽ നിന്നും ശ്രീ മോഹനനെ ഒഴിവാക്കുന്നതിന് ശ്രമിക്കുമോ?

ഉത്തരം

(എ-ഡി) കോട്ടയം ജില്ലയിലെ കടുത്തുരുത്തി വില്ലേജിലെ 38/22 എ എന്ന സർവ്വേ നമ്പറിൽപ്പെട്ട 1.4 ആർ സ്ഥലത്തു നിന്നും നീക്കം ചെയ്യാൻ അനുമതി നൽകിയ 210 മെ.ടൺ സാധാരണ മണ്ണിനു പുറമേ 495 ക്യൂബിക് മീറ്റർ

സാധാരണ മണ്ണ് അനധികൃതമായി നീക്കം ചെയ്തതിന് സ്ഥലം ഉടമയായ ശ്രീ. എം. എസ്. മോഹനനിൽ നിന്ന് മണ്ണിന്റെ റോയൽറ്റിയും പിഴയും ചേർത്ത് ആകെ 24,800 രൂപ ഈടാക്കുവാനാവശ്യപ്പെട്ട് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് 06-11-2013, 15-2-2014 തീയതികളിൽ പുറപ്പെടുവിച്ച 380/ഡിഒവൈ/എംഎൽ/2013 നമ്പർ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ. എം. എസ്. മോഹനൻ, കടുത്തുരുത്തി, വൈക്കം 24-3-2016-ൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിരുന്നു. ആയത് 161/എ 4/2016/വ്യവ നമ്പർ ഫയലിലാണ് കൈകാര്യം ചെയ്തിരുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള ഒന്നാം അപ്പീൽ അധികാരി 29-11-2017-ൽ ടിയാളെ നേരിൽ കേൾക്കുകയും ഈ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു.

ശ്രീ. എം. എസ്. മോഹനന്റെ അപ്പീൽ അപേക്ഷ കെ.എം.എം.സി ചട്ടം 1967-ലെ വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്ന സമയ പരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുള്ളതല്ല. 06-11-2013-ൽ നൽകിയ ഡിമാന്റ് നോട്ടീസിനു രണ്ട് മാസത്തിനകം സമർപ്പിക്കേണ്ട അപ്പീൽ ടിയാൻ സമർപ്പിച്ചത് 24-3-2014-നാണ്. ടിയാൻ അപ്പീൽ സമർപ്പിക്കുന്നതിന് മുമ്പായി 21-10-2014-ന് തന്നെ Form 24 പ്രകാരം പ്രസ്തുത തുക റവന്യൂ റിക്കവറിയായി പിടിക്കുന്നതിന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് റിക്വസിഷൻ നൽകുകയും ശ്രീ. എം. എസ്. മോഹനന്റെ അപേക്ഷയെ തുടർന്ന് പ്രസ്തുത തുകയുടെയും പലിശയുടെയും 30 ശതമാനം 25-3-2015-നു മുമ്പും ബാക്കി തുക 10 തുല്യ തവണകളായി അടച്ചുതീർക്കുന്നതിനും കോട്ടയം ജില്ലാ കളക്ടർ 25-2-2015-ന് തന്നെ ബി 10(2)/51115/14 പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. ഇതുകൂടാതെ വീട് നിർമ്മാണത്തിനുവേണ്ടി മണ്ണ് നീക്കം ചെയ്യാൻ നേടിയ അനുമതികൊണ്ട് കൂടുതൽ മണ്ണ് നീക്കം ചെയ്തതായി കണ്ടെത്തിയിരുന്നു. എന്നാൽ അത് നിരാകരിക്കാൻ കഴിയുന്ന തെളിവുകളോ സാക്ഷികളെയോ ഹാജരാക്കുവാൻ ടിയാനു കഴിഞ്ഞില്ല. 1967-ലെ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അപ്പീൽ സമർപ്പിക്കാത്തതിനാലും അനധികൃത ഖനനം നടന്നുവെന്ന കണ്ടെത്തൽ വസ്തുതകളുടെ പിൻബലത്തിൽ നിരാകരിക്കാൻ കഴിയാത്തതുകൊണ്ടും റവന്യൂ റിക്കവറി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞതിനാലും ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല എന്ന സാഹചര്യത്തിൽ ശ്രീ. എം. എസ്. മോഹനൻ, വൈക്കം സമർപ്പിച്ച അപ്പീൽ അപേക്ഷ 4-1-2018-ലെ സ.ഉ. (സാധ) നമ്പർ 10/2018/വ്യവ

നമ്പർ പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരന് ലഭ്യമാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിനെ സാധൂകരിക്കുന്ന റിപ്പോർട്ട് മൈനിംഗ് & ജിയോളജി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കൈത്തറി സ്ഥാപനങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

163(2439) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കൈത്തറി സ്ഥാപനങ്ങളുടെ ഉന്നമനത്തിന് എന്തൊക്കെ ആശ്വാസ നടപടികൾ നൽകി വരുന്നു എന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഈ മേഖലയുടെ വളർച്ചയ്ക്ക് എന്തെങ്കിലും പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യം വച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി, നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, റിബേറ്റ് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഈ പദ്ധതികൾക്കു പുറമേ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതോടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നെയ്ത്തു തൊഴിലാളികൾക്ക് ഒരു സ്ഥിരവരുമാനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും ചെയ്തു. നിലവിൽ നെയ്യുവാനുള്ള അടിസ്ഥാനസൗകര്യമില്ലാത്ത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നതിനായി ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. കൈത്തറി മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്

2. നെയ്ത്തുകാരുടെ അവകാശികൾക്ക് മരണാനന്തര ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഇൻഷ്വറൻസ് പദ്ധതി.

3. യാൺ ബാങ്കുകൾക്ക് അസംസ്കൃത വസ്തുക്കളായ കഴിനൂൽ, ചായങ്ങൾ, രാസവസ്തുക്കൾ എന്നിവ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നു.

4. ഹാന്റക്സ്, ഹാൻവീവ് മറ്റ് 6 യാൺ ബാങ്കുകൾ എന്നിവ മുഖേന നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം ലഭ്യമാക്കുന്നതിനായി മാർജിൻ മണി ലോൺ അനുവദിക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ 29 നെയ്ത്ത് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വിപണന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (എൻ.ഐ.എഫ്.റ്റി.)യുമായി ചേർന്ന് ബ്രാൻഡിംഗ് രംഗത്ത് പദ്ധതി ആവിഷ്കരിച്ചുവരുന്നു.

## അമ്പലത്തിൻകാല ഖാദി ഉൽപ്പാദന കേന്ദ്രം

164 (2440) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ കാട്ടാക്കട അമ്പലത്തിൽകാലയിൽ ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിനും സിൽക്ക്നെയ്ത്ത് ആരംഭിക്കുന്നതിനും വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായുള്ള തുടർ നടപടികൾ വേഗത്തിലാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

അമ്പലത്തിൻകാല ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സിൽക്ക് ഗ്രാമവ്യവസായ നെയ്ത്ത് യൂണിറ്റ് ആരംഭിക്കുന്നതിനുമായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതി കാരണം നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് ചായ്പ്പ് (lintal to shed) കെട്ടി പത്ത് തറി സ്ഥാപിച്ച് യൂണിറ്റ് ആരംഭിക്കുന്നതിന് നിശ്ചയിക്കുകയും ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ദക്ഷിണ റെയിൽവേയിൽ സ്പോർട്സ് ക്വാട്ടാ നിയമനം**

165(2441) <u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേയിൽ കഴിഞ്ഞ അഞ്ച് വർഷമായി സ്പോർട്സ് ക്വാട്ടാ നിയമനം നടക്കാത്തതുമൂലം കേരളത്തിലെ നിരവധി യുവ കായിക താരങ്ങൾക്ക് റെയിൽവേയിൽ ജോലി ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജോലി ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നത് കേരളത്തിലെ സ്പോർട്സ് വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) ദക്ഷിണ റെയിൽവേയുമായി ബന്ധപ്പെട്ട് കേരളത്തിൽനിന്നും പരമാവധി യുവ കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനം ലഭിക്കുന്നതിന് വകുപ്പ് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ദക്ഷിണ റെയിൽവേയിലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ കായിക യുവജനകാര്യ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

## സ്പോർട്സ് താരങ്ങൾക്ക് സർക്കാർ ജോലി

166(2442) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്ട്സ് താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും പ്രസ്തുത സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാകാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് 20-6-2018-ന് സർട്ടിഫിക്കറ്റ് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളീബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നേമം മണ്ഡലത്തിലെ പുതിയ പദ്ധതികൾ

167(2443) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജകമണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട് പുതുതായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജക മണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പുതുതായി പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

## ഓപ്പറേഷൻ ഒളിമ്പിയ

168(2444) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് കൗൺസിലിന് കീഴിൽ ഓപ്പറേഷൻ ഒളിമ്പിയ എന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിക്കായി 2016-17, 2017-18 വർഷങ്ങളിലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ കീഴിൽ നാളിതുവരെയായി എത്ര കായിക താരങ്ങൾക്ക് ഏതൊക്കെ ഇനത്തിൽ പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി"

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി ഇന്ത്യയിലെയും വിദേശത്തെയും പ്രദത്ഭരായ പരിശീലകരുടെ സേവനംകൂടി പ്രയോജനപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

ടി പദ്ധതിക്ക് 2017-18 വർഷത്തെ ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു.

**പുതിയ കായികനയം**

169(2445) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ കായിക നയം രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ?

<u>ഉത്തരം</u>

കേരളത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒളിമ്പ്യന്മാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവരെ പങ്കെടുപ്പിച്ച് ശിൽപ്പശാല സംഘടിപ്പിച്ചിരുന്നു. സ്പോർട്സ് കൗൺസിലിന്റെ ജനറൽ കൗൺസിൽ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച ആശയങ്ങളും നിർദ്ദേശങ്ങളുംകൂടി

പരിഗണിച്ചതിനുശേഷം കായിക നയത്തിന് അന്തിമരൂപം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനമാണ് കായികനയ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

### പാലക്കാട് ജില്ലയിലെ കോച്ചുമാർ

170(2446) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര കോച്ചുമാരും ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ 5 സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. (1 സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, 1 സ്കൂൾ സ്പോർട്സ് ഹോസ്റ്റൽ, 3 കോളേജ് സ്പോർട്സ് ഹോസ്റ്റൽ) പാലക്കാട് ജില്ലയിൽ 7 പരിശീലകർ ജോലി നോക്കിവരുന്നുണ്ട്.

### എറണാകുളം പനമ്പള്ളി നഗറിലെ സ്പോർട്സ് സ്കൂൾ

171(2447) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം പനമ്പള്ളി നഗറിലുള്ള സ്പോർട്സ് സ്കൂളിൽ വോളിബോൾ കോർട്ട് , ആധുനിക രീതിയിലുള്ള ആഡിറ്റോറിയം, ഡൈനിങ്ങ് ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവ നിർമ്മിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എറണാകുളം പനമ്പള്ളി നഗറിലുള്ള ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വോളിബോൾ കോർട്ട് നിലവിലുണ്ട്. സ്കൂളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. ആയതിനോട് ചേർന്ന് ഡൈനിംഗ്

ഹാളും നിലവിലുണ്ട്. കൂടാതെ ഫുട്ബോൾ, വോളിബോൾ, ഫെൻസിംഗ്, അത്‌ലറ്റിക്സ്, എന്നീ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ പനമ്പള്ളി നഗർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവർത്തി വരുന്നു. ടി ഇനങ്ങളിൽ വിദഗ്ധ പരിശീലകർ കായിക താരങ്ങൾക്ക് പരിശീലനം നൽകിവരുന്നു.

## സർക്കാർ സ്കൂളുകളിൽ ജിംനേഷ്യം

172(2448) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ ജിംനേഷ്യം ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കാമോ;

(ബി) തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ നീന്തൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) സ്കൂൾ, കോളേജ്, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളിൽ സ്പോർട്സ് കൗൺസിൽ മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കായിക താരങ്ങൾക്ക് സൗജന്യ നീന്തൽ പരിശീലനം നൽകിവരുന്നു. കായിക ഡയറക്ടറേറ്റ് നടപ്പാക്കുന്ന 'സ്വിം ആൻഡ് സർവൈവ്' പദ്ധതി വഴിയും വിദ്യാർത്ഥികൾക്ക് സൗജന്യ നീന്തൽ പരിശീലനം നൽകുന്നതാണ്.

## സ്പോർട്സ് ഹോസ്റ്റലുകൾ

173(2449) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സ്പോർട്സ് ഹോസ്റ്റലുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ഹോസ്റ്റലിലുമുള്ള അന്തേവാസികളുടെ എണ്ണം, സ്റ്റാഫിന്റെ എണ്ണം, ഒരു മാസം അവർക്കു വേണ്ട ചെലവ്, ഇതിനകം അന്തേവാസികൾ വിവിധ സ്പോർട്സ് മേഖലകളിൽ തെളിയിച്ച എടുത്തുപറയാവുന്ന കഴിവുകൾ എന്നിവ വിശദമാക്കാമോ;

(സി) 18 വയസ്സിൽ താഴെയുള്ളവരെ മാത്രം പരിപാലിക്കുന്നതിന് എത്ര സ്പോർട്സ് ഹോസ്റ്റലുകൾ ഉണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും ഹോസ്റ്റലിൽനിന്നും ഭക്ഷ്യവിഷബാധയേറ്റ വിദ്യാർത്ഥികളെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ ഇതേത്തുടർന്ന് ബാലാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും അതിനനുസൃതമായി പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സ്പോർട്സ് ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 11 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 6 |
| 5 | ഇടുക്കി | 6 |
| 6 | കോട്ടയം | 19 |
| 7 | എറണാകുളം | 12 |
| 8 | തൃശ്ശൂർ | 11 |
| 9 | പാലക്കാട് | 5 |
| 10 | കോഴിക്കോട് | 5 |
| 11 | മലപ്പുറം | 6 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 2 |
| ആകെ | | 108 |

ഇതിനുപുറമേ എലൈറ്റ് സ്കീമിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) 108 ഹോസ്റ്റലുകളിലായി 2764 കായിക താരങ്ങളും എലൈറ്റ് സ്കീമിൽ 26 കായിക താരങ്ങളും താമസിച്ച് പരിശീലിക്കുന്നു. ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു. ഹോസ്റ്റൽ അന്തേവാസികൾക്ക് പ്രതിദിനം 200 രൂപ ബോർഡിംഗ്, ലോഡ്ജിംഗ് ചാർജ് ഇനത്തിലും പ്രതിമാസം 100 രൂപ വാഷിംഗ് അലവൻസ് ഇനത്തിലും അനുവദിച്ചുവരുന്നു. എലൈറ്റ് സ്കീമിലെ കായിക താരങ്ങൾക്ക് പ്രതിദിനം 450 രൂപ ബോർഡിംഗ് ലോഡ്ജിംഗ് ചാർജ് ഇനത്തിലും പ്രതിമാസം 1000 രൂപ പോക്കറ്റ് മണി ഇനത്തിലും നൽകിവരുന്നു.

2017-18 അദ്ധ്യയന വർഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഹോസ്റ്റൽ അന്തേവാസികളിൽ 9 പേർ അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും രണ്ട് സ്വർണ്ണം, രണ്ട് വെള്ളി, ഒരു വെങ്കലം എന്നിവ കരസ്ഥമാക്കുകയും കൂടാതെ 226 അന്തേവാസികൾ ദേശീയ/ അന്തർസർവ്വകലാശാല മത്സരങ്ങളിൽ പങ്കെടുത്ത് 42 സ്വർണ്ണം, 38 വെള്ളി, 59 വെങ്കലം എന്നിവ നേടിയിട്ടുമുണ്ട്.

എലൈറ്റ് സ്കീമിലെ 3 അത്‌ലറ്റിക്സ് കായിക താരങ്ങൾ കഴിഞ്ഞ ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തിരുന്നു. 3 ഫെൻസിംഗ് കായിക താരങ്ങൾ ദേശീയ സീനിയർ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് മെഡൽ നേടുകയും രണ്ട് വോളീബോൾ കായിക താരങ്ങൾ ഇന്ത്യ ടീം കോച്ചിംഗ് ക്യാമ്പിലേയ്ക്ക് സെലക്ഷൻ നേടുകയും ചെയ്തിട്ടുണ്ട്.

(സി) 18 വയസ്സിൽ താഴെയുള്ളവരെ മാത്രം പരിപാലിക്കുന്നതിനായി ഉള്ള സ്പോർട്സ് ഹോസ്റ്റലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2 |
| 2 | കൊല്ലം | 1 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 2 |
| 5 | ഇടുക്കി | 2 |
| 6 | കോട്ടയം | 8 |
| 7 | എറണാകുളം | 2 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | 1 |
| 10 | കോഴിക്കോട് | 1 |
| 11 | മലപ്പുറം | 1 |
| 12 | വയനാട് | 2 |
| ആകെ | | 25 |

(ഡി&ഇ) ഇല്ല.

**സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ**

174(2450) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെകീഴിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പയ്യന്നൂരിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് വർഷമാണ് ഇത് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ അധ്യയന വർഷം മുതൽ കുട്ടികൾക്ക് പ്രവേശനം നൽകാതെ പ്രസ്തുത ഹോസ്റ്റൽ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ അപ്രകാരം തീരുമാനമെടുത്തതിനുള്ള കാരണമെന്തെന്നു വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഹോസ്റ്റലിൽ എത്ര സ്ഥിരം/താത്കാലിക ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2008 മുതൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പയ്യന്നൂരിൽ പ്രവർത്തിച്ചുവരുന്നു.

(സി &ഡി) നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

(ഇ) 3 താൽക്കാലിക ജീവനക്കാർ (1 ട്രെയിനർ, 1 കുക്ക്, 1 അസിസ്റ്റന്റ് കുക്ക്).

## ചിറ്റൂർ ഗവൺമെന്റ് കോളേജ് കായിക സമുച്ചയം

175(2451) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവൺമെന്റ് കോളേജിനോടനുബന്ധിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കായിക സമുച്ചയത്തിന്റെ മാസ്റ്റർപ്ലാൻ കായിക വകുപ്പ് അംഗീകാരം നൽകി കിഫ്ബിയിലേക്ക് സമർപ്പിക്കുകയുണ്ടായോ; ഇതിന്റെ ഏറ്റവും പുതിയ ഭരണാനുമതിയുടെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഇതിന്റെ സാങ്കേതികാനുമതി കായിക വകുപ്പ് നൽകുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിക്ക് കിഫ്ബി ഫണ്ട് അനുവദിക്കുകയുണ്ടായോ; എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ബാക്കി തുക എങ്ങനെ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് സർക്കാർ നൽകിയ ഭരണാനുമതിയുടെയും കിഫ്ബിയുടെ അനുമതിയുടെയും പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു.

(ബി) സാങ്കേതികാനുമതി നൽകുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) 5.54 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം* ചെയ്യുന്നു. നിലവിൽ കിഫ്ബി അനുവദിച്ച തുകയ്ക്കുള്ളിൽ ഘടകങ്ങൾ പരിമിതപ്പെടുത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഹൈ ആൾറ്റിറ്റ്യൂഡ് സ്പോർട്സ് കോച്ചിംഗ് സെന്റർ

176(2452) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കക്കാടംപൊയിലിൽ ഹൈ ആൾറ്റിറ്റ്യൂഡ് സ്പോർട്സ് കോച്ചിംഗ് സെന്റർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടി മണ്ഡലത്തിലെ കക്കാടം പൊയിലിൽ ഹൈ ആൾട്ടിറ്റ്യൂഡ് സ്പോർട്സ് കോച്ചിംഗ് സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രസ്തുത സ്ഥലം സന്ദർശിച്ച് കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2000 അടി ഉയരത്തിലുള്ള ടി സ്ഥലം ഹൈ ആൾട്ടിറ്റ്യൂഡ് സ്പോർട്സ് കോച്ചിംഗ് സെന്റർ സ്ഥാപിക്കുന്നതിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച് സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗിന്റെ സാങ്കേതിക ഉപദേശം നേടിയതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലം ഹോക്കി സ്റ്റേഡിയം

177(2453) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം ഹോക്കി സ്റ്റേഡിയത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കൊല്ലം ഹോക്കി സ്റ്റേഡിയത്തിൽ പ്രീഫാബ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
2. സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
3. കോമ്പൗണ്ട് വാൾ നിർമ്മാണം പൂർത്തീകരിച്ചു.
4. ജിംനേഷ്യം സ്ഥാപിക്കുന്ന പ്രവൃത്തിയുടെ കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചു.
5. സെമി പെർമിയബിൾ ബോട്ട് ഹൗസ് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കിച്ചൻ ബ്ലോക്ക്, ഡൈനിംഗ് സൗകര്യങ്ങൾ എന്നിവ വിപുലീകരിക്കുകയും യാർഡ് ഡെവലപ്മെന്റ് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം

178(2454) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ ദേശീയ പാതയോടുചേർന്നുള്ള പഞ്ചായത്തു കളിസ്ഥലം വിവിധ വകുപ്പുകളുടെ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനായി വിനിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ആധുനികസൗകര്യങ്ങളോടുകൂടിയ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം

179(2455) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവ് തെളിയിച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനും കൂടുതൽ കായിക താരങ്ങളെ പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം നിയമിച്ച് കായിക രംഗത്ത് ഉണർവ്വേകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. ലഭ്യമായ അപേക്ഷകൾ വിശദമായി പരിശോധിച്ച് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധന നടത്തുകയും

ഹാജരാകാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് 20-6-2018-ന് സർട്ടിഫിക്കറ്റ് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. സംസ്ഥാന വോളീബോൾ താരം സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

**ആകാശപാത**

180(2456) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ആകാശപാത പണിയുന്നതിന് നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആരെയാണ് പ്രസ്തുത പ്രോജക്ടിന്റെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക ആവശ്യമായി വരുമെന്നും ഇതിനായി ഫണ്ട് എപ്രകാരമാണ് കണ്ടെത്തുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മുൻഗണനാ പദ്ധതികളുടെ പുരോഗതി അവലോകന യോഗത്തിലെ തീരുമാനപ്രകാരം കായിക വകുപ്പ് പദ്ധതിക്കുള്ള Expression of Interest പൂർത്തിയാക്കി യോഗ്യരായ ബിഡ്ഡേഴ്സിനെ തെരഞ്ഞെടുത്തതിനാൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ കായിക വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് നടപ്പിലാക്കുവാൻ സെക്രട്ടറിതലത്തിൽ ചർച്ച നടന്നിരുന്നു.

(ബി&സി) തീരുമാനങ്ങളോ ഉത്തരവുകളോ ഒന്നും ഇതേവരെ പുറപ്പെടുവിച്ചിട്ടില്ല.

## യുവജന സംഘടനാ ഭാരവാഹികളുടെ യോഗം

181(2457) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-5-2018-ൽ തിരുവനന്തപുരം തൈയ്ക്കാട് ഗവൺമെന്റ് റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ യുവജന സംഘനടകളുടെ ഭാരവാഹികളുടെ യോഗത്തിൽ എത്ര സംഘടനകൾ പങ്കെടുത്തു; വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്ന് മുതൽ സർക്കാർ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) യുവജന ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര/ദേശീയ യൂത്ത് പാർലമെന്റ് സംഘടിപ്പിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന 15 സംഘടനകളെ പ്രതിനിധീകരിച്ച് ഭാരവാഹികൾ പങ്കെടുത്തു:

1. ഡി.വൈ.എഫ്.ഐ.
2. എ.ഐ.വൈ.എഫ്.
3. യൂത്ത് കോൺഗ്രസ് (എസ്.)
4. യൂത്ത് ഫ്രണ്ട് (ജെ.)
5. കെ.വൈ.എഫ്.(ബി.)
6. കേരള യുവജനപക്ഷം
7. യുവജനതാദൾ (എസ്.)
8. യൂത്ത് കോൺഗ്രസ്
9. യൂത്ത് ഫ്രണ്ട് (എം.)
10. എൻ. വൈ.സി.

11. ആർ.വൈ.എഫ്.ലെനിനിസ്റ്റ്

12. യൂത്ത് ലീഗ്

13. കെ.എസ്.വൈ.എഫ്.

14. സെക്യുലർ യൂത്ത് കോൺഫ്രൻസ്

15. ഭാരതീയ ജനതാ യുവമോർച്ച

(ബി) നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

(സി) പരിശോധിച്ചുവരികയാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

182(2458) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിന് ഒരു വർഷം എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ബോർഡിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം ശമ്പളം, യാത്രാബത്ത , മറ്റിനങ്ങൾ എന്നിവയായി എത്ര രൂപ കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപംനൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രധാനമായും കേരളോത്സവം, നാടകോത്സവം, ദേശീയ നാടൻ കലാമേള, ചിത്രകലാ ക്യാമ്പ്,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വനിതാ കാർട്ടൂൺ ക്യാമ്പ്, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽനൽകിക്കൊണ്ടുള്ള ആർട്ട് ഡി ടൂർ മുതലായവ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, പി.എസ്.സി. പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, ജോബ്ഫെസ്റ്റ് എന്നിവയും സംഘടിപ്പിക്കുന്നു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ, മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

യുവജനങ്ങൾക്കുവേണ്ടി യൂത്ത് അവാർഡ്, സാഹസിക ഫോട്ടോഗ്രാഫി അവാർഡ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാ ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.

(ബി) ഓരോ വർഷവും ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ച തുകയെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 2100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 1260 ലക്ഷം രൂപ ബോർഡിന് അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുക മുഴുവനായും ബോർഡ് വിനിയോഗിക്കുകയുണ്ടായി.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ബോർഡിന്റെ വൈസ് ചെയർമാൻ ഓണറേറിയം ഇനത്തിൽ 2,40,000 (20,000x12) രൂപയും യാത്രാബത്ത ഇനത്തിൽ 14,888 രൂപയും കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ ബോർഡ് മെമ്പർമാർക്ക് താഴെപ്പറയുന്ന രീതിയിൽ യാത്രാബത്തയും അനുവദിച്ചിട്ടുണ്ട്.

1. ശ്രീ. സതീഷ്. എസ്. - 15,556 രൂപ
2. ശ്രീ. ഷെരീഫ് പാലൊളി -30,054 രൂപ
3. ശ്രീമതി വി. പി. റജീന -11,804 രൂപ

4. ശ്രീ. മഹേഷ് കക്കത്ത് -5,800 രൂപ

5. ശ്രീ. ബിജു. കെ -3,250 രൂപ

6. ശ്രീ. മനു. സി. പുളിക്കൽ -4,456 രൂപ

7. ശ്രീ. ഡീൻ കുര്യാക്കോസ് - 2,800 രൂപ

8. ശ്രീ. അഫ്സൽ കുഞ്ഞുമോൻ -14, 566 രൂപ

9. ശ്രീ. സന്തോഷ് കാല -39,394 രൂപ

## പവർ കട്ട്, ലോഡ് ഷെഡ്ഡിംഗ്

183(2459) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യൂണിറ്റ് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ചു;

(ബി) മുൻസർക്കാർ 5 വർഷംകൊണ്ട് എത്ര യൂണിറ്റ് വൈദ്യുതിയാണ് പുതുതായി ഉത്പാദിപ്പിച്ചത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ പവർ കട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര തവണ പവർകട്ട്, ലോഡ് ഷെഡിംഗ് എന്നിവ ഏർപ്പെടുത്തി; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2643.1170 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുതുതായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) മുൻസർക്കാർ കാലയളവിൽ അഞ്ച് വർഷംകൊണ്ട് 7723.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുതുതായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികൾ മുഖേന ആഗസ്റ്റ് 2015 മുതലാണ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു തുടങ്ങിയത്. ആഗസ്റ്റ് 2015 മുതൽ മേയ് 2016 വരെ 1.30796 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ പവർകട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) മുൻസർക്കാരിന്റെ ഭരണകാലത്ത് ഉണ്ടായ പവർകട്ടും ലോഡ് ഷെഡ്ഡിംഗും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

- മൂലമറ്റം വൈദ്യുതി നിലയത്തിൽ നിന്നുണ്ടായ അപകടംമൂലം 2011 ജൂൺ 20-ാം തീയതി മുതൽ 28-ാം തീയതി വരെ സംസ്ഥാനത്ത് സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
- വൈദ്യുതി ലഭ്യതക്കുറവുമൂലം 2011 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10-ാം തീയതി വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
- 2012 ഏപ്രിൽ 2 മുതൽ മേയ് 23-ാം തീയതി വരെയും സെപ്റ്റംബർ 27-ാം തീയതി മുതൽ 2013 ജൂൺ 15-ാം തീയതി വരെയും സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
- ശബരിഗിരി വൈദ്യുതിനിലയത്തിലെ അറ്റകുറ്റപ്പണികൾ കാരണം 22-5-2014 മുതൽ 31-5-2014 വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
- 2014 ജൂൺ മാസം 2, 3 തീയതികളിലും 4-6-2014 മുതൽ 26-6-2014 വരെയും സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

2012 ഏപ്രിൽ 5-ാം തീയതി മുതൽ മേയ് 31- ാം തീയതി വരെ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2012 ഏപ്രിൽ 26-ാം തീയതി മുതൽ 31-ാം തീയതി വരെ എൽ.റ്റി ഉപഭോക്താക്കൾക്ക് 10 ശതമാനം പവർകട്ടും ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2012 മേയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

2012 ഡിസംബർ 15- ാം തീയതി മുതൽ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 25 ശതമാനം പവർകട്ട് ഏർപ്പെടുത്തിയിരുന്നു. കൂടാതെ എൽ.റ്റി ഉപഭോക്താക്കൾക്ക് 20 ശതമാനം പവർകട്ടും ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മേയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

**ഇടമൺ മുതൽ കൊച്ചി വരെയുള്ള വൈദ്യുതി ലൈൻ**

184(2460) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് വിഹിതമായി ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതിയാണ്;

(ബി) ഇത് കൊണ്ടുവരുന്ന കൊല്ലം ഇടമൺ മുതൽ കൊച്ചി വരെയുള്ള വൈദ്യുതി ലൈനിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിന് വിഹിതമായി ലഭിക്കേണ്ടത് 266 മെഗാവാട്ട് വൈദ്യുതിയാണ്.

(ബി) കൊല്ലം, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ആകെ 447 ടവറുകൾ നിർമ്മിക്കാനുള്ളതിൽ 370 ടവറുകളുടെ ഫൗണ്ടേഷനുകളുടെ പണികളും 306 ലൊക്കേഷനുകളിൽ ഇറക്ഷൻ ജോലികളും ആകെ 148 കിലോമീറ്ററിൽ 49.286 കിലോമീറ്റർ ലൈൻ വലിക്കലും ഇതിനകം പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി 2018 ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വൈദ്യുതി ഉൽപ്പാദന-ഉപഭോഗ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ

185(2461) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ദൈനംദിന വൈദ്യുതി ഉപഭോഗം എത്രയെന്നും ഉല്പാദനം എത്രയെന്നും വിതരണം ചെയ്യുന്ന വൈദ്യുതിയ്ക്ക് ഈടാക്കുന്ന വില നിലവാരം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരത്തിലെത്തുമ്പോഴുള്ള ഇവ സംബന്ധിച്ച വിശദാംശം എന്തെന്നും എത്ര പ്രാവശ്യം എന്ത് തുകയുടെ വർദ്ധനവ് നടത്തി എന്നും പ്രസ്തുത സർക്കാർ അധികാരമൊഴിയുമ്പോഴുള്ള ഇവയുടെ അവസ്ഥ എന്ത് എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വൈദ്യുതി ഉത്പാദനത്തിലും വൈദ്യുതി ചാർജിലും വരുത്തിയ മാറ്റങ്ങൾ, വൈദ്യുതി ഉല്പാദന രംഗത്തെ മെച്ചപ്പെടുത്തലുകൾ, വൈദ്യുതി ഉപഭോഗത്തിന് നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇവയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ഉപഭോഗരംഗത്തും ഉല്പാദനരംഗത്തും ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്ത് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം (2017-18) സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 66.82 ദശലക്ഷം യൂണിറ്റും ഉൽപ്പാദനം പ്രതിദിനം 16.34 ദശലക്ഷം യൂണിറ്റും ഒരു യൂണിറ്റ് വൈദ്യുതിയിൽ നിന്ന് ലഭിച്ച വരുമാനം 5.49 രൂപയും ആയിരുന്നു.

(ബി) മുൻസർക്കാർ അധികാരത്തിൽവന്ന 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 52.89 ദശലക്ഷം യൂണിറ്റും ഉൽപ്പാദനം പ്രതിദിനം 22.65 ദശലക്ഷം യൂണിറ്റും ഒരു യൂണിറ്റ് വൈദ്യുതിയിൽ നിന്നു ലഭിച്ച വരുമാനം 3.46 രൂപയും ആയിരുന്നു.

മുൻസർക്കാരിന്റെ ഭരണ കാലത്ത് (2011-12 മുതൽ 2015-16 വരെ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മൂന്നുതവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിരുന്നു. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| സാമ്പത്തിക വർഷം | പ്രാബല്യ തീയതി | അധിക വരുമാനം | വർദ്ധനവ് |
|---|---|---|---|
| 2012-13 | 1-7-2012 | 1652.36 കോടി രൂപ | 24% |
| 2013-14 | 1-5-2013 | 642.37 കോടി രൂപ | 9.1% |
| 2014-15 | 16-8-2014 | 963.40 കോടി രൂപ | 6.7% |

2014-15-ലെ നിരക്കുകളും പ്രാബല്യം 2015-16, 2016-17 വർഷങ്ങളിലേക്ക് കൂടി കമ്മീഷൻ ദീർഘിപ്പിച്ചിരുന്നു.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22.10 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ, 17 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി പദ്ധതികൾ, 92.967 മെഗാവാട്ട് ശേഷയുള്ള സൗരപദ്ധതികൾ എന്നിങ്ങനെ മൊത്തം 132.067 മെഗാവാട്ട് സ്വകാര്യ സംരംഭകരുടേതുൾപ്പെടെ സാദ്ധ്യമാക്കി.

വിപുലമായ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഉപഭോഗത്തിലെ വൻ വർദ്ധന ഒഴിവാക്കിയിട്ടുണ്ട്. എൽ.ഇ.ഡി.കളുടെ വിതരണം, പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളുടെ ആവിർഭാവം, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾക്ക് നൽകിയ പ്രചാരം എന്നിവ എടുത്തുപറയേണ്ടതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 17-4-2017-ൽ കമ്മീഷൻ ചില ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിച്ചിരുന്നു. 2017-18 വർഷം അതുവഴി 550 കോടി രൂപയുടെ അധികവരുമാനം ഉണ്ടാകുമെന്നാണ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. നിരക്ക് വർദ്ധനയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

വൈദ്യുതി ഉപഭോഗത്തിനു നൽകിവരുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നു.

| ഉപഭോക്തൃ വിഭാഗം | ആനുകൂല്യം |
|---|---|
| ഗാർഹികം – 500 വാട്സിൽ താഴെ ലോഡ്, പ്രതിമാസ ഉപഭോഗം 20 യൂണിറ്റ് വരെ | വൈദ്യുതി ചാർജ് അടയ്ക്കുന്നത് ഒഴിവാക്കിയിരുന്നു. വൈദ്യുതി ചാർജ് മുഴുവൻ സരക്കാർ സബ്സിഡി നൽകുന്നു. |
| ഗാർഹികം– 1000 വാട്സിൽ താഴെ ലോഡ്, പ്രതിമാസ ഉപഭോഗം 40 യൂണിറ്റ് വരെ ഉള്ള ബി.പി.എൽ. വിഭാഗം | യൂണിറ്റിന് 35 പൈസ സബ്സിഡി നൽകുന്നു. |
| ഗാർഹികം – പ്രതിമാസ ഉപഭോഗം 120 യൂണിറ്റ് വരെ | സിംഗിൾ ഫേസ് ഫിക്സഡ് ചാർജിൽ 20 രൂപയും യൂണിറ്റിന് 50 പൈസയും സബ്സിഡി നൽകുന്നു. |
| ഗാർഹികം – ജീവൻ രക്ഷാഉപകരണങ്ങൾ വേണ്ട രോഗികൾ | വൈദ്യുതി സൗജന്യം. 100 യൂണിറ്റ് വരെ വൈദ്യുതി ബോർഡും ബാക്കി സർക്കാരും സൗജന്യം നൽകുന്നു. |
| ഗാർഹികം – കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരിൽ പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർ | ആദ്യത്തെ 150 യൂണിറ്റ് വരെ കുറഞ്ഞ 1.50 രൂപ നിരക്ക് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. |
| ഗാർഹികം – 1000 വാട്സിൽ താഴെ ലോഡ്, പ്രതിമാസ ഉപഭോഗം 40 യൂണിറ്റ് വരെ ഉള്ള ബി.പി.എൽ. വിഭാഗം | ഫിക്സഡ് ചാർജ് ഒഴിവാക്കി, നിരക്ക് യൂണിറ്റിന് 1.50 രൂപ മാത്രം ആയും കമ്മീഷൻ നിശ്ചയിരിച്ചിരിക്കുന്നു. |
| കാർഷികം - ഭക്ഷ്യവിളകൾ, പഴം-പച്ചക്കറി കൃഷി, ഏലം, കാപ്പി കൃഷി എന്നിവയ്ക്ക് | യൂണിറ്റിന് 85 പൈസ സർക്കാർ സബ്സിഡി നൽകുന്നു. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ഉൽപ്പാദനം

186 (2462) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്രോതസ്സുകളിൽ നിന്നായി പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്രോതസ്സിൽ നിന്നുമുള്ള കണക്കുകൾ വെവ്വേറെ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2018 മേയ് മാസം peak സമയത്ത് ഏറ്റവും കൂടുതൽ ഉപഭോഗം വന്ന ദിവസത്തെ (3-5-2018) കണക്കനുസരിച്ച് ജലവൈദ്യുത നിലയങ്ങളിൽ നിന്നുള്ള ഉൽപ്പാദനം 1453 മെഗാവാട്ട് ആയിരുന്നു. താപവൈദ്യുത നിലയങ്ങളിൽ നിന്നും ഉൽപ്പാദനം ഉണ്ടായിരുന്നില്ല. ഇതുകൂടാതെ സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നും ഏകദേശം 50 മെഗാവാട്ടും കാറ്റാടിപ്പാടങ്ങളിൽ നിന്നും ഏകദേശം 20 മെഗാവാട്ട് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇത് SLDC-യിൽ ദൈനംദിനം ലഭിക്കുന്ന കണക്കുകൾ പ്രകാരമാണ്.

## കാസർഗോഡ് ജില്ലയിൽ വൈദ്യുതി പ്രവൃത്തികൾക്ക് തടസ്സം

187(2463) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റീരിയൽസിന്റെ അഭാവംമൂലം കാസർഗോഡ് ജില്ലയിൽ ഏതെങ്കിലും വൈദ്യുതി പ്രവൃത്തികൾക്ക് തടസ്സം നേരിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എത്ര ട്രാൻസ്ഫോർമറുകളാണ് ജില്ലയ്ക്ക് ആവശ്യമായുള്ളത്; ഇത് അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പോസ്റ്റുകളുടെയും ട്രാൻസ്ഫോർമറുകളുടെയും അഭാവംമൂലം ചില പ്രവൃത്തികൾക്ക് തടസ്സം നേരിട്ടിരുന്നു. അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 2017-18 കാലഘട്ടത്തിൽ ആകെ 167 ട്രാൻസ്ഫോർമറുകൾ ആവശ്യമുള്ളതിൽ 82 എണ്ണം അനുവദിച്ചിട്ടുണ്ട്. ബാക്കി ട്രാൻസ്ഫോർമറുകൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

**വോൾട്ടേജ് ക്ഷാമം**

188 (2464) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വോൾട്ടേജ് ക്ഷാമത്തിലേക്കാണ് കാസർഗോഡ് ജില്ല പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഉപഭോഗ വർദ്ധനവ് അനുസരിച്ച് ഉൽപ്പാദന പ്രസരണ വിതരണശൃംഖല വിപുലപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) എപ്പോഴാണ് ജില്ലയിൽ മയിലാട്ടി പദ്ധതി വന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി വരുന്നതിനുമുമ്പും അതിനുശേഷവും ജില്ലയിലെ വോൾട്ടേജ് സ്ഥിതി എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 200 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാൻ അമ്പലത്തറിയിൽ തുടങ്ങിയ സോളാർപ്ലാന്റിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(എഫ്) എത്ര ഏക്കർ സ്ഥലമാണ് തുടക്കത്തിൽ ഈ പദ്ധതിക്കായി നീക്കിവെച്ചതെന്നും പദ്ധതി തുടങ്ങിയത് എത്ര ഏക്കറിലാണെന്നും, ബാക്കി സ്ഥലം എന്ത് ചെയ്തു എന്നും വ്യക്തമാക്കാമോ;

(ജി) 150 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിന് പൈവളിഗയിലും കിനാനൂർ കരിന്തളത്തുമായി തുടങ്ങാൻ തീരുമാനിച്ച സോളാർ പ്ലാന്റ് ഇതുവരെ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; 400 കെ.വി.ലൈൻ (പവർ ഹൈവേ), മയിലാട്ടിയിലെ 10 മെഗാവാട്ട് ഡീസൽ പ്ലാന്റ് വീണ്ടും പ്രവർത്തനം ആരംഭിക്കൽ തുടങ്ങിയ കാര്യങ്ങളിൽ എപ്പോൾ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ല കടുത്ത വോൾട്ടേജ് ക്ഷാമത്തിലേയ്ക്ക് പോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലയിലെ ഉപഭോഗ വർദ്ധനവനുസരിച്ച് ഉൽപ്പാദനം കൂട്ടാൻ 50 മെഗാവാട്ട് സോളാർ പാർക്ക് അമ്പലത്തറയിൽ സ്ഥാപിച്ച കഴിഞ്ഞു.

കൂടാതെ പ്രസരണശൃംഖല വിപുലപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടന്നുവരുന്നു:

i. 33 കെ. വി. സബ് സ്റ്റേഷൻ രാജപുരത്തിന്റെ നിർമ്മാണം.

ii. 110 കെ. വി. മൈലാട്ടി-തവിഡുഗോളി ലൈനിന്റെ പുനരുദ്ധാരണം.

iii. 110 കെ. വി. സബ് സ്റ്റേഷൻ ചെറുവത്തൂർ, 33 കെ. വി. സബ് സ്റ്റേഷൻ വെസ്റ്റ് എളേരി എന്നിവയുടെ കപ്പാസിറ്റി വർദ്ധിപ്പിക്കൽ.

വിതരണശൃംഖലാ വികസനത്തിനായി സംസ്ഥാനമൊട്ടാകെ അടുത്ത നാല് വർഷത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സർക്കിൾ തലത്തിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിൽ കാസർഗോഡ് ജില്ലയിലെ വിതരണ മേഖലയുടെ വികസന ചുമതലയുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ അടുത്ത നാലു വർഷത്തേയ്ക്ക് ചെയ്യേണ്ടുന്ന പ്രവൃത്തികൾ കണ്ടെത്തുകയും അവയ്ക്ക് വേണ്ട ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലയിലെ വിതരണ ശൃംഖല വിപുലപ്പെടുത്തുവാൻ 2018-2022 കാലഘട്ടത്തേയ്ക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (പി.എം.യു.) മുഖേന ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | പുതിയ ട്രാൻസ്ഫോർമറുകൾ | 281 |
| 2 | ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ | 95 |
| 3 | ട്രാൻസ്ഫോർമർ കേടായത് മാറ്റി പുതിയത് സ്ഥാപിക്കൽ | 14 |
| 4 | സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റൽ | 879.789 കി.മീ. |
| 5 | പുതിയ സിംഗിൾ ഫേസ് ലൈൻ വലിക്കൽ | 195.613 കി.മീ. |
| 6 | പുതിയ 11 കെ. വി. ലൈൻ നിർമ്മാണം | 503.942 കി.മീ. |
| 7 | പുതിയ ഏരിയൽ ബഞ്ച്ഡ് കേബിൾ നിർമ്മാണം | 143.075 കി.മീ. |
| 8 | ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിൾ ആക്കി മാറ്റുന്നത് | 50.82 കി.മീ. |
| 9 | 11 കെ. വി. പഴയ കമ്പി മാറ്റി പുതിയ കമ്പി ആക്കൽ | 328.81 കി.മീ. |

| | | |
|---|---|---|
| 10 | എൽ.ടി. പഴയ കമ്പി മാറ്റി പുതിയത് സ്ഥാപിക്കൽ | 5388.264 കി.മീ. |
| 11 | ഭൂഗർഭ കേബിൾ നിർമ്മാണം | 67.975 കി.മീ. |
| 12 | എച്ച്.വി.ഡി.എസ്. | 2 എണ്ണം |
| 13 | എൽ.ടി.എ.ബി.സി. | 8.63 കി.മീ. |
| 14 | എച്ച്.ടി. കവേർഡ് കണ്ടക്ടർ | 38 കി.മീ. |

(സി) 1998-ൽ മയിലാട്ടി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്തു. മയിലാട്ടിയിൽ ഒരു മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനായി എലക്ട്രോണ എനർജ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 1-3-2018-ൽ കരാർ ഒപ്പുവച്ച് തുടർനടപടികൾ നടത്തിവരുന്നു.

(ഡി) മയിലാട്ടിയിൽ 220 കെ. വി. സബ് സ്റ്റേഷൻ വന്നതോടെ കാസർഗോഡ് ജില്ലയിൽ അന്നുവരെയുണ്ടായിരുന്ന വോൾട്ടേജ് ക്ഷാമം നല്ല തോതിൽ പരിഹരിക്കാൻ കഴിഞ്ഞു.

(ഇ) കാസർഗോഡ് ജില്ലയിൽ അനുവദിച്ച 200 മെഗാവാട്ട് സോളാർ പദ്ധതിയിൽ 50 മെഗാവാട്ടാണ് അമ്പലത്തറയിൽ ഉൽപ്പാദിപ്പിക്കുന്നത്. ആയതിന്റെ പ്രവൃത്തി പൂർത്തീകരിച്ച് 14-9-2017 മുതൽ വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുന്നുണ്ട്. ബാക്കിയുള്ള സോളാർ പദ്ധതികൾക്കായി സർക്കാർ അനുവദിച്ചിരുന്ന സ്ഥലം തിരിച്ചെടുത്തതിനാൽ പദ്ധതികൾ നടപ്പാക്കാനായിട്ടില്ല.

(എഫ്) 1083.26 ഏക്കർ സ്ഥലമാണ് തുടക്കത്തിൽ ഈ പദ്ധതിക്കായി നീക്കിവച്ചത്. ഇതിൽ 50 മെഗാവാട്ടിന്റെ അമ്പലത്തറ സോളാർ പദ്ധതി 250 ഏക്കർ സ്ഥലത്ത് തുടങ്ങുകയുണ്ടായി. പ്രസ്തുത പദ്ധതി 14-9-2017-ൽ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കി സ്ഥലം 24-10-2017-ലെ G.O. (Ms) No. 353/2017/RD പ്രകാരം ഗവൺമെന്റ് തിരിച്ചെടുക്കുകയുണ്ടായി.

(ജി) 150 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പൈവെളിഗയിലും കിനാനൂർ, കരിന്തളത്തുമായി തുടങ്ങാൻ തീരുമാനിച്ച സോളാർ പദ്ധതികൾക്കുള്ള സ്ഥലം സർക്കാർ തിരിച്ചെടുത്തതുകാരണം പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞില്ല.

400 കെ.വി. ലൈനിന്റെ ഉടുപ്പി-ചീമേനി ലൈനിന്റെയും കാസർഗോഡ് സബ് സ്റ്റേഷന്റെയും ടെണ്ടർ നടപടികൾക്കുള്ള അനുമതിക്കായി സി.ഇ.എ. (സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി) എംപവേർഡ് കമ്മിറ്റിക്ക് (Empowered Committee) നൽകിയിട്ടുണ്ട്. കാസർഗോഡുനിന്നും വയനാട്ടിലേയ്ക്കുള്ള പവർ ഹൈവേയുടെ നിർമ്മാണം തുടങ്ങിയിട്ടില്ല.

മയിലാട്ടിയിൽ 10 മെഗാവാട്ട് ഡീസൽ പ്ലാന്റ് വീണ്ടും പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടില്ല.

## കെ.എസ്.ഇ.ബി.എൽ.-ന്റെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

189 (2465) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ഇ .ബി.-ക്ക് വിവിധ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കേണ്ട കുടിശ്ശിക തുക എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ചെറുകിട ഗാർഹിക ഉപഭോക്താക്കളെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി വേട്ടയാടുന്നതിന് പകരം വൻകിട കുടിശ്ശികക്കാരിൽനിന്ന് കെ. എസ്. ഇ.ബി. -യ്ക്ക് ലഭ്യമാകേണ്ട തുക പിരിച്ചെടുക്കുവാൻ പ്രത്യേക ഡ്രൈവ് നടത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2018 വരെ കെ.എസ്.ഇ.ബി.എൽ.-ന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക 2414.89 കോടി രൂപയാണ്. വിവിധ സ്ഥാപനങ്ങളുടെ കുടിശ്ശിക പട്ടിക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | സംസ്ഥാന സർക്കാർ വകുപ്പുകൾ | 90.20 കോടി |
| 2 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1358.02 കോടി |
| 3 | മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ | 19.18 കോടി |
| 4 | തദ്ദേശഭരണ സ്ഥാപനങ്ങൾ | 2.61 കോടി |
| 5 | കേന്ദ്ര സർക്കാർ വകുപ്പുകൾ | 1.56 കോടി |

| | | |
|---|---|---|
| 6 | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 23.74 കോടി |
| 7 | ഗാർഹിക ഉപഭോക്താക്കൾ | 246.69 കോടി |
| 8 | സ്വകാര്യ സ്ഥാപനങ്ങൾ | 594.79 കോടി |
| 9 | ലൈസൻസികൾ | 15.78 കോടി |
| 10 | മറ്റ് സ്ഥാപനങ്ങൾ | 62.32 കോടി |
| | ആകെ | 2414.89 കോടി |

(ബി&സി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അവസരങ്ങളിൽ കുടിശ്ശികയുടെ പലിശ ഇനത്തിൽ ചില കിഴിവുകളും കുടിശ്ശിക അടയ്ക്കുവാനായി തവണകളും അനുവദിക്കാറുണ്ട്.

**കെ.എസ്.ഇ.ബി.എൽ.-ന്റെ ലാഭനഷ്ട കണക്ക്**

190 (2466) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകൾ കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കണക്കുകൾ പ്രകാരം ബോർഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നഷ്ടമാണെങ്കിൽ അതു നികത്തുന്നതിനായി വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 2015-16 വർഷത്തെ യഥാർത്ഥ വരവ്-ചെലവ് (ട്രൂയിംഗ്അപ്) കണക്കുകൾ പ്രകാരം ടി വർഷത്തെ റവന്യൂ കമ്മി 808.89 കോടി രൂപയാണ്.

(സി) കണക്കുകൾ സംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ തീരുമാനമെടുത്ത് കഴിഞ്ഞിട്ടില്ല. റെഗുലേറ്ററി കമ്മീഷന്റെ തീരുമാനമുണ്ടായതിനുശേഷമേ ലാഭമോ നഷ്ടമോ എങ്ങനെ കൈകാര്യം ചെയ്യുമെന്നത് സംബന്ധിച്ച് പരിശോധിക്കുകയുള്ളൂ.

## കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതി

191(2467) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഉപഭോക്താക്കളെ കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെടുത്തുന്ന ഏകജാലക സംവിധാനം എന്ന നിലയിൽ ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഇവ ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമായിരിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ ഏതെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈനായി ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാറുന്ന സാഹചര്യങ്ങളിൽ സംസ്ഥാനത്തെ ഊർജ്ജമേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തുന്നതിന് 'Strategic perspectives for the power sector in Kerala' എന്ന തലക്കെട്ടിൽ സർക്കാർതലത്തിൽ ഒരു പഠനം നടത്തിവരികയാണ്. ഇതിന്റെ അന്തിമ റിപ്പോർട്ട് ഉടനെ തയ്യാറാകും. വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ ഈ റിപ്പോർട്ടിന്റെ പരിധിയിലുണ്ടാകും.

2021-ഓടുകൂടി ലോകോത്തര നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി HT വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തിക മാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രസരണ മേഖലയുടെ പരിഷ്കരണം ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിയിലൂടെ നടത്തിവരുന്നു. വിതരണ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കിൾതലത്തിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളും സബ്ഡിവിഷൻ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് സബ് യൂണിറ്റുകളും രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. എച്ച്.റ്റി. ശൃംഖല വികസനത്തിനും പരിഷ്കരണത്തിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന ചുമതല പി.എം.യു.-കൾക്ക് നൽകിയിട്ടുണ്ട്. എൽ.റ്റി. ശൃംഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത് പ്രോജക്ട് സബ് യൂണിറ്റുകൾ ആണ്. വിതരണ ശൃംഖലയുടെ സമഗ്രമായ പരിഷ്കരണത്തിന് വേണ്ടി രൂപീകരിച്ച ഈ സംവിധാനം വിതരണ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സഹായിക്കും. ചുരുങ്ങിയ സമയത്തിനുള്ളിൽ എച്ച്.റ്റി ശൃംഖലയുടെ ജി.ഐ.എസ്. അധിഷ്ഠിത മാപ്പിംഗിലൂടെ രേഖാചിത്രം തയ്യാറാക്കുകയും അടുത്ത നാല് വർഷത്തേക്ക് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ഫേസ് ഐ. ടി. പദ്ധതി-കേന്ദ്ര ഗവൺമെന്റ് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണ മേഖലയുടെ നവീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവരസാങ്കേതികവിദ്യാ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവരസാങ്കേതികവിദ്യാ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. വിതരണം ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കു വേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി - ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം കേരളത്തിലെ 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 230 യൂണിറ്റിനു മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഏകദേശം 3.2 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 64.36 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60 ശതമാനം ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) - കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച് ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.)

നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണവിതരണ നഷ്ടം കുറച്ച് കൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി 42.64 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ 60 ശതമാനം ഗ്രാന്റായി ലഭിക്കുന്നതാണ്. പദ്ധതി നടത്തിപ്പിന് വേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കുവേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള ബി.ബി.പി.എസ്. അടക്കമുള്ള കൂടുതൽ നൂതന സംവിധാനങ്ങൾ തയ്യാറാക്കി വരുന്നു.

5. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അത് മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി&സി) ഉണ്ട്. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വൈദ്യുതി ബോർഡിൽനിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്ത് നിന്നുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ടി സേവന കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. പുതിയ കണക്ഷനുകൾക്ക് വേണ്ടിയും മീറ്റർ മാറ്റിവയ്ക്കൽ, ഉടമസ്ഥാവകാശമാറ്റം, താരിഫ് മാറ്റം, ഫേസ് കൺവേർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചുമാറ്റൽ തുടങ്ങിയ മറ്റ് സേവനങ്ങൾക്കായുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ബില്ലിംഗിനെ സംബന്ധിച്ചും സർവീസ് ക്വാളിറ്റിയെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾക്കും പരാതികൾ സമർപ്പിക്കുന്നതിനും പ്രസ്തുത സേവന കേന്ദ്രങ്ങളെ സമീപിക്കാനാകും. വൈദ്യുതി സേവന കേന്ദ്രങ്ങളെ വൈദ്യുതിയുമായി

ബന്ധപ്പെട്ട മറ്റു സേവന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാനുള്ള സൗകര്യവും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമെ ഗ്രിഡ് കണക്ടഡ് സോളാർ കണക്ഷൻ സംബന്ധമായ സേവനങ്ങളും ഈ കേന്ദ്രങ്ങൾ വഴി നൽകുവാൻ ആലോചിക്കുന്നു.

(ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ താഴെ പറയുന്ന സേവനങ്ങൾ നിലവിൽ ഓൺലൈനായി ലഭ്യമാകുന്നു:

1. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള നൂതന ഓൺലൈൻ സംവിധാനങ്ങൾ.
2. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.
3. പുതിയ കണക്ഷനുവേണ്ടി അപേക്ഷ സമർപ്പിച്ചവർക്ക് തങ്ങളുടെ നില അറിയാനുള്ള സംവിധാനം.
4. ഉപഭോക്താക്കൾക്ക് ബിൽ വിവരങ്ങൾ അറിയുന്നതിനും വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനും വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനും ഓൺലൈൻ വെബ് സെൽഫ് സർവീസ് (www.wss.kseb.in) സംവിധാനം.
5. വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.
6. ഉപഭോക്താക്കൾക്ക് മൊബൈൽ ഫോൺ, ടാബ്‌ലെറ്റ് മുതലായ ഉപകരണങ്ങൾ വഴി ഏത് സമയത്തും ഓൺലൈനായി വൈദ്യുതി ബിൽ തുക അടയ്ക്കാൻ 'KSEB' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

### കെ.എസ്.ഇ.ബി.എൽ.-ന്റെ ചെലവ് കുറയ്ക്കുന്നതിനായി നിർദ്ദേശം

192 (2468) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കിയിട്ടുള്ള കമ്പ്യൂട്ടർ വത്ക്കരണത്തിന്റെയും നൂതന സാങ്കേതികവിദ്യയുടെയും ഫലമായി നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ചെലവും കുറയ്ക്കുന്നതിനായി ബോർഡിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോടിനെ സാധ്യതാ പഠനത്തിനായി നിയോഗിച്ചിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനം റിപ്പോർട്ട് നൽകിയിരുന്നോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ 17-4-2017-ലെ താരിഫ് പരിഷ്കരണ ഉത്തരവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പിനും സാമ്പത്തിക ഭദ്രതയ്ക്കും ആവശ്യമായ രീതിയിൽ മാനവ വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പുറമെ, കോഴിക്കോട് ഐ.ഐ.എം.-ന്റെ ശിപാർശകൾ സമയബന്ധിതമായി നടപ്പിലാക്കാനും നിർദ്ദേശിച്ചിരിക്കുന്നു. 2008-9-ൽ നിലവിലുണ്ടായിരുന്ന 27,175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ കമ്മീഷൻ ARR & ERC-ൽ 2008-9-ലും തുടർന്നുള്ള വർഷങ്ങളിലും അനുവദിച്ചിരുന്നുള്ളു. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ശമ്പളച്ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശവും കമ്മീഷൻ നൽകിയിരുന്നു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് പഠനം നടത്തുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നിയോഗിച്ചിരുന്നു. പ്രസ്തുത സ്ഥാപനം, സാദ്ധ്യതാ പഠനം നടത്തി 2015-ൽ ആദ്യ റിപ്പോർട്ടും 2017-ൽ തുടർ റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി.

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും അതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൃത്യമായ ശിപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ്കമ്മിറ്റിയെ 03-2-2018-ൽ ചുമതലപ്പെടുത്തുകയും ഉണ്ടായി. സബ്കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം വിവിധ സംഘടനകളുമായി ബോർഡ് തലത്തിൽ ചർച്ച ചെയ്ത് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി.എൽ.-ലെ ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന

193 (2469) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ലെ ഉപയോഗ ശൂന്യമായ വസ്തുക്കൾ വിൽപ്പന നടത്തിവരുന്നത് എപ്രകാരമാണ് എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വിൽപ്പന നടത്തിയ സ്ക്രാപ്പിന് പ്രതിവർഷം എത്ര തുക വീതം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ലെ ഉപയോഗശൂന്യമായ വസ്തുക്കൾ നിശ്ചിത നടപടി ക്രമങ്ങൾക്ക് വിധേയമായി മത്സരാധിഷ്ഠിത ലേലത്തിലൂടെയാണ് വിൽപ്പന നടത്തുന്നത്. ഉപയോഗശൂന്യമായ വസ്തുക്കൾ കണ്ടെത്തുക, ഇവയുടെ മൂല്യനിർണ്ണയം നടത്തുക, അതിനു ശേഷം വിൽപ്പന നടത്തുക എന്നീ ചുമതലകൾ നിർവ്വഹിക്കാനായി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ്, സർക്കിൾ ഓഫീസ് തുടങ്ങി വിവിധ ഓഫീസുകൾ കേന്ദ്രീകരിച്ച് സ്ക്രാപ്പ് ഡിസ്പോസൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി രണ്ട് രീതിയിലുള്ള പൊതുലേലം നടത്തിയാണ് പാഴ്വസ്തുക്കളുടെ വിൽപ്പന കെ.എസ്.ഇ.ബി. എൽ. നടത്തി വരുന്നത്.

1. ഓരോ അക്കൗണ്ട് റെന്ററിംഗ് യൂണിറ്റിന്റെയും മേലധികാരി നിശ്ചിത നടപടി ക്രമങ്ങൾക്ക് വിധേയമായി നടത്തുന്ന സാധാരണ രീതിയിലുള്ള ടെണ്ടർ/ലേല നടപടികൾ.

2. കോർപ്പറേറ്റ് ഓഫീസിൽ ചീഫ് എഞ്ചിനീയർ (എസ്.സി.എം.)ന്റെ ഓഫീസ് മുഖാന്തരം നടത്തി വരുന്ന ഇ-ഓക്ഷൻ.

വിപണന മൂല്യം കൂടുതലുള്ള തെരഞ്ഞെടുത്ത താഴെ പറയുന്ന വിഭാഗങ്ങളിലുള്ള പാഴ്വസ്തുക്കൾ സേവന ദാതാക്കളായ M/s. എം.എസ്.റ്റി.സി. ലിമിറ്റഡ്, ബാഗ്ലൂർ എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ വെബ് പോർട്ടൽ വഴി നിശ്ചിത നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ച് ഇ-ഓക്ഷൻ നടത്തി വരുന്നു.

1. സ്ക്രാപ്പ് അലുമിനിയം കണ്ടക്ടറുകൾ (എ.സി.എസ്.ആർ. എ.എ.സി, എ.എ.എ.സി.)
2. സ്ക്രാപ്പ് കോപ്പർ, കോപ്പർ കേബിളുകൾ
3. ഉപയോഗശൂന്യമായ കോപ്പർ വൗണ്ട് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ, കോപ്പർ വൈൻഡിംഗ് സ്ക്രാപ്പ്
4. ഉപയോഗശൂന്യമായ അലുമിനിയം വൗണ്ട് ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ, അലുമിനിയം വൈൻഡിംഗ് സ്ക്രാപ്പ്
5. സ്ക്രാപ്പ് കോർപ്പർ പവർ കേബിളുകൾ
6. സ്ക്രാപ്പ് പവർ ട്രാൻസ്ഫോർമർ
7. സബ് റീജിയണൽ, സിവിൽ സ്റ്റോറുകളുമായി ബന്ധപ്പെട്ട ഇരുമ്പ് സ്ക്രാപ്പ്.

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഇ-ഓക്ഷൻ ഉൾപ്പെടെ വിൽപ്പന നടത്തിയ സ്ക്രാപ്പിന് പ്രതിവർഷം ലഭിച്ച തുക ചുവടെ ചേർക്കുന്നു.

| വർഷം | സ്ക്രാപ്പ് വിപണനത്തിലൂടെ ലഭിച്ച തുക (രൂപ) |
|---|---|
| 2015-16 | 40.57 കോടി |
| 2016-17 | 51.75 കോടി |
| 2017-18 | 53.53 കോടി |

**കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തന നഷ്ടം**

194(2470) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടം നികത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള വിവിധ വൈദ്യുത നിലയങ്ങളിൽ നിന്നും ആകെ ഉല്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെയും അതിൽ ഇപ്പോൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും വിശദാംശം നൽകുമോ;

(ഡി) ഇപ്പോൾ പൂർണതോതിൽ വൈദ്യുതി ഉല്പാദനം നടത്താത്തതും, അറ്റകുറ്റപണികൾ മൂലം പ്രവർത്തിക്കാത്തതും, നിർമ്മാണത്തിലിരിക്കുന്നതുമായ നിലയങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഇവ പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ഒരു സമയ പരിധി നിശ്ചയിച്ചുകൊണ്ട് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 1494.63 കോടി രൂപയാണ്. 2017-18-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം നികത്തുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

i. ഉയർന്ന നിരക്കുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കുള്ള വായ്പയെടുക്കുന്നതാണ്.

ii. കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ ശീർഷകങ്ങളിലുള്ള ചെലവുകൾ പരമാവധി കുറച്ചും വൈദ്യുതി ചാർജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടി ഉപഭോക്താവിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുന്നതാണ്.

iii. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന വിഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT & C Loss-ഉം റവന്യൂ ഗ്യാപ്പും കുറയ്ക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

iv. മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ബോർഡിന്റെ ബാദ്ധ്യതകൾ പരിഹരിക്കാനുമാണ് ശ്രമിക്കുന്നത്.

(സി&ഡി) കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുത നിലയങ്ങളുടെ സ്ഥാപിതശേഷിയും ആകെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ വിവരങ്ങളും അതിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിശദാംശങ്ങളും ഇപ്പോൾ പൂർണ്ണ തോതിൽ വൈദ്യുതി ഉൽപ്പാദനം നടത്താത്തതും അറ്റകുറ്റപ്പണികൾമൂലം പ്രവർത്തിക്കാത്തതുമായ നിലയങ്ങളുടെ വിവരങ്ങളും

അനുബന്ധമായി* ചേർത്തിരിക്കുന്നു. പദ്ധതികളിൽ നിന്നും നിശ്ചയിക്കപ്പെട്ട നിലയിലുള്ള ഉൽപ്പാദനം നടന്നുവരുന്നുണ്ട്.

(ഇ) ഓരോ വൈദ്യുതി നിലയങ്ങളിലും ഷെഡ്യൂൾഡ് മേയ്ന്റനൻസ് നടത്തുന്നത് വ്യത്യസ്ത സമയങ്ങളിലാണ്. കൂടാതെ ഓരോ നിലയങ്ങളിലെയും അറ്റകുറ്റപ്പണിയുടെ കാലാവധിയും വ്യത്യസ്തമാണ്.

## വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ലാഭനഷ്ട കണക്കുകൾ

195 (2471) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ലാഭനഷ്ട കണക്കുകൾ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ;

(ബി) 2015-16 ൽ വൈദ്യുതി വാങ്ങുന്നതിനും ജീവനക്കാരുടെ ശമ്പളം നൽകുന്നതിനുമായി എത്ര തുക ചെലവ് വന്നു; ഈ കാലഘട്ടത്തിലെ വരുമാനമെത്രയാണ്; വ്യക്തമാക്കാമോ;

(സി) ബോർഡിന്റെ നഷ്ടം നികത്തുവാൻ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആവശ്യം റെഗുലേറ്ററി കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 വർഷത്തേയ്ക്കുള്ള വരുമാനം, വൈദ്യുതി വാങ്ങൽ ചെലവ്, ശമ്പളച്ചെലവ് തുടങ്ങിയവ ചുവടെ ചേർക്കുന്നു:

| | |
|---|---|
| വൈദ്യുതി വിറ്റ വകയിലുള്ള വരുമാനം | 10,487.71 കോടി രൂപ |
| താരിഫേതര വരുമാനം | 739.44 കോടി രൂപ |
| ആകെ | 11,227.15 കോടി രൂപ |
| വൈദ്യുതി വാങ്ങൽ ചെലവ് | 6,336.82 കോടി രൂപ |
| ജീവനക്കാരുടെ ശമ്പളവും പെൻഷനും | 3,104.53 കോടി രൂപ |

(സി) ഇല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോട്ടയ്ക്കൽ ഇരിമ്പിളിയത്ത് വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി

196 (2472) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വെണ്ടല്ലൂർ പറമ്പത്ത് കാവ് ആസ്ഥാനമാക്കി വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാൻവേണ്ടി പ്രദേശവാസികൾ വൈദ്യുതി വകുപ്പ് അധികൃതർക്ക് നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇരിമ്പിളിയം പഞ്ചായത്തിലെ ജനങ്ങൾ ഇപ്പോൾ നിരവധി വാഹനം കയറിയിറങ്ങിയാണ് വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വളാഞ്ചേരി കെ.എസ്.ഇ.ബി. ഓഫീസിലേയ്ക്ക് പോകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇരിമ്പിളിയം ആസ്ഥാനമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ പ്രദേശവാസികൾ നൽകിയ നിവേദനം പരിശോധിച്ചിട്ടുണ്ടോ; ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ;വ്യക്തമാക്കുമോ;

(ഡി) ഇരിമ്പിളിയം ആസ്ഥാനമാക്കി സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന ആസൂത്രണം ചെയ്ത നടപ്പിലാക്കുന്ന പ്രവൃത്തികളിൽ പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. വളാഞ്ചേരി സെക്ഷൻ വിഭജിച്ച് ഇരിമ്പിളിയം ആസ്ഥാനമാക്കി ഒരു സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറും സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചതിനുശേഷം ചീഫ് എഞ്ചിനീയർ 2014 മാർച്ച് മാസത്തിൽ സമർപ്പിച്ച പ്രൊപ്പോസലിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്റർ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

**കോട്ടപ്പടി ആസ്ഥാനമായി സെക്ഷൻ ഓഫീസ്**

197 (2473) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി പഞ്ചായത്തിലെ 5000-ൽ അധികം വൈദ്യുതി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം, കോട്ടപ്പടി ആസ്ഥാനമായി സെക്ഷൻ ആഫീസ് ആരംഭിക്കണമെന്ന നിവേദനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കോതമംഗലം-1, വെള്ളൂർകുന്നം എന്നീ സെക്ഷനോഫീസുകൾ വിഭജിച്ച് കോട്ടപ്പടിക്കടുത്ത് നെല്ലികുഴി ആസ്ഥാനമായി 25-11-2016-ന് പുതിയ ഒരു സെക്ഷൻ ഓഫീസ് ആരംഭിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി

പരിഗണിച്ചിരുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ആയതിനാൽ കോട്ടപ്പടി ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയില്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

## മണപ്പള്ളിയിൽ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും

198 (2474) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മണപ്പള്ളി മേഖലയിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി തടസവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) 66 കെ. വി. കരുനാഗപ്പള്ളി സബ്സ്റ്റേഷനിലെ പാനലുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും റിലേ പാനലിൽ പ്രശ്നങ്ങൾ കാരണവും വേനൽ മഴമൂലവും മണപ്പള്ളി പ്രദേശത്ത് സാധാരണയിൽ കവിഞ്ഞ് വൈദ്യുതി തടസ്സം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ടി പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ

199 (2475) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ;

(ബി) മുടങ്ങിക്കിടക്കുന്ന വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച വൈദ്യുത പദ്ധതികളൊന്നും ഇപ്പോൾ മുടങ്ങികിടക്കുന്നില്ല.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിർമ്മാണ ജോലികൾ ആരംഭിച്ചിട്ട് മുടങ്ങിക്കിടക്കുന്നവയൊന്നുംതന്നെയില്ല.

## കാലവർഷക്കെടുതികളിൽ വൈദ്യുതി തൂണുകളുടെ നാശം

200 (2476) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികളിൽ വൈദ്യുതി തൂണുകൾ വ്യാപകമായി മറിഞ്ഞു വീഴുകയാണെങ്കിൽ ആയത് അടിയന്തരമായി പുനഃസ്ഥാപിക്കാൻ ആവശ്യമായ വൈദ്യുതി തൂണുകൾ സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലും സജ്ജമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) കാറ്റിലും മഴയിലും തകരാറിലാകുന്ന വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. മുൻകരുതലായി നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടി മണ്ഡല പരിധിയിൽ അപകടാവസ്ഥയിലാണെന്ന് പരാതി കിട്ടിയ /പരിശോധനയിൽ കണ്ടെത്തിയ എല്ലാ വൈദ്യുതി തൂണുകളും മാറ്റി സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതെങ്കിലും ബാക്കിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലവർഷത്തിന്റെ മുൻകരുതലിനുൾപ്പെടെ 2018-19 പ്ലാൻ അനുസരിച്ച് എല്ലാ ഇലക്ട്രിക്കൽ സർക്കിളുകൾക്കും വൈദ്യുതി തൂണുകൾ ലഭ്യമാക്കുവാൻ മുൻകൂറായി പർച്ചേസ് ഓർഡറുകൾ നൽകിക്കഴിഞ്ഞു. ഇലക്ട്രിക്കൽ സെക്ഷനുകളുടെ ആവശ്യാനുസരണം മേൽപ്പറഞ്ഞ ഓർഡറുകളിൽ നിന്നും മുൻകൂറായി പോസ്റ്റുകൾ വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. മഴക്കാലം തുടങ്ങുന്നതിനു മുൻപ് പ്രീ-മൺസൂൺ മെയിന്റനൻസ് പ്രവൃത്തികളായ എൽ.റ്റി./എച്ച്.റ്റി ലൈൻ ടച്ചിംഗ് എടുക്കുക, ലൈനുകളിലും

പ്രതിഷ്ഠാപനങ്ങളിലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ബ്രേക്ക്ഡൗൺ വിഭാഗം നിലവിലുണ്ട്. ശക്തമായ മഴയും കാറ്റുമൂലം വ്യാപകമായ നാശനഷ്ടങ്ങൾ ഒരു സെക്ഷന്റെ പരിധിയിൽ ഉണ്ടാകുന്ന അവസരങ്ങളിൽ ടി സെക്ഷനിലെ ജീവനക്കാരെ കൂടാതെ മറ്റു സമീപ സെക്ഷനുകളിലെ ജീവനക്കാരെയും പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യുന്ന ആൾക്കാരെയും ഉപയോഗപ്പെടുത്തി വൈദ്യുതി തടസ്സങ്ങൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കൊയിലാണ്ടി മണ്ഡലത്തിന്റെ പരിധിയിൽ പരാതി ലഭിച്ചിട്ടുള്ളതും പരിശോധനയിൽ കണ്ടെത്തിയതും മഴക്കെടുതിയിൽ പൊട്ടിപ്പോയതുമായ 100 വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. ഇനി അപകടാവസ്ഥയിലുള്ള പോസ്റ്റുകൾ കണ്ടെത്തുകയോ പരാതി ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് അവ മാറ്റിസ്ഥാപിക്കുന്നതാണ്.

## പോത്തൻകോട് - കാട്ടാക്കട 220 കെ.വി. ലൈൻ

201 (2477) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട് - കാട്ടാക്കട 220 കെ. വി. ഹൈ ട്രാൻസ്മിഷൻ ലൈനിന്റെ സർവ്വേ നടപടികൾ എന്നാണ് പൂർത്തീകരിച്ചതെന്നും പ്രസ്തുത സർവ്വേയിൽ ഏതെല്ലാം സർക്കാർ വകുപ്പുകൾ പങ്കെടുത്തിരുന്നുവെന്നും അന്തിമ റൂട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട റവന്യൂ, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നോയെന്നും അറിയിക്കുമോ; കൈമാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജനവാസ കേന്ദ്രങ്ങളെയും ബഹുനില കെട്ടിടങ്ങളെയും ഒഴിവാക്കിയാണോ പ്രസ്തുത ഹൈ ട്രാൻസ്മിഷൻ ലൈനിന്റെ അന്തിമ റൂട്ട് തയ്യാറാക്കിയത്;

(സി) തിരുവനന്തപുരം താലൂക്കിൽ പോത്തൻകോട് സബ് ഡിവിഷനിൽ ഉഴിയഴത്തുറ വില്ലേജിൽ സർവ്വേ നമ്പർ 29/12 ൽ തണ്ടപ്പേർ നമ്പർ 21967-ൽ വരുന്ന 15.61 ആർ അളവുള്ള വസ്തുവിൽക്കൂടി പ്രസ്തുത ലൈൻ കടന്നു പോകുന്നുണ്ടെന്ന വിവരം തിരുവനന്തപുരം കോർപ്പറേഷൻ അധികാരികളെ അറിയിച്ചിരുന്നുവോ;

(ഡി) പ്രസ്തുത വസ്തുവിൽ 220 കെ. വി. ഹൈ ട്രാൻസ്മിഷൻ ലൈൻ കടന്നുപോകുന്നതിന്റെ റൈറ്റ് ഓഫ് വേയിൽ നിർമ്മിച്ചിരിക്കുന്ന ബഹുനില അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനം കെ. എസ്. ഇ. ബി. യുടെ ശ്രദ്ധയിൽ വന്നത് എപ്പോഴാണെന്ന് തീയതി സഹിതം വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരമുള്ള ബഹുനില കെട്ടിടങ്ങൾ ട്രാൻസ്മിഷൻ ലൈനിന്റെ റൈറ്റ് ഓഫ് വേയിൽ പണിതുയർത്തിയത് അനുവദനീയമാണോ; അല്ലെങ്കിൽ ആയത് തടയുന്നതിനുള്ള എന്തെങ്കിലും നടപടി കെ. എസ്. ഇ. ബി. സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത അപ്പാർട്ട്മെന്റ് സ്ഥിതിചെയ്യുന്ന വസ്തുവിന് കിഴക്ക് ഭാഗത്തും പടിഞ്ഞാറ് ഭാഗത്തും കെ. എസ്. ഇ. ബി. നിർമ്മിച്ച ടവറുകളുടെ നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും പൂർത്തീകരിച്ചത് എന്നാണെന്നും ടവറുകൾ തമ്മിൽ കേബിൾ മുഖാന്തരം ബന്ധിപ്പിച്ചത് എന്നാണെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പോത്തൻകോട്-കാട്ടാക്കട 220 കെ.വി. ഹൈട്രാൻസ്മിഷൻ ലൈനിന്റെ സർവ്വേ നടപടികൾ 2007-2009 കാലഘട്ടത്തിലാണ് പൂർത്തീകരിച്ചത്. ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 1948-ഉം ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് 1855 പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡ് മാത്രമായിട്ടാണ് പ്രസ്തുത ലൈനിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. അന്തിമ റൂട്ടിനെ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട റവന്യൂ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല. എന്നാൽ പ്രസ്തുത റൂട്ടിൽ പ്രദേശവാസികളുടെ തർക്കം ഉണ്ടായ സ്ഥലങ്ങളിൽ അന്തിമ റൂട്ട് വിവരങ്ങൾ ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ജനവാസകേന്ദ്രങ്ങളെയും ബഹുനില കെട്ടിടങ്ങളെയും കഴിയുന്നത്ര ഒഴിവാക്കിയാണ് പ്രസ്തുത 220 കെ.വി. ഹൈട്രാൻസ്മിഷൻ ലൈനിന്റെ അന്തിമ റൂട്ട് തയ്യാറാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത വസ്തുവിൽക്കൂടി 220 കെ.വി.ഇ.എച്ച്.റ്റി. ലൈൻ പോകുന്നുണ്ടെന്ന വിവരം ഈ ബഹുനില അപ്പാർട്ട്മെന്റിന്റെ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടപ്പോൾ കോർപ്പറേഷൻ അധികാരികളെ രേഖാമൂലം 3-3-2015-ലെ കത്ത് നമ്പർ DB/LCSD-KTDA/2014-15/55 പ്രകാരം അറിയിച്ചിരുന്നു.

(ഡി) പ്രസ്തുത വസ്തുവിൽ 220 കെ.വി.ഇ.എച്ച്.റ്റി. ലൈൻ കടന്നു പോകുന്നതിന്റെ റൈറ്റ് ഓഫ് വേയിൽ നിർമ്മിച്ചിരിക്കുന്ന ബഹുനില അപ്പാർട്ടുമെന്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനം കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടത് 3-3-2015-ലാണ്.

(ഇ&എഫ്) ഇപ്രകാരം ബഹുനില കെട്ടിടങ്ങൾ റൈറ്റ് ഓഫ് വേയിൽ പണിയുയർത്തിയത് ശ്രദ്ധയിൽപ്പെട്ടാൽ നിർമ്മാണം നിയന്ത്രിക്കുകയും ഉടമസ്ഥർക്ക് നോട്ടീസ് നൽകുകയും ചെയ്യും. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് റ്റു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2010-ൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ അകലങ്ങൾ പാലിച്ചാൽ പ്രസ്തുത വിവരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ അറിയിക്കുകയും അദ്ദേഹത്തിന്റെ ഉത്തരവിന്മേൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കുന്നതുമാണ്.

പോത്തൻകോട്-കാട്ടാക്കട 220 കെ.വി. ഇ.എച്ച്.റ്റി. ലൈൻ പ്രസ്തുത അപ്പാർട്ട്മെന്റ് നിൽക്കുന്ന പ്രദേശത്തുകൂടി കടന്നുപോകുന്ന വിവരം 2002-ൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ 2009 നവംബർ മാസം ആരംഭിക്കുകയും ചെയ്തു. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ പല ലൊക്കേഷനുകളിൽ പല ഘട്ടങ്ങളിലായിട്ടാണ് ഫൗണ്ടേഷൻ നിർമ്മാണം മുതൽ ലൈൻ വലിക്കൽ വരെയുള്ള പ്രവൃത്തികൾ നടന്നത്. പ്രസ്തുത അപ്പാർട്ട്മെന്റ് നിൽക്കുന്ന AP62, AP61A എന്നീ ടവറുകളുടെ ഇടയിലാണ്. ഇതിൽ AP62-ന്റെ ഇറക്ഷൻ ഒക്ടോബർ മാസം 2011-ൽ ആരംഭിക്കുകയും നവംബർ മാസം 2011-ൽ അവസാനിക്കുകയും ചെയ്തു. എന്നാൽ AP61A-യുടെ നിർമ്മാണം 2016 ഒക്ടോബറിൽ ആരംഭിക്കുകയും 2016 നവംബറിൽ അസാനിക്കുകയും ചെയ്തു. രണ്ട് ടവറുകൾക്കിടയിലുള്ള ലൈൻ വലിക്കൽ 2017 ജനുവരി മാസം പൂർത്തിയായെങ്കിലും പ്രസ്തുത ലൈൻ കമ്മീഷൻ ചെയ്തത് 6-7-2017-ലാണ്.

**നേമം മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

202 (2478) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വൈദ്യുതിയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നേമം മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേമം നിയോജക മണ്ഡലത്തിൽ 30.953 ലക്ഷം രൂപയുടെ DDUGJY പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും 16.71 ലക്ഷം രൂപയുടെ PPS വർക്കുകളും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾക്കും ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ചുള്ള മറ്റു പ്രവൃത്തികൾക്കുമായി 138.97 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി നേമം നിയോജകമണ്ഡലത്തിലെ വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കേണ്ട 142.47 ലക്ഷം രൂപയുടെ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**മുടങ്ങികിടക്കുന്ന വൈദ്യുതി പദ്ധതികൾ പൂർത്തിയാക്കാൻ നടപടി**

203 (2479) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) മാങ്കുളം, വിലങ്ങാട്, ചിന്നാർ, അച്ചൻകോവിൽ തുടങ്ങിയ പദ്ധതികൾ ദശാബ്ദങ്ങൾക്ക് മുമ്പ് ഇൻവെസ്റ്റിഗേഷൻ, ലാന്റ് അക്വിസിഷൻ തുടങ്ങിയ ഘട്ടങ്ങളിലായി മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിശ്ചലാവസ്ഥയിലായ അത്തരം പദ്ധതികൾ പൂർത്തിയാക്കുവാൻ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തദ്ദേശീയമായി വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി നിർമ്മാണം പുരോഗമിക്കുന്ന '10' ജലവൈദ്യുത പദ്ധതികൾ (ആകെ 190.5MW) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ പുതിയതായി '13' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി '125' മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷികൂടി ലക്ഷ്യമിടുന്നുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 9/2014-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ചിന്നാർ ചെറുകിട പദ്ധതിയുടെ നിർമ്മാണം ഏപ്രിൽ 2018-ൽ ആരംഭിച്ചു. അച്ചൻകോവിൽ പദ്ധതിക്ക് വനം വകുപ്പിന്റെ അനുമതി നിഷേധിച്ചതിനാൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നു. മാങ്കുളം പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു:

(സി)

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി |
|---|---|---|
| 1 | ചിന്നാർ | 24 MW |
| 2 | വിലങ്ങാട് | 7.5 MW |
| 3 | മാങ്കുളം | 40 MW |
| 4 | അച്ചൻകോവിൽ | 30 MW |
| | ആകെ | 101.5 MW |

(ഡി) അച്ചൻകോവിൽ ജലവൈദ്യുത പദ്ധതി വനം വകുപ്പിന്റെ അനുമതി നിഷേധിച്ചതിനാൽ മുടങ്ങികിടക്കുന്നു. മാങ്കുളം ജലവൈദ്യുത പദ്ധതിക്കുവേണ്ടി പട്ടയരഹിത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾമൂലം പദ്ധതി തുടങ്ങുന്നതിന് കാലതാമസം നേരിടുന്നു.

## വൈദ്യുതി വിതരണ ശൃംഖല

204 (2480) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ കാലയളവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രതിദിനം എത്ര വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2021-ഓടുകൂടി ലോകോത്തര നിലവാരത്തിലുള്ളതും തടസ്സ രഹിതവുമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത d നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി HT വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണമേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ ശൃംഖലയുടെ നവീകരണത്തിനും വികസനത്തിനുമായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചെയ്യാനുദ്ദേശിക്കുന്നു.

1. എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി 11 കെ.വി. ലൈൻ നിർമ്മാണം.
2. എ.ബി.സി., ഭൂഗർഭ കേബിളുകൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. തുടങ്ങിയവ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
3. എൽ.റ്റി. ലൈനുകൾ വലിക്കുക.
4. ട്രാൻസ്ഫോർമറുകൾ പുതിയത് സ്ഥാപിക്കുകയും നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക.
5. പഴയ ട്രാൻസ്ഫോർമറുകൾക്ക് പകരം ക്ഷമത കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

6. എച്ച്.റ്റി., എൽ.റ്റി. ലൈനുകളിൽ പ്രതിരോധം കൂടിയ ചാലകങ്ങൾ മാറ്റി പ്രതിരോധം കുറഞ്ഞവ സ്ഥാപിക്കുക.

7. സിംഗിൾ ഫേസ് ലൈനുകളെ ത്രീ ഫേസ് ലൈനുകളാക്കുക.

8. നിലവിലുള്ള ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെയും ലൈനുകളുടേയും സ്ട്രക്ച്ചറുകളുടെയും നവീകരണം.

9. ഫാൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷനലൈസറുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം വഴി വൈദ്യുതി പുനഃസ്ഥാപനം ത്വരിതമാക്കുന്നതിന് വേണ്ടുന്ന സംവിധാനം.

10. കേടായ മീറ്ററുകൾക്ക് പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

11. നിലവിലുള്ള ലൈനുകൾ, ട്രാൻസ്ഫോർമറുകൾ തുടങ്ങിയവയുടെ പുനഃക്രമീകരണം തുടങ്ങിയവ.

(ബി) സംസ്ഥാനത്ത് ആഭ്യന്തര ഉൽപ്പാദനിലയങ്ങൾ വഴി ജൂൺ മാസം 4-6-2018 വരെയുള്ള കണക്കുകൾ പ്രകാരം ഉൽപ്പാദിപ്പിച്ച പ്രതിദിന ശരാശരി വൈദ്യുതി 17.44 ദശലക്ഷം യൂണിറ്റ് ആണ്. മേൽപ്പറഞ്ഞ കാലയളവിലെ പ്രതിദിന ശരാശരി ഉപഭോഗം 67.51 ദശലക്ഷം യൂണിറ്റ് ആയിരുന്നു. ആഭ്യന്തര ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ സൗരോർജ്ജത്തിൽ നിന്നും അടുത്ത 3 വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ പുരപ്പുറ സൗരോർജ്ജം വഴി 500 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഗാർഹിക കാർഷിക ഉപഭോക്താക്കൾ മുഖേന 150 മെഗാവാട്ട്, സർക്കാർ കെട്ടിടങ്ങൾ - 100 മെഗാവാട്ട്, ഗാർഹികേതര, സർക്കാരിതര കെട്ടിടങ്ങൾ വഴി 250 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതാണ്.

ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിഡിന്റെ കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന 10 ജല വൈദ്യുത പദ്ധതികൾ (ആകെ 190.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

എനർജി മാനേജ്മെന്റ് സെന്റർ വൈദ്യുതി ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം അനുസരിച്ച് സംരംഭകർക്ക് പദ്ധതികൾ BOOT (Built, own, operateand Transfer) അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു. 11-12-2017-ലെ 25/2017/PD നമ്പർ സർക്കാർ ഉത്തരവു പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ സംരംഭകർക്കായി അനുവദിച്ചിട്ടുണ്ട്.

വിദൂര ഗ്രാമങ്ങളിൽ കേന്ദ്ര നവീന നവീകരണീയ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി ചെറുവെള്ളച്ചാട്ടങ്ങളിൽ നിന്നും 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള പീക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നു.

ചെറു വെള്ളച്ചാട്ടങ്ങൾ, നീരൊഴുക്കുകൾ എന്നിവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി - വിവിധ തരം ടർബൈനുകൾ ഉപയോഗിച്ച് - മാതൃകാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഇത്തരത്തിൽ കൃത്രിമച്ചുഴി സൃഷ്ടിച്ച് ടർബൈൻ കറക്കി 20 കിലോ വാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിൽ ആരംഭിക്കുന്നതിനുള്ള പണി അവസാനഘട്ടത്തിലാണ്.

അനെർട്ട് ഇതുവരെ 24 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അനെർട്ട് ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്, സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര മന്ത്രാലയത്തിന്റെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽ മുടക്കില്ലാതെതന്നെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാദ്ധ്യമാകുന്ന എല്ലാ സ്വകാര്യ സർക്കാർ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. മൂന്നു വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം ഇത്തരത്തിൽ ലക്ഷ്യമിടുന്നു.

## വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

205 (2481) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അധികമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ ഉയർത്തുന്ന എതിർപ്പിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ബദൽ മാർഗ്ഗം തേടുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന മൂന്ന് വർഷക്കാലത്തിനുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട്, പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും വരുന്ന രണ്ടു വർഷംകൊണ്ട് ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന '10' ജലവൈദ്യുത പദ്ധതികൾ (ആകെ 190.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ പുതിയതായി '13' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി '125' മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി കൂടി ലക്ഷ്യമിടുന്നുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം അനുസരിച്ച് സംരംഭകർക്ക് പദ്ധതികൾ BOOT (Built, own, operate and Transfer) അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു. 11-12-2017-ലെ 25/2017/PD നമ്പർ സർക്കാർ ഉത്തരവു പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ സംരംഭകർക്കായി അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദൂര ഗ്രാമങ്ങളിൽ കേന്ദ്ര നവീന നവീകരണീയ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി ചെറുവെള്ളച്ചാട്ടങ്ങളിൽ നിന്നും 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള പീക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നു.

ചെറു വെള്ളച്ചാട്ടങ്ങൾ, നീരൊഴുക്കുകൾ എന്നിവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി - വിവിധ തരം ടർബൈനുകൾ ഉപയോഗിച്ച് - മാതൃകാ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇത്തരത്തിൽ കൃത്രിമച്ചുഴി സൃഷ്ടിച്ച് ടർബൈൻ കറക്കി 20 കിലോ വാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിൽ ആരംഭിക്കുന്നതിനുള്ള പണി അവസാനഘട്ടത്തിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ സംരംഭകരുടേതുൾപ്പെടെ 22.10 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ, 17 മെഗാവാട്ട് ശേഷിയുള്ള കാറ്റിൽനിന്നുള്ള പദ്ധതികൾ, 92.967 മെഗാവാട്ട് ശേഷയുള്ള സൗരോർജ്ജ പദ്ധതികൾ (ഉപഭോക്താക്കളുടെ പുരപ്പുറ പ്ലാന്റുകൾ ഉൾപ്പെടെ) എന്നിങ്ങനെ മൊത്തം 132.067 മെഗാവാട്ട് ഉൽപ്പാദന വർദ്ധന സാദ്ധ്യമാക്കി.

സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സംരംഭകർക്കായി അനുവദിച്ച പദ്ധതിയായ 8 മെഗാവാട്ടിന്റെ പാതംകയം പദ്ധതിയും 4.5 മെഗാവാട്ടിന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കമ്മീഷൻ ചെയ്ത് വൈദ്യുതി കെ.എസ്.ഇ.ബി.എൽ.ന് നൽകി വരുന്നുണ്ട്.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് കുഴൽമന്ദത്ത് 2 MW ശേഷിയുള്ള ഒരു സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.ന്റെ ഗ്രിഡിലേയ്ക്കാണ് കടത്തി വിടുന്നത്. 2016 ഡിസംബർ 9-ന് പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം ഇന്നുവരെ 40 ലക്ഷം യൂണിറ്റിലധികം വൈദ്യുതി പ്രസ്തുത പ്ലാന്റ് വഴി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(സി) ഖനിജ ഇന്ധനങ്ങളെ ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതകിളൊന്നും വൈദ്യുതി ബോർഡിന്റെ സത്വര പരിഗണനയിലില്ല.

ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ എതിർപ്പുകൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിൽ കേരളത്തിൽ സാദ്ധ്യമായ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. ഇതോടൊപ്പം തന്നെ പരിസ്ഥിതിസൗഹൃദ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ബയോ എനർജി എന്നിവയിലൂടെ ഉൽപ്പാദന വർദ്ധനവിനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

ബദൽ മാർഗ്ഗമായി സൗരോർജ്ജ രംഗത്ത് 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ലക്ഷ്യം ഇടുന്നുണ്ട്. വിവിധ സർക്കാർ ഓഫീസുകൾ, സ്വകാര്യ കെട്ടിടങ്ങൾ, ജലോപരിതലം, കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങൾ എന്നിവയുടെ മുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതികളാണിതിൽ ഉൾപ്പെടുത്തുന്നത്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

206(2482) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരും വൈദ്യുതി വകുപ്പും ചേർന്ന് ലക്ഷ്യമിട്ടതും പ്രഖ്യാപിച്ച നടപ്പിലാക്കിവരുന്നതുമായ സംസ്ഥാനമാകെയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര വീടുകൾ ഉൾപ്പെടെ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര അളവ് വൈദ്യുതിയുടെ അധിക ആവശ്യകതയുണ്ടായി;ഇത് പ്രാവർത്തികമാക്കുന്നതിനായുള്ള വൈദ്യുതി ഏതെല്ലാം സ്രോതസ്സുകൾ വഴി കണ്ടെത്തി; ഇതിനായി എത്ര തുക ചെലവായി; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ - സി) കേരള സർക്കാർ 24-6-2016-ന് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തീകരിച്ച് 29-5-2017-ന് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും

ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷത്തി അൻപത്തി രണ്ടായിരത്തോളം ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും ഇവയിൽ റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനം വകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതുമായ ഏതാനും ഗുണഭോക്താക്കൾ ഒഴിച്ച് 150238 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 29667 പേർ പട്ടികജാതി വിഭാഗത്തിലും 17575 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും 123229 പേർ ബി.പി.എൽ. വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. പ്രസ്തുത പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു. ബി.പി.എൽ. വിഭാഗത്തിന് ലൈൻ വലിച്ച് കണക്ഷൻ നൽകുന്നതിനുൾപ്പെടെയുള്ള ചെലവും എ.പി.എൽ. വിഭാഗത്തിന് ലൈൻ വലിക്കുന്നതിനുള്ള ചെലവും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ലൈൻ വലിക്കാൻ കഴിയുന്നിടങ്ങളിലെല്ലാം ലൈൻ വലിച്ചും മറ്റുള്ള സ്ഥലങ്ങളിൽ സോളാർ മുതലായ സംവിധാനങ്ങളിലൂടെയും വികേന്ദ്രീകൃത വൈദ്യുതി ഉൽപ്പാദനവും വിതരണവും (DDG-Microgrid) മുഖേനയുമാണ് വൈദ്യുതി എത്തിച്ചത്. വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപ്പാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ANERT, EMC എന്നീ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കി. തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility-യിൽപ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് പൂർത്തിയാക്കുകയും ചെയ്തിരുന്നു.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ വൈദ്യുത വിതരണ ശൃംഖല വിപുലപ്പെടുത്താനായി വിനിയോഗപ്പെടുത്തുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ. വഹിക്കുന്ന തുക കൂടാതെയുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക എന്നിവയിൽ നിന്നാണ് കണ്ടെത്തിയത്. സമ്പൂർണ്ണ വൈദ്യുതീകരണം 2018-2021 കാലയളവുകളിലും തുടരുന്നതിനായി 50 കോടി രൂപയുടെ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്ത പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ ഈച്ചാംപെട്ടി ഗിരിവർഗ്ഗ കോളനിയിൽ 4KW പീക്കോ ജലവൈദ്യുത പദ്ധതി നിർമ്മിച്ച 43 വീടുകൾ മൈക്രോ ഗ്രിഡ് മാതൃകയിൽ വൈദ്യുതീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതിയിലൂടെ 43 വീടുകൾക്കും ഒരു അങ്കണവാടിക്കും ഒരു സ്കൂളിനും 14 തെരുവ് വിളക്കുകൾക്കും വൈദ്യുതി നൽകുന്നുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. മുഖേന വൈദ്യുതി എത്തിക്കുവാൻ കഴിയാത്ത ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ അനെർട്ട് മുഖേന സോളാർ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ പ്രധാന റോഡിൽനിന്നും വളരെ അകലെയുള്ള ഒറ്റപ്പെട്ട വീടുകളിലും ട്രൈബൽ കോളനികളിലുമാണ് സൗര വൈദ്യുതീകരണം നടത്തിയത്. ഇടുക്കി ജില്ലയിൽ 1625 വീടുകളിൽ സോളാർ ഗാർഹിക വിളക്ക് സ്ഥാപിച്ച് വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഒരു വിദൂര കോളനിയിൽ 25 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് ആ കോളനിയിലെ എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 667 വീടുകളിൽ ഗാർഹിക സോളാർ വിളക്ക് സ്ഥാപിച്ച് വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. കൂടാതെ മൂന്ന് സ്ഥലങ്ങളിലായി സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് 14 വീടുകൾക്ക് വൈദ്യുതി എത്തിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ 12 വീടുകളിൽ ഗാർഹിക സോളാർ വിളക്ക് സ്ഥാപിച്ച് വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. കേന്ദ്രീകൃത സോളാർ പ്ലാന്റ് സ്ഥാപിച്ച് 4 വീടുകളിൽ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. ഇവയെല്ലാം വൈദ്യുതി ഗ്രിഡിൽ നിന്ന് വിദൂരതയിലുള്ളതും വനത്താൽ ചുറ്റപ്പെട്ട സ്ഥലങ്ങളുമാണ്.

അനെർട്ട് പദ്ധതിയിലൂടെ പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലായി 2322 വിദൂര വീടുകളിൽ സോളാർ വൈദ്യുതി എത്തിക്കാൻ കഴിഞ്ഞു.

(ഡി) 2017-18-ൽ മുൻവർഷത്തെ അപേക്ഷിച്ച് വൈദ്യുതി ഉപഭോഗത്തിൽ 2.63% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വർദ്ധനവ് മുൻകാലങ്ങളിലെ വർദ്ധനവുമായി പൊരുത്തപ്പെടുന്നതാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് ആഭ്യന്തര ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം സംസ്ഥാനത്തിന് പുറത്തുള്ള പൊതു സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽ നിന്നും ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനുവേണ്ടി പ്രത്യേകമായി അധിക വൈദ്യുതി വാങ്ങിയിട്ടില്ല.

## നിർമ്മാണം മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ

207(2483) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഖജനാവിന് എത്ര തുകയുടെ നഷ്ടം ഉണ്ടാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മുടങ്ങിക്കിടക്കുന്ന പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുന്ന അവസ്ഥയിലുള്ളതാണോ; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ - സി) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ ഒന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്നില്ല.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിർമ്മാണ ജോലികൾ ആരംഭിച്ചിട്ട് മുടങ്ങിക്കിടക്കുന്നവയില്ല.

## പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം പദ്ധതി

208 (2484) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടണൽ നിർമ്മിക്കുന്ന പണി ആരംഭിച്ചിട്ടുണ്ടോ; ഭൂമി പൂജ കഴിഞ്ഞിട്ടും പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി ഇറക്കുമതി ചെയ്ത ജനറേറ്ററുകളും അനുബന്ധ ഉപകരണങ്ങളും നശിക്കുകയാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പള്ളിവാസൽ എക്സ്റ്റെൻഷൻ സ്കീമിന്റെ ഇൻടേക്ക്, ബാലൻസ് ടണൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പഴയ കരാറിൽനിന്നും ഡി-ലിങ്ക് ചെയ്ത് 'ഭൂമി-സിലേ്യാൺസ് JV' എന്ന കമ്പനിക്ക് കരാർ നൽകി നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. പള്ളിവാസൽ സ്കീമിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എസ്സർ കൺസോർഷ്യം എന്ന നിലവിലുള്ള കമ്പനിയാണ് ചെയ്തിരുന്നതെങ്കിലും നിരക്ക് വർദ്ധനവ് ആവശ്യപ്പെട്ട് 2-4-2018 മുതൽ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. ഈ പദ്ധതിയിൽ നിന്നും 60 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിയുടെ ടണൽ (ബാലൻസ്) നിർമ്മിക്കുന്ന പണി 26-2-2018-ൽ തുടങ്ങി. നാഷണൽ ഹൈവേയുടെ ഡൈവേർഷൻ റോഡ് നിർമ്മാണം, ടണലിന്റെ 2.5 മീറ്റർ ഡ്രൈവിംഗ് എന്നിവയും ഇൻടേക്ക് ബോക്സ് കൾവർട്ടിന്റെ നാഷണൽ ഹൈവേയുൾപ്പെടെയുള്ള എസ്കവേഷൻ എന്നിവ പൂർത്തിയാക്കുകയും ഇൻടേക്ക് ബോക്സ് കൾവർട്ടിനുള്ള സാമ്പിൾ പൈലിംഗ് നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(സി) പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിക്കായി ഇറക്കുമതി ചെയ്ത ജനറേറ്ററുകളും അനുബന്ധ ഉപകരണങ്ങൾക്കും കരാർ അനുസരിച്ച് ഗ്യാരന്റി ഉള്ളതാണ്. ഉപകരണങ്ങളുടെ ഡിഫക്ട് ലയബിലിറ്റി പിരീഡിലുണ്ടാകുന്ന എല്ലാ കേടുപാടുകളും കോൺട്രാക്ടറുടെ ചെലവിൽ നന്നാക്കി തരുവാൻ കരാറിൽ വ്യവസ്ഥയുള്ളതാണ്.

(ഡി) പദ്ധതിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പവർകട്ടും വൈദ്യുതി ഉൽപ്പാദന കമ്മിയും

209(2485) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ നിരന്തരമുണ്ടായിരുന്ന പവർകട്ടും വൈദ്യുതി ഉല്പാദനകമ്മിയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയത് തരണംചെയ്ത് ഉല്പാദന രംഗം സുശക്തമാക്കാനും പവർകട്ട് ഒഴിവാക്കാനുമായി ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) മുൻസർക്കാർ കാലയളവിലെ ദൈനംദിന ശരാശരി വൈദ്യുതി ഉല്പാദനം എത്രയായിരുന്നു എന്നും നിലവിൽ ആയത് എത്ര എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) വൈദ്യുതി ഉല്പാദനം കൂട്ടാനായി ഈ സർക്കാർ ഉപയോഗപ്രദമാക്കിയ ശൃംഖലകൾ ഏതെല്ലാം; ഓരോ വിഭാഗം വഴി എത്ര അധിക വൈദ്യുതി ഉല്പാദനം ലക്ഷ്യമിട്ടു; എത്ര നേടി; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലയളവിൽ ഉണ്ടായ പവർ കട്ടും ലോഡ് ഷെഡ്ഡിംഗും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

1. മൂലമറ്റം വൈദ്യുതി നിലയത്തിൽ നിന്നുണ്ടായ അപകടംമൂലം 2011 ജൂൺ 20-ാം തീയതി മുതൽ 28-ാം തീയതി വരെ സംസ്ഥാനത്ത് സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
2. വൈദ്യുതി ലഭ്യതക്കുറവുമൂലം 2011 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10-ാം തീയതി വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
3. 2012 ഏപ്രിൽ 2 മുതൽ 23-ാം തീയതി വരെയും സെപ്റ്റംബർ 27-ാം തീയതി മുതൽ 2013 ജൂൺ 15-ാം തീയതി വരെയും സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
4. ശബരിഗിരി വൈദ്യുതി നിലയത്തിലെ അറ്റകുറ്റപ്പണികൾ കാരണം 22-5-2014 മുതൽ 31-5-2014 വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

2012 ഏപ്രിൽ 5-ാം തീയതി മുതൽ മേയ് 31-ാം തീയതി വരെ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിരുന്നു. കൂടാതെ 2012 ഏപ്രിൽ 26-ാം തീയതി മുതൽ മേയ് 31-ാം തീയതി വരെ എൽ.റ്റി. ഉപഭോക്താക്കൾക്ക് 10 ശതമാനം പവർകട്ടും ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2012 മേയ് 31-ാം തീയതി വരെ നിലനിന്നിരുന്നു. 2012 ഡിസംബർ 15-ാം തീയതി മുതൽ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും വൈദ്യുതി

ഉപഭോഗത്തിൽ 25 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിരുന്നു. കൂടാതെ എൽ.റ്റി. ഉപഭോക്താക്കൾക്ക് 20 ശതമാനം പവർ കട്ടും ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മേയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

(ബി) കേന്ദ്ര ഊർജ്ജമന്ത്രാലയം അനുവദിക്കുന്ന വൈദ്യുതി വിഹിതമനുസരിച്ച് കേന്ദ്ര പൂളിൽ നിന്നും ദീർഘകാല അടിസ്ഥാനത്തിൽ 1683 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്. കൂടാതെ, സംസ്ഥാനത്ത് പുറത്തുള്ള വിവിധ നിലയങ്ങളിൽ നിന്നും ദീർഘകാല കരാറുകൾ വഴി 1215 മെഗാവാട്ട് വൈദ്യുതി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

പുറമേനിന്നുള്ള താരതമ്യേന വില കുറവുള്ള വൈദ്യുതി വാങ്ങിയും വേനലിലേയ്ക്ക് കരുതിവച്ച സംഭരണശേഷി ആവശ്യാനുസരണം ഉപയോഗിച്ച് ജലവൈദ്യുത നിലയങ്ങൾ പ്രവർത്തിപ്പിച്ചും അത്യാവശ്യഘട്ടങ്ങളിൽ മാത്രം സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും ആവശ്യാനുസരണം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയുമാണ് 2018-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം വൈദ്യുതി നിയന്ത്രണങ്ങൾ ഇല്ലാതെ കെ.എസ്.ഇ.ബി.എൽ. നിറവേറ്റിയത്.

ഉൽപ്പാദനരംഗം സുശക്തമാക്കുന്നതിന് കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021-ഓടുകൂടി 1050 മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി.ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരോർജ്ജ പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 200 മെഗാവാട്ട് വൈദ്യുതി, ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി നടപ്പിലാക്കാൻ താൽപ്പര്യപ്പെടുന്നു.

<u>പ്രോജക്ടിന്റെ പരിധി</u>

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |
| കെ.എസ്.ഇ.ബി.എൽ.ന്റെ റിസർവോയറുകൾ കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ | 150 മെഗാവാട്ട് |
| സോളാർ പാർക്കുകൾ വഴി | 100 മെഗാവാട്ട് |
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന | 50 മെഗാവാട്ട് |

| | |
|---|---|
| സോളാർ പദ്ധതികൾ വഴി | |
| വെസ്റ്റ് കല്ലട, എൻ.ടി.പി.സി.യുടെ കൈവശമുള്ള ഭൂമി, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| ആകെ | 1050 മെഗാവാട്ട് |

(സി) മുൻ സർക്കാരിന്റെ കാലയളവിലെ (2011-2016) ദൈനംദിന ശരാശരി ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം താപ വൈദ്യുതി ഉൾപ്പെടെ ഏകദേശം 22.91 ദശലക്ഷം യൂണിറ്റായിരുന്നു. നിലവിലെ ദൈനംദിന ശരാശരി (2016-2018) വൈദ്യുതി ഉൽപ്പാദനം ഏകദേശം 14.49 ദശലക്ഷം യൂണിറ്റാണ്.

(ഡി) ഈ സർക്കാരിന്റെ ഭരണ കാലത്ത് 143.52 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാനുള്ള നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. (ജലവൈദ്യുത നിലയങ്ങൾ 17.6 മെഗാവാട്ട്, സൗരോർജ്ജ നിലയങ്ങൾ 108.92 മെഗാവാട്ട്, കാറ്റാടിപ്പാടങ്ങൾ - 17 മെഗാവാട്ട്)

നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിലുള്ള ജലവൈദ്യുത പദ്ധതികൾ വഴി 190.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. 3.6 മെഗാവാട്ടിന്റെ വെള്ളത്തുവൽ ചെറുകിട ജലവൈദ്യുത പദ്ധതിയും 6 മെഗാവാട്ടിന്റെ പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയും പ്രവർത്തിച്ചുവരുന്നു. കൂടാതെ 3 മെഗാവാട്ടിന്റെ കക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചു.

താഴെപ്പറയുന്ന മാർഗ്ഗങ്ങളിലൂടെയാണ് സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം കൂട്ടാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നത്:

1. വിവിധ സൗരോർജ്ജ പദ്ധതികളിൽ നിന്ന് - 1050 MW
2. വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്ന് - 190.5 MW
3. കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളിൽ നിന്ന് - 115 MW കാറ്റിൽ നിന്നും 3 പദ്ധതികളിൽനിന്നുമായി 6.125 മെഗാവാട്ടിന്റെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് നടപ്പിലാക്കിവരുന്നു. കൂടാതെ അനെർട്ടും സ്വകാര്യ സംരംഭകരും വഴിയായി 3 പദ്ധതികളിൽ നിന്നായി ആകെ 27 മെഗാവാട്ട് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

4. റിവേഴ്സ് ബിഡ്ഡിംഗ് നടപടിക്രമത്തിൽ കൂടി - 200 MW

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം അനുസരിച്ച് സംരംഭകർക്ക് പദ്ധതികൾ BOOT (Built, own, operate and transfer) അടിസ്ഥാനത്തിൽ അനുവദിച്ചുവരുന്നു. 11-12-2017-ലെ 25/2017/PD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ സംരംഭകർക്കായി അനുവദിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ 4.5 MW-ന്റെ കാരിക്കയം (പത്തനംതിട്ട ജില്ല) രണ്ടാംഘട്ടവും 8 MW-ന്റെ പതങ്കയവും (കോഴിക്കോട് ജില്ല) കമ്മീഷൻ ചെയ്തിട്ടുണ്ട്. 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ ആനക്കാംപൊയിൽ പദ്ധതികൾ ഈ വർഷം അവസാനത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പീക്കോ ജലവൈദ്യുത ടർബയിനുകൾ ഉപയോഗിച്ചുള്ള മൈക്രോ ഗ്രിഡുകൾ (4 കിലോവാട്ട് പദ്ധതി) ഈച്ചാംപെട്ടിയിൽ നടപ്പിലാക്കി. 1 KW മുതൽ 5 Kw വരെ ശേഷിയുള്ള 25 പീക്കോ പദ്ധതികൾ - (പ്രധാനമായും ഇടുക്കി, വയനാട് ജില്ലകൾ) നടപ്പിലാക്കി.

തിരുവനന്തപുരം ജില്ലയില കിള്ളിയാറിൽ കാട്ടുവെട്ടി പ്രദേശത്ത് വോർട്ടക്സ് ടർബയിൻ ഉപയോഗിച്ചുള്ള 20 KW ശേഷിയുള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദനം 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ശേഷി കൈവരിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിനായി

അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര മന്ത്രാലയത്തിന്റെ സഹകരണത്തോടെ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരയിൽ സർക്കാർ മുതൽമുടക്കില്ലാതെതന്നെ ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

## പുതിയ വൈദ്യുത പദ്ധതികൾ

210 (2486) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കൂടുതൽ വൈദ്യുതി ലഭിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) എന്തെല്ലാം പുതിയ വൈദ്യുത പദ്ധതികളാണ് സർക്കാരിന്റെ മുന്നിലുള്ളത്; ഓരോ പദ്ധതിയും എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉയരുന്ന ഉപഭോഗത്തിന് ആനുപാതികമായി സംസ്ഥാനത്ത് ആഭ്യന്തര ഉൽപ്പാദനം സാദ്ധ്യമാകാത്ത സാഹചര്യത്തിൽ മറ്റ് കേന്ദ്രങ്ങളിൽ നിന്നുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് ഇനി പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ദീർഘ-മദ്ധ്യകാല കരാറുകൾ വഴി വൈദ്യുതി വാങ്ങുക.
2. കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള ലഭ്യത പരമാവധി ഉറപ്പുവരുത്തുക.
3. ഹ്രസ്വകാല ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിന് പവർ എക്സ്ചേഞ്ച് മുതലായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക.

ആഭ്യന്തര ഉൽപ്പാദനം സംസ്ഥാനത്ത് നവീകരിക്കാവുന്ന സ്രോതസ്സുകളിലായി പരിമിതപ്പെട്ടിരിക്കുന്നു.

കൂടുതൽ വൈദ്യുതി കേരളത്തിന് പുറത്തുനിന്നും എത്തിക്കുന്നതിനായി പ്രസരണ ശൃംഖല ശക്തിപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഈ ലൈൻ 2018 അവസാനത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവഴി ഏകദേശം 800 മെഗാവാട്ട് വരെ കൂടുതൽ വൈദ്യുതി എത്തിക്കാനാകും. മാടക്കത്തറ- അരീക്കോട് 400 കെ.വി. മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ പവർ ഗ്രിഡ് മുഖേന നടന്നുവരുന്ന പുഗലൂർ-മാടക്കത്തറ ഡി.സി. ലൈനിന്റെയും (2000 മെഗാവാട്ട്) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ ആഭ്യന്തര പ്രസരണ ശൃംഖലയുടെ ശാക്തീകരണത്തിനായി ഏകദേശം 10,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

സംസ്ഥാനത്ത് കൂടുതൽ വൈദ്യുതി ലഭിക്കുന്നതിന് നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചും പുതിയ പദ്ധതികൾ ആവിഷ്കരിച്ചും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021-ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി, കെ.എസ്.ഇ.ബി. ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരോർജ്ജ പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 200 മെഗാവാട്ട് വൈദ്യുതി ഒരു മെഗാവാട്ടിനു മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി നടപ്പിലാക്കാൻ താൽപ്പര്യപ്പെടുന്നു.

<u>പ്രോജക്ടിന്റെ പരിധി</u>

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |
| കെ.എസ്.ഇ.ബി.എൽ.-ന്റെ റിസർവോയറുകൾ കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വഴി | 150 മെഗാവാട്ട് |

| | |
|---|---|
| സോളാർ പാർക്കുകൾ വഴി | 100 മെഗാവാട്ട് |
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| വെസ്റ്റ് കല്ലട, എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമി, തരിശ്ശായിക്കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |

ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ കൂടുതൽ വൈദ്യുതി ഉൽപ്പാദനത്തിനായി താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് Built Own Operate & Transfer (BOOT) രീതിയിൽ ഇൻഡിപെൻഡന്റ് പവർ പ്രോജക്ട് (IPP) ക്യാപ്റ്റീവ് പവർ പ്രോജക്ട് വിഭാഗത്തിൽ പദ്ധതികൾ അനുവദിച്ചുവരുന്നു.

സ്വന്തമായുള്ള ഭൂമിയിലൂടെയോ സ്വന്തം ഭൂമിയുടെ വശങ്ങളിലൂടെയോ ഒഴുകുന്ന വെള്ളത്തിൽ നിന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുവാനും മേൽപ്പറഞ്ഞ പോളിസി വിഭാവനം ചെയ്യുന്നു.

കേന്ദ്ര സർക്കാരിന്റെ നവീന നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെ (Central Financial Assistance - CFA) വികേന്ദ്രീയ ഊർജ്ജ ഉൽപ്പാദനത്തിനായി പീക്കോ ടർബയിനുകൾ (5KW താഴെശേഷിയുള്ള) കേരളത്തിൽ സ്ഥാപിച്ചുവരുന്നു. ഗുണഭോക്താവിന് ഇത്തരം പദ്ധതികൾക്ക് 1.50 ലക്ഷം രൂപവരെ കേന്ദ്ര സബ്സിഡി ലഭിക്കുന്നതാണ്.

ഉയരവ്യത്യാസം കുറഞ്ഞ പുഴകളിലും തോടുകളിലും ചെറുകിട ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള 'വോർട്ടക്സ് ടർബയിനുകൾ 'ഘടിപ്പിച്ചുള്ള ഒരു പദ്ധതി തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിവരുന്നു. 10 kW-ന്റെ രണ്ട് വോർട്ടക്സ് ടർബയിനുകളാണ് ഈ പദ്ധതിയിലുള്ളത്.

ഇതുപോലെ മറ്റൊരു സാങ്കേതികവിദ്യയായ കൈനെറ്റിക് അഥവാ വെലോസിറ്റി ടർബയിനുകൾ ഇ.എം.സി. ഇതിനോടകം നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനിൽ സ്ഥാപിച്ച് വിജയകരമായി വൈദ്യുതി ഉൽപ്പാദിപ്പിച്ചു കൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള കൈനെറ്റിക് ടർബയിനുകൾ കെ.എസ്.ഇ.ബി.എൽ.ന്റെ കക്കാട് ജലവൈദ്യുത പ്ലാന്റിന്റെ ടെയിൽറെയിസിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സംസ്ഥാനത്തിന്റെ വൈദ്യുതോൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിൽ അക്ഷയ ഊർജ്ജസ്രോതസ്സുകൾക്ക് ഗണ്യമായ പങ്ക് നൽകുന്ന രീതിയിൽ അനെർട്ടിന്റെ വാർഷിക പദ്ധതികൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര മന്ത്രാലയത്തിന്റെകീഴിലുള്ള Solar Energy Corporation of India-യുടെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽമുടക്കില്ലാതെതന്നെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാദ്ധ്യമാകുന്ന എല്ലാ സ്വകാര്യ കെട്ടിടങ്ങളുടെയും മേൽക്കൂരയിൽ പ്ലാന്റ് സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. മൂന്ന് വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം ഇത്തരത്തിൽ ലക്ഷ്യമിടുന്നു.

(ബി) നിർമ്മാണം നടന്നുവരുന്ന 10 ജലവൈദ്യുത പദ്ധതികളുടെ (ആകെ 190.5 മെഗാവാട്ട്) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ന്റെ നേതൃത്വത്തിൽ അടുത്ത മൂന്നു വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ നിലയങ്ങൾ വഴി സാദ്ധ്യമാക്കാനുദ്ദേശിക്കുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

നിർമ്മാണഘട്ടത്തിലിരിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ നൽകിയ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 4.5MW-ന്റെ അരിപ്പാറ, 8MW-ന്റെ ആനക്കാംപൊയിൽ പദ്ധതികൾ ഈ വർഷം അവസാനത്തോടെ കമ്മീഷൻ ചെയ്യുവാൻ കഴിയുന്നവിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ വൈദ്യുതോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിൽ അക്ഷയ ഊർജ്ജസ്രോതസ്സുകൾക്ക് ഗണ്യമായ പങ്ക് നൽകുന്ന രീതിയിൽ അനെർട്ടിന്റെ വാർഷിക പദ്ധതികൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര മന്ത്രാലയത്തിന്റെകീഴിലുള്ള Solar Energy Corporation of India-യുടെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽ മുടക്കില്ലാതെതന്നെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാദ്ധ്യമാകുന്ന എല്ലാ സ്വകാര്യ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ പ്ലാന്റ് സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. മൂന്ന് വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം ഇത്തരത്തിൽ ലക്ഷ്യമിടുന്നു.

## ജലവൈദ്യുത പദ്ധതികൾ

211 (2487) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുമതി ലഭിച്ചശേഷം നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന എത്ര ജല വൈദ്യുത പദ്ധതികൾ സംസ്ഥാനത്തുണ്ട്; ഇപ്രകാരം പൂർത്തിയാകാതെ കിടക്കുന്ന ജല വൈദ്യുത പദ്ധതികൾക്കായി ഇതുവരെ സർക്കാർ ചെലവഴിച്ച തുകയെത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിലെ ജല വൈദ്യുതി ഉൽപ്പാദനശേഷി ഇപ്പോൾ എത്രയാണ്; കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ഇത് എത്ര മാത്രം വർദ്ധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ജല വൈദ്യുതി ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുമതി ലഭിച്ചശേഷം നിർമ്മാണം ആരംഭിച്ച് പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികളൊന്നും ഇപ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതി, തൊട്ടിയാർ, ചാത്തൻകോട്ടുനട എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ചു.

(ബി) 31-3-2018-ലെ കണക്കുപ്രകാരം കേരളത്തിലെ ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദനശേഷി 2112 മെഗാവാട്ടാണ്. 1998 മാർച്ച് മാസത്തെ കണക്കുപ്രകാരം ഇത് 1688 മെഗാവാട്ടായിരുന്നു. 20 വർഷത്തിനുള്ളിൽ ഏകദേശം 424 മെഗാവാട്ടിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തങ്ങൾ ഷോളയാർ, ഇടുക്കി നിലയങ്ങളിൽ നടന്നുവരുന്നു.

ജലവൈദ്യുത ഉൽപ്പാദനശേഷി വർദ്ധിപ്പിക്കാൻ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i. സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് Built Own Operate & Transfer (BOOT) രീതിയിൽ ഇൻഡിപെൻഡന്റ് പവർ പ്രോജക്ട് (IPP) ക്യാപ്റ്റീവ് പവർ പ്രോജക്ട് വിഭാഗത്തിൽ പദ്ധതികൾ അനുവദിച്ചുവരുന്നു.

ii. സ്വന്തമായുള്ള ഭൂമിയിലൂടെയോ സ്വന്തം ഭൂമിയുടെ വശങ്ങളിലൂടെയോ ഒഴുകുന്ന വെള്ളത്തിൽനിന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുവാനും മേൽപ്പറഞ്ഞ നയം വിഭാവനം ചെയ്യുന്നു.

iii. കേന്ദ്ര സർക്കാരിന്റെ നവീനനവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെ (Central Financial Assistance - CFA) വികേന്ദ്രീയ ഊർജ്ജ ഉൽപ്പാദനത്തിനായി പീക്കോ ടർബയിനുകൾ (5KW താഴെശേഷിയുള്ള) കേരളത്തിൽ സ്ഥാപിച്ചു വരുന്നു. ഉപഭോക്താവിന് ഇത്തരം പദ്ധതികൾക്ക് 1.50 ലക്ഷം രൂപ വരെ കേന്ദ്ര സബ്സിഡി ലഭിക്കുന്നതാണ്.

iv. ഉയരവ്യത്യാസം കുറഞ്ഞ പുഴകളിലും തോടുകളിലും ചെറുകിട ജലവൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു കൊണ്ടിരിക്കുന്നു. കൃത്രിമമായി ചുഴി സൃഷ്ടിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള 'വോർട്ടക്സ് ടർബയിനുകൾ' ഘടിപ്പിച്ചുള്ള ഒരു പദ്ധതി തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കി വരുന്നു. 10 kW-ന്റെ രണ്ട് വോർട്ടക്സ് ടർബയിനുകളാണ് ഈ പദ്ധതിയിലുള്ളത്.

v. ഇതുപോലെ മറ്റൊരു സാങ്കേതികവിദ്യയായ കൈനെറ്റിക് അഥവാ വെലോസിറ്റി ടർബയിനുകൾ ഇ.എം.സി. ഇതിനോടകം നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷനിൽ സ്ഥാപിച്ച് വിജയകരമായി വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഇത്തരത്തിലുള്ള കൈനെറ്റിക് ടർബയിനുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ കക്കാട് ജലവൈദ്യുത പ്ലാന്റിന്റെ ടെയിൽറെയിസിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## ഭൂഗർഭ വൈദ്യുതി വിതരണ സംവിധാനം

212 (2488) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>

<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വിതരണ ശൃംഖല ആധുനികവൽക്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഭൂഗർഭ വൈദ്യുതി വിതരണ സംവിധാനം സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സംവിധാനം സംസ്ഥാനം മുഴുവൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2021-ഓടുകൂടി ലോകോത്തര നിലവാരത്തിനനുള്ളതും തടസ്സ രഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ ശൃംഖല ആധുനികവൽക്കരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി HT വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.ലിമിറ്റഡ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വിതരണ ശൃംഖല ആധുനികവൽക്കരിക്കുന്നതിന് കേന്ദ്ര പദ്ധതികളായ ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY), ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (IPDS) എന്നീ പദ്ധതികളിൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

| നമ്പർ | പ്രവൃത്തി | പദ്ധതി (DDUGJY) | പദ്ധതി (IPDS) |
|---|---|---|---|
| 1 | 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കേബിൾ | 268.39 കി.മീ | 1152 കി. മീ. |
| 2 | എൽ.റ്റി. ഏരിയൽ ബഞ്ച്ഡ് കേബിൾ | 107.60 കി.മീ. | |
| | ആകെ ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി) | 375.99 കി. മീ. | 1152 കി. മീ |

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ R-APDRP, IPDS എന്നിവയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ജില്ലകളിലും യു.ജി. കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുതി മുടങ്ങുന്നത് തടയാൻ നടപടി

213 (2489) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് 25 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 24 മണിക്കൂറിലധികം വൈദ്യുതി മുടങ്ങിയ ഏതെങ്കിലും പ്രദേശം കേരളത്തിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം സെക്ഷനുകളിലാണ് വൈദ്യുതി തടസ്സപ്പെട്ടതെന്നും എത്ര മണിക്കൂർ എത്ര ഉപഭോക്താക്കളാണ് ഇരുട്ടിലായതെന്നും വ്യക്തമാക്കാമോ;

(സി) ഇത്രയും നീണ്ടസമയം വൈദ്യുതി മുടങ്ങാനുള്ള കാരണമെന്തായിരുന്നുവെന്നും ഇത്തരം അവസ്ഥ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2018 മേയ് 25 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 24 മണിക്കൂറിലധികം വൈദ്യുതിതടസ്സം ഉണ്ടായ സെക്ഷനുകൾ ഏതൊക്കെയെന്നും എത്ര ഉപഭോക്താക്കളെ അത് ബാധിച്ചുവെന്നും എത്ര സമയം വൈദ്യുതി തടസ്സം നീണ്ടുനിന്നുവെന്നുമുള്ള ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ലയുടെ പേര് | സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം | സമയം (മണിക്കൂർ) |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | ആര്യനാട് | 40 | 72 |
| | കോളേജ് | 48 | 26.5 |
| | നെല്ലിക്കുന്ന് | 750 | 27 |
| | തൃക്കരിപ്പൂർ | 620 | 26 |

| (1) | (2) | (3) | (4) |
|---|---|---|---|
| എറണാകുളം | കയ്യൂർ | 800 | 30-35 |
| | രാജപുരം | 1750 | 18-48 |
| | പിലിക്കോട് | 176 | 25 |
| കാസർഗോഡ് | വോർക്കാടി | 250 | 26 |
| | ബളാംതോട് | 1000 | 68-96 |
| | മാവുങ്കൽ | 308 | 26-28 |
| കണ്ണൂർ | മാതമംഗലം | 60 | 24-48 |
| | ആലക്കോട് | 45 | 70 |
| | തളിപ്പറമ്പ് | 6500 | 72 |
| | കേളകം | 79 | 32-36 |
| വയനാട് | പുൽപ്പള്ളി | 2000 | 24-30 |

(സി) വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുള്ളത് മരങ്ങൾ ലൈനുകളിലേയ്ക്ക് വീണ് കമ്പികളും പോസ്റ്റുകളും പൊട്ടിവീഴുക, പ്രകൃതിക്ഷോഭംമൂലം പ്രതിഷ്ഠാപനങ്ങൾക്ക് സംഭവിക്കുന്ന തകരാറുകൾ തുടങ്ങിയവമൂലവുമാണ്. 2021-ാം വർഷത്തോടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, എ.ബി.സി., ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ

വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**നേമം മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകൾ**

214 (2490) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ ഏതെങ്കിലും വീടുകളിൽ ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകളുണ്ടെങ്കിൽ എന്ത് കാരണത്താലാണ് അവിടെ വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതെന്നും വൈദ്യുതി എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(സി) നേമം നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകൾ എത്രയെന്ന് വാർഡ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ - സി) നേമം മണ്ഡലത്തിൽ ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുതായി വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് റെഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ കണക്ഷൻ നൽകുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

215 (2491) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട്, 1980 -ലെ വനസംരക്ഷണ നിയമപ്രകാരം അനുമതി ലഭിക്കേണ്ട എത്ര അപേക്ഷകളാണ് നിലവിൽ ഉള്ളത് എന്നും അപേക്ഷയുടെ വിശദാംശങ്ങളും നൽകാമോ;

(ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വാമനപുരം നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കൈതകുഴി, ഇലവട്ടം എന്നീ കോളനികളിലെ 6 ഗുണഭോക്താക്കൾക്കും ഇലഞ്ചിയം കോളനിക്കടുത്ത് 2 ഗുണഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുന്നതിനായി 4 അപേക്ഷകൾ 27-12-2016, 29-1-2017, 30-1-2017 എന്നീ തീയതികളിൽ വനം വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഊർജ്ജ ഓഡിറ്റിംഗ്**

216 (2492) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ സ്ഥാപനങ്ങളിലും വാണിജ്യ സ്ഥാപനങ്ങളിലും വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്താനുദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ ;

(ഡി) എനർജി മാനേജ്മെന്റ് രംഗത്ത് പുതിയ പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഊർജ്ജ ഉപഭോഗം പരമാവധി കുറയ്ക്കുന്നത് സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേന എന്തെല്ലാം അവബോധ പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT/EHT) ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്നതിനുവേണ്ടി എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ

എംപാനൽ ചെയ്തിട്ടുണ്ട്. ഇവയുടെ വിശദ വിവരങ്ങൾ ഇ.എം.സി.-യുടെ website-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഊർജ്ജ ഓഡിറ്റിംഗ് സുഗമമാക്കുന്നതിനായി "എനർജി ഓഡിറ്റ് മാന്വൽ" എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ 4 സർക്കാർ കെട്ടിടങ്ങളിലും 2015-16-ൽ 3 സർക്കാർ കെട്ടിടങ്ങളിലും 2016-17-ൽ 5 സർക്കാർ കെട്ടിടങ്ങളിലും 2017-18-ൽ 6 സർക്കാർ കെട്ടിടങ്ങളിലും സൗജന്യമായി ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ഊർജ്ജ ഓഡിറ്റ് സബ്സിഡി വിതരണ പദ്ധതി പ്രകാരം 2014-15-ൽ 18 സ്ഥാപനങ്ങൾക്കും 2015-16-ൽ 10 സ്ഥാപനങ്ങൾക്കും 2016-17-ൽ 9 സ്ഥാപനങ്ങൾക്കും 2017-18-ൽ 5 പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഊർജ്ജ ഓഡിറ്റ് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്.

ചെറുകിട ഊർജ്ജ ഉപഭോക്താക്കൾക്കുള്ള പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ 53 സ്ഥാപനങ്ങളിലും 2016-17 സാമ്പത്തിക വർഷത്തിൽ 79 സ്ഥാപനങ്ങളിലും 2017-18-ൽ 68 സ്ഥാപനങ്ങളിലും സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തുകയുണ്ടായി. സർക്കാർ/സ്വകാര്യ മേഖലയിലെ ഓഫീസുകൾ, ഐ.ടി. പാർക്കുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവയടക്കം 240 സ്ഥാപനങ്ങളിൽ പ്രാഥമിക ഊർജ്ജകാര്യക്ഷമതാ പഠനം നടത്തിയിട്ടുണ്ട്. 15 മുതൽ 30 ശതമാനം വരെ വൈദ്യുതി ലാഭിക്കാമെന്ന് കണക്കാക്കിയിട്ടുണ്ട്.

ഇതിന്റെ തുടർച്ചയായി പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി മുപ്പതോളം സ്ഥാപനങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കണ്ടെത്തുകയും 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും, ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ്ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ

5. സിവിൽ സ്റ്റേഷൻ, എറണാകുളം

6. സിവിൽ സ്റ്റേഷൻ, കോട്ടയം

7. ഹൈക്കോടതി കെട്ടിടം, കൊച്ചി

8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം

9. മൻമോഹൻ ബംഗ്ലാവ്, തിരുവനന്തപുരം

ഈ 9 കെട്ടിടങ്ങളിൽ പ്രതിവർഷം 0.86 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ എസ്കോർട്ട് വിഭാഗം ഇതുവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇപ്പോൾ കാര്യവട്ടം യൂണിവേഴ്സിറ്റിയുടെയും ശ്രീ. ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെയും എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

(ബി) വാണിജ്യ സ്ഥാപനങ്ങളിലെ ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 100kWA-ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കി കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് വിഷയമാക്കി 30 പരിശീലന പരിപാടികൾ പൊതുമരാമത്ത്, നഗരാസൂത്രണം, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ലൈസൻസ്ഡ് എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, ബിൽഡർമാർ, കോർപ്പറേഷനുകൾ എന്നിവയുമായി സഹകരിച്ച് നടത്തുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ 250 എഞ്ചിനീയർമാർക്ക് വിശദമായ പഠനക്ലാസ്സുകൾ നടത്തുകയുണ്ടായി.

കെട്ടിടങ്ങളിൽ ഊർജ്ജസംരക്ഷണം എങ്ങനെ പ്രാവർത്തികമാക്കാം എന്നതിന് മാതൃകയാണ് ഇ.എം.സി.-യുടെ പുതിയ ഓഫീസ് മന്ദിരം. ഈ കെട്ടിടം എനർജി പോസിറ്റീവും കാർബൺ നെഗറ്റീവുമായിട്ടുള്ളതാണ്. സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച്, അധികം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നു. കാറ്റും വെളിച്ചവും പരമാവധി ഉപയോഗിക്കുന്നതുകൊണ്ട് പകൽസമയങ്ങളിൽ വൈദ്യുതി വിളക്കുകൾ ആവശ്യമില്ലാത്ത രീതിയിലാണ് ഇതിന്റെ രൂപകൽപ്പന.

വിഭവ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സാധാരണ ബൾബുകൾ മാറ്റി ട്യൂബ് ലൈറ്റുകൾ, എൽ.ഇ.ഡി.-കൾ എന്നിവ ഉപയോഗിക്കാനും ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുവാനും വൈദ്യുതോപകരണങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 10% ഊർജ്ജ ഉപഭോഗം കുറയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എല്ലാ സിവിൽ സ്റ്റേഷനുകളിലും മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) എനർജി മാനേജ്മെന്റ് സെന്റർ എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നു. ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഗവേഷണ പദ്ധതികൾക്ക് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നുണ്ട്.

കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്, ഐ.ടി.ഐ. മുതലായ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി കണ്ടുപിടുത്തങ്ങൾ നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി. നൽകിവരുന്നു. ഇതിനോടൊപ്പം വിദ്യാർത്ഥികൾക്ക് പുതിയ ആശയങ്ങൾ ഉള്ളപക്ഷം അവ വികസിപ്പിച്ച് എടുക്കുവാൻ സാങ്കേതിക സഹായവും നൽകിവരുന്നു.

ഊർജ്ജസംരക്ഷണ രംഗത്തെ നൂതന ആശയങ്ങൾക്കും ഗവേഷണങ്ങൾക്കും വ്യക്തിയുടെ വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമാക്കാതെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇ.എം.സി.-യിൽനിന്നും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

(ഇ) പത്രങ്ങളിലും മാസികകളിലും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ അടങ്ങിയ പരസ്യങ്ങൾക്കു പുറമെ വായനക്കാർക്കായി ഊർജ്ജ സംരക്ഷണ മത്സര പരിപാടികളും നടത്താറുണ്ട്. ദൃശ്യ മാധ്യമങ്ങളിൽ ഊർജ്ജ സംരക്ഷണം വിഷയമായുള്ള ഹ്രസ്വ ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററികൾ, പരസ്യങ്ങൾ എന്നിവ നൽകുന്നുണ്ട്.

## വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള പദ്ധതി

217(2493) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുത ബിൽ ഓൺ ലൈനായി അടയ്ക്കുന്നതിന് കെ.എസ്.ഇ.ബി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ വൈദ്യുതിച്ചാർജ് ഓൺലൈനായി അടയ്ക്കാൻ സംവിധാനമുണ്ട്. വെബ്സൈറ്റ് മുഖേനയും മൊബൈൽ ആപ്പ് മുഖേനയും, പേ.ടി.എം. അടക്കമുള്ള പേമെന്റ് വാലറ്റുകൾ മുഖാന്തരവും വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ

- ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റവുമായി വിനിമയ സമന്വയം സാദ്ധ്യമാക്കി ഓൺലൈനായി വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനം ഉടൻ നിലവിൽവരും.
- കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ "Ease of Doing Business" പോർട്ടലായ സ്വിഫ്റ്റ് വഴി വൈദ്യുതി കണക്ഷനുള്ള ബില്ലടയ്ക്കാനുള്ള സൗകര്യം സജ്ജമായി വരുന്നു.

## ഊർജ്ജ സംരക്ഷണ പദ്ധതികൾ

218 (2494) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു യൂണിറ്റ് വൈദ്യുതിയുടെ ദുരുപയോഗം ഒഴിവാക്കുന്നത് ഒന്നേകാൽ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തുല്യമായതിനാൽ ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) എല്ലാ വീടുകളിലെയും പൊതു നിരത്തുകളിലെയും ഫിലമെന്റ്, സി.എഫ്.എൽ. ബൾബുകൾക്ക് പകരം എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) വൈദ്യുതി ദുരുപയോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; എൽ.ഇ.ഡി. ബൾബുകളെ നന്നാക്കി പുനരുപയോഗിക്കാൻ ഇ.എം.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) വൈദ്യുതി ഉപയോഗം സ്വയം നിയന്ത്രിക്കാൻ ഉപഭോക്താക്കൾക്ക് അവസരം നൽകുന്നതും വൈദ്യുതി മോഷണം തടയാൻ പര്യാപ്തവുമായ സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജോപയോഗം കൂടിയ വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് ഫലപ്രദമായി നടത്തുന്നതിന് ഇ.എം.സി.-യുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ എംപാനൽ ചെയ്ത് ലിസ്റ്റ് ഇ.എം.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയും ഊർജ്ജസംരക്ഷണ നിയമ വകുപ്പനുസരിച്ചും സംസ്ഥാന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആയിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കി വരുന്നു.

കുട്ടികളുടെ ഇടയിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിന് സ്മാർട്ട് എനർജി പരിപാടികളും 550 സ്കൂളുകളിൽ ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങൾ നൽകുന്നതിനുള്ള പരിപാടിയും 41 സ്കൂളുകളിൽ അനെർട്ടുമായി സഹകരിച്ച് സൗരോർജ്ജ പദ്ധതിയും നടപ്പിലാക്കിവരുന്നു. ഗാർഹിക മേഖലയിൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക്ക് നടത്തിവരുന്നു. പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.

ഗ്രാമപഞ്ചായത്തുകൾ മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ ആക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിൽ കുറഞ്ഞ നിരക്കുകളിൽ എൽ.ഇ.ഡി. ബൾബുകളും അവിടെയുള്ള സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമതയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്.

ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ പ്രാഥമിക എനർജി ഓഡിറ്റിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ പകുതിയോ 50,000 രൂപയോ ഏതാണ് കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജകാര്യക്ഷമതാ പഠനങ്ങൾ നടത്തി മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിലാണ് അവാർഡ് പ്രവർത്തനം ഏകോപിപ്പിക്കുന്നത്. 2017-ൽ വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നീ 6 വിഭാഗങ്ങളിലായാണ് അവാർഡ് നൽകിയത്.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൻ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ 1.35 കോടി ബൾബുകൾ വിതരണം ചെയ്ത് കഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളിൽ 13.15 കോടിയോളം രൂപ ജില്ലാ പഞ്ചായത്തുകൾ അടച്ചുകഴിഞ്ഞു. ഏകദേശം 1.29 മെഗാവാട്ട് ഉൽപ്പാദന ശേഷിയാണ് ഇതിൽനിന്നും പ്രതീക്ഷിക്കുന്നത്. കളക്ടറേറ്റ് കെട്ടിടങ്ങളിൽ 1.9 മെഗാവാട്ട് സ്ഥാപിത ശേഷിയാണ് പ്രതീക്ഷിക്കുന്നത്.

വിതരണ മേഖലയിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനായി അടിമാലി ഡിവിഷന്റെ കീഴിൽ രാജാക്കാട്, അടിമാലി എന്നീ സെക്ഷനുകളുടെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകൾ നവീകരിക്കുകയും ഇതുകൂടാതെ ഒല്ലൂർ സെക്ഷന്റെ പരിധിയിലുള്ള ട്രാൻസ്ഫോർമറുകളുടെ നവീകരണവും നടത്തിവരുന്നു.

സബ്സ്റ്റേഷൻ ഊർജ്ജ ഓഡിറ്റിന്റെ ഭാഗമായി എടപ്പോൺ 220KV സബ്സ്റ്റേഷൻ വർക്കുകൾ പൂർത്തീകരിച്ചു.

പത്തനംതിട്ടയിൽ കോന്നി സെക്ഷന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് (എച്ച്.വി.ഡി.എസ്.) പദ്ധതി മുഖേന തടസ്സം കൂടാതെയുള്ള വൈദ്യുതി വിതരണം മെച്ചപ്പെടുത്തി. ഈ പദ്ധതിയുടെ ഭാഗമായി പാലക്കാട് ഡിവിഷനിൽ സുൽത്താൻപേട്ട് സെക്ഷന്റെ പരിധിയിലുള്ള വർക്കുകളുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

ഇരാറ്റുപേട്ടയിൽ ജലധാര കുടിവെള്ള പദ്ധതിയിൽപ്പെട്ട കടുവാമൂഴിയിലെ ഊർജ്ജകാര്യക്ഷമതയില്ലാത്ത പമ്പിംഗ് സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായം സ്ഥാപിച്ച് പ്രദേശവാസികൾക്ക് വെള്ളം പമ്പ് ചെയ്തു നൽകുന്നു.

എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി.

വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുത്തുന്നതിലേയ്ക്കായി നാഷണൽ സർവീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ബോർഡിൽ ലഭിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ സബ്ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജസംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേഴ്സ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

(ബി) സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കെ.എസ്.ഇ.ബി.എൽ. ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കുന്നതിനായി നിരവധി ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്കരിച്ചിട്ടുണ്ട്.

വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജോപയോഗം കൂടിയ വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് ഫലപ്രദമായി നടത്തുന്നതിന് ഇ.എം.സി.-യുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ എം.പാനൽ ചെയ്ത് ലിസ്റ്റ് ഇ.എം.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കെട്ടിടങ്ങൾ ഊർജ്ജ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയും ഊർജ്ജസംരക്ഷണ നിയമ വകുപ്പനുസരിച്ചും സംസ്ഥാന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആയിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കി വരുന്നു.

പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.കൾ സർവീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജകിരൺ പരിപാടി നടത്തിവരുന്നു.

ഗാർഹിക മേഖലയിൽ പ്രത്യേകിച്ച് വീടുകളിൽ ഊർജ്ജ സംരക്ഷണം വിദ്യാർത്ഥികളിലൂടെ സാദ്ധ്യമാക്കുന്നതിനും അതുവഴി സംസ്ഥാനത്തെ ഊർജ്ജ ഉപഭോഗത്തിൽ കാര്യമായ കുറവുണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. അതുപോലെതന്നെ വീട്ടമ്മമാരിലൂടെ വൈദ്യുത ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ എനർജി ക്ലിനിക്ക് പദ്ധതിയും നടപ്പാക്കി വരുന്നു.

ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകളും നൽകിവരുന്നുണ്ട്. 2017-18-ലെ കണക്കുപ്രകാരം 464 മില്ല്യൺ യൂണിറ്റ് വൈദ്യുതിയും 5347 മെട്രിക് ടൺ ഓയിലും അവാർഡ് അപേക്ഷകർക്ക് ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ പ്രാഥമിക എൻർജി ഓഡിറ്റിന് 10,000 രൂപ സബ്സിഡി നൽകുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റ് നടപ്പിലാക്കുന്നതിനുള്ള ചെലവിന്റെ പകുതിയോ 50,000 രൂപയോ ഏതാണ് കുറവ് ആ തുക സബ്സിഡിയായി നൽകുന്നു. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമതാ പഠനങ്ങൾ നടത്തി മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

എൻ.എസ്.എസ്. ടെക്നിക്കൽ സെല്ലിന്റെ ഭാഗമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കുട്ടികൾക്ക് എൽ.ഇ.ഡി. ബൾബുകളുടെ പുനരുപയോഗവുമായി ബന്ധപ്പെട്ട പരിശീലനം ഇ.എം.സി.-യുടെ എസ്.ഇ.പി. ടെക്നിക്കൽ പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

(ഡി) ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 230 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗം ഉള്ള 3.2 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി വൈദ്യുതി മോഷണം തടയാൻ പര്യാപ്തമായ സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 64.36 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60% ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

## സോളാർ പവർ പ്രോത്സാഹനം

219 (2495) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനുവേണ്ടി സോളാർ പവർ പ്രോത്സാഹനത്തിന് അനെർട്ട് നടത്തുന്ന പരിപാടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്തൊക്കെ സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു എന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) സോളാർ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് ഫലപ്രദമായി ഇടപെട്ടുവരുന്നു. മേൽക്കൂരകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സോളാർ-സ്മാർട്ട്, സോളാർ കണക്ട് പദ്ധതികൾ ഈ ലക്ഷ്യം മുന്നിൽകണ്ടാണ് നടപ്പാക്കുന്നത്. വൈദ്യുതി വിതരണ ഗ്രിഡുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിന് ബാറ്ററി സംഭരണത്തോടുകൂടി സൗരോർജ്ജ വൈദ്യുതി ഉപയോഗപ്പെടുത്താവുന്ന സംവിധാനമാണ് സോളാർ സ്മാർട്ട് പദ്ധതി.

വീടുകൾക്ക് ഒരു കിലോവാട്ട് മുതൽ മൂന്ന് കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. ഈ പദ്ധതി വഴി 2022-ഓടുകൂടി 50 മെഗാവാട്ട് സ്ഥാപിത ശേഷി ലക്ഷ്യമിടുന്നു.

സൗരോർജ്ജ പവർ പ്ലാന്റിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി KSEBL-ന്റെ വിതരണ ഗ്രിഡിലേയ്ക്ക് നൽകുന്ന സോളാർ കണക്ട് പദ്ധതിയും അനെർട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ ഈ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കാവുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾക്കും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ/ട്രസ്റ്റുകൾ മുതലായവയ്ക്ക് 30% കേന്ദ്ര സർക്കാർ സബ്സിഡിയും സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വഴി 20% സബ്സിഡിയുമാണ് ലക്ഷ്യമാക്കിയിരിക്കുന്നത്.

ഈ പദ്ധതികൾ മുഖേന 2022-ഓടുകൂടി 250 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിടുന്നു.

(ബി) 2 കിലോവാട്ട് മുതൽ 500 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിതമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർമ്മാണ ചെലവിന്റെ ഏകദേശം 30% MNRE (Ministry of New and Renewable Energy) സബ്സിഡിയായി ലഭ്യമാക്കുന്ന പദ്ധതി അനെർട്ടിൽ നിലവിലുണ്ട്. കൂടാതെ ഇതിനകം രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ ഏകദേശം 30% MNRE സബ്സിഡിയോടുകൂടി അനെർട്ട് മുഖേന ലഭ്യമാക്കിവരുന്നു. 2 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന സബ്സിഡി ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സോളാർ വൈദ്യുതി ഉൽപ്പാദനം

220 (2496) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം നിലവിൽ എത്ര മെഗാവാട്ടാണ്; പ്രസ്തുത ഉൽപ്പാദനം 500 മെഗാവാട്ടായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സർക്കാർ കെട്ടിടങ്ങളുടെയും വീടുകളുടെയും മുകളിൽ സോളാർ പാനൽ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പൂർണ്ണതോതിൽ വിജയപ്രദമാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ സൗരോർജ്ജ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 108.926372 മെഗാവാട്ട് ആണ്. ഇതിൽനിന്നും പ്രതിദിനം 0.365993 മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നു.

പുനരുപയോഗ ഊർജ്ജ സ്രോതസുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021-ഓടുകൂടി 1050 മെഗാവാട്ട് വൈദ്യുതി, കെ.എസ്.ഇ.ബി. ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരപദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പ്രോജക്റ്റിന്റെ പരിധി

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |
| കെ.എസ്.ഇ.ബി.എൽ.-ന്റെ റിസർവോയറുകൾ കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ | 150 മെഗാവാട്ട് |
| സോളാർ പാർക്കുകൾ വഴി | 100 മെഗാവാട്ട് |
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| വെസ്റ്റ് കല്ലട, എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമി, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| ആകെ | 1050 മെഗാവാട്ട് |

അനെർട്ട് വഴി മാത്രം ഇതുവരെ 24 മെഗാവാട്ട് സൗരവൈദ്യുത പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ മുകളിലായിട്ട് 22 മെഗാവാട്ടും പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് നിലയവും സ്ഥാപിച്ചിട്ടുണ്ട്. 1000 മെഗാവാട്ട് സൗരവൈദ്യുതി പ്ലാന്റുകൾ 3 വർഷത്തിനുള്ളിൽ സ്ഥാപിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) നിലവിൽ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള സൗരവൈദ്യുതി നിലയങ്ങളുടെ ശേഷി 22 മെഗാവാട്ട് ആണ്. ആദ്യഘട്ടത്തെ പ്രവർത്തനമാണിത്. രണ്ടാം ഘട്ടത്തിൽ കെട്ടിട മേൽക്കൂരകൾ, ജലോപരിതലം, കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്.

വിവിധ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് ഡി.പി.ആർ. തയ്യാറാക്കി നൽകുകയും തുടർന്ന് പദ്ധതികൾക്ക് ആവശ്യമായി വരുന്ന തുക കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒടുക്കുന്ന മുറയ്ക്ക് ജോലികൾ കരാറടിസ്ഥാനത്തിൽ ചെയ്തു വരുന്നു. കളക്ടറേറ്റുകളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് നൽകുന്നത് അനെർട്ട് മുഖേനയാണ്. ഇപ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ കഴിയുന്നതാണ്.

കൃഷിയോഗ്യമല്ലാത്ത ഭൂമിയുടെ അപര്യാപ്തതയാണ് സൗരോർജ്ജ വ്യാപനത്തിന് കേരളത്തിന്റെ പ്രധാന തടസ്സം.

## ചിറ്റൂരിൽ ചെറുകിട സോളാർ യൂണിറ്റുകൾ

221 (2497) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റൂർ നിയോജകമണ്ഡലത്തിലെ കൃഷിയിടങ്ങളിൽ ചെറുകിട സോളാർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ സാധ്യതാ പഠനം അനെർട്ട് നടത്തുകയുണ്ടായോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. ചിറ്റൂർ നിയോജകമണ്ഡലത്തിൽ കാർഷികാവശ്യത്തിനായി പമ്പ് സെറ്റുകൾ ഉപയോഗിക്കുന്ന കർഷകർക്ക് വൈദ്യുതി ആവശ്യത്തിനായി സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം അനെർട്ട് നടത്തി. ഈ പഠനത്തിന്റെ ഭാഗമായി 100 കർഷകർക്ക് പമ്പ് സെറ്റുകൾക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുവാൻ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പരിപാടി 2018-19 പദ്ധതിയിൽ അനെർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്.

2 മുതൽ 10 HP വരെ ശേഷിയുള്ള പമ്പുകൾ പ്രവർത്തിപ്പിക്കാനാണ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. ഇതിന് ആവശ്യമായ ചെലവിന്റെ 60% തുകയായ 3 കോടി രൂപ അനെർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം

222 (2498) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ നിലയം എന്ന പദ്ധതി നടപ്പിലാക്കി തുടങ്ങിയോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) കുട്ടനാട് മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ കെട്ടിടങ്ങൾ പ്രസ്തുത പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

കെ.എസ്.ഇ.ബി.എൽ. വഴി കളക്ടറേറ്റുകൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ശൃംഖലാബന്ധിത സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം ജില്ലാ കളക്ടറേറ്റുകളിൽ ആകെ 380kWp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആകെ 1100kWp ശേഷിയുള്ള സൗരോർജ്ജ പ്ലന്റുകളും സ്ഥാപിക്കാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡും അനെർട്ടും പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം എന്ന പദ്ധതി നലപ്പിലാക്കാനുള്ള വിശദമായ ടെണ്ടർ രേഖകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കിവരുന്നു. കേന്ദ്ര മന്ത്രാലയത്തിന്റെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽ മുടക്കില്ലാതെ തന്നെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) കുട്ടനാട് മണ്ഡലത്തിൽ സർക്കാർ കെട്ടിടങ്ങൾ പ്രസ്തുത പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം

223 (2499) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച മന്ത്രിസഭാ തീരുമാനങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിൽ ഉദ്ദേശിച്ച പുരോഗതി കേരളം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പാലക്കാട് ജില്ലയിലെ അഗളി-അട്ടപ്പാടി പ്രദേശത്ത് 8 MW മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ NHPC-ക്ക് മന്ത്രിസഭാ തീരുമാന പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രസ്തുത സംരംഭം നടപ്പിലാക്കുന്നതിലേയ്ക്കായി അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2012-ലെ 'Small Hydro Policy' പ്രകാരം 2017-ഓടെ 150 മെഗാവാട്ടിന്റെ വർദ്ധന ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും സ്വകാര്യ പങ്കാളിത്തം വഴി ലക്ഷ്യമിടുന്നു. എന്നാൽ ഏകദേശം 38.41 മെഗാവാട്ട് വർദ്ധന മാത്രമാണ് KSEB-യുടേത് ഉൾപ്പെടെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും നടപ്പിലായത്.

ജലവൈദ്യുത പദ്ധതി സാദ്ധ്യതാ പ്രദേശങ്ങൾ വനം മേഖലയിലാണെന്നതുകൊണ്ട് വനം-പരിസ്ഥിതി വിഷയങ്ങളാൽ തടസ്സപ്പെടുന്നു. സൗരോർജ്ജ പദ്ധതികൾക്കുവേണ്ട ഭൂമി ലഭ്യതക്കുറവ്, കാറ്റിൽ നിന്നുള്ള പദ്ധതികളുടെ സാദ്ധ്യതാ പ്രദേശങ്ങൾ പശ്ചിമഘട്ട മേഖലയിലായതിനാൽ വേണ്ട ഭാരവും വലിപ്പവുമേറിയ സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയവ പദ്ധതികൾ നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

ഇന്ത്യയിലെ ജനസാന്ദ്രതയേറിയതും സ്ഥലദൗർലഭ്യമുള്ളതുമായ സംസ്ഥാനമാണ് കേരളം. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗരോർജ്ജം എന്നിവയിൽ നിന്നും ഒരു മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് നാലുമുതൽ അഞ്ച് ഏക്കറോളം സ്ഥലം ആവശ്യമായി വരും. കെ.എസ്.ഇ.ആർ.സി.-യുടെ 2-11-2017-ലെ നോട്ടിഫിക്കേഷൻ നമ്പർ 442/CT/2015/KSERC Thiruvananthapuram പ്രകാരം 2017-18-ലേയ്ക്ക് 1.5% (ie,130.77MW) വൈദ്യുതി സൗരോർജ്ജത്തിൽ നിന്നും ഉൽപ്പാദിപ്പി ക്കേണ്ടതായിരുന്നു. മേൽപ്പറഞ്ഞ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും 2017-18 സാമ്പത്തിക വർഷം 1.23% (ie, 107.166 MW) ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞു.

അനെർട്ട് പാരമ്പര്യേതര ഊർജ്ജോൽപ്പാദന രംഗത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന രംഗത്ത് കേരളത്തിലെ സ്ഥല ദൗർലഭ്യം ഒരു പ്രധാന പരിമിതിയാണ്. ഇത് കണക്കിലെടുത്ത് പുരപ്പുറ (Roof Top) സൗരോർജ്ജ വൈദ്യുതി ഉൽപ്പാദന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഈ രംഗത്ത് കൈവരിച്ച നേട്ടത്തിന് അനെർട്ടിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ വളർച്ച കണക്കിലെടുത്ത് ഗ്രിഡ് കണക്ട് സൗരോർജ്ജ പ്ലാന്റുകൾക്കാണ് ഇപ്പോൾ മുൻതൂക്കം. ഇത് വ്യാപകമാക്കുവാൻ കെ.എസ്.ഇ.ബി.എൽ.-ന്റെ സഹകരണത്തോടെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുവാൻ അനെർട്ട് ഉദ്ദേശിക്കുന്നു.

(സി) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021-ഓടുകൂടി 1050 മെഗാവാട്ട് വൈദ്യുതി, കെ.എസ്.ഇ.ബി. ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരപദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

പ്രോജക്ടിന്റെ പരിധി

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |
| കെ.എസ്.ഇ.ബി.എൽ.-ന്റെ റിസർവോയറുകൾ കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ | 150 മെഗാവാട്ട് |
| സോളാർ പാർക്കുകൾ വഴി | 100 മെഗാവാട്ട് |

| | |
|---|---|
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| വെസ്റ്റ് കല്ലട, എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമി, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| ആകെ | 1050 മെഗാവാട്ട് |

കെ.എസ്.ഇ.ബി.എൽ. നിർമ്മാണം പൂർത്തിയാക്കിയതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

അനെർട്ട് മുഖേന പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്. രാമക്കൽമേട്ടിൽ 3 മെഗാവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. 1.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. MNRE-യുടെ (Ministry of New and Renewable Energy) ഇൻസെന്റീവ് പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃഖലാബന്ധിത സോളാർ പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിതവും അല്ലാത്തതുമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ അനെർട്ട് മുഖേന വിവിധ സർക്കാർ സ്ഥാപനങ്ങളിൽ സോളാർ പവർ പ്ലാന്റുകൾ ഡെപ്പോസിറ്റ് വർക്ക് ആയി സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ NHPC-ക്ക് അട്ടപ്പാടി പ്രദേശത്ത് 8MW വിൻഡ് ഫാം സ്ഥാപിക്കുവാനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോവൂർ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസ്

224(2500) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കോവൂർ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് പ്രവർത്തന സൗകര്യത്തിനുവേണ്ടി വിഭജിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കോവൂർ, മാവൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോ മീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ലധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

**അനെർട്ടിലെ ഉദ്യോഗസ്ഥരുടെ വിദേശയാത്ര**

225(2501) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ എത്ര ഉദ്യോഗസ്ഥർ വിദേശയാത്ര നടത്തി; പേരും തസ്തികയും സഹിതം വിശദവിവരം ലഭ്യമാക്കാമോ;

(ബി) വിദേശയാത്രാ അനുമതിക്കായി സർക്കാരിലേയ്ക്ക് അനെർട്ട് നൽകിയ കത്തിന്റെയും അനുമതി നൽകിയ കത്തിൻെറയും പകർപ്പ് ലഭ്യമാക്കാമോ;

(സി) അനെർട്ട് ശിപാർശ ചെയ്ത പേരുകളിൽ എത്ര പേരെ ഒഴിവാക്കിയിട്ടുണ്ട്; എന്ത് കാരണത്താലാണ് ഇവരെ ഒഴിവാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഡി) വിദേശയാത്രയ്ക്കായി ഓരോരുത്തർക്കുംവേണ്ടി എന്ത് തുക ചെലവായി എന്നും ആരാണ് തുക ചെലവഴിച്ചതെന്നും ഏത് ഫണ്ടിൽ നിന്നാണെന്നും വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ വിദേശയാത്ര നടത്തിയിട്ടുണ്ട്:

| | | |
|---|---|---|
| 1 | ഡോ. ആർ ഹരികുമാർ, ഡയറക്ടർ | തായ്‌ലൻഡ്(വ്യക്തിപരം) |
| 2 | ശ്രീമതി ലതാ പണിക്കർ, ജനറൽ മാനേജർ | സിംഗപ്പൂർ, മലേഷ്യ (വ്യക്തിപരം) |
| 3 | ശ്രീമതി നിതാകുമാരി, ഫിനാൻസ് മാനേജർ | യു.കെ. (വ്യക്തിപരം) |
| 4 | ശ്രീ. പി.വത്സരാജ് സയന്റിസ്റ്റ് (എഫ്) | ഫ്രാൻസ് (ഔദ്യോഗികം) |
| 5 | ശ്രീ. ജോസഫ് ജോർജ്ജ്, പ്രോഗ്രാം ഓഫീസർ | ജപ്പാൻ (ഔദ്യോഗികം) |
| 6 | ശ്രീ. സി. റ്റി. അജിത് കുമാർ, പ്രോഗ്രാം ഓഫീസർ | ജപ്പാൻ (ഔദ്യോഗികം) |
| 7 | ശ്രീ. ആർ. ജയകുമാർ, പ്രോഗ്രാം ഓഫീസർ | യു.എ.ഇ.(വ്യക്തിപരം) |
| 8 | ശ്രീ. അജിത്ഗോപി, പ്രോഗ്രാം ഓഫീസർ, | ദുബായ്/യു.എ.ഇ. (വ്യക്തിപരം) |
| 9 | ശ്രീ. എസ്. മധു, പ്രോഗ്രാം ഓഫീസർ | ശ്രീലങ്ക (വ്യക്തിപരം) |

(ബി) സർക്കാരിലേയ്ക്ക് നൽകിയ കത്തുകളുടെയും അനുമതി നൽകിയ കത്തുകളുടെയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ജപ്പാനിൽ നടന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് അനെർട്ട് 3 പേരെ ശിപാർശ ചെയ്തതിൽ ഒരാളെ ഒഴിവാക്കിയിട്ടുണ്ട്. രണ്ട് പേരായി പരിമിതപ്പെടുത്തുവാനായിരുന്നു സർക്കാർ തീരുമാനം.

(ഡി) ശ്രീ. പി. വത്സരാജ് നടത്തിയ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത് WIPO (World Intellectual Property Organisation) എന്ന UN ഏജൻസിയാണ്. ജപ്പാൻ യാത്രയ്ക്കായി ആകെ ചെലവായ തുകയുടെ 64% ജപ്പാനിലെ AOTS പരിശീലന കേന്ദ്രവും 36% തുക അനെർട്ടുമാണ് വഹിച്ചത്. ശ്രീ. ജോസഫ് ജോർജ്ജ്, പ്രോഗ്രാം ഓഫീസർക്ക് 1,50,000 രൂപയും ശ്രീ. സി. റ്റി. അജിത് കുമാർ, പ്രോഗ്രാം ഓഫീസർക്ക് 1,50,000 രൂപയുംകൂടി ആകെ 3,00,000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ഈ തുക അനെർട്ടിന്റെ തനത് ഫണ്ടിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ലെ ഒഴിവുകൾ

226(2502) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ മസ്ദൂർ, ലൈൻമാൻ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ/ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ 164 ഒഴിവുകൾ നിലവിലുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി പെറ്റി കോൺട്രാക്ട് വർക്കേഴ്സായി ജോലി ചെയ്ത/ജോലിചെയ്തുവരുന്നവരെ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ബഹുമാനപ്പെട്ട സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ചും ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിൽ 25 ശതമാനം ഒഴിവുകളിൽ നിയമനം നൽകേണ്ടതാണ്. മേൽ ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ലൈൻമാൻ തസ്തികയിൽ 103 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടതാണ്.

സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 20 NJD ഒഴിവുകളുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള WA 814/2018-ന്റെ അന്തിമവിധിക്കനുസരിച്ച് മാത്രമേ 20 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ 247 ഒഴിവുകളുണ്ട്. ഇത് സ്ഥാനക്കയറ്റം മുഖാന്തരം നികത്തേണ്ടതാണ്.

(ബി&സി) നിലവിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ 20 NJD ഒഴിവുകൾ ബഹു. മാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള WA 814/2018-ന്റെ അന്തിമവിധിയനുസരിച്ച് റിപ്പോർട്ട് ചെയ്യുന്നതായിരിക്കും. മറ്റ് തസ്തികകളിൽ PSC ക്വാട്ടയിലൂടെ നിയമിക്കുന്നതിന് ഒഴിവുകളില്ല.

## കെ.എസ്.ഇ.ബി.എൽ. മീറ്റർ റീഡർ

227(2503) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-യിൽ മീറ്റർ റീഡർ തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ പി.എസ്.സി. മുഖാന്തരം നിയമനം നേടിയവർ എത്ര; കരാർ അടിസ്ഥാനത്തിൽ എത്ര മീറ്റർ റീഡർമാർ നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) മീറ്റർ റീഡർ തസ്തികയിലേക്കുള്ള പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിൽനിന്ന് എത്ര പേർക്ക് നിയമനം ലഭ്യമായിട്ടുണ്ട്; നിയമനം നടത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിലവിൽ 370 പേർ. കരാർ അടിസ്ഥാനത്തിൽ മീറ്റർ റീഡർമാരെ നിയോഗിക്കാറില്ല. എന്നാൽ മീറ്റർ റീഡിംഗ് വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകിവരുന്നു. ഇതിനായി നിശ്ചിത യോഗ്യതയുള്ളയാൾക്ക് കരാർ നൽകുന്നു.

(ബി) കെ.എസ്.ഇ.ബി.എൽ.-ലെ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് നിലവിലില്ല.

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

228 (2504) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽനിന്നും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ 247 ഒഴിവുകളുണ്ട്. ഇത് സ്ഥാനക്കയറ്റം വഴി നികത്തേണ്ടതാണ്. ഒഴിവുകൾ കേഡർ സ്ട്രെംഗ്തിനെ അടിസ്ഥാനമാക്കി കേന്ദ്രീകൃതമായി അതായത് സംസ്ഥാനാടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഓഫീസുകൾ അതായത് ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിൽപ്പെടുന്നവ വിവിധ ജില്ലകളിലായി ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളിലായി സർക്കിൾതലത്തിൽ വ്യാപിച്ചു കിടക്കുന്നതിനാലും പ്രസ്തുത ഓഫീസിന്റെ അധികാര പരിധി ജില്ലാപരിധി പരിഗണിക്കാതെ പ്രവർത്തിക്കുന്നതിനാലും ജില്ലതിരിച്ച് ഒഴിവുകൾ കണക്കാക്കുന്നത് പ്രായോഗികമല്ല.

(ബി) സ്ഥാനക്കയറ്റംവഴി നികത്തേണ്ട ഒഴിവുകളാണ് മുകളിൽ പറഞ്ഞ 247 എണ്ണം. ആയതിനാൽ പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട ആവശ്യമില്ല.

**അനെർട്ടിലെ നിയമനങ്ങൾ**

229(2505) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം അല്ലാതെ എത്ര താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും അനെർട്ടിൽ പരിശോധന നടത്തിയത് എന്നാണ്; പരിശോധന റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) താൽക്കാലിക നിയമനം ലഭിച്ചവർക്ക് നൽകിയ ശമ്പളയിനത്തിൽ ഇതുവരെ ചെലവായ തുക വ്യക്തമാക്കാമോ;

(ഡി) അനെർട്ടിലെ എത്ര ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്; ജോലി ചെയ്യുന്ന സ്ഥാപനം, തസ്തിക എന്നിവ സഹിതം വിശദവിവരം ലഭ്യമാക്കുമോ;

(ഇ) 2016-നുശേഷം ഈ സ്ഥാപനത്തിൽ എത്ര ആശ്രിതനിയമനം നടത്തിയിട്ടുണ്ട്; നിയമനം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്താൻ നിയമപ്രകാരം അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം എടുത്തിരുന്നോ; സർക്കാർ നിയമവും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനവും പാലിച്ചാണോ നിയമനങ്ങൾ നടത്തിയത്; പ്രസ്തുത വിഷയത്തിൽ നടന്ന എക്സിക്യൂട്ടീവ് കമ്മറ്റിയുടെ നോട്ടിന്റെയും, മിനിട്സിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ 76 താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| നിയമനവിവരം | എണ്ണം |
|---|---|
| എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ സെന്റർ ഫോർ മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് മുഖാന്തരം പ്രോജക്ട് സ്റ്റാഫുകൾ ഒരു വർഷക്കാലത്തേയ്ക്ക്. | 11 |
| കുടുംബശ്രീ മുഖാന്തരം 179 ദിവസത്തേയ്ക്ക് നാലുപേരെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി നിയമിച്ചെങ്കിലും രണ്ടുപേർ കാലാവധി തീർന്നതിനാൽ വിടുതൽ ചെയ്യുകയുണ്ടായി. | 4 |
| ക്വട്ടേഷൻ പ്രകാരം ഏജൻസി മുഖാന്തരം ഒരു വർഷക്കാലത്തേയ്ക്ക് സെക്യൂരിറ്റി സ്റ്റാഫ് ക്ലീനിംഗ് സ്റ്റാഫ് | 33 |
| എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ Institute of Public Auditors of India മുഖാന്തരം ഇന്റേണൽ ഓഡിറ്റ് ഓഫീസർ 12/2018 വരെ | 1 |
| സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ മുഖാന്തരമുള്ള ഉദ്യോഗസ്ഥർ | 9 |
| എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ Board of Apprenticeship Training, Chennai മുഖാന്തരം അപ്രന്റീസ് ട്രെയിനികൾ. | 45 |

ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

(ബി) 20-1-2018-ലാണ് പരിശോധന നടത്തിയത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) താൽക്കാലിക നിയമനം ലഭിച്ചവർക്ക് നൽകിയ ശമ്പളയിനത്തിൽ ഇതുവരെ ചെലവായ തുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് സ്റ്റാഫുകൾ | 10,51,999 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 3,84,000 |
| സെക്യൂരിറ്റി & ക്ലീനിംഗ് സ്റ്റാഫ് | 2,87,220 |
| ഇന്റേണൽ ഓഫീസർമാർ | 5,64,000 |
| ഡെപ്യൂട്ടേഷൻ | 80,82,132 |
| അപ്രന്റീസ് ട്രെയിനികൾ | 36,10,540 |

(ഡി) അനെർട്ടിലെ രണ്ട് ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.

ശ്രീ. മധു, പ്രോഗ്രാം ഓഫീസർ ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലും ശ്രീമതി റെസി ജോർജ്ജ്, ടെക്നിക്കൽ ഓഫീസർ നവകേരളം കർമ്മപദ്ധതിയിലുമാണ് ജോലി ചെയ്യുന്നത്.

(ഇ) 2016-നുശേഷം അനെർട്ടിൽ രണ്ട് ആശ്രിത നിയമനം നടത്തിയിട്ടുണ്ട്. നിയമനം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(എഫ്) ഇല്ല. സർക്കാർ ഉത്തരവുകളും/നിർദ്ദേശങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനങ്ങളും അനുസരിച്ചാണ് നിയമനങ്ങൾ നടത്തിയത്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നോട്ടിന്റെയും മിനിട്സിന്റെയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ഹൈഡൽ ടൂറിസം

230 (2506) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ ഹൈഡൽ ടൂറിസം മേഖലയിൽ നിലവിൽ എത്ര ജീവനക്കാരാണ് ജോലിചെയ്തു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ജോലിചെയ്തുവരുന്നത് ഏതൊക്കെ തസ്തികയിലാണെന്ന് വ്യക്തമാക്കുമോ; ഇവരുടെ വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച വിവരങ്ങൾ നൽകുമോ;

(സി) ഇവിടെ ഹൈഡൽ ടൂറിസം നടത്തിയ പുഷ്പമേളയിൽ എത്ര കച്ചവടസ്ഥാപനങ്ങളാണ് പ്രവർത്തിച്ചതെന്ന് അറിയിക്കുമോ;

(ഡി) അവ പ്രവർത്തിച്ചത് എന്ത് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ദേവികുളം മണ്ഡലത്തിൽ ഹൈഡൽ ടൂറിസം മേഖലയിൽ മാട്ടുപെട്ടി (20), എക്കോ പോയിന്റ് (4), മൂന്നാർ ഹൈഡൽ പാർക്ക് (4), മൂന്നാർ ഓഫീസ് (6), ശെങ്കുളം (13), കുണ്ടള (4) എന്നീ യൂണിറ്റുകളിലായി ആകെ 51 പേർ നിലവിൽ ജോലി ചെയ്തുവരുന്നു.

(ബി) മാനേജർ, അസിസ്റ്റന്റ് മാനേജർ, ക്യാഷ്യർ, ടൂറിസം ഇൻസ്പെക്ടർ (ഓപ്പറേഷൻ), ബോട്ട് മാസ്റ്റർ, ബോട്ട് ഡ്രൈവർ, ടൂറിസം അസിസ്റ്റന്റ്, ടൂറിസം ഗാർഡ്, അക്കൗണ്ടന്റ് ഗ്രേഡ് -2, ജൂനിയർ അക്കൗണ്ടന്റ് എന്നീ തസ്തികകളിലായി 8-ാം ക്ലാസ്സ് മുതൽ എം.ബി.എ. വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ ജോലി ചെയ്തുവരുന്നു.

(സി) ഹൈഡൽ ടൂറിസം മൂന്നാറിൽ നടത്തിയ പുഷ്പമേളയോടനുബന്ധിച്ച് 20 സ്റ്റാളുകളും 5 തട്ട് സ്റ്റാളുകളും പ്രവർത്തിക്കുന്നു.

(ഡി) ഇടുക്കി ജില്ലയിലെ കുമിളിയിൽ പ്രവർത്തിക്കുന്ന എം.ഡി.ഷാജിമോൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മണ്ണാറത്തറയിൽ ഗാർഡൻസ് എന്ന സ്ഥാപനത്തിനാണ് 23-3-2018-ലെ Agreement No. 10/KHTC/HQ/2017-18 പ്രകാരം ഫ്ലവർ ഷോ നടത്തിപ്പിനായി കരാർ നൽകിയിരിക്കുന്നത്. പ്രവേശന ഫീസിന്റെ 51 ശതമാനം ഹൈഡൽ ടൂറിസത്തിനും 49 ശതമാനം നടത്തിപ്പുകാർക്കും എന്ന് വരുമാനം പങ്കിടൽ വ്യവസ്ഥയിലാണ് നൽകിയിരിക്കുന്നത്.

**ദേവികുളം ഹൈഡൽ ടൂറിസം പദ്ധതി**

231(2507) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം ഹൈഡൽ ടൂറിസം പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ എത്ര കച്ചവടസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് എന്തൊക്കെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് നൽകിയിരിക്കുന്നതെന്നു വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ദേവികുളം മണ്ഡലത്തിൽ ഹൈഡൽ ടൂറിസം പദ്ധതികളുമായി ബന്ധപ്പെട്ട് കരാർ അടിസ്ഥാനത്തിൽ മാട്ടുപ്പെട്ടി -8, ശെങ്കുളം -2, മൂന്നാർ പാർക്ക് -3 എന്നിങ്ങനെ ആകെ 13 കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ബി) വരുമാനം പങ്കിടൽ വ്യവസ്ഥയിലും മാസവാടകയ്ക്കും ആണ് കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

**കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി**

232(2508) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ഘാടനം എപ്പോൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബാലുശ്ശേരി മണ്ഡലത്തിലെ 3 മെഗാവാട്ടിന്റെ കക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 99% പണികളും പൂർത്തിയാക്കി. ഈ പദ്ധതിയിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ഘാടനം 2018 ജൂലൈ 3-ന് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**മിനി ഹൈഡൽ പ്രോജക്ട്**

233(2509) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിനായി മിനി ഹൈഡൽ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര പദ്ധതികൾ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്ഥാപിച്ചിട്ടുണ്ട് / കമ്മീഷൻ ചെയ്തിട്ടുണ്ട്;

(സി) ഇതിനോടകം ഈ മേഖലയിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്;

(ഡി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിലുള്ള ഏതെല്ലാം മിനി ഹൈഡൽ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിനായി മിനി ഹൈഡൽ പ്രോജക്ടുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പുതിയ മിനി ഹൈഡൽ പദ്ധതികളായ മൂരിക്കടവ് (1.5 MW), നെയ്യാർ ഡാം (1.1 MW) എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിവരുന്നു.

കൂടാതെ സ്വകാര്യ സംരംഭകർ വഴിയും കൂടുതൽ മിനി ഹൈഡൽ പ്രോജക്ടുകൾ ആരംഭിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനത്തിനായി മിനി ഹൈഡൽ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ താഴെപ്പറയുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(i) ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള സർക്കാർ പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച തീയതി മുതൽ 30 വർഷത്തേയ്ക്ക് Built Own Operate & Transfer (BOOT) രീതിയിൽ ഇൻഡിപെൻഡന്റ് പവർ പ്രോജക്ട് (IPP) ക്യാപ്റ്റീവ് പവർ പ്രോജക്ട് വിഭാഗത്തിൽ പദ്ധതികൾ അനുവദിച്ചുവരുന്നു.

(ii) സ്വന്തമായുള്ള ഭൂമിയിലൂടെയോ സ്വന്തം ഭൂമിയുടെ വശങ്ങളിലേക്കോ ഒഴുകുന്ന വെള്ളത്തിൽനിന്ന് ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുവാനും മേൽപ്പറഞ്ഞ പോളിസി വിഭാവനം ചെയ്യുന്നു. ഇത്തരക്കാർക്ക് മത്സര ദർഘാസിലൂടെ അല്ലാതെ പദ്ധതിയുടെ രൂപരേഖ അവരുടെ ശ്രമത്തിൽ ചെയ്യുന്നതിന് അനുവാദം കൊടുക്കുകയും ഈ വിശദമായ രൂപരേഖ സർക്കാരിന്റെ പദ്ധതികളെ ബാധിക്കുകയില്ല എന്നും മറ്റ് സാങ്കേതിക കാര്യങ്ങളും സർക്കാർ രൂപീകരിച്ച സാങ്കേതിക കമ്മിറ്റി കണ്ടെത്തിക്കഴിഞ്ഞാൽ പദ്ധതികൾക്കായുള്ള തറവില (threshold premium) (ഇപ്പോൾ Rs. 15 ലക്ഷം/MW) അടച്ചാൽ ഇത്തരം പദ്ധതികൾ സർക്കാർ തലത്തിൽ അനുവദിക്കാവുന്നതാണ്. പുഴ പുറമ്പോക്ക് സർക്കാർ റവന്യൂ ഭൂമിയായതിനാൽ പഞ്ചായത്ത് തലത്തിൽ അനുമതി വാങ്ങി തറവിലയ്ക്കുള്ള പാട്ടത്തുകയടച്ച് പദ്ധതി തുടങ്ങാവുന്നതാണ്. ഇത്തരത്തിലുള്ള ആദ്യത്തെ പദ്ധതിയായ I MW-ന്റെ മുക്കടം

പദ്ധതിക്ക് ഈ സർക്കാരിന്റെ ഭരണകാലത്താണ് അനുമതി നൽകിയത്. കേന്ദ്ര സർക്കാരിന്റെ നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെ (Central Financial Assistance - CFA) വികേന്ദ്രീയ ഊർജ്ജ ഉൽപ്പാദനത്തിനായി പീക്കോ ടർബയിനുകൾ (5kW താഴെശേഷിയുള്ളത്) കേരളത്തിൽ സ്ഥാപിച്ചുവരുന്നു. ഗുണഭോക്താവിന് ഇത്തരം പദ്ധതികൾക്ക് 1.50 ലക്ഷം രൂപവരെ കേന്ദ്ര സബ്സിഡി ലഭിക്കുന്നതാണ്.

(iii) തീരെ ഉയരവ്യത്യാസം കുറഞ്ഞ പുഴകളിലും തോടുകളിലും പുതിയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ചെറുകിട ജലവൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. കൃത്രിമമായി ചുഴി സൃഷ്ടിച്ച് വളരെ ഉയരവ്യത്യാസം കുറഞ്ഞ സ്ഥലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള 'വോർട്ടക്സ് ടർബയിനുകൾ' ഘടിപ്പിച്ചുള്ള പ്ലാന്റ് തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടി എന്നസ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കി വരുന്നു. 10 kW-ന്റെ രണ്ട് വോർട്ടക്സ് ടർബയിനുകളാണ് ഈ പദ്ധതിയിലുള്ളത്. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ LT ഗ്രിഡിലോട്ട് സിംക്രണൈസ് ചെയ്താണ് വൈദ്യുതി കൈമാറുന്നത്.

(iv) ഇതുപോലെ മറ്റൊരു സാങ്കേതികവിദ്യ ഉപയോഗിച്ച് വെള്ളത്തിൽ മുക്കിയിടുന്ന - ചെറിയ കാറ്റാടി യന്ത്രങ്ങൾ പോലുള്ളവ - കൈനറ്റിക് അഥവാ വെലോസിറ്റി ടർബയിനുകൾ ഇ.എം.സി. ഇതിനോടകം നെയ്‌വേലി ലിഗ്‌നൈറ്റ് കോർപ്പറേഷനുള്ള ഒരു ലിഗ്‌നൈറ്റ് പവർ പ്ലാന്റിന്റെ കൂളിംഗ് വാട്ടർ ചാലിൽ സ്ഥാപിച്ച് വിജയകരമായി വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള കൈനറ്റിക് ടർബയിനുകൾ-വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഒരു പദ്ധതി കെ.എസ്.ഇ.ബി.എൽ.-ന്റെ കക്കാട് ജലവൈദ്യുത പ്ലാന്റിന്റെ ടെയിൽറെയിസിൽ സ്ഥാപിക്കുവാനുള്ള ഇ-ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2MW-ന്റെ അപ്പർ കല്ലാർ മിനി ഹൈഡൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2 MW-ൽ താഴെയുള്ള

മിനി ഹൈഡൽ പ്രോജക്റ്റുകൾ ഒന്നുംതന്നെ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ കമ്മീഷൻ ചെയ്തിട്ടില്ല. എന്നാൽ 9.6 MW സ്ഥാപിതശേഷി വരുന്ന 2 ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ 4.5 MW-ന്റെ കാരിക്കയം (പത്തനംതിട്ട ജില്ല) രണ്ടാംഘട്ടവും 8MW-ന്റെ പാതംകയവും (കോഴിക്കോട് ജില്ല) കമ്മീഷൻ ചെയ്തിട്ടുണ്ട്. പീക്കോ ജലവൈദ്യുത ടർബയിനുകൾ ഉപയോഗിച്ചുള്ള മൈക്രോ ഗ്രിഡുകൾ ഈച്ചാംപെട്ടിയിൽ നടപ്പിലാക്കി. 1 kW മുതൽ 5 kW വരെ ശേഷിയുള്ള 25 പീക്കോ പദ്ധതികൾ - (പ്രധാനമായും ഇടുക്കി, വയനാട് ജില്ലകൾ) 20 kW ശേഷിയുള്ള വോർട്ടക്സ് ടർബയിൻ - (കാട്ടുവെട്ടി, തിരുവനന്തപുരം ജില്ലയിൽ കമ്മീഷനിംഗ് ഘട്ടത്തിൽ).

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഡ്രം ചെറുകിട ജലവൈദ്യുത പദ്ധതിക്ക് 44.98 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യമേഖലയിൽ ഏകദേശം 45 MW-ന്റെ സ്ഥാപിതശേഷി കൈവരിക്കാവുന്ന 20 പദ്ധതികൾ 'BOOT' അടിസ്ഥാനത്തിൽ ചെയ്യുന്നതിനായി മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ TEFR പദ്ധതി ലഭിച്ച കമ്പനികൾ തയ്യാറാക്കിയശേഷം സർക്കാർ അനുമതി നൽകിയാൽ പ്രസ്തുത കമ്പനികളാണ് ഇതിനുള്ള മൂലധനം സമാഹരിക്കുന്നത്. ഇതിനായി സ്വകാര്യ മേഖലയിൽ ഉദ്ദേശം 300 കോടി രൂപയുടെ മുതൽ മുടക്കാണ് വേണ്ടി വരുന്നത്.

(ഡി) കോഴിക്കോട് ജില്ലയിലെ താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു:

1. കക്കയം (3MW)

2.ചാത്തൻകോട്ടുനട -(6MW)

3. പെരുവണ്ണാമൂഴി-(6MW)

കൂടാതെ അനുമതി ലഭിച്ച താഴെ പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു:

1. ഓലിക്കൽ - (5MW)

2. പൂവാരംതോട്- (3MW)

3. ചെമ്പുക്കടവ്- III (7.5MW)

ഇതിനു പുറമേ ചാത്തൻകോട്ടുനട സ്റ്റേജ്-I, പശുക്കടവ്, ലോവർ പൂഴിത്തോട്, ഉറുമി-III തുടങ്ങിയ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

സ്വകാര്യ മേഖലയിൽ കോഴിക്കോട് ജില്ലയിൽ 8MW-ന്റെ പാതങ്കയം പദ്ധതി 2017 ജനുവരിയിൽ കമ്മീഷൻ ചെയ്തു. 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ ആനക്കാംപൊയിൽ എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സിയാലിന് അനുവദിച്ച 21 MW- ന്റെ കക്കാടംപൊയിൽ-I പദ്ധതി മഴക്കാലത്തെ അധിക ജലം തിരിച്ചുകൊണ്ടു പോകുന്ന തരത്തിലാകയാൽ ചാലിയാർ പഞ്ചായത്തിന്റെ എതിർപ്പു കാരണം പദ്ധതി കപ്പാസിറ്റി കുറച്ച് വെള്ളം തിരിച്ചു വിടാതെ നടപ്പിലാക്കുവാൻ കഴിയുമോ എന്നുള്ള പഠനം നടന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ വന്നാൽ 11 MW-ന്റെ കക്കാടംപൊയിൽ-II നടപ്പിലാക്കാനാകാതെവരും. കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ച മറ്റ് പദ്ധതികൾ: 3 MW-ന്റെ കിളിക്കല്ല്, 3 MW-ന്റെ കുളിരാമുട്ടി, 1.5 MW-ന്റെ ഓനിപുഴ, 2 MW-ന്റെ മുത്തപ്പൻപ്പുഴ.

## കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹയം

234(2510) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ തൃശ്ശൂർ ജില്ലയിൽ ജോലിക്കിടെയുണ്ടായ അപകടങ്ങളിൽ എത്ര കെ.എസ്.ഇ.ബി. ജീവനക്കാർ മരണമടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് കെ.എസ്.ഇ.ബി. നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ജോലിക്കിടയിൽ മരണമടയുന്ന കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്ത് ധനസഹായമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-2016 മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽനിന്നും തൃശ്ശൂർ ജില്ലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനുവേണ്ടി ജോലി ചെയ്യുന്നതിനിടയിലുണ്ടായ അപകടങ്ങളിൽ സ്ഥിരം ജീവനക്കാരായ മൂന്നുപേർക്കും കരാർ തൊഴിലാളികളായ നാലുപേർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്.

(ബി) ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

മരണാനന്തര നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)

2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാനും അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസ ധനസഹായവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു.

ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

മരണാനന്തര നഷ്ടപരിഹാരം.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്
2. ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപ്പര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാനുൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(സി) മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

മരണാനന്തര നഷ്ടപരിഹാരം

മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപവരെ ലഭിക്കുന്നതിന് അർഹതയുണ്ട്. ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും കരാറുകാരൻകൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപ്പര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാനുൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

## ഒല്ലൂർ മണ്ഡലത്തിലെ ഓഫീസുകൾ

235(2511) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ&ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗത്തിലെ 8 സെക്ഷനോഫീസുകൾ (ഒല്ലൂർ, മരത്താക്കര, പട്ടിക്കാട്, മണ്ണുത്തി, നടത്തറ, പുത്തൂർ, ചൂർക്കഞ്ചേരി, കുരിയച്ചിറ) പ്രവർത്തിക്കുന്നുണ്ട്. ഇതിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ പട്ടിക്കാട്, പുത്തൂർ, ചൂർക്കഞ്ചേരി, കരിയച്ചിറ എന്നീ 4 സെക്ഷനോഫീസുകളാണ്.

ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസരണ മേഖലയിൽ വൈദ്യുതി വകുപ്പിന്റെ മൂന്ന് ഓഫീസുകളും ജനറേഷൻ വിഭാഗത്തിൽ ഒരു ഓഫീസും പ്രവർത്തിക്കുന്നുണ്ട്. 400 കെ.വി. മാടക്കത്തറ സബ്സ്റ്റേഷൻ, 110 കെ.വി. ഒല്ലൂർ സബ്സ്റ്റേഷൻ, 33 കെ.വി. പുത്തൂർ സബ്സ്റ്റേഷൻ എന്നിവ പ്രസരണ വിഭാഗത്തിലും റീജിയണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RPTI) ജനറേഷൻ വിഭാഗത്തിലും പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ ഓഫീസുകളും ബോർഡിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## കർണ്ണാടകത്തിൽനിന്ന് വൈദ്യുതി

236(2512) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക സംസ്ഥാനത്ത് നിന്ന് വൈദ്യുതി കൊണ്ടുവരുന്ന പ്രവൃത്തിക്കായി കാസർഗോഡ് പാക്കേജിൽ നിന്ന് കെ.എസ്.ഇ.ബി.എൽ.-ന് എത്ര രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്;

(ബി) ഈ തുക ഉപയോഗിച്ച് കെ.എസ്.ഇ.ബി.എൽ. എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്; ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രവൃത്തിയിലൂടെ കർണ്ണാടകത്തിൽ നിന്ന് വൈദ്യുതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(ഡി) തടസ്സങ്ങൾ നീക്കി വൈദ്യുതി ലഭിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കർണ്ണാടക സംസ്ഥാനത്ത് നിന്ന് വൈദ്യുതി കൊണ്ടുവരുന്ന പ്രവൃത്തിക്കായി കാസർഗോഡ് പാക്കേജിൽ നിന്ന് കെ.എസ്.ഇ.ബി.എൽ.-ന് 20 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ തുക ഉപയോഗിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

ഒന്നാംഘട്ടം-വിദ്യാനഗർ സബ്സ്റ്റേഷൻ മുതൽ സീതംഗോളി വരെയുള്ള 8 കി.മീ. ലൈനിന്റെ പുനരുദ്ധാരണ പ്രവൃത്തി.

രണ്ടാംഘട്ടം-സീതംഗോളി മുതൽ 110 കെ.വി. സബ്സ്റ്റേഷൻ കുബനൂർ വരെയുള്ള 12 കി.മീ. 110 കെ.വി.ലൈനിന്റെ പുനരുദ്ധാരണ പ്രവൃത്തി.

മൂന്നാംഘട്ടം-110 കെ.വി. കുബനൂർ സബ്സ്റ്റേഷൻ മുതൽ കേരള അതിർത്തിവരെയുള്ള 12 കി.മീ. 110 കെ.വി. ലൈനിന്റെ പുനരുദ്ധാരണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

മേൽപ്പറഞ്ഞ ലൈൻ പുനരുദ്ധാരണ ജോലികളോടനുബന്ധിച്ചുള്ള വിദ്യാനഗർ, മൈലാട്ടിസ്റ്റേഷനുകളിലെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(സി) നിലവിൽ കർണ്ണാടകത്തിൽനിന്നും 22 മെഗാവാട്ട് വൈദ്യുതിയാണ് KPCL-ന്റെ 110 കെ.വി. കൊനാജെ സബ്സ്റ്റേഷനിൽ നിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിക്കുന്നത്. കൂടുതൽ വൈദ്യുതിക്കുവേണ്ടി കർണ്ണാടക പവർ കോർപ്പറേഷൻ ലിമിറ്റഡുമായി ചർച്ചകളും കത്തിടപാടുകളും കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിയിട്ടുണ്ട്. എന്നാൽ KPTCL ന്റെ കൊനാജെ സബ്സ്റ്റേഷനുകളിലേയ്ക്കുള്ള ലൈനിന്റെ കപ്പാസിറ്റി കുറവുകാരണം KPTCL കൂടുതൽ വൈദ്യുതി നൽകാൻ വിസമ്മതിച്ചിട്ടുണ്ട്.

(ഡി) കർണ്ണാടകത്തിൽനിന്നും കൂടുതൽ വൈദ്യുതിക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സതേൺ റീജിയൻ പവർ കമ്മിറ്റിയെ സമീപിച്ചിട്ടുണ്ട്. ഇതിലൂടെ ഒരു പരിധിവരെ KPTCL-ന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നിലവിലുള്ള വൈദ്യുതി വിഹിതത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

## സഹകരണ സംഘങ്ങളിലൂടെ നെല്ല് സംഭരണം

237(2513) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കാത്തത് നെൽ കർഷകരെ ദുരിതത്തിലാക്കുന്നു എന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിൽ ഇടപെടാൻ സഹകരണ മേഖല തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ സംഘംതന്നെ നെല്ല് സംഭരിച്ച്, സംസ്കരിച്ച് സ്വന്തം ബ്രാന്റിൽ വില്പന നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ ഔട്ട്ലെറ്റുകളിലൂടെയാണ് പ്രസ്തുത അരി വിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഇപ്രകാരം വിൽക്കുന്ന അരിക്ക് സബ്സിഡി നൽകുന്നതിന് ആലോചനയുണ്ടോ;

(ഡി) കർഷകർക്ക് നെല്ലിന് ന്യായമായ വിലയും ഉപഭോക്താവിന് ഗുണനിലവാരമുള്ള അരിയും ഈ പദ്ധതിയിലൂടെ ലഭ്യമാക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് സംസ്കരിച്ച് സപ്ലൈകോ/ത്രിവേണി വഴി ബ്രാൻഡഡ് അരിയാക്കി പാക്കറ്റുകളിൽ മില്ലുകളുടെ പേരോടുകൂടി വിപണിയിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിനും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ടി ജില്ലയിലെ സഹകരണ സംഘങ്ങളും കർഷകരുമായി ചർച്ച നടത്തുന്നതിനും ടി വിഷയത്തിൽ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കുമായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സഹകരണ

സംഘങ്ങൾ വഴിയുള്ള നെൽ സംഭരണം, സംസ്കരണം, വിതരണം എന്നിവ സംബന്ധിച്ച് ഒരു പദ്ധതിരേഖ മേൽ കമ്മിറ്റി അംഗം കൂടിയായ സഹകരണ സംഘം രജിസ്ട്രാർ മേൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതി ആലോചനകൾ നടന്നുവരുന്നു. സഹകരണ സംഘം നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച് 'വിത്തു മുതൽ വിത്തു വരെ' എന്ന ഒരു പദ്ധതിരേഖ സഹകരണ സംഘം രജിസ്ട്രാർ ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി കൺവീനറായ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) പ്രതീക്ഷിക്കുന്നുണ്ട്.

**സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ**

238(2514) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ പദ്ധതിയാണിത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ഏത് കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) കമ്പനിയെ ചുമതലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇക്കാര്യത്തിനായി ടെൻഡർ ക്ഷണിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അറിയിക്കുമോ;

(ഡി) ഈ കമ്പനിക്ക് പ്രസ്തുത മേഖലയിലുള്ള പരിചയം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിന്റെ മൊത്തം പദ്ധതി ചെലവ്

തിട്ടപ്പെടുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം 25 കോടി രൂപ ഈ പദ്ധതിക്കായി വകകൊള്ളിച്ചിരുന്നു.

(ബി-ഡി) സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ടെണ്ടർ വിളിക്കുകയോ ഒരു കമ്പനിയെയും ഇതിനായി ചുമതലപ്പെടുത്തുകയോ ഉണ്ടായിട്ടില്ല.

**സഹകരണ പ്രസ്ഥാനത്തെ ഊർജ്ജസ്വലമാക്കുന്നതിന് സഹകരണനയം**

239(2515) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കരട് സഹകരണ നയം രൂപീകരിച്ചിട്ടുണ്ടോ; സഹകരണ പ്രസ്ഥാനത്തെ ഊർജ്ജസ്വലമാക്കുന്നതിനുള്ള എന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രസ്തുത കരട് നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എട്ടാമത് സഹകരണ കോൺഗ്രസ്സിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എപ്രകാരം സഹായകമാണ് ;

(സി) സഹകരണ മേഖല പൂർണ്ണമായും അഴിമതിമുക്തമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനം എടുത്തശേഷം സംസ്ഥാനത്തെ എത്ര സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; അതിൽ സി.പി.എം. നിയന്ത്രണത്തിലുള്ള എത്ര സ്ഥാപനങ്ങളുണ്ടെന്ന കണക്ക് ലഭ്യമാണോ;എങ്കിൽ എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കണ്ണൂരിൽ വച്ചുനടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണനയത്തിന്റെ കരട് ചർച്ച ചെയ്ത് അംഗീകരിച്ചു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സഹകരണ കോൺഗ്രസ്സിൽ അംഗീകരിച്ച കരട് സഹകരണ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

കേരള സംസ്ഥാന സഹകരണ ബാങ്കിനേയും (കെ.എസ്.സി.ബി.) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുനഃസംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആദായകരവും ജനോപകാരപ്രദവുമാക്കുക.

കാർഷിക വായ്പ ഇപ്പോഴത്തെ 10% എന്നതിൽനിന്ന് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ 25%-ഉം തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50%-ഉം ആക്കുക.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്) ദീർഘകാല സഹകരണ വായ്പാ ഘടനയെ (എൽ.റ്റി.സി.സി.എസ്) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.

മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽനിന്ന് കൂടുതൽ വിദേശ നാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.

സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുകയും പ്രവർത്തനം നിലച്ചതും ദുർബലവുമായ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുക. അടച്ചുപൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക.

നിലവിലുള്ള എല്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളെയും ശക്തമാക്കുക. ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക.

പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരോൽപ്പാദനത്തെ ഒരു തൊഴിലായി (പ്രധാന തൊഴിലോ അല്ലെങ്കിൽ ഉപതൊഴിലോ) ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹിപ്പിക്കുക.

മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യ തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായുള്ള നടപടികളെടുക്കാൻ മത്സ്യസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ മാന്യതയുള്ള തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

കുട്ടികളിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കുക. സഹകരണ സ്ഥാപനങ്ങളുടെ സാദ്ധ്യതകളെ ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് കമ്പോളശക്തികൾ നടത്തുന്ന ചൂഷണത്തിന് തടയിടുക.

നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടെയും സഹായത്തോടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുക.

പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിക്കായി വിനിയോഗിക്കുക.

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ എല്ലാത്തരം ആരോഗ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകകരണ സംഘങ്ങളെ വികസിപ്പിക്കുക.

കേരളത്തിലെ വിനോദ സഞ്ചാര മേഖലയിലെ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുഉന്നതിനായി വിനോദ സഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന/വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിനോദ സഞ്ചാര സഹകരണ സ്ഥാപനങ്ങളെ ഉപയോഗിക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും യോജിച്ച് പരിശ്രമിക്കുക, വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഈ കൂട്ടായ്മ ഏറെ സഹായകരമായിരിക്കും.

പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പെക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക.

കേരള സഹകരണ നിയമം വകുപ്പ് 14 (എ) വിഭാവനം ചെയ്യുന്ന രീതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ടി സംരംഭങ്ങൾക്ക് അംഗങ്ങളിൽനിന്നും മുൻഗണനാ ഓഹരി മൂലധനം സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത്തരത്തിൽ സ്വീകരിക്കപ്പെടുന്ന മുൻഗണനാ ഓഹരി മൂലധനത്തിന് ഓഹരി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംരംഭം ഉണ്ടാക്കുന്ന അറ്റലാഭത്തിൽനിന്നും 49 ശതമാനം വരെ ലാഭവിഹിതം നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

(ബി) വൈവിദ്ധ്യങ്ങളിലൂടെ മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സ് അംഗീകരിച്ച കരട് സഹകരണ നയത്തിലെ നിർദ്ദേശങ്ങൾ സഹകരണ മേഖലയുടെ വൈവിദ്ധ്യ വൽക്കരണത്തിനും തൊഴിൽ വികസനം, ക്ഷീര സംഘങ്ങളുടെ ശാക്തീകരണം, കാർഷിക മേഖലയിലെ പുരോഗതി, സഹകരണ മേഖലയിലുള്ള ടൂറിസം വികസനം, പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ ശാക്തീകരണവും തൊഴിൽ വികസനവും മത്സ്യ സഹകരണ സംഘങ്ങളുടെ വികസന സാദ്ധ്യതകൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തൽ, 'സഹകരണം' സ്കൂൾ/കോളേജുകളിൽ പാഠ്യവിഷയമാക്കുകവഴി വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്നുനൽകുക, വിദ്യാഭ്യാസ രംഗത്ത് കമ്പോള ശക്തികൾ നടത്തുന്ന ചൂഷണത്തിന് തടയിടുക, യുവജന പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി കോളേജുകളിൽ സഹകരണ സംഘം രൂപീകരിക്കുക, പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിക്കായി വിനിയോഗിക്കുക, ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് സംഘങ്ങളിലൂടെ പരിശീലനം നൽകുക, സഹകരണ സ്ഥാപനങ്ങളിലെ നിലവിലെ നിയമനരീതി അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സാങ്കേതിക വിദ്യയിലും നിയമ-നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി നീങ്ങുന്നതിന് സജ്ജമാക്കുന്ന വിധത്തിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിനും അപ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയെടുക്കുന്നതിന് സഹായകമാണ്.

(സി&ഡി) ഉണ്ട്. പ്രസ്തുത തീരുമാനം എടുത്തശേഷം സംസ്ഥാനത്തെ 14 സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നത് രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിലല്ല.

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ

240(2516) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഫൈനാഷ്യൽ ടെക്നോളജി ആന്റ് അലൈഡ് സർവ്വീസസ് എന്ന കമ്പനിക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിനുള്ള ചുമതല നൽകുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത കമ്പനി നൽകിയ പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനും ഉദ്യോഗസ്ഥതല സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മിറ്റി ഐ.എഫ്.റ്റി.എ.എസ്. സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേലെടുത്ത തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ ഫൈനാൻഷ്യൽ ടെക്നോളജി ആന്റ് അലൈഡ് സർവ്വീസസ് ആർ.ബി.ഐ.- യുടെ ഉപകമ്പനിയാണോ; സംസ്ഥാനത്തെ ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിൽ പ്രസ്തുത കമ്പനി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാര്യക്ഷമതയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് IFTAS സമർപ്പിച്ച നിർദ്ദേശത്തിൽ ചർച്ചകൾ നടന്നുവരുന്നു. IFTAS സോഫ്റ്റ്‌വെയറിന്റെ സാങ്കേതികത, സോഫ്റ്റ്‌വെയർ കോസ്റ്റ്, ആവർത്തന ചെലവ് തുടങ്ങിയവ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി 19-3-2018-ലെ

സ.ഉ.(സാധാ)നമ്പർ 167/2018/സഹ. ഉത്തരവ് പ്രകാരം ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥതല കമ്മിറ്റി IFTAS-ന്റെ നിർദ്ദേശം പരിശോധിച്ച് വരികയാണ്. ഇക്കാര്യത്തിൽ കമ്മിറ്റി തീരുമാനങ്ങൾ കൈക്കൊണ്ട് അറിയിച്ചിട്ടില്ല.

(ഡി) RBI, CDAC, CCICI, IDRBT, NABARD തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി IDRBT രൂപീകരിച്ച സ്ഥാപനമാണ് IFTAS. ഇല്ല.

**കാർഷിക മേഖലയിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ**

241 (2517) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയുടെ വികസനത്തിനും കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനും സഹായകരമാകുന്ന വിധത്തിലുള്ള എന്തെല്ലാം ഇടപെടലുകളാണ് സഹകരണ പ്രസ്ഥാനങ്ങൾ നടത്തിവരുന്നത്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

1. 3 ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയൊടൊപ്പം സംസ്ഥാന സർക്കാരും 4% സബ്സിഡി നൽകി പൂർണ്ണമായ പലിശയിളവ് നൽകി വരുന്നു.

2. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

3. ഓഹരി മൂലധനം, വായ്പ, സബ്സിഡി മുതലായ സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

6. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

7. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതി പ്രകാരം 2016-17-ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായം നല്കിയിട്ടുണ്ട്.

**ഷോളയാർ പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം**

242(2518) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ഭരണസമിതിയുടെ ഘടന പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതുക്കിയ ഭരണസമിതി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഷോളയാർ പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘത്തിന്റെ ഭരണ സമിതി അംഗങ്ങളുടെ എണ്ണം 15 ആയി നിജപ്പെടുത്തിക്കൊണ്ടും നിലവിലുള്ള എക്സ്-ഒഫിഷ്യോ അംഗങ്ങളുടെ എണ്ണം 12-ൽനിന്നും 9 ആയി കുറച്ചുകൊണ്ടും അവശേഷിക്കുന്ന 6 അംഗങ്ങളെ സംഘത്തിൽ പൊതു അംഗങ്ങളായിട്ടുള്ളവരിൽ നിന്നും തെരഞ്ഞെടുപ്പ് മുഖേന നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ച് സംഘത്തിന്റെ നിയമാവലി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12 എക്സ് -ഒഫിഷ്യോ അംഗങ്ങളിൽ നിന്നും ബി.ഡി.ഒ - ചാലക്കുടി,

ഡി.പി.ഒ.-തൃശ്ശൂർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ലോക്കൽ വർക്ക്), ഇരിങ്ങാലക്കുട എന്നീ 3 അംഗങ്ങളെ ഒഴിവാക്കി ബാക്കിയുള്ള 9 പേരെ എക്സ് -ഒഫിഷ്യോ അംഗങ്ങളാക്കി നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിലക്കയറ്റം**

243(2519) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവ കൂടുതൽ വിപുലീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ റംസാൻ, ഓണം, ക്രിസ്തുമസ്, പുതുവത്സരം എന്നീ ഉത്സവ കാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്ത് അരിവില നിയന്ത്രണാതീതമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമ ബംഗാളിൽനിന്നും അരി ഇറക്കുമതി ചെയ്ത് 680 'അരിക്കടകൾ' ആരംഭിച്ച് സുവർണ്ണ മസൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 196 ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയും 59 മൊബൈൽ ത്രിവേണികളിലൂടെയും സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തി വരുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിലെ വിലയെക്കാളും കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തിവരുന്നുണ്ട്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലൂടെ ഇത്തരത്തിൽ നടന്നുവരുന്ന വിപണിയിലെ ഇടപെടലുകൾ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹായകമായിട്ടുണ്ട്.

(ബി) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതു വിപണിയിലെ ഇടപെടലും വിലസ്ഥിരതയും ലക്ഷ്യമിട്ട് കൺസ്യൂമർ

ഫെഡറേഷന്റെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് 750-ഓളം വിപണന കേന്ദ്രങ്ങളിലൂടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന വിപണി ഇടപെടൽ നടത്തുന്ന പദ്ധതി പരിഗണനയിലാണ്. റംസാൻ പ്രമാണിച്ച് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ 13 ജില്ലാ കേന്ദ്രങ്ങളിൽ 2018 ജൂൺ 9 മുതൽ 13 വരെ 5 ദിവസത്തേയ്ക്ക് റംസാൻ വിപണി സംഘടിപ്പിക്കുന്നു. കോഴിക്കോട് ജില്ലയിൽ കൺസ്യൂമൽ ഫെഡറേഷന്റെ മൊബൈൽ ത്രിവേണികളുടെ സേവനം പ്രയോജനപ്പെടുത്തി റംസാൻ വിപണിയുടെ ആനുകൂല്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. 2018 ഓണത്തോടനുബന്ധിച്ച് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലൂടെ 3500 ഓണവിപണികൾ 10 ദിവസം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**നവകേരളീയം പദ്ധതി**

244(2520) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നടപ്പിലാക്കിയ നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികയായിരുന്ന എത്ര വായ്പകളാണ് തിരിച്ചടവ് നടത്തിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ പലിശയിനത്തിൽ എത്ര രൂപയാണ് ഇളവായി നൽകിയത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി നീട്ടിയിട്ടുണ്ടോ ;ഉണ്ടെങ്കിൽ എന്നുവരെയാണ് ഈ പദ്ധതി പ്രാബല്യത്തിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ വകുപ്പ് നടപ്പിലാക്കിയ നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികയായിരുന്ന 7,09,221 വായ്പകളാണ് തിരിച്ചടവ് നടത്തിയത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ പലിശയിനത്തിൽ 20,454,13 ലക്ഷം രൂപയാണ് ഇളവായി നൽകിയത്.

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി 25-3-2018 വരെ ആയിരുന്നു. ആയത് 31-3-2018 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

## കേരള ബാങ്ക്

245(2521) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് സഹകരണ മേഖലയെ ഏതെല്ലാം രീതിയിലാണ് അഭിവൃദ്ധിപ്പെടുത്തുന്നത് ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് നിലവിൽവരുമ്പോൾ ആവർത്തിത/ഇരട്ടിപ്പിന്റെ സ്വാഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത് പലിശ നിരക്കിൽ ഗണ്യമായ കുറവ് സാദ്ധ്യമാക്കും. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ പരിഹരിക്കാനാകും. കൂടാതെ ഇടപാടുകാർക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യപരമായ മത്സരം നടത്താനും സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാക്കുന്ന സുപ്രധാന പദ്ധതികൾക്ക് പിന്തുണ നൽകുവാനും പ്രസ്തുത ബാങ്കിന് കഴിയുമെന്ന് കരുതുന്നു.

(ബി) പ്രൊഫ. എം.എസ്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന വസ്തുതകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു:

- പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളും മറ്റു പ്രൈമറി സഹകരണ സംഘങ്ങളും ഗണ്യമായ തോതിൽ നിക്ഷേപം സ്വരൂപിക്കുന്നുണ്ട്. ഈ നിക്ഷേപം മുകൾത്തട്ടിലുള്ള സഹകരണ സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കുന്നത്. മുകൾ തട്ടിലുള്ള സ്ഥാപനങ്ങളുടെ വായ്പാ നിക്ഷേപ അനുപാതം ഇപ്പോൾ 54% ആണ്. കേരളത്തിലെ സഹകരണ മേഖലയിലുള്ള മിച്ച ഫണ്ട് ഫലപ്രദമായി

വിനിയോഗിക്കേണ്ടതുണ്ട്. മിച്ച ഫണ്ട് അവരുടെ പ്രവർത്തന പരിധിയിൽ മാത്രം വിനിയോഗിക്കാൻ അനുമതിയുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ പരിമിതി ഏകീകൃത ബാങ്ക് വരുന്നതോടെ പരിഹരിക്കാൻ കഴിയുമെന്നും വായ്പാ പലിശ നിരക്ക് കുറയ്ക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

- വ്യത്യസ്തമായ ജില്ലാ സഹകരണ ബാങ്കുകൾ അവരുടേതായ CRAR, SLR, CRR മാനദണ്ഡങ്ങൾ പാലിക്കാൻ നിർബന്ധിതമാകുന്നു.

- വാണിജ്യ ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും നൽകുന്ന ആധുനിക ബാങ്കിംഗ് സൗകര്യം നൽകാനായില്ലെങ്കിൽ സഹകരണ ബാങ്കുകളുടെ പ്രാധാന്യം ഭാവിയിൽ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ന്യൂജനറേഷൻ ബാങ്കുകളുടെയും സ്മാൾ ഫിനാൻഷ്യൽ ബാങ്കുകളുടേയും പ്രവർത്തനം കാര്യങ്ങൾ സുഗമമല്ലാതാക്കി മാറ്റും.

- എസ്.ബി.റ്റി.-യുടെയും എസ്.ബി.ഐ.-യുടെയും ലയനം മുഖേന നഷ്ടമായ തദ്ദേശ ബാങ്കിന്റെ സ്ഥാനം സഹകരണ മേഖലയിലെ ഏകീകൃത ബാങ്കിന്റെ രൂപീകരണത്തോടെ നേടാനാകും.

- സംയോജിത ബാങ്കിന്റെ ഭരണ സംവിധാനത്തിൽ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും സഹകരണ ഭരണ സംവിധാനം നഷ്ടപ്പെടാതെയും സൂക്ഷിക്കണം.

- പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാകണം.

- പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ്, സ്ഥിരനിക്ഷേപം ഉൾപ്പെടെ എല്ലാത്തരം നിക്ഷേപങ്ങളും അംഗങ്ങളിൽ നിന്നും സ്വീകരിക്കാവുന്നതും അംഗങ്ങൾക്ക് എല്ലാത്തരം വായ്പകളും നൽകാവുന്നതുമാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് സ്വന്തമായി നടത്താൻ കഴിയാത്ത ബിസിനസ്സുകൾ കേരള സഹകരണ ബാങ്കിന്റെ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ്.

- സംയോജിത ബാങ്ക് എന്ന പ്രത്യേകതയും വർദ്ധിച്ച മൂലധനശേഷിയും ആധുനിക ബാങ്കിംഗ് സൗകര്യം നൽകാൻ പര്യാപ്തമാക്കും.

- ശക്തമായ സാമ്പത്തിക അടിത്തറയുള്ള കേരള സഹകരണ ബാങ്ക്

രൂപീകരിക്കുക എന്ന ലക്ഷ്യമുള്ളതിനാൽ ബാങ്കിംഗ് ഇതര വരുമാനം ലഭിക്കുന്ന ആസ്തികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി മാറ്റേണ്ടതോ അല്ലെങ്കിൽ ഘട്ടംഘട്ടമായി വിൽപ്പന നടത്തുകയോ ചെയ്യണം.

- കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കണം.

- നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിൽ സർക്കാർ ഓഹരി ഉൾപ്പെടുന്നതുപോലെ എല്ലാവിധ സഹകരണസംഘങ്ങളും ഓഹരി നൽകേണ്ടതാണ്.

- നിർദ്ദിഷ്ട സംയോജിത ബാങ്കിന് ശക്തമായ ട്രഷറി ഇടപാടുകൾ ഉണ്ടായിരിക്കേണ്ടതാണ്. പ്രാഥമിക സംഘങ്ങളുടെ മിച്ചധനം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഇത് ആവശ്യമാണ്.

- എല്ലാ ബാങ്കുകൾക്കുമായി ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം, പ്രോഡക്ട് കോഡ്, എൻ.പി.എ. കണക്കാക്കാവുന്ന സംവിധാനം എന്നിവ ഏർപ്പെടുത്തണം

- ഐ.ടി. സംയോജനത്തിനായി പ്രത്യേക സംയോജനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

- ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾ 'ബാങ്ക്' അല്ലാത്തതിനാൽ നിയന്ത്രണാധികാരികൾക്ക് സ്വീകാര്യമായ വിധത്തിൽ ആധുനിക ബാങ്കിംഗ് ഇടപാടുകൾ നൽകാൻ കഴിയത്തക്കവിധം കേരള സഹകരണ ബാങ്കുമായി ബന്ധിപ്പിക്കണം.

- ഐ.ടി. രംഗത്ത് സുരക്ഷിതത്വവും സ്റ്റെബിലിറ്റി, ഡിസാസ്റ്റർ റിക്കവറി സിസ്റ്റം എന്നിവ ഉറപ്പുവരുത്തുന്നതിനായി പൊതുവായ സംവിധാനം (കോമൺ പ്ലാറ്റ്ഫോം) ഏർപ്പെടുത്തണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

- ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പൊതുമേഖല ബാങ്കുകളിലേതിന് സമാനമായിരിക്കണം.

- വ്യക്തമായ ബിസിനസ്സ് ടാർജറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മികവ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. ഓരോ ജീവനക്കാരനും 2 വർഷത്തിൽ ഒരിക്കൽ ഒരാഴ്ച കാലയളവിലുള്ള ട്രെയിനിംഗ് നേടിയിരിക്കണം.

**കേരള ബാങ്ക് രൂപീകരണം**

246(2522) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നബാർഡ് മുന്നോട്ടു വച്ച ഉപാധികൾ എന്തൊക്കെയെന്നും ഇത് പൂർത്തിയാക്കാൻ എത്ര കാലം വേണമെന്നും അറിയിക്കാമോ; ;

(ബി) ലയനത്തിനു ശേഷം സംസ്ഥാന സഹകരണ ബാങ്കിനുണ്ടാകാവുന്ന നഷ്ടം തിട്ടപ്പെടുത്തിയോ; ഇത് മറികടക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വച്ചിട്ടുള്ളതായി നബാർഡിൽനിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ തിട്ടപ്പെടുത്തിയിട്ടില്ല. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കേരള ബാങ്ക് രൂപീകരണവും ഉപഭോക്താക്കളും**

247(2523) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(ബി) ഇത് സംബന്ധിച്ച അപേക്ഷ ആർ.ബി.ഐ.-ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(സി) നബാർഡ് ബാങ്കിന് അനുമതി നൽകുന്നതിന് എന്തെങ്കിലും ഉപാധികൾ മുന്നോട്ട് വച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കും ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ല സഹകരണ ബാങ്കും ലയിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാൻ അവർക്ക് നേരിട്ട് സർക്കാർ ധനസഹായം നൽകേണ്ടി വരുമോ;

(ഇ) ജില്ല ബാങ്കുകളുടെ ഉപഭോക്താക്കളെ ലയന വിവരം രേഖാമൂലം അറിയിച്ചിട്ടുണ്ടോ; ലയനത്തിൽ എതിർപ്പുള്ള നിക്ഷേപകർക്ക് പണം കാലാവധിക്ക് മുമ്പ് പലിശയിൽ കുറവ് വരുത്താതെ പിൻവലിക്കുന്നതിനുള്ള അവസരം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെ പറയുന്ന മറ്റ് നടപടികളും തുടർന്നുവരുന്നു.

1. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചുവരുന്നു.

2. 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണ്ണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

3. 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200-ഓളം ഉന്നത ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ

സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട മറ്റു നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അതു നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവ രൂപകല്പന ചെയ്യുന്നതിന് സഹായകമായി ഈ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും ചേർന്ന് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലേയ്ക്കുള്ള പ്രാഥമിക അപേക്ഷ ഭാരതീയ റിസർവ് ബാങ്കിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വച്ചിട്ടുള്ളതായി നബാർഡിൽ നിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ ഇത് പരിശോധിക്കുന്നതാണ്.

**കേരള ബാങ്ക് രൂപീകരണത്തിനുള്ള നടപടി**

248(2524) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) കേരള ബാങ്ക് രൂപീകരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും നിക്ഷേപകർക്ക് ലഭിക്കുന്ന പ്രയോജനങ്ങളും വിശദീകരിക്കുമോ;

(സി) നിർദ്ദിഷ്ട കേരളബാങ്ക് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കേരള സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന മറ്റ് നടപടികളും തുടർന്നുവരുന്നു:

1. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.

2. 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണ്ണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

3. 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200-ഓളം ഉന്നത ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട മറ്റ് നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അത് നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവ രൂപകൽപ്പന ചെയ്യുന്നതിന് സഹായകമായി ഈ മേഖലയിലെ വിദഗ്ദ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി.

(ബി) കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ലയനത്തിലൂടെ രൂപീകരിക്കുന്ന ബാങ്കിന് ശക്തമായ സാമ്പത്തിക അടിത്തറ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള സഹകരണ ബാങ്ക് എന്ന ആശയം വായ്പാ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിലും പുത്തനുണർവ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഈ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയ്ക്ക് നിയമപ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നിർവ്വഹിക്കുമ്പോൾ ടി പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതി കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം കേരള ബാങ്കിന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

**കേരള ബാങ്ക് സ്ഥാപിക്കുന്നതിന് നബാർഡിന്റെ നിബന്ധനകൾ**

249(2525) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u>
<u>ശ്രീ. സി. കെ. നാണു :</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ :</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കേരള ബാങ്ക് രൂപീകരണത്തിൽ നബാർഡ് എന്തൊക്കെ നിബന്ധനകളാണ് മുന്നോട്ടുവെച്ചിട്ടുള്ളത് ;വിശദമാക്കുമോ:

(സി) ഈ നിബന്ധനകളെ മറികടക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) ബാങ്ക് രൂപീകരണത്തിൽ മറ്റെന്തൊക്കെ പ്രതിബന്ധങ്ങളാണ് മുന്നിലുള്ളതെന്ന് അറിയിക്കുമോ;

(ഇ) കേരള ബാങ്കിന്റെ മൂലധന സ്വരൂപണം, ബാങ്കിനെ രജിസ്റ്റർ ചെയ്യാനുള്ള നിയമപരമായ മറ്റു നടപടികൾ എന്നിവ ഏത് നിലയിലാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ റിസർവ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കേരള സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെ പറയുന്ന മറ്റ് നടപടികളും തുടർന്നുവരുന്നു.

1. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചുവരുന്നു.

2. 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണ്ണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

3. 14 ജില്ലാ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്വെയറിലേയ്ക്ക് മാറുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200-ഓളം ഉന്നത ഉദ്യോഗസ്ഥർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട മറ്റു നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതിക വിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അതു നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവ രൂപകല്പന ചെയ്യുന്നതിന് സഹായകമായി ഈ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി.

(ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വച്ചിട്ടുള്ളതായി നബാർഡിൽ നിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് പ്രതിബന്ധങ്ങൾ ഇപ്പോൾ മുന്നിലില്ല.

(ഇ) കേരള സഹകരണ ബാങ്കിന്റെ മൂലധന സ്വരൂപണം സംബന്ധിച്ചും ബാങ്കിനെ രജിസ്റ്റർ ചെയ്യാനുള്ള നിയമപരമായ മറ്റ് നടപടികളും കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ആർ.ബി.ഐ.-യിൽ നിന്നും തത്വത്തിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

## കേരള ബാങ്കിനുവേണ്ടി നബാർഡിന്റെ ശിപാർശ

250(2526) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കുന്നതിനുവേണ്ടി നബാർഡിന്റെ ശിപാർശ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്കിന്റെ രൂപീകരണത്തിനുള്ള അപേക്ഷ ആർ.ബി.ഐ.ക്കാണ് സമർപ്പിച്ചിട്ടുള്ളത്.

**താമരക്കുടി സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപം**

251(2527) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർ നിക്ഷേപിച്ച തുകയ്ക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ആഡിറ്റ്, പരിശോധന ജോലികളിൽ ഏർപ്പെട്ടിരുന്ന സഹകരണ വകുപ്പ് ജീവനക്കാരെ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) താമരക്കുടി സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകരുടെ നിക്ഷേപത്തുക സുരക്ഷിതമായി മടക്കിനൽകുന്നതിനുവേണ്ടി ടി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത സംഘത്തിൽ ക്രമക്കേട് നടന്ന കാലയളവിലെ കണക്കുകൾ പരിശോധിച്ച ആഡിറ്റർമാരെയും മിന്നൽ/വിശദ പരിശോധന നടത്തിയ ഉദ്യോഗസ്ഥരെയും ഇപ്പോൾ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സംഘത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര തവണ മിന്നൽ പരിശോധനയും വിശദ പരിശോധനയും നടത്തിയിട്ടുണ്ടെന്നും പ്രസ്തുത പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിരുന്നുവെന്നും കൂടാതെ ടി ബാങ്കിൽ കൺകറന്റ് ആഡിറ്റ് സംവിധാനമാണോ അതല്ല വർഷാന്ത്യ ആഡിറ്റാണോ നിലവിലുള്ളതെന്നും ബാങ്കിൽ നടത്തിയ ആഡിറ്റിൽ ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുവാനും ടി പരിശോധനകൾ നടത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബോധപൂർവ്വമോ അല്ലാതെയോ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത കാലയളവിൽ ടി ബാങ്കിൽ പരിശോധന നടത്തിയ ഇൻസ്പെക്ടർമാർ/ ആഡിറ്റർമാർ, മറ്റ് വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരുടെ പേരുവിവരം റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.എഫ്.എസ്.സി. കോഡ്

252(2528) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.എഫ്.എസ്.സി. കോഡ് ലഭിക്കുന്നതിന് ആർ.ബി.ഐ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഐ.എഫ്.എസ്.സി. കോഡ് ലഭിക്കാത്ത ജില്ലാ സഹകരണ ബാങ്കുകൾക്ക് ആയത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ.-യുടെ Direct Membership-ൽ ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകൾക്ക് സബ് മെമ്പർഷിപ്പിൽ ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്കുകൾക്ക് ഐ.എഫ്.എസ്.സി. കോഡ് ലഭിക്കുന്നതിന് ആർ.ബി.ഐ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

1. മൂലധന പര്യാപ്തത (CRAR) 9% എങ്കിലും ഉണ്ടായിരിക്കണം.
2. നിഷ്ക്രിയാസ്തി (NPA) 5%-ൽ കുറവായിരിക്കണം.
3. ബാങ്കിന് കുറഞ്ഞത് 50 കോടി Net Worth ഉണ്ടായിരിക്കണം.
4. CRR, SLR നിലനിർത്തുന്നതിന് വീഴ്ച വരുവാൻ പാടില്ല.
5. കഴിഞ്ഞ രണ്ട് വർഷത്തിൽ ഒരു വഷമെങ്കിലും Net Profit ആയിരിക്കണം.
6. ബന്ധപ്പെട്ട Regulatory Authority-യുടെ ശിപാർശ ഉണ്ടായിരിക്കണം.

(സി) എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുണ്ട്. 3 ജില്ലാ സഹകരണ ബാങ്കുകൾക്ക് Direct Membership-ലും മറ്റ് ബാങ്കുകൾക്ക് സബ് മെമ്പർഷിപ്പിലുമാണ് ഐ.എഫ്.എസ്.സി. കോഡ് ലഭിച്ചിട്ടുള്ളത്. ആർ.ബി.ഐ.യിൽ നിന്നും Direct ഐ.എഫ്.എസ്.സി. കോഡ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ ബാങ്കുകൾ സ്വീകരിച്ചുവരുന്നു.

**സഹകരണബാങ്കുകളിൽ സ്ഥിരനിക്ഷേപത്തിന് കാലപരിധി**

253(2529) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും ജില്ലാ സഹകരണബാങ്കുകളിൽ സ്ഥിരനിക്ഷേപത്തിന് കാലാവധി പരിധി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; ആറുമാസത്തിലധികം കാലാവധിയുള്ള സ്ഥിരനിക്ഷേപങ്ങൾ സ്വീകരിയ്ക്കാൻ പാടില്ലായെന്ന തരത്തിലുള്ള എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇടപാടുകാരിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിൽ ഈ സർക്കാർ എന്തെങ്കിലും പുതിയ ഉത്തരവുകൾ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇത്തരം പുതിയ നിർദ്ദേശങ്ങൾ, പ്രതിസന്ധി നേരിടുന്ന സഹകരണബാങ്കുകളുടെ പ്രവർത്തനത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ആറ് മാസത്തിൽ (179 ദിവസത്തിൽ) കൂടുതൽ ദൈർഘ്യമുള്ള നിക്ഷേപങ്ങൾ ഒരു വർഷക്കാലത്തേയ്ക്കോ കേരള ബാങ്ക് രൂപീകരിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ സ്വീകരിക്കാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ബാങ്കിൽ നിലവിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള ഇടപാടുകാർക്ക് പലിശയിനത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. അതേ സമയം ബാങ്കിൽ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കി 179 ദിവസത്തിൽ അധികം പുതുക്കുമ്പോൾ മാത്രമാണ് പലിശയിനത്തിൽ കുറവ് വരുന്നത്. ഇത് പരിഹരിക്കുന്നതിനായി ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ടി സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ നഷ്ടം കുറയ്ക്കുന്നതിനായി നബാർഡ് നിർദ്ദേശിച്ച പ്രകാരം തയ്യാറാക്കിയിട്ടുള്ള മോണിറ്ററി ആക്ഷൻ പ്ലാൻ പ്രകാരമാണ് ഇപ്രകാരമുള്ള നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ നൽകിയത്.

(ബി) ഇടപാടുകാരിൽനിന്നും സർവീസ് ചാർജ് ഈടാക്കുന്നതിന് ഈ സർക്കാർ പുതിയ ഉത്തരവുകൾ നൽകിയിട്ടില്ല.

സഹകരണ സംഘം രജിസ്ട്രാറുടെ 2/2011 സർക്കുലർ നിർദ്ദേശ പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽനിന്നും ഒരു മാസം പരമാവധി 10 തവണകളിൽ കൂടുതൽ നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പരിധിയിൽ കൂടുതൽ പിൻവലിക്കുന്ന തുകകൾക്ക് സർവീസ് ചാർജ് ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## സഹകരണ സംഘത്തിലെ വായ്പക്കാരൻ വായ്പാ കാലാവധിക്കുള്ളിൽ മരണമടയുന്ന സാഹചര്യം

254(2530) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരികയും വായ്പക്കാരൻ വായ്പാ കാലാവധിക്കുള്ളിൽ മരണമടയുകയും ചെയ്യുന്ന സാഹചര്യത്തിൽ വായ്പ തിരിച്ചടയ്ക്കാൻ എന്തൊക്കെ ആനുകൂല്യം നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം വായ്പ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുമോ;

(സി) റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തുവാൻ മരണപ്പെട്ട് ഇത്ര നാൾ എന്ന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വായ്പക്കാരൻ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാ തുകയിൽ 1,50,000 രൂപ വരെ മുതലിനത്തിലും

അതിന്റെ പലിശയും റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായി വായ്പക്കാരന്റെ കണക്കിൽ വരവ് വയ്ക്കുന്നതിന് സംഘത്തിന് ബോർഡിൽനിന്നും നൽകുന്നതാണ്.

ഒന്നിൽ കൂടുതൽപേർ ചേർന്നെടുത്ത കോ-ഒബ്ലിഗെന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും ആയതിന്റെ പലിശയും റിസ്ക് ഫണ്ട് വ്യവസ്ഥകൾക്ക് വിധേയമായി വായ്പക്കാരന്റെ അക്കൗണ്ടിൽ വരവുവയ്ക്കുന്നതിന് സംഘത്തിന് നൽകുന്നതാണ്.

(ബി) ഉൾപ്പെടുത്തുന്നതാണ്. വായ്പക്കാരൻ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന തുകയ്ക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകുന്നത്.

(സി) മരണമടഞ്ഞ വായ്പക്കാരന്റെ അനന്തരവകാശി സംഘത്തിൽ അപേക്ഷ നൽകി അപേക്ഷയോടൊപ്പം വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി റിസ്ക് ഫണ്ട് പദ്ധതിയിലെ 11(എ) ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേനയും ജില്ലാ സഹകരണ ബാങ്ക് ആണെങ്കിൽ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ മുഖേനയും പ്രാഥമിക കാർഷിക വികസന ബാങ്കാണെങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർ മുഖേനയും ശിപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിക്ക് അയച്ച് നൽകേണ്ടതാണെന്ന് റിസ്ക് ഫണ്ട് ബൈലോ 11-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം**

255(2531) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. പെൻഷൻ വിതരണം സഹകരണ മേഖലയ്ക്ക് ഉത്തരവാദിത്തത്തോടുകൂടി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ ചുമതല ഏറ്റെടുത്തത് മൂലം സഹകരണ മേഖലയ്ക്ക് ഉണ്ടായിട്ടുള്ള നേട്ടമെന്താണ്; പലിശയിനത്തിൽ എന്ത് തുക പ്രതിമാസം ലഭിക്കും; വിശദമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. പെൻഷൻ വിതരണം നിലവിലുള്ള ധാരണ അനുസരിച്ച് എന്നുവരെയാണ് സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നത്; പ്രസ്തുത കാലയളവിന് ശേഷവും ഈ പെൻഷൻ പദ്ധതി സഹകരണ മേഖല വഴി തുടരുവാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സഹകരണ ബാങ്കുകൾ ഇതുവരെ പെൻഷൻ ഇനത്തിൽ എത്ര തുകയാണ് വിതരണം ചെയ്തത്; പ്രസ്തുത തുക എന്നത്തേക്ക് മടക്കി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ഫെബ്രുവരി 2018 വരെയുള്ള കുടിശ്ശിക തുകയും ജൂൺ 2018 വരെയുള്ള പെൻഷനും വിതരണം നടത്തുന്നതിലേയ്ക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് 452 കോടി രൂപ സമാഹരിച്ച് ജൂൺ 2018 വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ഏറ്റെടുത്തതുമൂലം സഹകരണ വകുപ്പിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കൂടുതൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ലഭിച്ചിട്ടുണ്ട്. അക്കൗണ്ടുകൾക്ക് കൺസോർഷ്യത്തിൽ നിക്ഷേപിച്ച തുകയ്ക്ക് 10% പലിശയും ലഭിക്കും.

(സി) നിലവിലുള്ള ധാരണ പ്രകാരം ഫെബ്രുവരി 2018 വരെയുള്ള കുടിശ്ശിക പെൻഷനും ജൂലൈ 2018 വരെയുള്ള പെൻഷനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന നൽകുന്നതിനാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. മേൽ പദ്ധതി സഹകരണ വകുപ്പ് വഴി തുടരണോയെന്ന് തീരുമാനിച്ചിട്ടില്ല.

(ഡി) സഹകരണ ബാങ്കുകൾ ജൂൺ മാസം വരെയുള്ള പെൻഷൻ ഉൾപ്പെടെ 451 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ കെ.എസ്.ആർ.ടി.സി. പെൻഷൻ കൺസോർഷ്യത്തിൽ ലഭ്യമാക്കിയ തുക പലിശ സഹിതം അവർ നിക്ഷേപിച്ച തീയതിക്ക് 6 മാസത്തിനുശേഷം മടക്കി നൽകുന്ന രീതിയിലാണ് പദ്ധതി ക്രമീകരിച്ചിട്ടുള്ളത്.

## വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേട്

256(2532) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം വെള്ളൂർ സർവ്വീസ് സഹകരണ ബാങ്കിൽ കോടികളുടെ തട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ തിരിമറിയാണ് കണ്ടെത്തിയത്;

(ബി) ഏതൊക്കെ തരത്തിലുള്ള തട്ടിപ്പുകളാണ് പ്രസ്തുത സ്ഥാപനത്തിൽ നടത്തിയതായി കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത സഹകരണ ബാങ്കിന്റെ ഭരണസമിതി ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വെള്ളൂർ സർവീസ് സഹകരണ ബാങ്കിൽ കോടികളുടെ തട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ ബാങ്കിൽ 39,47,32,213 രൂപയുടെ ക്രമക്കേട് കണ്ടെത്തി.

(ബി) ബാങ്കിൽ വായ്പ അനുവദിക്കുന്നതിലും വിതരണത്തിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

(സി) ടി ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ബാങ്കിലെ രണ്ടു ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ഡി) ബാങ്കിലെ ഭരണസമിതി അംഗങ്ങൾ ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരല്ല.

## മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ പുനരുദ്ധാരണം

257(2533) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ പുനഃരുദ്ധാരണത്തിനായി എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവിടുത്തെ ജീവനക്കാരുടെ തുഛമായ വരുമാനം കണക്കിലെടുത്ത് ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ സ്ഥാപനങ്ങളിലേക്ക് ടെൻഡർ കൂടാതെ ജില്ല മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായി 2009 -ൽ ഇറക്കിയിരുന്ന സർക്കുലർ പുതുക്കി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉപഭോക്തൃ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ടി സംഘങ്ങളെക്കുറിച്ച് പഠിച്ച് നിലവിലെ സ്ഥിതിക്കുള്ള കാരണവും അവയെ പുനരുദ്ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി 4 അംഗ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റി ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളുടെ പുനരുദ്ധാരണം സംബന്ധിച്ച നിർദ്ദേശം കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) മൊത്ത വ്യാപാര സ്റ്റോറിലെ ജീവനക്കാരുടെ തുച്ഛമായ വരുമാനം കണക്കിലെടുത്ത് സർക്കാർ 500 രൂപ ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്.

സ്റ്റോറിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് ടെണ്ടർ കൂടാതെ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനായി 2009-ൽ ഇറക്കിയ സർക്കുലർ പുതുക്കി നൽകുന്നതിനായി ജില്ലാ മൊത്ത വ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോറുകളുടെ പ്രസിഡന്റുമാർ സമർപ്പിച്ച നിവേദനം സഹകരണ രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം

258(2534) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സഹകരണ സംഘങ്ങൾ വഴി സംഭരണം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടാകുക; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് സംസ്കരിച്ച് സപ്ലൈകോ/ത്രിവേണി വഴി ബ്രാൻഡഡ് അരിയാക്കി പാക്കറ്റുകളിൽ മില്ലുകളുടെ പോരോട്ടുകൂടി വിപണിയിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതിനും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ടി ജില്ലയിലെ സഹകരണ സംഘങ്ങളും കർഷകരുമായി ചർച്ച നടത്തുന്നതിനും ടി വിഷയത്തിൽ സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കുമായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ വഴിയുള്ള നെൽ സംഭരണം, സംസ്കരണം, വിതരണം എന്നിവ സംബന്ധിച്ച് ഒരു പദ്ധതിരേഖ മേൽ കമ്മിറ്റി അംഗം കൂടിയായ സഹകരണ സംഘം രജിസ്ട്രാർ മേൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(സി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് പാടശേഖരങ്ങളിൽനിന്നും കൃത്യമായ സമയത്ത് തന്നെ ശേഖരിക്കുന്നതിനും കാലതാമസം കൂടാതെതന്നെ നെല്ലിന്റെ വില കർഷകർക്ക് നേരിട്ട് നൽകുന്നതിനും സാധിക്കും. നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവയിലെ ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നെല്ലിന്റെ ന്യായവില ഉറപ്പാക്കാൻ സാധിക്കും.

## സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം

259(2535) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷ പെൻഷനുകൾ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പരാതികളില്ലാതെ സഹകരണസംഘങ്ങൾ വഴി പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞത് സഹകരണ മേഖലയുടെ കരുത്തും സ്വാധീനവും മൂലമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം

| | |
|---|---|
| ഒന്നാം ഘട്ടം | 16,72,34,67,375 |
| രണ്ടാം ഘട്ടം | 4,99,11,59,900 |
| മൂന്നാം ഘട്ടം | 5,38,69,03,800 |
| നാലാം ഘട്ടം | 2,01,66,39,600 |
| അഞ്ചാം ഘട്ടം | 10,20,55,07,200 |
| ആറാം ഘട്ടം | 6,29,05,79,700 |
| ഏഴാം ഘട്ടം | 8,32,81,33,400 |
| ആകെ | 53,94,23,90,975 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിലെ ജനസ്വാധീനവും കരുത്തുംമൂലം സാമൂഹ്യസുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിക്കുകയും വളരെ വിജയകരമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. സംഘങ്ങൾക്ക് ക്ഷേമ പെൻഷൻ വിതരണം നടത്താൻ അനുവദിക്കുന്ന തുക യഥാസമയം യഥാർത്ഥ ഗുണഭോക്താവിന്റെ വീട്ടിൽ എത്തിക്കുന്നു. തുടർന്ന് അവർക്ക് അനുവദിച്ച തുക ലഭിച്ചിട്ടുണ്ടോയെന്ന് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുന്നുണ്ട്.

## സ്ഥിരമായ വിപണി ഇടപെടൽ

260(2536) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 ൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സ്ഥിരമായ വിപണി ഇടപെടലിന് കൺസ്യൂമർ ഫെഡറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഫെഡറേഷന്റെ കീഴിലുള്ള നീതി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നീതി സ്റ്റോറുകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വരുന്ന ഓണക്കാലത്ത് എന്തെല്ലാം തരത്തിലുള്ള കമ്പോള ഇടപെടലുകളാണ് ഫെഡറേഷന് കീഴിലുള്ള സ്ഥാപനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) കൺസ്യൂമർ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് കമ്പോള ഇടപെടലിന് വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എന്ത് തുകയാണ് സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) ത്രിവേണി സ്റ്റോറുകൾക്കും നീതി സ്റ്റോറുകൾക്കും ശരിയായ രീതിയിൽ കമ്പോള ഇടപെടൽ നടത്തുവാൻ സാധിച്ചെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വില പൊതുകമ്പോളത്തിൽ കുത്തനെ വർദ്ധിച്ച് സാധാരണക്കാരായ ആളുകൾ ദുരിതത്തിലായത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2018-19-ലെ ഒരു വർഷം നീണ്ടുനിൽക്കുന്ന സ്ഥിരമായ വിപണി ഇടപെടലിന് കൺസ്യൂമർ ഫെഡറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2018 ജൂലൈ 1 മുതൽ മാർച്ച് 31 വരെ നീണ്ടു നിൽക്കുന്ന 9 മാസക്കാലമാണ് പ്രോജക്ടിന്റെ കാലാവധി. 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിപണിയിൽ സബ്സിഡി നിരക്കിൽ ലഭ്യമാക്കി വില സ്ഥിരത ഉറപ്പാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

(ബി) വിലയിരുത്തിയിട്ടുണ്ട്. നീതി സ്റ്റോറുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ സഹകരണ സംഘങ്ങൾ ഇൻഡന്റ് ചെയ്യുന്നമുറയ്ക്ക് കൺസ്യൂമർ ഫെഡറേഷൻ മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്.

(സി) ഓണത്തിന് തൊട്ടുമുമ്പുള്ള 10 ദിവസങ്ങളിൽ വിപുലമായ ഓണ വിപണി സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി ഫെഡറേഷൻ തയ്യാറാക്കിയിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡി നിരക്കിലും മറ്റ് അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ വിലക്കുറവിലും വിപണിയിൽ ഉൾപ്പെടുത്തുന്ന പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്.

(ഡി) കൺസ്യൂമർ ഫെഡറേഷന്റെകീഴിലുള്ള സ്ഥാപനങ്ങൾക്ക് കമ്പോള ഇടപെടലിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഓണം സബ്സിഡിയായി 34.62 കോടി രൂപയും ക്രിസ്തുമസ് പുതുവത്സര വിപണിക്ക് 35.04 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സർവീസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ നടപ്പിലാക്കുന്ന നീതി ശൃംഖലയും പൊതു വിതരണ സംവിധാനത്തിന്റെ ഭാഗമായി നടത്തുന്ന ഇടപെടലുകളും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അവയുടെ വിപണി ഉറപ്പുവരുത്തുന്നതിനും ശരിയായ രീതിയിൽ കമ്പോള ഇടപെടൽ നടത്തുവാനും സാധിച്ചതിലൂടെ വിലക്കയറ്റം ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്.

## വിലക്കയറ്റം തടയാൻ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ

261(2537) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി എന്തെല്ലാം ഇടപെടലുകളാണ് സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തിയിട്ടുള്ളത്;

(ബി) ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾ മുഖേന സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന വിശദാംശം വ്യക്തമാക്കുമോ;

(സി) വരുന്ന ഓണക്കാലത്ത് ഉണ്ടാകാനിടയുള്ള വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സഹകരണ സ്ഥാപനങ്ങൾ മുഖേന സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി റംസാൻ, ഓണം, ക്രിസ്തുമസ്, പുതുവത്സരം എന്നീ ഉത്സവകാലങ്ങളിൽ സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിനുപുറമേ അരിവില നിയന്ത്രണാതീതാമായി കുതിച്ചുയർന്ന സമയത്ത് പശ്ചിമബംഗാളിൽ നിന്നും അരി ഇറക്കുമതി ചെയ്ത് 680 'അരിക്കടകൾ' ആരംഭിച്ച് സുവർണ്ണമസൂരി എന്ന ഉൽപ്പന്ന നാമമുള്ള അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ വിൽപ്പന നടത്തിയിരുന്നു. വിലക്കയറ്റം തടയുന്നതിനായി കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 196 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലൂടെയും 12 ഇ-ത്രിവേണി സ്റ്റോറുകളിലൂടെയും 59 മൊബൈൽ ത്രിവേണികളിലൂടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെ കീഴിൽ നടത്തിവരുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയെക്കാളും കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തിവരുന്നു. സഹകരണ സ്ഥാപനങ്ങളിലൂടെ ഇത്തരത്തിൽ നടന്നുവരുന്ന വിപണിയിലെ ഇടപെടലുകൾ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹായകമായിട്ടുണ്ട്.

(ബി) ഉത്സവ കാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി 2016, 2017 വർഷങ്ങളിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഉത്സവച്ചന്തകൾ നടത്തിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

| 2016 | കാലയളവ് | ചന്തകളുടെ എണ്ണം | ആകെ വിൽപ്പന | സബ്സിഡി |
|---|---|---|---|---|
| റംസാൻ | 10 ദിവസം | 1930 | 15.59 കോടി | 6.02 കോടി |
| ഓണം | 10 ദിവസം | 2012 | 40.53 കോടി | 13.75 കോടി |
| ക്രിസ്തുമസ് | 5 ദിവസം | 5 ജില്ലാ കേന്ദ്രങ്ങൾ | 8.91 ലക്ഷം | 3.16 ലക്ഷം |
| 2017 | | | | |
| ഓണം | 10 ദിവസം | 3577 | 80.27 കോടി | 34.62 കോടി |
| ക്രിസ്തുമസ് പുതുവത്സരം | 13 ദിവസം | 2060 | 60.20 കോടി (നോൺ സബ്സിഡി ഉൾപ്പെടെ) | 35.04 കോടി |

(സി) കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ത്രിവേണികൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയിലൂടെ 3500 ഓണവിപണികൾ 10 ദിവസം നടത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട് 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് പുറമെ പായസ കിറ്റുകളും വിപണി മുഖേന വിൽപ്പന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

**കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം**

262(2538) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 31-ലെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡ് -ന്റെ നഷ്ടം എത്ര കോടി രൂപ ആയിരുന്നു;

(ബി) 2018-മാർച്ച് 31-ലെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര കോടി രൂപ ലാഭം നേടിയിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലനിന്നിരുന്ന അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുവാൻ കഴിഞ്ഞതാണ് ഇതിന്റെ പ്രവർത്തനം മികവുറ്റതാകാൻ കാരണം എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016 മാർച്ച് 31-ലെ താൽക്കാലിക കണക്കുകൾ പ്രകാരം കൺസ്യൂമർ ഫെഡിന്റെ തൻവർഷത്തെ നഷ്ടം 29.10 കോടി രൂപയായിരുന്നു.

(ബി) 2018 മാർച്ച് 31-ലെ താൽക്കാലിക കണക്കുകൾ പ്രകാരം കൺസ്യൂമർ ഫെഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 31-3-2018-ൽ 71.88 കോടി രൂപ തൻവർഷം ലാഭം നേടിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ മൂന്ന് തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. ചെലവ് ചുരുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ - ഇതിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താൽക്കാലിക ജീവനക്കാരെ ഒഴിവാക്കൽ, നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിക്കൽ, ആവശ്യമില്ലാത്ത ഗോഡൗണുകൾ നിർത്തലാക്കൽ എന്നിവ ഉൾപ്പെടുന്നു.

2. അഴിമതി ഇല്ലാതാക്കി സുതാര്യമായ പ്രവർത്തനം ചിട്ടപ്പെടുത്തൽ - ഇതിന്റെ ഭാഗമായി ഇ-ടെണ്ടറുകൾ വഴി സാധനങ്ങൾ വാങ്ങുക, പർച്ചേസ് പോളിസിക്ക് രൂപം നൽകുക, രൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

3. നിലവിൽ ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ വിൽക്കുക - ഇതിന്റെ ഭാഗമായി മൊബൈൽ ത്രിവേണി വാഹനങ്ങൾ വിൽക്കുക, ഉപയോഗയോഗ്യമല്ലാതെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിൽക്കുക എന്നിവ നടപ്പിലാക്കിവരുന്നു.

(ഡി) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കൂടുതൽ ജനോപകാര പ്രദമാക്കുന്നതിന് ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിക്കുന്നതിലൂടെ വിലക്കയറ്റത്തെ തടഞ്ഞു നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതൽ തിങ്ങി പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം ഫലപ്രദമാക്കുന്നതിനും കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് വാങ്ങുന്നതിലൂടെ കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അതുവഴി നീതി മെഡിക്കൽ സ്റ്റോറുകളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനകീയമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഓണം, ക്രിസ്തുമസ് എന്നീ ആഘോഷങ്ങൾക്ക് തൊട്ടുമുമ്പുള്ള 10 ദിവസങ്ങളിൽ വിപുലമായ ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി ഫെഡറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡി നിരക്കിലും മറ്റ് അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയെക്കാൾ വിലക്കുറവിലും വിപണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റംസാൻ ഫെയർ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

## സഹകരണ റിസ്ക് ഫണ്ട് പദ്ധതി

263(2539) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം ആകെ എത്ര പേർക്ക് ധനസഹായം നൽകിയെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത വർഷം ആകെ എത്ര തുകയാണ് വിതരണത്തിനായി അനുവദിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം 9283 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 2017 -18 സാമ്പത്തിക വർഷം 69,54,82,267 രൂപ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

## റിസ്ക് ഫണ്ട്

264(2540) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ആൾ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് മരണപ്പെടുകയോ മാരക രോഗ ബാധിതനാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ എന്തൊക്കെ ആശ്വാസ നടപടികളാണ് സ്വീകരിക്കുന്നത് ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഈ പദ്ധതിയിലൂടെ എത്ര പേർക്ക് ആശ്വാസം നൽകുവാൻ കഴിഞ്ഞുവെന്നും എത്ര തുകയാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ ;

(ഡി) സഹകരണ ജീവനക്കാർക്ക് ക്ഷേമ ബോർഡ് നൽകുന്ന ആനുകൂല്യം എന്തൊക്കെയാണ്; കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഏതെങ്കിലും ഇനത്തിൽ നൽകുന്ന ധനസഹായത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് റിസ്ക് ഫണ്ട് പദ്ധതി.

സർക്കാർ അംഗീകരിച്ച റിസ്ക് ഫണ്ട് നിയമാവലി പ്രകാരമാണ് ധനസഹായം നൽകുന്നത്. പരമാവധി ധനസഹായത്തുക 1,50,000 രൂപയാണ്. വായ്പക്കാരന് മാരക രോഗം (കാൻസർ, കിഡ്നി സംബന്ധമായ അസുഖം, ഡയാലിസിസിന് വിധേയരാകുന്നവർ, ഹൃദയ സംബന്ധമായ അസുഖം പക്ഷാഘാതം ബാധിച്ച് ശരീരത്തിന്റെ ചലനശേഷി നഷ്ടപ്പെട്ടവർ, എയ്ഡ്സ്, ടി.ബി., ലിവർ സിറോസിസ്) പിടിപെടുന്നവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 75,000 രൂപ വരെ അനുവദിക്കുന്നുണ്ട്.

(ബി) വായ്പക്കാരൻ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പയിൽ 1,50,000 രൂപ വരെ മുതലിലും അതിന്റെ പലിശയും നൽകി വരുന്നു. മാരക രോഗം ബാധിച്ച വായ്പാക്കാരന് പരമാവധി 75,000 രൂപ വരെ അനുവദിക്കാറുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14258 വായ്പക്കാർക്കായി 1,10,44,47,678 രൂപ ധനസഹായം നലകിയിട്ടുണ്ട്.

(ഡി) സഹകരണ സംഘം ജീവനക്കാർക്ക് മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, മക്കൾക്ക് വിദ്യാഭ്യാസ, കലാ-കായിക മികവിനുള്ള ക്യാഷ് അവാർഡ്, വിരമിക്കുന്ന ജീനക്കാർക്ക് അടച്ച തുകയുടെ ഇൻസെന്റീവ് എന്നീ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

4-8-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 28/2017/സഹ ഉത്തരവ് പ്രകാരം ആനുകല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച ആനുകൂല്യം താഴെ വിവരിക്കുന്നു.

1. മരണാനന്തര ധനസഹായം 1,50,000 രൂപയിൽനിന്ന് 2,50,000 രൂപയായി വർദ്ധിപ്പിച്ചു.

2. വൈദ്യചികിത്സാ ധനസഹയം.

(i) 75,000 രൂപ ചികിത്സാ ധനസഹായമായി നൽകിവരുന്ന അസുഖങ്ങളുടെ ധനഹായം 1,25,000 രൂപയായി വർദ്ധിപ്പിച്ചു.

(ii) 50,000 രൂപ ചികിത്സാ ധനസഹായമായി നൽകിവരുന്ന അസുഖങ്ങളുടെ ധനസഹായം 75,000 രൂപയായി വർദ്ധിപ്പിക്കുകയും ജോയിന്റ് റീപ്ലേയ്സ്മെന്റ് ശസ്ത്രക്രിയ കൂടി പുതിയതായി ഉൾപ്പെടുത്തുകയും ചെയ്തു.

(iii) ജീവനക്കാരുടെ ആശ്രിതർക്ക് നൽകി വരുന്ന ചികിത്സാ ധനസഹായം 25,000 രൂപയിൽ നിന്നും 40,000 രൂപയായി വർദ്ധിപ്പിച്ചു.

(iv) ജീവനക്കാർക്ക് മാത്രമായി 15,000 രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്ന രോഗങ്ങളുടെ ധനസഹായം 25,000 രൂപയായി വർദ്ധിപ്പിക്കുകയും 10,000 രൂപ നൽകിവരുന്ന രോഗങ്ങളുടെ ധനസഹായം 15,000 രൂപയായി വർദ്ധിപ്പിക്കുകയും ഇതിൽ എച്ച്1 എൻ1, ഡെങ്കിപ്പനി, എലിപ്പനി, വെരിക്കോസ് വെയിൻ ഓപ്പറേഷൻ എന്നിവ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.

(v) സർവീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ടിയാളുകൾ അടച്ച നിക്ഷേപ വിഹിത തുക തിരികെ നൽകുന്നതോടൊപ്പം അനുവദിക്കുന്ന ഇൻസെന്റീവ് തുകയുടെ നിരക്ക് 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(vi) സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ-കലാ മികവിന് നൽകിവരുന്ന ക്യാഷ് അവാർഡുകൾക്കൊപ്പം കായിക രംഗത്ത് (സ്പോർട്സ് & ഗെയിംസ്) മികവ് പുലർത്തുന്നവർക്ക് 5,000 രൂപ നിരക്കിൽ ക്യാഷ് അവാർഡ് പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്.

**സഹകരണ സർവീസ് ബോർഡ് മുഖാന്തരമുള്ള നിയമനങ്ങൾ**

265(2541) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഹകരണ സംഘങ്ങൾ സഹകരണ സർവ്വീസ് ബോർഡ് മുഖാന്തരം നിയമനം നടത്തേണ്ട ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേക്കുള്ള എത്ര തസ്തികകളിൽ നിലവിൽ ഒഴിവുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പരീക്ഷാ ബോർഡിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷാ ബോർഡിന് റിപ്പോർട്ട് ചെയ്യാതെ മറച്ചുവച്ച ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പരീക്ഷാ ബോർഡിന് റിപ്പോർട്ട് ചെയ്യേണ്ട തസ്തികകൾ ഒരു വർഷം ആയിട്ടും റിപ്പോർട്ട് ചെയ്യാത്ത സാഹചര്യത്തിൽ തസ്തികകളുടെ അംഗീകാരം റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 4255 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകളിൽ 1049 എണ്ണം പരീക്ഷാ ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പരീക്ഷാ ബോർഡിന് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം**

266(2542) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ബോർഡു വഴി എത്ര നിയമനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സഹകരണ പരീക്ഷാ ബോർഡ് ഏതൊക്കെ വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങളിലെ നിയമനമാണ് നടത്തുന്നതെന്ന് വിശദമാക്കാമോ;

(ഡി) വായ്പേതര സഹകരണ സംഘങ്ങളിലെ നിയമനംകൂടി സഹകരണ പരീക്ഷാ ബോർഡിന്റെ കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ) ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനായി ഹാൾ ടിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കാൻ മൊബൈലിൽ പരീക്ഷാ കേന്ദ്രം, തീയതി, സമയം, രജിസ്റ്റർ നമ്പർ എന്നിവ സന്ദേശമായി നൽകുന്നു. പരീക്ഷ കഴിഞ്ഞതിനുശേഷം ഉദ്യോഗാർത്ഥികൾക്ക് ചോദ്യക്കടലാസും ഉത്തരക്കടലാസിന്റെ കാർബൺ കോപ്പിയും നൽകുന്നു. പരീക്ഷ കഴിഞ്ഞ് പരീക്ഷാ ബോർഡിന്റെ വെബ്സൈറ്റിൽ ഉത്തരസൂചിക പ്രസിദ്ധീകരിക്കുന്നു. ഉത്തരസൂചികയിൽ തെറ്റുണ്ടെങ്കിൽ അറിയിക്കുന്നതിനായി ഏഴ് ദിവസത്തെ സമയവും ഉദ്യോഗാരത്ഥികൾക്ക് അനുവദിക്കുന്നു. ആയത് പരിശോധിച്ച് അന്തിമ ഉത്തരസൂചിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. ടി ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കാവുന്ന മാർക്ക് അവർക്ക് തന്നെ പരിശോധിക്കാൻ കഴിയുന്നു. പരീക്ഷയ്ക്കും അഭിമുഖത്തിനുംശേഷം പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്, അഭിമുഖത്തിന് ലഭിച്ച മാർക്ക്, ആകെ മാർക്ക് എന്ന രൂപത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പരീക്ഷ ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(ബി) 663 ജൂനിയർ ക്ലാർക്ക്/കാഷ്യർ (ജൂനിയർ സൂപ്പർവൈസർ, സീനിയർ ക്ലാർക്ക്) തസ്തികകളിലേയ്ക്കും 57 സെക്രട്ടറി (ജനറൽ മാനേജർ, ചീഫ് അക്കൗണ്ടന്റ്, അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ) തസ്തികകളിലേയ്ക്കും 4 ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്കുമുള്ള നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

265 ജൂനിയർ ക്ലാർക്ക്/കാഷ്യർ തസ്തികകളിലേയ്ക്കും 35 സെക്രട്ടറി (ജനറൽ മാനേജർ, അസിസ്റ്റന്റ് ജനറൽ മാനേജർ, അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ, ഇന്റേണൽ ആഡിറ്റർ, ബ്രാഞ്ച് മാനേജർ) തസ്തികകളിലേയ്ക്കുമുള്ള എഴുത്തു പരീക്ഷ യഥാക്രമം 2018 മേയ് 5, 6 തീയതികളിൽ നടത്തിയിട്ടുള്ളതും ആയതിന്റെ മൂല്യനിർണ്ണയ നടപടികൾ നടന്നുവരുന്നതുമാകുന്നു.

2018 ജൂൺ 23, 24 തീയതികളിൽ നടത്തുന്ന പരീക്ഷകൾ

ടൈപ്പിസ്റ്റ് -2 ഒഴിവുകൾ

ഡാറ്റാ എൻട്രി ഓപ്പറേറ്റർ -25 ഒഴിവുകൾ

സിസ്റ്റം അഡ്മിനിസ്ട്രേറ്റർ -12 ഒഴിവുകൾ

(സി) പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, ഹൗസിംഗ് സഹകരണ സൊസൈറ്റികൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് മുതൽ മുകളിലേയ്ക്കുള്ള എല്ലാ തസ്തികകളിലേയ്ക്കും എഴുത്തുപരീക്ഷ നടത്തുന്നതിനാണ് പരീക്ഷാ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) ഇക്കാര്യം സർക്കാർ ആലോചിച്ചുവരികയാണ്.

## സഹകരണ സ്ഥാപനങ്ങൾക്ക് നെല്ല് സംഭരണത്തിൽ പങ്കാളിത്തം

267(2543) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളെ നെല്ല് സംഭരണത്തിൽ പങ്കാളികളാക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ;

(ബി) നെല്ല് അളന്ന ഉടൻതന്നെ കർഷകന് പണം നൽകുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ;

(സി) ഇങ്ങനെ സംഭരിക്കുന്ന നെല്ല് അരിയാക്കി എങ്ങനെ ഉപഭോക്താക്കളുടെ കയ്യിലെത്തിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നെല്ല് സംഭരണം ഏതെങ്കിലും ജില്ലയിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ പി.ആർ.എസ്. ലോൺ വഴി ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സപ്ലൈക്കോയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് അപ്രകാരം പൊതുമേഖലാ ബാങ്കുകൾക്ക് നൽകുന്ന അതേ പരിഗണന നൽകി പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങളെക്കൂടി നെല്ല് സംഭരണ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ച് സംസ്കരിച്ച് സപ്ലൈകോ വഴി ബ്രാൻഡഡ് അരിയാക്കി പാക്കറ്റുകളിൽ മില്ലുകളുടെ പേരോടുകൂടി വിപണിയിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനും പാലക്കാട് ജില്ലയെ പൈലറ്റ് പ്രോജക്ടാക്കി ടി ജില്ലയിലെ സഹകരണ സംഘങ്ങളും കർഷകരുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ കൺവീനറാക്കി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണം, സംസ്കരണം, വിതരണം എന്നിവ സഹകരണ സംഘങ്ങളുടെ കൂട്ടായ്മ സംരംഭങ്ങൾ മുഖേന നടത്തുന്നതിന് 'വിത്തു മുതൽ വിത്തുവരെ' എന്ന പേരിൽ ഒരു പദ്ധതി രേഖ കമ്മിറ്റി അംഗം കൂടിയായ സഹകരണ സംഘം രജിസ്ട്രാർ ടി കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് ഉള്ളവർക്കും ജില്ലാ സഹകരണ ബാങ്കിൽ മിറർ അക്കൗണ്ട് ഉള്ളവർക്കും 'പാടി പെയ്മെന്റ് ഓർഡർ' ലഭിക്കുന്നമുറയ്ക്ക് പണം നൽകി വരുന്നുണ്ട്. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2017-18 വർഷത്തെ നെല്ല് സംഭരണത്തിനുള്ള സംഭരണ വില ഒന്നാം വിളയ്ക്ക് 56,93,93,592 രൂപയും രണ്ടാം വിളയ്ക്ക് 111,26,17,452 രൂപയും നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിന് വേണ്ടി ജില്ലാ സഹകരണ ബാങ്കിൽ 28488 KCC അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട്.

(സി&ഡി) സഹകരണ സ്ഥാപനങ്ങൾ മുഖേനയുള്ള നെല്ല് സംഭരണം നടപ്പിലാക്കിയിട്ടില്ല.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വീട്ടിൽ എത്തിക്കുന്ന പദ്ധതി**

268(2544) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹിക സുരക്ഷ പെൻഷൻ സഹകരണ സംഘങ്ങൾ മുഖേന ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി പ്രകാരം എത്ര തുക വിതരണം ചെയ്തെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സാമൂഹിക സുരക്ഷാ പെൻഷൻ വീട്ടിൽ എത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)

| ഒന്നാം ഘട്ടം | |
|---|---|
| ജില്ല | തുക |
| (1) | (2) |
| തിരുവനന്തപുരം | 1,47,22,30,425 |
| കൊല്ലം | 1,28,30,63,025 |
| പത്തനംതിട്ട | 49,95,16,950 |
| ആലപ്പുഴ | 1,28,10,34,125 |

| (1) | (2) |
|---|---|
| കോട്ടയം | 72,72,40,850 |
| ഇടുക്കി | 33,03,03,025 |
| എറണാകുളം | 1,13,23,86,100 |
| തൃശ്ശൂർ | 1,84,87,66,025 |
| പാലക്കാട് | 1,88,16,47,250 |
| മലപ്പുറം | 1,97,28,92,450 |
| കോഴിക്കോട് | 1,74,94,31,450 |
| വയനാട് | 33,73,45,100 |
| കണ്ണൂർ | 1,48,00,35,175 |
| കാസർഗോഡ് | 72,75,75,425 |
| രണ്ടാം ഘട്ടം | |
| ജില്ല | തുക |
| തിരുവനന്തപുരം | 39,91,14,000 |
| കൊല്ലം | 34,10,31,900 |
| പത്തനംതിട്ട | 13,06,56,900 |
| ആലപ്പുഴ | 37,27,21,800 |
| കോട്ടയം | 18,12,80,900 |
| ഇടുക്കി | 7,20,13,200 |
| എറണാകുളം | 26,94,21,000 |
| തൃശ്ശൂർ | 56,84,71,600 |
| പാലക്കാട് | 67,32,34,600 |
| മലപ്പുറം | 67,88,41,000 |
| കോഴിക്കോട് | 54,57,69,700 |
| വയനാട് | 9,50,98,300 |
| കണ്ണൂർ | 46,60,69,800 |
| കാസർഗോഡ് | 19,74,35,200 |

| മൂന്നാം ഘട്ടം | |
|---|---|
| ജില്ല | തുക |
| തിരുവനന്തപുരം | 43,84,23,700 |
| കൊല്ലം | 35,89,11,200 |
| പത്തനംതിട്ട | 13,98,71,700 |
| ആലപ്പുഴ | 42,31,02,600 |
| കോട്ടയം | 20,43,00,400 |
| ഇടുക്കി | 7,69,01,600 |
| എറണാകുളം | 31,82,48,400 |
| തൃശ്ശൂർ | 60,68,99,400 |
| പാലക്കാട് | 70,50,18,200 |
| മലപ്പുറം | 71,54,64,000 |
| കോഴിക്കോട് | 58,20,15,600 |
| വയനാട് | 9,75,19,600 |
| കണ്ണൂർ | 49,73,75,200 |
| കാസർഗോഡ് | 22,28,52,200 |
| നാലാം ഘട്ടം | |
| ജില്ല | തുക |
| (1) | (2) |
| തിരുവനന്തപുരം | 16,39,29,200 |
| കൊല്ലം | 13,22,94,300 |
| പത്തനംതിട്ട | 5,27,02,500 |
| ആലപ്പുഴ | 15,86,84,800 |
| കോട്ടയം | 7,61,66,300 |
| ഇടുക്കി | 2,89,19,500 |

| (1) | (2) |
|---|---|
| എറണാകുളം | 12,06,33,000 |
| തൃശ്ശൂർ | 22,76,98,900 |
| പാലക്കാട് | 26,23,41,400 |
| മലപ്പുറം | 26,90,06,000 |
| കോഴിക്കോട് | 21,78,13,000 |
| വയനാട് | 3,58,44,200 |
| കണ്ണൂർ | 18,50,91,700 |
| കാസർഗോഡ് | 8,55,14,800 |
| അഞ്ചാം ഘട്ടം | |
| ജില്ല | തുക |
| തിരുവനന്തപുരം | 83,42,20,200 |
| കൊല്ലം | 72,26,83,600 |
| പത്തനംതിട്ട | 29,93,45,500 |
| ആലപ്പുഴ | 84,74,31,600 |
| കോട്ടയം | 40,23,45,700 |
| ഇടുക്കി | 14,11,20,900 |
| എറണാകുളം | 65,27,99,500 |
| തൃശ്ശൂർ | 1,13,10,56,900 |
| പാലക്കാട് | 1,23,88,93,100 |
| മലപ്പുറം | 1,28,48,88,200 |
| കോഴിക്കോട് | 1,10,60,40,100 |
| വയനാട് | 17,30,39,300 |
| കണ്ണൂർ | 93,44,13,000 |
| കാസർഗോഡ് | 43,72,29,600 |

| ആറാം ഘട്ടം | |
|---|---|
| ജില്ല | തുക |
| തിരുവനന്തപുരം | 50,94,89,400 |
| കൊല്ലം | 42,63,78,900 |
| പത്തനംതിട്ട | 17,18,66,400 |
| ആലപ്പുഴ | 48,90,75,600 |
| കോട്ടയം | 24,37,80,300 |
| ഇടുക്കി | 9,17,56,800 |
| എറണാകുളം | 37,85,95,500 |
| തൃശ്ശൂർ | 70,79,85,000 |
| പാലക്കാട് | 81,06,96,000 |
| മലപ്പുറം | 83,05,15,500 |
| കോഴിക്കോട് | 67,65,96,000 |
| വയനാട് | 11,03,52,300 |
| കണ്ണൂർ | 57,74,15,100 |
| കാസർഗോഡ് | 26,60,76,900 |
| ഏഴാം ഘട്ടം | |
| ജില്ല | തുക |
| (1) | (2) |
| തിരുവനന്തപുരം | 67,42,79,000 |
| കൊല്ലം | 56,38,65,200 |
| പത്തനംതിട്ട | 22,75,07,500 |
| ആലപ്പുഴ | 64,62,10,700 |
| കോട്ടയം | 32,29,32,800 |
| ഇടുക്കി | 12,14,14,900 |
| എറണാകുളം | 49,83,44,400 |
| തൃശ്ശൂർ | 93,67,53,100 |

| (1) | (2) |
|---|---|
| പാലക്കാട് | 1,07,56,01,900 |
| മലപ്പുറം | 1,10,21,12,700 |
| കോഴിക്കോട് | 89,59,86,100 |
| വയനാട് | 14,57,67,200 |
| കണ്ണൂർ | 76,43,01,900 |
| കാസർഗോഡ് | 35,30,56,000 |

(ബി) സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണവകുപ്പ് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും അതത് ജില്ലാ ട്രഷറിയിൽ പെൻഷൻ വിതരണത്തിനായി ഒരു സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് ആരംഭിച്ചു. തുടർന്ന് അക്കൗണ്ടിന്റെ വിവരങ്ങൾ സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. പെൻഷൻ വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ സെക്രട്ടറിമാർ പെൻഷൻ വിതരണത്തിനുവേണ്ടി സംഘത്തിന്റെ സമീപത്തുള്ള സബ്ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതും ബന്ധപ്പെട്ട അക്കൗണ്ടിന്റെ വിവരങ്ങൾ ജോയിന്റ് രജിസ്ട്രാറെ അറിയിച്ചിട്ടുള്ളതും സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ളതും എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും പെൻഷൻ വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ/സംഘങ്ങളിലും ഇതുമായി ബന്ധപ്പെട്ട നോഡലാഫീസറെ നിയമിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുള്ളതുമാണ്.

## കാർഷിക മേഖലയിൽ സഹകരണ വകുപ്പിന്റെ ഇടപെടലുകൾ

269(2545) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ കാർഷിക മേഖലയിൽ സഹകരണ വകുപ്പ് എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

## ഉത്തരം

ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരും 4% സബ്സിഡി നൽകി പൂർണ്ണമായ പലിശയിളവ് നൽകിവരുന്നു.
2. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഓരോ ബ്ലോക്ക് പഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ച് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.
3. ഓഹരി മൂലധനം, വായ്പ, സബ്സിഡി മുതലായ സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
4. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
5. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്. പാലക്കാട് ജില്ലയിൽ കർഷകർക്ക് നെല്ല് അളന്ന ഉടനെ സഹകരണ സംഘങ്ങളിലൂടെ പണം നൽകുന്നുണ്ട്.

## നിപ വൈറസ് ഭീതി

270(2546) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നിപ വൈറസ് ഭീതി ടൂറിസം മേഖലയെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നിപ വൈറസ് ബാധിതമായ കേരളത്തിലെ രണ്ട് ജില്ലകളായ മലപ്പുറത്തും കോഴിക്കോട്ടും വിനോദസഞ്ചാര കേന്ദ്രങ്ങൾ കുറവാണ്. മാത്രമല്ല അവിടങ്ങളിൽ നിപ വൈറസ് ബാധ നിയന്ത്രണ വിധേയവുമാണ്. ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ടൂറിസം വ്യവസായ പ്രതിനിധികളുമായി 27-5-2018-ൽ നടന്ന ചർച്ചയിൽ വിനോദ സഞ്ചാരികളുടെ വരവിൽ മാറ്റമൊന്നുമുണ്ടായിട്ടില്ല എന്നും എന്നാൽ പ്രീ ബുക്കിംഗിൽ 10 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ടെന്നും വിലയിരുത്തി. നിപ വൈറസ് ഭീഷണി സംബന്ധിച്ച് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽനിന്നും ഹെൽത്ത് അഡ്വൈസറി പുറപ്പെടുവിച്ചിരുന്നു. നിപ വൈറസ് ഭീഷണി ടൂറിസം രംഗത്തെ കാര്യമായി ബാധിച്ചിട്ടില്ല.

## ഓഖി ദുരന്തവും നിപ വൈറസ് ബാധയും ടൂറിസം മേഖലയിൽ ഉണ്ടാക്കിയ മരവിപ്പ്

271(2547) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. അനിൽ അക്കര:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ ഓഖി ദുരന്തവും, നിപ വൈറസ് ബാധയും ടൂറിസം മേഖലയിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്;

(ബി) നിപ വൈറസ് ബാധയുടെ സാഹചര്യത്തിൽ വിനോദ സഞ്ചാരികളിൽ പലരും കേരളത്തിലേക്കുള്ള യാത്ര റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിനോദസഞ്ചാരികളുടെ എത്ര ശതമാനം കുറവാണ് ഈ സീസണിൽ ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ മേഖലയിൽ ഉണ്ടായിട്ടുള്ള മരവിപ്പ് മാറ്റുന്നതിന് യോഗ അംബാസിഡർ ടൂർ പദ്ധതി സംഘടിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ആരുടെയൊക്കെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉതകുന്ന രീതിയിൽ ഈ പദ്ധതി ആവിഷ്കരിക്കുന്നതിനും, വിദേശ രാജ്യങ്ങളിൽ ഇതിന് വേണ്ടത്ര പ്രചരണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനമാകെയുള്ള വിനോദസഞ്ചാരികളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഓഖി ചുഴലിക്കാറ്റ് വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിച്ചതായി കാണുന്നില്ല.

ഓഖി ചുഴലിക്കാറ്റ് കേരളതീരത്തിൽ ബാധിച്ച 2017 നവംബർ, ഡിസംബർ മാസങ്ങളിലെ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണവും മുൻവർഷത്തെ (2016 നവംബർ, 2016 ഡിസംബർ മാസങ്ങളിലെ) വിനോദസഞ്ചാരികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2017 നവംബർ, ഡിസംബർ മാസങ്ങളിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 18.02 ശതമാനവും 16.07 ശതമാനവും വർദ്ധനവും പ്രസ്തുത മാസങ്ങളിലെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 11.31 ശതമാനവും 11.48 ശതമാനവും വർദ്ധനവാണുണ്ടായിട്ടുള്ളത്.

എന്നാൽ ഓഖി ചുഴലിക്കാറ്റ് ഏറ്റവും കൂടുതൽ ബാധിച്ച തിരുവനന്തപുരം ജില്ലയിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2017 ഡിസംബർ മാസം ഇടിവുണ്ടായിട്ടുണ്ട്. 2017 ഡിസംബർ മാസത്തിൽ തിരുവനന്തപുരം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2016 ഡിസംബർ മാസത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ 9.17 ശതമാനം കുറവുണ്ടായതായി കാണാം. എന്നാൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ പ്രസ്തുത മാസത്തിൽ വർദ്ധനവാണുണ്ടായിട്ടുള്ളത്.

2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ കണക്കുകളാണ് ഇതുവരെ തിട്ടപ്പെടുത്തിയിട്ടുള്ളത്. 2018 ജനുവരി മുതലുള്ള കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. നിപ വൈറസ് ബാധ ടൂറിസം മേഖലയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചതായി കാണുന്നില്ല.

(ബി) 2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ കണക്കുകളാണ് ഇതുവരെ തിട്ടപ്പെടുത്തിയിട്ടുള്ളത്. കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് നിപ വൈറസ് ബാധ കണ്ടെത്തിയത്. അവിടങ്ങളിൽ നിപ വൈറസ് ബാധ നിയന്ത്രണ വിധേയമാണ്. മാത്രമല്ല ഈ ജില്ലകളിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ താരതമ്യേന കുറവാണ്. എന്നിരുന്നാലും ചില വിനോദസഞ്ചാരികൾ യാത്ര മാറ്റിവച്ചിട്ടുണ്ടാകാം. വിനോദസഞ്ചാരികളുടെ വരവ് സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് തയ്യാറാക്കുമ്പോൾ മാത്രമേ കൃത്യമായ വിവരം ലഭിക്കുകയുള്ളൂ.

(സി) യോഗ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര യോഗാദിനാചരണത്തോടനുബന്ധിച്ച് യോഗ അംബാസഡർ ടൂർ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന വിനോദസഞ്ചാര വകുപ്പ്, അസോസിയേഷൻ ഓഫ് ട്രേഡ് ആൻഡ് ടൂർ ഓപ്പറേറ്റേഴ്സ് ഇൻഡ്യ (ATTOI)യുടെ സഹകരണത്തോടെയും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെയുമാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കുക

(ഡി) യോഗ അംബാസഡർ ടൂർ വഴി എത്തുന്ന നൂറോളം വിദേശരാജ്യ ടൂറിസ്റ്റുകൾ വഴി സംസ്ഥാനത്തെ ടൂറിസം പ്രചരണം അതത് രാജ്യങ്ങളിൽ നടപ്പാക്കാൻ കഴിയുമെന്ന് കരുതുന്നു.

**കേരള ടൂറിസം സംരംഭകത്വ ഫണ്ട്**

272(2548) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപംനൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരള ടൂറിസം ബ്രാന്റിന് ഒരു ബ്രാന്റ് അംബാസിഡറെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കയാണ്; ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോകോൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻവസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി ഒരു ശീർഷകം അനുവദിക്കുന്നതിനായി പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട സംഗതിയാണെങ്കിലും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചിത്വവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിയുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടത്തിവരുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യമായുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ നടപ്പാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലെയും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് വകുപ്പ് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.യെ ഉപയോഗപ്പെടുത്തി നടപ്പിലാക്കിവരുന്ന തുടർ മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവീസ്മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റിവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിവരുന്നു. ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുന്നതിന് വകുപ്പ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) ടൂറിസം മേഖലയിലെ സംരംഭകർക്കായി ഐഡിയ-കം-ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, ടൂറിസം രംഗത്തെ മറ്റ് അസോസിയേഷനുകൾ എന്നിവ വഴിയാകും മീറ്റ് സംഘടിപ്പിക്കുക. സംസ്ഥാനതല മീറ്റ് ഈ വർഷം അവസാനത്തോടെ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡി.ടി.പി.സി.-കൾ, ടൂറിസം ട്രാവൽ അസോസിയേഷനുകൾ എന്നിവയുടെകൂടി സഹകരണത്തോടെയാണ് മീറ്റ് സംഘടിപ്പിക്കുന്നത്.

**വിനോദസഞ്ചാര മേഖല കൈവരിച്ച നേട്ടങ്ങൾ**

273 (2549) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദ സഞ്ചാര മേഖല കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് ജില്ലകൾതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിലേക്കെത്തുന്ന ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദ സഞ്ചാരാനുഭവം നൽകുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഏറ്റവും കാതലായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് വകുപ്പ് ഊന്നൽ നൽകുന്നത്. സംസ്ഥാന/ജില്ലാതല ഓണം വാരാഘോഷം, നിശാഗന്ധി ഫെസ്റ്റിവൽ, നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്സവം എന്നിവയ്ക്കുപുറമേ വിവിധ സ്ഥലങ്ങളിൽ നടക്കുന്ന ജലോത്സവങ്ങൾ, വള്ളംകളികൾ, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ആർ.ടി. മിഷൻ പ്രവർത്തനം നടത്തുന്നു. ഹൗസ് ബോട്ടുകളിൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തിവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സഞ്ചാരികൾക്കാവശ്യമായ മുന്നറിയിപ്പ്

ബോർഡുകൾ, ബോധവൽക്കരണം എന്നിവയും സുരക്ഷയുടെ ഭാഗമായി ലൈഫ് ഗാർഡുകളുടെ സേവനം, പോലീസ് എയ്ഡ് പോസ്റ്റ്, ടൂറിസം പോലീസിന്റെ സേവനം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര വകുപ്പിന്റെ സുസ്ഥിര വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

## ടൂറിസം റെഗുലേറ്ററി അതോറിറ്റി

274(2550) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സന്ദർശകർ പലവിധത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ടൂറിസം റെഗുലേറ്ററി അതോറിറ്റി നിലവിൽ വരുന്നതോടുകൂടി ടൂറിസം മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ലെങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദ സഞ്ചാരികൾക്കുണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകുന്നതുകൊണ്ട് ഗുണപരമായ മാറ്റം ടൂറിസം മേഖലയിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും

275(2551) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ടൂറിസം നയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് ടൂറിസം റെഗുലേറ്ററി അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളും ചുമതലകളും നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

- ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക.
- കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉൽപ്പന്നങ്ങളായി അവതരിപ്പിക്കുക.
- ആരോഗ്യരംഗം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കൽ.
- വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പിക്കുക.
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ.

- ഉത്തരവാദിത്വ ടൂറിസം.
- സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം.
- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടൂറിസം മേഖലയിൽ മുതൽ മുടക്കുന്നതിൽ പ്രോത്സാഹനം നൽകൽ.
- പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുക.
- കിഫ്ബിയുടെ സാദ്ധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തൽ.
- കേരള ടൂറിസം സംരംഭകത്വ ഫണ്ട്.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം.
- കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡർ.
- മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കൽ.
- സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയവും നടപ്പാക്കൽ.
- ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കൽ.
- ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം.
- ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മാലിന്യ നിർമ്മാർജ്ജനം നിയന്ത്രിക്കുക.
- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാര പദ്ധതികളുടെ കാതൽ

(ബി) ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും

നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും.

## ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ

276(2552) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പാക്കുന്നതിനും പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹരിത പെരുമാറ്റ ചട്ടം നിലവിൽ വന്നതോടെ ഒരു പരിധിവരെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ അടക്കമുള്ളവ നടന്നുവരുന്നു.

(ബി) മാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട കാര്യമാണെങ്കിലും കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദ സഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ

ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

വിനോദസഞ്ചാരകേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.യെ ഉപയോഗപ്പെടുത്തി നടപ്പാക്കിവരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവ്വീസ്മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കിവരുന്നു. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

## മലബാർ-മലനാട് റിവർ ക്രൂസ് ടൂറിസം പ്രോജക്ട്

277 (2553) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും

ഉൾപ്പെടുത്തി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ച മലബാർ -മലനാട് റിവർ ക്രൂസ് ടൂറിസം പ്രോജക്ടിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തി മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന പദ്ധതിക്കായി 1,03,84,94,706 (നൂറ്റിമൂന്ന് കോടി എൺപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ്റി ആറ്) രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ പള്ളിക്കര പി.എച്ച്.സി. നിർമ്മാണം**

278(2554) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര പി.എച്ച്.സി നിർമ്മാണവുമായി ബന്ധപ്പെട്ട് പള്ളിക്കര പഞ്ചായത്തും ബി.ആർ.ഡി.സി-യും അവരവരുടെ കൈവശമുള്ള സ്ഥലം പരസ്പരം കൈമാറ്റം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ഇറക്കിയ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണത്തിന് ബി.ആർ.ഡി.സി, പി.എച്ച്.സി.-ക്ക് എത്ര തുകയാണ് നൽകേണ്ടത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത നിർമ്മാണം തുടങ്ങിയ സ്ഥിതിയ്ക്ക് ഈ തുക ബി.ആർ.ഡി.സി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര പി.എച്ച്.സി. നിർമ്മാണവുമായി ബന്ധപ്പെട്ട് പള്ളിക്കര പഞ്ചായത്തും ബി.ആർ.ഡി.സി.-യും അവരവരുടെ കൈവശമുള്ള സ്ഥലം പരസ്പരം കൈമാറ്റം ചെയ്തിട്ടില്ല. സ്ഥലം പരസ്പരം കൈമാറുന്നതിനായുള്ള പ്രൊപ്പോസൽ കാസർഗോഡ് റവന്യൂ ഡിവിഷണൽ ഓഫീസർ (കാഞ്ഞങ്ങാട്) സർക്കാരിൽ സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയും സർക്കാരിന്റെ അന്തിമ ഉത്തരവിന് വിധേയമായി

കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് പി.എച്ച്.സി.-ക്കുവേണ്ടി ബി.ആർ.ഡി.സി. നീക്കിവെച്ച 1.03 ഏക്കർ സ്ഥലം (പള്ളിക്കര വില്ലേജിലെ സർവ്വേ നമ്പർ 441/17) അഡ്വാൻസ് പൊസഷൻ നൽകുവാൻ ഹോസ്ദുർഗ് താലൂക്ക് തഹസീൽദാരെ കാസർഗോഡ് കളക്ടർ ചുമതലപ്പെടുത്തി ഉത്തരവാക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഭൂമി കൈമാറ്റ അനുമതിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി. 30 ലക്ഷം രൂപ നാഷണൽ റൂറൽ ഹെൽത്ത് മിഷന് കൈമാറേണ്ടതുണ്ട്. ഇത് പുതുതായി പണികഴിപ്പിക്കുന്ന പി.എച്ച്.സി. യിലേയ്ക്ക് ആവശ്യമായ ഫർണിച്ചറും മറ്റ് സാമഗ്രികളും വാങ്ങുന്നതിന് വേണ്ടിയാണ്. ഭൂമി കൈമാറ്റത്തിനുള്ള അന്തിമ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും നാഷണൽ റൂറൽ ഹെൽത്ത് മിഷൻ തുക നാളിതുവരെ ആവശ്യപ്പെടാത്തതിനാലും ടി തുക നൽകുന്നതിന് ബി.ആർ.ഡി.സി. നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## ക്രാഫ്റ്റ് വില്ലേജുകൾ

279(2555) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ആയതിനുള്ള ഭൂമി ലഭ്യമായിട്ടുണ്ടോ എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം നിയോജക മണ്ഡലത്തിൽ പനയം പഞ്ചായത്തിൽ പെരുമണിൽ സർക്കാർ ഉടമസ്ഥതയിൽ ലഭ്യമായിട്ടുള്ള 6 ഏക്കർ ഭൂമി കയർ പാർക്കിന് നൽകിയിരുന്നത്, കയർപാർക്കിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി സർക്കാരിലേക്ക് വിട്ടൊഴിയുന്നതിന് എൻ.സി.ആർ.എം.ഐ. അഭ്യർത്ഥിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുത്ത് നിർദ്ദിഷ്ട ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ടൂറിസം വകുപ്പ് ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിച്ചിട്ടുള്ളതുപോലെ മറ്റ് ജില്ലകളിലും ക്രാഫ്റ്റ് വില്ലേജുകൾ

സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകൾ ഒഴികെ മറ്റ് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലാ കളക്ടറുടെ ഭൂമി ലഭ്യതാ വിവരം ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖലയുടെ പുരോഗതി**

280(2556) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗ്രീൻകാർപ്പെറ്റ് സംരംഭത്തിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവരസാങ്കേതിക വിദ്യാസംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കേരളത്തിന് അവാർഡുകളും അംഗീകാരങ്ങളും ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിലയിരുത്തലിനെത്തുടർന്ന് വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്:

1. ടൂറിസ്റ്റുകളുടെ വരവിന്റെ തോതിലുണ്ടായ കുറവുകളുടെ കാരണം കണ്ടെത്തുന്നതിനായുള്ള പഠനം നടത്തുകയും പരിഹാര നടപടികൾക്ക് രൂപം നൽകുകയും ചെയ്തുവരുന്നു.

2. മുസിരിസ് പൈതൃക പദ്ധതിയും സ്പൈസസ് റൂട്ട് പദ്ധതിയും പുതിയ ഉൽപ്പന്നങ്ങളാക്കി അന്താരാഷ്ട്ര ടൂറിസം മാർക്കറ്റുകളിൽ പ്രചരണം

നടത്താനും സ്പൈസസ് റൂട്ട് രാഷ്ട്രങ്ങൾ പങ്കെടുക്കുന്ന അന്താരാഷ്ട്ര കൾനറി ഫെസ്റ്റിവലിൽ ഉൾപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി.

3. മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾക്ക് തുടക്കം കുറിച്ചു. കൂടാതെ, പൈതൃക ഗ്രാമ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് തുടക്കംകുറിച്ചു. മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ.

5. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതിക്ക് തുടക്കം. ടൂറിസം സീസണെ വരവേൽക്കാനായി ടൂറിസം കേന്ദ്രങ്ങളെ ഒരുക്കുന്നതിന് ഗ്രീൻ കാർപ്പെറ്റ് എന്ന പേരിൽ പ്രത്യേക പദ്ധതി.

6. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു.

7. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി.

8. ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി " ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം" പദ്ധതിക്ക് തുടക്കം.

9. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഇക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.

10. ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനും ഇതര വകുപ്പുകളുടെ ഏകോപനത്തിനുമായി ഉന്നതതല സമിതി രൂപീകരണത്തിന് തുടക്കം.

11. ഡി.ടി.പി.സി.-കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി.

12. ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു ദീർഘകാല കരാർ പദ്ധതി.

13. ബേക്കൽ കോട്ടയിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ പദ്ധതിയുടെ തുടക്കം.

14. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള ഓഫ് സീസൺ വിപണനം ചെയ്യുന്നതിനായി " ഡ്രീം സീസൺ പാക്കേജ്."

15. ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് പുതിയ ടൂറിസം നയം ആവിഷ്കരിച്ചിട്ടുണ്ട്.

കൂടാതെ, സംസ്ഥാനത്തിന്റെ വിനോദസഞ്ചാര പുരോഗതിക്കായി കേന്ദ്ര സഹായത്തോടെ താഴെ പറയുന്ന ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം.

സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), ശ്രീപത്മനാഭ – ആറന്മുള-ശബരിമല വികസനം.

" പ്രസാദ്" സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതി.

ഇതിനുപുറമെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2016 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-ൽ 5.15 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2016 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-ൽ 11.39 ശതമാനവും മൊത്തം വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2016 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2017-ൽ 10.94 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്.

2016-ൽ ആകെ ടൂറിസം വരുമാനം 29,658.56 കോടി രൂപ ആയിരുന്നത് 2017-ൽ 33,383.68 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട് (12.56% വർദ്ധനവ്). 2016-ൽ വിദേശ വിനോദ സഞ്ചാരത്തിൽ നിന്നുള്ള വരുമാനം 7,749.51 കോടി രൂപ ആയിരുന്നത് 2017-ൽ 8392.11 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇവയെല്ലാം സംസ്ഥാന വിനോദസഞ്ചാര മേഖലയുടെ പുരോഗതിയുടെ അളവുകോലുകളാണ്.

(ബി) കേരളത്തിലെ വിനോദസഞ്ചാര മേഖലകളെ പരിപോഷിപ്പിക്കുന്നതിനും പുതിയ ടൂറിസം സീസണെ വരവേൽക്കാനുമുള്ള ഒരുക്കത്തിനുള്ള മുന്നോടിയായിട്ടാണ് ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 78 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യം, ശുചിത്വം, പൊതുസൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന വേതന ലഭ്യത എന്നിവ ഉറപ്പു വരുത്തുവാൻ ബഹുജനപങ്കാളിത്ത സ്വഭാവത്തോടെ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഒരു കർമ്മ പദ്ധതിയാണിത്. ടി പദ്ധതി നടത്തിപ്പിനായി പത്തിന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരവും ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ പൊതുശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും.
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും.
4. കേടുപാടുകളില്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ.
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പു വരുത്തൽ, അടിയന്തരഘട്ടങ്ങളിൽ എത്രയുംപെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പദ്ധതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുള്ള സംവിധാനം.
8. ജീവനക്കാർ സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനവും തിരിച്ചറിയൽ കാർഡ് നൽകലും.
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം. ടി കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തൽ.

തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവയുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനതലത്തിലും

ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിയമിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം നടപ്പാക്കിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

- നവ മാധ്യമങ്ങളായ ഫെയ്സ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റാഗ്രാം, യൂട്യൂബ് എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചരണങ്ങൾ
- ജിയോ ടാഗ് മൈക്രോ ഡെസ്റ്റിനേഷനുകൾ
- ലൈവ് ടെലികാസ്റ്റുകൾ
- ഓൺലൈൻ മത്സരങ്ങൾ
- ഓൺലൈൻ ടൂർ പ്ലാനറുകൾ
- ഇ-ബുക്കുകൾ
- ഓൺലൈൻ അക്രെഡിറ്റേഷൻ സിസ്റ്റം
- ഓൺലൈൻ റൂം റിസർവേഷൻ സിസ്റ്റം
- ട്രാവൽ കേരള ടൂറിസം ആപ്പ്
- ഇ -ബ്രോഷറുകൾ
- ടൂറിസം ടെസ്റ്റിനേഷനുകളുടെ റിസോഴ്സ് മാപ്പിംഗ്, പതിനൊന്ന് അന്താരാഷ്ട്ര ഭാഷകളിലും പത്ത് ഭാരതീയ ഭാഷകളിലും ലഭ്യമായ കേരള ടൂറിസം ഔദ്യോഗിക വെബ്സൈറ്റ്.
- ഹോളിഡേ ഐക്യൂ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമണി എന്നിവയിലൂടെയുള്ള ഓൺലൈൻ പ്രചരണം.

നീലക്കുറിഞ്ഞി സീസൺ 2018-മായി ബന്ധപ്പെട്ട് ഒരു ഓൺലൈൻ ക്യാമ്പയിൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. എച്ച്.ഡി.ആർ. വീഡിയോകൾ, വെർച്വൽ റിയാലിറ്റി അധിഷ്ഠിത വീഡിയോകൾ, പനോരമിക് 360 ഡിഗ്രി വീഡിയോകൾ എന്നിവ വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകളുടെ ഭാഗമായി നിർമ്മിച്ച് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) 2016, 2017, 2018 വർഷങ്ങളിൽ സുപ്രധാന ദേശീയ അന്തർദ്ദേശീയ ടൂറിസം പുരസ്കാരങ്ങൾ കേരള ടൂറിസത്തെ തേടിയെത്തിയിട്ടുണ്ട്. അവയിൽ പ്രധാനമായവ ചുവടെ ചേർക്കുന്നു.

2018

- ബെസ്റ്റ് ഫേസ് ബുക്ക് അവാർഡ് 2018.
- ബിനാലെ പ്രിന്റ് ക്യാമ്പയിൻ 2018-ന് DAS GOLDENE STADTTOR അവാർഡ്.
- ബിനാലെ പോസ്റ്റർ ക്യാമ്പയിൻ 2018 -ന് DAS GOLDENE STADTTOR അവാർഡ്.
- ലോൺലി പ്ലാനറ്റ് ട്രാവൽ അവാർഡ് – മികച്ച ഫാമിലി ഡെസ്റ്റിനേഷൻ.
- Live Inspired ക്യാമ്പയിന് ITS Berlin Travel ഷോയിൽ Golden City Gate Award.

2017

- WTM റെസ്പോൺസിബിൾ ടൂറിസം അവാർഡ് 2017.
- നാഷണൽ ടൂറിസം അവാർഡ് 2017.

1. മികച്ച ടൂറിസം പ്രൊമോഷൻ പബ്ലിസിറ്റി മെറ്റീരിയൽ
2. ഇംഗ്ലീഷ് അല്ലാത്ത വിദേശഭാഷയിലെ മികച്ച പ്രസിദ്ധീകരണം
3. മികച്ച റെസ്പോൺസിബിൾ ടൂറിസം പദ്ധതി/സംരംഭം
4. ടൂറിസം മേഖലയിൽ സമഗ്രമായ വളർച്ച കാഴ്ചവച്ച മികച്ച സ്റ്റേറ്റ്, മൂന്നാം സ്ഥാനം
5. മികച്ച സിവിക് മാനേജ്മെന്റ് ടൂറിസം ഡെസ്റ്റിനേഷൻ (സരോവരം ബയോ പാർക്ക്, കേരളം)
6. ഹാൾ ഓഫ് ഫെയിം അവാർഡ്-നൂതനമായ രീതിയിൽ IT/സോഷ്യൽ മീഡിയ/മൊബൈൽ ആപ്പ് എന്നിവയുടെ ഉപയോഗം.
7. PATA ഗോൾഡ് അവാർഡ് 2017
8. ലോൺലി പ്ലാനറ്റ് അവാർഡ് 2017– റൊമാൻസിന് ഉതകുന്ന മികച്ച ഡെസ്റ്റിനേഷൻ - മൂന്നാർ, കേരളം, ഇന്ത്യ.
9. ബെറ്റർ ഹോളിഡേ അവാർഡ് 2017-ഇന്ത്യയിലെ ഏറ്റവും ഹൃദ്യമായ നദീതട പ്രദേശം.
10. ഔട്ട് ലുക്ക് ട്രാവലർ അവാർഡ് 2017- ആത്മീയതയ്ക്കും സൗഖ്യത്തിനും ഉതകുന്ന മികച്ച ഡെസ്റ്റിനേഷൻ.

2016

- വ്യാപാരമേളയായ WTM ലണ്ടനിൽ ജനങ്ങൾ തെരഞ്ഞെടുത്ത ഏറ്റവും നല്ല സ്റ്റാളിനുള്ള അവാർഡ്.
- വിസിറ്റ് കേരള ടെലിവിഷൻ ക്യാമ്പയിനിനായി PATA ഗോൾഡ് അവാർഡ്.
- ഇംഗ്ലീഷ് ഭാഷയിലെ മികച്ച പ്രസിദ്ധീകരണത്തിനുള്ള നാഷണൽ അവാർഡ് (സ്പൈസ് റൂട്ട് കോഫീ ടേബിൾ ബുക്ക്) .
- ലോൺലി പ്ലാനറ്റ് മാഗസിൻ ഇന്ത്യയുടെ ഏറ്റവും മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു.
- ഫിത്തൂർ, മാഡ്രിഡ് അന്തർദ്ദേശീയ ടൂറിസം മേളയിൽ കേരളത്തിന് ബെസ്റ്റ് ടൂറിസം പവലിയന് അവാർഡ് ലഭിച്ചു.
- ഇന്ത്യയിലെ മികച്ച വിശ്രമ ടൂറിസം കേന്ദ്രമായി കേരളത്തെ തെരഞ്ഞെടുത്തു (Runner Up).
- ഉത്തരവാദിത്വ ടൂറിസത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി ഫിലിമിന് ലോകത്തെ ഏറ്റവും വലിയ ട്രാവൽ വ്യാപാര മേളയായ ഐ.റ്റി.ബി. ബർലിനിൽ ഗോൾഡൻ സിറ്റിഗേറ്റ് പുരസ്കാരം കേരളത്തിന് ലഭിക്കുകയുണ്ടായി.
- വെബ് രത്ന അവാർഡ് -ഔട്ട്സ്റ്റാൻഡിംഗ് കണ്ടന്റ് വിഭാഗത്തിൽ ഗോൾഡൻ ഐക്കൺ അവാർഡ് കേരള ടൂറിസത്തിന്റെ വെബ് സൈറ്റിന് ലഭിച്ചു. (www.keralatourism.org).

**വിനോദസഞ്ചാര മേഖലയിലുണ്ടായ മാറ്റങ്ങൾ**

281(2557) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര നയം നടപ്പിലാക്കിയതോടെ സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) വിനോദസഞ്ചാര നയം നടപ്പിലാക്കിയതുമൂലം തൊഴിലവസരങ്ങൾ കൂടുതലായി ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അതിഥികൾക്ക് സംസ്ഥാനത്ത് നിർഭയം സഞ്ചരിക്കുന്നതിന് ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സുസ്ഥിരവും സമഗ്രവുമായ പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽനൽകുന്നത്.

- ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉൽപ്പന്നങ്ങളായി അവതരിപ്പിക്കുക.
- ആരോഗ്യ രംഗം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കൽ
- വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പിക്കുക
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ
- ഉത്തരവാദിത്വ ടൂറിസം
- സുരക്ഷിതവും സുസ്ഥിരവുമായ ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക.
- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിൽ പ്രോത്സാഹനം നൽകൽ.
- പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുക.

- കിഫ്ബിയുടെ സാദ്ധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തൽ
- കേരള ടൂറിസം സംരംഭകത്വ ഫണ്ട്.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം
- കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡർ
- മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കൽ
- കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കൽ
- ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കൽ
- ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം
- ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മാലിന്യ നിർമ്മാർജ്ജനം
- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാര നയത്തിന്റെ കാതൽ.

നയത്തിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിലെ വിനോദസഞ്ചാര മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 78 ടൂറിസം കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതുസൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ ബഹുജന പങ്കാളിത്ത സ്വഭാവത്തോടെ നടപ്പിലാക്കുന്ന ഒരു കർമ്മ പദ്ധതിയാണിത്. ടി പദ്ധതി നടത്തിപ്പിനായി പത്തിന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഗ്രീൻ കാർപ്പെറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്ക് വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും പരമാവധി ഒഴിവാക്കുകയാണ് ചുമതലപ്പെട്ടവർ നിർവ്വഹിച്ചുവരുന്നത്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം വകുപ്പ് 335 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്നത് ഉത്തരവാദിത്വ ടൂറിസം മിഷന്റെ വിവിധ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിന്റെ ഭാഗമായി 5 വർഷംകൊണ്ട് 100000 പേർക്ക് കൃഷി, ഉൽപ്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉൽപ്പാദനം, വിപണനം, സുവനീർ ഉൽപ്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്വ ടൂറിസം നെറ്റ്വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കൽ. ഇതിനായുള്ള വിവിധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിലും ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500 രൂപയുടെ(നാൽപ്പത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുമതി വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം അതാത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ചേർന്ന അടിയന്തിര യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. 18-5-2018-ലെ പോലീസ് മേധാവി നൽകിയ സർക്കുലറിൽ ടി വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് വകുപ്പ് മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾകൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിഗണിക്കുന്നതാണ്.

## തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനം

282(2558) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രമായ തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ കിഫ്ബി സഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലുള്ള അവസ്ഥയും വിശദാംശവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിനോദസഞ്ചാര കേന്ദ്രമായ തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടില്ല.

## പീരുമേട്ടിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികൾ

283(2559) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പീരുമേട് നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുവാൻ കഴിഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന വിനോദസഞ്ചാര പദ്ധതികളിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) മണ്ഡലത്തിലെ തോട്ടം മേഖലയുടെ വിനോദസഞ്ചാര സാദ്ധ്യതകൾ കൂടി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) " Construction & Renovation of Mottakkunnu Vagamon" നവീകരണ പ്രവൃത്തി നടന്നുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

## മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

284(2560) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) 2018-19 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള, മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കേണ്ട വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ മണലൂർ നിയോജക മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) 2018-19-ലെ ബജറ്റിൽ മണലൂർ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളൊന്നും ഉൾപ്പെട്ടിട്ടില്ല. എന്നാൽ അനുയോജ്യമായ പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ശ്രീനാരായണ സർക്യൂട്ട് ടൂറിസം പദ്ധതി

285(2561) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കിവരുന്ന സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി 118 കോടി രൂപയുടെ ശ്രീനാരായണഗുരു പിൽഗ്രിം സർക്യൂട്ട് എന്ന പദ്ധതിയുടെ പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന സ്ഥലങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. അരുവിപ്പുറം
2. കുന്നുംപാറ ശ്രീസുബ്രഹ്മണ്യ ക്ഷേത്രം
3. ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം
4. ശിവഗിരി ശ്രീനാരായണഗുരു ആശ്രമം
5. മണ്ണന്തല ആനന്ദവല്ലീശ്വരം ക്ഷേത്രം
6. കായിക്കര കുമാരനാശാൻ മെമ്മോറിയൽ

(സി) നിലവിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

**മലയോര തീരദേശ മേഖലയിലെ ടൂറിസം പദ്ധതികൾ**

286(2562) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മലയോര ടൂറിസം വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാണോ; എങ്കിൽ എത്ര തുക ലഭിച്ചു എന്ന് വിശദമാക്കുമോ;

(ബി) തീരദേശ മേഖലയിലെ ടൂറിസം പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഏതൊക്കെ പൈതൃക സ്മാരകങ്ങളാണ് സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന മലയോര ടൂറിസം പദ്ധതികൾ അനുബന്ധമായി*ചേർത്തിരിക്കുന്നു. അവയ്ക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിലുൾപ്പെട്ട ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനത്തിനായി 9006.14 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതിയിൽ മലയോര പ്രദേശവും ഉൾപ്പെടുന്നു.

(ബി) തീരദേശ മേഖലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു. ടി പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചിട്ടില്ല.

(സി) പൈതൃക സ്മാരകങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ടൂറിസം വകുപ്പിന് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള ഒരു സ്ഥാപനവും സ്വകാര്യ ഏജൻസികൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നില്ല.

**ഗ്രീൻ കാർപ്പെറ്റ് പദ്ധതി**

287(2563) <u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീമതി യു. പ്രതിഭ ഹരി:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സുരക്ഷിതത്വവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി നൽകിയ വിനോദ സഞ്ചാര വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, നാഷണൽ സർവീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിയമിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി നൽകിയ വിനോദസഞ്ചാര വികസന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

**കണയംകോട് ടൂറിസം പദ്ധതി**

288(2564) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ടൂറിസം കോറിഡോറിന്റെ ഭാഗമായ കണയംകോട് ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) കണയംകോട് ടൂറിസം പദ്ധതിക്ക് വേഗത്തിൽ ഭരണാനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പദ്ധതി പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സീപ്ലെയിൻ പദ്ധതി**

289(2565) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അഷ്ടമുടിയിലും പുന്നമടയിലും വാട്ടർഡ്രോമുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ ഉണ്ടായ ആശങ്കകളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി, പ്രസ്തുത പദ്ധതി മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമല്ലെന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാട്ടർഡ്രോമുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടി അഷ്ടമുടിയിലും പുന്നമടയിലും സർക്കാർ അക്രെഡിറ്റഡ് ഏജൻസി ആയ KITCO വഴി ആകെ 3,13,10,714 രൂപയാണ് ചെലവായിട്ടുള്ളത്.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി ഇപ്പോൾ വിഭാവനം ചെയ്ത പ്രകാരമുള്ള സീപ്ലെയിൻ സർവീസുകൾ ഉൾനാടൻ

ജലാശയങ്ങളിലെ ജൈവ വ്യവസ്ഥയെയോ മത്സ്യസമ്പത്തിനെയോ ഒരു തരത്തിലും ബാധിക്കാത്ത രീതിയിലാണെന്ന് വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ വേമ്പനാട്, അഷ്ടമുടി കായലുകളിൽ ജലവിമാന പദ്ധതി ആരംഭിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, ഉൾനാടൻ ജലാശയങ്ങളുടെ വിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ ജലവിമാനങ്ങളുടെ ടേക്-ഓഫ്/ലാൻഡിംഗ് എന്നിവയ്ക്കുവേണ്ടി വളരെ ചെറിയ പ്രദേശം മാത്രമേ ആവശ്യമുള്ളൂയെന്നും ഇവയുടെ ലാൻഡിംഗ്/ടേക്ക് ഓഫ് സമയങ്ങളിൽ ഒരു സാധാരണ സ്പീഡ് ബോട്ട് ഉണ്ടാക്കുന്നതിനെക്കാൾ ചെറിയ അലകൾ മാത്രമേ ഉണ്ടാകുന്നുള്ളൂയെന്നും ഇവ മറ്റ് മലിനീകരണ പ്രശ്നങ്ങളൊന്നും ഉണ്ടാക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചിട്ടുണ്ട്.

(സി) സർക്കാർ ഇതുവരെ കൊല്ലത്തും ആലപ്പുഴയിലുമായി ജലവിമാനങ്ങളുടെ ലാൻഡിംഗ്/ടേക്ക് ഓഫിനായി വാട്ടർഡ്രോമുകൾ ഒരുക്കുകയും സ്വകാര്യ ഓപ്പറേറ്റർമാരെ ആകർഷിക്കുന്നതിനായി വിവിധ സമയങ്ങളിൽ ഏർളി ബേർഡ് ഇൻസെന്റീവുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്നെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ സർവീസുകൾ ആരംഭിക്കുവാനായി നിയമപ്രകാരം ആവശ്യമായ എല്ലാ അനുമതികളുമുള്ള സീപ്ലെയിനുകളുമായി ഓപ്പറേറ്റർമാർ ആരും ഇതുവരെ മുന്നോട്ട് വന്നിട്ടില്ല. ഓപ്പറേറ്റർമാർ വരാത്ത ഈ സാഹചര്യത്തിൽ സർവീസുകൾ ആരംഭിക്കുവാൻ സാധിക്കുകയില്ല. അതിനാൽ, ഇതിനായി ഒരുക്കിയിരുന്ന ഉപകരണങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായി പുനർവിന്യസിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

### ഗ്രാമീണ ടൂറിസം പദ്ധതി

290 (2566) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമകൊച്ചിയിൽ കായലുകളുടെയും പുഴകളുടെയും സാമീപ്യം കൊണ്ട് മനോഹരമായ ചിറക്കൽ, കളത്ര, കരി തുടങ്ങിയ പ്രദേശങ്ങളുടെ പ്രകൃതിരമണീയതയും വിനോദസഞ്ചാരസാധ്യതയും പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശങ്ങളെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളായി പ്രഖ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.

**പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി**

291 (2567) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതിക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു ടൂറിസം സർക്യൂട്ട് തുടങ്ങുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടൂറിസം രംഗത്ത് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസനത്തിനായി ഏതെല്ലാം കേന്ദ്രപദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിസ്ഥിതിക്ക് കോട്ടംവരാത്ത വിധത്തിലാണ് വിനോദ സഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്.

ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഹരിത പെരുമാറ്റച്ചട്ടം നിലവിൽവന്നതോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒരളവുവരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി 3 വർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് ലക്ഷ്യമിടുന്നു.

വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണവും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിയുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടത്തിവരുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പെറ്റ് സ്കീം കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻ.ജി.ഒ.കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസം രംഗത്ത് നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ഡി) സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസനത്തിനായി കേന്ദ്ര സഹായത്തോടെ നിലവിൽ നടപ്പിലാക്കി വരുന്ന കേന്ദ്ര ടൂറിസം പദ്ധതികൾ താഴെപ്പറയുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം.
- സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം-ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം).
- പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം.

### കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ

292 (2568) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ലാഭത്തിലാണോ; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ എണ്ണം വർഷംതോറും വർദ്ധിച്ചു വരുന്നുണ്ടെങ്കിലും അതിനനുസരിച്ചുള്ള വളർച്ച ഈ സ്ഥാപനം കൈവരിക്കാത്തത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനം ലാഭത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം വിറ്റുവരവ്, പ്രവർത്തന ലാഭം, അറ്റാദായം എന്നിവ യഥാക്രമം 124.85 കോടി, 3.52 കോടി, (-)3.52 കോടി ആണ്. ഈ വർഷം വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും അറ്റാദായത്തിലും കുറവുണ്ടായതിന് കാരണം സുപ്രീം കോടതി ഉത്തരവിൻപ്രകാരം കെ.ടി.ഡി.സി.യിൽ കാലാകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന 40 ബിയർ പാർലറുകളിൽ 29 എണ്ണം അടച്ചിടേണ്ടി വന്നതാണ്. കൂടാതെ കെ.ടി.ഡി.സി.-യുടെ പ്രീമിയം ഹോട്ടലായ വാട്ടർ സ്കേപ്പ്, കുമരകം പൂർണ്ണമായും നവീകരണത്തിനുവേണ്ടി പൂട്ടിയിരിക്കുകയുമായിരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവ ഭാഗികമായി അടച്ച് നവീകരണം നടത്തിയതും വരുമാനം കുറയ്ക്കാനിടയായിട്ടുണ്ട്.

(ബി) നവീകരണത്തിനായി വാട്ടർസ്കേപ്പ് പൂർണ്ണമായും മാസ്കറ്റ് ഹോട്ടലും ഹോട്ടൽ ചൈത്രവും ഭാഗികമായും പൂട്ടിയിരുന്നതിനാൽ ഈ സ്ഥലങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ നേരിയ കുറവു വന്നിട്ടുണ്ട്. വിദേശ സഞ്ചാരികളുടെ വരവു കൊണ്ടുള്ള പ്രയോജനം കെ.ടി.ഡി.സി.യിൽ ഹോട്ടൽ സമുദ്ര, കോവളം, കുമരകം വാട്ടർ സ്കേപ്പ് എന്നിവിടങ്ങളിൽ മാത്രമായി ഉള്ളതാകുന്നു.

(സി) കെ.ടി.ഡി.സി.-യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന മാസ്കറ്റ് ഹോട്ടലിന്റെ 36 റൂമുകൾ പൂർത്തീകരിച്ച് ഗസ്റ്റിന് തുറന്നുകൊടുത്തു. പൊന്മുടിയിൽ 15 പുതിയ കോട്ടേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവീസാരംഭിച്ചു. കെ.ടി.ഡി.സി.യുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ ആരംഭിച്ചു. കുമരകത്തെ വാട്ടർ സ്കേപ്പിന്റെ പൂർണ്ണമായ നവീകരണം ആരംഭിച്ചുകഴിഞ്ഞു.

## കെ.ടി.ഡി.സി.

293 (2569) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.സി.-ക്ക് സർക്കാർ വകുപ്പുകളിൽ നിന്നും ട്രാവൽ ഏജൻസികളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുകയുടെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) കെ.റ്റി.ഡി.സി.-യുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) 31-3-2018-ലെ കണക്കുപ്രകാരം കെ.ടി.ഡി.സി.-ക്ക് മൊത്തമായി സർക്കാർ ട്രാവൽ ഏജന്റുമാർ, മറ്റുള്ളവർ എന്നിവരിൽ നിന്നും യഥാക്രമം 232 ലക്ഷം രൂപ, 153 ലക്ഷം രൂപ, 85 ലക്ഷം രൂപ വീതം കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്.

(ബി) കെ.ടി.ഡി.സി.-യുടെ മിക്കവാറും എല്ലാ ഹോട്ടലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു പണി നടന്നുകൊണ്ടിരിക്കുന്നു. മാസ്കറ്റ് ഹോട്ടലിന്റെ

36 മുറികൾ പൂർത്തീകരിച്ച് അതിഥികൾക്ക് തുറന്നുകൊടുത്തു. പൊൻമുടിയിൽ 15 പുതിയ കോട്ടേജുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. തേക്കടി തടാകത്തിൽ 120 പേരെ കയറ്റാവുന്ന ഒരു ബോട്ട് സർവീസ് ആരംഭിച്ചു. കെ.ടി.ഡി.സി.യുടെ നിലവിലുള്ള ഹോട്ടലുകളെ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ ആരംഭിച്ചു. കുമരകത്തെ വാട്ടർസ്കേപ്പിന്റെയും തിരുവനന്തപുരത്തെ ചൈത്രം ഹോട്ടലിന്റെയും പൂർണ്ണമായ നവീകരണം ആരംഭിച്ചുകഴിഞ്ഞു.

## കെ.ടി.ഡി.സി.-യുടെ നഷ്ടം

294 (2570) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തെ പ്രൊവിഷണൽ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കെ.ടി.ഡി.സി.- യുടെ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ;

(സി) കെ.ടി.ഡി.സി. നഷ്ടത്തിലായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തെ പ്രൊവിഷണൽ കണക്ക് പ്രകാരം 3.52 കോടി രൂപയുടെ പ്രവർത്തന ലാഭം കെ.ടി.ഡി.സി. നേടിയിട്ടുണ്ട്.

(ബി) കെ.ടി.ഡി.സി.-യിലെത്തുന്ന സഞ്ചാരികളിൽ 2015-16, 2016-17 കാലയളവിൽ 5.37% വർദ്ധനവുണ്ടായെങ്കിലും 2017-18 കാലയളവിൽ കെ.ടി.ഡി.സി.യിലെത്തിയ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ട്. കുമരകത്തെ വാട്ടർസ്കേപ്പ്, തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, തമ്പാനൂരിലെ ചൈത്രം ഹോട്ടൽ, തേക്കടിയിലെ പെരിയാർ ഹൗസ് എന്നിവ ഈ കാലയളവിൽ അറ്റകുറ്റപ്പണികൾക്കായി പൂർണ്ണമായോ ഭാഗികമായോ അടയ്ക്കേണ്ടി വന്നതിനാലാണ് കെ.ടി.ഡി.സി. ഹോട്ടലുകളിൽ താമസിക്കാനെത്തിയ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണം.

(സി&ഡി) കെ.ടി.ഡി.സി. പ്രവർത്തന ലാഭത്തിലാണ്. പൊടുന്നനെയുണ്ടായ മദ്യ നിരോധന നയംമൂലം ഇരുപത്തിയെട്ട് ബിയർ പാർലറുകൾ അടയ്ക്കേണ്ടി വന്നത് പ്രവർത്തനത്തെ ബാധിച്ചിരുന്നു. ഇവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെ വർദ്ധനവും വരുമാനമില്ലാതെ നൽകേണ്ടിവന്ന അവരുടെ വേതനം, ചില ഹോട്ടലുകളുടെ കാലഹരണപ്പെട്ട കെട്ടിടങ്ങളും തുടർന്നുള്ള അറ്റകുറ്റപ്പണികൾ എന്നിവ ചെലവ് വർദ്ധിക്കാൻ കാരണമായി. ഭാവി ബിസിനസ്സ് മുന്നിൽ കണ്ടുകൊണ്ട് കഴിഞ്ഞ 2 വർഷത്തിനിടയിൽ കുമരകത്തെ വാട്ടർസ്കേപ്പ് എന്ന ഹോട്ടൽ അടച്ച് നവീകരണം നടത്തിവരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ തുടങ്ങിയവ ഭാഗികമായി അടച്ച് നവീകരണങ്ങൾ നടത്തിയതും വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമായി.

സമയബന്ധിതമായി നവീകരണ പ്രവർത്തനങ്ങൾ നടത്തിയും തൊഴിലാളികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും ശരിയായ പരിശീലനം നൽകിയും യുക്തമായ രീതിയിൽ തൊഴിലാളികളെയും ഉദ്യോഗസ്ഥരെയും വിന്യസിച്ച് കൂടുതൽ ലാഭകരമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കെ.ടി.ഡി.സി. റിസോർട്ടുകളും ഹോട്ടലുകളും ശക്തമായ മത്സരമാണ് അഭിമുഖീകരിക്കുന്നത്. ഓരോ ഡെസ്റ്റിനേഷന്റെയും വിസ്തീർണ്ണം വർദ്ധിക്കുകയും അവിടെയെല്ലാമുള്ള ഹോട്ടലുകളുടെയും സർവീസ് വില്ലകളുടെയും ഹോം സ്റ്റേകളുടെയും അപ്പാർട്ട്മെന്റ് ഹോട്ടലുകളുടെയും മത്സരം അതിജീവിച്ചുമാണ് കെ.ടി.ഡി.സി. നിലനിൽക്കുന്നത്.

### കെ.ടി.ഡി.സി. നഷ്ടത്തിലേയ്ക്ക് പോകുന്നതിന്റെ കാരണം

295 (2571) <u>ശ്രീ. മോൻസ് ജോസഫ്:</u>

<u>ശ്രീ. പി. ജെ. ജോസഫ്:</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളുടെ എണ്ണം വർഷംതോറും വർദ്ധിക്കുമ്പോഴും 2016 വരെ ലാഭത്തിൽ പ്രവർത്തിച്ച കെ.ടി.ഡി.സി. നഷ്ടത്തിലേക്ക് പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വഴിയോര വിശ്രമ കേന്ദ്രങ്ങളും മാസ്കറ്റ് ഹോട്ടലും ആധുനിക രീതിയിൽ പുനഃസംഘടിപ്പിക്കുവാനും വിനോദസഞ്ചാരികളുടെ അഭിരുചിക്ക് അനുസരിച്ച് പ്രവർത്തിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) മാസ്കറ്റ് ഹോട്ടലിന് സർക്കാർ വകുപ്പുകളും ട്രാവൽ ഏജൻസികളും നൽകുവാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കോർപ്പറേഷൻ പരാജയപ്പെടുന്ന എന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് കെ.ടി.ഡി.സി. സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.ടി.ഡി.സി. 2016-17-ൽ 5.82 കോടി രൂപയും 2017-18-ൽ 3.52 കോടി രൂപയും പ്രവർത്തനലാഭം നേടിയിട്ടുണ്ട്. എന്നാൽ ഈ വർഷം വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും അറ്റാദായത്തിലും കുറവുണ്ടായിട്ടുണ്ട്. ഇതിന് കാരണം 2017-ൽ സുപ്രീംകോടതിയുടെ ഉത്തരവിൻപ്രകാരം കെ.ടി.ഡി.സി. നടത്തിക്കൊണ്ടിരുന്ന 40 ബിയർ പാർലറുകളിൽ 29 എണ്ണം പൂട്ടുകയുണ്ടായി. ഇത് പിന്നിട് തുറന്നെങ്കിലും 2017-18-ലെ വിറ്റുവരവിനെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി.എസ്.ടി.-യും വിറ്റുവരവിനെ ബാധിച്ചിട്ടുണ്ട്. ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വർദ്ധനവും വരുമാനമില്ലാതെ നൽകേണ്ടിവന്ന അവരുടെ വേതനം, ചില ഹോട്ടലുകളുടെ കാലഹരണപ്പെട്ട കെട്ടിടങ്ങളും തുടർന്നുള്ള അറ്റകുറ്റപ്പണികൾ എന്നിവ ചെലവ് വർദ്ധിക്കാൻ കാരണമായി. ഭാവി ബിസിനസ്സ് മുന്നിൽകണ്ടുകൊണ്ട് കഴിഞ്ഞ 2 വർഷത്തിനിടയിൽ കുമരകത്തെ വാട്ടർസ്കേപ്പ്സ് എന്ന ഹോട്ടൽ അടച്ച് നവീകരണം നടത്തിവരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം തുടങ്ങിയവ ഭാഗികമായി അടച്ച് നവീകരണങ്ങൾ നടത്തിയതും വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമായി.

(ബി) സംസ്ഥാനത്തെ വഴിയോര വിശ്രമ കേന്ദ്രങ്ങൾ കാലഘട്ടത്തിന് അനുസരിച്ച് ബ്രാൻഡ് ചെയ്ത് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മാസ്കറ്റ് ഹോട്ടലിനെ ആധുനിക രീതിയിൽ ആക്കുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങളും 5 സ്റ്റാർ ആയി ക്ലാസ്സിഫൈ ചെയ്യുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) മാസ്കറ്റ് ഹോട്ടലിന്റെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ നടന്നുവരികയാണ്. കുടിശ്ശികയായി പലപ്പോഴും കാണുന്ന തുക ബില്ലിലുണ്ടായ തർക്കങ്ങൾമൂലമാണ്. അത് ആരുടേയും പരാജയമായി കാണുന്നില്ല. കുടിശ്ശിക ഉണ്ടാകുന്നതിനുള്ള കാരണങ്ങളും വിശദാംശങ്ങളും ആഴത്തിൽ പരിശോധിച്ച് കിട്ടാനുള്ളവ ഈടാക്കാനും കിട്ടാൻ സാദ്ധ്യതയില്ലാത്തവ എഴുതിത്തള്ളാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നെയ്യാർ ഡാമിലും മലമ്പുഴയിലും യഥാക്രമം 1 മെഗാവാട്ട്, 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള രണ്ടു പ്ലാന്റുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

**കെ.ടി.ഡി.സി.-യുടെ ലാഭനഷ്ടക്കണക്കുകൾ**

296 (2572) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.-യുടെ 2015-16, 2016-17 എന്നീ വർഷങ്ങളിലെ ലാഭനഷ്ടക്കണക്കുകൾ വിശദമാക്കുമോ;

(ബി) 2017-18 വർഷത്തെ പ്രൊവിഷണൽ ഓഡിറ്റ് പ്രകാരം പ്രസ്തുത വർഷം കെ.ടി.ഡി.സി. ലാഭകരമാണോ; ഇല്ലെങ്കിൽ നഷ്ടം സംഭവിക്കുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) കെ.ടി.ഡി.സി. ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച സിറ്റി ടൂർ പദ്ധതിയും കന്യാകുമാരി, തെന്മല ടൂർ പദ്ധതിയും ആരംഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ടൂർ ലാഭകരമായി നടത്തുന്നതിന് കെ.ടി.ഡി.സി.-ക്ക് കഴിയുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 2015-16-ലെ വിറ്റുവരവ്, പ്രവർത്തന ലാഭം, അറ്റാദായം എന്നിവ യഥാക്രമം 147.65 കോടി, 6.21 കോടി രൂപയും, 1.10 കോടി രൂപയുമാണ്. ഇത് 2016-17-ൽ യഥാക്രമം 139.25 കോടി രൂപയും, 5.82 കോടി രൂപയും, 0.25 കോടി രൂപയുമാണ്.

(ബി) 2017-18 വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം വിറ്റുവരവ്, പ്രവർത്തന ലാഭം, അറ്റാദായം എന്നിവ യഥാക്രമം 124.85 കോടി രൂപ, 3.52 കോടി രൂപ, (-)3.52 കോടി രൂപയാണ്. ഈ വർഷം വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും അറ്റാദായത്തിലുമുണ്ടായ കുറവിനു കാരണം സുപ്രീം കോടതി ഉത്തരവിൻ പ്രകാരം കെ.ടി.ഡി.സി.-യിൽ കാലാകാലങ്ങളിൽ നടത്തിക്കൊണ്ടിരുന്ന 40 ബിയർ പാർലറുകളിൽ 29 എണ്ണം അടച്ചിടേണ്ടി വന്നതാണ്. കൂടാതെ കെ.ടി.ഡി.സി.-യുടെ പ്രീമിയം ഹോട്ടലായ വാട്ടർസ്കേപ്സ്, കുമരകം പൂർണ്ണമായും നവീകരണത്തിനുവേണ്ടി പൂട്ടിയിരിക്കുകയുമായിരുന്നു. തിരുവനന്തപുരം മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവ ഭാഗികമായി അടച്ച് നവീകരണം നടത്തിയതും വരുമാനം കുറയ്ക്കാനിടയായിട്ടുണ്ട്.

(സി) തിരുവനന്തപുരത്തു നിന്നും തിരുവനന്തപുരം സിറ്റി ടൂറും കന്യാകുമാരി ടൂറും ആരംഭിച്ചു. കൊച്ചിയിൽ നിന്നും കൊച്ചി സിറ്റി ടൂറും ആരംഭിച്ചിട്ടുണ്ട്. തെന്മല ടൂർ പദ്ധതി ആരംഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത ടൂറുകൾ തുടങ്ങിയതേയുള്ളൂ. അവ ലാഭകരമായിട്ടില്ല.

**വയനാട് ചുരം കേബിൾ കാർ പദ്ധതി**

297 (2573) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചുരം കേബിൾ കാർ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പദ്ധതി എന്നാണ് നിലവിൽ വരിക; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

**വയനാട് ചുരത്തിന് സമാന്തരമായി കേബിൾ കാർ**

298 (2574) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരത്തിന് പ്രാധാന്യം കൊടുത്ത് വയനാട് ചുരത്തിന് സമാന്തരമായി കേബിൾ കാർ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ വിനോദസഞ്ചാര വകുപ്പിന്റെ പരിഗണനയിലില്ല.

**ഉത്തരവാദിത്വ ടൂറിസം പദ്ധതി**

299 (2575) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയവും ഉത്തരവാദിത്വപൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനം എന്ന കാഴ്ചപ്പാടിൽ നാടിനെ നയിക്കുന്നതിൽ ഉത്തരവാദ ടൂറിസം പദ്ധതി എത്ര മാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി തൊഴിൽ ലഭ്യത കൂട്ടുന്നതിനുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് തൊഴിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞത്; അറിയിക്കുമോ;

(സി) ഉത്തരവാദിത്വപൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തി കൊണ്ടുവരുന്നതിന് ടൂറിസം ക്ലബ്ബുകളുടെ സഹകരണം തേടിയിട്ടുണ്ടോ; എങ്കിൽ അത് എത്രമാത്രം വിജയപ്രദമാണ്;

(ഡി) ഈ പദ്ധതിയിലൂടെ ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്നതിനും ഹോം സ്റ്റേ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ടൂറിസത്തെ വരേണ്യവിഭാഗത്തിന്റെ മാത്രം പ്രവർത്തന മേഖല എന്ന അവസ്ഥ മാറ്റി ഗ്രാമീണ വികസനത്തിനും ദാരിദ്ര്യലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തന ഫലമായി കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിവിടങ്ങളിലെ പ്രാദേശിക യൂണിറ്റുകൾക്ക് 4.25 കോടി രൂപയുടെ വരുമാനം നേടിക്കൊടുക്കാൻ

കഴിഞ്ഞിട്ടുണ്ട്. ഹോം സ്റ്റേ, ഫാം സ്റ്റേ, ടെണ്ടഡ് അക്കോമഡേഷൻ, കരകൗശല വസ്തു നിർമ്മാണം, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവയിൽ 700 പേർക്ക് പരിശീലനം 7 മാസംകൊണ്ട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. 6 ജില്ലാതല അവബോധ ശിൽപ്പശാലകൾ നടത്തിയതിലൂടെ ടൂറിസം മേഖലയിലെ അനാരോഗ്യ പ്രവണതകൾക്കെതിരെയും പ്രാദേശിക ടൂറിസം വികസന സാദ്ധ്യതകളെ സംബന്ധിച്ചും എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളെ സംബന്ധിച്ചും അവബോധം സൃഷ്ടിക്കാനും ടൂറിസത്തിലെ പ്രാദേശിക ഉൽപ്പാദന വിപണന സാദ്ധ്യതകളെ സംബന്ധിച്ചും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും മറ്റ് സ്റ്റേക്ക് ഹോൾഡർമാർക്കും അവബോധം സൃഷ്ടിക്കുവാനും സാധിച്ചു. ഈ അവബോധ ശിൽപ്പശാലകളിൽ മാത്രം 1200 പേർ പങ്കെടുത്തിട്ടുണ്ട്. ഇതിനുപുറമേ പ്രാദേശികമായി ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി 750 റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരികയാണ്. 7 കേന്ദ്രങ്ങളിൽ മാത്രമായി നടന്നു വന്നിരുന്ന ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ ഉത്തരവാദിത്വ ടൂറിസം മിഷന് ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് പോലുള്ള പ്രവർത്തനങ്ങളും മാതൃകാപരമായി നടപ്പാക്കിവരുന്നു.

(ബി) ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്നത് ഉത്തരവാദിത്വ ടൂറിസം മിഷന്റെ വിവിധ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി 5 വർഷംകൊണ്ട് 100000 പേർക്ക് കൃഷി, ഉൽപ്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉൽപ്പാദന വിപണനം, സുവനീർ ഉൽപ്പാദന വിപണനം, ആക്സിസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്വ ടൂറിസം നെറ്റ്‌വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. ഇതിനായുള്ള വിവിധ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(സി) സർക്കാരിന്റെ പുതിയ ടൂറിസം നയം അനുസരിച്ച് സ്കൂൾ-കോളേജ് തലങ്ങളിലെ ടൂറിസം ക്ലബ്ബുകളെ കോ-ഓർഡിനേറ്റ് ചെയ്യേണ്ടത് ഉത്തരവാദിത്വ ടൂറിസം മിഷൻ ആണ്. ജൂലൈ മാസത്തോടെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കും. ഇപ്പോൾത്തന്നെ മിഷന്റെ നേതൃത്വത്തിൽ സ്കൂൾ തലത്തിൽ ക്ലബ്ബുകൾ രൂപീകരിച്ച് സ്കൂൾ അവബോധ ശിൽപ്പശാലകളും ക്ലീനിംഗ് ക്യാമ്പയിനുകളും നടത്തിവരുന്നു.

(ഡി) ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോം സ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക എന്നുള്ളത് ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. ജൂൺ 27-ന് നടക്കുന്ന ഭിന്നശേഷി സൗഹൃദ ടൂറിസം വർക്ക്ഷോപ്പിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തി അതുകൂടി കണക്കിലെടുത്ത് ഭിന്നശേഷി സൗഹൃദ ടൂറിസം മാനദണ്ഡങ്ങൾ തയ്യാറാക്കും. ആർ.ടി. മിഷന്റെ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തും. ഭിന്നശേഷി സൗഹൃദ പാക്കേജുകൾ തയ്യാറായി വരുന്നു. ഹോം സ്റ്റേ, ഫാം സ്റ്റേ, ടെണ്ടഡ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവ തുടങ്ങാൻ താൽപ്പര്യമുള്ളവർക്കായി കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലായി 168 പേർക്ക് ട്രെയിനിംഗ് നടത്തി. മറ്റ് ജില്ലകളിൽ ജൂലൈ അവസാനത്തോടെ ടി ട്രെയിനിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

## ഫോർട്ട് വൈപ്പ് സൗന്ദര്യവൽക്കരണം

300(2576) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോർട്ട് വൈപ്പിന്റെ ഒന്നാംഘട്ട സൗന്ദര്യവൽക്കരണത്തിനായി അനുവദിച്ച 1.65 കോടി രൂപ ചെലവഴിച്ചിട്ടുള്ളത് കണക്കിലെടുത്ത് രണ്ടാംഘട്ടത്തിന് അടിയന്തരമായി തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര വികസന സാദ്ധ്യതകൾ

301 (2577) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിനോദ സഞ്ചാര വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര വിഹിതത്തെയും സംസ്ഥാന വിഹിതത്തെയും കുറിച്ചുള്ള വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ പദ്ധതി തിരിച്ച് നൽകാമോ; ഓരോ പദ്ധതികൾക്കും എത്ര തുക എത്ര ഗഡുവായി ലഭിച്ചിട്ടുണ്ട്; പദ്ധതികൾക്ക് ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ കൂടാതെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി ടൂറിസം സാദ്ധ്യതകൾ പരിശോധിച്ച് സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന ടൂറിസം കേന്ദ്രങ്ങളിൽ ഉത്തരവാദിത്വ ടൂറിസം നടപ്പാക്കൽ, ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ എന്നിവ പരിഗണനയിലുണ്ട്.

(ബി) അനുബന്ധമായി* ചേർക്കുന്നു.

## അഡ്വഞ്ചർ ടൂറിസം

302(2578) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് അനുവദിച്ചിട്ടുള്ള അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

" അഡ്വഞ്ചർ ആക്ടിവിറ്റീസ് ഇൻ കായംകുളം ലേക്ക് പാർക്ക്" എന്ന പദ്ധതിക്കായി 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ ഡി.ടി.പി.സി. (through M/s. WAPCOS) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൂന്നാറിലെ നീലക്കുറിഞ്ഞി സീസൺ

303(2579) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഈ വർഷത്തെ നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് എന്തൊക്കെ ക്രമീകരണങ്ങളാണ് ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സീസണിൽ മൂന്നാറിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ടൂറിസ്റ്റുകളുടെ വൻതിരക്ക് കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തുണ്ടായ നിപ വൈറസ് ബാധ നീലക്കുറിഞ്ഞി സീസണിനെ പ്രതികൂലമായി ബാധിക്കുവാൻ സാദ്ധ്യതയുണ്ടോ;എങ്കിൽ ഇത് മറികടക്കുവാനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷം നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- " Neelakurinji Season 2018" സംബന്ധിച്ച് ഒരു ഓൺലൈൻ പ്രൊമോഷൻ ക്യാമ്പയിൽ നടപ്പാക്കിവരുന്നു.
- " Expansion of Ecotourism Activities at Silent Valley, Rhodovalley and Meesapulimala in Munnar " 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- സ്റ്റഡി ഓൺ ട്രാഫിക് & ക്രൗഡ് മാനേജ്മെന്റ് സ്കീംസ് ഫോർ കുറിഞ്ഞി ഫ്ലവറിംഗ് സീസൺ ഇൻ മൂന്നാർ എന്ന പദ്ധതിക്ക് 10 ലക്ഷം രൂപ ഇടുക്കി ഡി.ടി.പി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

- ക്യാരീയിംഗ് കപ്പാസിറ്റി സ്റ്റഡീസ് ഇൻ ഇക്കോ ടൂറിസം ഏരിയ എന്ന പദ്ധതിക്കായി 55,70,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇരവികുളം നാഷണൽ പാർക്ക്, സൈലന്റ് വാലി, ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി, പെരിയാർ ടൈഗർ റിസർവ്, പറമ്പികുളം ടൈഗർ റിസർവ് എന്നീ പ്രദേശങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.

- ഡെവലപ്മെന്റ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം അറ്റ് ദേവികുളം പദ്ധതിക്ക് സർക്കാർ 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- ഇംപ്രൂവ്മെന്റ് ഓഫ് ഫെസിലിറ്റീസ് ഫോർ വിസിറ്റേഴ്സ്, കൺസ്ട്രക്ഷൻ ഓഫ് കഫറ്റേരിയ-കം-എന്റർടൈയിൻമെന്റ് സെന്റർ എന്ന പദ്ധതിക്കായി 1,27,70,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- KTDC-യുടെ കീഴിലുള്ള ഹോട്ടലുകൾ മോടിപിടിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

- നീലക്കുറിഞ്ഞി 2018 സീസണുമായി ബന്ധപ്പെട്ടുള്ള ട്രാഫിക് പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡി.ടി.പി.സി. ഇടുക്കി മുഖാന്തരം ഒന്നരക്കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലാണ്. ഇത് കൂടാതെ നീലക്കുറിഞ്ഞി സീസണുമായി മൂന്നാർ മേഖലയിലുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മറ്റ് രണ്ട് പദ്ധതികളും (130 ലക്ഷം) സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഏകദേശം പത്ത് ലക്ഷത്തോളം സഞ്ചാരികൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ സ്ഥിതിയിൽ പ്രതിദിനം പരമാവധി 4000 സന്ദർശകരെ മാത്രമേ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ അടിമാലി മുതൽ ഇരവികുളം വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ഓൺലൈൻ ബുക്കിംഗ് മുഖേന പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അടിമാലിയിൽ നിന്നും ടൂറിസ്റ്റുകളെ പ്രത്യേകം ബസുകളിൽ (KSRTC/DTPC) ടി സ്ഥലത്തേയ്ക്ക് എത്തിക്കാനും അനുബന്ധ സൗകര്യങ്ങൾ/സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും വനം, പോലീസ്, റവന്യൂ, വൈദ്യുതി, വാട്ടർ അതോറിറ്റി, ആർ.ടി.ഒ. തുടങ്ങിയ ഏജൻസികളുടെ ഏകോപനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

നീലക്കുറിഞ്ഞി 2018 സീസണുമായി ബന്ധപ്പെട്ടുള്ള ട്രാഫിക് പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡി.ടി.പി.സി. ഇടുക്കി മുഖാന്തരം ഒന്നരക്കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സാദ്ധ്യതയില്ല. നിപ വൈറസ് ബാധിതമായ രണ്ട് ജില്ലകളായ മലപ്പുറവും കോഴിക്കോടും വിനോദസഞ്ചാര കേന്ദ്രങ്ങൾ കുറവുള്ള ജില്ലകളാണ്. മാത്രമല്ല, അവിടങ്ങളിലെ നിപ വൈറസ് ബാധ നിയന്ത്രണ വിധേയവുമാണ്. ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരും ടൂറിസം വ്യവസായ പ്രതിനിധികളുമായി 27-5-2018-ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരികളുടെ വരവിൽ മാറ്റമൊന്നുമുണ്ടായിട്ടില്ല എന്നും എന്നാൽ പ്രീ-ബുക്കിംഗിൽ 10% കുറവ് സംഭവിച്ചിട്ടുണ്ടെന്നുമാണ് വിലയിരുത്തിയിട്ടുള്ളത്.

## വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

304(2580) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയുടെയും നിലവിലെ വിനിയോഗത്തിന്റെയും വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളെ ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി വൈയാങ്കരച്ചിറയിൽ ഒരു മൈക്രോ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി 259.52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 129.76 ലക്ഷം രൂപ ഇതുവരെ പദ്ധതിക്കായി ചെലവഴിച്ചിട്ടുമുണ്ട്. വൈദ്യുതി കണക്ഷൻ എടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഡെവലപ്മെന്റ് ഓഫ് ടൂറിസം ഡെസ്റ്റിനേഷൻ അറ്റ് വെട്ടിക്കോട്, ആലപ്പുഴ എന്ന പദ്ധതിക്ക് 98.67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചിട്ടില്ല. ഹാബിറ്റാറ്റാണ് നിർവ്വഹണ ഏജൻസി.

(സി) പരിശോധിക്കാവുന്നതാണ്.

## ആലപ്പുഴയിൽ ടൂറിസ്റ്റുകൾക്ക് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ

305(2581) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17, 2017-18 വർഷങ്ങളിൽ ആലപ്പുഴയിൽ എത്തിച്ചേർന്ന ടൂറിസ്റ്റുകളുടെ എണ്ണം ലഭ്യമാക്കാമോ;

(ബി) ആലപ്പുഴയിൽ ത്രീസ്റ്റാർ മുതൽ മുകളിലോട്ടുള്ള ഹോട്ടലുകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ആലപ്പുഴയിൽ എത്തിച്ചേരുന്ന ടൂറിസ്റ്റുകൾക്ക് സർക്കാർ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്നും ഇനിയും എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷത്തെ അടിസ്ഥാനമാക്കിയാണ്. 2017 ഡിസംബർ വരെയുള്ള വിനോദസഞ്ചാരികളുടെ സ്ഥിതിവിവര കണക്കാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. 2015 മുതൽ 2017 വരെ ആലപ്പുഴ സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണം ചുവടെ പ്രതിപാദിക്കുന്നു:

| വർഷം | ആഭ്യന്തര വിനോദസഞ്ചാരികൾ | വിദേശ വിനോദസഞ്ചാരികൾ |
|---|---|---|
| 2015 | 270507 | 63838 |
| 2016 | 315466 | 78049 |
| 2017 | 433456 | 75037 |

(ബി) കേന്ദ്ര ടൂറിസം വകുപ്പിന്റെ കണക്ക് പ്രകാരം ആലപ്പുഴ ജില്ലയിലെ ത്രീസ്റ്റാർ ഹോട്ടലുകളുടെ എണ്ണം 10-ഉം ഫോർസ്റ്റാർ ഹോട്ടലുകളുടെ എണ്ണം 10-ഉം ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ എണ്ണം 3-ഉം ഫൈവ് സ്റ്റാർ ഡീലക്സ് ഹോട്ടലുകളുടെ എണ്ണം 1-ഉം ആണ്.

(സി) ആലപ്പുഴയിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് വിവിധങ്ങളായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡിന്റെ ടൂറിസം വികസനം

306 (2582) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള കാസർഗോഡ് ജില്ലയിലെ പ്രദേശങ്ങളിൽ എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നീണ്ട സമുദ്രതീരവും ധാരാളം നദികളും പുഴകളുമുള്ള കാസർഗോഡിന്റെ ടൂറിസം വികസനസാധ്യതകളെക്കുറിച്ച് പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളിലെ പുഴകളെ ബന്ധിപ്പിച്ചുള്ള മലനാട് ക്രൂയിസ് ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന 3 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. മാടക്കാൽ ബോട്ട് ജെട്ടി
2. മാവിലക്കടപ്പുറം ബോട്ട് ടെർമിനൽ
3. കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ വികസനം

ഇവ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

## ഹോം സ്റ്റേകളിൽ വിദേശ വിനോദസഞ്ചാരികളുടെ സുരക്ഷ

307(2583) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിനോദസഞ്ചാരിയായ വനിത മരണപ്പെട്ട സംഭവത്തിന്റ പശ്ചാത്തലത്തിൽ വിദേശികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഹോം സ്റ്റേകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഹോം സ്റ്റേകളിൽ താമസിക്കുന്ന വിദേശികൾക്ക് സി. ഫോം രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാര വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകിയിട്ടുള്ള ഹോം സ്റ്റേകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗീകൃത ഹോം സ്റ്റേകളിൽ താമസിക്കുന്ന വിദേശികൾ സി-ഫോം രജിസ്ട്രേഷൻ നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

(ബി) ഉണ്ട്. ഇക്കാര്യം കൈകാര്യം ചെയ്യുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസ് (FRRO) വഴിയാണ്.

**ടൂറിസം പദ്ധതി**

308 (2584) <u>ശ്രീ.അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര പുലികടവ് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കുന്നതിനു നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) വള്ളിക്കുന്നിൽ ടൂറിസം പദ്ധതി ആരംഭിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം പദ്ധതിക്കായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് വകുപ്പ് ആർക്കിടെക്ടുമാരുടെ സേവനം ഇപ്പോൾ ലഭ്യമാണോ;

(ഡി) മലപ്പുറം ജില്ല ടൂറിസം വകുപ്പിന്റെകീഴിലുള്ള ആർക്കിടെക്ടുമാരുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിവേദനം പരിശോധിച്ചുവരുന്നു.

(സി) ടൂറിസം പദ്ധതി പ്രൊപ്പോസലുകൾ (DPR) തയ്യാറാക്കുന്നതിനായി എംപാനൽഡ് ആർക്കിടെക്ടുമാരെ നിയമിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് ബിഡ്ഡിംഗ് പ്രോസസിലൂടെയാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

(ഡി) M/s Techno Architecture design + Interiors, Uphill, Malappuram എന്ന ഏജൻസിയെ ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ടായി തെരഞ്ഞെടുത്തിട്ടുണ്ട്.

### ടൂറിസം രംഗത്ത് കേരള സംരംഭകത്വ ഫണ്ട്

309 (2585) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം രംഗത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള സംരംഭകത്വ ഫണ്ട് രൂപീകരിച്ചോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ഒരു ശീർഷകം അനുവദിക്കുന്നതിനായി പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

### ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതി

310 (2586) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ച ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതിക്ക് അനുമതി ലഭിച്ചോ എന്ന് വ്യക്തമാക്കുമോ; അനുമതി ലഭിച്ചെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ആലപ്പുഴ പൈതൃക സംരക്ഷണ പദ്ധതി എന്ന പേരിൽ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി ടൂറിസം വകുപ്പിൽ നിന്നും പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

### ക്ഷേത്രങ്ങളിൽ ആദ്ധ്യാത്മിക പഠന കേന്ദ്രങ്ങൾ

311 (2587) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രങ്ങളിൽ ആദ്ധ്യാത്മിക പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

തിരുവിതാംകൂർ ദേവസ്വം ബോർഡ് 30-8-2002-ൽ അംഗീകരിച്ച മതപാഠശാല നിയമാവലി അനുസരിച്ച് ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ മതപാഠശാലകൾ (അദ്ധ്യാത്മിക പഠന കേന്ദ്രങ്ങൾ) പ്രവർത്തിച്ചുവരുന്നുണ്ട്. മറ്റ് ദേവസ്വം ബോർഡുകളിൽ അദ്ധ്യാത്മിക പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ**

312 (2588) ശ്രീ.രാജു എബ്രഹാം :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടത്തുന്ന കിഫ്ബി ഫണ്ട് ഉപയോഗിച്ചും അല്ലാതെയുമുള്ള പദ്ധതികൾ ഏതെല്ലാമാണ്; എത്ര തുകയാണ് വിനിയോഗിക്കുന്നത്;

(ബി) നിലയ്ക്കലിൽ തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതിനായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന അധിക സൗകര്യങ്ങൾ എന്തെല്ലാമാണ്; ഇതിനായി എത്ര സ്ഥലം വേണ്ടിവരും;

(സി) വനം വകുപ്പിൽ നിന്ന് ഭൂമി വിട്ടുകിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) തീർത്ഥാടകർക്ക് വിശ്രമത്തിനും വിരിവയ്ക്കുന്നതിനുമുള്ള ഇടത്താവള സമുച്ചയങ്ങൾ എവിടെയെല്ലാമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അനുവദിച്ച് നൽകിവരുന്ന തുകയും ഭക്തജനങ്ങളിൽ നിന്നും ലഭിച്ച സംഭാവന തുകയും ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തി വരികയാണ്. ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ട് ഉപയോഗിച്ച് 150 കോടി

രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്.

(ബി) നിലയ്ക്കലിൽ തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതിനായി 110 ഹെക്ടർ സ്ഥലം 2009-ൽ സംസ്ഥാന സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്താണ് നിരവധി വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നും തീർത്ഥാടകരുമായി എത്തുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ടോയ്ലറ്റ് കോംപ്ലക്സുകൾ, ഡ്രൈവർമാർക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യം, അയ്യപ്പഭക്തർക്ക് വിശ്രമിക്കുന്നതിനുള്ള വലിയ നടപ്പന്തൽ, 40 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കുകൾ, പിൽഗ്രിം റസ്റ്റിംഗ് ഹാൾ എന്നീ വികസന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) സമീപകാലത്ത് ഭൂമി വിട്ടുകിട്ടിയിട്ടില്ല.

(ഡി) വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

### തിരുവിതാംകൂർ ദേവസ്വം ബോർഡിലെ താൽക്കാലിക ജീവനക്കാർ

313 (2589) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വിവിധ ക്ഷേത്രങ്ങളിൽ എത്ര താല്ക്കാലിക ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പൂജാരിമാരുടെയും അല്ലാത്തവരുടെയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃക്കണ്ണാട് ശ്രീത്രയംബകേശ്വര ക്ഷേത്ര ജീവനക്കാർ

314 (2590) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം ഏത് വർഷത്തിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ക്ഷേത്രങ്ങളിലെ ജീവനക്കാർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ തൃക്കണ്ണാട് ശ്രീ ത്രയംബകേശ്വര ക്ഷേത്ര ജീവനക്കാർക്കും ആയത് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ശമ്പള പരിഷ്കരണം നൽകുന്നതിനുള്ള മാനദണ്ഡം എപ്രകാരമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 1-3-2009 മുതൽ പ്രാബല്യത്തിലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞതും കൂടിയതുമായ എല്ലാ വിഭാഗത്തിൽപ്പെട്ട ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ബാധകമാകത്തക്കവിധമാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്.

(സി) നൽകിയിട്ടുണ്ട്.

(ഡി) ക്ഷേത്ര വരുമാനം മാനദണ്ഡമാക്കി ക്ഷേത്രങ്ങളെ സ്പെഷ്യൽ, എ, ബി, സി, ഡി എന്നിങ്ങനെ 5 ഗ്രേഡുകളാക്കി തിരിച്ച് ഓരോ ഗ്രേഡിലുള്ള ജീവനക്കാർക്ക് പ്രത്യേകം പ്രത്യേകം ശമ്പളസ്കെയിലുകൾ അനുവദിച്ചാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിൽത്തന്നെ വളരെ ഉയർന്ന വരുമാനമുള്ള ക്ഷേത്രങ്ങളിൽ ആകെ ശമ്പളച്ചെലവ് ക്ഷേത്രത്തിന്റെ വാർഷിക വരുമാനത്തിന്റെ 30% അധികരിക്കാത്ത ക്ഷേത്രങ്ങളാണെങ്കിൽ നിബന്ധനകൾക്ക് വിധേയമായി ബഹു. ഹൈക്കോടതി ഉത്തരവിന്റെകൂടി അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളസ്കെയിലിൽ അനുവദിച്ച ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**ദേവസ്വം ബോർഡ് സ്കൂളുകളിലെ നിയമനം**

315 (2591) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് യു.പി. സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി എഴുത്തുപരീക്ഷ നടത്തുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ഹൈക്കോടതി ഉത്തരവിനെ തുടർന്ന് റിക്രൂട്ട്മെന്റ് ബോർഡ് തന്നെ പരീക്ഷാ നടത്താൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതലകളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടികയും റാങ്ക് പട്ടികയും തയ്യാറാക്കേണ്ടെന്നും മൂല്യനിർണ്ണയം നടത്തി മാർക്കും ഉത്തരകടലാസുകളും ദേവസ്വം ബോർഡിന് കൈമാറുവാനും റിക്രൂട്ട്മെന്റ് ബോർഡിന് നിർദ്ദേശം നൽകുകയുണ്ടായോ;

(ഡി) ഇപ്രകാരം ചുരുക്കപ്പട്ടികയോ റാങ്ക് പട്ടികയോ പ്രസിദ്ധീകരിക്കാതെ നിയമന നടപടികളിലേക്ക് നീങ്ങുന്നത് പിന്നോക്ക സംവരണം അട്ടിമറിക്കുന്നതിനും മറ്റ് ക്രമക്കേടുകൾക്കും വഴിവയ്ക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ദേവസ്വം നിയമനങ്ങളിൽ പിന്നോക്ക സംവരണവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകളിലെയും പരമ്പരാഗത ട്രസ്റ്റികളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്രസ്റ്റികളും ഒഴികെയുള്ള എല്ലാ ട്രസ്റ്റികളിലേയ്ക്കും നിയമനങ്ങൾ നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ച് പരീക്ഷ/ഇന്റർവ്യൂ നടത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുക, ദേവസ്വം ബോർഡ് സർവീസിലെ സെലക്ഷൻ കാറ്റഗറികളിലേയ്ക്കും ഗ്രേഡുകളിലേയ്ക്കും അനുയോജ്യരായവരെ തെരഞ്ഞെടുക്കുന്നതിനായി ഡി.പി.സി. രൂപീകരിച്ച് അതിന്റെ മീറ്റിംഗ് കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുക, ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിക്കുന്ന മറ്റു പരീക്ഷകൾ നടത്തുക എന്നിവയാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചുമതലകൾ.

(സി) ഒ.എം.ആർ. പരീക്ഷ നടത്തി ഉത്തരകടലാസുകൾ മൂല്യനിർണ്ണയം ചെയ്ത് മുഴുവൻ ഉദ്യോഗാർത്ഥികളുടെയും മാർക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് മാർക്ക് അടിസ്ഥാനത്തിലുള്ള (Highest to lowest) ലിസ്റ്റ് അപേക്ഷ ഫാറങ്ങൾ സഹിതം ഇന്റർവ്യൂവിന് മുമ്പ് കൈമാറണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനോടാവശ്യപ്പെട്ടിരുന്നു.

(ഡി&ഇ) ചുരുക്കപ്പട്ടികയും റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിക്കാതെ നിയമന നടപടികൾ നടത്താറില്ല. ദേവസ്വം നിയമനങ്ങളിൽ നിയമാനുസൃതമായ പിന്നോക്ക സംവരണവും തെരഞ്ഞെടുപ്പിൽ സുതാര്യതയും ഉറപ്പ് വരുത്തിയാണ് കേരളം ദേവസ്വം റിക്രൂട്ട്മെന്റ് നിയമനങ്ങൾ നടത്തിവരുന്നത്.

## പിന്നോക്ക വിഭാഗത്തിൽപ്പെട്ട ശാന്തിക്കാർ

316(2592) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ വിവിധ അമ്പലങ്ങളിലായി എത്ര പിന്നാക്ക, ദളിത് വിഭാഗത്തിൽപ്പെട്ടവർ ശാന്തിക്കാരായി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള ക്ഷേത്രങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

12 പിന്നോക്ക, ദളിത് വിഭാഗത്തിൽപ്പെട്ടവർ ശാന്തിക്കാരായി ജോലി നോക്കുന്നുണ്ട്. ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചെറങ്ങര വിഷ്ണു ക്ഷേത്രം വക സ്ഥലത്ത് ഇടത്താവളം

317 (2593) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചെറങ്ങര വിഷ്ണു ക്ഷേത്രംവകസ്ഥലത്ത് ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്;

(ബി) നിർമ്മാണം ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശബരിമല ഇടത്താവളം പദ്ധതിയിൽ ചെറങ്ങര ഭഗവതി ക്ഷേത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടില്ല.

## കൊരട്ടി ചെറ്റാരിക്കൽ ക്ഷേത്രത്തിന്റെ നവീകരണം

318 (2594) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി ചെറ്റാരിക്കൽ ക്ഷേത്രത്തിന്റെ നവീകരണത്തിനായി സമർപ്പിച്ച അപേക്ഷകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് നവീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊച്ചിൻ ദേവസ്വം ബോർഡിന്റെകീഴിലുള്ള ചെറ്റാരിക്കൽ ക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ഒന്നാംഘട്ടത്തിൽ ഭഗവതി ശ്രീകോവിൽ പുതുക്കി പണിയുന്നതിനും ശൗചാലയം നിർമ്മിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## സഹസ്ര സരോവരം പദ്ധതി

319(2595) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹസ്ര സരോവരം പദ്ധതിയിൽ ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ക്ഷേത്രങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിനുകീഴിലുള്ള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സഹസ്ര സരോവരം പദ്ധതി.

(ബി) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ളതും കോഴിക്കോട് ജില്ലയിൽപ്പെട്ടതുമായ ശ്രീപിഷാരിക്കാവ് ദേവസ്വം, ശ്രീനിർമ്മല്ലൂർ നരസിംഹമൂർത്തി ക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിന് പദ്ധതി

320 (2596) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ,കുളങ്ങൾ,ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഇവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30.AM

## II. അടിയന്തരപ്രമേയം

പ്ലസ് വൺ, ഡിഗ്രി സീറ്റുകളിലെ കുറവ്

മി. സ്പീക്കർ: ചട്ടം 50 അനുസരിച്ച് ഇന്ന് ലഭിച്ച നോട്ടീസിലെ വിഷയം വളരെ പ്രസക്തമാണ്. മലബാർ മേഖലയിലെ ഹയർ സെക്കണ്ടറി കോഴ്സുകളുമായി ബന്ധപ്പെട്ട് സീറ്റുകളുടെ അപര്യാപ്തതയെ സംബന്ധിച്ചാണ് നോട്ടീസ് ലഭിച്ചിട്ടുള്ളത്. പക്ഷെ തുടർച്ചയായി സഭയിൽവന്ന കാര്യങ്ങൾതന്നെ വീണ്ടും വരുന്നുവെന്നുള്ളൊരു അവസ്ഥയുണ്ട്. സബ്മിഷൻ വഴിയും അല്ലാതെയും സഭയിൽ വിശദാംശങ്ങൾ നൽകപ്പെട്ടിട്ടുള്ള ഒരു കാര്യം തന്നെയാണ് വന്നിട്ടുള്ളത്. എന്നാലും ഇക്കാര്യത്തിൽ ഒരു അവ്യക്തത തുടരുന്നത് ശരിയല്ലാത്തതുകൊണ്ട് പരിഗണനയ്ക്കെടുക്കുകയാണ്.

മലബാർ പ്രദേശത്ത് പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ പ്ലസ് വൺ, ഡിഗ്രി സീറ്റുകളിലെ കുറവുകാരണം എസ്.എസ്.എൽ.സി.-യും ഹയർ സെക്കണ്ടറിയും പാസ്സായ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എൻ. എ. ഖാദർ, സണ്ണി ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കഴിഞ്ഞ ദിവസം മാതൃഭൂമി ദിനപത്രത്തിൽ ഒരു എഡിറ്റോറിയൽ ഉണ്ടായിരുന്നു. അത് ഈ സഭയിലെ എല്ലാവരും വായിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നു. "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സർക്കാർ വിദ്യാലയങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള പുത്തൻ ഉണർവ്വിന്റെയും മലയാള ഭാഷാപഠനം നിർബന്ധിതമാക്കുന്നതിന്റെയും പശ്ചാത്തലത്തിലാണ് ഇത്തവണ സ്കൂൾ വർഷം തുടങ്ങുന്നത്. സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടാൻ തിരക്കുണ്ടായിരിക്കുന്നു എന്നത് ചെറിയൊരു കാര്യമല്ല. അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് മാത്രമേ മികച്ച വിദ്യാഭ്യാസം നൽകാനാകൂ എന്ന നീണ്ടകാലമായി നിലനിൽക്കുന്ന വിശ്വാസത്തിലുണ്ടായ മാറ്റത്തെയാണ് സർക്കാർ സ്കൂളുകളിലെ പ്രവേശന നിരക്ക് കാണിക്കുന്നത്. മരങ്ങാട്ടുപിള്ളി എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ സ്കൂൾ തുറക്കുകയാണുണ്ടായത്. ഈ വർഷം ആ സ്കൂളിൽ നൂറ്റിയൻപത് ശതമാനം

കുട്ടികളുടെ വർദ്ധനവ് ഉണ്ടായിയെന്നത് വളരെ പ്രസക്തമാണ്. ഈ വർഷം കഴിഞ്ഞ 25 വർഷക്കാലത്തെ ചരിത്രം തിരുത്തുകയാണ്. കഴിഞ്ഞ 25 വർഷക്കാലത്തെ ചരിത്രത്തിൽ പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയായിരുന്നു. ഈ വർഷം 25 വർഷത്തെ ചരിത്രം തിരുത്തിക്കൊണ്ട് പൊതു വിദ്യാലയങ്ങളിലെ ആകെ കുട്ടികളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്" . ഗ്രാഫ് നേരെ മുകളിലോട്ട് ഉയർന്നിരിക്കുകയാണ്. ഈയൊരു പശ്ചാത്തലം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. ഇങ്ങനെയൊരവസ്ഥ ഉണ്ടാകാനുള്ളകാരണം വിദ്യാഭ്യാസ രംഗത്തെ എല്ലാ പ്രവർത്തനങ്ങൾക്കും അടുക്കും ചിട്ടയും വന്നുവെന്നത് മാത്രമല്ല വെൽ പ്ലാൻഡായിട്ടാണ് എല്ലാ പദ്ധതികളും പോകുന്നത് എന്നതുകൊണ്ടുമാണ്. സീറ്റിന്റെ കാര്യത്തിലടക്കം കൃത്യമായ പ്ലാനിംഗ് എല്ലാ മേഖലകളിലും ഉണ്ടായിട്ടുണ്ട്. ചരിത്രത്തിൽ ഇതുവരെയില്ലാത്ത വിധം ഏപ്രിൽ മാസത്തിലാണ് പാഠപുസ്തകങ്ങൾ കുട്ടികൾക്ക് അച്ചടിച്ച് നൽകിയത്. പരീക്ഷ കഴിഞ്ഞ് ഉടൻതന്നെ അടുത്ത ക്ലാസ്സിലെ പാഠപുസ്തകങ്ങൾ കയ്യിലെത്തുകയെന്നത് ഒരു ചരിത്ര സംഭവമാണ്. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുതിനോടൊപ്പം പ്ലസ് ടു ക്ലാസ്സിലെ കുട്ടികൾക്കും ഈ വർഷം പ്ലസ് വൺ ആരംഭിക്കുന്നതിന് മുമ്പുതന്നെ പ്ലസ് വണ്ണിലേയ്ക്ക് വരാവുന്ന കുട്ടികളുടെ പുസ്തകവും റെഡിയാണ്. അതുപോലെ യൂണിഫോം. ഒരു പക്ഷേ സ്വപ്നം കാണുന്നതിനപ്പുറം ഇതെല്ലാം നടക്കുകയാണുണ്ടായത്. ഇതെല്ലാം ഞാൻ സൂചിപ്പിച്ചത്, ഈ വലിയ മാറ്റം പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായത് എല്ലാം വളരെ കൃത്യമായി ആസൂത്രണം ചെയ്യുതുകൊണ്ടാണ്. അതൊരു പശ്ചാത്തലം എന്ന രീതിയിൽ പറഞ്ഞുകൊണ്ടാണ് ഇവിടെ പരാമർശിച്ച സീറ്റുകളുടെ കാര്യത്തിലേയ്ക്ക് വരുന്നത്. അത് ഇതുപോലുള്ള ഒരു പ്ലാനിംഗ് ഉണ്ടെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ്. പ്ലസ് വൺ സീറ്റുകളുടെ പ്രശ്നമാണ് ഇവിടെ പറഞ്ഞത്. അതിനും ഒരു പശ്ചാത്തലം പറഞ്ഞാലേ ഒരു ആസൂത്രിത ഉത്തരം ലഭിക്കുകയുള്ളൂ; അതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്; 2017 മാർച്ചിൽ സംസ്ഥാനത്ത് എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം 437156 ആയിരുന്നു, അതായത് കഴിഞ്ഞ വർഷം. 2018-ൽ ആകെ പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം 431161 ആണ്. അതായത് കഴിഞ്ഞ വർഷത്തേക്കാൾ 5995 വിദ്യാർത്ഥികൾ കുറവാണ് ഈ വർഷം പത്താം ക്ലാസ്സ് പാസ്സാകുന്നത്. പക്ഷേ വിജയ ശതമാനം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ കുട്ടികളുടെ എണ്ണം കുറവുമാണ്. 6000-ത്തോളം കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. അതായത് പ്ലസ് വണ്ണിലേയ്ക്ക് വരുന്ന കുട്ടികളുടെ എണ്ണം കുറയുകയാണ് ചെയ്യിട്ടുള്ളത്. അതേസമയം കേരളത്തിലുള്ള മൊത്തം പ്ലസ് വൺ സീറ്റുകളുടെ എണ്ണം 422482 ആണ്. ഇപ്പോഴും 422482 സീറ്റുകളാണുള്ളത്. അതായത് 431000 കുട്ടികൾ പാസ്സായപ്പോൾ പ്ലസ് വണ്ണിന് മാത്രമുള്ള സീറ്റ് 422482 ആണ്. ഇതിൽ പോളിടെക്നിക്കുകളുടെയും ഐ.ടി.ഐ.-കളുടെയും സീറ്റുകൾ വേറെയാണ്.

അതായത് നിലവിലുള്ള പ്ലസ് വണ്ണിലേയും പോളിടെക്നിക്കുകളിലേയും ഐ.ടി.ഐ.-കളിലേയും മറ്റ് മേഖലകളിലേയും സീറ്റുകളുടെ എണ്ണം നോക്കിയാൽ ആകെ പാസ്സായ കുട്ടികളുടെ എണ്ണത്തിനൊപ്പമോ അല്ലെങ്കിൽ അതിൽ കൂടുതലോ ഉണ്ടെന്നാണ് അർത്ഥം. പൊതുവെ സീറ്റുകളെക്കുറിച്ച് Kerala Perspective എന്നാണ് ചുരുക്കി പറയുന്നത്. അങ്ങനെ വന്നപ്പോൾ മറ്റൊരു കാര്യംകൂടി നമ്മൾ അറിയണം, ഇങ്ങനെ സീറ്റുകൾ കൂടുതലുണ്ട്, എല്ലാ കുട്ടികളും ചിലപ്പോൾ പ്ലസ് വണ്ണിലേയ്ക്ക് വന്നെന്ന് വരില്ല. അതുകൊണ്ട് കഴിഞ്ഞ അദ്ധ്യായന വർഷത്തിലെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം മുൻവർഷത്തെ നിലയിൽ തുടരുന്നു. അതേസമയം കഴിഞ്ഞ വർഷം സംസ്ഥാനത്തൊട്ടാകെ 42332 സീറ്റുകൾ ഒഴിഞ്ഞു കിടന്നിരുന്നു. ഈ വർഷം പാസ്സായ കുട്ടികളുടെ എണ്ണം കുറവാണ്. അപ്പോൾ കേരളത്തിൽ മൊത്തം പ്ലസ് ടു സീറ്റുകളുടെ വർദ്ധനവിന്റെ ആവശ്യമുണ്ടോ? അതല്ല ഇവിടത്തെ ചോദ്യം എന്നറിയാം. എങ്കിലും ഒരു പെർസ്പെക്ടീവിലേ ഇതിനെല്ലാം മറുപടി പറയാൻ കഴിയുകയുള്ളൂ. കേരളത്തിൽ കഴിഞ്ഞ വർഷം 42000 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു, ഈ വർഷം പാസ്സായ കുട്ടികളുടെ എണ്ണത്തിൽ 6000-ത്തോളം വിദ്യാർത്ഥികളുടെ കുറവുണ്ടായതുകൊണ്ട് കേരളത്തിൽ മൊത്തം പ്ലസ് ടു സീറ്റുകളുടെ എണ്ണത്തിൽ വർദ്ധനവിന്റെ ആവശ്യമില്ലെന്ന് മനസ്സിലാക്കുന്നു. ഇതെന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചുവെന്നത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. യഥാർത്ഥത്തിൽ ഓരോ പ്രദേശത്തുമുള്ള ഡിമാന്റ് അനുസരിച്ച് സീറ്റും ബാച്ചും മുൻകാലത്ത് കൃത്യമായി അലോട്ട് ചെയ്തിട്ടില്ല എന്നുള്ളതാണ് ഇതിന്റെ അടിസ്ഥാന പ്രശ്നം. ഞാൻ അത്രമാത്രമേ സൂചിപ്പിക്കുന്നുള്ളൂ. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു പ്രശ്നമുണ്ടാകാൻ കാരണം? ഏകദേശം തുല്യമാണെന്ന് ഞാൻ കണക്കുകളിലൂടെ സൂചിപ്പിച്ചു. പക്ഷേ 42000 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. അതിന്റെ കാരണം ഞാൻ നേരത്തെ പറഞ്ഞതുപോലെ ഡിമാന്റനുസരിച്ചല്ല സീറ്റുകളും ബാച്ചുകളും അലോട്ട് ചെയ്തത് എന്നതുകൊണ്ടാണ് ഈ ഡിസ്പാരിറ്റി സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഇത് മനസ്സിലാക്കി കറക്ട് ചെയ്തുകൊണ്ട് ഈ പ്രശ്നം അടുത്ത വർഷം വരാതിരിക്കത്തക്ക രീതിയിൽ വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. അതിലൂടെ കേരളത്തിൽ, മലപ്പുറത്ത് മാത്രമല്ല, എവിടെ പഠിക്കുന്ന കുട്ടികൾക്കും പ്ലസ് വൺ പഠിക്കാൻ സീറ്റില്ലായെന്നൊരു പ്രശ്നമേ ഉണ്ടാകില്ല എന്ന് ചുരുക്കിപ്പറയാൻ സാധിക്കും, ഒരു സംശയവും വേണ്ട. പക്ഷേ ഇൻ ആന്റിസിപേഷനിൽ കോഴ്സോ ബാച്ചോ സീറ്റുകളോ നൽകുകയില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ എന്തുകൊണ്ടാണ് ഇവിടെ സീറ്റുകൾ അധികമായത്, അത് എവിടെയാണ് അധികമായി വരുന്നത്; എന്തുകൊണ്ടാണ് ചിലയിടത്ത് കുറവായത്; എന്തുകൊണ്ടാണ് മലപ്പുറത്ത് കുറവുണ്ടായത്; അതെങ്ങനെ പരിഹരിക്കാൻ സാധിക്കും എന്നിവ സംബന്ധിച്ച് കൃത്യമായ പഠനം നടത്തേണ്ടതുണ്ട്. മലപ്പുറത്തേയ്ക്ക് തൊട്ടടുത്ത ജില്ലകളിൽനിന്ന്

11000 കുട്ടികൾ അപേക്ഷിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലേയ്ക്ക് മലപ്പുറത്തുനിന്ന് ധാരാളം കുട്ടികൾ അപേക്ഷിച്ചിട്ടുണ്ട്. അതിൽ പലതും എൻടൻസുമൊക്കെയായി ബന്ധപ്പെട്ട് നിൽക്കുന്ന കാര്യങ്ങളാണെന്ന് നമുക്കെല്ലാമറിയാം. കേരളത്തിൽ പൊതുവിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും മലബാർ പ്രദേശത്ത്, പ്രത്യേകിച്ച് മലപ്പുറത്ത് കഴിഞ്ഞ വർഷവും ചെറിയ പ്രശ്നങ്ങളുണ്ടായിരുന്നു. ഈ വർഷവും അത്തരത്തിലുള്ള പ്രശ്നങ്ങൾ വരാനുള്ള സാദ്ധ്യതയുണ്ട്. ആ സാദ്ധ്യത മുന്നിൽ കണ്ടുകൊണ്ട് കേരളത്തിൽ മൊത്തം നിൽക്കുന്ന എക്സസ് എന്നുപറയുന്ന ഈ സീറ്റ് അല്ലെങ്കിൽ ബാച്ച് എങ്ങനെ ഉപയോഗിക്കാമെന്നുള്ള ശാസ്ത്രീയമായ നിരീക്ഷണത്തിലാണ് വിദ്യാഭ്യാസ വകുപ്പ്. അത് ഇപ്പോൾ കണ്ടെത്താൻ കഴിയില്ല. കാരണം, എത്ര കുട്ടികൾ അപേക്ഷ നൽകി എന്നത് മാത്രമേ ഇപ്പോൾ കാണാൻ കഴിയുകയുള്ളൂ. പ്ലസ് വണ്ണിന് എത്രപേർ അപേക്ഷ നൽകി എന്നതുവച്ച് ഒരു നിരീക്ഷണത്തിലേയ്ക്ക് ശാസ്ത്രീയമായി പോകാൻ കഴിയില്ല. കാരണം ഞാൻ നേരത്തെ സൂചിപ്പിച്ച, മലപ്പുറത്തുനിന്നുള്ളവർ തൃശ്ശൂരിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്; തൃശ്ശൂരിൽനിന്ന് മലപ്പുറത്തേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്; കോഴിക്കോട്ടേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെ പലതുമുണ്ടാകാം. അതുകൊണ്ട് number of applicants-നെ നോക്കി സീറ്റ് കൂട്ടണമെന്ന് പറയുന്നത് അശാസ്ത്രീയമാണ്. മുൻപ് ചെയ്തതുപോലെത്തന്നെയാകും. മറിച്ച് ഓരോ സ്കൂളിലും സീറ്റ് ലഭിക്കാത്ത എത്ര പേരുണ്ട്, ബാക്കി സീറ്റ് എത്രയുണ്ട് എന്ന രീതിയിൽ പരിശോധിച്ചാൽ കൃത്യമായ കണക്ക് ലഭ്യമാകും. ഡിമാന്റ് അനുസരിച്ച് നമുക്ക് പൂൾ ചെയ്യാനും റീ-അറേഞ്ച് ചെയ്യാനും കഴിയും. ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നു. എന്താണ് അതിന്റെ പ്രസക്തി? ഇന്നാണ് പ്ലസ് വൺ അലോട്ട്മെന്റ് വരുന്നത്. എത്ര കുട്ടികൾക്ക് സീറ്റ് ലഭിച്ചില്ലെന്ന് എങ്ങനെയാണ് തിരിച്ചറിയാൻ സാധിക്കുക? ഇപ്പോൾ അപേക്ഷിച്ച കുട്ടികൾക്കുള്ള പ്ലസ് വൺ സീറ്റിന് ഇന്ന് അലോട്ട്മെന്റ് വരികയേയുള്ളൂ. ആ അലോട്ട്മെന്റിൽ എത്ര പേർ ചേരുമെന്ന് നമുക്കറിയില്ല. സെക്കന്റ് അലോട്ട്മെന്റ് വരുന്നത് 18-ാം തീയതിയാണ്. സെക്കന്റ് അലോട്ട്മെന്റിന് അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾ അപ്‌ലോഡ് ചെയ്യുമ്പോഴാണ് എവിടെയാണ് വേക്കൻസിയെന്ന് മനസ്സിലാക്കാൻ കഴിയുക. അത് കാത്തിരിക്കുകയാണ്. എവിടെയാണ് ഒഴിവുള്ളതെന്ന കൃത്യമായ കണക്ക് എല്ലാവർക്കും ലഭ്യമാക്കാം. സെക്കന്റ് ലിസ്റ്റ് അപ്‌ലോഡ് ചെയ്യുമ്പോൾ കൃത്യമായ വേക്കൻസി വരും. ചില സ്ഥലത്ത് സീറ്റ് ഉണ്ടാകില്ല. പൂജ്യം കുട്ടികളുള്ള ബാച്ചുണ്ട് കേരളത്തിൽ. കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുട്ടികളേ ചേരാത്ത ബാച്ചുണ്ട്. അത് ഈ വർഷവും അങ്ങനെയാണോ? മരങ്ങാട്ടുപ്പിള്ളിയിൽ 11 എന്നത് 28 ആയി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചിലപ്പോൾ അവിടെ മാറിയേയ്ക്കാം. പരിശോധിക്കണ്ടേ; സെക്കന്റ് അലോട്ട്മെന്റ് വരുമ്പോഴേ അത് മനസ്സിലാകുകയുള്ളൂ. എവിടെയാണ് കൂടുതൽ, എവിടെയാണ് കുറവ് എന്നത്

സെക്കന്റ് അലോട്ട്മെന്റിൽ കുട്ടികൾ അപ്‌ലോഡ് ചെയ്യുമ്പോൾ മനസ്സിലാകും. അപ്പോൾ എവിടെയാണ് കുറവെന്നത് കൃത്യമായി മനസ്സിലാക്കി അവിടെ ആ പ്രശ്നം പരിഹരിക്കുന്നതിലുള്ള ഇടപെടലിനെയാണ് നേരത്തെ പറഞ്ഞ planned and scientific എന്നുപറയുന്നത്. ഈ പ്രശ്നം പരിഹരിക്കാം. തീർച്ചയായും ഒരു കുട്ടിക്കും സീറ്റില്ല എന്നതുകൊണ്ട് പഠിക്കാൻ കഴിയാത്ത അവസരമുണ്ടാകില്ല. പക്ഷേ അത് എവിടെ, എങ്ങനെ എന്ന് ഇപ്പോൾ പറഞ്ഞാൽ ഇതുവരെ ഞാൻ പറഞ്ഞതിന് വിരുദ്ധമാകും. അതിന്റെ സയന്റിഫിക് പ്രക്രിയയാണ് ഞാൻ പറഞ്ഞത്.

അതുപോലെതന്നെ കോളേജുകളിലെ സീറ്റിനെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ കോളേജുകളിൽ, ഞാൻ പഠിപ്പിച്ച കോളേജിലടക്കം ചെന്നുനോക്കിയാൽ അവിടെ മാർക്ക് കുറഞ്ഞവർക്കൊന്നും സീറ്റ് ലഭിക്കില്ല, സ്വാഭാവികമാണത്. കാരണം എഞ്ചിനീയറിംഗിന് അലോട്ട്മെന്റ് വന്നിട്ടില്ല, അഡ്മിഷൻ തുടങ്ങിയിട്ടില്ല. അവരെല്ലാം ഇപ്പോൾ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ വാങ്ങിയിട്ടുണ്ടാകും. മെഡിസിന്റെയും ബി.ഡി.എസ്.-ന്റെയും അഡ്മിഷൻ വന്നിട്ടില്ല. അവരെല്ലാം കോളേജുകളിൽ അഡ്മിഷൻ വാങ്ങിയിട്ടുണ്ടാകും. അതുകൊണ്ട് ഏറ്റവും കൂടുതൽ മാർക്കുള്ള, എൻട്രൻസിലൂടെ പ്രൊഫഷണൽ കോഴ്സിന് പോകാവുന്ന കുട്ടികൾ ഇപ്പോൾ എല്ലാ കോളേജുകളിലും അഡ്മിഷൻ നേടിക്കൊണ്ടിരിക്കുകയാണ്. അതിനാൽ മറ്റുള്ളവർക്ക് സീറ്റ് ലഭിക്കില്ല. പക്ഷേ പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ കഴിയുമ്പോൾ കോളേജുകളിൽ അഡ്മിഷന്റെ പ്രശ്നം വരില്ല. അങ്ങനെ വരുമ്പോഴേ ഇനി അവിടെ എത്ര വേണമെന്ന് നമുക്ക് മനസ്സിലാകുകയുള്ളൂ. അതുകൊണ്ട് കൃത്യമായി എവിടെയാണ്, ആർക്കാണ് വേക്കൻസി എന്ന് തിരിച്ചറിഞ്ഞ് ആ വേക്കൻസി ഫിൽ ചെയ്യത്തക്ക രീതിയിലുള്ള ശാസ്ത്രീയമായ നിലപാടാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് പ്ലസ് വൺ അലോട്ട്മെന്റ് വന്ന ഈ ദിവസം ആർക്കാണ് സീറ്റ് കിട്ടാത്തതെന്ന് നമുക്ക് പറയാൻ കഴിയാത്ത സന്ദർഭത്തിൽ ഇത്തരത്തിലൊരു അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് പറയാനുള്ളത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, വളരെ പ്രസക്തമായിട്ടുള്ള ഒരു സംഗതിയാണ് എന്നതുകൊണ്ടാണ് ഞാൻ ഈ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. സയന്റിഫിക് ആയ പഠനവും നിരീക്ഷണവും നടത്തിയതിനുശേഷം മാത്രമേ തീരുമാനം എടുക്കുകയുള്ളൂ എന്ന് അദ്ദേഹം വ്യക്തമാക്കിയതുകൊണ്ട് ഇനി ശരിക്കും എന്താണ് വേണ്ടതെന്നറിയാതെ നിൽക്കുകയാണ് ഞാൻ. കഴിഞ്ഞ വർഷത്തെ അനുഭവവും അതിന്റെ മുൻപിലത്തെ വർഷത്തെ അനുഭവവും വച്ചിട്ടാണ് ഈ അടിയന്തരപ്രമേയത്തിന് ഞങ്ങൾ നോട്ടീസ് നൽകിയത്.

ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ വിമർശിക്കുകയല്ല. എനിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനമാണ്. അദ്ദേഹം സംസാരിക്കുന്നതുപോലെ സ്ഫുടമായി, മലയാളം ശാസ്ത്രീയമായി പറയാൻ നമ്മുടെ കുട്ടികൾക്കും അവസരം ലഭിക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ; ഇതുപോലെ പറയാൻ നമ്മുടെ കുട്ടികൾക്കും സാധിക്കുന്ന ഒരു സ്ഥിതി വരണമെന്നാണ് ഞാൻ പറയുന്നത്. കേരളത്തിൽ എത്ര പ്ലസ് വൺ സീറ്റുകളുണ്ട്, എത്ര ഡിഗ്രി സീറ്റുകളുണ്ട്, എത്ര കുട്ടികൾ സീറ്റിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട് എന്നതിന്റെ ആകെ കണക്ക് അദ്ദേഹം കൃത്യമായി ഇവിടെ അവതരിപ്പിച്ചു. ആ കണക്ക് പരശോധിച്ചിട്ട് മലപ്പുറത്തെ കുട്ടി തിരുവനന്തപുരത്തും തിരുവനന്തപുരത്തെ കുട്ടി കണ്ണൂരും പോയി ചേരുകയില്ല എന്ന് മനസ്സിലാക്കണം. റീജിയണൽ ആയിട്ടാണ് ഇത് വിലയിരുത്തേണ്ടത്. ഇത് കേന്ദ്ര സർക്കാർ ആളോഹരി വരുമാനം പറയുന്നതുപോലെയാണ്. ഇന്ത്യയിലെ ആളോഹരി വരുമാനം ഭീമമായി ഉയർന്നിട്ടുണ്ടെന്ന് കേന്ദ്ര ഗവൺമെന്റ് പറയാറുണ്ട്. പക്ഷേ കണക്ക് കൂട്ടുന്നത് എങ്ങനെയെന്നാൽ അംബാനി, അദാനി, മിത്തൽ, ജിൻഡാൾ ഇവരുടെയൊക്കെ വരുമാനം കൂട്ടിയിട്ട് ഹരണസംഖ്യയിൽ മാത്രമാണ് 130 കോടി മനുഷ്യർ വരുന്നത്. അപ്പോൾ ആളോഹരി വരുമാനമുണ്ടാകും. പക്ഷേ പണം നമ്മുടെ അടുത്തല്ല എന്നുമാത്രം; അതാണ് പ്രശ്നം. അതുപോലെത്തന്നെയാണ് ഇപ്പോൾ സീറ്റിന്റെ കണക്ക് പറഞ്ഞതും. തിരുവനന്തപുരം ജില്ലയിൽ എസ്.എസ്.എൽ.സി. വിജയികൾ 36127 ആണ്. നിലവിലെ പ്ലസ് വൺ സീറ്റുകൾ 36544 ആണ്. അധിക സീറ്റുകളുടെ എണ്ണം 417 ആണ്. കൊല്ലം - 31808 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 31,082 സീറ്റുകൾ നിലവിലുണ്ട്; 726 സീറ്റുകളുടെ കുറവാണ്. പത്തനംതിട്ട - 11,193 കുട്ടികൾ വിജയിച്ചിട്ടുണ്ട്; അതിൽ 17738 സീറ്റുകളുണ്ട്; 6545 സീറ്റുകൾ ബാലൻസാണ്. ആലപ്പുഴ - 23,539 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 27016 സീറ്റുകളുണ്ട്; 3,477 സീറ്റുകൾ അധികമാണ്. കോട്ടയം - 20757 പേർ വിജയിച്ചിട്ടുണ്ട്; 26,206 സീറ്റുകളുണ്ട്; 5,449 സീറ്റുകൾ ബാക്കിയാണ്. ഇടുക്കി - 12,194 കുട്ടികൾ വിജയിച്ചു; 14,152 സീറ്റുകളുണ്ട്; 1,958 സീറ്റുകൾ അധികമാണ്. എറണാകുളം - 32784 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 38117 സീറ്റുകളുണ്ട്; 5333 സീറ്റ് അധികമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയായ തൃശ്ശൂരിൽ 35903 കുട്ടികൾ എസ്.എസ്.എൽ.സി. വിജയിച്ചിട്ടുണ്ട്; അവിടെ 38234 സീറ്റുകളുണ്ട്; 2331 സീറ്റുകൾ അധികമാണ്. പാലക്കാട് - 39897 പേർ വിജയിച്ചിട്ടുണ്ട്; 32796 സീറ്റുകൾ മാത്രമേയുള്ളൂ; 7,101 സീറ്റുകൾ കുറവാണ്. കോഴിക്കോട് - 43896 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 40202 സീറ്റുകളുണ്ട്; 3694 സീറ്റുകൾ കുറവാണ്. മലപ്പുറം - 77922 കുട്ടികൾ വിജയിച്ചു; 60706 സീറ്റുകളുണ്ട്; 17216 സീറ്റ് കുറവാണ്. വയനാട് - 11366 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 10188

സീറ്റുകളുണ്ട്; 1178 സീറ്റുകൾ കുറവാണ്. കണ്ണൂർ - 33897 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 33018 സീറ്റുകളുണ്ട്; 879 സീറ്റുകൾ കുറവാണ്. കണ്ണൂരിലും കുറവാണ് എന്നത് ഞാൻ ascertain ചെയ്യുകയാണ്. കാസർഗോഡ് - 18686 കുട്ടികൾ വിജയിച്ചിട്ടുണ്ട്; 16912 സീറ്റുകളുണ്ട്; 1774 സീറ്റുകൾ കുറവുണ്ട്. ഇപ്പോൾ ഞാൻ വായിച്ച കുറവിൽ അൺ-എയ്ഡഡ് സ്കൂളുകളും ഉൾപ്പെടും. അൺ-എയ്ഡഡ് സ്കൂളുകളിലെ സീറ്റ് വാസ്തവത്തിൽ ഞാൻ ഔദാര്യംകൊണ്ട് ഇതിൽ ചേർത്തതാണ്. അൺ-എയ്ഡഡ് സ്കൂളുകൾ ചേർക്കേണ്ട കാര്യമില്ല. അൺ-എയ്ഡഡ് സ്കൂളുകളിലെ സീറ്റ് അവെയ്ലബിലിറ്റി കൂടി ചേർത്തില്ലെങ്കിൽ കുറവ് ഭീമമായി വർദ്ധിക്കുകയാണ്. മലപ്പുറത്ത് 29000-വും കോഴിക്കോട് 13000-വുമാകും. ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇത്രയധികം സീറ്റുകളുടെ കുറവ് പ്ലസ് വണ്ണിലുണ്ട്. കോളേജുകളിലെ സീറ്റുകളുടെ എണ്ണം സംബന്ധിച്ച് എല്ലാ ജില്ലകളിലെയും ഞാൻ വായിക്കുന്നില്ല. മലപ്പുറത്ത് കോളേജുകളിൽ ഡിഗ്രി സീറ്റിന് അപേക്ഷ നൽകിയവരിൽ 8 ശതമാനം വിദ്യാർത്ഥികൾക്കുള്ള സീറ്റേ ഉള്ളൂ. ആകെ അപേക്ഷകരുടെ 8 ശതമാനം. മലബാർ ജില്ലകളിൽ ചില സ്ഥലത്ത് 14 ശതമാനം, ചില സ്ഥലത്ത് 23 ശതമാനം, ചില സ്ഥലത്ത് 10 ശതമാനം എന്ന തോതിലാണ്. കണക്ക് വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം. അസന്തുലിതമായ ഒരു വികാസമാണ്, ബാലൻസ് ശരിയല്ല. സീറ്റ് മൊത്തം ഉണ്ടാകും, പക്ഷേ അത് എല്ലാ സ്ഥലത്തും ഇല്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം.

കോളേജുകളിലും സ്കൂളുകളിലും സീറ്റ് ലഭിക്കാത്ത കുട്ടികൾക്ക് പഠിക്കാനുള്ള സ്കോൾ കേരള എന്നുപറയുന്ന ഓപ്പൺ സംവിധാനമുണ്ട്, ആ സംവിധാനത്തിൽ മലപ്പുറത്ത് നിന്ന് മാത്രം കഴിഞ്ഞ വർഷം ചേർന്നത് 21000 പേരാണ്. എല്ലാ എം.എൽ.എ.-മാരുടെ വീടുകളിലും രാവിലെ കത്തുതേടി ആളുകൾ വരികയാണ്. സാറിന്റെ വീട്ടിലും സീറ്റ് വേണമെന്ന് പറഞ്ഞ് ആളുകൾ വരുന്നുണ്ടെന്ന് എനിക്കറിയാം. ഇവരെയൊക്കെ അഭിമുഖീകരിക്കേണ്ട ബാദ്ധ്യത നമുക്കാണ്. ആ വരുന്നവരോട് നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ് എന്നാണോ ഞങ്ങൾ പറയേണ്ടത്? നിരീക്ഷണത്തിൽ സ്റ്റഡി ചെയ്ത് സയന്റിഫിക്കായി ascertain ചെയ്തതിനുശേഷം we will make an arrangement, സമൂർത്തമായ, പരസ്പരപൂരകമായ ഒരു ഏർപ്പാടുണ്ടാക്കുമെന്നാണോ പറയേണ്ടത്? അത് പറഞ്ഞ് രക്ഷപ്പെടാൻ കഴിയുകയില്ല. മനുഷ്യരോട് പച്ച മലയാളത്തിൽ സംസാരിക്കണ്ടേ? സീറ്റ് കിട്ടുമോ ഇല്ലയോ സർ എന്ന് ചോദിച്ചാൽ ...(ബഹളം)... ഈ സീറ്റു കിട്ടാതെ വരുന്ന ആളുകളോട് .....(ബഹളം)....... വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ നിങ്ങളെക്കാളും ബഹുമാനിക്കുന്ന ആളാണ് ഞാൻ, അദ്ദേഹത്തിന്റെ മഹത്വം ഞാൻ മനസ്സിലാക്കിയതുപോലെ നിങ്ങൾ മനസ്സിലാക്കിയിട്ടില്ല. അദ്ദേഹത്തിന് ഇത്

ചെയ്യാൻ കഴിയുമെന്നതുകൊണ്ടാണ് ഞാൻ ഇത് അദ്ദേഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. അതിന് കഴിയാത്ത ആളാണെങ്കിൽ ഞാൻ ഈ ഏർപ്പാടിന് പോകുമോ? സ്കോൾ കേരളയിൽ ഓപ്പൺ ആയി എസ്.എസ്.എൽ.സി. പാസ്സായ 21000 പേർ കഴിഞ്ഞ തവണ ചേർന്നു. അൺ എയ്ഡഡ് സ്കൂളുകളിലൊക്കെയാണ് കഴിഞ്ഞ തവണ സീറ്റ് വേക്കന്റായി എന്നുപറഞ്ഞത്. 20 ശതമാനം വർദ്ധിപ്പിച്ചു കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. പക്ഷേ ആ 20 ശതമാനം ആരും എടുക്കുന്നില്ല. ആ 20 ശതമാനമെടുക്കാനുള്ള ഫെസിലിറ്റി, ഇൻഫ്രാസ്ട്രക്ച്ചർ ഒന്നും അവിടെയില്ല, അതിനുള്ള ടീച്ചേഴ്സ് ഇല്ല. അതുകൊണ്ട് ആ 20 ശതമാനം ഔദാര്യത്തോടുകൂടി നൽകിയാലും ഒരു കോളേജിനും അത് ആവശ്യമില്ല. അതുകൊണ്ട് ആ 20 ശതമാനം ഇൻക്രീസ് കൊണ്ട് കാര്യമില്ല, batches തന്നെ കൊടുക്കേണ്ടിവരും. അപ്പോൾ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമാകുകയുള്ളൂ. മാത്രമല്ല ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം നമ്മൾ ഇവിടെ ലയനം കൊണ്ടുവന്നു, അപ്പോൾ ഒന്നു മുതൽ 12 വരെ ഒരു യൂണിറ്റാണ്. പതിനൊന്നിൽ ചേർക്കേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. 10 കഴിഞ്ഞാൽ കുട്ടി ഡ്രോപ്പ് ഔട്ട് ആകാൻ പാടില്ലല്ലോ? ഒന്നു മുതൽ 12 വരെ ഒരു യൂണിറ്റാണെങ്കിൽ 12 വരെ ആ കുട്ടി പോകണ്ടേ? ഒന്നാം ക്ലാസ്സിൽ വന്നിട്ട് 10-ാം ക്ലാസ്സിൽ പുറത്തായാൽ ഡ്രോപ്പ് ഔട്ട് ആയില്ലേ? ഡ്രോപ്പ് ഔട്ട്സ് ഇല്ലാതാക്കാനല്ലേ നമ്മൾ ഇത്രയും കാലം പരിശ്രമിച്ചുകൊണ്ടിരുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഡ്രോപ്പ് ഔട്ട്സിനെ ഒഴിവാക്കാനാണ് നമ്മൾ പരിശ്രമിച്ചിരുന്നത്. 10-ാം ക്ലാസ്സിൽ കുട്ടി പുറത്തുപോകുകയാണെങ്കിൽ മാർക്ക് കിട്ടിയിട്ടും, ജയിച്ചിട്ടും, പഠിക്കാൻ കൊതിയുണ്ടായിട്ടും, പഠിക്കാൻ സാധിക്കാതെ വന്നാൽ ആ കുട്ടി ഡ്രോപ്പ് ഔട്ട് വിഭാഗത്തിൽപെടും. That is a governmental sponsored drop out. അവന് അവിടെ സൗകര്യം ചെയ്തുകൊടുക്കാതെ സർക്കാരാണ് അവനെ പുറത്താക്കുന്നത്. അതുകൊണ്ട് ആ ഡ്രോപ്പ് ഔട്ട് സാഹചര്യം ഉണ്ടാകാൻ പാടില്ല. പൊതു വിദ്യാഭ്യാസം സൗജന്യമാണ്. അൺ എയ്ഡഡ് സ്കൂളുകളിൽ എത്ര രൂപ കൊടുക്കണമെന്നാണ് വിചാരിക്കുന്നത്. ഇതിനിടയിൽ മരങ്ങാട്ടുപിള്ളി എന്നൊക്കെ പറയുന്നത് കേട്ടു, എനിക്ക് അത് എന്താണെന്നുതന്നെ മനസ്സിലായില്ല. സർക്കാർ സ്കൂളുകളിലും അതുപോലെ എയ്ഡഡ് സ്കൂളുകളിലുമുള്ള സ്ഥിതിയല്ലല്ലോ; എയ്ഡഡ് സ്കൂളുകളിൽ വരെ സാമ്പത്തികച്ചെലവുണ്ട്; അത് ഞാൻ പറയുന്നില്ല, അൺ എയ്ഡഡ് സ്കൂളുകളിൽ വമ്പിച്ച സാമ്പത്തികച്ചെലവാണ്, എക്സ്പെൻസീവാണ്. ഒന്നു മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി നമ്മൾ വിദ്യാഭ്യാസം നൽകുമ്പോൾ ഒരു വിഭാഗം വലിയ എക്സ്പെൻസീവായിട്ടാണ് അത് നേടുന്നതെങ്കിൽ അതൊരു അനീതിയല്ലേ, തുല്യ

നീതിയല്ലല്ലോ. ആർ.ടി.ഇ. ഇവിടെ നമ്മൾ നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഈ ആക്ട് അനുസരിച്ച് ഒന്നു മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികളെയും നമ്മൾ വിദ്യാഭ്യാസത്തിന് നിർബന്ധിക്കുകയാണ്. ആ നിർബന്ധംകൊണ്ടാണ് ഇവർ എസ്.എസ്.എൽ.സി.ക്ക് വരുന്നത്. ആർ.ടി.ഇ. നടപ്പിലാക്കാതിരുന്നാൽ കുറേ ആളുകൾ നേരത്തെ കൊഴിഞ്ഞു പൊയ്ക്കോളും. അവരെ നമ്മൾ നിർബന്ധിച്ച് 14 വയസ്സുവരെ പഠിപ്പിക്കുകയാണ്, 14 വയസ് കഴിഞ്ഞാൽ നീ നിന്റെ പണി നോക്കി പൊയ്ക്കോ, ഇവിടെ സീറ്റില്ല, എന്ന് പറയാൻ കഴിയുമോ? 14 വയസ് വരെ ആർ.ടി.ഇ. ഇംപ്ലിമെന്റ് ചെയ്താൽ അതിന്റെ കണ്ടിന്യൂറ്റിയും സ്വാഭാവികമാണ്. ഓട്ടോമാറ്റിക്കായി കണ്ടിന്യൂറ്റി വരേണ്ട സംഗതിയാണ്. ഞാൻ ചോദിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രി, സാധിക്കുമെങ്കിൽ ഞങ്ങൾ പറയുന്നത് ശരിയാണോ അല്ലയോ എന്നറിയാൻ മലപ്പുറത്തോ, കോഴിക്കോട്ടോ രക്ഷിതാക്കളെയും വിദ്യാർത്ഥി പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും വിളിച്ച് ഒരു യോഗം കൂടണം. ഇപ്പോൾ ഇവിടെ പറഞ്ഞ മറുപടി അവിടെ പറഞ്ഞാൽ മതി, അപ്പോൾ അവിടത്തെ വിവരം അറിയാം; എന്താണ് അവിടെ നടക്കാൻ പോകുന്നത്, എന്താണ് അവിടത്തെ പ്രശ്നമെന്ന്. ഞങ്ങൾക്ക് കുട്ടികൾ പഠിക്കണമെന്നല്ലാതെ എന്ത് പ്രത്യേക താൽപ്പര്യമാണുള്ളത്. ഇത് ഇടതുപക്ഷത്തിന്റെയും യു.ഡി.എഫ്.ന്റെയും താൽപ്പര്യമല്ല, ഇത് ജനങ്ങളുടെ താൽപ്പര്യമാണ്. സർവ്വകലാശാലകളിലും ഇതുപോലുള്ള വലിയ പ്രശ്നങ്ങളുണ്ട്. ഞാൻ ഇപ്പോൾ വായിച്ചത് എസ്.എസ്.എൽ.സി. പാസ്സായ കേരളത്തിലെ കുട്ടികളുടെ എണ്ണമാണ്. അതല്ലാതെ സി.ബി.എസ്.ഇ. വരുന്നുണ്ട്, ഐ.സി.എസ്.ഇ. വരുന്നുണ്ട്, ഗൾഫിൽനിന്നും എസ്.എസ്.എൽ.സി. പൂർണ്ണമായും പഠിച്ച് കഴിഞ്ഞിട്ടുള്ള കുട്ടികളും വരുന്നുണ്ട്, അവരുടെ ആപ്ലിക്കേഷൻ വരില്ലേ? അതിനെ എങ്ങനെയാണ് നേരിടേണ്ടതെന്ന് തീരുമാനമെടുക്കേണ്ടതുണ്ട്. അത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ വിഷയത്തിൽ തീരുമാനമെടുത്ത് കുട്ടികൾക്ക് പഠിക്കാനുള്ള അവസരം സൃഷ്ടിക്കുകയെന്നുള്ളത് സർക്കാരിന്റെ ബാദ്ധ്യതയാണ്. അങ്ങ് പറഞ്ഞത് എനിക്ക് മനസ്സിലായി, ആദ്യം ഞാൻ തമാശയായി പറഞ്ഞതാണ്, സാരമില്ല. What is your solution? ഇപ്പോൾ അഡ്മിഷൻ ആരംഭിച്ചതുകൊണ്ട് ഈ നിരീക്ഷണം കഴിഞ്ഞ് നടത്താൻ കഴിയില്ല. 17000 അല്ലെങ്കിൽ 30000 കുട്ടികൾക്ക് സീറ്റില്ലാത്ത സ്ഥലത്ത് 10 ബാച്ച് അനുവദിക്കാൻ നിരീക്ഷണം കാത്തുനിൽക്കേണ്ട, തികയാത്തത് പിന്നീട് നിരീക്ഷണം കഴിഞ്ഞ് എടുത്താലും മതി. എന്തായാലും കുറച്ച് കുട്ടികൾ ഉണ്ടാകുമെന്നത് ഉറപ്പാണല്ലോ; അതിനുള്ള സംവിധാനം സർക്കാർ സ്വീകരിക്കണം. സീറ്റ് ലഭിക്കാത്ത കുട്ടികൾ ആരെ കാണണമെന്ന് പറഞ്ഞാൽ മതി. എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് വണ്ണിന് സീറ്റില്ലെന്നു പറയുന്ന

കുട്ടികൾ ഏത് ഓഫീസറെ കണ്ടാൽ സീറ്റ് കിട്ടുമെന്ന് പറഞ്ഞാൽ മതി. ഡി.ഡി.-യെയോ ഡി.ഇ.ഒ.-യെയോ കാണുന്നതിന് ഒരു ഓഫീസ് തുറക്കു. ദുരന്തം നടക്കുന്ന സമയത്ത് ക്രൈസിസ് മാനേജ്മെന്റ് സെൽ എന്നുപറഞ്ഞ് ഒരു ഓഫീസ് സാധാരണ തുറക്കുമല്ലോ, അങ്ങനെയൊരു സെൽ എല്ലാ ജില്ലയിലും വിദ്യാഭ്യാസ വകുപ്പ് തുറക്കണം. സീറ്റ് ലഭിക്കാത്ത കുട്ടികളോട് അവിടെ ചെന്ന് ആവശ്യപ്പെടാൻ പറയുക. അപ്പോൾ എം.എൽ.എ.-യുടെ അടുത്ത് വരേണ്ട കാര്യമില്ലല്ലോ. അവിടെ ചെന്ന് പറഞ്ഞാൽ സീറ്റ് കിട്ടിയിരിക്കുമെന്നുള്ളത് ഗവൺമെന്റിന്റെ ഗ്യാരന്റിയാണ്. വേണമെങ്കിൽ എം.എൽ.എ.-മാർ കത്ത് കൊടുത്തുവിടാം. ഇന്ന സ്ഥലത്ത് പോയാൽ നിങ്ങൾക്ക് സീറ്റ് കിട്ടിയിരിക്കുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞാൽ അത് പ്രധാനപ്പെട്ട സംഗതിയാണ്. അതുപോലെ ഇവിടെയുള്ള ഈ സംഗതികളൊക്കെ സത്യമാണെന്നും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതെല്ലാം അറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഇതിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടെങ്കിൽ ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അതിനുള്ള സഹായം ചെയ്തുകൊടുത്ത് അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കണം. പ്ലസ് വണ്ണിനും ഡിഗ്രിക്കും സീറ്റ് ലഭിക്കാത്ത ഒരു വിദ്യാർത്ഥിയും കേരളത്തിലും പ്രത്യേകിച്ച മലബാറിലും ഉണ്ടാകില്ലെന്ന് ഉറപ്പുനൽകണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ടും ഇത്രയും ഗുരുതരമായ പ്രശ്നമായതുകൊണ്ടും പലർക്കും പലതും പറയാനുള്ളതുപോലെ തോന്നിയതുകൊണ്ടും ഇത് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പറഞ്ഞ് അവസാനിപ്പിച്ചത് തന്നെയാണ് അദ്ദേഹവും പറഞ്ഞ് അവസാനിപ്പിച്ചത്. കേരളത്തിലെ സീറ്റുകളുടെ പ്രശ്നം വളരെ വിശദമായി ഞാൻ പറഞ്ഞു, ഇനി ആവർത്തിക്കുന്നത് ശരിയല്ല. സെക്കന്റ് അലോട്ട്മെന്റ് കഴിഞ്ഞാൽ കേരളത്തിൽ എവിടെയാണ് സീറ്റ് കുറവുള്ളതെന്നും കൂടുതലുള്ളതെന്നും വ്യക്തമാകും. അതനുസരിച്ച് റീഅറേഞ്ച് ചെയ്യാം. അത് പലതരത്തിലുമാകാം. അതിനെക്കുറിച്ച് ഇപ്പോൾ പറഞ്ഞാൽ ശാസ്ത്രീയമായി ഇത് പരിഹരിക്കുമെന്ന് നേരത്തെ പറഞ്ഞതിന് വിരുദ്ധമാകും. അതിന് ഒരു കണക്ക് കിട്ടണം, അങ്ങും ഞാനും പറയുന്നത് കണക്ക് വച്ചിട്ടാണ്. അതുപോലൊരു കണക്ക് 18-ാം തീയതി ലഭിക്കുമെന്നാണ് പറഞ്ഞത്. അത് വളരെ ലളിതമാണ്. അല്ലാതെ വലിയൊരു ഗവേഷണമാണെന്നൊന്നും ഞാൻ പറഞ്ഞില്ല, ഒരു നിരീക്ഷണം മാത്രം. ഞാൻ അവസാനിപ്പിച്ചതും ഇങ്ങനെ തന്നെയാണ്. കേരളത്തിലെ 10-ാം ക്ലാസ്സ് ജയിച്ച കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ആഗ്രഹമുണ്ടെങ്കിൽ അവർക്ക് പഠിക്കാനുള്ള

അവസരമുണ്ടാകും. അതിന് സർക്കാർ തീർച്ചയായും എല്ലാ തരത്തിലുള്ള സഹായവും ചെയ്യും. മലപ്പുറത്ത് ഇതിനൊരു കണക്കുണ്ട്. അത് നമുക്ക് ഒരുമിച്ച് പരിശോധിക്കാം. കണക്കനുസരിച്ച് മലപ്പുറം ജില്ലയിൽ 5618 സീറ്റുകൾ ഒഴിവുണ്ടായിരുന്നു. ഇത് ഒരു ജില്ലയുടെ മാത്രം പ്രശ്നമല്ല. കേരളത്തിലെ എല്ലാ കുട്ടികൾക്കും അവസരമുണ്ടാകണം. ഒരു കുട്ടിക്കുപോലും പഠിക്കാനുള്ള അവസരമില്ലാതെ പോകരുത്. എവിടെയാണ് കുറവെന്നുള്ളത് ചർച്ച ചെയ്യാനും കാര്യങ്ങൾ മനസ്സിലാക്കാനും തയ്യാറാണ്. മലപ്പുറം ജില്ലയിൽ 5618 സീറ്റ് ഒഴിഞ്ഞു കിടക്കുന്നതായി കണക്കുകൾ കാണുന്നു. ഞാൻ പറഞ്ഞത് പൂർണ്ണമായും വിശ്വസിക്കുകയില്ല, അങ്ങ് അത് പരിശോധിക്കണം. എന്താണെന്നുള്ളത് ഒന്നുകൂടി വിശകലനം ചെയ്യാം. നേരത്തെ പറഞ്ഞതുപോലെ കണക്കുകൾ ലഭിച്ചശേഷം ഈ പ്രശ്നം തീർച്ചയായും സംസ്ഥാന സർക്കാർ പരിശോധിക്കാം. ചില സ്ഥലങ്ങളിൽ ഒരു കുട്ടിപോലും ചേരാത്ത ബാച്ചുകളുണ്ട്, അവിടത്തെ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതെല്ലാം റീ-അറേഞ്ച് ചെയ്യേണ്ടതാണ്. ഒരു കുട്ടിക്കുപ്പോലും പഠിക്കാൻ സാധിക്കാത്ത പ്രശ്നമുണ്ടാകുകയില്ല എന്നുള്ളതുകൊണ്ട് ഈ പ്രശ്നം പ്രത്യേകിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇതൊരു പൊതുചർച്ചയായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പ്ലസ് വൺ അഡ്മിഷൻ വരുമ്പോൾ കഴിഞ്ഞ കുറച്ചുകാലമായി ഈ പ്രശ്നം ഉയർന്നുവരുന്നുണ്ട്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികൾക്ക് മുഴുവൻ അഡ്മിഷൻ ലഭിക്കാനുള്ള സാഹചര്യമില്ലെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ചില സ്ഥലങ്ങളിൽ സീറ്റ് ഒഴിവുവരുന്നുണ്ട്. ചില ജില്ലകളിൽ ഉള്ള വിദ്യാർത്ഥികളെക്കാൾ കൂടുതൽ സീറ്റുണ്ട്. ഇതാണ് ഒരു അസന്തുലിതാവസ്ഥ വരുന്നതിന് ഇടയാക്കുന്നത്. സീറ്റുകളുടെ എണ്ണം വച്ച് മാത്രം നമുക്ക് ഇത് പരിഹരിക്കാനാവില്ല, പ്രായോഗികമായ ഒരു സമീപനം ഇക്കാര്യത്തിൽ വേണ്ടതായി വരുന്നു. ഒഴിവുകളുടെ കാര്യംകൂടി പരിശോധിച്ച് ഇത്തരമൊരു നിലപാട് സ്വീകരിക്കാൻ കഴിയും. എന്നാൽ ഫലത്തിൽ വലിയ വിടവ് ഉണ്ടാകാൻ പാടില്ല. ആ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കത്തക്ക രീതിയിൽ പോകേണ്ടതായി വരും. ഹയർ സെക്കണ്ടറികൂടി സെക്കണ്ടറിയുടെ ഭാഗമാക്കി മാറ്റുമ്പോൾ സ്വാഭാവികമായും ആ തരത്തിലേക്കും ചിന്ത പോകുന്നതിൽ തെറ്റൊന്നും ഉണ്ടാകില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിവച്ച് ഉയർന്നുവരുന്ന പ്രശ്നങ്ങൾ ഇതിലുണ്ട്. പടിപടിയായെങ്കിലും നമുക്ക് ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ആ തരത്തിൽ

തന്നെയാണ് സർക്കാർ ചിന്തിക്കുക. ഇപ്പോഴുള്ള ഈ വിടവ് എങ്ങനെ കുറച്ചുകൊണ്ടുവരാൻ കഴിയും? ഒറ്റയടിക്ക് എല്ലാം പരിഹരിക്കാനാകുകയില്ല. എങ്ങനെ കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നുള്ളത് ഈ പരിശോധനയുടെ ഭാഗമായി സർക്കാർ നടത്തുകതന്നെ ചെയ്യും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00.AM

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ വർഷവും ഇതുതന്നെയാണുണ്ടായത്. ശ്രീ. കെ. എൻ. എ. ഖാദർ വളരെ ഗൗരവമായ ഒരു വിഷയമാണ് ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ സാധൂകരിക്കുന്ന നിലയിലാണ് കാര്യങ്ങൾ പറഞ്ഞത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മാത്രമേ എന്തിനാണ് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചതെന്നുള്ള തോന്നലുണ്ടായുള്ളൂ. അദ്ദേഹത്തിനും നമുക്കും കൺഫ്യൂഷനായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അൽപ്പം മാറ്റിപ്പറഞ്ഞത്. അതിൽ നിന്നും ഒരു കാര്യം മനസ്സിലായി. ഇത്തവണയും പുതിയ ബാച്ച് അനുവദിക്കില്ലായെന്ന്. ഏതായാലും അദ്ദേഹത്തിന്റെ ശാസ്ത്രീയ പഠനം കഴിഞ്ഞശേഷം ഇത്തവണ മലബാറിലെ കുട്ടികൾ പഠിക്കുമോ എന്നുള്ള കാര്യത്തിൽ സംശയമുണ്ട്. കാരണം ശാസ്ത്രീയ പഠനവും ഗവേഷണവും നടത്തണമെങ്കിൽ കുറേ സമയം വേണ്ടിവരും. ശാസ്ത്രീയ പഠനമൊക്കെ കഴിഞ്ഞുവരുമ്പോൾ ഇത്തവണ 'സ്വാഹ' ആകും എന്നുള്ള കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ തവണ ഇതുപോലെ പ്രശ്നമുണ്ടായപ്പോൾ അന്ന് പല രീതിയിൽ അവതരിപ്പിച്ച ഒരു കാര്യമാണ്. ഞാൻ ദീർഘമായൊന്നും പ്രസംഗിക്കുന്നില്ല. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മലബാർ മേഖലയിലെ പ്ലസ് വണ്ണിന് അഡ്മിഷൻ ലഭിക്കാത്ത കുട്ടികളുടെ പ്രശ്നം അങ്ങേയ്ക്കും അറിയാവുന്നതാണ്. അവിടെനിന്ന് ഇവിടെവരെ വന്ന് നമ്മളിൽ നിന്നും കത്ത് വാങ്ങിച്ചുകൊണ്ടുപോകുകയാണ്. എന്തുകൊണ്ടാണ്? അവിടെയുള്ളവർക്ക് ആവശ്യത്തിന് കോഴ്സില്ല, സീറ്റില്ല എന്നുള്ളതാണ് അവസ്ഥ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഒരു അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട്. ഉദാഹരണമായി തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ വിജയികളെക്കാൾ കൂടുതൽ പ്ലസ് വണ്ണിന്

സീറ്റുകളുണ്ട്. മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്ലസ് വൺ സീറ്റുകൾ കുറവാണ്. ഇതൊരു അപാകതയാണ്. ഇതിന് വലിയ ഗവേഷണത്തിന്റെയൊന്നും ആവശ്യമില്ല. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശാസ്ത്രീയമായ ഒരു പഠനവും നടത്താതെ സ്വാധീനത്തിനും സമ്മർദ്ദത്തിനും വിധേയമായി കോഴ്സുകളും മറ്റും അനുവദിച്ചതിന്റെ ഭാഗമായിട്ടല്ലേ ഈ ഇംബാലൻസ് ഉണ്ടായത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, മലബാർ ഭാഗത്ത് ആവശ്യത്തിന് സീറ്റുണ്ടെന്നാണോ അങ്ങയുടെ അഭിപ്രായം? ഇതിനകത്ത് ജനസംഖ്യ കുറയുന്നുണ്ട്, കൂടാതെ പല കാരണങ്ങളുമുണ്ട്. ചില കോഴ്സുകൾ പഠിക്കാൻ മാത്രമാണ് കൂടുതൽ കുട്ടികൾ പോകുന്നത്. ചില കോഴ്സുകളിൽ പഠിക്കാൻ കുട്ടികളില്ല. അതുകൊണ്ടാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത്. എന്നാൽ എല്ലാ കോഴ്സുകൾക്കും ഒഴിവുണ്ടെന്നല്ല പറയുന്നത്, ഇവിടത്തെ കോഴ്സുകളൊക്കെ എടുത്തുമാറ്റാൻ കഴിയുമോ; ഞാൻ പറഞ്ഞത് ഇതിനെ യാഥാർത്ഥ്യ ബോധത്തോടുകൂടി കാണണമെന്നാണ്. കഴിഞ്ഞ വർഷവും ഈ പ്രശ്നമുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർക്കും അതറിയാം. ഇപ്പോഴും അത് തുടരുകയാണ്. ഫസ്റ്റ് അലോട്ട്മെന്റ് ഇന്നും (12-06-2018), സെക്കന്റ് അലോട്ട്മെന്റ് 8-ാം തീയതിയുമാണെന്ന് പറഞ്ഞു. അത് കണക്കിലെടുത്ത് അടിയന്തരമായ ഒരു ഇടപെടൽ ഉണ്ടാകണമെന്നുള്ളതു കൊണ്ടാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. കുട്ടികളുടെ ഭാവിയെക്കരുതി ഞങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ നിസ്സാരമായി കാണുന്നത് ശരിയല്ല. ഇക്കാര്യം പരിശോധിക്കുകയും അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങൾ വിശ്വസിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ വാക്കൗട്ട് ചെയ്യുന്നില്ല. ഇതിൽ നടപടിയുണ്ടാകണം എന്നുമാത്രമാണ് ഞങ്ങളുടെ ആവശ്യം.

Mr. Speaker : Thank you.

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) അൺഎയ്ഡഡ് മേഖലയിലെ ചൂഷണം

ശ്രീ. പി. കെ. ശശി: സർ, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതും അങ്ങ് നേരത്തെ ഇടപെട്ടിട്ടുള്ളതുമായ ഒരു വിഷയമായ കേരളത്തിലെ അൺഎയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന ചൂഷണത്തിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസ് ഉൾപ്പെടെ പഠിപ്പിക്കുന്ന ഏകദേശം മൂവായിരത്തോളം അൺഎയ്ഡഡ് സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ വിദ്യാലയങ്ങളിൽ അദ്ധ്യാപകരും ജീവനക്കാരുമുൾപ്പെടെ രണ്ട് ലക്ഷത്തിലധികം പേരുണ്ട്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് ഇവിടത്തെ അദ്ധ്യാപകർ. പത്തും പതിനഞ്ചും വർഷം സർവീസുള്ള അദ്ധ്യാപകർക്കും ജീവനക്കാർക്കും 4,000 രൂപ മുതൽ 10,000 രൂപ വരെയാണ് മിക്കയിടത്തും ശമ്പളമായി നൽകുന്നത്. ഭൂരിപക്ഷം സ്കൂളുകളിലെയും ശരാശരി ശമ്പളം ഏകദേശം 8,000 രൂപയ്ക്കടുത്താണ്. പല മാനേജ്മെന്റുകളും ജോലിക്ക് ചേരുമ്പോൾ ലക്ഷക്കണക്കിന് രൂപ ബോണ്ടായി വാങ്ങുകയാണ്. യഥാർത്ഥത്തിൽ ബോണ്ടായി വാങ്ങുന്ന സംഖ്യയുടെ പലിശപോലും ശമ്പളമായി നൽകുന്നില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒരു ഇടക്കാല ഉത്തരവുണ്ടായിരുന്നു; സമഗ്രമായ നിയമനിർമ്മാണം നടക്കുന്നതുവരെ യു.പി. സ്കൂളിലെ അദ്ധ്യാപകർക്ക് 10,000 രൂപയും ഹൈസ്കൂളിലെ അദ്ധ്യാപകർക്ക് 15,000 രൂപയും ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകർക്ക് 20,000 രൂപയും ശമ്പളം നൽകണമെന്നാണ് അതിൽ പറയുന്നത്. ഇത് സി.ബി.എസ്.ഇ. സ്കൂളുകൾക്കായിരുന്നു ബാധകമായിരുന്നത്. പക്ഷെ അവിടെപ്പോലും നൽകിയിട്ടില്ല. സ്റ്റേറ്റ് സിലബസ് പഠിപ്പിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾക്ക് ഇതൊന്നും ബാധകല്ല. ഏറ്റവും ഗൗരവമായ പ്രശ്നം ഒരു തൊഴിൽ നിയമവും അൺഎയ്ഡഡ് മേഖലയിൽ ബാധകമല്ല എന്ന അവസ്ഥയാണ്. തോന്നിയതുപോലെ പിരിച്ചുവിടുകയാണ്. മുൻകാലത്ത് കാർഷിക മേഖലയിലുണ്ടായതുപോലുള്ള വളരെ ക്രൂരമായ ചൂഷണവും പിരിച്ചുവിടലും ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം കേരള എഡ്യൂക്കേഷൻ റൂളിൽ അംഗീകരിച്ചിട്ടുണ്ട്. ഒരു ആനുകൂല്യവും ഇല്ല. ശമ്പളം ലഭിക്കുന്നില്ല; പ്രസവാവധിയില്ല. ഇങ്ങനെ ഒരു ആനുകൂല്യവും ലഭിക്കാതെ ദുരിതംപേറി കഴിയുന്ന അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അതിൽ ഇടപെടാൻ കേരളത്തിൽ ഈ സർക്കാരിന് കഴിയുന്നില്ലായെങ്കിൽ പിന്നെ ഏത് സർക്കാരിനാണ് സാധിക്കുക? അതുപോലെ പി.എഫ്.ന്റെ കാര്യം. Contributory Provident Fund Scheme ആണ് സ്കൂളുകളിൽ നിലവിലുള്ളത്. 24% എന്നതിൽ 12% ജീവനക്കാരും 12% മാനേജ്മെന്റുമാണ് നൽകേണ്ടത്. അതിൽ മാനേജ്മെന്റ് നൽകേണ്ട 12 ശതമാനം ഉൾപ്പെടെ 24 ശതമാനവും അദ്ധ്യാപകർ കൊടുക്കേണ്ട അവസ്ഥയാണ്.

ഓഫീസ് ജീവനക്കാരും വാഹനം ഓടിക്കുന്ന ജീവനക്കാരുമുൾപ്പെടെയുള്ളവർ വലിയ ദാരിദ്ര്യമാണ് അനുഭവിക്കുന്നത്. ഈ ചൂഷണം അവസാനിപ്പിക്കാനും രണ്ട് ലക്ഷത്തിലധികം വരുന്ന അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് സുരക്ഷിതത്വവും മാന്യമായ വേതനവും ആനുകൂല്യവും നൽകാനും കഴിയുന്ന സാഹചര്യമുണ്ടാകണം. മുമ്പൊരിക്കൽ അൺഎയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ ക്ഷേമത്തിനു വേണ്ടിയുള്ള ഒരു കരട് ബില്ലിനു രൂപം നൽകി എന്നാണ് മനസ്സിലാക്കുന്നത്. പിന്നീട് അത് വെളിച്ചം കണ്ടില്ല. അതുപോലെ ഡി.പി.ഐ. ചെയർമാനായിട്ടുള്ള ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിരുന്നു. ഒരു സിറ്റിംഗാണ് നടന്നത്. പിന്നീട് അതുണ്ടായില്ല. അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നൽകണമെന്ന കാര്യം നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മിനിമം വേതനം നിശ്ചയിക്കുകയും അദ്ധ്യാപകർക്കും ജീവനക്കാർക്കും അത് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയുന്ന വ്യവസ്ഥയുണ്ടാകണം. സംസ്ഥാനത്ത് ഡി.പി.ഐ.-യുടെയും ജില്ലകളിൽ ഡി.ഡി.ഇ.-മാരുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം. വീഴ്ചയുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കാൻ ഈ സമിതിക്ക് അധികാരം നൽകണം. എല്ലാ തൊഴിൽ നിയമങ്ങളും നിയന്ത്രണങ്ങളും അൺഎയ്ഡഡ് മേഖലയ്ക്കുകൂടി ബാധകമാക്കണം. ഇക്കാര്യങ്ങൾ പരിഗണിച്ച് അൺഎയ്ഡഡ് രംഗത്ത് നിലനിൽക്കുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്താൻ കേരളത്തിലെ ജനകീയ സർക്കാർ മുൻകയ്യെടുക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുക, അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ Kerala Payment of Minimum Wages to Teachers of Unaided Institutions എന്ന പേരിലുള്ള കരട് ബിൽ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെയും നിയമ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു വരികയാണ്.

മി. സ്പീക്കർ: ബിൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## (2) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സമൂഹത്തിലെ വളരെയേറെ പ്രയാസമനുഭവിക്കുന്ന, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന പതിനായിരക്കണക്കിന് കുട്ടികളുടെയും അവരുടെ രക്ഷാകർത്താക്കളുടെയും ദൈന്യതയാർന്ന സാഹചര്യങ്ങളാണ് ഞാൻ ഇവിടെ ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. ഇത്തരം കുട്ടികൾ പഠിക്കുന്ന നിരവധി സ്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവയ്ക്ക് എയ്ഡഡ് പദവി നൽകാൻ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തീരുമാനമെടുത്തിരുന്നു. സർക്കാരുകൾ തുടർച്ചയാണെങ്കിലും ഇന്ന് രണ്ട് വർഷമായിട്ടും ആ കാര്യത്തിൽ തീരുമാനമില്ലാതെ നിൽക്കുകയാണ്. കേരളത്തിലെ ബുദ്ധിപരവും വളർച്ചാപരവുമായ വെല്ലുവിളികൾ നേരിടുന്ന ആയിരക്കണക്കിന് കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അവർ അനുഭവിക്കുന്ന ദുരിതങ്ങൾ വിവരണാതീതമാണ്. ഇങ്ങനെയുള്ള ഇരുപതിനായിരത്തോളം കുട്ടികൾ വ്യത്യസ്ത സ്കൂളുകളിലായി പഠിക്കുന്നുണ്ട്. ഇത്തരം സ്കൂളുകളിലെ കുട്ടികളുടെയും അദ്ധ്യാപകരുടെയും ജീവനക്കാരുടെയുമൊക്കെ പ്രശ്നം പരിഹരിക്കാനായി നൂറ് വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി കഴിഞ്ഞ സർക്കാർ 2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആ തീരുമാനം പ്രാവർത്തികമാക്കുന്നത് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ഫലത്തിൽ സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കുക എന്ന തീരുമാനം രണ്ട് വർഷമായി പ്രാവർത്തികമായിട്ടില്ല. ഇത്തരം പ്രശ്നങ്ങൾ ബാധിക്കുന്ന പതിനായിരക്കണക്കിന് വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ഇത് വല്ലാതെ അലട്ടുന്നുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നവരുടെ വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും വിഷയത്തിൽ നമ്മൾ ക്രിയാത്മകമായി മുന്നോട്ടുപോകേണ്ടതുണ്ട്. വിദേശ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യത്തിൽ നമ്മുടെ രാജ്യം വളരെ പുറകിലാണ്. അത്ഭുതകരമെന്ന് പറയട്ടെ, പൊതു സാഹചര്യങ്ങൾക്ക് വിരുദ്ധമായി ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങൾക്കും പിറകിലാണ് കേരളത്തിന്റെ സ്ഥാനം. ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹിക- സാംസ്കാരിക മേഖലകളിലൊക്കെ നാം മുന്നിലാണ്. പക്ഷേ ഇക്കാര്യത്തിൽ നാം വളരെ പിന്നിലാണ്. സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയവ ബാധിച്ച ഈ കുട്ടികൾക്ക് അവരുടെ പ്രശ്നം സ്വയം ഉന്നയിക്കാനാകുന്നില്ല എന്നതാണ് ഇതിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം. അങ്ങനെയുള്ള സാഹചര്യത്തിൽ ഇവർ നിരന്തരം അവഗണിക്കപ്പെടുകയാണ്. ഇത്തരത്തിൽ സമൂഹത്തിന്റെ അരികുപറ്റി ജീവിക്കുന്ന ഈ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഒരാശ്വാസമെന്ന നിലയിലാണ് വിവിധങ്ങളായ കമ്മീഷനുകളുടെയും പഠനങ്ങളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ

നൂറ് വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ കഴിഞ്ഞ സർക്കാർ തീരുമാനിച്ചത്. 2016-ൽ ഇത് ഉത്തരവായിക്കഴിഞ്ഞിരുന്നു. കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ ക്യാബിനറ്റ് തീരുമാനങ്ങൾ ഇന്ന് കോൾഡ് സ്റ്റോറേജിൽ വച്ചതിന്റെ ഫലമായി ഈ ഉത്തരവും അങ്ങനെ കിടക്കുകയാണ്. ഇതിൽ രാഷ്ട്രീയം കാണേണ്ടതില്ല. ആ സ്കൂളുകൾ ഏതാണെന്ന് പരിശോധിക്കാൻ അപ്പുറത്ത് നിന്നും ഒരംഗം വിളിച്ച് ചോദിക്കുകയാണ്. സ്കൂളുകൾ പരിശോധിക്കുന്നതിൽ ഞങ്ങൾക്കൊരു വിരോധവുമില്ല. ആരുടെ സ്കൂളുകളാണ്, ഏത് കുട്ടികളാണ് ഇവിടെ പഠിക്കുന്നത്, ഇത്തരം സ്കൂളുകൾ നടത്തുന്നതാരാണ് എന്നെല്ലാം നോക്കാം. സന്നദ്ധ സംഘടനകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സംഘടനകൾ ഇവരൊക്കെയാണ് സ്കൂളുകൾ നടത്തുന്നത്. അവർക്കൊക്കെ എന്ത് രാഷ്ട്രീയമാണുള്ളത്? അവിടെ പഠിക്കുന്ന കുട്ടികളുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കണം. ഒരു ദിവസം ഇത്തരം സ്കൂളുകൾ സന്ദർശിച്ചി രുന്നുവെങ്കിൽ ഇത്തരത്തിലുള്ള വർത്തമാനം പറയുമായിരുന്നില്ല. എന്തൊരു ദൈന്യതയാർന്ന ചിത്രമാണിത്. ചില കുടുംബങ്ങളിൽ ഇത്തരത്തിലുള്ള രണ്ടും മൂന്നും കുട്ടികളുണ്ടാകും. അവരുടെ രക്ഷാകർത്താക്കളുടെ സ്ഥിതിയെന്തായിരിക്കും? അതിലൊന്നും രാഷ്ട്രീയം കാണേണ്ടതില്ല. കഴിഞ്ഞ സർക്കാർ 50 കുട്ടികൾ പഠിക്കുന്ന സ്കൂളുകളാക്കി മാറ്റാനും അതിനുശേഷം എയ്ഡഡ് പദവി നൽകുന്നതിനും കൂടി തീരുമാനം എടുത്തിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്നതാണെങ്കിൽ 25 കുട്ടികൾ പഠിക്കുന്നതാണെങ്കിലും എയ്ഡഡ് പദവി നൽകാമെന്നും തീരുമാനിച്ചിരുന്നു. സംസ്ഥാനത്ത് സർക്കാർ തലത്തിൽ ഇത്തരത്തിലുള്ള ഒരു സ്കൂളേയുള്ളൂ, അത് സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ടാണ്. അവിടെ ധാരാളം വികസനം ഇനിയും വരാനുണ്ട്. മുന്നൂറോളം സ്പെഷ്യൽ സ്കൂളുകൾ ഇവിടെയുണ്ട്. അവിടെ പതിനായിരക്കണക്കിന് കുട്ടികൾ പഠിക്കുന്നുണ്ട്. ഇവയൊക്കെ നടത്തുന്നത് ഇങ്ങനെയുള്ള സന്നദ്ധ സംഘടനകളാണ്. ഇവർക്ക് സർക്കാർ ചെറിയ ഗ്രാന്റ് മാത്രമാണ് അനുവദിക്കുന്നത്. ബാക്കിയെല്ലാം കുട്ടികൾ നൽകുന്ന ഫീസാണ്. നമ്മുടെ നാട്ടിലെ സാധാരണ കുട്ടികൾക്ക് ഒരു രൂപ പോലും ഫീസ് കൊടുക്കാതെ പഠിക്കാമെന്നിരിക്കേ, പ്രയാസങ്ങളനുഭവിക്കുന്ന കുട്ടികൾ ഫീസ് കൊടുത്താണ് പഠിക്കുന്നത് എന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതായ ഏറ്റവും വലിയ പ്രശ്നമാണ്. പ്രാഥമിക വിദ്യാഭ്യാസം ഇവിടെ സൗജന്യമാണ്. ബുദ്ധിപരമായ പ്രയാസം അനുഭവിക്കുന്ന ഈ കുട്ടികൾ കനത്ത ഫീസ് നൽകിയാണ് പഠിക്കുന്നത്. ഇത് ഏറ്റവും വലിയ അനീതിയാണ്. സമൂഹത്തിന്റെ പരിഗണന ലഭിക്കേണ്ട ഈ കുട്ടികൾ വലിയ ഫീസ് കൊടുത്ത് പഠിക്കുന്ന സാഹചര്യം നമുക്ക് ഒഴിവാക്കേണ്ടതുണ്ട്. പ്രയാസമനുഭവിക്കുന്ന ഈ കുട്ടികളോട് വളരെ അനുകൂലമായ സമീപനമായിരുന്നു കഴിഞ്ഞ സർക്കാരിനുണ്ടായിരുന്നത്. അത് ഇത്രയും കാലം

തടഞ്ഞുവച്ചു എന്നുള്ളത് സങ്കടകരമാണ്. അതുകൊണ്ട് ഇതിൽ രാഷ്ട്രീയം നോക്കേണ്ടതില്ല. നിങ്ങൾക്ക് പരിശോധിക്കുയും ഏതെങ്കിലും സ്കൂളുകളെ ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കുകയും ചെയ്യാം. പക്ഷേ അനുകമ്പയർഹിക്കുന്ന ഈ വിഭാഗത്തോടുള്ള അവഗണന ശരിയല്ല. അതുകൊണ്ട് സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റാനുള്ള കഴിഞ്ഞ സർക്കാരിന്റെ തീരുമാനം പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റ് രണ്ടുവർഷം പിന്നിട്ട സാഹചര്യത്തിലെങ്കിലും മുന്നോട്ട് വരണമെന്ന് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ സ്പെഷ്യൽ സ്കൂളിലെ കുട്ടികളുടെ എണ്ണം നോക്കി, അതിന് എയ്ഡഡ് പദവി നൽകുക എന്നതല്ല അതിന്റെ ശാസ്ത്രീയമായ വശം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ശരിയാണ്. Intellectually challenged ആയ കുട്ടികൾക്കായി വളരെ ശാസ്ത്രീയമായി ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അത് മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് 2018-19-ലെ ബജറ്റിൽ സ്പെഷ്യൽ സ്കൂളുകളുടെ ശാക്തീകരണത്തിനായി, Rights based Life Cycle Security എന്ന കാഴ്ചപ്പാടോടുകൂടി സമഗ്ര പദ്ധതി പ്രകാരം ഈ സ്കൂളുകൾക്കാവശ്യമായ ധനസഹായം 13 കോടി രൂപയിൽ നിന്നും 40 കോടി രൂപയായി വർദ്ധിപ്പിച്ചത്. മാത്രമല്ല, വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള 44 പദ്ധതികളിലായി 289 കോടി രൂപയുടെ ബജറ്റ് വിഹിതവും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി സർക്കാർ മേഖലയിൽ 43 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുമ്പോൾ, intellectually challenged ആയ, ബുദ്ധിപരമായ വൈകല്യങ്ങളുള്ള, ഓട്ടിസം, സെറിബ്രൽ പാൾസി, മൾട്ടിപ്പിൾ ഡിസോർഡർ തുടങ്ങിയവയുള്ള കുട്ടികൾക്ക് പഠിക്കുന്നതിന് സർക്കാർ മേഖലയിൽ ഒരു സ്പെഷ്യൽ സ്കൂൾ മാത്രമാണുള്ളത്. അതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. എന്നാൽ സന്നദ്ധ സംഘടനകൾ നടത്തുന്ന 296 സ്പെഷ്യൽ സ്കൂളുകളിൽ ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുവൈകല്യം, മാനസിക വൈകല്യം തുടങ്ങിയവയുള്ള 28,000 കുട്ടികൾ പഠനം നടത്തിവരുന്നതായി കാണുന്നുണ്ട്. ഈ സ്കൂളുകൾക്ക് 2017-18-ൽ 16.96 കോടി രൂപ സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്. സർക്കാരിന്റെ സഹായമില്ലാതെ ഈ സ്ഥാപനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്ന് സൂചിപ്പിച്ച് സ്കൂൾ അധികൃതർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സാമൂഹ്യനീതി വകുപ്പുമന്ത്രിക്കും നിവേദനങ്ങൾ നൽകിയിരുന്നു. ഈ സ്കൂളുകൾ സർക്കാർ എയ്ഡഡ് സ്കൂളുകളാക്കി മാറ്റണമെന്നുള്ള നിവേദനവും അക്കൂട്ടത്തിലുണ്ടായിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ 27-11-2017-ന്

ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുകയും ഒരു സമഗ്ര പാക്കേജ് തയ്യാറാക്കുന്നതിനാവശ്യമായ പദ്ധതി സമർപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. സാമൂഹ്യനീതി വകുപ്പ് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. സർക്കാർ റിപ്പോർട്ട് അംഗീകരിക്കുന്നതോടെ ഈ വിഷയത്തിൽ സമഗ്രവും നീതിപൂർവ്വവുമായ പരിഹാരമുണ്ടാകുന്നതാണ്. അതിന് വലിയ കാലതാമസമില്ല. ഇന്നലെയാണ് പൂർണ്ണ രൂപത്തിലുള്ള റിപ്പോർട്ട് ലഭിച്ചത്. വളരെപ്പെട്ടെന്നുതന്നെ ഈ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിൽ വരും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് സ്പീച്ചിൽ വളരെ വ്യക്തമായി ഒരു കാര്യം സൂചിപ്പിച്ചിരുന്നു. ബജറ്റിലെ പാരഗ്രാഫ് (61)-ൽ "There is a delineation of a special school in Kerala in the novel 'Ancient Promises' of Jayasree Mishra." ശ്രീമതി ജയശ്രീ മിശ്രയുടെ 'Ancient Promises' എന്ന നോവലിൽ നമ്മുടെ സംസ്ഥാനത്ത് നടത്തുന്ന ഇത്തരം സ്കൂളുകളുടെ പോരായ്മ ചൂണ്ടിക്കാണിക്കുന്നതായാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ക്വാട്ട് ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വോളന്റിയറായി നടത്തുന്നതും സർക്കാർ നടത്തുന്നതുമായ ധാരാളം സ്കൂളുകളുണ്ട്. അതിനെക്കുറിച്ച് പറയുന്നത് "Rather a dismal place; children of different age, size and level of disabilities; assorted indifferent categories; lack of qualified teachers; a heap of inconveniences and helpless school management without money. This situation has to be changed. Volunteer based intervention in this sector need to be encouraged. There are 290 Special Schools run by Voluntary Associations with the approval of Education Department. The special financial assistance for them is enhanced to Rs. 40 crore from Rs. 13 crore" അതുകൊണ്ടാണ് financial assistance enhance ചെയ്യുന്നുവെന്ന് പറഞ്ഞത്. സ്പെഷ്യൽ സ്കൂൾ എന്നു പറഞ്ഞ് വ്യത്യസ്ത തരത്തിലുള്ള കുട്ടികളെല്ലാം ഒരുമിച്ച് ചേരുന്നതായാണ് പറഞ്ഞിരിക്കുന്നത്.

<u>മി. സ്പീക്കർ</u>: പതിനഞ്ചു കൊല്ലമായതും രണ്ടുകൊല്ലം മാത്രമായതുമായ കുട്ടികൾ ഒരേ സ്കൂളിൽ തന്നെയാണിരിക്കുന്നത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: അതെ. ഏജ് ഗ്രൂപ്പിന്റെ വ്യത്യാസമില്ലാതെ, കുട്ടികളെ കണക്കാക്കാൻ കഴിയുന്നത് ഐ.ക്യൂ. വ്യത്യാസമനുസരിച്ചുകൂടിയാണ്. അക്കാര്യങ്ങളിലൊന്നും യാതൊരു വേർതിരിവുമില്ലാതെ സ്പെഷ്യൽ സ്കൂൾ എന്നപേരിൽ തുടങ്ങുകയും അവിടെ ഇത്തരം കുട്ടികൾ വന്നിരിക്കുകയും സ്പെഷ്യൽ പരിഗണന അവർക്ക് ലഭിക്കാതിരിക്കുകയും

ചെയ്യുന്നതായാണ് കണ്ടുവരുന്നത്. ഈ കുട്ടികളെ തരംതിരിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ പറഞ്ഞ റിപ്പോർട്ടിൽ ഇതെല്ലാം വരികയാണ്. Severe and profound വിഭാഗത്തിൽ വരുന്ന കുട്ടികളുണ്ട്; ഐ.ക്യൂ. ലെവൽ 35-ൽ താഴെയുള്ള കുട്ടികളാണവർ. ആ കുട്ടികളെ ഒരേ സ്കൂളിൽ ഇരുത്തി കൈകാര്യം ചെയ്യാൻ കഴിയില്ല. അവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതായിട്ടുണ്ട്. ഈ റിപ്പോർട്ട് അംഗീകരിക്കുന്നതോടുകൂടി ഇത്തരം കാര്യങ്ങൾക്ക് വലിയ പരിഗണന ലഭിക്കാൻ പോകുകയാണ്. ഏതൊക്കെ കുട്ടികളെ ഏതൊക്കെ സ്കൂളിൽ ഇരുത്തണം, അവർക്ക് ഏതുതരത്തിലുള്ള പരിശീലനം നൽകണം. severe ആയിട്ടുള്ള കുട്ടികൾക്ക് ടീച്ചിംഗ് അല്ല നൽകേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ, ഇത് സാധാരണ സ്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതുപോലെ കാണേണ്ട വിഷയമല്ലായെന്ന് ഞങ്ങളോട് പറഞ്ഞു. അതുകൊണ്ട് സാധാരണ ഒരു സ്കൂൾ എയ്ഡഡ് ആയി പ്രഖ്യാപിക്കുന്നതുപോലെ കാണേണ്ട വിഷയമല്ല. Right of persons with disabilities Act അനുസരിച്ച് പറയുന്നത്, കഴിയാവുന്നിടത്തോളം കുട്ടികളെ പൊതുധാരയിലിരുത്തി പഠിപ്പിക്കണമെന്നാണ്. കഴിയാവുന്നിടത്തോളം കുട്ടികൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആരെയാണ്? വളരെ മൈൽഡ് ആയിട്ടുള്ള മോഡറേറ്റായിട്ടുള്ള ഡിസെബിലിറ്റീസുള്ള കുട്ടികളുണ്ട്. ആ കുട്ടികളെ സർക്കാർ പൊതുവിദ്യാലയത്തിൽ തന്നെ പഠിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. എന്നാൽ സ്പെഷ്യൽ സ്കൂളും വേണം. അത് ഇപ്പോൾ പറഞ്ഞ പ്രൊഫൗണ്ടായിട്ടുള്ള, വളരെ ഗുരുതരമായിട്ടുള്ള പ്രശ്നങ്ങളുള്ള കുട്ടികൾക്കാണ്. ആ കുട്ടികൾ എയ്ഡഡ് സ്കൂളുകളിൽ ഇരിക്കേണ്ട കാര്യമില്ല. അവരെ സ്പെഷ്യൽ സ്കൂളിലാണ് ഇരുത്തേണ്ടത്. സ്പെഷ്യൽ സ്കൂൾ സാധാരണ എയ്ഡഡ് സ്കൂൾപോലെ കൈകാര്യം ചെയ്യാൻ കഴിയുന്ന വിഷയമല്ല. ഇവിടെ പഠിപ്പിക്കുന്നവർക്കും ആയമാർക്കും മറ്റും നൽകുന്ന പരിശീലനവും വ്യത്യസ്തമാണ്. അതുകൊണ്ട് നേരത്തെ പറഞ്ഞിട്ടുള്ള ലിസ്റ്റ് അനുസരിച്ച് എയ്ഡഡായി പ്രഖ്യാപിക്കലല്ല, അതിനുപകരം സമഗ്രമായ ഒരു പ്രോജക്ട്, ശാശ്വതമായ പരിഹാരം കണ്ടെത്തുകയാണ്. ഈ റിപ്പോർട്ട് അനുസരിച്ച് കാര്യങ്ങൾ നടപ്പിലാകുന്നതോടുകൂടി ഇന്ത്യയിൽ മെന്റലി ചലഞ്ച്ഡായ, ഇന്റലക്ച്വലി ചലഞ്ച്ഡായ കുട്ടികൾക്കുവേണ്ടി ഏറ്റവും ശാസ്ത്രീയമായി കാര്യങ്ങൾ ചെയ്യുന്ന സംസ്ഥാനമാണ് കേരളമെന്ന് ഉറപ്പായും പറയിപ്പിക്കും. അതിനാവശ്യമായ സമീപനമാണ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഉന്നയിച്ചതിൽ നന്ദി പറയുന്നു. പക്ഷേ കഴിഞ്ഞ തവണ പ്രഖ്യാപിച്ച എയ്ഡഡ് പദവി അതേപടി പ്രഖ്യാപിക്കലല്ല, അതിനെക്കാൾ ഉയർന്ന തലത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിശ്ചയിച്ചിട്ടുള്ള സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. അത് വളരെ അടിയന്തരമായി കേരളത്തിൽ നടപ്പിലാക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ ആശ്വാസകരമാണ്. ഞാൻ ഉന്നയിച്ച വിഷയങ്ങളോട് വളരെയധികം അനുഭാവം പ്രകടിപ്പിച്ചുകൊണ്ടുതന്നെയാണ് മന്ത്രി മറുപടി പറഞ്ഞത്. പക്ഷേ സർക്കാരുകൾ ഒരു തുടർച്ചയാണ്. 2016-ൽ ആദ്യം 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. പ്രസ്തുത സ്കൂളുകളുടെ ഭാവി എന്തായിരിക്കും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അക്കാര്യം ഞാൻ വളരെ വ്യക്തമായി പറഞ്ഞു. അന്ന് യാതൊന്നും പരിഗണിക്കാതെ 5 വയസ്സും 18 വയസ്സുള്ളവരുമെല്ലാം ഒരുമിച്ചിരുന്ന് പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി. അവിടെ ജോലി ചെയ്യുന്നവർക്ക് സർക്കാർ ശമ്പളം നൽകുകയെന്നുള്ളത് മാത്രമാണ് കണ്ടത്. അങ്ങനെ കൈകാര്യം ചെയ്യാനുള്ള വിഷയമല്ല. ഞാൻ ഇത്രയും വിശദീകരിച്ചത് അതുകൊണ്ടാണ്. എന്തായാലും അക്കാര്യം ഇപ്പോൾ പരിഗണിക്കുന്നില്ല. അതിനുപകരം റിപ്പോർട്ടനുസരിച്ച് ഏതൊക്കെ കുട്ടികൾ സ്പെഷ്യൽ സ്കൂളിൽ വരണം, ഏതൊക്കെ കുട്ടികൾ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമായി സ്കൂളിൽ പ്രത്യേക പരിഗണന നൽകി അവിടെ പഠിക്കണം എന്നെല്ലാം തീരുമാനിക്കും. അതിനുശേഷമാണ് സ്പെഷ്യൽ സ്കൂളുകളുടെ നടത്തിപ്പ് എങ്ങനെയായിരിക്കുമെന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപ്രകാരം തീരുമാനിക്കുക. അല്ലാതെ കഴിഞ്ഞ പ്രാവശ്യം പ്രഖ്യാപിച്ച എയ്ഡഡ്-സ്കൂളുകളെ വീണ്ടും എയ്ഡഡായി പ്രഖ്യാപിക്കില്ല.

## IV. സബ്മിഷൻ

### (1) പോലീസ് മർദ്ദനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജൂൺ 5-ാം തീയതി എടത്തലയിൽ ഉസ്മാൻ എന്ന യുവാവ് നോമ്പുതുറക്കാനുള്ള സാധനങ്ങളുമായി വരുന്ന വഴിയിൽ ബൈക്കിനുപിന്നിൽ വാഹനമിടിച്ചതിനെ ചോദ്യം ചെയ്തതിന് കാറിലുണ്ടായിരുന്ന എടത്തല പോലീസ് സ്റ്റേഷനിലെ പോലീസുകാർ റോഡിൽവച്ചും പിന്നീട് സ്റ്റേഷനിൽവച്ചും ക്രൂരമായി മർദ്ദിക്കുകയും ഗുരുതരമായി പരിക്കേൽപ്പിക്കുകയും ചെയ്തത് വമ്പിച്ച ജനരോഷം വിളിച്ചുവരുത്തിയിരുന്നു. ജനങ്ങൾ നോക്കിനിൽക്കെയാണ് യുവാവിനെ പോലീസ് നടുറോഡിൽവച്ച് മർദ്ദിച്ചത്. ക്രൂരമായ മർദ്ദനത്തെത്തുടർന്ന് ആശുപത്രിയിലായ ഉസ്മാനെ, പോലീസിനെ അക്രമിച്ചുവെന്ന കുറ്റം ചുമത്തി ആശുപത്രിക്കിടക്കയിൽത്തന്നെ റിമാൻഡ് ചെയ്തിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം അദ്ദേഹത്തെ പോയിക്കണ്ടിരുന്നു. പരിക്കേൽപ്പിച്ച പോലീസുകാർക്കെതിരെ നിസ്സാര നടപടികൾ

മാത്രമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അവരെ ഇനിയും അറസ്റ്റ് ചെയ്തിട്ടില്ല. പോലീസുകാർക്കെതിരെ നടപടിയെടുക്കുന്നതിൽ സർക്കാർ ഒളിച്ചുകളിക്കുകയാണ്. പോലീസുകാരെ ഏതുവിധേനയും രക്ഷപ്പെടുത്തുകയെന്ന ലക്ഷ്യമാണുള്ളത്. മർദ്ദനത്തിനിരയായ ഈ ചെറുപ്പക്കാരനെ ഗുരുതരമായ കുറ്റങ്ങൾ ചുമത്തി റിമാൻഡ് ചെയ്തിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, ഞാൻ ആശുപത്രിയിൽ പോയി കണ്ടതാണ്; ആ ചെറുപ്പക്കാരന് നല്ല മർദ്ദനമേറ്റിട്ടുണ്ട്. താടിയെല്ല് പൊട്ടി, ഇപ്പോഴും ഭക്ഷണം കഴിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. അതുപോലെ അയാളുടെ വീടും ഞാൻ സന്ദർശിച്ചിരുന്നു. പ്രായമായ ഉമ്മയും ബാപ്പയുമാണ് അവിടെയുള്ളത്. കുടുംബം വളരെയേറെ പ്രയാസത്തിലാണ്. ഇയാൾ ഗൾഫിൽ ജോലി നഷ്ടപ്പെട്ട് മടങ്ങിവന്ന ആളാണ്. അതുകൊണ്ട് പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതോടൊപ്പം ഉസ്മാന്റെ ചികിത്സാച്ചെലവ് സർക്കാർ ഏറ്റെടുക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജൂൺ 5-ന് വൈകുന്നേരം എടത്തല മുതലക്കാട്ട് മുകൾഭാഗത്ത് പോക്സോ കേസ് ബാധകമായ ഒരു സംഭവമുണ്ടായി. എടത്തല പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി പ്രതിയെ കസ്റ്റഡിയിലെടുത്തു മടങ്ങുമ്പോൾ കുഞ്ചാട്ടുകര ഗവൺമെന്റ് സ്കൂളിന് മുൻവശം വച്ച് പോലീസ് ഉദ്യോഗസ്ഥർ സഞ്ചരിച്ചിരുന്ന വാഹനം ഒരു ആക്ടിവ സ്കൂട്ടറിൽ തട്ടുകയുണ്ടായി. ഇരുകൂട്ടരും തമ്മിൽ സംസാരിച്ച് ഈ പ്രശ്നം അപ്പോൾ തന്നെ പരിഹരിക്കുകയും ചെയ്തു. എന്നാൽ സംഭവം കണ്ടുനിന്ന ഉസ്മാൻ എന്നയാൾ ഈ പ്രശ്നത്തിലിടപെട്ട് വഴക്കുണ്ടാക്കുകയും പോലീസ് ഡ്രൈവറായ അഫ്സലിനെ ദേഹോപദ്രവം ഏൽപ്പിക്കുകയുമുണ്ടായി. തുടർന്ന് ഉസ്മാനെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോയി. പോലീസുകാരെ ദേഹോപദ്രവം ഏൽപ്പിച്ച കുറ്റത്തിന് ഉസ്മാനെ പ്രതിയാക്കി ഐ.പി.സി. 332, 353 വകുപ്പുകൾ പ്രകാരം ക്രൈം 483/2018 ആയും ഉസ്മാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ പോലീസുകാരെ പ്രതികളാക്കി ഐ.പി.സി. 323, 342, 34 വകുപ്പുകൾ പ്രകാരം ക്രൈം 484/2018 ആയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാഹനത്തിൽ സഞ്ചരിച്ചിരുന്ന മൂന്ന് പോലീസുകാർ ഈ കേസിൽ പ്രതികളാണ്. രണ്ട് കേസുകളിലും ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്പി. ആണ് അന്വേഷണം നടത്തുന്നത്. കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉസ്മാന്റെ ചികിത്സാ രേഖകളിൽ ഇടതു കവിളെല്ലിൽ പൊട്ടലുണ്ടെന്ന് കണ്ടതിനാൽ കേസിൽ ഐ.പി.സി. 325-ാം വകുപ്പുകൂടി കൂട്ടിച്ചേർത്തു. ഈ സംഭവത്തിൽ പരിക്കേറ്റ ഉസ്മാൻ ജുഡീഷ്യൽ കസ്റ്റഡിയിലായതിനാൽ ബഹുമാനപ്പെട്ട കോടതിയുടെ അനുവാദം ലഭിക്കുന്ന മുറയ്ക്ക് ടിയാന്റെ മൊഴി രേഖപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. ഉസ്മാനെ

മർദ്ദിച്ചെന്ന ആരോപണവുമായി ബന്ധപ്പെട്ട് എടത്തല പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എ.എസ്.ഐ. പുഷ്പരാജൻ, സി.പി.ഒ.മാരായ അബ്ദുൾ ജലീൽ, അഫ്സൽ എന്നിവരെ തീവ്രപരിശീലനത്തിനായി കളമശ്ശേരി എ.ആർ. ക്യാമ്പിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിനും ഉത്തരവായിട്ടുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ചികിത്സാച്ചെലവ് ഏറ്റെടുക്കുന്നതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഉസ്മാൻ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിലാണ്. ഉസ്മാന്റെ ചികിത്സ ഇപ്പോൾ നടക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ പിന്നീട് പരിശോധിക്കാം.

### 2. <u>പിറവം പള്ളിയിലെ പ്രശ്നങ്ങൾ</u>

<u>മി. സ്പീക്കർ</u>: പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വശ്രീ എൽദോസ് പി. കുന്നപ്പിള്ളിൽ, എൽദോ എബ്രഹാം എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിലുള്ള കാര്യം തന്നെയാണ്. പിറവം പള്ളി ഉൾപ്പെടെയുള്ള വിവിധ ദേവാലയങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ ഒരു പരിഹാരം കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇരു സഭാനേതൃത്വങ്ങളും അങ്ങയെ വന്ന് കണ്ടിട്ടുള്ളതാണ്. ഈ വിഷയങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്ന പ്രതീക്ഷ വച്ചുപുലർത്തുന്നതായി അങ്ങയുടെ ഫേസ്ബുക്ക് പോസ്റ്റിലൂടെ വായിക്കാനിടയായി. സർക്കാർ തലത്തിൽ ചർച്ച നടത്തി ഇരുവിഭാഗങ്ങൾക്കും സ്വീകാര്യമായ ഒരു ഫോർമുലയിലൂടെ ഈ വിഷയങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇത് പിറവം മണ്ഡലവുമായി ബന്ധപ്പെട്ട കാര്യമാണെങ്കിലും എറണാകുളം ജില്ലയിലെ പല സ്ഥലങ്ങളിലും ഇതേ വിഷയമുണ്ട്. പരിശുദ്ധ പാത്രിയാർക്കീസ് ബാവ ശ്ലൈഹിക സന്ദർശനം നടത്തിയപ്പോൾ അങ്ങയെ കണ്ട് ഇക്കാര്യം സംസാരിച്ചിട്ടുള്ളതാണെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്. സഹോദര സഭകളെന്ന നിലയിൽ ഇക്കാര്യത്തിൽ അങ്ങ് ഒരു ചർച്ച നടത്തി തീരുമാനമെടുത്ത് പ്രശ്നം പരിഹരിച്ചുതരണമെന്ന് ഞാൻകൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ ശ്രദ്ധയിൽപ്പെടുത്താനുള്ള വിഷയം, പോത്താനിക്കാട്, ശാലയം, ചാത്തമറ്റം പള്ളി, വരിക്കോലി പള്ളി, കോലഞ്ചേരി പള്ളി, പെരുമ്പാവൂർ പള്ളി, നെച്ചൂർ പള്ളി തുടങ്ങി എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിലെ 4, 5 നിയോജക മണ്ഡലങ്ങളിൽ യാക്കോബായ, ഓർത്തഡോക്സ് സഭകളുടെ തർക്കം സജീവമായി നിലനിൽക്കുകയാണ്. ഈ വിഷയത്തിൽ സർക്കാർ ഗൗരവതരമായ ഇടപെടൽ നടത്തണം. യാക്കോബായ സഭയുടെ പള്ളികൾ നേരിടുന്ന ഗൗരവമായ പ്രശ്നം, ശവസംസ്കാര ശുശ്രൂഷകൾ നടത്തുന്നതിന് തടസ്സം ഉണ്ടാകുന്നുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനതലത്തിൽ ഇരുവിഭാഗങ്ങളെയും വിളിച്ച് ചർച്ച ചെയ്ത് ഈ വിഷയം പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കണം. പിറവം പള്ളിയിലെ പ്രശ്നം ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചത് വളരെ സുപ്രധാനമാണ്. സമാനമായ പ്രശ്നങ്ങൾ ജില്ലയിലെ കിഴക്കൻ മേഖലയിലെ 10-14 പള്ളികളിൽ നിലനിൽക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഇടപെടൽ നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം ജില്ലയിലെ മലങ്കര സഭയുടെ പ്രസിദ്ധമായ ദേവാലയമാണ് പിറവം രാജാധിരാജ സെന്റ് മേരീസ് യാക്കോബായ കത്തീഡ്രൽ. പള്ളിയുടെ അധീനതയിൽ 2500-ഓളം യാക്കോബായ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും 250-ഓളം ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുമാണുള്ളത്. ഇരു വിഭാഗങ്ങളും തമ്മിൽ പള്ളികളുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന തർക്കങ്ങളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 3-7-2017-ൽ പുറപ്പെടുവിച്ച വിധി 19-4-2018-ലെ ഉത്തരവിലൂടെ പിറവം പള്ളിക്കും ബാധകമായി. കോടതി വിധി നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. പ്രസ്തുത കോടതി വിധി വന്നദിവസം പിറവം ടൗണിൽ ഇരുവിഭാഗങ്ങളും തമ്മിൽ ഏറ്റുമുട്ടിയതുമായി ബന്ധപ്പെട്ട് പിറവം പോലീസ് ക്രൈം നം. 476/18, 479/18 എന്നിവ പ്രകാരം രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി 7-5-2018-ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ഇരുവിഭാഗങ്ങളുമായി ചർച്ച നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇരുവിഭാഗം സഭാ മേധാവികളും സർക്കാരിനെ സമീപിക്കുകയുണ്ടായി. ഇരുവിഭാഗത്തിന്റെ സഭാമേധാവികളും സംഘർഷം ആഗ്രഹിക്കുന്നില്ലെന്നാണ് സർക്കാർ മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ നിലനിൽക്കുന്ന തർക്കം ചർച്ചയിലൂടെ പരിഹരിക്കണമെന്ന താൽപ്പര്യമാണ് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഒപ്പംചേർന്നുകൊണ്ട് സർക്കാരിനുമുള്ളത്.

(3) <u>കാലവർഷക്കെടുതി</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇതേ വിഷയം സംബന്ധിച്ച് ശ്രീ. രാജു എബ്രഹാമും നോട്ടീസ് നൽകിയിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കാലവർഷക്കെടുതിയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. എന്റെ നിയോജക മണ്ഡലത്തിലെ മൂലേടം, കാരാപ്പുഴ, വേളൂർ, കൊല്ലാട് തുടങ്ങിയ സ്ഥലങ്ങളിൽ വ്യപകമായ കാലവർഷക്കെടുതിയാണുണ്ടായത്. ശക്തമായ മഴയിൽ വീടിനുമുകളിൽ മരം വീണു. റോഡുകൾ പലതും ബ്ലോക്കാണ്. സ്വകാര്യ വീടുകളുടെ മുകളിലേയ്ക്ക് മരം വീണാൽ മുറിച്ചുമാറ്റാൻ പറ്റില്ലെന്നും റോഡ് ബ്ലോക്ക് ഉണ്ടാവുകയാണെങ്കിൽ അത് മാറ്റാൻ കഴിയുമെന്നുമാണ് ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിലെ ജീവനക്കാർ പറയുന്നത്. പാവപ്പെട്ടവരുടെ വീടിന് മുകളിൽ മരം വീഴുമ്പോൾ അത് മാറ്റാൻ കഴിയുന്നില്ല. അത് വെട്ടിമാറ്റാനുള്ള ചെലവ് താങ്ങാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണ്. അവിടെ പല സ്ഥലങ്ങളിലും പാവപ്പെട്ടവരാണ് താമസിക്കുന്നത്. കാറ്റ് വീശിയടിച്ച് പട്ടിണിപ്പാവങ്ങളായ ആളുകൾ ജീവിക്കുന്ന സ്ഥലത്ത് കൃഷിനാശം ഉണ്ടായിരിക്കുന്നു; വീട് നഷ്ടപ്പെട്ടിരിക്കുന്നു; വീട്ടിൽ താമസിക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. റേഷൻ വാങ്ങാൻപോലും നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. കാല വർഷക്കെടുതി ബാധിച്ച സ്ഥലങ്ങളിലുള്ള ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടവർക്കെങ്കിലും സൗജന്യ റേഷൻ നൽകാനുള്ള നടപടിയുണ്ടാകണം. അവരെ പുനരധിവസിപ്പിക്കുന്നതുവരെ എന്തെങ്കിലും പ്രത്യേകമായ ക്രമീകരണമുണ്ടാക്കണം. ഞാൻ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ ഒരു താലൂക്കിൽ 8 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെന്നാണ് പറഞ്ഞത്. നാശനഷ്ടം 8 ലക്ഷം രൂപയെക്കാൾ എത്രയോ കൂടുതലാണ്. അതിനെക്കാൾ ബുദ്ധിമുട്ടുണ്ടാക്കുന്നത് സർക്കാരിന്റെ പുതിയ സർക്കുലറാണ്. നേരത്തെ വില്ലേജ് ആഫീസർക്ക് നഷ്ടം തിട്ടപ്പെടുത്താൻ കഴിയുമായിരുന്നു. ഇപ്പോൾ അതുമാറി, പഞ്ചായത്താണെങ്കിൽ പഞ്ചായത്തിലെയും മുനിസിപ്പാലിറ്റി ആണെങ്കിൽ അവിടത്തെയും എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം. സർട്ടിഫൈ ചെയ്യുന്നതിനെക്കുറിച്ചും തർക്കം നിലനിൽക്കുന്നതിനാൽ കാലവിളംബമുണ്ടാവുകയാണ്. അതുകൊണ്ട് ആളുകൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരംപോലും കിട്ടുന്നില്ല. മൂന്ന് ദിവസംകൂടി കഠിനമായ മഴയുണ്ടാകുമെന്നാണ് കാലാവസ്ഥാ പ്രവചനം. അതോടുകൂടി സ്ഥിതി കുറച്ചുകൂടി മോശമാകും. എന്റെ മണ്ഡലത്തിൽ പട്ടികജാതിക്കാരായ പാവങ്ങൾ താമസിക്കുന്ന മലവേടൻ കോളനിയുണ്ട്. ഒന്നര മാസം മുമ്പ് അവിടെ കാറ്റ് വീശിയടിച്ചിരുന്നു. ഞാൻ അവിടെ പോയിരുന്നു. ജില്ലാ കളക്ടർ ചില ഉത്തരവുകൾ കൊടുത്തിരുന്നു. അവർക്ക് ആവശ്യമായ വീടിന് ഒരു സംവിധാനവും ഉണ്ടാകുന്നില്ല.

പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട പാവങ്ങൾ എന്തുചെയ്യും? ഇക്കാര്യം പരിശോധിച്ച്, മുൻഗണനാക്രമം തീരുമാനിച്ച് അടിയന്തരമായി അവർക്ക് സഹായം നൽകുകയും പുനരധിവാസത്തിന് നടപടിയുണ്ടാകുകയും വേണം. കൃഷിനാശം സംഭവിച്ചവർക്ക് ഒരു പൈസയും ലഭിക്കുന്നില്ല. കൃഷിനാശം സംഭവിച്ചവർ നഷ്ടപരിഹാരം വാങ്ങാൻ പോയാൽ നഷ്ടപരിഹാരത്തുക വണ്ടിക്കൂലിക്ക് മാത്രമേ തികയുകയുള്ളൂ. അതാണ് ഇപ്പോഴത്തെ അവസ്ഥ. അത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നോംസാണെന്ന് പറയാം. ആ നോംസിൽ ഇല്ലെങ്കിൽപ്പോലും സംസ്ഥാന സർക്കാരിന് ചില കാര്യങ്ങൾ ചെയ്യാം. ഇടിമിന്നലുണ്ടായി മരിച്ചാലും മുങ്ങിമരിച്ചാലും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നോംസ് അനുസരിച്ച് തുക നൽകാൻ കഴിയില്ല. അതുപോലെയാണ് കൃഷിയുടെ കാര്യവും. ഏത്തവാഴ കുമ്പൊടിഞ്ഞ് നശിച്ചാൽ 5 രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. ഇത് കർഷകരെ കളിയാക്കുന്നതിന് തുല്യമാണ്, കർഷകരെ ഇതിൽക്കൂടുതൽ അപമാനിക്കാനുണ്ടോ? ഈ രൂപത്തിൽ ആളുകളെ അപമാനിക്കുന്നത് മാറ്റി സർക്കാർ ഇടപെട്ട് അടിയന്തരമായി സഹായം നൽകുന്നതിനും പുനരധിവാസത്തിന് പദ്ധതിയുണ്ടാക്കുന്നതിനും പാവപ്പെട്ട ആളുകൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുമുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ ഏതാണ്ട് 150-ഓളം വീടുകളുടെ മുകളിൽ ഇപ്പോഴും മരങ്ങൾ വീണ് കിടക്കുകയാണ്. അവിടെ വൈദ്യുതി ഇല്ലാതായിട്ട് ഇപ്പോൾ നാലുദിവസമായി. ഒൻപത് പഞ്ചായത്തുകളിൽ ഏതാണ്ട് പൂർണ്ണമായും രണ്ട് പഞ്ചായത്തുകളിൽ ഭാഗികമായും വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. പത്തനംതിട്ട ജില്ലയുടെ പല ഭാഗങ്ങളിലും വൈദ്യുതി പുനഃസ്ഥാപിച്ചിട്ടില്ല. ആ പ്രദേശം ഇരുട്ടിലാണ്. രണ്ടുമൂന്നു ദിവസങ്ങളായി ഞങ്ങളുടെ പ്രദേശങ്ങളിലെല്ലാം അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. കുറുമ്പൻമൂഴി ആദിവാസി കോളനി, ശബരിമല വനത്തിനുള്ളിലെ അട്ടത്തോട് അടക്കമുള്ള കോളനി എന്നിവിടങ്ങളിലെ ജനങ്ങൾ മുഴുപ്പട്ടിണിയിലാണ്. എന്റെ നിയോജക മണ്ഡലത്തിൽ മാത്രം 35000-ലധികം കുലച്ചതും കുലയ്ക്കാറായതുമായ ഏത്തവാഴ പൂർണ്ണമായും നശിച്ചു. അവസാന കണക്ക് ഇപ്പോൾ എടുത്തു വരുന്നതേയുള്ളൂ. ചിലപ്പോൾ അത് 50000-ന് മുകളിൽ പോകുമെന്നാണ് പ്രാഥമിക അറിവ്. അതിരൂക്ഷമായ ഒരു പ്രശ്നമാണ്. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ മരം പൂർണ്ണമായും വീണെങ്കിലും ചിലപ്പോൾ വീടുകളിൽ രണ്ട് ഭിത്തിയുണ്ടാകും. രണ്ട് ഭിത്തിയുണ്ടെങ്കിൽ ആ വീട് പൂർണ്ണമായും നശിച്ചുവെന്ന് റവന്യൂ ഉദ്യോഗസ്ഥർ എഴുതില്ല. അതുകൊണ്ട്

കർശനമായ നിർദ്ദേശം ഇക്കാര്യത്തിൽ നൽകണം. അത്തരം മരങ്ങൾ വീണ വീടുകൾ താമസയോഗ്യമല്ല. അത് പൂർണ്ണമായും നശിച്ച വീടുകളുടെ ഗണത്തിൽപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം. പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള ധനസഹായം എത്തിക്കാൻ കഴിയണം. സൗജന്യ റേഷൻ അടിയന്തരമായി നൽകണം. അതുപോലെതന്നെ വനമേഖലയിലും വ്യാപകമായി മരങ്ങൾ വീണു കിടക്കുകയാണ്. മൂന്ന് ദിവസങ്ങൾക്കുമുമ്പ് ഗവിയിലേയ്ക്ക് പോയ ബസ് ഇന്നലെയാണ് മടങ്ങിവന്നത്. വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. ഇക്കാര്യത്തിൽ ജാഗ്രതയോടുകൂടിയുള്ള ഇടപെടൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇന്നലെയുണ്ടായ രൂക്ഷമായ മഴയെയും കാലവർഷക്കെടുതിയെയും സംബന്ധിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സബ്മിഷന് കേരളത്തിൽ പൊതുവേ എല്ലാ ജില്ലകളിലുമുള്ള സ്ഥിതിയെ സംബന്ധിച്ചും അതിൽ സർക്കാർ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ വിശദമായി ഞാൻ പറഞ്ഞതാണ്. ബഹുമാന്യരായ തിരുവഞ്ചൂർ രാധാകൃഷ്ണനും രാജു എബ്രഹാമും അവരുടെ നിയോജക മണ്ഡലങ്ങളിലും ബന്ധപ്പെട്ട പ്രദേശങ്ങളിലും നിലനിൽക്കുന്ന സ്ഥിതിയെ സംബന്ധിച്ചാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ പുതിയ നോംസല്ല; നേരത്തെയുള്ള നോംസാണ് തുടർന്നുവരുന്നത്. അത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ഉൾപ്പെടെ അറിയാവുന്നതാണ്. എന്നാൽ സമീപകാലത്ത് കേന്ദ്ര സർക്കാർ കുറേക്കൂടി ശക്തമായ രീതിയിൽ കേരളത്തിന് ദോഷകരമായ വിധത്തിൽ നോംസിൽ മാറ്റം വരുത്തിയ സംഭവവും ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നമ്മുടെ വിയോജിപ്പും അഭിപ്രായവുമെല്ലാം അവരെ അറിയിച്ചെങ്കിലും അതിലൊന്നും മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കാലവർഷവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങളിലും ആൾനാശത്തിലും വീടുകളുടെ നാശത്തിലും വിളനാശത്തിലുമെല്ലാം നിലവിലുള്ള നോംസിന്റെ അടിസ്ഥാനത്തിൽ മാത്രമേ നമുക്ക് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. തീർച്ചയായും അടിയന്തര സ്വഭാവത്തോടെ ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഓരോ പ്രദേശത്തെയും താലൂക്കുകളിലും ജില്ലകളിലും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി അത് നടപ്പാക്കാനുള്ള ശ്രമത്തിലാണ്. കോട്ടയം നഗരത്തിലെ പല ഭാഗങ്ങളിലും കാറ്റിലും മഴയിലും കൃഷിനാശവും വീടുകൾക്ക് കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. വേളൂർ, കാരാപ്പുഴ എന്നീ ഭാഗങ്ങളിൽ ആഞ്ഞിലി, പ്ലാവ് മുതലായ മരങ്ങൾ ഒടിഞ്ഞുവീണ് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി റിപ്പോർട്ടുണ്ട്. ടി മരങ്ങൾ വെട്ടി മാറ്റിയിട്ടുള്ളതാണ്. കൊല്ലാട്,

മൂലേടം ഭാഗങ്ങളിൽ മരങ്ങൾ വീണ് പതിനൊന്നോളം വീടുകൾക്ക് ഭാഗികമായി നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. പനച്ചിക്കാട് കൃഷിഭവൻ പരിധിയിൽപ്പെട്ട പ്രദേശങ്ങളിൽ 3 ഹെക്ടർ സ്ഥലത്തെ വാഴക്കൃഷിക്ക് 10 ലക്ഷം രൂപയുടെ നാശനഷ്ടവും ഒരു ഹെക്ടർ സ്ഥലത്തെ ജാതിക്കൃഷിക്ക് കാറ്റിലും മഴയിലും 25,000 രൂപയുടെ നാശനഷ്ടവും കണക്കാക്കിയുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിന് തഹസീൽദാർക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് നാശനഷ്ടത്തിന്റെ കണക്ക് ലഭ്യമാക്കി ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൃഷിനാശത്തിന് ധനസഹായം ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ റവന്യൂ വകുപ്പിന്റെ അല്ലെങ്കിൽ നമ്മുടെ ദുരിതാശ്വാസത്തിന്റെ ഭാഗമായി നൽകാൻ കഴിയുന്ന സഹായം തികച്ചും നാമമാത്രമാണ്. ഒരു ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചാൽ നൽകാൻ കഴിയുന്നത് 18,000 രൂപ മാത്രമാണ്; എന്നുപറഞ്ഞാൽ ഒരേക്കർ സ്ഥലത്ത് 7,500 രൂപയിൽ താഴെയാണ് നമുക്ക് സഹായമായി നൽകാൻ കഴിയുന്നത്. സ്വാഭാവികമായും നഷ്ടവുമായി താരതമ്യപ്പെടുത്തുമ്പോൾ അതിനൊരു ബന്ധവും കാണില്ല. വലിയ തോതിലുള്ള നാശനഷ്ടം വന്നവർക്ക് ഈ നയാപൈസ കൊടുക്കുന്നതുകൊണ്ട് വലിയ ഗുണമൊന്നും ഉണ്ടാകില്ല. പക്ഷേ, നിലവിലുള്ള നോംസ് അനുസരിച്ച് അതുമാത്രമാണ് നമുക്ക് സാദ്ധ്യമാകുന്നത്. അതുകൊണ്ട് സംസ്ഥാന സർക്കാർ ബജറ്റ് വിഹിതത്തിന്റെയൊക്കെ ഭാഗമായി കൃഷി വകുപ്പിന്റെ പക്കലുള്ള സഹായംകൂടി എടുത്താണ് അതിന് വർദ്ധിപ്പിച്ച സംഖ്യ നൽകാൻ തീരുമാനിച്ചത്. സ്വാഭാവികമായും കൃഷി വകുപ്പ് ആ നടപടിയുമായി മുന്നോട്ടുപോകുകയാണ്. പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ മഴയോടൊപ്പമുണ്ടായ ശക്തമായ കാറ്റിൽ വൈദ്യുതി മേഖലയിൽ 22 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. 116 വൈദ്യുതി പോസ്റ്റുകൾക്കും രണ്ട് ട്രാൻസ്ഫോമറുകൾക്കും നാശനഷ്ടം സംഭവിക്കുകയും 785 സ്ഥലങ്ങളിൽ വൈദ്യുതി കമ്പികൾ പൊട്ടുകയും ചെയ്തിട്ടുണ്ട്. ഇതിനോടകം 80 ശതമാനം തടസ്സം പരിഹരിച്ച് സപ്ലൈ പുനഃസ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. റാന്നി താലൂക്ക് ഉൾപ്പെടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ പ്രകൃതിക്ഷോഭംമൂലം വീടുകൾക്ക് പൂർണ്ണവും ഭാഗികവുമായ നാശനഷ്ടങ്ങളുണ്ടായിട്ടുള്ളതാണ്. പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായും ഭാഗികമായും നാശനഷ്ടം സംഭവിച്ച വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരമുള്ള

ആശ്വാസ ധനസഹായം പരമാവധി വേഗത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ റാന്നി നിയോജകമണ്ഡലം അടക്കമുള്ള പ്രദേശങ്ങളിൽ കൃഷിനാശത്തിന് കർഷകർക്ക് ധനസഹായം നൽകുന്നതിനായി യഥാസമയം സ്ഥലപരിശോധന നടത്തി ക്ലെയിമുകൾ അടിയന്തരമായി സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്നലെ ഞാനത് ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ഈ കാലവർഷത്തിൽ മരിച്ചവരുടെ അനന്തരാവകാശികൾക്ക് ദുരന്തനിവാരണ നിധിയിൽനിന്ന് 4 ലക്ഷം രൂപ വരെയാണ് നൽകാൻ കഴിയുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, മരം വീണ വീടുകൾ പൂർണ്ണമായും തകർന്ന വീടുകളുടെ ഗണത്തിൽപ്പെടുത്താൻ അങ്ങ് നിർദ്ദേശം നൽകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഏതാണ് പൂർണ്ണമായും തകർന്നതെന്ന് തീരുമാനിക്കുന്നത് നമ്മുടെ നിർദ്ദേശപ്രകാരമല്ല. ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയായ എഞ്ചിനീയർമാരാണ് കെട്ടിടത്തിന്റെ നാശനഷ്ടംസംഭവിച്ച റിപ്പോർട്ട് നൽകുന്നത്. വാസയോഗ്യമല്ലാത്ത വിധം വീട് തകർന്നിട്ടുണ്ടെങ്കിൽ ആ വിധത്തിൽത്തന്നെ റിപ്പോർട്ട് ചെയ്യണമെന്നാണ് പൊതുവെയുള്ള ധാരണ. അതനുസരിച്ചുള്ള റിപ്പോർട്ട് വന്നാൽ സ്വാഭാവികമായും മലയോര മേഖലയിലാണെങ്കിൽ 1,01,900 രൂപയാണ് വീടിന് നൽകാൻ കഴിയുന്നത്. അതിനുപുറമെ സംസ്ഥാന സർക്കാരിന്റെ ഒരു വിഹിതംകൂടി ചേർത്ത് സാമാന്യം ഭേദപ്പെട്ട ഒരു സംഖ്യ നൽകുന്നതിനുള്ള നടപടിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. അത് മുന്നോട്ടുകൊണ്ടു പോകാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇതുമായി ബന്ധപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. ഇപ്പോൾ കേന്ദ്ര സർക്കാർ നോംസ് അനുസരിച്ച് ഒരു വാഴ നശിച്ചാൽ 5.20 രൂപ മാത്രമാണ് നഷ്ടപരിഹാരമായി നൽകുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വന്നൊരു കാര്യമാണ്. കഴിഞ്ഞ സർക്കാർ അത് 100 രൂപയാക്കി വർദ്ധിപ്പിച്ചു. ബാക്കിയുള്ള വിഹിതം സംസ്ഥാനം നൽകിക്കൊണ്ടിരിക്കുകയാണ്. ആ നടപടിയാണ് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിള ഇൻഷ്വറൻസിൽ വലിയ മാറ്റം വരുത്തി. പ്രീമിയം തുക വർദ്ധിപ്പിക്കാതെതന്നെ നഷ്ടപരിഹാരത്തുക പത്തിരട്ടി വർദ്ധിപ്പിച്ചിരിക്കുകയാണ്. നേരത്തെ ഒരു വാഴയ്ക്ക് 50-ഉം 75-ഉം രൂപ നഷ്ടപരിഹാരം നൽകിയിരുന്നത് 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 26

വിളകൾക്കും വൻതോതിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്.അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകാൻ കഴിയും. പക്ഷേ ഇതിലെ പ്രശ്നം, കർഷകർ പലപ്പോഴും ഇൻഷ്വർ ചെയ്യുന്നില്ല. വ്യാപകമായ പ്രചരണം കൃഷി വകുപ്പ് നടത്തിയിട്ടും, ഇന്നും മലയാള മനോരമ പത്രത്തിൽ വളരെ വ്യക്തമായി ഏതൊക്കെ വിളകൾ ഇൻഷ്വർ ചെയ്യണമെന്നതുസംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. നമ്മൾ പുതുതായി കൊണ്ടുവന്നിരിക്കുന്ന, കൃത്യമായ നഷ്ടത്തിനനുസരിച്ചുള്ള തുകയായിട്ടുപോലും ഇത് ഇൻഷ്വർ ചെയ്യുന്നതിന് കാണിക്കുന്ന വിമുഖതയാണ് അത് നൽകാൻ കഴിയാതെ വരുന്നതിന് കാരണം. വാഴയുടെ ഇൻഷ്വറൻസ് 1995 മുതൽ 3 രൂപയാണ്. ഒരു പൈസ പോലും വർദ്ധിപ്പിച്ചിട്ടില്ല. നഷ്ടപരിഹാരത്തുക 75 രൂപയായിരുന്നത് 300 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുപോലും ഇൻഷ്വറൻസിൽ ചേരുന്നവർ വളരെ കുറവാണ്. അതുകൊണ്ട് ഇൻഷ്വറൻസിലേയ്ക്ക് കൃഷിക്കാരെ ആകർഷിക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ഗവൺമെന്റ് പറയുന്നത് ഇങ്ങനെ നഷ്ടപരിഹാരം കൊടുക്കുന്നതിനേക്കാൾ നല്ലത് ഇൻഷ്വറൻസിലേയ്ക്ക് വരണമെന്നുള്ളതാണ്. ഇന്ത്യയിൽ ഏറ്റവുമധികം സ്റ്റേറ്റ് ഇൻഷ്വറൻസ് തുക നൽകുന്ന ഒരു സംസ്ഥാനം ഇപ്പോൾ കേരളമാണ്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നഷ്ടപരിഹാരത്തുക നിശ്ചിത സമയത്തിനുള്ളിൽ കൊടുക്കണമെന്ന് തീരുമാനിക്കുമോ?

ശ്രീ. അനൂപ് ജേക്കബ്: സർ, കഴിഞ്ഞ വർഷത്തെ കുടിശ്ശികത്തുക ഇതുവരെ നൽകിയിട്ടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 2012 മുതലുള്ളതാണ് കുടിശ്ശികയുള്ളത്. അക്കാര്യം മനസ്സിലാക്കണം. 2012 മുതലുള്ള കുടിശ്ശിക ഞങ്ങൾ കൊടുത്തു തീർത്തുകൊണ്ടിരിക്കുകയാണ്. 190 കോടി രൂപയാണ് ഉണ്ടായിരുന്നത്. അത് 2016-17-ൽ കൊടുത്തുതീർത്തതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴുള്ള കുറച്ചുതുക പെൻഡിംഗ് വന്നിരിക്കുന്നത്. ഇപ്പോഴുണ്ടായ പെൻഡിംഗാണെന്ന് ദയവായി ധരിക്കരുത്. 2012 മുതലുള്ള നഷ്ടപരിഹാരത്തുകയിലുള്ള വ്യത്യാസമാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ജില്ലാ വികസന സമിതിയിൽ ചോദിച്ചപ്പോൾ കഴിഞ്ഞ വർഷത്തെ തുക കുടിശ്ശികയാണെന്നാണ് ഉദ്യോഗസ്ഥർ പറഞ്ഞത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതെ. കഴിഞ്ഞ വർഷത്തെ പെൻഡിംഗ് മാത്രമേയുള്ളൂ. 2012 വരെയുള്ളത് ഞങ്ങൾ ഈ വർഷം

നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു വർഷത്തെ പെൻഡിംഗായി കുറഞ്ഞിരിക്കുന്നത്. അത് നൽകാം. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്കുമാത്രമാണ് നൽകാൻ സാധിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ വർഷത്തെ തുക എന്ന് കൊടുക്കുമെന്നാണ് ചോദിച്ചത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2012 മുതൽ ഒരു നയാപൈസപോലും ഈയിനത്തിൽ നിങ്ങളുടെ സർക്കാർ നൽകിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് കൃത്യമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കുകയാണ്. കർഷകർക്കുണ്ടായിരിക്കുന്ന നാശത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കുകയാണ്. അങ്ങ് പറയുന്നത് ന്യായം തന്നെയാണ്. പക്ഷെ അങ്ങ് ഈ സർക്കാർ ഒന്നും ചെയ്തില്ലെന്ന് പറയരുത്. ഞങ്ങൾ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. 2012 മുതലുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും നൽകി. ഇനി ഒരു വർഷത്തെ മാത്രമേയുള്ളൂവെന്ന് പറഞ്ഞാൽ കുടിശ്ശിക തീർത്ത് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ തുകയും കൊടുത്തു കൊണ്ടിരിക്കുകയാണ്. സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ തുക ഒരു പൈസപോലും ബാക്കിയില്ല. എല്ലാം കൊടുക്കുകയാണ്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നഷ്ടപരിഹാരം നൽകുന്നത് കേന്ദ്ര സർക്കാർ നോംസ് പ്രകാരമുള്ള തുക ലഭിക്കുമ്പോൾ മാത്രമാണ്. അത് ലഭിക്കുന്നതനുസരിച്ച് സർക്കാർ കൊടുത്തുകൊണ്ടിരിക്കുകയാണ്.

### (4) സേവന വേതന വ്യവസ്ഥകൾ

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഏറ്റവും തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് വിഭാഗമായ കാഷ്വൽ സ്വീപ്പർമാർ നിലവിലെ സാഹചര്യത്തിൽ ജീവിതം മുന്നോട്ട് നയിക്കാനാകാതെ ദുരവസ്ഥയിലാണ്. മാത്രവുമല്ല, സ്വീപ്പിംഗ് ഏരിയയുടെയും മറ്റും സാങ്കേതികതയിൽ ഈ വിഭാഗം പിരിച്ചുവിടൽ ഭീഷണിയിലുമാണ്. കേവലം 110 രൂപ മാസശമ്പളം മാത്രമുണ്ടായിരുന്ന ഈ വിഭാഗത്തെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചതും കാലാകാലങ്ങളായി ഇവരുടെ ശമ്പളം പരിഷ്കരിച്ചതും ഇടതുപക്ഷ സർക്കാരുകളായിരുന്നു എന്നുള്ളത് വിസ്മരിക്കുന്നില്ല. എന്നാൽ പത്താം ശമ്പള കമ്മീഷനെ ഏറെ പ്രതീക്ഷയോടെ കണ്ടിരുന്ന ഇവർക്ക് കേവലം ആറായിരം രൂപ മാത്രമാണ് ശിപാർശയായി ലഭിച്ചത്. കാലിക ജീവിത സാഹചര്യത്തിൽ ഒരു കുടുംബത്തിന്റെ ഏക വരുമാനദാതാവായിട്ടുള്ള ഇത്തരം ജീവനക്കാരുടെ അവസ്ഥ

ദൈനംദിന ചെലവിനോ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കോ രോഗം ബാധിച്ചാൽ ചികിത്സിക്കാനോ കഴിയാത്ത തരത്തിൽ പരിതാപകരമാണ്. കേവലം ശമ്പളപരിഷ്കരണത്തിന്റെ 2014 മുതലുള്ള മുൻകാല പ്രാബല്യംപോലും ഈ പാവപ്പെട്ട വിഭാഗത്തിന് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അസംഘടിത മേഖലയിലെ തൊഴിലാളികളുൾപ്പെടെയുള്ള എല്ലാ തൊഴിലാളി വിഭാഗങ്ങൾക്കും ഏറ്റവും കുറഞ്ഞത് 18,000 രൂപ വേതനമെങ്കിലും ഉറപ്പാക്കുന്ന കാലഘട്ടത്തിലാണ് കാഷ്വൽ സ്വീപ്പർമാരുടെ വേതനം ആറായിരം രൂപയായി തുടരുന്നത്. 2011-ലെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാന സർവീസിൽ ഒഴിവുവരുന്ന പാർട്ട് ടൈം തസ്തികയിലെ 20 ശതമാനം ഒഴിവുകളിൽ കാഷ്വൽ സ്വീപ്പർമാരെ പരിഗണിക്കാമെന്ന് അങ്ങ് സൂചിപ്പിച്ചിരുന്നു. അതും ഈ വിഭാഗത്തിന് പ്രതീക്ഷയായി മാത്രം അവശേഷിക്കുന്നു. കാഷ്വൽ സ്വീപ്പർമാരുടെ ജോലിയും ജോലി സമയവും വ്യക്തമാക്കി നാളിതുവരെ ഒരു ഉത്തരവുപോലും ഇറക്കിയിട്ടില്ല. പാർശ്വവൽക്കരിക്കപ്പെട്ട ഈ വിഭാഗം അവഗണനയിൽ തുടരുകയാണ്. പാവപ്പെട്ട അദ്ധ്വാനവർഗ്ഗത്തിന്റെ വിയർപ്പിന്റെ ഗന്ധവും കിതപ്പിന്റെ ശബ്ദവും വൈകാരികമായി തിരിച്ചറിയാവുന്ന ധനകാര്യ വകുപ്പുമന്ത്രിക്ക് തീർച്ചയായും ഈ വിഷയത്തിൽ പരിഹാരം കണ്ടെത്താൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അടിസ്ഥാന ശമ്പളം പതിനായിരം രൂപയായി വർദ്ധിപ്പിച്ച് ഡി.എ. അടക്കമുള്ള ഇതര ആനുകൂല്യങ്ങളും ഉറപ്പാക്കി സ്വീപ്പിംഗ് ഏരിയ പരിഗണിക്കാതെ എല്ലാ കാഷ്വൽ സ്വീപ്പർമാരെയും പാർട്ട് ടൈം സ്വീപ്പർമാരായി നിയമിച്ചുകൊണ്ട് ഈ വിഷയത്തിന് പരിഹാരം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാഷ്വൽ സ്വീപ്പർമാരെ നിയോഗിക്കുന്നത് സർക്കാർ അനുമതിയോടെ അല്ലാത്തതിനാൽ ഇവരെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ട്. 100 ചതുരശ്ര മീറ്ററിൽ കൂടുതൽ സ്വീപ്പിംഗ് ഏരിയയുള്ള സർക്കാർ ഓഫീസുകളിൽ തുടർച്ചയായി സേവനമനുഷ്ഠിച്ചുവരുന്ന 2005-ന് മുമ്പ് ജോലിയിൽ പ്രവേശിച്ച പാർട്ട് ടൈം സ്വീപ്പർമാരെ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർമാരായി ശമ്പളസ്കെയിലിൽ നിയമിക്കണമെന്ന ആവശ്യം നടപ്പിലാക്കാൻ പ്രയാസമാണ്. സ്വീപ്പിംഗ് ഏരിയ 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ളതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതുമായ സർക്കാർ ഓഫീസുകൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തുന്നതിന് തടസ്സമില്ല. കാഷ്വൽ സ്വീപ്പർമാരുടെ വേതനം കഴിഞ്ഞ ശമ്പള

പരിഷ്കരണ ഉത്തരവിൽ ആറായിരം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മിനിമം കൂലിയായ 600 രൂപ വച്ച് അവർക്ക് നൽകുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്. അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനിൽ അത് പരിശോധിക്കട്ടെ എന്ന് പറയാനേ ഇപ്പോൾ നിർവ്വാഹമുള്ളൂ.

(5) ആസ്തി വികസന ഫണ്ട്

ശ്രീ. പി. ടി. എ. റഹീം: സർ, കഴിഞ്ഞവർഷം വരെ ലൈബ്രറി കൗൺസിലുകളുടെയോ നെഹ്റു യുവകേന്ദ്രങ്ങളുടെയോ അംഗീകാരമുള്ള സൊസൈറ്റികളുടെ ഉടമസ്ഥതയിലുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകാൻ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുവന്നിരുന്നു. പക്ഷെ ഇപ്പോൾ പുതുതായി ഇറക്കിയിട്ടുള്ള ലിസ്റ്റിൽ ഈ വിഷയം നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് പൊതുവായനശാലകൾക്കും ലൈബ്രറികൾക്കും കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകാൻ സാധിക്കുന്നില്ല. ഇത് മാറ്റി പഴയ നില പുനഃസ്ഥാപിക്കണമെന്നതാണ് എന്റെ ആവശ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2012-13 സാമ്പത്തിക വർഷത്തിലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. മൂലധന സ്വഭാവമുള്ള ആസ്തിയുടെ നിർമ്മിതിക്കാണ് പദ്ധതി രൂപീകരിച്ചത്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സർക്കാരിന്റെയോ തദ്ദേശഭരണസ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലായിരിക്കണമെന്ന് 2012 മുതൽ നിഷ്കർഷിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ നിയോജക മണ്ഡല ആസ്തിവികസന പദ്ധതി ജില്ലാ കളക്ടേറ്റുകളിലൂടെ നടപ്പാക്കിവരികയാണ്. ഇതിനോടനുബന്ധിച്ച് പദ്ധതിക്കായി പുറപ്പെടുവിച്ച ഉത്തരവുകളിലും സർക്കുലറുകളിലും സമഗ്രമായ മാറ്റം വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലും സർക്കാരിന്റെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലായിരിക്കണം ആസ്തികളെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്പോൾ ഇതൊരു പുതിയ കാര്യമല്ല. പണ്ടും ഇങ്ങനെയാണ്, ഇപ്പോഴും ഇങ്ങനെയാണ്. എവിടെയെങ്കിലും ഇളവ് കൊടുത്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല. സ്വകാര്യ വ്യക്തികളുടെയോ സൊസൈറ്റികളുടെയോ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനായി ആസ്തി വികസന ഫണ്ട് അനുവദിക്കുന്നത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ ആവശ്യങ്ങൾ അംഗീകരിക്കു ന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കാൻ ഇടയാക്കും. അതുകൊണ്ട് ആസ്തി വികസന

ഫണ്ടിൽനിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ സർക്കാരിന്റെയോ ഉടമസ്ഥതയിലല്ലാത്ത സ്ഥലത്ത് ലൈബ്രറികളോ വായനശാലകളോ പെൻ പാലിയേറ്റിവ് (Penn Palliative) കേന്ദ്രങ്ങളോ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത് പരിഗണനയിലില്ല. എന്നാൽ എം.എൽ.എ. ഫണ്ട് അതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

## (6) കാർഷിക ലോൺ സർക്കാർ ഏറ്റെടുക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിലെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകരെടുത്ത ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന കടുത്ത വരൾച്ച, കാലവർഷക്കെടുതി, ഇതുമൂലമുണ്ടാകുന്ന കൃഷി നാശങ്ങൾ, അതോടൊപ്പംതന്നെ കാൻസർ, കിഡ്നി, ഹൃദയം എന്നിവയെ ബാധിക്കുന്ന മാരകമായ രോഗങ്ങൾ, മരണങ്ങൾ സംഭവിക്കുക, വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ ലോൺ തുടങ്ങിയവയാണ് തിരിച്ചടയ്ക്കാൻ കഴിയാത്തതിനുള്ള കാരണങ്ങളായി പറയുന്നത്. ഷെഡ്യൂൾഡ് ബാങ്കുകളും ന്യൂജനറേഷൻ ബാങ്കുകളും ദേശസാൽകൃത ബാങ്കുകളുമൊക്കെ ഒരു പഠനംപോലും നടത്താതെ, കുടുംബ പശ്ചാത്തലം പഠിക്കാതെ ജപ്തി നോട്ടീസുകളയച്ച്, കോടതിയിൽനിന്ന് നോട്ടീസയച്ച്, ജപ്തി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മാത്രവുമല്ല, സഹകരണ ബാങ്കുകൾ, വയനാട് ജില്ലയിൽ പ്രത്യേകിച്ചും ചെറുകിട കർഷകർക്കുമേൽ SARFAESI നിയമം നടപ്പാക്കികൊണ്ടിരിക്കുകയാണ്. വൻകിടക്കാരിൽ നിന്നും പിടിച്ചെടുക്കാനുള്ള നിയമമാണ് SARFAESI. അത് ചെറുകിട കർഷകർക്കുംകൂടി ബാധകമായിക്കൊണ്ടിരിക്കുകയാണ്. വയനാട്ടിൽ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ഇതൊക്കെ അങ്ങേയ്ക്ക് അറിയാവുന്ന കാര്യംതന്നെയാണ്. 2007 വരെയുള്ള ലോണുകളുടെ കാലാവധി കാർഷിക കടാശ്വാസ കമ്മീഷൻ 2014 വരെ നീട്ടിയെന്ന് കഴിഞ്ഞ ദിവസം അറിയാൻ കഴിഞ്ഞു. ജപ്തി നടപടികളൊക്കെ നിർത്തിവച്ച് കടാശ്വാസ കമ്മീഷന്റെ പരിധിയിലേയ്ക്ക് ചെറുകിട കർഷകരുടെ ലോണുകൾ കൊണ്ടുവന്ന് അവരെ സംരക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, വയനാട് ജില്ലയിലെ പ്രശ്നം പ്രത്യേകമെടുത്തുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് കടാശ്വാസ കമ്മീഷന്റെ കാലാവധി ദീർഘിപ്പിക്കാൻ തീരുമാനിച്ചത്. നേരത്തെതന്നെ കാർഷിക കടങ്ങളുമായി ബന്ധപ്പെട്ട ആത്മഹത്യകളുടെ

പശ്ചാത്തലത്തിലാണ് കാർഷിക കടാശ്വാസ കമ്മീഷൻ നിലവിൽ വന്നത്. അന്ന് 2007 വരെയുള്ള കടങ്ങളാണ് കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വന്നിരുന്നത്. എന്നാൽ വയനാട് ജില്ലയിലെ പ്രത്യേകമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് 2011 വരെയാക്കി അത് ദീർഘിപ്പിക്കുകയുണ്ടായി. അതേസമയം ബാക്കി എല്ലായിടത്തും 2007 വരെയായിരുന്നു. എന്നാൽ ഇപ്പോൾ കഴിഞ്ഞ ക്യാബിനറ്റിലെടുത്ത വളരെ പ്രധാനപ്പെട്ട തീരുമാനമനുസരിച്ച് വയനാട് ജില്ലയിലെ എല്ലാ കാർഷിക കടങ്ങളും, അതായത് SARFAESI Act-ന്റെ പരിധിയിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളുടെയോ മറ്റ് ദേശസാൽകൃത ബാങ്കുകളുടെയോ അല്ല, നിലവിലുള്ള നിയമപ്രകാരംതന്നെ 2014 വരെ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത എല്ലാ കാർഷിക കടങ്ങളും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാനുള്ള തീരുമാനം ഈ സർക്കാർ എടുത്തിട്ടുണ്ടെന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്. അവിടത്തെ സഹകരണ സ്ഥാപനങ്ങൾ SARFAESI Act ഉപയോഗപ്പെടുത്തുന്നുവെന്ന് പറയുന്നത് എനിക്ക് പൂർണ്ണമായും വിശ്വാസിക്കാൻ കഴിയുന്നില്ല. അങ്ങനെയുണ്ടെങ്കിൽതന്നെ അത്തരം കാര്യത്തിലെല്ലാമുള്ള പരിഹാരമാർഗ്ഗമായാണ് 2014 വരെയുള്ള കാർഷിക കടങ്ങളെല്ലാംതന്നെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നത്. കാലാവധി കഴിഞ്ഞതിനെത്തുടർന്ന് കടാശ്വാസ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും നിയമനം ഈ ആഴ്ച തന്നെയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് വന്നുകഴിഞ്ഞാൽ 2014 വരെയുള്ള വയനാട് ജില്ലയിലെ എല്ലാ കാർഷിക കടങ്ങളും സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട കാർഷിക കടങ്ങളും ഇതിന്റെ പരിധിയിൽ വരുന്നതിനും പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് ബാങ്കുകളുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമപ്രകാരം ഇടപെടാൻ കഴിയില്ലെന്ന് അങ്ങേയ്ക്കറിയാം. അതുകൊണ്ടാണ് കടാശ്വാസ കമ്മീഷന്റെ പരിധിയിൽ മറ്റ് ബാങ്കുകളെ ഉൾപ്പെടുത്താൻ കഴിയാതിരിക്കുന്നത്. അത് കേന്ദ്ര ഗവൺമെന്റിന് മാത്രം നിശ്ചയിക്കാൻ കഴിയുന്ന കാര്യമാണ്. എങ്കിൽപ്പോലും നമ്മുടെ സംസ്ഥാനത്തെ കാർഷിക കടങ്ങളിൽ സിംഹഭാഗവും, സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ടാണ് ചെറുകിട കർഷകർ ലോണുകൾ എടുത്തിരിക്കുന്നത്. കേരളത്തിൽ 66,061 കോടി രൂപയുടെ കാർഷിക വായ്പ നൽകിയിട്ടുണ്ടെന്നാണ് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ കണക്കുകൾ പറയുന്നത്. മൊത്തം വായ്പയുടെ 24% ആണ് അവർ അവകാശപ്പെടുന്നത്. ഇതിൽത്തന്നെ 16,286 കോടി രൂപ കിസാൻ ക്രെഡിറ്റ് സമ്പ്രദായം മുഖേന വിതരണം ചെയ്തിട്ടുണ്ടെന്നാണ് ലഭിച്ചിട്ടുള്ള കണക്ക്. ഇത്രയുമധികം തുക കേരളത്തിലെ കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്ന സാഹചര്യത്തിൽ വ്യാപകമായ ജപ്തി നടപടികൾ ഉണ്ടാകാറില്ല.

അതുകൊണ്ട് വ്യാപകമായ തോതിൽ കർഷക ആത്മഹത്യാപ്രവണത സംബന്ധിച്ച റിപ്പോർട്ടും കേരളത്തിൽ ഉണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിനെത്തുടർന്ന് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. നേരത്തെ ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്ത വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകളും മറ്റ് ജില്ലകളിൽ 2007 ജനുവരി 18 വരെയുള്ള വായ്പകളുമാണ് കടാശ്വാസത്തിന് പരിഗണിച്ചിരുന്നത്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ സംസ്ഥാനത്ത് 6193 കർഷകർക്കായി 160,67,77,951 രൂപയുടെ കടാശ്വാസം നൽകുന്നതിന് സർക്കാർ ശിപാർശ ചെയ്തു. 2017-18 സാമ്പത്തിക വർഷം 3037 അപേക്ഷകർക്ക് കടാശ്വാസം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. 2015 ഒക്ടോബർ 31-നുമ്പ് കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകളാണ് പരിഗണിച്ചുവരുന്നത്. 217 കോടി രൂപയുടെ കടാശ്വാസം നൽകുന്നതിനായി കമ്മീഷൻ ഇതുവരെ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് 189,21,36,046 രൂപയുടെ ആനുകൂല്യം ഇതുവരെ കാർഷിക കടാശ്വാസ കമ്മീഷൻ വഴി നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ലക്ഷക്കണക്കിന് ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്ന തീരുമാനമാണ് 2018 ജൂൺ 6-ന് ചേർന്ന മന്ത്രിസഭാ യോഗം കൈക്കൊണ്ടിട്ടുള്ളത്. കടാശ്വാസ കമ്മീഷൻ പരിഗണിക്കുന്ന വായ്പയുടെ കാലാവധി ദീർഘിപ്പിക്കണമെന്ന കർഷകരുടെ ദീർഘകാല ആവശ്യം അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്. വയനാട് ജില്ലയിലെ 2014 മാർച്ച് 31 വരെയുള്ളതും മറ്റ് ജില്ലകളിൽ 2011 ഒക്ടോബർ 31 വരെയുമുള്ള കുടിശ്ശികയായ കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് കാർഷിക വായ്പയെടുത്തത് തിരിച്ചടയ്ക്കാൻ കഴിയാതെ ജീവിതം വഴിമുട്ടി നിൽക്കുന്ന പാവപ്പെട്ട കർഷകരുടെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിഗണനവഴി സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും കാർഷികവൃത്തിയിൽ പിടിച്ചുനിർത്തുന്നതിനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മറ്റ് ബാങ്കുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരാത്തതുകൊണ്ടാണ് തീരുമാനമെടുക്കാൻ കഴിയാതിരിക്കുന്നത്. എന്നാൽ സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട 2014 വരെയുള്ള എല്ലാ കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരുന്നതാണ്. ഒരു കർഷകനും അതിന്റെ സഹായം ലഭ്യമാകാതിരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

11.00.AM

(7) സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം

ശ്രീ. സി. കൃഷ്ണൻ: സർ, പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഭരണകാലത്ത് 1835-ൽ സ്ഥാപിതമായതാണ് പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസ്. അക്കാലത്ത് കവ്വായി കായൽ തീരത്ത് ഒരു വാടകക്കെട്ടിടത്തിലായിരുന്നു ഓഫീസ് പ്രവർത്തിച്ചുവന്നിരുന്നത്. 1910 മുതൽ പയ്യന്നൂർ പോലീസ് സ്റ്റേഷനും മറ്റുമായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് ഈ ഓഫീസ് പ്രവർത്തനം മാറ്റി. ഈ കെട്ടിടം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് ചരിത്ര പൈതൃക മ്യൂസിയമാക്കി മാറ്റുന്നതിന് തീരുമാനിക്കുകയും അതിന്റെ നടപടി അവസാനഘട്ടത്തിലുമാണ്. 110 വർഷത്തിലേറെയായി പയ്യന്നൂർ രജിസ്ട്രാർ ഓഫീസ് ഇവിടെയാണ് പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾത്തന്നെ നൂറുകണക്കിന് ആളുകൾ നിത്യേന വന്നുചേരുന്ന, നിരവധി ജീവനക്കാരുള്ള ഈ ഓഫീസിൽ നിന്നുതിരിയാൻ ഇടമില്ല; അതുപോലെ 100 വർഷങ്ങൾക്ക് മുമ്പുവരെയുള്ള ആധാരങ്ങളും രേഖകളും അവിടെ സൂക്ഷിക്കുന്നതിനുള്ള സൗകര്യവുമില്ല. പുരാവസ്തു വകുപ്പ് ഈ കെട്ടിടം ഏറ്റെടുത്തതോടുകൂടി അത് ഒഴിഞ്ഞുകൊടുക്കണമെന്ന് രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് സൗകര്യപ്രദമായ പുതിയ കെട്ടിടം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതിന് വേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും സർക്കാരിനോടും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പയ്യന്നൂർ പോലീസ് സ്റ്റേഷൻ മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ ഒരു ഭാഗത്താണ് 1910 മുതൽ പയ്യന്നൂർ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2016-ൽ പുരാവസ്തു വകുപ്പ് ഇത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് അവിടെ ഒരു മ്യൂസിയം തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതിനാൽ ഓഫീസ് അവിടെനിന്നും മാറ്റണമെന്ന് കണ്ണൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനും 1895 മുതലുള്ള റെക്കോർഡുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും സൗകര്യപ്രദമായ കെട്ടിടം ലഭ്യമാക്കുന്നതിനും ശ്രമിക്കുകയാണ്. ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് അങ്ങോട്ട് മാറ്റുന്നതാണ്. പയ്യന്നൂർ

സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകേണ്ടതുണ്ട്. റവന്യൂ വകുപ്പുമായി ഇക്കാര്യത്തിൽ കൂടിയാലോചന നടന്നുവരികയാണ്. സ്ഥലം ലഭ്യമായാലുടൻ അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടിയ ആധുനിക രീതിയിലുള്ള പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ധനകാര്യ വകുപ്പിന്റെ സഹായത്തോടെ സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള നൂറിൽപ്പരം സബ് രജിസ്ട്രാർ ഓഫീസുകൾ കേരളത്തിൽ നിർമ്മിക്കേണ്ടതുണ്ട്. 51 എണ്ണത്തിനുള്ള പണം കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് കിഫ്ബിയിലെ പണമല്ല, മറ്റ് ഫണ്ടുപയോഗിച്ച് സ്ഥലം ലഭിച്ചാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

## (8) തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ സംസ്ഥാനത്തെ ചില കച്ചവട സ്ഥാപനങ്ങളിൽ, പ്രധാനമായും വസ്ത്ര വ്യാപാരശാലകളിലും സ്വർണ്ണക്കടകളിലും ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾ കടുത്ത മനുഷ്യാവകാശ ലംഘനങ്ങളാണ് അഭിമുഖീകരിക്കുന്നത്; ചൂഷണങ്ങൾക്ക് ഇരയാകുകയാണ്. 12 മണിക്കൂറിലധികമാണ് ഇത്തരത്തിലുള്ള പല സ്ഥാപനങ്ങളിലും മൊത്തം തൊഴിൽ സമയം. ഒരു തൊഴിൽ നിയമവും ഇവിടെ പാലിക്കപ്പെടുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പ്രധാനമായും വസ്ത്ര വ്യാപാര സ്ഥാപനങ്ങളിൽ ഈ സമയമത്രയും ജീവനക്കാർ നിൽക്കണമെന്നതാണ് അലിഖിതമായ നിയമം. കസ്റ്റമേഴ്സ് ഇല്ലാത്ത സമയത്തും അവർക്ക് ഇരിക്കാൻ അനുവാദമില്ല. ഈ നീണ്ടസമയം മുഴുവൻ ഒരേ നിൽപ്പ് നിൽക്കണമെന്നത് സമീപകാലത്ത് ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ദീർഘകാലം ഇങ്ങനെ നിന്ന് ജോലി ചെയ്യേണ്ടി വരുന്നതിനെത്തുടർന്ന് ചില അസുഖങ്ങൾക്ക് ഇരയാകുന്നതായി ഇതിനോടകം വാർത്തകൾ വന്നിട്ടുള്ളതാണ്. അതുപോലെ ഉച്ചഭക്ഷണ സമയത്തെക്കുറിച്ചെല്ലാം അവിശ്വസനീയമായ വാർത്തകളാണ് വരുന്നത്. പത്തോ പതിനഞ്ചോ മിനിട്ട് മാത്രം ഉച്ചഭക്ഷണ സമയം ക്രമീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുണ്ട്. ഇതിനിടയിൽ ടോയ്‌ലെറ്റിൽ പോകാൻ പോലും അനുവാദം നൽകാത്ത പ്രാകൃതമായ അടിമത്ത സമ്പ്രദായം നിലനിൽക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. കുറച്ച് നാൾ മുമ്പ് പുറത്തിറങ്ങിയ 'അങ്ങാടിത്തെരു' എന്ന തമിഴ് ചലച്ചിത്രം ഈ കാര്യങ്ങളെല്ലാം ദൃശ്യവൽക്കരിച്ചിട്ടുണ്ട്. അത് വെറുമൊരു സിനിമയോ കഥയോ മാത്രമല്ല; സിനിമയിലെ സാഹചര്യങ്ങൾ കേരളത്തിൽപ്പോലും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളാണ് എന്നതാണ് വസ്തുത. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത ശോചനീയമായ അന്തരീക്ഷത്തിലാണ് തൊഴിലാളികളെയെല്ലാം കൂട്ടമായി പാർപ്പിച്ചിരിക്കുന്നത്. ആധുനിക കാലത്ത് ചിന്തിക്കാൻ

കഴിയാത്തവിധം അപരിഷ്കൃതമായ കടുത്ത മനുഷ്യാവകാശ ലംഘനങ്ങളുടെയും ചൂഷണത്തിന്റെയും വസ്തുതകളാണ് ഇതുസംബന്ധിച്ച് അന്വേഷിക്കുമ്പോൾ അറിയാൻ കഴിയുന്നത്. വർണ്ണമനോഹരമായി കെട്ടിയുയർത്തിയിട്ടുള്ള വസ്ത്ര വ്യാപാരശാലകളിലെയും സ്വർണ്ണക്കടകളിലെയുമെല്ലാം ജീവനക്കാരുടെ തൊഴിൽസ്ഥിതി ഇത്രമാത്രം ദയനീയമാണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ആവശ്യമെങ്കിൽ ഇത്തരം സാഹചര്യമില്ലാതാക്കുന്നതിന് കർശനമായ നിയമ നിർമ്മാണം നടത്താൻ കഴിയണം. മറ്റെല്ലാ തൊഴിലാളികളെയും ജീവനക്കാരെയുംപോലെ കേരളത്തിലെ പ്രമുഖ വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലെയും സ്വർണ്ണക്കടകളിലെയും സമാനസ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അന്തസ്സായി ജോലി ചെയ്യാൻ കഴിയുന്ന സാഹചര്യം ലഭിക്കണം. ഇതുസംബന്ധിച്ച് കാര്യക്ഷമമായ പരിശോധനയും ആവശ്യമായ നടപടികളും തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്തെ വസ്ത്ര വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വ്യാപാര- വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർ തൊഴിലിടങ്ങളിൽ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിവരികയാണ്. ജീവനക്കാർക്ക് ആവശ്യമായ വിശ്രമസ്ഥലം അനുവദിക്കുന്നതിനും സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്ലെറ്റ് സംവിധാനമൊരുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരുപതും അതിൽ കൂടുതലും സ്ത്രീത്തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തണമെന്നും സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസസൗകര്യം നൽകണമെന്നുമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലിടങ്ങളിൽ ഇരിക്കാൻപോലും അനുവാദം നൽകാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളാൻ സർക്കാരിന്റെ തൊഴിൽനയം വിഭാവനം ചെയ്യുന്നുണ്ട്. ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയിൽ 21-12-2016-ലെ 196/2016/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക കാലഘട്ടത്തിനനുസൃതമായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ട് ഈ മേഖലയിൽ പുതുതായി ഗ്രേഡിംഗ് സമ്പ്രദായം

കൊണ്ടുവന്നിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട ഗ്രേഡിംഗ് നൽകുന്ന മാനദണ്ഡങ്ങളിൽ തൊഴിൽ സൗഹൃദ അന്തരീക്ഷവും തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും പ്രധാന ഘടകങ്ങളായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിനുപുറമെ വസ്ത്രവ്യാപാര സ്ഥാപനങ്ങളുടക്കമുള്ള തൊഴിൽ മേഖലകളിൽ ജോലിക്കിടയിൽ ഇരിപ്പിട സൗകര്യം ഉറപ്പാക്കുന്നതടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതികൾ വരുത്തി തൊഴിലാളികളുടെ സേവന ഘടന മെച്ചപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 2017-ൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം 46374 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 6089 പ്രോസിക്യൂഷൻ, 558 ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 27 പ്രോസിക്യൂഷനുകൾ ജീവനക്കാരുടെ പ്രാഥമിക കർത്തവ്യ നിർവ്വഹണത്തിനുള്ള സൗകര്യ മേർപ്പെടുത്താത്തതിന് എതിരെയാണ് ഫയൽ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നത് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിലെ നെൽകർഷകരെ ബാധിക്കുന്ന വളരെ ഗൗരവപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. വിവിധ റൈസ് മില്ലുകളുമായി സപ്ലൈകോ ഏർപ്പെട്ടിരിക്കുന്ന കരാർ പ്രകാരം സംഭരിക്കുന്ന നെല്ല് അരിയായി പരസ്യ മാർക്കറ്റിൽ എത്തുന്നത് ഇതുവഴിയാണ്. നെല്ല് സംഭരണത്തിൽ നെല്ല് ചാക്കിലാക്കി, തുന്നിക്കെട്ടി, തൂക്കം നോക്കി ലോറിയിൽ കയറ്റുന്നത് വരെയുള്ള പ്രവൃത്തികൾ ചെയ്യേണ്ടത് കരാർ പ്രകാരം മില്ലുടമകളാണ്. ഈ പ്രവൃത്തികൾക്ക് സർക്കാർ ക്വിന്റലിന് 37 രൂപ മില്ലുടമകൾക്ക് നൽകുന്നുണ്ട്. എന്നാൽ കൊയ്ത്ത് കഴിഞ്ഞ് കരാർ പ്രകാരം ഈ പണികൾ ചെയ്യാൻ മില്ലുടമകൾ തയ്യാറാകാത്ത സാഹചര്യത്തിൽ നെല്ല് നശിച്ചുപോകുമെന്നുള്ള വേവലാതിയിൽ കർഷകർ മില്ലുടമകളുടെ ആവശ്യപ്രകാരം ആ പണി ഏറ്റെടുക്കുകയാണ്. കഴിഞ്ഞ വർഷം വരെ മില്ലുടമകൾ ഈ പ്രവൃത്തികൾക്ക് പാടശേഖര സമിതികൾക്ക് അതിന്റെ തുക നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം മില്ലുടമകൾ പണം നൽകിയില്ല. ഇതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും കളക്ടർതലത്തിലുമൊക്കെ മൂന്നുപ്രാവശ്യം ചർച്ചകൾ നടന്നുവെങ്കിലും തീരുമാനമായിട്ടില്ല. ഈ പശ്ചാത്തലത്തിൽ നടപ്പുവർഷം തൃശ്ശൂർ ജില്ലയിലെ കോൾ മേഖല തരിശിടുമെന്ന പ്രഖ്യാപനം ജില്ലാ കോൾ കർഷക സംഘം പ്രഖ്യാപിച്ചു; അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കരാർ പ്രകാരം ചെയ്യേണ്ട ജോലികൾ മില്ലുടമകൾതന്നെ ചെയ്യുന്നതിനാവശ്യമായ

ഉറപ്പുണ്ടാക്കുകയോ അല്ലെങ്കിൽ മില്ലുടമകൾക്കുവേണ്ടി കർഷകർ ഈ പണി ഏറ്റെടുക്കുമ്പോൾ ആ തുക അവർക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുയോ ചെയ്യണം. ജില്ലയിലെ കർഷക പ്രതിനിധികളുമായി ചർച്ച നടത്തി ഈ പ്രശ്നത്തിന് അടിയന്തര പരിഹാരമുണ്ടാക്കാൻ നടപടിയുണ്ടാ കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി പ്രകാരം കേരളത്തിലെ നെൽകർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽനിന്നും ഏറ്റെടുത്ത് കേരളത്തിലെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കേരളത്തിലെ വിവിധ മില്ലുകളുമായി സപ്ലൈകോ ഏർപ്പെടുന്ന കരാർ പ്രകാരമാണ് സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലേയ്ക്ക് നൽകുന്നത്. തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരണത്തിൽ കർഷകർ നടത്തുന്ന നെല്ല് ചാക്കിലാക്കൽ, ചാക്ക് തുന്നിക്കെട്ടൽ, തൂക്കം നോക്കൽ എന്നീ പ്രവൃത്തികൾക്കുള്ള തുക കർഷകർക്ക് നൽകുന്നതിനെപ്പറ്റി മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാറിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ മില്ലുകാരുമായി ഒപ്പിട്ടിട്ടുള്ള കരാർ പ്രകാരം കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്നതിനായി ചണച്ചാക്കുകൾ നൽകുന്നതിനും തൂക്കം നോക്കുന്നതിനും ലോഡിംഗിനും ട്രാൻസ്പോർട്ടേഷനും ആവശ്യമായി വരുന്ന ചെലവുകൾ മില്ലുകാർതന്നെ വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കർഷകരിൽനിന്നും നെല്ല് ഏറ്റെടുക്കുന്നതു മുതൽ സംസ്കരിച്ച് അരിയാക്കി വിതരണയോഗ്യമാക്കുന്നതുവരെയുള്ള പ്രവൃത്തികൾക്ക് പ്രോസസ്സിംഗ് ചാർജായി 11-7-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 15/2017/ഭ.സി.സ.വ. പ്രകാരം ഒരു ക്വിന്റൽ നെല്ലിന് 214 രൂപ മില്ലുടമകൾക്ക് നൽകുന്നു. ഈ തുകയുടെ വിഭജനം ചുവടെ ചേർക്കുന്നു:

1. നെല്ലിനുള്ള ചണച്ചാക്ക് കർഷകർക്ക് വിതരണം ചെയ്യുന്നതിനും നെല്ല് തൂക്കിയെടുക്കുന്നതിനും - 37 രൂപ.

2. കർഷകർ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള

   കയറ്റുകൂലി - 12 രൂപ.

3. നെല്ല് കടത്തുകൂലി (മിൽ/ഗോഡൗണിലേയ്ക്ക്)- 30 രൂപ.

4. മിൽ ഗോഡൗണിൽ ഇറക്കുകൂലി, സൂക്ഷിപ്പ്, നെല്ല് സംസ്കരണം, മറ്റ് ചെലവുകൾ - 19 രൂപ.

5. അരി, ചണച്ചാക്ക് കയറ്റുകൂലി -116 രൂപ.

ആകെ- 214 രൂപ

ടി തുകയിൽ നിന്നും 12 രൂപ ഒരു ക്വിന്റൽ നെല്ല് ലോറിയിൽ കയറ്റുന്നതിനുള്ള കയറ്റുകൂലിയായി കർഷകർക്ക് നൽകാൻ മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും ആയത് കൃത്യമായും കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇവിടെ ശ്രീ. മുരളി പെരുനെല്ലി ഉന്നയിച്ചിട്ടുള്ളത് മില്ലുകാർക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള ഉത്തരവാദിത്വങ്ങൾ അവർ നിർവ്വഹിക്കാതെ കൃഷിക്കാരെക്കൊണ്ട് ചെയ്യിക്കുന്നുവെന്നുള്ളതാണ്. അതുസംബന്ധിച്ച് പരിശോധന നടത്താനും തൃശ്ശൂരിലെ വിഷയം പ്രത്യേകമായെടുത്ത് അവിടെ യോഗം ചേരാനും നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇതുമായി ബന്ധപ്പെട്ട് പാലക്കാട് കഴിഞ്ഞ വർഷം വലിയ പരാതിയുണ്ടായി. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരിച്ചപ്പോൾ അത് നല്ല രീതിയിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആ അനുഭവംകൂടി വിലയിരുത്തി ഈ പ്രശ്നങ്ങളിൽ എങ്ങനെ പരിഹാരം കാണാമെന്നതുകൂടി ആലോചിക്കാവുന്നതാണ്. മില്ലുടമകൾ കർഷകരിൽ നിന്ന് കൃത്യസമയത്ത് നെല്ല് എടുക്കാത്തതുകൊണ്ടാണ് പ്രശ്നം വരുന്നത്. കർഷകർക്ക് പ്രതികൂലമായ അവസ്ഥയാണ് വന്നുചേരുന്നത്. സഹകരണസംഘങ്ങളെക്കൂടി ഇതിന്റെ ഭാഗമാക്കാൻ കഴിയുമോ എന്ന കാര്യം ഇതോടൊപ്പം ആലോചിക്കുന്നതാണ്.

## (10) <u>ഭരണസമിതി തെരഞ്ഞെടുപ്പ്</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ രണ്ട് വ്യവസായ സംരംഭങ്ങളാണുള്ളത്. ഒന്ന്, കിൻഫ്രയുടെ കീഴിലുള്ള 250 ഏക്കറോളം സ്ഥലത്തുള്ള ഒരു വ്യവസായ സ്ഥാപനം. അവിടെ പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ അങ്ങയുടെ ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. രണ്ട്, അതിനടുത്ത് സംസ്ഥാന വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ 1969-ലെ കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്പിന്നിംഗ് മില്ലാണ് കുറ്റിപ്പുറം കാർത്തലയിൽ സ്ഥിതി ചെയ്യുന്ന മാൽക്കോടെക്സ് (Malabar Co-operative Textiles Limited)

എന്ന സ്ഥാപനം. 1997-ൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദനം തുടങ്ങിയ ആ മിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരികയായിരുന്നു. സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ പലതും ലാഭത്തിലല്ലെങ്കിലും ഈ സ്ഥാപനം ആദ്യ കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതാണ്. 1997-ൽ തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന ഒരു ഭരണസമിതിയായിരുന്നു അവിടെ ഭരണം നടത്തിക്കൊണ്ടിരുന്നത്. രണ്ട് അംഗങ്ങളുടെ രാജിയെത്തുടർന്ന് ആ ഭരണസമിതി ഇല്ലാതായ ഒരു അവസ്ഥയാണ് ഇന്നുള്ളത്. 2016-ൽ രണ്ട് അംഗങ്ങളുള്ള ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതാണ്. മാൽക്കോടെക്സിന്റെ എം.ഡി.യും ഹാന്റ്ലൂമിന്റെ ഡയറക്ടറും കൂടിയാണ് ഇന്ന് അതിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. രണ്ട് വർഷമായിട്ടും പുതുതായി തെരഞ്ഞെടുപ്പ് നടക്കുകയോ പുതിയ ഭരണസമിതി വരികയോ ചെയ്തിട്ടില്ല. ഏകദേശം 650-ഓളം ഷെയർ ഹോൾഡേഴ്സ് അതിലുണ്ട്. 2016-നുശേഷം ജനറൽ ബോഡിയും നടന്നിട്ടില്ല. വാർഷിക ബജറ്റും വരവുചെലവ് കണക്കുകളുമൊക്കെ അവതരിപ്പിക്കുന്നുണ്ടെങ്കിലും സഹകരണ സ്ഥാപനത്തിന്റെ ആധികാരികമായ നിയമാവലി അനുസരിച്ച് ജനറൽ ബോഡിയുടെ അംഗീകാരമില്ലാതെ വരവുചെലവു കണക്കുകളും ബജറ്റുകളുമൊക്കെ അവതരിപ്പിക്കുന്നത് നിയമാനുസരണമാണോ എന്നെനിക്ക് സംശയമുണ്ട്. സഹകരണ നിയമങ്ങളനുസരിച്ച് ഇപ്പോഴുള്ള പരിമിതമായ അംഗങ്ങളെ വച്ചുകൊണ്ടെങ്കിലും സ്പിന്നിംഗ് മില്ലിൽ പുതിയൊരു ഭരണസമിതിയെ തെരഞ്ഞെടുത്ത് അത് പൂർണ്ണമായും ലാഭത്തിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ നൂറുകണക്കിന് തൊഴിലാളികളും ആ പ്രദേശവും നല്ല നിലയിലാകും. അതിനുള്ള ഒരു ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 1997-ൽ പ്രവർത്തനം ആരംഭിച്ച മാൽക്കോടെക്സിന്റെ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനത്തിന്റെ 95 ശതമാനവും സർക്കാർ ഓഹരി മൂലധനമാണ്. 2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പത്ത് കോടിയിൽപ്പരം രൂപ സർക്കാർ ധനസഹായം നൽകിയാണ് മിൽ പ്രവർത്തിപ്പിച്ചുവരുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന ഭരണസമിതിയിൽ വ്യാപകമായ സാമ്പത്തിക ക്രമക്കേട് ഉയർന്നതിനാലും പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന പശ്ചാത്തലത്തിലും ഭരണസമിതി തെരഞ്ഞെടുപ്പിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിലും കഴിഞ്ഞ സർക്കാർ 20-2-2016-ന് ഭരണസമിതി ഒഴിവാക്കി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ കൊണ്ടുവരികയായിരുന്നു. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കീഴിൽ സ്ഥാപനത്തിന്റെ ഭരണം നടത്തിക്കൊണ്ടിരിക്കെ മുമ്പ് നടന്ന സാമ്പത്തിക ക്രമക്കേടുകൾക്കും മറ്റ്

നിയമപരമല്ലാത്ത നടപടികൾക്കുമെതിരെ നിരവധി പരാതികൾ ഓഹരി ഉടമകളിൽ നിന്നും തൊഴിലാളി സംഘടനകളിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ യഥാസമയം അന്വേഷണം നടത്തി. തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പ്രയാസങ്ങൾ നേരിട്ടതിനാൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി 17-08-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകുകയാണ് ചെയ്തത്. കേരളത്തിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച നന്ദകുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് ഇപ്പോഴുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാൽക്കോടെക്സിന്റെ പ്രവർത്തനം വിപുലീകരിക്കാനും മെച്ചപ്പെടുത്താനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്ഥാപനത്തിന്റെ കുറ്റമറ്റ പ്രവർത്തനത്തിന് വിശദമായ പരിശോധന നടത്തി അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

### I. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 259/2018 | ജി.ഒ.(എംഎസ്.) നമ്പർ 74/2018/ഹോം. | 24-4-2018 | അല്ല |
| 2 | 283/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1245/2018/ഹോം. | 30-4-2018 | അല്ല |
| 3 | 312/2018 | ജി.ഒ.(എംഎസ്.) നം.105/2018/ജിഎഡി | 17-5-2018 | അല്ല |
| 4 | 322/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1346/2018/ഹോം | 10-5-2018 | അല്ല |
| 5 | 323/2018 | ജി.ഒ.(ആർറ്റി.) നമ്പർ 1359/2018/ഹോം. | 11-5-2018 | അല്ല |

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

(2) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 295/2018 | ജി. ഒ. (പി. ) നമ്പർ 14/2018/ട്രാൻ. | 15-05-2018 | അല്ല |

(3) തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 243/2018 | ജി.ഒ.(പി.) നമ്പർ 6/2018/സിഎൽഎഡി | 20-4-2018 | അല്ല |

(4) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2016-17 | റവന്യൂ സെക്ടറിനെ കുറിച്ചുള്ള റിപ്പോർട്ട് | ബാധകമല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2016-17 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | അതെ |

(5) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

(6) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് | 2014-15<br>2015-16 | വാർഷിക റിപ്പോർട്ട് | അതെ |

(7) പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 224/2018 | ജി. ഒ. (പി. )നമ്പർ 57/2018/റ്റിഡി. | 11-4-2018 | അല്ല |
| 2 | 225/2018 | ജി. ഒ. (പി. )നമ്പർ 58/2018/റ്റിഡി. | 11-4-2018 | അല്ല |
| 3 | 238/2018 | ജി. ഒ. (പി. )നമ്പർ 61/2018/റ്റിഡി. | 19-4-2018 | അല്ല |
| 4 | 249/2018 | ജി. ഒ. (പി. )നമ്പർ 64/2018/റ്റിഡി. | 24-4-2018 | അല്ല |
| 5 | 301/2018 | ജി. ഒ. (പി. )നമ്പർ 69/2018/റ്റിഡി. | 16-5-2018 | അല്ല |
| 6 | 302/2018 | ജി. ഒ. (പി. )നമ്പർ 70/2018/റ്റിഡി. | 16-5-2018 | അല്ല |
| 7 | 303/2018 | ജി. ഒ. (പി. )നമ്പർ 71/2018/റ്റിഡി. | 16-5-2018 | അല്ല |

(8) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 287/2018 | ജി. ഒ. (പി. )നമ്പർ 67/2018/റ്റിഡി. | 7-5-2018 | അല്ല |
| 2 | 288/2018 | ജി. ഒ. (പി. )നമ്പർ 35/2018/എൽബിആർ | 26-4-2018 | അല്ല |
| 3 | 321/2018 | ജി. ഒ. (പി. )നമ്പർ 41/2018/എൽബിആർ | 18-5-2018 | അല്ല |

(9) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് . ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 292/2018 | ജി. ഒ. (പി. )നമ്പർ 52/2018/കോ-ഓപ്. | 3-5-2018 | അല്ല |
| 2 | 305/2018 | ജി. ഒ. (പി. )നമ്പർ 35/2018/കോ-ഓപ്. | 22-3-2018 | അല്ല |
| 3 | 306/2018 | ജി. ഒ. (പി. )നമ്പർ 45/2018/കോ-ഓപ്. | 21-4-2018 | അല്ല |
| 4 | 307/2018 | ജി. ഒ. (പി. )നമ്പർ 47/2018/കോ-ഓപ്. | 24-4-2018 | അല്ല |
| 5 | 308/2018 | ജി. ഒ. (പി. )നമ്പർ 58/2018/കോ-ഓപ്. | 10-5-2018 | അല്ല |
| 6 | 309/2018 | ജി. ഒ. (പി. )നമ്പർ 60/2018/കോ-ഓപ്. | 11-5-2018 | അല്ല |
| 7 | 317/2018 | ജി. ഒ. (പി. )നമ്പർ 61/2018/കോ-ഓപ്. | 11-5-2018 | അല്ല |
| 8 | 318/2018 | ജി. ഒ. (പി. )നമ്പർ 22/2018/ആർഡി | 9-5-2018 | അല്ല |

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

(10) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 327/2018 | സ.ഉ(അച്ചടി) നം. 5/2018/ കാ.യു.വ. | 26-5-2018 | അല്ല |

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

(11) മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 248/2018 | ജി. ഒ. (പി. )നമ്പർ 9/2018/ എഫ്&പി. | 24-04-2018 | അല്ല |

(12) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 263/2018 | സ.ഉ(അച്ചടി) നമ്പർ 33/2018/തസ്വഭവ. | 24-4-2018 | അല്ല |
| 2 | 264/2018 | സ.ഉ.(അച്ചടി) നമ്പർ 34/2018/ തസ്വഭവ. | 25-4-2018 | അല്ല |
| 3 | 265/2018 | സ.ഉ.(അച്ചടി) നമ്പർ 35/2018/ തസ്വഭവ. | 25-4-2018 | അല്ല |
| 4 | 276/2018 | സ.ഉ.(അച്ചടി) നമ്പർ 29/2018/ തസ്വഭവ. | 17-4-2018 | അല്ല |
| 5 | 277/2018 മുതൽ 279/2018 വരെ | സ.ഉ.(അച്ചടി) നമ്പർ 30/2018/ തസ്വഭവ. | 17-4-2018 | അല്ല |

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് വഖഫ് ബോർഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |

(13) വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ടിന്റെ അനുബന്ധം | അതെ |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | 2016-17 | വാർഷിക റിപ്പോർട്ടും അനുബന്ധവും | അതെ |
| 3 | എനർജി മാനേജ്മെന്റ് സെന്റർ കേരള | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

## VI. റിപ്പോർട്ട് സമർപ്പണം

### (1) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

### (2) 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിനെസംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

### (3) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

(4) പബ്ലിക്സ് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ഊർജ്ജ കേരള മിഷൻ പരിപാടി സംബന്ധിച്ച് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തുന്നതാണെന്ന് ഇന്നത്തെ കാര്യവിവര പട്ടികയിൽ ചേർത്തിരുന്നു. എന്നാൽ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന മറ്റൊരു ദിവസത്തേയ്ക്ക് മാറിവയ്ക്കണമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥനപ്രകാരം ഇന്നത്തെ കാര്യവിവര പട്ടികയിൽ നിന്ന് ഒഴിവാക്കുകയാണ്.

## VII. ധനകാര്യം

2018-19 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,00,00,000 കോടി രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 75,78,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,98,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 137,80,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 896,63,34,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,00,32,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,19,84,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,21,01,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,23,17,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,02,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,50,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, പ്രമേയങ്ങളെ ഞാൻ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ]

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ കൂടുതൽ സജീവവും ചലനാത്മകവും ആക്കുന്നതിനുവേണ്ടിയാണ് ഉപധനാഭ്യർത്ഥന നടത്തിയിട്ടുള്ളത്. സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ശ്രദ്ധേയമായ വികസന പ്രവർത്തനങ്ങൾ നടക്കുന്നുവെന്നതിന്റെ തെളിവുകൂടിയാണിത്. നാനാവിധ വികസന പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുന്നതിന് ബജറ്റിൽ വിഭാവന ചെയ്ത പണം

പോരാതെ വരുന്നതുകൊണ്ടാണ് ഉപധനാഭ്യർത്ഥന ആവശ്യമായി വരുന്നത്. എന്നുപറഞ്ഞാൽ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഉഷാറാക്കാൻവേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകൾ നടത്തിയിട്ടുള്ളത്. അതുകൊണ്ടാണ് ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നുവെന്ന് ആദ്യംതന്നെ പറഞ്ഞത്. രണ്ട് വർഷം പിന്നിടുന്ന എൽ.ഡി.എഫ്. സർക്കാർ നടത്തുന്ന വികസന ക്ഷേമപ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ ഈ സംസ്ഥാനത്തെ സാധാരണ ജനങ്ങളാണ്. അത് ജനങ്ങൾ അവരുടെ ദൈനംദിന ജീവിതത്തിൽ അനുഭവിച്ചറിയുന്നുമുണ്ട്. അതുകൊണ്ട് അതിന്റെ ശോഭ കെടുത്താൻ അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സ്നേഹിതന്മാർ എന്തൊക്കെ ചെപ്പടിവിദ്യ കാട്ടിയാലും അതൊന്നും ഫലിക്കാൻ പോകുന്നില്ല. അതിന്റെ ഏറ്റവും പ്രകടമായ തെളിവാണ് ചെങ്ങന്നൂരിൽ കണ്ടത്. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് ഘട്ടത്തിൽ കോൺഗ്രസും ബി.ജെ.പി.-യുമൊക്കെ എന്തെല്ലാം കോലാഹലങ്ങളാണുണ്ടാക്കിയത്. തങ്ങൾ ജയിക്കുമെന്ന് കോൺഗ്രസ് മനക്കോട്ട കെട്ടിയപ്പോൾ, തങ്ങൾ അട്ടിമറി വിജയം നേടാൻ പോകുന്നുവെന്നായിരുന്നു ബി.ജെ.പി.-ക്കാരുടെ അവകാശവാദം. അതിനുവേണ്ടി ഇക്കൂട്ടർ എൽ.ഡി.എഫ്.-നെ ചീത്ത പറഞ്ഞു. സർക്കാരിനെതിരെ വാസ്തവവിരുദ്ധമായ പ്രസ്താവനകളും പ്രചരണങ്ങളും നടത്തി. അവിടെ മത്സരിച്ച എൽ.ഡി.എഫ്. സ്ഥാനാർത്ഥി സഖാവ് സജി ചെറിയാൻ കായംകുളം കൊച്ചുണ്ണിയാണെന്ന് പറഞ്ഞില്ലെന്നേയുള്ളൂ. ബാക്കി പറയാവുന്ന മുഴുവൻ അസംബന്ധങ്ങളും അസത്യങ്ങളുമൊക്കെ പ്രചരിപ്പിച്ചു. എന്നിട്ട് എന്തുണ്ടായി? കോൺഗ്രസും ബി.ജെ.പി.യും എട്ട് നിലയിൽ പൊട്ടി. ബാലറ്റ് പെട്ടി പൊട്ടിച്ചപ്പോൾ ആദ്യം 'ഠോ' എന്ന് കേട്ടു. കോൺഗ്രസ് സ്ഥാനാർത്ഥി പൊട്ടിയ ശബ്ദമായിരുന്നു അത്. പിന്നെയോ 'ഠോ, ഠോ' എന്ന് കേട്ടു. അത് ബി.ജെ.പി. പൊട്ടിച്ചിതറിയതായിരുന്നു. ഏതായാലും മെയ് 31-നുശേഷം രണ്ട് കൂട്ടരെയും ചെങ്ങന്നൂരെങ്ങും കാണാനില്ല. എന്തൊക്കെ ബഹളമായിരുന്നു. പണ്ടൊരു സിനിമയിൽ 'മലപ്പുറം കത്തി, മെഷീൻ ഗൺ, ബോംബ്, ഉലക്കയുടെ മൂട്, ഒടുവിൽ പവനായി ശവമായി' എന്നുപറഞ്ഞതുപോലെയായി കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും അവസ്ഥ. ഇനി ഈ രണ്ട് കൂട്ടർക്കും ഒന്നെഴുന്നേറ്റ് നടക്കാൻ കഴിയുമോ? കഴിയുമെന്ന് തോന്നുന്നില്ല. വലിയ പ്രയാസമാണ്. ഒരു മേജർ ശസ്ത്രക്രിയതന്നെ വേണ്ടിവരും.

കോൺഗ്രസും ബി.ജെ.പി.-യും നടത്തിയ കള്ള പ്രചാരവേലകളൊക്കെ അർഹിക്കുന്ന അവജ്ഞയോടെ ജനങ്ങൾ തള്ളിക്കളയുകയല്ലേ ചെയ്തത്? ജനങ്ങൾക്കിടയിൽ ഈ രണ്ട് കൂട്ടർക്കും ഒരു സ്ഥാനവുമില്ലെന്നാണ് ഇത് തെളിയിക്കുന്നത്. എൽ.ഡി.എഫ്.-നെ തോൽപ്പിക്കാൻ അങ്ങ് പാലായിൽനിന്ന്

ഒരാൾ ഓടിക്കിതച്ച് വന്നിരുന്നില്ലേ; എന്തായിരുന്നു ആ മാന്യദേഹത്തിന്റെ വീമ്പുപറച്ചിൽ? തങ്ങളാണ് ചെങ്ങന്നൂരിൽ ഏത് സ്ഥാനാർത്ഥിയുടെയും ജയവും പരാജയവും തീരുമാനിക്കുന്നതെന്നായിരുന്നു. അത്രയ്ക്ക് യമണ്ടൻ പാർട്ടിയാണത്രേ തങ്ങളുടേതെന്നും അവർ പറയുകയുണ്ടായി. എന്നിട്ട് എന്തുപറ്റി? യമണ്ടൻ പാർട്ടിയുടെ മണ്ടയ്ക്കും കൊടുത്തു നല്ലൊരടി. അതാണ് ചെങ്ങന്നൂരിലെ പ്രബുദ്ധരായ സമ്മതിദായകർ ചെയ്തത്. ആന മുക്രയിടുന്നതുപോലെ അണ്ണാൻ മുക്രയിട്ടിട്ട് വല്ല കാര്യവുമുണ്ടോ? പക്ഷേ കുറ്റം പറയരുതല്ലോ? പാലാക്കാരൻ നേതാവ് പറഞ്ഞത് അറം പറ്റി. യു.ഡി.എഫ്.-ന്റെ പരാജയം ഉറപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം തെരഞ്ഞെടുപ്പുകാലത്ത് പറഞ്ഞത് കോൺഗ്രസ് നേതാക്കൾക്ക് മനസ്സിലാകാതെ പോയതാണ് പ്രശ്നം. പാവം കോൺഗ്രസ്. ചെങ്ങന്നൂരിലെ കോൺഗ്രസ് സ്ഥാനാർത്ഥിയെ തോൽപ്പിക്കണമെന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. രമേശ് ചെന്നിത്തലയ്ക്കും ഒരുപോലെ ആഗ്രഹമുണ്ടായിരുന്നുവെന്നും സംശയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽപ്പിന്നെ കാടിളക്കി പ്രചരണം നടത്തിയിട്ടും ശ്രീ. രമേശ് ചെന്നിത്തലയുടെ ബൂത്തിൽപ്പോലും യു.ഡി.എഫ്.-ന് എന്തുകൊണ്ട് ഭൂരിപക്ഷം ലഭിച്ചില്ല? ശ്രീ. ഉമ്മൻ ചാണ്ടിയുടെ തറവാടിന് ചുറ്റുമുള്ള ബൂത്തിൽപ്പോലും എന്തേ യു.ഡി.എഫ്. സ്ഥാനാർത്ഥി മുന്നിലെത്തിയില്ല? അത് മാത്രമാണോ? ഞാൻ പറയുമ്പോൾ രാഷ്ട്രീയ ശത്രുതകൊണ്ടാണെന്ന് ചിലപ്പോൾ തെറ്റിദ്ധരിച്ചെന്നുവരാം. പക്ഷേ ഞാൻ പറയുന്നത് വസ്തുതാപരമായ കാര്യങ്ങളാണ്. അല്ലെങ്കിൽപ്പിന്നെ യു.ഡി.എഫ്. സ്ഥാനാർത്ഥിയെ തോൽപ്പിക്കാൻ ശ്രമിച്ച മാണി ഗ്രൂപ്പിന് രാജ്യസഭാ സീറ്റ് നൽകുമോ? സാധാരണ നാം കണ്ടിട്ടുള്ളത് ഒരാൾ എന്തെങ്കിലും നേട്ടമുണ്ടാക്കുമ്പോഴോ അല്ലെങ്കിൽ നല്ല കാര്യം ചെയ്യുമ്പോഴോ ആണ് അയാൾക്ക് എന്തെങ്കിലും സമ്മാനങ്ങൾ നൽകുന്നത്. ഇവിടെയോ? യു.ഡി.എഫ്.-നെ തോൽപ്പിക്കുകയും മൊത്തം കുഴപ്പത്തിലാക്കുകയും ചെയ്തു എന്നതിന്റെ പേരിൽ മേലനങ്ങാതെ ലഭിക്കുന്ന രാജ്യസഭാ സീറ്റ് ആരെങ്കിലും നൽകുമോ? ഇത്തരമൊരു സമ്മാനം നൽകാൻ ലോകത്ത് ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. രമേശ് ചെന്നിത്തലയ്ക്കുമല്ലാതെ മറ്റാർക്ക് കഴിയും. അതിന്റെ അർത്ഥം ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. കെ. എം. മാണിയുമൊക്കെ തമ്മിൽ എന്തോ ഒരു ഇത് ഉണ്ടെന്നല്ലേ? അതിന്റെ ഗുട്ടൻസ് ശ്രീ. പി. സി. ജോർജ് ഒക്കെ പറയുന്നതുപോലെ ഞാൻ പറയുന്നില്ല. എന്നാലും എന്തോ ചിലതൊക്കെ സംഭവിച്ചിട്ടുണ്ടെന്നതിന് സംശയമില്ല. താമസിയാതെ ഇതൊക്കെ പുറത്തു വരികതന്നെ ചെയ്യും. ഏതായാലും ഇപ്പോൾ ഇതിന്റെ പേരിൽ കോൺഗ്രസിലും യു.ഡി.എഫ്.-ലും മൊത്തം കുട്ടപ്പൊരിച്ചിലല്ലേ? പത്രങ്ങളായ പത്രങ്ങൾ മുഴുവൻ ഇപ്പോൾ കോൺഗ്രസിലെയും യു.ഡി.എഫ്.-ലെയും കലഹത്തിന്റെ കഥകളല്ലേ

പറയുന്നത്. അങ്ങൊന്ന് ആലോചിച്ച് നോക്കൂ. കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും രാഷ്ട്രീയ പ്രവർത്തനത്തിലെ മുഖ്യ അജണ്ട എന്താണ്? അടിപിടി, കുന്നായ്മ, കുശുമ്പ്, പാരവയ്പ്പ്, ഒളിസേവ, കൂടോത്രം, ശത്രു സംഹാരം എന്നിങ്ങനെ പോകുന്നു ഇക്കൂട്ടരുടെ പ്രവർത്തനങ്ങൾ.

ശ്രീ. ഉമ്മൻ ചാണ്ടിയുടെ ചിത്രത്തിനുമേൽ കരി ഓയിൽ ഒഴിക്കുന്നു. ശ്രീ. രമേശ് ചെന്നിത്തലയുടെ ചിത്രത്തിനുമേൽ റീത്ത് സമർപ്പിക്കുന്നു. ഇങ്ങനെയൊക്കെ ചെയ്താൽ അതിന്റെ അർത്ഥം കോൺഗ്രസുകാരുടെ മനസ്സിൽ ഉമ്മൻചാണ്ടിയും ചെന്നിത്തലയുമൊക്കെ മരിച്ചുകഴിഞ്ഞിരിക്കുന്നു എന്നല്ലേ? പിന്നെ എന്തിനാണ് നിങ്ങൾ ഖദർ ധരിച്ച് ഞെളിഞ്ഞ് നടക്കുന്നത്? പ്രവർത്തകർക്കുവേണ്ടാത്ത കോൺഗ്രസ് നേതാക്കൾക്ക് എന്താണ് പ്രസക്തി? കോട്ടയത്താണെങ്കിൽ മഹാത്മാഗാന്ധിയുടെ പ്രതിമയ്ക്കുമുമ്പിൽ കൂടിനിന്നാണ് പോർവിളി നടത്തിയത്. പാവം ഗാന്ധിജി എന്തുപിഴച്ചു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ പ്രധാനമന്ത്രിയാക്കാൻ ശ്രമിച്ചുവെന്ന കുറ്റമേ അദ്ദേഹം ചെയ്തിട്ടുള്ളൂ. പക്ഷേ അന്നദ്ദേഹം ദീർഘവീക്ഷണത്തോടെ ഒരു കാര്യം പറഞ്ഞു. കോൺഗ്രസ് പിരിച്ചുവിടണമെന്ന്. ഗാന്ധിജി പറഞ്ഞ ആ നല്ല കാര്യം മാത്രം കോൺഗ്രസ് നേതൃത്വം ചെയ്തില്ല. അതിന്റെ കുഴപ്പങ്ങളാണ് ഇപ്പോൾ അനുഭവിക്കുന്നത്. അതുകൊണ്ട് ഗാന്ധിജിയുടെ നെഞ്ചത്തുതന്നെ ഇരിക്കട്ടെ രണ്ട് പോർവിളിയെന്ന് യൂത്ത് കോൺഗ്രസുകാർ തീരുമാനിച്ചു. അതാണ് കോട്ടയത്ത് കണ്ടത്. യൂത്ത് കോൺഗ്രസ് സിംഹങ്ങൾ മൂത്ത കോൺഗ്രസിനെ വൃദ്ധസദനത്തിലാക്കണമെന്ന് പറയുന്നു. മൂത്ത കോൺഗ്രസാണെങ്കിലോ? 'നീയൊക്കെ വെറും അനാഗതശ്മശ്രുക്കളാണ്, പോയി വല്ല പണിയും നോക്ക്' എന്നാണ് യൂത്ത് കോൺഗ്രസ് സിംഹങ്ങളോട് പറഞ്ഞത്. ഇവരുടെ ഈ വിഴുപ്പലക്കലുകൾ അവസാനിപ്പിക്കാൻ ഇനി വല്ല നിയമവും നിർമ്മിക്കേണ്ടി വരുമോയെന്നാണ് എന്റെ പേടി. ഇത്രമാത്രമല്ല പ്രശ്നം, രാജ്യസഭാ സീറ്റ് മനസ്സിലിട്ട് താലോലിച്ച് നടന്നിരുന്ന കോൺഗ്രസ്സുകാരുടെ കാര്യമാണ് കഷ്ടം!

'കാത്ത് സൂക്ഷിച്ചോരു കസ്തൂരിമാമ്പഴം

കാക്ക കൊത്തിപ്പോയി

അയ്യോ കാക്കച്ചി കൊത്തിപ്പോയി'.

എന്നു പറയുന്നതുപോലെയായി കാര്യങ്ങൾ. 'മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി' എന്ന ചൊല്ല് മലയാളത്തിൽ വന്നതിന്റെ പൊരുളും ഇപ്പോൾ

കോൺഗ്രസുകാർക്ക് നന്നായി മനസ്സിലായിട്ടുണ്ട്. പക്ഷെ, പ്രയോജനമൊന്നുമില്ല. വേണമെങ്കിൽ കവിമനസ്സുള്ളവർക്ക് ഒരു വിലാപകാവ്യത്തിന് സ്കോപ്പുണ്ട്. കോൺഗ്രസിനും യു.ഡി.എഫ്.-നും ഈ ഗതികേട് ഉണ്ടായതിന് ഞങ്ങൾ എന്തുപിഴച്ചു? സ്വന്തം കയ്യിലിരിപ്പ് കൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിച്ചത്? എന്നാൽ ഇക്കൂട്ടർ ഇതുവല്ലതും മനസ്സിലാക്കുന്നുണ്ടോ? ജാള്യം മറയ്ക്കാൻ സഭയിൽ വന്ന് ഓരോന്ന് കാട്ടിക്കൂട്ടുന്നു. അതല്ലേ സഭ തുടങ്ങിയ ദിവസം മുതൽ കണ്ടുവരുന്നത്. നേരേചൊവ്വേ ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കാൻപോലും കഴിയാത്ത അവസ്ഥയിലല്ലേ അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സ്നേഹിതന്മാർ; അതല്ലേ ഇന്നലെയും നാം സഭയിൽ കണ്ടത്? അങ്ങനെ ഗൗരവതരമായ ഒരു പ്രശ്നവും സഭയിൽ കൊണ്ടുവരാനോ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാനോ പ്രതിപക്ഷത്തിന് കഴിയുന്നില്ല. വെറുതെ എന്തൊക്കെയോ കാട്ടിക്കൂട്ടുന്നുവെന്ന് മാത്രം.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വർദ്ധിത ജനപിന്തുണയോടെയാണ് മുന്നോട്ടുപോകുന്നത്. ജനങ്ങൾ മുന്നണിയിലും ഗവൺമെന്റിലും അർപ്പിച്ച വിശ്വാസം പൂർണ്ണമായും സംരക്ഷിക്കുന്ന നടപടികളാണ് സർക്കാർ തുടർന്നുവരുന്നത്. ഈയടുത്ത കാലത്ത് കേരളീയരെ മൊത്തം ഭീതിയിലാഴ്ത്തിയ നിപ പനി ഉപരോധിക്കാൻ സർക്കാർ നടത്തിയ ഇടപെടലുകൾ ശത്രുക്കളുടെപോലും പ്രശംസ പിടിച്ചുപറ്റിയതല്ലേ? രാജ്യാന്തര മാധ്യമങ്ങൾപോലും സർക്കാർ ഇടപെടലിനെ വാഴ്ത്തിപ്പാടിയത് നാം കണ്ടതല്ലേ? സമാനമായ, പ്രതിജ്ഞാബദ്ധമായ നടപടികളാണ് ഓരോ മേഖലയിലും ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണം കുറ്റമറ്റ നിലയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന്റെ ഫലമായാണ് ഇപ്പോൾ സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നുപോലും വിദ്യാർത്ഥികൾ ടി.സി. വാങ്ങി സർക്കാർ സ്കൂളുകളിൽ പ്രവേശനം നേടിക്കൊണ്ടിരിക്കുന്നത്. വിദ്യാലയവർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും അനുബന്ധ പഠനോപകരണങ്ങളും നൽകിക്കഴിഞ്ഞു. യഥാസമയം പരീക്ഷകളുടെ ഫലപ്രഖ്യാപനവും നടത്തിവരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് മഴയത്ത് സ്കൂൾ വരാന്തയിൽ ഓടിക്കയറിനിന്ന ആളിനുപോലും റാങ്കുനൽകി ജയിപ്പിച്ചിരുന്നുവെന്ന കാര്യംകൂടി ഇതുമായി താരതമ്യം ചെയ്യണം. അപ്പോഴാണ് എൽ.ഡി.എഫ്. സർക്കാർ വിദ്യാഭ്യാസരംഗം എത്രയേറെ ഭംഗിയായി കൊണ്ടുപോകുന്നുവെന്ന് മനസ്സിലാകുന്നത്. ഇതുപോലെ ഓരോ വകുപ്പിനെ കുറിച്ചും എണ്ണിയെണ്ണി പറയാൻ നിരവധി നേട്ടങ്ങളുണ്ട്.

വിസ്താരഭയത്താൽ അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഒരുകാര്യം മാത്രം, എല്ലാ വകുപ്പിലും നവംനവങ്ങളായ ഒട്ടനവധി പദ്ധതികൾ, വികസനപ്രവർത്തനങ്ങൾ, ക്ഷേമനടപടികൾ തുടങ്ങിയവ ഈ സർക്കാർ നടപ്പിലാക്കിവരികയാണ്. അതിന്റെ ഗുണഭോക്താക്കൾ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളാണ്. ആ അനുഭവബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ചെങ്ങന്നൂരിലെ ജനങ്ങൾ വിധിയെഴുതിയത്. അത് കൂടുതൽ ഉത്തരവാദിത്വം ഈ സർക്കാരിനെ ഏൽപ്പിച്ചിട്ടുണ്ട്. തീർച്ചയായും അത് മനസ്സിലാക്കിക്കൊണ്ടുതന്നെ കൂടുതൽ സാരവത്തായ പദ്ധതികളും പ്രവർത്തനങ്ങളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകതന്നെ ചെയ്യും. അത്തരമൊരു മുന്നോട്ടുപോക്കിന് ശക്തിപകരാനാണ് ഈ ഉപധനാഭ്യർത്ഥന നടത്തുന്നത്. ആരൊക്കെ എന്തൊക്കെ ബഹളം വച്ചാലും സാർത്ഥവാഹകസംഘം മുന്നോട്ടുപോകുക തന്നെ ചെയ്യും. ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ഏറ്റവും തലമുതിർന്നതും ജീവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളിൽ എറ്റവും ഉന്നത സ്ഥാനത്തിരിക്കുന്ന ഒരാളുമാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ. ബഹുമാന്യനായ വി.എസ്.നെ ഞങ്ങളൊക്കെ വളരെ സ്നേഹത്തോടെയും അഭിമാനത്തോടെയുമാണ് കാണുന്നത്. ഇന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തെ വലിയ സന്തോഷത്തിലാണ് അവിടെ, എന്റെ സുഹൃത്തുക്കൾ കയ്യടിച്ച് സ്വീകരിച്ചത്. ഒന്നാം നമ്പർ സീറ്റിൽ ശ്രീ. പിണറായി വിജയൻ ഇല്ലാത്തതുകൊണ്ടാണ് ഈ ചെണ്ടയും തബലയുമൊക്കെ കൊട്ടി ഇതിനെ ആഘോഷിച്ചതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് പറഞ്ഞ എല്ലാത്തിന്റെയും ഉത്തരം അങ്ങ് തന്നെയാണ്. മാരാരിക്കുളത്ത് തോറ്റ ശ്രീ. വി. എസ്. അച്യുതാനന്ദൻ മലമ്പുഴയിൽ എം.എൽ.എ.യായി മുഖ്യമന്ത്രിയായത് അദ്ദേഹം പറഞ്ഞതിനുള്ള ഉത്തരം തന്നെയാണ്; പിന്നെ മണ്ണും ചാരി നിന്നതും മറ്റുമൊക്കെ; ഈ നിയമസഭ തന്നെയാണ് അതിനുദാഹരണം. ഞങ്ങളെപ്പോലുള്ള യുവസിംഹങ്ങളെപ്പോലെ, നിങ്ങൾക്കിടയിലും ധാരാളം ആരാധകരായ സിംഹങ്ങൾ കാസർഗോഡ് മുതൽ കന്യാകുമാരി വരെയുള്ള ജില്ലകളിലും മാർത്താണ്ഡം വരെയുള്ള പ്രദേശങ്ങളിലുമൊക്കെ കോലം കത്തിച്ചതു കൊണ്ടുതന്നെയാണ് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായതും കൊണ്ടുപോയതും. അങ്ങുപറഞ്ഞ എല്ലാത്തിനും താങ്കളാണ് ഉത്തരമെന്ന് അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു. ഞാൻ വേറെ ഒന്നിലേയ്ക്കും കടന്നുപോകുന്നില്ല. ചോദ്യവും ഉത്തരവും കുത്തും കോമയും ഫുൾസ്റ്റോപ്പും ആശ്ചര്യ ചിഹ്നവും എല്ലാം താങ്കളിൽ കാണുന്നുവെന്ന് മാത്രം പറയുന്നു.

കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ തോമസ് ഐസക് ഞാൻ ഏറെ ബഹുമാനിക്കുന്ന ആളാണ്. സംസ്ഥാന പ്ലാനിംഗ് ബോർഡിൽ അംഗമായിരിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ധാരാളം നോക്കിക്കണ്ട ആളാണ് ഞാൻ. എന്നാൽ നമ്മൾ ഇത്തവണ ഉയർത്തിക്കൊണ്ടുവരുന്നതിൽ പ്രധാനപ്പെട്ടത് 'ലൈഫ്' എന്നുപറയുന്ന പദ്ധതിയാണ്. 'ലൈഫ്' പദ്ധതിയിൽ സംസ്ഥാന സർക്കാർ ആദ്യത്തെ സർവ്വേ നടത്തിയപ്പോൾ കണ്ടെത്തിയത് നാലര ലക്ഷത്തോളം ആളുകൾക്ക് വീടില്ലായെന്നുള്ളതാണ്. ഇന്നത്തെ അവസ്ഥയിൽ 65000 ആളുകൾക്കാണ് അവസാന റൗണ്ടിൽ നമ്മൾ തീരുമാനമെടുത്ത് വീടുകൾ നൽകാൻ തീരുമാനിച്ചത്. അങ്ങനെയാണെങ്കിൽ സംസ്ഥാനത്ത് 390000 ആളുകൾക്ക് ഇന്ന് വീടില്ലാത്ത അവസ്ഥയുണ്ട്. അതിന്റെ കൃത്യമായ കണക്കിലേയ്ക്കല്ല ഞാൻ പോകുന്നത്. ഇത് കുടുംബശ്രീയുമായി നടത്തിയ ചർച്ചയിൽ പറഞ്ഞ നാലര ലക്ഷത്തോളം ആളുകളുടെ കാര്യമാണ്. നമ്മൾ ഇതുമായി ബന്ധപ്പെട്ട് ധാരാളം എക്സർസൈസുകൾ നടത്തുകയുണ്ടായി. അതിൽ നഗരസഭകളുമായി ബന്ധപ്പെട്ടുകൊണ്ട് 'പ്രധാനമന്ത്രി ആവാസ് യോജന' പദ്ധതി പ്രകാരം എല്ലാവർക്കും വീട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണം എല്ലാവർക്കുമറിയാം. ഒന്ന്, ബാങ്ക് ലിങ്ക്ഡായിട്ടുള്ള ലോണുമായി ബന്ധപ്പെട്ടതാണ്; കേന്ദ്ര സർക്കാരിന്റെ 2,65,000 രൂപ സബ്സിഡിയുമായി ബന്ധപ്പെട്ടുള്ളതാണ്. നഗരപ്രദേശത്ത് ആവശ്യക്കാരില്ലാത്തതു കൊണ്ട് പൂർണ്ണമായും നൽകാൻ കഴിയും. നഗരത്തിൽ താമസിക്കുന്ന ഭൂമിയുള്ള വീടില്ലാത്ത ആൾക്കും ഗ്രാമത്തിൽ താമസിക്കുന്ന ഭൂമിയുള്ള വീടില്ലാത്ത ആൾക്കും രണ്ട് നിബന്ധനകൾ കൊണ്ടുവരാൻ കഴിയും. നഗരത്തിൽ താമസിക്കുന്ന ഭൂമിയുള്ള വീടില്ലാത്ത ആളുകൾക്ക് ലൈഫ് പാർപ്പിട പദ്ധതി പ്രകാരം നൽകിയ മാനദണ്ഡം എന്തുകൊണ്ട് ഗ്രാമത്തിൽ താമസിക്കുന്ന പാവപ്പെട്ട വീടില്ലാത്ത ആളുകൾക്ക് നൽകാൻ കഴിയുന്നില്ല? ഇത് വ്യക്തമായി പരിശോധിക്കണം. ഓരോ നഗരസഭയിലും ലൈഫ് പാർപ്പിട പദ്ധതിയെന്ന പേരിൽ നാല് ലക്ഷത്തോളം രൂപ സബ്സിഡിയും അതുപോലെ തന്നെ വായ്പയും നൽകിയിട്ടുണ്ട്. ആ മാനദണ്ഡം എന്തുകൊണ്ട് ഗ്രാമങ്ങളിൽ താമസിക്കുന്നവർക്ക് നൽകാൻ കഴിയുന്നില്ല? ഗ്രാമങ്ങളിൽ അത് 65,000 രൂപയായി ചുരുങ്ങിയിരിക്കുകയാണ്. നഗരങ്ങളുടെ എണ്ണം മാറ്റിക്കഴിഞ്ഞാൽ ഏതാണ്ട് രണ്ടര ലക്ഷത്തോളം ആളുകൾക്ക് വീട് ലഭിക്കാൻ ഇനിയൊരു സാദ്ധ്യതയുമില്ലാത്ത രീതിയിൽ, ആന കൊടുത്താലും ആശ കൊടുക്കരുത് എന്നുപറയുന്ന രീതിയിൽ, പൂർണ്ണമായും കൊട്ടിയടയ്ക്കപ്പെട്ടിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പിലാക്കുകയുണ്ടായി. എങ്ങനെയാണ് ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പിലാക്കിയത്? ഐ.എ.വൈ. പദ്ധതിയുമായി ക്ലബ്ബ് ചെയ്തിട്ടാണ് ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പിലാക്കിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാം. ലൈഫ് പാർപ്പിട പദ്ധതിയിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി ക്ലബ്ബ് ചെയ്തിട്ടില്ലേ; ഇ.എം.എസ്. പാർപ്പിട പദ്ധതിയിൽ ഇന്ദിരാ ആവാസ് യോജന ക്ലബ്ബ് ചെയ്തിട്ടില്ലേ? ക്ലബ്ബ് ചെയ്ത് തന്നെയാണ് നടപ്പിലാക്കിയത്. കേരളത്തിലാദ്യമായി സഹകരണ ബാങ്കിൽനിന്നും ലോണെടുത്ത പഞ്ചായത്ത് പ്രസിഡന്റ് ഞാനാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമ പഞ്ചായത്താണ് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽനിന്നും ആദ്യമായി ലോൺ എടുത്ത് പദ്ധതി നടപ്പിലാക്കിയത്. രേഖകളെടുത്ത് പരിശോധിച്ചാൽ അതുസംബന്ധിച്ച വിവരം അറിയാൻ സാധിക്കും. ഇപ്പോഴത്തെ അവസ്ഥയിൽ ഏതാണ്ട് രണ്ട് ലക്ഷത്തിൽ കൂടുതൽ ആളുകൾക്ക് വീടില്ലാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. അവരെ സഹായിക്കാൻ ഒരു മാർഗ്ഗമെന്നു പറയുന്നത്, പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചുകൊണ്ടോ പഞ്ചായത്തുകൾക്കുള്ള മറ്റു സംവിധാനങ്ങൾ–ഉപയോഗിച്ചുകൊണ്ടോ നാല് ലക്ഷം രൂപ സബ്സിഡി കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ തന്നെ, ഇപ്പോൾ തുക പൂർണ്ണമായും നൽകുകയാണ്.–നാലര ലക്ഷം രൂപകൊണ്ട് 450 സ്ക്വയർ ഫീറ്റിലുള്ള വീട് പണിയാം. അങ്ങനെയുള്ള വീടുകളൊക്കെ പണിയുന്നുണ്ട്. ഇവർ ഈ മാനദണ്ഡങ്ങൾക്ക് പുറത്താണെങ്കിൽ മുമ്പ് നൽകിയതുപോലെ ഒരു ലക്ഷം രൂപയോ രണ്ട് ലക്ഷം രൂപയോ സബ്സിഡി കൊടുത്ത് ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളിലേയ്ക്ക് പോകുന്നില്ലെങ്കിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടാകും. ഏതാണ്ട് 4500 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പ ലഭിക്കുമെന്ന് പറയുന്നു. ഞാൻ അതിനൊന്നിനും എതിരല്ല. പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിൽ നിന്നാണ് തുക മടക്കി അടയ്ക്കേണ്ടത്. പ്ലാൻ ഫണ്ടിൽ നിന്നും ഒരു പഞ്ചായത്ത് ഒരു വർഷം ഏതാണ്ട് നാൽപ്പത്-അൻപത് ലക്ഷം രൂപയോളം മടക്കി അടയ്ക്കേണ്ടതായി വരും. അത് പഞ്ചായത്തുകൾ നൽകുന്ന വീടുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. പത്ത് വീടാണ് ഒരു പഞ്ചായത്ത് നൽകുന്നതെങ്കിൽ ബുദ്ധിമുട്ടുള്ള കാര്യമല്ല. കൂടുതൽ വീടുകൾ നൽകുന്ന പഞ്ചായത്തുകളെ സംബന്ധിച്ച കാര്യമാണ് സൂചിപ്പിച്ചത്. അങ്ങനെയാണെങ്കിൽ ആളുകളുടെ സാമ്പത്തിക സ്ഥിതിയും സബ്സിഡി നൽകേണ്ട അവസ്ഥയും പരിഗണിച്ച് ലൈഫ് പാർപ്പിട പദ്ധതിക്ക് പുറത്തുള്ളവരുടെ കാറ്റഗറി നിശ്ചയിച്ച് സബ്സിഡി മാനദണ്ഡം

പുതുക്കി 50,000 രൂപ മുതൽ അല്ലെങ്കിൽ ഒരു ലക്ഷം/രണ്ട് ലക്ഷം രൂപ ഒരു സഹായമെന്ന രീതിയിൽ സബ്സിഡി കൊണ്ടുവന്നാൽ അവർക്ക് വീട് നിർമ്മിച്ചു നൽകാൻ കഴിയും. അല്ലാതെ വാശിപിടിച്ച് ഇങ്ങനെയേ നടപ്പിലാക്കു എന്നുപറഞ്ഞാൽ ഇത് പ്രാവർത്തികമാകുകയില്ല. അത് ചെയ്യണം.

മറ്റൊരു ഗുരുതരമായ വിഷയം, പട്ടികജാതി മേഖലയിലുണ്ട്. ലൈഫ് പാർപ്പിട പദ്ധതിയുടെ മാനദണ്ഡം ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും തുല്യമാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനത്തിനനുസരിച്ച്, ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് വീട് നൽകാമായിരുന്നു. അങ്ങനെയുള്ള അപേക്ഷകരുള്ള സ്ഥലത്ത് ഒരു പഞ്ചായത്തിൽ പത്ത്/ ആറ് വീട് എന്ന രീതി ലൈഫിന്റെ മാനദണ്ഡമനുസരിച്ച് വന്നു. അങ്ങനെ വന്നപ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. മുഴുവൻ ആളുകൾക്കും വീട് നൽകാൻ കഴിയുന്ന ഫണ്ട് വകുപ്പുമായി ബന്ധപ്പെട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരെ ലൈഫ് മാനദണ്ഡത്തിൽ നിന്നും മാറ്റി പഞ്ചായത്തിലെ മുഴുവൻ അർഹതപ്പെട്ടവർക്കും വീട് നൽകാൻ കഴിയുന്ന രീതിയിലേയ്ക്ക് ക്രമീകരിച്ചില്ലെങ്കിൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒന്നോ രണ്ടോ അല്ലെങ്കിൽ പത്തിൽ താഴെ ആളുകൾക്കുമാത്രമേ വീട് നിർമ്മിച്ച് നൽകാൻ കഴിയുകയുള്ളൂ. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ലൈഫിന്റെ മാനദണ്ഡത്തിൽനിന്നും മാറ്റിയാൽ ആ മേഖലയിലെ മുഴുവൻ പ്രശ്നവും പരിഹരിക്കാൻ കഴിയും. ഇത് എല്ലാവരെയും ബുദ്ധിമുട്ടിലാക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ലൈഫ് മാനദണ്ഡത്തിൽനിന്നും മാറ്റി അർഹരായ മുഴുവൻ ആളുകൾക്കും വീട് – നിർമ്മിച്ച് നൽകാൻ കഴിയുന്ന രീതിയിൽ ഇത് കൊണ്ടുപോകണം. മറ്റൊരു കാര്യം, പട്ടയവുമായി ബന്ധപ്പെട്ടുള്ളതാണ്. ഇപ്പോൾ തൃശ്ശൂർ ജില്ലയിൽ, ശ്രീ. ബി. ഡി. ദേവസ്സി ഉൾപ്പെടെ ഞങ്ങൾ എല്ലാവരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തു. ആ യോഗത്തിൽ ഒരു മാസംകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തി പട്ടയം നൽകണമെന്ന് തീരുമാനമെടുത്തിരുന്നു. തൽസ്ഥിതി തുടരുകയാണ്. ചില ഭാഗങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി. പക്ഷേ പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. പട്ടയം ലഭിക്കാത്തവരെ സംബന്ധിച്ച് ഇത് വളരെ ഗുരുതരമായ വിഷയമാണ്. ജോയിന്റ് വേരിഫിക്കേഷൻ നടത്തി അർഹതയുള്ളവർക്ക് പട്ടയം നൽകാൻ കഴിഞ്ഞാൽ ഈ വിഷയം പരിഹരിക്കാൻ കഴിയും.

പെൻഷനുമായി ബന്ധപ്പെട്ട് ഗുരുതരമായ പ്രശ്നമാണുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പത്ത് ലക്ഷത്തോളം ആളുകളെ ഒഴിവാക്കുന്നതായി പറഞ്ഞു. അടിയന്തരമായി അതിനൊരു കൃത്യത വരുത്തി പെൻഡിംഗിലുള്ളവർക്കും സൈറ്റ് ബ്ലോക്കായതുകൊണ്ട് നൽകാൻ സാധിക്കാത്തവർക്കും പെൻഷൻ നൽകണം. ചെമ്മീൻ പിടിക്കുമ്പോൾ റസ്ക് പൊടി ഇടുന്നതുപോലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുന്നതിന്റെ തലേദിവസം വോട്ടിനുവേണ്ടി ഒരു മാസത്തേയ്ക്ക് പെൻഷൻ നൽകുന്ന രീതിയിലേക്ക് പോകരുത്. ദയവു ചെയ്ത് അടിയന്തരമായി അർഹരല്ലാത്തവരെ മാറ്റി അർഹരായവരെ ഉൾപ്പെടുത്തി മുഴുവൻ ആളുകൾക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് വിനോദ നികുതിയും പരസ്യ നികുതിയും ഇല്ലാത്തതിനാൽ ഓരോ വർഷവും 15 ശതമാനം തുക നൽകുമെന്ന് പറഞ്ഞിരുന്നു. ആ തുക ലഭിക്കാത്തതിനാൽ പഞ്ചായത്തിന്റെ ഓൺ ഫണ്ടിനകത്ത് ധാരാളം പ്രശ്നങ്ങളുണ്ട്. അതും അടിയന്തരമായി പരിഹരിക്കേണ്ടതാണ്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് എം.എൽ.എ.-മാർ വികസന പ്രവർത്തനങ്ങൾ ചെയ്ത് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ തവണ 5 കോടി രൂപയായിരുന്നു ആസ്തി വികസന ഫണ്ടായി നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ അതേ റേറ്റല്ല നിലവിലുള്ളത്. റേറ്റുകൾ മുഴുവൻ മാറി. എസ്റ്റിമേറ്റിന്റെ നിരക്കിൽ വലിയ വ്യത്യാസമുണ്ടായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി പറഞ്ഞതുപോലെ നമ്മളെല്ലാവരും മെക്കാഡം ടാറിംഗാണ് നടത്തുന്നത്. ഒരു കിലോമീറ്റർ റോഡ് ടാർ ചെയ്യാൻ 70 ലക്ഷം രൂപ വേണം. ഒരു കോടി രൂപയുണ്ടായാൽ മാത്രമേ ഒരു കിലോമീറ്റർ നന്നായി ടാർ ചെയ്യാൻ കഴിയുകയുള്ളൂ. ആസ്തി വികസന ഫണ്ടിന്റെ ചെലവ് കൂടി, ഫണ്ട് കൂട്ടിയിട്ടില്ല. അത് വർദ്ധിപ്പിക്കണം. ഫ്ലഡുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാനുണ്ട്. ബഹുമാന്യനായ റവന്യൂ വകുപ്പ് ചോദിക്കുന്നതുപോലെ ഫണ്ട് നൽകുന്നുണ്ട്. പക്ഷെ ഫ്ലഡുമായി ബന്ധപ്പെട്ട വർക്കുകൾ ഏറ്റെടുക്കാൻ ആരും തയ്യാറാകുന്നില്ല. ഫ്ളഡ് വർക്കിനുള്ള സംഖ്യ ആസ്തിവികസന ഫണ്ടിന്റെ മോഡലിൽ നൽകിയാൽ തുക അടിയന്തരമായും ലഭിക്കുമെന്ന് അവർക്ക് മനസ്സിലാകുകയും അതുമായി ബന്ധപ്പെട്ട വർക്കുകൾ ഏറ്റെടുക്കാൻ അവർ തയ്യാറാകുകയും ചെയ്യും. ശ്രീ. മുരളി പെരുനെല്ലി നെല്ലുമായി ബന്ധപ്പെട്ട കാര്യം സൂചിപ്പിച്ചു. അത് സഹകരണ സംഘങ്ങൾ ഏറ്റെടുക്കണമെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വെളിച്ചെണ്ണയ്ക്കും പാലിനും ഉൽപ്പാദന ബോണസ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

12.00 Noon]

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഈ ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. നാട്ടിൽ നല്ലത് നടന്ന രണ്ട് വർഷങ്ങൾ പരിഗണിച്ചാൽ ഇവിടെയിരിക്കുന്ന പ്രതിപക്ഷകക്ഷികൾപോലും ഈ സർക്കാരിനെ പിന്താങ്ങേണ്ട സവിശേഷ ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇടതുപക്ഷ സർക്കാരിന്റെ പ്രകടനപ്പത്രികയിൽ പറഞ്ഞ ഓരോ കാര്യവും നിറവേറ്റാൻ കഴിഞ്ഞ ചാരിതാർത്ഥ്യബോധത്തിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ 2015-16 ബജറ്റ് ചെലവ് 87,032 കോടി രൂപയായിരുന്നു. ഇത് 2017-18 ആയപ്പോൾ 1,11,352 കോടി രൂപയായി ഉയർന്നു. 2018-19-ലെ ബജറ്റ് കണക്കുകൾ പ്രകാരം 1,27,093 കോടി രൂപയായി ഉയരുകയാണ്. പ്രകടനപ്പത്രികയിലെ വാഗ്ദാനങ്ങൾക്കനുസരിച്ച് പണം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ വർദ്ധനവുണ്ടായത്. വികസന മേഖലകളിലെ ചെലവ് 2017-18-ൽ 44,000 കോടി രൂപയായും കാർഷികമേഖലയിലെ ചെലവ് 4,380 കോടി രൂപയിൽ നിന്നും 6,678 കോടി രൂപയായും ആരോഗ്യമേഖലയിൽ 5,500 കോടി രൂപയിൽ നിന്നും 7,500 കോടി രൂപയായും വിദ്യാഭ്യാസമേഖലയിൽ 14,100 കോടി രൂപയിൽ നിന്നും 20,000 കോടി രൂപയായും ഉയർന്നു. ഇത് ഇടതുപക്ഷ സർക്കാരിന്റെ പ്രവർത്തനത്തിന്റെ വിജയസൂചികയായി കണക്കാക്കാവുന്നതാണ്. ഇക്കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് സാമൂഹ്യ സുരക്ഷാപെൻഷനുകൾക്കായി 9270.10 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ കഴിഞ്ഞ രണ്ട് വർഷം കൊണ്ടുമാത്രം ഈ ജനകീയ സർക്കാർ ചെലവഴിച്ചത് പതിനായിരത്തിലധികം കോടി രൂപയാണ്. ഭക്ഷ്യ-പൊതുവിതരണം, നെല്ല് സംഭരണം തുടങ്ങിയ അടിസ്ഥാനമേഖലകളിലെല്ലാം ബജറ്റ് ചെലവ് ഗണ്യമായി ഉയർന്നു. കെ.എസ്.ആർ.ടി.സി.ക്ക് മാത്രം ആയിരം കോടി രൂപയാണ് സർക്കാർ നൽകുന്നത്. വർദ്ധിച്ച ഈ ചെലവുകൾ തടസ്സമില്ലാതെ നിർവ്വഹിക്കണമെങ്കിൽ ഇരുപത് ശതമാനം സാമ്പത്തിക വളർച്ച ഉണ്ടായേ മതിയാകൂ. 2006-2011-ലെ ഇടതുപക്ഷ സർക്കാർ സാമ്പത്തിക വളർച്ച കൈവരിച്ചത് ഏകദേശം ഇരുപത് ശതമാനമായിരുന്നു. എന്നാൽ അതിനുശേഷമുള്ള യു.ഡി.എഫ്. സർക്കാർ വരുമാന വളർച്ച പത്ത് ശതമാനത്തിൽ ഒതുക്കുകയായിരുന്നു. ഈ സർക്കാരിന്റെ ആദ്യവർഷം ഉയർന്ന സാമ്പത്തികവളർച്ച രേഖപ്പെടുത്തിയെങ്കിലും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ അടിമുടി തകർത്ത നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവ മോദി സർക്കാർ കൊണ്ടുവന്നത് മറ്റ് സംസ്ഥാനങ്ങളിലേതുപോലെ തന്നെ നമ്മുടെ ഈ കൊച്ചുകേരളത്തിലും അപ്രതീക്ഷിതമായ തിരിച്ചടിയായി. എങ്കിലും 2017-18-

ലെ വരുമാന വളർച്ച 14 ശതമാനമായി ഉയർത്തുവാൻ കഴിഞ്ഞത് ഡോ. ടി. എം. തോമസ് ഐസക്കിന്റെ പാണ്ഡിത്യപൂർണ്ണമായ ഇടപെടലുകൾ കാരണമാണ്. ധനകാര്യ വകുപ്പിൽ മാത്രമല്ല, എല്ലാ വകുപ്പുകളിലും ഇത്തരത്തിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

കൃഷിയുടെ കാര്യം പരിഗണിച്ചാൽ, കഴിഞ്ഞ ഒരു വർഷം മാത്രം 4 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് അധികമായി കേരളത്തിൽ ഉൽപ്പാദിപ്പിച്ചത്. വിവിധ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് 55,296 പേർക്ക് പട്ടയം നൽകി. 72,334 പട്ടയ കേസുകൾ തീർപ്പാക്കി. മൃഗപരിപാലന രംഗത്ത് പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള സമ്പൂർണ്ണ ശ്രമം നടന്നു. പാൽ സംഭരണത്തിലും ഉൽപ്പാദനത്തിലും കഴിഞ്ഞ സാമ്പത്തികവർഷം സർവ്വകാല റെക്കോർഡാണ് കൈവരിച്ചത്. മുൻസർക്കാർ കൈവരിച്ച പരിസ്ഥിതി വിരുദ്ധവും ജനവിരുദ്ധവുമായ എല്ലാ ഉത്തരവുകളും പുനഃപരിശോധിക്കും. ചില ഉത്തരവുകൾ റദ്ദാക്കി, മറ്റ് ചിലത് ഭേദഗതി വരുത്തി. കയർ മേഖലയിൽ സമൂലമായ മാറ്റം വരുത്തി കയർ ഭൂവസ്ത്ര നിർമ്മാണം നടപ്പിലാക്കിയത് ഈ രംഗത്ത് പുത്തൻ ഉണർവ്വുണ്ടാക്കി. കയർ ഉൽപ്പാദനത്തിലും സംഭരണത്തിലും 75 ശതമാനം വളർച്ചയാണ് കഴിഞ്ഞ വർഷമുണ്ടായത്. എൻ.സി.ഡി.സി. (National Co-operative Development Corporation) 200 കോടി രൂപയുടെ ധനസഹായമാണ് കയർ മേഖലയ്ക്ക് അനുവദിച്ചത്. ഇത്തരത്തിൽ ശരിയായ ദിശയിൽ എൽ.ഡി.എഫ്. സർക്കാർ മുന്നേറുകയാണ്. ജനങ്ങളുടെ നല്ല പിന്തുണ സർക്കാരിനുണ്ടെന്ന് ചെങ്ങന്നൂരിലെ ഉപതെരഞ്ഞെടുപ്പ് ഫലം അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയാണ്. ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ കടലാക്രമണ അനുയോജ്യമായ സുരക്ഷിത മേഖലയിൽ മാറ്റി താമസിപ്പിക്കാനുള്ള പത്ത് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നടന്നുവരുകയാണ്. ഇതിനുവേണ്ടി 150 കോടി രൂപയാണ് ഈ വർഷം നീക്കിവച്ചിരിക്കുന്നത്. എന്നാൽ കേരളത്തിന്റെ വിശാലമായ കടൽതീരത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂടുതൽ തുക ചെലവ് ചെയ്യേണ്ട സാഹചര്യമാണുള്ളത്. ഇന്ത്യയുടെ അതിർത്തി സംരക്ഷിക്കുക എന്ന അർത്ഥത്തിൽത്തന്നെ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ സമീപനം ഒട്ടും അനുകൂലമല്ല. വീട്, കടൽഭിത്തി, ജിയോ ട്യൂബ് എന്നിവ നിർമ്മിക്കുന്നതിന് കൂടുതൽ പണം അനുവദിക്കേണ്ടതുണ്ട്. കേരള സർക്കാർ മത്സ്യത്തൊഴിലാളികളുടെയും കടൽത്തീരത്ത് അധിവസിക്കുന്ന മറ്റ്

ജനവിഭാഗങ്ങളുടെയും വീടിനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയുന്ന തരത്തിൽ അടിയന്തരമായി ഒരു പാക്കേജ് പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഏറ്റവും വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ, ഔദ്യോഗികതലത്തിലെ മറ്റ് കുഴപ്പങ്ങളെല്ലാം അവസാനിപ്പിച്ച്, ഏറ്റവും വേഗത്തിൽ ഇത് അർത്ഥപൂർണ്ണമാക്കാൻ കഴിയുന്ന നടപടികളും ഇക്കാര്യത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും ഫിഷറീസ് വകുപ്പുമന്ത്രിയോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും എടുത്തുകാട്ടുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എത്ര വലിയ ഭാവനാസമ്പൂർണ്ണമായ പദ്ധതിയാണ്. കേവലം പ്രഖ്യാപനങ്ങൾക്കുപരിയായി, പറയുന്നത് സംഭവിക്കുന്ന ഒരു അസുലഭ ഭാഗ്യമാണ് ഈ രംഗത്തുണ്ടായിരിക്കുന്നത്. അനാദായകരമായ സ്കൂളുകൾ എന്ന പേരിൽ അടച്ചുപൂട്ടൽ ഭീഷണി നേരിട്ട പൊതുവിദ്യാഭ്യാസ മേഖല ഇപ്പോൾ തിരിച്ചുവരവിന്റെയും പുത്തൻഉണർവ്വിന്റെയും പാതയിലാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ ഭരണകാലത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ നിന്നും സ്വകാര്യമേഖലയിലേയ്ക്ക് പോയ വിദ്യാർത്ഥികൾ കൂട്ടത്തോടെ തിരിച്ച് വന്നുകൊണ്ടിരിക്കുന്നു. ഇതാണ് യഥാർത്ഥത്തിലുള്ള വിദ്യാഭ്യാസ വിപ്ലവം; ഇതാണ് യഥാർത്ഥത്തിലുള്ള വസന്തത്തിന്റെ ശരിയായ ഇടിമുഴക്കം. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശോധിച്ചുനോക്കുക; എത്രയോ ശക്തമായ ചുവടുറപ്പോടുകൂടിയാണ് മുന്നോട്ടുനീങ്ങുന്നത്. സുസ്ഥിര വികസനത്തിന്റെ (sustainable development) പുതിയ കാഴ്ചപ്പാടിലേയ്ക്ക് വികസന മുൻഗണനകൾ മാറുകയാണ്. നേട്ടങ്ങളിൽ നിന്നും നേട്ടങ്ങളിലേയ്ക്ക് ഉയരുന്ന, ഏറ്റവും അവസാനം നികുതി പിരിവ് ഉൾപ്പെടെയുള്ള വിഭവ സമാഹരണത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എത്ര മുന്നോട്ടുപോയി എന്ന് നമുക്ക് പരിശോധിച്ചാൽ അഭിനന്ദിക്കാതിരിക്കാൻ സാധിക്കില്ല. അത്രമാത്രം ഇക്കാര്യത്തിലൊക്കെ വളർച്ചയുണ്ടാകുന്ന സ്ഥിതിയാണ്. ഒരു വശത്ത് സംസ്ഥാന സർക്കാർ അകമഴിഞ്ഞ് പണിയെടുക്കുമ്പോൾ മറുവശത്ത് കേന്ദ്ര സർക്കാർ മുച്ചൂടും മുടിപ്പിക്കുന്ന നയം സ്വീകരിക്കുന്നത് കാണാതിരിക്കാൻ കഴിയില്ല. രാജ്യത്തെ കർഷകരെ പട്ടിണിയിലേയ്ക്ക് തള്ളിവിടുന്നു. അവരെല്ലാം കൃഷി ഉപേക്ഷിച്ച് സമരത്തിനിറങ്ങുന്നു. നമ്മുടെ സമ്പദ്‌വ്യവസ്ഥ താറുമാറാക്കുന്നു. വിദേശരാജ്യത്ത് വിരുന്നിനുപോയ ശ്രീ. നരേന്ദ്ര മോദി ഇതുവരെ തിരിച്ചെത്തിയിട്ടില്ല. സംഘ്പരിവാർ അതിന്റെ വർഗ്ഗീയ അജണ്ട നടപ്പാക്കുന്നു. ആർ.എസ്.എസ്. അതിന്റെ ചരിത്രം തിരുത്തിക്കുറിക്കുന്നതിനൊക്കെയുള്ള നിരവധി പരിപാടികൾ നടത്തുമ്പോൾ വികസനത്തിന്റെ, പ്രതിബദ്ധതയുടെ, ജനക്ഷേമത്തിന്റെ രണ്ട് വർഷങ്ങളാണ് നാം

പിന്നിടുന്നത്. നേട്ടങ്ങളുടെ വെളിച്ചത്തിന് കൂടുതൽ തെളിച്ചം നൽകുന്നതാകണം മൂന്നാം വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെന്ന് ആത്മാർത്ഥമായി ആശംസിക്കട്ടെ. 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനയായി 1690.47 കോടി രൂപയുടെ ഡിമാന്റാണ് ഇവിടെ ചെയ്തിരിക്കുന്നത്. പ്ലാൻ ഇനത്തിൽ 1592.77 കോടി രൂപയും നോൺപ്ലാൻ ഇനത്തിൽ 104.24 കോടി രൂപയുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ചെങ്ങന്നൂരിന്റെ പ്രിയപ്പെട്ട മുൻ എം.എൽ.എ. കെ. കെ. രാമചന്ദ്രൻ നായരുടെ ഓർമ്മയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. വളരെയേറെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നത്. അപ്രതീക്ഷിതമായ ഒരു തെരഞ്ഞെടുപ്പ്, കേരളത്തിലെ യു.ഡി.എഫ്. നേതൃത്വമാകെ അണിനിരന്ന ഒരു തെരഞ്ഞെടുപ്പ്. ബഹുമാന്യനായ ഉമ്മൻ ചാണ്ടി ജനിച്ച സ്ഥലം, ശ്രീ. രമേശ് ചെന്നിത്തല ജനിച്ച സ്ഥലം, ഏറ്റവും കൂടുതൽ ഭൂരിപക്ഷം എനിക്ക് ലഭിച്ചത് ആ രണ്ട് ബൂത്തുകളിൽ നിന്നുമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം രണ്ട് വർഷം പിന്നിടുമ്പോൾ അഴിമതിരഹിതമായ, വികസനോന്മുഖമായ നവകേരളം സൃഷ്ടിക്കാനുള്ള ഒരു ജനകീയ പ്രവർത്തനത്തിന് ഈ സർക്കാർ നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയും ആർദ്രം പദ്ധതിയും പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയും ഹരിത കേരളവും സമാനതകളില്ലാത്ത നിലയിൽ കേരളത്തിൽ നടപ്പാക്കാൻ ഈ സർക്കാരിന് കഴിയുന്നുവെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ രണ്ട് വർഷമായി നടന്നുവരുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളും സുതാര്യമായും കാര്യക്ഷമമായും ജനോപകാരപ്രദമായും നടപ്പാക്കാൻ ഈ സർക്കാരിന് കഴിയുന്നുവെന്നത് ഏറ്റവും അഭിമാനകരമായ കാര്യമാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പ്രൊഫഷണൽ സമീപനത്തിന്റെ അടിസ്ഥാനത്തിൽ സംശുദ്ധിയോടെ സ്വീകരിച്ച നടപടിയുടെ ഭാഗമായി ലാഭകരമായ നിലയിലേയ്ക്ക് മാറ്റപ്പെടുന്നുവെന്നത് നമ്മുടെ നല്ല നേട്ടമായി തന്നെ കാണണം. പരമ്പരാഗത വ്യവസായങ്ങളെല്ലാം യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് തകർന്നടിഞ്ഞു. കയറും കശുവണ്ടിയും കൈത്തറിയും ഖാദിയും മത്സ്യമേഖലയും ചെത്തുമേഖലയുമെല്ലാം ഇന്ന് ഉണർന്ന് ഒരു പുനർജീവൻ വച്ചുവെന്ന് പറയുമ്പോൾ ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ അതിനെ കാണുകയാണ്. പൊതുവിദ്യാഭ്യാസ രംഗത്താണ് ഏറ്റവും വലിയ മാറ്റം വന്നിട്ടുള്ളത്. ഇവിടെ സഹപ്രവർത്തകരായ ചില യു.ഡി.എഫ്. അംഗങ്ങൾ പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് ആക്ഷേപിച്ച്

സംസാരിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഈ രണ്ട് വർഷത്തിനിടയിൽ നാല് ലക്ഷം കുട്ടികളാണ് പുതിയതായി പൊതുവിദ്യാഭ്യാസ മേഖലയിൽ എത്തിയത്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷത്തിനിടയിൽ ആകെയുള്ള കുട്ടികളുടെ എണ്ണത്തിൽ ആദ്യമായി വർദ്ധനവ് വന്ന വർഷമാണെന്ന് അഭിമാനത്തോടെ പറയാൻ നമുക്ക് സാധിക്കും.

പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ശ്രദ്ധാപൂർവ്വമായ ഇടപെടലാണ് ഈ സർക്കാർ നടത്തിയത്. അതിൽ എടുത്തുപറയേണ്ടതാണ് കോളനി നവീകരണം. ഭൂമി, വീട് തുടങ്ങി ജനവിഭാഗങ്ങൾക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുന്ന നടപടികൾ തീർച്ചയായും ഈ സർക്കാരിന്റെ ഭരണകാലത്ത് വന്നുകൊണ്ടിരിക്കുന്നു. കെ.എസ്.ആർ.ടി.സി.യിലെ മാറ്റം, നിപാ വൈറസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്ത രീതി, പൊതുമരാമത്ത് വകുപ്പ് കേരളമാകെ നടത്തുന്ന സുതാര്യവും അഴിമതി വിരുദ്ധവുമായ പ്രവർത്തനങ്ങൾ, രജിസ്ട്രേഷൻ മേഖലയിലെ മുന്നേറ്റങ്ങൾ, പുതിയതായി ആയിരക്കണക്കിന് ഹെക്ടർ സ്ഥലത്ത് കൃഷി, വിഷരഹിത ജൈവകൃഷി, സംയോജിത കൃഷി, ഇതിന്റെ നേട്ടങ്ങൾ, ക്ഷീരമേഖലയിലെ സ്വയം പര്യാപ്തത, ക്രമസമാധാനരംഗത്ത് രാജ്യത്തെ ഏറ്റവും നല്ല സംസ്ഥാനം എന്ന നിലയിൽ അതിനുള്ള മികച്ച സംസ്ഥാന അവാർഡ് ലഭിച്ച ഒരു കാലഘട്ടം, ലോക കേരള സഭ നടത്തിക്കൊണ്ട് പ്രവാസികൾക്ക് നല്ല നിലയിലുള്ള പിന്തുണ നൽകിയ ഒരു കാലം, തണ്ണീർത്തട സംരക്ഷണം ശക്തിപ്പെടുത്തിയ ഒരു കാലം, ജനകീയാസൂത്രണ പ്രസ്ഥാനം ഏറ്റവും നല്ല നിലയിൽ കാര്യക്ഷമമായി നടപ്പിലാക്കിയ ഒരു കാലം എന്നിങ്ങനെ മൊത്തത്തിൽ പരിശോധിച്ചാൽ കേരളം വലിയൊരു മുന്നേറ്റത്തിന്റെ തുടക്കം കുറിച്ചിരിക്കുകയാണ്. 2016-ലെ തെരഞ്ഞെടുപ്പിൽ അഭിമാനകരമായ ഭൂരിപക്ഷത്തോടുകൂടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നത്. യു.ഡി.എഫ്.ഉം ബി.ജെ.പി.യും വല്ലാതെ ആർത്തിപൂണ്ടാണ് ഈ രണ്ടുവർഷക്കാലം എല്ലാത്തരത്തിലുള്ള കള്ളപ്രചരണങ്ങളും കേരളത്തിൽ നടത്തിയത്. ഒന്നാലോചിച്ച് നോക്കൂ, എവിടെയെങ്കിലും ഒരു നേട്ടം അവർക്കുണ്ടായോ? വേങ്ങര തെരഞ്ഞെടുപ്പ് നടന്നു; ഇടതുപക്ഷം കുറെക്കൂടി മുന്നേറി. പഞ്ചായത്ത് ബൈ ഇലക്ഷനിൽ ഇടതുപക്ഷം നല്ല മുന്നേറ്റം നടത്തി. അപ്പോൾ ഇവർ ശ്രീ. പിണറായി വിജയനെപ്പറ്റി വ്യക്തിപരമായി ആക്ഷേപിക്കുന്ന കള്ളപ്രചരണങ്ങൾ നടത്തി. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷത്തിൽ ജയിക്കുമെന്ന് പ്രചരണം നടത്തിയെന്ന് മാത്രമല്ല എന്തെല്ലാമാണ് അവിടെ ചെയ്തത്; ജാതി രാഷ്ട്രീയം - കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കൽപ്പോലും ഉണ്ടാകാത്ത നിലയിലുള്ള വർഗ്ഗീയ രാഷ്ട്രീയമല്ലേ യു.ഡി.എഫ്. അവിടെ

കൈകാര്യം ചെയ്തത്; വർഗ്ഗീയ രാഷ്ട്രീയം ഇളക്കിവിടാൻ അനുയോജ്യനായ ഒരു സ്ഥാനാർത്ഥിയെ നിശ്ചയിച്ച ആ ബുദ്ധിയെയാണ് കേരളത്തിലെ ജനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തിയത്. വ്യക്തിഹത്യ എത്ര ആസൂത്രിതമായി ഇവർ നടത്തി. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞല്ലോ; മുൻ എം.എൽ.എ., ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുപോയ അദ്ദേഹത്തെപ്പോലും ആക്ഷേപിക്കുന്ന പ്രസിദ്ധീകരണം ഇറക്കിയില്ലേ ഇവർ? ജാതി അടിസ്ഥാനത്തിൽപ്പെട്ട നേതാക്കൾ, മഹത്തായ നേതാക്കളാണെന്നല്ലേ ഇവർ പറയുന്നത്; ഓരോ ജാതി വിഭാഗത്തിൽപ്പെടുന്ന നേതാക്കന്മാർ ആ ജാതിയിൽപ്പെട്ടവരുടെ യോഗമല്ലേ എല്ലാ കേന്ദ്രത്തിലും വിളിച്ചുചേർത്തത്? കേരള ചരിത്രത്തിൽ ഇല്ലാത്ത നിലയിലുള്ള പ്രവർത്തനങ്ങളാണ് യു.ഡി.എഫ്. ആ മണ്ഡലത്തിൽ നടത്തിയത്. ബഹുമാനപ്പെട്ട എ. കെ. ആന്റണി ആ മണ്ഡലത്തിൽ വന്നിട്ട് പറഞ്ഞതെന്താണ്; ആർ.എസ്.എസ്.-ബി.ജെ.പി. വോട്ടുകൾ പരസ്യമായി നൽകണമെന്ന് അഭ്യർത്ഥിക്കുന്ന സ്ഥിതിയിലേക്ക് യു.ഡി.എഫ്. അധഃപതിച്ചുപോയി. സർക്കാരിനെതിരെ എന്തെല്ലാം നുണകൾ പ്രചരിപ്പിച്ചു. മാധ്യമങ്ങളുടെ സഹായത്തോടുകൂടി ഏതെല്ലാം തരത്തിലുള്ള അധമമായ പ്രചരണങ്ങളാണ് അവിടെ നടത്തിയത്. തെരഞ്ഞെടുപ്പ് ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്ഷേപിച്ചുകൊണ്ട് 11 മണി മുതൽ എല്ലാ മാധ്യമങ്ങളുടെയും സഹായത്തോടുകൂടി ഇടതുപക്ഷത്തെ തോൽപ്പിക്കാൻ വേണ്ടി നടത്തിയ കുത്സിതശ്രമം ഇന്ന് പകൽ പോലെ പുറത്തുവന്നില്ലേ; ആ കുത്സിതശ്രമത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് മുൻ മുഖ്യമന്ത്രിയുടെ സ്വകാര്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരുന്ന ഒരു പോലീസുദ്യോഗസ്ഥനാണെന്ന് ഇപ്പോൾ പുറത്തുവന്നിരിക്കുന്നില്ലേ? ഇവർ എത്രമാത്രം നീചമായി, അധഃപതിച്ച നിലയിലാണ് എത്തിച്ചേർന്നതെന്ന് ആലോചിക്കണം. ഇതിനെയൊക്കെ അവഗണിച്ചുകൊണ്ടാണ് ചെങ്ങന്നൂരിലെ ജനങ്ങൾ വോട്ട് ചെയ്തത്. ചെങ്ങന്നൂരിലെ ജനങ്ങൾ വോട്ട് ചെയ്തത് അവിടെയുള്ള എന്തെങ്കിലും പ്രത്യേക പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ധരിക്കരുത്. യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ തെരഞ്ഞെടുപ്പ് പ്രചാരണത്തെപ്പറ്റി പറയുന്നത് ഒരു പ്രത്യേക വിഭാഗത്തിന്റെ വോട്ട് സജി ചെറിയാന് ലഭിച്ചുവെന്നാണ്. പിന്നെ പറയുന്നത് ചെറിയാന്റെ ഇഫക്ട്, രാഷ്ട്രീയ പരാജയമല്ല. യു.ഡി.എഫ്. സംഘടനയ്ക്ക് ഒരു ചെറിയ ദൗർബല്യം ഉണ്ടായിരുന്നു; അതുകൊണ്ടാണ് സംഭവിച്ചത്. സ്ഥാനാർത്ഥി നിർണ്ണയം ചെറിയ തോതിൽ ഒന്ന് പാളിപ്പോയി, അതുകൊണ്ടാണ് സംഭവിച്ചത്. പിന്നെ യു.ഡി.എഫ്.നകത്ത് ചിലരൊക്കെ കാലുവാരി, അതുകൊണ്ടാണ് തോറ്റത്. ഇതൊക്കെയാണോ വസ്തുത; അവിടെ എല്ലാ വിഭാഗം ജനങ്ങളും ഇടതുപക്ഷത്തിന് വോട്ട് ചെയ്തിരിക്കുന്നുവെന്ന് മനസ്സിലാക്കണം.

പ്രത്യേക വിഭാഗത്തിന്റെ പേര് പറയുമ്പോൾ കോൺഗ്രസ്സിന് വോട്ട് ചെയ്തത് ആരാണ്; ആ പ്രത്യേക വിഭാഗത്തെ ബോധപൂർവ്വം ആക്ഷേപിക്കുകയല്ലേ? എല്ലാ ജാതി-മത വിഭാഗത്തിൽപ്പെട്ടവരും കക്ഷി രാഷ്ട്രീയത്തിൽപ്പെട്ടവരും ഇടതുപക്ഷത്തിന് വോട്ട് ചെയ്തുവെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മനസ്സിലാക്കേണ്ടത്, ചെങ്ങന്നൂരിലും കേരളത്തിലും ഇടതുപക്ഷ മുന്നണി സർക്കാർ നടത്തിയ വികസന പ്രവർത്തനങ്ങൾക്കുള്ള പിന്തുണയാണിത്. 10 വർഷക്കാലം ചെങ്ങന്നൂർ മണ്ഡലത്തെ തിരിഞ്ഞുനോക്കാത്ത യു.ഡി.എഫ്., ശ്രദ്ധിക്കാത്ത സർക്കാർ, അതിന് പരിഹാരം കണ്ടുകൊണ്ട് ഇക്കഴിഞ്ഞ 2 വർഷക്കാലം ഈ സർക്കാർ 750 കോടി രൂപയുടെ വികസനമാണ് നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് മാത്രം 420 കോടി രൂപയുടെ വികസനപ്രവർത്തനം നടത്തി. ഇതിന്റെയെല്ലാം ഫലമായി, കേരളത്തിലാകെ നടക്കുന്ന വികസന മുന്നേറ്റത്തിന്റെ ഭാഗമായി, നവകേരള സൃഷ്ടിയുടെ ഭാഗമായിട്ടാണ് ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ വോട്ട് ചെയ്തത്. അതുപോലെതന്നെ ജാതി രാഷ്ട്രീയം ജനങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒരു വോട്ടായി ഇതിനെ കാണണം. ആർ.എസ്.എസ്.-ബി.ജെ.പി. വോട്ട് വാങ്ങാൻ പുറകെ നടന്നതിന്റെ തിരിച്ചടിയായി ഈ തെരഞ്ഞെടുപ്പിനെ കാണേണ്ടതായിട്ടുണ്ട്. 2006-ലെ തെരഞ്ഞെടുപ്പിൽ ഞാൻ മത്സരിച്ചയാളാണ്. ബി.ജെ.പി.ക്ക് പതിനയ്യായിരം വോട്ടുണ്ടായിരുന്ന മണ്ഡലത്തിൽ 3000 വോട്ടായി കുറഞ്ഞതിന്റെ പിന്നിൽ, പന്തീരായിരം വോട്ട് വാങ്ങി ജയിച്ച യു.ഡി.എഫ്. ആണ് വോട്ട് കച്ചവടത്തിനു പുറകെ പോയതെന്ന വസ്തുത മറന്നുപോകരുത്. 2011-ലെ തെരഞ്ഞെടുപ്പിലും ബി.ജെ.പി.-യുടെ വോട്ട് പിടിച്ചു; കച്ചവടം ചെയ്തു വാങ്ങി. 2016-ൽ ശ്രമിച്ചു; പക്ഷേ ബി.ജെ.പി. കൊടുത്തില്ല. 2018-ൽ അതിനുവേണ്ടിയുള്ള എല്ലാ അടവുകളും പ്രയോഗിച്ചു; പക്ഷേ നടന്നില്ല. കേരളത്തിൽ വോട്ട് കച്ചവടത്തിന് നേതൃത്വം നൽകാൻ ശ്രമിക്കുന്ന യു.ഡി.എഫ്.ന് ഏറ്റ കനത്ത തിരിച്ചടിയാണ് ഈ തെരഞ്ഞെടുപ്പ്. മൃദു ഹിന്ദുത്വ കാർഡ് പ്രയോഗിക്കാൻ ഇറങ്ങിയതിന്റെ ഏറ്റവും ശക്തമായ തിരിച്ചടിയാണ് ഈ തെരഞ്ഞെടുപ്പിൽ ലഭിച്ചത്. എൽ.ഡി.എഫ്.ന്റെ വിശ്വാസ്യത കൂടിയിരിക്കുന്നു; സുതാര്യത കൂടിയിരിക്കുന്നു. ശ്രീ. പിണറായി വിജയൻ എന്ന കേരളത്തിന്റെ കരുത്തുറ്റ മുഖ്യമന്ത്രിയെ ഏത് അർത്ഥത്തിൽ ആക്ഷേപിച്ചാലും തകർക്കാൻ ശ്രമിച്ചാലും കേരളീയ സമൂഹം അംഗീകരിക്കില്ല എന്നതാണ് തെരഞ്ഞെടുപ്പിന്റെ ഉജ്ജ്വലമായ വിജയം. ഇവിടെ എൽ.ഡി.എഫ്. ഒറ്റക്കെട്ടാണ്. എൽ.ഡി.എഫ്.ന്റെ രാഷ്ട്രീയ മുന്നേറ്റമാണ് കേരളത്തിൽ നടക്കുന്നത്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ, ഞാൻ പറയുന്നു, 120

സീറ്റ് നേടിക്കൊണ്ടായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി തുടർ ഭരണം നടത്താൻ പോകുന്നത്. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് യു.ഡി.എഫ്.-ന്റെ തകർച്ചയുടെ അവസാനത്തെ ആണിക്കല്ലടിക്കുന്നതായിരിക്കും. നിലപാടുകൾ, തെറ്റുകൾ, കുറ്റങ്ങൾ എന്നിവ തിരുത്താൻ അവർ തയ്യാറാകണം. ഭഗവദ്ഗീതയിൽ പറഞ്ഞൊരു കാര്യമുണ്ട്, കർമ്മം ചെയ്യുക; അതിന്റെ ഫലത്തെക്കുറിച്ച് ആലോചിക്കാതിരിക്കുക. ഇത് കർമ്മം ചെയ്യുന്ന ഒരു സർക്കാർ എന്ന നിലയിൽ തീർച്ചയായും അതിന്റെ ഫലം ലഭിക്കും. മഹാത്മാഗാന്ധിജിയുടെ ഒരു വാക്കുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. സകലമാലിന്യങ്ങളും തൂത്തുവാരി മനസ്സിനെ വൃത്തിയാക്കുന്ന ഒരു ചൂലാണ് കുറ്റസമ്മതം. 5 വർഷക്കാലം കേരളീയ സമൂഹത്തിൽ വലിച്ചെറിഞ്ഞ മാലിന്യങ്ങൾ തൂത്ത് വൃത്തിയാക്കാൻ, ഒരു കുറ്റസമ്മതം നടത്താൻ യു.ഡി.എഫ്. തയ്യാറാകേണ്ട സമയമാണ് ഇതെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 1697 കോടി രൂപയാണ് ഉപധനാഭ്യർത്ഥയിൽ ചോദിക്കുന്നത്. അതിൽ 1592.77 കോടി രൂപ പ്ലാൻ എക്സ്പെൻഡിച്ചറും 104.24 കോടി രൂപ നോൺ പ്ലാൻ എക്സ്പെൻഡിച്ചറുമാണ്. സർക്കാരിന്റെ 2 വർഷം പൂർത്തിയാകുമ്പോഴാണ് ഈ ഉപധനാഭ്യർത്ഥനകൾ വരുന്നതെന്നത് ശ്രദ്ധേയമാണ്. ഈ 2 വർഷത്തെ പ്രകടനം ഏറെ നിരാശാജനകമാണ്. മന്ത്രിമാരുടെ പ്രകടനത്തിന് മാർക്കിടാൻ പോകുകയാണെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അദ്ദേഹത്തിന് ആരാണ് മാർക്കിടുകയെന്നുള്ളത് മറ്റൊരു ചോദ്യമാണ്. ഇങ്ങനെ മാർക്കിട്ടാൽ അതിന്റെ റിസൽട്ട് പുറത്തുവിടാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ പുറത്തുവിട്ടാൽ എങ്ങനെ നോക്കിയാലും ഈ സർക്കാരിന് പാസ്സ് മാർക്ക് കിട്ടാൻ ഇടയില്ലായെന്നുള്ളതാണ് ഞങ്ങളുടെ നിഗമനം. കഴിഞ്ഞ സർക്കാരിന്റെ വികസന തുടർച്ചകൾപോലും നിങ്ങൾ ഇല്ലാതാക്കിയില്ലേ? ഉദാഹരണത്തിന്, എറണാകുളത്ത് ഇപ്പോൾ ചൂളം വിളിച്ച് ഓടിക്കൊണ്ടിരിക്കുന്ന മെട്രോയുടെ തുടർച്ചയായുള്ള ലൈറ്റ് മെട്രോ വികസന പദ്ധതി, പദ്ധതികളുടെ തുടർച്ചയായിരുന്നു. ആ ലൈറ്റ് മെട്രോ തലസ്ഥാന നഗരിയായ തിരുവനന്തപുരത്തും മലബാറിന്റെ തലസ്ഥാനമായ കോഴിക്കോടും നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ആ പദ്ധതിക്ക് തുടർച്ചയുണ്ടായില്ല. മലയാളത്തിന്റെ അഭിമാനമായ മെട്രോമാൻ ശ്രീ. ഇ. ശ്രീധരൻ അതുമായി ബന്ധപ്പെട്ട് സംസാരിക്കണമെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന് അവസരം നൽകിയില്ല. വല്ലാത്ത അപമാനിക്കലായിരുന്നു അത്. അപമാനം

സഹിക്കാൻ വയ്യാതെ ശ്രീ. ഇ. ശ്രീധരൻ അത് ഉപേക്ഷിച്ചുപോയത് നമ്മുടെ മുമ്പിലുണ്ട്. വികസന പദ്ധതികളെക്കുറിച്ചുള്ള ഇവരുടെ കാഴ്ചപ്പാടും അവസ്ഥയും അതാണ്. വെറുതെ വിടുവായിത്തം പറയാമെന്നല്ലാതെ രണ്ട് വർഷംകൊണ്ട് എന്ത് നടത്തിയെന്നാണ് പറയുന്നത്? ഏതെങ്കിലും ഒരു പുതിയ പദ്ധതിയെ സംബന്ധിച്ച്, കഴിഞ്ഞ 5 കൊല്ലക്കാലം ഈ സംസ്ഥാനത്തുണ്ടായിരുന്ന സ്വപ്ന പദ്ധതികളുമായി തട്ടിച്ചുപറയാൻ ഇടതുപക്ഷ സ്നേഹിതന്മാരെ വെല്ലു വിളിക്കുകയാണ്. ഏതെങ്കിലും ഒരു പ്രവൃത്തി നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുണ്ടോ? ഞങ്ങൾ തുടങ്ങിവച്ചതിന്റെ അവസ്ഥപോലും ഇതാണ്. വിഴിഞ്ഞം പദ്ധതി സമയത്തിന് പൂർത്തിയാകില്ലെന്ന കാര്യം ഇപ്പോൾ ഇവിടെ വ്യക്തമായിരിക്കുകയാണ്. ഇങ്ങനെയൊക്കെയാണെങ്കിലും, ഈ ഉപധനാഭ്യ ർത്ഥനയിൽ പോലീസുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ പറയാനുണ്ട്. കേരള പോലീസ് കേരളീയർക്ക് നാണക്കേടുണ്ടാക്കിയ ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വരാപ്പുഴ കസ്റ്റഡി മരണം നമ്മുടെ മുമ്പിലുണ്ട്. ആള് മാറി പിടിച്ചയാളെയാണ് നിഷ്ഠൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയത്. കെവിന്റെ മരണം നമുക്കൊക്കെ ഇന്നും ഹൃദയത്തിലൊരു നോവായി നിൽക്കുകയാണ്. അത് അവസാനം അന്വേഷിച്ച ഐ. ജി. എന്താണ് പറഞ്ഞത്? പ്രതികൾ പോലീസുമായി സംസാരിക്കുന്നത് രാജ്യത്തെ മാധ്യമങ്ങൾ പുറത്തുവിട്ടതാണ്. പക്ഷെ, അന്വേഷിച്ച ഐ. ജി. പറയുന്നത്, ആ പോലീസുകാർക്കൊന്നും ക്രിമിനൽ ലയബിലിറ്റി ഇല്ലെന്നാണ്. ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് പറഞ്ഞ് കേരളീയ സമൂഹത്തെ അപമാനിക്കുകയാണ്. അങ്ങനെ കെവിനിൽ തുടങ്ങി ആലുവയിലെ ഉസ്മാനിൽ നിൽക്കുകയാണ്. ഉസ്മാൻ നോമ്പ് നോറ്റുവെന്ന് പറഞ്ഞതാണ് വലിയൊരു കുഴപ്പമായത്. അതൊരു യാഥാർത്ഥ്യമല്ലേ; നോമ്പ് നോറ്റ ഉസ്മാനോട് ക്രൂരമായിത്തന്നെയാണ് പോലീസ് പെരുമാറിയത്. അങ്ങനെ ആ പട്ടിക നീളുകയാണ്. ഞാൻ അതിലേയ്ക്ക് കൂടുതൽ പോകുന്നില്ല. പോലീസിനെ ഏറ്റവും കൂടുതൽ രാഷ്ട്രീയവൽക്കരിച്ചു. അത് ഇന്റലിജൻസ് ഐ.ജി.-യുടെ മുന്നറിയിപ്പാണ്. പോലീസ് അസോസിയേഷൻ സമ്മേളനങ്ങൾ ഗുരുതരമായ രാഷ്ട്രീയ അതിപ്രസരത്തിന്റെ വേദിയായി. സാമൂഹ്യ മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലുമൊക്കെ കോട്ടയത്തെ സമ്മേളനത്തിന്റെ ചിത്രമുണ്ടായിരുന്നു. ചുവപ്പ് വസ്ത്രങ്ങൾ ധരിച്ച് ചുവപ്പ് വോളന്റിയർമാരെപ്പോലെ നിൽക്കുന്ന പോലീസ്, എന്തൊരു നാണക്കേടാണ്? ചുവപ്പല്ല, പച്ച കുപ്പായമിട്ട പോലീസും ത്രിവർണ്ണ നിറമുള്ള വസ്ത്രമിട്ട പോലീസുമൊന്നുമല്ല നമുക്ക് വേണ്ടത്. ഇതാണോ നിങ്ങൾ പോലീസ് സേനയെ പഠിപ്പിക്കുന്നത്? ഈ മാനസികാവസ്ഥയുള്ളവൻ ഒരു റെഡ് വോളന്റിയറെപ്പോലെ പോലീസ് അസോസിയേഷൻ സമ്മേളനത്തിൽ ഇരിക്കാൻ

സാഹചര്യമുള്ള ഒരാൾ എങ്ങനെ പോലീസിന്റെ പണി നീതിബോധത്തോടുകൂടി ചെയ്യും. .....(ബഹളം)..... എനിക്ക് സംസാരിക്കാനുള്ള അവസരം തരണം. എന്ത് ബഹളമാണിത്? ഇങ്ങനെ ബഹളം വയ്ക്കുമ്പോൾ സംസാരിക്കാൻ കഴിയില്ല. പോലീസ് അസോസിയേഷൻ സമ്മേളനത്തിൽ റെഡ് വോളന്റിയറെ പ്പോലെയിരിക്കുന്ന പോലീസുകാരന്റെ മാനസികാവസ്ഥ എന്തായിരിക്കും? അയാൾ പോലീസിന്റെ പണിയെടുത്താൽ എങ്ങനെയുണ്ടാകും? പച്ച കുപ്പായമിട്ട് പോലീസ് വരണമെന്നോ ത്രിവർണ്ണ നിറമുള്ള കുപ്പായമിട്ട് പോലീസ് വരണമെന്നോ ഞങ്ങളാരും പറയുന്നില്ല. പക്ഷെ നിഷ്പക്ഷമായിരിക്കണം. അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് ചില മാനദണ്ഡങ്ങളുണ്ടാകണം. പക്ഷെ, ഈ അസോസിയേഷനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രോത്സാഹിപ്പിച്ചു. എന്ത് കുഴപ്പമെന്നാണ് അദ്ദേഹം ചോദിച്ചത്. ചുവപ്പ് നിറമുള്ള രക്തസാക്ഷി സ്മാരക സ്തൂപത്തിന് പുഷ്പാർച്ചനയും ഇൻക്വിലാബ് വിളിക്കുകയും ചെയ്യുന്നു. പോലീസിന്റെ ഔദ്യോഗിക ചിഹ്നം നീലയിൽനിന്നും ചുവപ്പ് കളറാക്കി. ഇത് നാണക്കേടാണ്. കഴിഞ്ഞ രണ്ട് കൊല്ലത്തിനിടയിലുണ്ടായ ഒരു പ്രധാനപ്പെട്ട സംഗതി ഇതാണ്. പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിന്റെ പോസ്റ്റർ വളരെ രസകരമായിരുന്നു. കേരളത്തിലെ പോലീസ് അഗതിയെ കുളിപ്പിച്ചുകൊടുക്കുന്ന ചിത്രം. ആന്ധ്രാ പ്രദേശിലെ പോലീസിന്റേത് കട്ടെടുത്താണ് ആ പോസ്റ്റർ ഒട്ടിച്ചത്. രാജ്യത്തെ മാധ്യമങ്ങൾ അത് വിവാദമാക്കിയപ്പോൾ വേഗം പോസ്റ്റർ പിൻവലിച്ചു. കേരളത്തിലെ പോലീസ് ശ്രീജിത്തിനെ കുളിപ്പിച്ചത് കേരളം കണ്ടിട്ടുണ്ട്. അത് അവസാനത്തെ കുളിപ്പിക്കലാകും.

<u>ശ്രീ. എം. ഉമ്മർ:</u> സർ, കേരളത്തിലെ പോലീസ് മയ്യത്ത് കുളിപ്പിക്കും.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, കേരളത്തിലെ പോലീസ് മയ്യത്ത് കുളിപ്പിക്കുമെന്നാണ് ശ്രീ. എം. ഉമ്മർ പറയുന്നത്. അതിന്റെ പേറ്റന്റ് അദ്ദേഹത്തിനുതന്നെ ഇരുന്നോട്ടെ. അദ്ദേഹം പറഞ്ഞത് ഞാൻ എന്റേതായി പറയേണ്ടല്ലോ; അതാണ് ഞാൻ ആ മാന്യത കാണിച്ചത്. മയ്യത്ത് കുളിപ്പിക്കുന്ന പോലീസാണ് ഇന്നുള്ളത്. ഞങ്ങളുടെ ഭരണകാലത്ത് ഇതുപോലെ ആയിരുന്നോ പോലീസ്?

ധനകാര്യത്തിലേയ്ക്ക് വരുമ്പോൾ, കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് നമ്മുടെ സംസ്ഥാനം ഇന്ന് പോയിക്കൊണ്ടിരിക്കുന്നത്. ഇനിയും 26,000 കോടി രൂപ കടമെടുക്കുകയാണ്. ഓരോ പൗരന്റേയും ആളോഹരി കടം പ്രഖ്യാപിച്ചാൽ ആയിരക്കണക്കിനും ലക്ഷക്കണക്കിനും ഉണ്ടാകുമെന്ന് ഇന്നത്തെയും ഇന്നലത്തെയും പത്രങ്ങളിലുണ്ടായിരുന്നു. നികുതി

പിരിവ്, ചെലവ് ചുരുക്കൽ പദ്ധതികളൊക്കെ പരാജയപ്പെട്ടു. ധനക്കമ്മിയും റവന്യൂക്കമ്മിയും കുതിച്ചുകൊണ്ടിരിക്കുകയാണ്. വൻകിടക്കാരിൽനിന്നുള്ള പണം പിരിക്കാൻ കഴിയുന്നില്ല. പാവങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. കെട്ടിട നികുതി വർഷംതോറും 5 ശതമാനം കൂടിക്കൊണ്ടേയിരിക്കുന്നു. ഈ രാജ്യത്തെ പാവങ്ങളുടെ വീടുകൾക്കും മറ്റുമാണ് ഈ അശാസ്ത്രീയ സംഗതികളുണ്ടാകുന്നത്. ലൈഫ് പദ്ധതി ഇവിടെ പലരും ചൂണ്ടിക്കാണിച്ചു. പാവങ്ങൾക്കുള്ള ആശ്രയം നിങ്ങൾ നഷ്ടമാക്കി. പല പദ്ധതികളിലായി പാവങ്ങൾക്ക് വീട് കൊടുത്തിരുന്നു. ലൈഫ് പദ്ധതിയിലൂടെ നിങ്ങൾ 100 വീട് കൊടുത്തോ? ഞാൻ ടി.വി.യിൽ ഒരു വാർത്ത കേട്ടു. അട്ടപ്പാടിയിൽ മാത്രം ലൈഫ് പദ്ധതിയിലൂടെ 2000 വീടുകൾ പൂർത്തിയാക്കിയെന്ന്. ഞാൻ അന്തംവിട്ടുപോയി. എന്റെ മണ്ഡലത്തിൽ ഞാൻ അറിയാതെ 2000 വീടുകൾ പൂർത്തിയായെന്ന്. എന്താണ് സംഗതിയെന്ന് ഞാൻ ഐ.ടി.ഡി.പി. (Integrated Tribal Development Project) ഓഫീസറെ വിളിച്ചു ചോദിച്ചു. കഴിഞ്ഞ 10 കൊല്ലമായി വിവിധ സ്റ്റേജിൽ നിൽക്കുന്ന വീടുകൾ പണി പൂർത്തിയാക്കി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തുള്ള വീടുകളാണത്. ... (ബഹളം)..... ബഹളം വയ്ക്കരുത്. ഒരു വീടിന് 1,000 രൂപയും 5,000 രൂപയുമൊക്കെ സ്പിൽ ഓവർ കൊടുത്തിട്ടാണ് 2000 വീടുകൾ പൂർത്തിയാക്കിയെന്ന് പറയുന്നത്. കഴിഞ്ഞ 10 വർഷമായി പല സ്റ്റേജിൽ നിൽക്കുന്ന വീടുകൾ, വീടിന്റെ പൊട്ടിയ ഓട് മാറ്റിയതും ഇപ്പോൾ പൂർത്തിയാക്കിയതാണെന്നാണ് പറയുന്നത്. ആ രീതിയിലുള്ള 2000 വീടുകളാണ് നിങ്ങൾ പൂർത്തിയാക്കിയത്. ഇത്തരം തട്ടിപ്പ് പരിപാടികളാണ് ഇവിടെ നടക്കുന്നത്. ചെങ്ങന്നൂരിനെക്കുറിച്ച് പറഞ്ഞതിനൊന്നും ഞങ്ങൾ മറുപടി പറയുന്നില്ല. ബഹുമാനപ്പെട്ട ചെങ്ങന്നൂർ അംഗത്തിന്റെ കന്നി പ്രസംഗമായിരുന്നു. നമ്മളെല്ലാവരും ഒരു സഭയിലെ അംഗങ്ങളാണെന്ന നിലയ്ക്ക് ഞാൻ അതിലെ ഓരോന്നിനെയും ഖണ്ഡിക്കുന്നില്ല. ഖണ്ഡിക്കാനാണെങ്കിൽ ഇഷ്ടംപോലെയുണ്ട്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയൊക്കെ പറഞ്ഞ കാര്യങ്ങളുണ്ട്. ഞങ്ങൾ ഒരു കാര്യമേ ഓർമ്മപ്പെടുത്തുന്നുള്ളൂ, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ മൂന്ന് ഉപതെരഞ്ഞെടുപ്പുകൾ നടന്നു. പിറവത്തുനിന്നും 184 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ടി. എം. ജേക്കബ് ജയിച്ചുവന്ന സീറ്റിൽ അദ്ദേഹത്തിന്റെ മകനെ 12,000 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ഞങ്ങൾ ജയിപ്പിച്ചത്. അതിനുശേഷം, നിങ്ങളുടെ ആളായിരുന്ന ശ്രീ. ആർ. സെൽവരാജ് 6,000 വോട്ടുകൾക്ക് ജയിച്ചിടത്ത് ഞങ്ങൾ ഇപ്പുറത്തുകൊണ്ടുവന്ന് നിർത്തി അത്ഭുതമാണ് കാണിച്ചത്. അത് രാഷ്ട്രീയത്തിലെ ഒരു വിസ്മയമായിരുന്നു. അടുത്ത പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം ഞങ്ങൾ ഈ ചോദ്യം

ചോദിക്കും. അവിടെനിന്ന് പറയുന്ന പോയിന്റുതന്നെയാണ് എന്റേതും. അതിനുശേഷം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലാവധി തീരാൻ 13 മാസം മാത്രമുള്ളപ്പോഴാണ് അരുവിക്കര ഉപതെരഞ്ഞെടുപ്പ് നടന്നത്. അന്ന് ശ്രീ. പിണറായി വിജയൻ നടത്തിയ പ്രസ്താവന രാജ്യത്തെ പത്രങ്ങളിൽ ഇന്നും കാണാൻ കഴിയും. എന്താണ് അദ്ദേഹം പറഞ്ഞത്? ഉണ്ടാകാൻ പാടില്ലാത്ത വിധിയാണ് അരുവിക്കരയിൽ ഉണ്ടായതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇവിടെ ഞങ്ങളും അതുതന്നെയാണ് പറയുന്നത്. ഇതൊരു രാഷ്ട്രീയമായ വിജയമല്ല. നിങ്ങളെല്ലാവരേയും മാനേജ് ചെയ്തു. എല്ലാ സമുദായത്തിൽപ്പെട്ടവരും എനിക്ക് വോട്ട് ചെയ്തുവെന്ന് ഇവിടെ പറഞ്ഞല്ലോ? സമുദായങ്ങളുടെ യോഗം വിളിക്കുകയല്ലേ; കോഴിക്കോട് മുസ്ലീം സമുദായത്തിന്റെ യോഗം, എറണാകുളത്ത് ക്രിസ്ത്യൻ സമുദായത്തിന്റെ യോഗം. തിരുവിതാംകൂറിൽ മറ്റ് സമുദായങ്ങളുടെ യോഗവും. എങ്ങനെയൊക്കെയാണ് നിങ്ങൾ മാനേജ് ചെയ്തത്? ആ ഒരു മാനേജുമെന്റിന്റെ വൈദഗദ്ധ്യം മാത്രമാണ്, അതൊരു രാഷ്ട്രീയ വിജയമല്ല. രാഷ്ട്രീയമായി തേജോവധം ചെയ്തുവെന്ന് ഇവിടെ പറഞ്ഞു. കുറി ധരിച്ചതിന് ഞങ്ങളുടെ സ്ഥാനാർത്ഥിയെ നിങ്ങളുടെ സംസ്ഥാന സെക്രട്ടറി പരസ്യമായി ആർ.എസ്.എസ്. ആക്കിയില്ലേ? കുറി ധരിച്ചാലും ക്ഷേത്രത്തിൽ പോയാലും പൂണൂൽ ഇട്ടാലും ആർ.എസ്.എസ്. ആകുമെന്ന് പറയുന്നത് നിങ്ങളുടെ മോശമായ പ്രചരണമാണ്. നിങ്ങൾ തരംപോലെ വർഗ്ഗീയത ഉപയോഗിക്കും. നിങ്ങൾ എസ്.എൻ.ഡി.പി.യെയും എൻ.എസ്.എസ്.-നെയും ക്രിസ്തീയ സഭകളെയും മറ്റ് സമൂഹങ്ങളെയും ഉപയോഗപ്പെടുത്തി. അങ്ങനെ നേടിയ വിജയമാണിത്. ഇതൊന്നും ആവർത്തിക്കാൻ പോകുന്നില്ല. ഇത് ചക്ക ഇട്ടപ്പോൾ മുയലിനെ കിട്ടിയതാണ്. യു.ഡി.എഫ്.-ന്റെ അതിശക്തമായ തിരിച്ചുവരവ് ഞങ്ങൾ കാണിച്ചുതരാം. ഞാൻ ഒരു കാര്യം കൂടി പറയാം.

<u>മി. ചെയർമാൻ:</u> ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, മലപ്പുറത്തെ തെരഞ്ഞെടുപ്പിനെക്കുറിച്ച് പറഞ്ഞു. കേരളത്തിലെ ഏറ്റവും വലിയ വോട്ടാണ് ഞങ്ങൾ നേടിയത്. 5,15,000 വോട്ടാണ് നേടിയത്. അവിടെയും നിങ്ങൾക്ക് വോട്ട് കൂടിയെന്നാണ് പറയുന്നത്. കേരളത്തിൽ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പിലും ഇതുപോലെ വോട്ട് ഉണ്ടായിട്ടില്ല. കഴിഞ്ഞ വർഷത്തെ അസറ്റ് ഫണ്ടിൽ, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഇവിടെ ഇരിക്കുന്നവർക്കും അപ്പുറത്തിരിക്കുന്നവർക്കും എ.എസ്. ലഭിച്ചിട്ടില്ല. ധനകാര്യ വകുപ്പാണ് അതിന് കാരണം. അതിനുവേണ്ട തിരുത്തലുകൾ ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൊയിലാണ്ടിയിലെ സർഗാലയയിൽ ആയിരുന്നു പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനം ചേർന്നത്. ഏത് സംഘടനയായാലും അച്ചടക്കത്തോടുകൂടി അവരവർ ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ സത്യസന്ധമായും ഫലപ്രദമായും നടത്തണമെന്ന് അതിശക്തമായ രൂപത്തിൽ അവിടെ നമ്മുടെ സംസ്ഥാന മുഖ്യമന്ത്രി പറയുകയുണ്ടായി. ഇവിടെ സംസാരിച്ചവർ ചില വിമർശനങ്ങളുന്നയിച്ചിരുന്നു. ഇവിടത്തെ നിയമം സംരക്ഷിക്കേണ്ട പോലീസ് ഒരു വിഭാഗത്തിന്റേതായല്ലാതെ സ്വന്തമായി അന്തസ്സായിത്തന്നെ പ്രവർത്തിക്കണമെന്ന് പോലീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതായാണ് എന്റെ ഓർമ്മ. കേരളത്തിൽ, ഒരുപക്ഷെ ഇന്ത്യയിൽത്തന്നെ ഭയപ്പാടോടെ നോക്കിക്കണ്ടതാണ് അടുത്ത ദിവസങ്ങളിൽ വന്ന 'നിപാ' വൈറസ് പനി. ആ പനിക്കെതിരെ അത്ഭുതകരമായ രീതിയിൽ നേതൃത്വം നൽകാൻ ആരോഗ്യ വകുപ്പുമന്ത്രിക്ക് സംസ്ഥാന സർക്കാരിന്റെ പിന്തുണയുണ്ടായി. ഇതിനുവേണ്ടി എത്ര പണം വേണമെങ്കിലും ചെലവഴിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പറഞ്ഞു. ഒരു സംസ്ഥാനം അതിന്റെ എല്ലാ ശക്തിയും ഉപയോഗിച്ചുകൊണ്ട്, നാളെ സംഭവിക്കാൻ പോകുന്നതെന്തായിരിക്കുമെന്ന് പറയാൻ സാധിക്കാത്ത ഒരു രോഗത്തിൽനിന്നും നമ്മുടെ നാട്ടിലെ ജനങ്ങളെ സംരക്ഷിച്ചു. അതിന് സാമ്പത്തിക സഹായം നൽകാൻ സന്നദ്ധമായി. ഇതുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുവന്ന ഉദ്യോഗസ്ഥരും കേരളത്തെ പ്രകീർത്തിച്ചുകൊണ്ടാണ് സംസാരിച്ചത്. അങ്ങനെയൊരു പനിയിൽനിന്നും കേരളത്തെ രക്ഷിക്കാൻ സാധിച്ച ഒരവസ്ഥയിലാണ് നമ്മൾ നിൽക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖല വളരെ അഭിമാനകരമായ നിലയിലേയ്ക്ക് മാറി. സാധാരണക്കാരുടെ കുട്ടികൾക്ക് പഠിക്കണമെങ്കിൽ പബ്ലിക് സ്കൂളുകളിൽ പോകണം. അതിനുവേണ്ടി രക്ഷിതാക്കൾ കഷ്ടപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ സാഹചര്യം മാറി സാധാരണ സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ തങ്ങളുടെ മക്കളെ ചേർക്കാമെന്ന് രക്ഷിതാക്കൾക്ക് ധൈര്യമുണ്ടാക്കിക്കൊടുത്ത ഒരു കാലഘട്ടമാണിത്. ഇത് രാഷ്ട്രീയമല്ല, നമ്മുടെ നാട്ടിലെ എല്ലാ വിഭാഗത്തിലുംപെട്ടവർ മനസ്സിലാക്കുന്ന ഒരു വസ്തുതയാണ്. മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട്, ഓരോ നിയോജക മണ്ഡലത്തിലും മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങൾക്ക് നല്ല കെട്ടിടങ്ങളുണ്ടാക്കാനും സൗകര്യങ്ങളൊരുക്കാനും കഴിഞ്ഞു. മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങൾക്ക് ഒരു പുതുയുഗത്തിലേയ്ക്ക് വരാൻ

സാധിക്കുന്നരീതിയിലുള്ള അന്തരീക്ഷം കേരളത്തിലുടനീളമുണ്ടാക്കി. മത്സ്യത്തൊഴിലാളി മേഖലയിൽ മറ്റ് പല പ്രതിസന്ധികളുമുണ്ട്. എന്റെ മണ്ഡലത്തിൽ ഒരു മുനിസിപ്പാലിറ്റിയും മൂന്ന് പഞ്ചായത്തും കടലോരത്താണ് സ്ഥിതി ചെയ്യുന്നത്. കടൽക്ഷോഭമുണ്ടാകുമ്പോൾ ആവശ്യത്തിനനുസരിച്ച് കല്ല് ലഭിക്കുന്നില്ല. ടെണ്ടർ ക്ഷണിച്ചാൽ എടുക്കാൻ ആളില്ല. ഈയൊരു ദൗർഭാഗ്യകരമായ അവസ്ഥ കേരളത്തിലുടനീളം കടൽത്തീരങ്ങളിലുണ്ട്. ഇവിടെയിപ്പോൾ വിഴിഞ്ഞം പോർട്ടിനെക്കുറിച്ച് പറയാനുള്ള കാരണമെന്താണ്? പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ക്വാറികളിൽനിന്നും കല്ലെടുക്കാൻ അനുവദിക്കുന്നില്ല. അങ്ങനെയൊരു പ്രതിസന്ധിയുണ്ടാകുമ്പോൾ അതിൽനിന്നും രക്ഷപ്പെടാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെയും ഏത് തരത്തിൽ പരിഹാരം കാണാൻ കഴിയുമെന്നതിനെയും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരുമെല്ലാം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതൊഴിച്ച് മത്സ്യത്തൊഴിലാളി മേഖലയിൽ മറ്റെല്ലാ തരത്തിലുമുള്ള പുരോഗതിയുമുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാലയങ്ങൾ വന്നു, പഴയപോലെ പിന്നെയും കടലിൽ പോകുന്ന മക്കളല്ല വളർന്നുവരുന്നത്. അവരെല്ലാം വിദ്യാഭ്യാസ യോഗ്യത നേടി ഉന്നത നിലവാരത്തിലേയ്ക്ക് പോകാൻ സാധിക്കുന്ന തരത്തിലുള്ളവരായി വരുന്നു. അതുപോലെ ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, ജലസേചനം എന്നീ രംഗങ്ങളിൽ പുരോഗതി കൈവരിച്ചു. ഇപ്പോൾ ഉപതെരഞ്ഞെടുപ്പ് നടന്ന മണ്ഡലത്തിൽ ഒരു പുഴയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നമുണ്ടായപ്പോൾ, അടുത്ത കാലത്തൊന്നും നേടിക്കൊടുക്കാൻ സാധിക്കാതിരുന്ന ജലസേചന സൗകര്യങ്ങൾ അവിടെ ഒരുക്കാൻ സാധിച്ചു. ഇങ്ങനെ ഓരോ മേഖലയും പരിശോധിക്കുമ്പോൾ സർക്കാർ അഭിമാനകരമായ നേട്ടങ്ങളാണ് സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നോട്ട് പിൻവലിക്കൽ, ജി.എസ്.ടി. പോലുള്ള പ്രതിസന്ധികളുടെ ഭാഗമായി ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നു. കേന്ദ്ര ഗവൺമെന്റ് നൽകാൻ ബാദ്ധ്യതപ്പെട്ട സൗകര്യങ്ങൾ സാമ്പത്തിക മേഖലയിലടക്കം സംസ്ഥാന ഗവൺമെന്റിന് നൽകാതിരിക്കുന്നു. നമുക്ക് റേഷൻ അരി ലഭിക്കേണ്ടത് അന്യ സംസ്ഥാനങ്ങളിൽ നിന്നാണ്. സംസ്ഥാന സർക്കാരിനെ ഏതെല്ലാം തരത്തിൽ സഹായിക്കണമോ അതിനെല്ലാം തടസ്സം നിൽക്കുന്ന രൂപത്തിലുള്ള നടപടികളാണ് ഒരു ഭാഗത്ത്. പഴയ കാലഘട്ടങ്ങളിൽ ഏത് പാർട്ടിയാണ് സംസ്ഥാനം ഭരിക്കുന്നതെന്ന് നോക്കാതെ സത്യസന്ധമായി സംസ്ഥാനങ്ങളെ സഹായിച്ചിരുന്ന കേന്ദ്ര സർക്കാരുണ്ടായിരുന്നു. അത് മാറി ഇന്ന് കേന്ദ്ര സർക്കാർ, ഭരിക്കുന്ന കക്ഷി, അതിന്റെ പ്രസിഡന്റ് എന്നിങ്ങനെ ടാർജറ്റ് ഇടുകയാണ്. ഇന്ന് കർണ്ണാടകം, നാളെ

കേരളം എന്നിങ്ങനെ മഴ എറിഞ്ഞുകൊണ്ട് സംസ്ഥാനങ്ങൾ പിടിക്കുന്നതുപോലെ, ഒരു സംസ്ഥാന സർക്കാരിന് നിർബന്ധമായി നൽകേണ്ടത് നൽകാതെ സംസ്ഥാന സർക്കാരുകളെ ബുദ്ധിമുട്ടിക്കുകയാണ്. അപ്പോൾ ആ സംസ്ഥാനത്തെ ജനങ്ങൾ ധരിക്കും, ഞങ്ങൾക്ക് മാന്യമായി ജീവിക്കാനും മാന്യമായ ഭക്ഷണം കഴിക്കാനും തൊഴിൽ ലഭിക്കാനും സാധിക്കണമെങ്കിൽ അതിനെല്ലാം കേന്ദ്രത്തിന്റെ ഏജന്റുമാരായി അവർ പ്രവർത്തിക്കേണ്ടതുണ്ടെന്ന്. അങ്ങനെയൊരു പ്രചരണം നടത്തുമ്പോൾ പല സംസ്ഥാനങ്ങളും ആ പ്രചരണത്തിൽ വീണുപോയിട്ടുണ്ട്. പല വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഭൂരിപക്ഷം എം.എൽ.എ.-മാർ ഒരു കക്ഷിക്ക് ലഭിക്കുന്നു, പക്ഷെ രണ്ടോ മൂന്നോ എം.എൽ.എ.-മാർ മാത്രമാണ് കേന്ദ്രം ഭരിക്കുന്ന കക്ഷിക്ക് ലഭിക്കുന്നതെങ്കിൽ അവർക്ക് മുഖ്യമന്ത്രിയാകാൻ സാധിക്കുന്നു. ഇതെല്ലാം ഞങ്ങളുണ്ടായാൽ മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കൂ എന്ന ഭാവത്തിലാണ്. എന്നാൽ കേരളത്തിൽ അങ്ങനെയല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന രൂപത്തിൽ, രാഷ്ട്രീയ ബോധമുള്ള കേരളത്തിലെ ജനത, കേന്ദ്രത്തിന്റെ ഈ പ്രചരണത്തെ പരാജയപ്പെടുത്തുന്ന തരത്തിൽ ജനങ്ങൾ അധികാരത്തിലെത്തിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ഇത്തരം ഭീഷണിയിൽനിന്നും രക്ഷിക്കും. ഒരു ജനാധിപത്യ രാജ്യമാണ് നമ്മുടേത്. ഭരണകക്ഷിയുണ്ട്, അന്തസ്സായ രൂപത്തിൽ പ്രതിപക്ഷ കക്ഷിക്ക് അവരുടെ കാര്യങ്ങൾ വിശദീകരിക്കാനുള്ള അവസരം നൽകുന്നു. നാടിന്റെ കാര്യങ്ങൾ നേടുവാൻ ഇന്ത്യക്ക് മാതൃകയാകുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ ഈ സന്ദിഗ്ദ്ധഘട്ടത്തിൽ കേരളത്തിന് പ്രവർത്തിക്കാൻ സാധിക്കുന്നു. അതിന് ഫലപ്രദമായ രൂപത്തിൽ ഏതെല്ലാം മേഖലയ്ക്ക് സാമ്പത്തികമായി സഹായം ആവശ്യമുണ്ടോ ആ സഹായങ്ങൾ നേടിക്കൊടുക്കുന്നതിനുവേണ്ടി നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പ്രവർത്തിക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ എം.എൽ.എ.-മാരെയും ബാധിക്കുന്ന ചില പ്രശ്നങ്ങളുണ്ട്. ഇവിടെ വച്ച് ഭരണ-പ്രതിപക്ഷ കക്ഷികൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ, സൗകര്യങ്ങൾ, എം.എൽ.എ.-മാർക്ക് ഓരോ മണ്ഡലത്തിലും ലഭിക്കേണ്ടത് താമസംകൂടാതെ എങ്ങനെ അവർക്ക് ലഭ്യമാക്കാൻ സാധിക്കും എന്നതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആലോചിക്കുമെന്നുള്ള വിശ്വാസം നമുക്കുണ്ട്. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. എവിടെപ്പോയി ഒളിച്ചു കേരളത്തിലെ പ്രതിപക്ഷം? ഒഴിഞ്ഞ പ്രതിപക്ഷ ബെഞ്ചുകളാണ് ഞങ്ങളുടെ മുന്നിലുള്ളത്.

സാധാരണ ഉപധനാഭ്യർത്ഥന ചർച്ച നല്ല പൊളിറ്റിക്കൽ ഡിബേറ്റിനുള്ള അവസരംകൂടിയാണ്; പ്രത്യേകിച്ച് സർക്കാരിന്റെ വാർഷികത്തിൽ. അൽപ്പസമയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ വന്നിരിക്കുന്നത് കണ്ടു. പക്ഷേ അദ്ദേഹവും സ്ഥലംവിട്ടു. ഇതിൽ അത്ഭുതമില്ല, കാരണം ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിലൂടെ കേരളത്തിലെ പ്രതിപക്ഷം നിരായുധീകരിക്കപ്പെട്ടിരിക്കുകയാണ്. ഇവിടെ എനിക്ക് മുൻപ് സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ, പഞ്ചായത്ത് പ്രതിനിധിയായിരുന്ന ശ്രീ. അനിൽ അക്കര ഉൾപ്പെടെ എത്ര ദുർബലമായ വാദങ്ങളാണ് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുവാൻ ഇവിടെ നിരത്തിയതെന്ന് ആലോചിക്കുമ്പോൾ അതിലും ഞങ്ങൾക്ക് അതിശയമില്ല. കാരണം, ഇവിടെ എനിക്ക് അൽപ്പം മുൻപ് സംസാരിച്ച മണ്ണാർക്കാട് എം.എൽ.എ.യോട് എനിക്ക് ചോദിക്കുവാനുള്ളത് എന്തിനോവേണ്ടി തിളയ്ക്കുന്ന കോൺഗ്രസ്സിലെ യുവ എം.എൽ.എ.-മാരെപ്പോലെ അങ്ങ് ആകരുത് എന്നുള്ളതാണ്. പോലീസ് അസോസിയേഷന്റെ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് അദ്ദേഹം ഉപധനാഭ്യർത്ഥനയെ എതിർക്കുന്നത്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മധു എന്ന ഒരു ആദിവാസി സഹോദരൻ മരിച്ചു. മധുവിന്റെ കൊലപാതകത്തിൽ എത്രപെട്ടെന്നാണ് കേരളത്തിലെ പോലീസ് നടപടി സ്വീകരിച്ച് 16 പ്രതികളെ കണ്ടെത്തി കുറ്റപത്രം സമർപ്പിച്ചത്. എന്തുകൊണ്ടാണ് അദ്ദേഹം അത് പറയാതെ പോകുന്നത്? അദ്ദേഹത്തിന്റെ പാസ്സ് മാർക്ക് ഈ സർക്കാരിന് വേണ്ട. കാരണം ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ ഉയർന്ന റാങ്കോടുകൂടി ഈ സർക്കാരിനെ പാസ്സാക്കിയവരാണ് കേരളത്തിലെ ജനങ്ങൾ. വളരെ വിജയകരമായി രണ്ട് വർഷം പൂർത്തിയാക്കി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മൂന്നാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്; കൃത്യമായ ലക്ഷ്യബോധം, ഇച്ഛാശക്തി, അഴിമതിരഹിതമായ സുതാര്യ ഭരണം. അഞ്ച് വർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ ഭരണം, അന്ന് അഴിമതിയുടെ പര്യായമായിരുന്ന അശ്ലീലം, വികസനത്തിന്റെ പര്യായമായിരുന്ന അശ്ലീലം, വികസനത്തിന്റെ പര്യായമായിരുന്ന അഴിമതി. ആ ഒരു കാലഘട്ടത്തിൽനിന്ന് കേരളത്തെ മോചിപ്പിച്ച, 2016 മേയ് മാസത്തിലെ പൊതുതെരഞ്ഞെടുപ്പിലൂടെ കേരളത്തെ മോചിപ്പിച്ച കേരളത്തിലെ ജനങ്ങളോടുള്ള ഉത്തരവാദിത്വ നിർവ്വഹണമാണ് ഈ രണ്ട് വർഷംകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്കുള്ള ഏറ്റവും തെളിമയാർന്ന സമ്മാനം സംശുദ്ധമായ അഴിമതിരഹിതമായ ഉറച്ച ഭരണമാണ്.

സമസ്ത മേഖലകളെയും എടുത്തുനോക്കുക. ഇവിടെ 'ലൈഫ് പദ്ധതി'-യെക്കുറിച്ച് പറഞ്ഞു. അദ്ദേഹത്തിന് 65,000 എന്നുള്ള കണക്ക് എങ്ങനെ ലഭിച്ചുവെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ., ലൈഫ് പദ്ധതിക്ക് വിവിധ ഘട്ടങ്ങളുണ്ട്. ഇതുസംബന്ധിച്ച മറുപടി ബഹുമാനപ്പെട്ട മന്ത്രിമാർ പറയും. എങ്കിൽപ്പോലും, എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ നടക്കുന്ന പരിപാടികൾ ആയതുകൊണ്ട്, 'ലൈഫ്'-ന് വിവിധ ഘട്ടങ്ങളുണ്ട്. അതിൽ ആദ്യഘട്ടം എന്നുപറയുന്നത് പണി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണമാണ്. അതിലാണ് അങ്ങയുടെ മണ്ഡലത്തിൽ, ആദിവാസി മേഖലയിൽ പണി പൂർത്തീകരിക്കാത്ത 2000 വീടുകളുടെ പണി പൂർത്തീകരിച്ചത്. അദ്ദേഹവും അത് സമ്മതിക്കുന്നു. അത് വലിയ നേട്ടമായിട്ടാണ് കാണുന്നത്. കാരണം കൂരയില്ലാത്ത വീടുകൾക്ക് കൂരയുണ്ടാക്കി കൊടുക്കുന്നു, തറ മാത്രം കെട്ടിയ വീടുകൾക്ക് ഭിത്തിയുണ്ടാക്കി വാസയോഗ്യമാക്കി കൊടുക്കുന്നു. അത് വലിയ കാര്യമാണ്, അതിനെ നിസ്സാരമായി കാണേണ്ട. അതുപോലെ ഇവിടെ ഉന്നയിച്ച മറ്റ് വിഷയങ്ങളും. എത്ര ദീർഘവീക്ഷണത്തോടെയുള്ള പരിപാടികളാണ് ഈ രണ്ട് വർഷംകൊണ്ട് ആസൂത്രണം ചെയ്തിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പുഴകളും കുളങ്ങളും നികത്തി അവിടെ വലിയ നിർമ്മിതികൾ കൊണ്ടുവരാൻ ശ്രമിച്ചിരുന്നുവെങ്കിൽ അതിനുപകരമായി പുഴകളെയും കുളങ്ങളെയും വീണ്ടെടുത്തുകൊണ്ട് മണ്ണിന്റെയും മനുഷ്യന്റെയും മനസ്സിന്റെയും നന്മ വീണ്ടെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നവകേരള മിഷൻ എന്ന ഒറ്റ കുടക്കീഴിൽ എത്ര പദ്ധതികളെ, എത്ര മിഷനുകളെ അതിഗംഭീരമായി കോർത്തിണക്കി മുന്നോട്ടുകൊണ്ടുപോകുന്നു. ഇവിടെ ഇന്നുരാവിലെയുൾപ്പെടെ ഈ സമ്മേളന കാലയളവിലെല്ലാം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെക്കുറിച്ചും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും ആരോഗ്യ സ്ഥാപനങ്ങളെക്കുറിച്ചും നാം സംസാരിക്കുന്നു. എത്ര ആവേശത്തോടെയാണ് കേരളത്തിലെ ജനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ആർദ്രവും ഉൾപ്പെടെയുള്ള പരിപാടികൾ ഏറ്റെടുത്തിരിക്കുന്നു എന്നുള്ളത് നാം ചിന്തിച്ചുനോക്കുക. ഹരിത കേരളം മിഷനിലൂടെ ഏതാണ്ട് മുപ്പത്തി അയ്യായിരത്തോളം ഏക്കർ തരിശു പാടത്താണ് കഴിഞ്ഞ രണ്ട് വർഷംകൊണ്ട് നമ്മൾ കൃഷി ഇറക്കിയത്. ഇവിടെ പ്രതിപക്ഷ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ മണ്ഡലങ്ങളിൽ അങ്ങനെ തരിശുപാടം കൃഷി യോഗ്യമാക്കിയിട്ടുണ്ട് എന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. മണ്ണിനെ ജലസമൃദ്ധമാക്കുവാനും നമ്മുടെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനും എത്ര ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇവിടെ സൂചിപ്പിച്ച

'ലൈഫ്' ഉൾപ്പെടെയുള്ള നാല് മിഷനുകളെ ഒറ്റക്കുടക്കീഴിൽ കൊണ്ടുവന്ന് അതിഗംഭീരമായ പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. പുതിയതായി കടന്നുവരുന്ന കുഞ്ഞുങ്ങളെക്കുറിച്ച് പറഞ്ഞു. 'ആർദ്രം മിഷൻ' കേരളത്തിലെ ആരോഗ്യ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കിയിരിക്കുകയാണ്. ഇപ്പോൾ എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമെങ്കിലും കുടുംബാരോഗ്യ കേന്ദ്രമായി ഉയർന്നിട്ടുണ്ട്. 12 മണിവരെയുള്ള ഒ.പി. സമയം 6 മണിവരെയാക്കി മാറ്റിയിട്ടുണ്ട്. ഇത് ചെറിയ കാര്യമല്ല. സാധാരണക്കാരെയും തൊഴിലാളികളെയും സംബന്ധിച്ചിടത്തോളം 5 മണിവരെ പണി ചെയ്തുകഴിഞ്ഞ് അവർ ആശുപത്രിയിൽ പോകുമ്പോൾ അവിടെ ഡോക്ടറില്ലാത്ത അവസ്ഥ ഇന്നില്ല. പഞ്ചായത്തിൽ ഒരു ആശുപത്രിയിലെങ്കിലും, മണ്ഡലത്തിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ഇത് മാറ്റുവാനാണ് സർക്കാർ ആലോചിക്കുന്നത്. നമ്മുടെ താലൂക്ക്-ജനറൽ-ജില്ലാ ആശുപത്രികളിൽ എത്ര വലിയ രീതിയിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രക്രിയകളാണ് നടക്കുന്നത്. കേരളത്തിലെ 8 ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഒരുങ്ങാൻ പോകുകയാണ്. ജില്ലാ ആശുപത്രികളിലോ അല്ലെങ്കിൽ ഒരു ജനറൽ ആശുപത്രിയിലോ Stroke Stabilization Unit തുടങ്ങി സ്പെഷ്യലൈസേഷൻ യൂണിറ്റുകളിലേയ്ക്ക് പോകുകയാണ്. ഒരു കുടുംബത്തിന് ഒരു ഡോക്ടർ എന്നുള്ള രീതിയിലേയ്ക്ക് മാറുകയാണ്. ഇത് പൊതുജനാരോഗ്യ മേഖലയിൽ വന്ന വലിയ രീതിയിലുള്ള ഇടപെടലാണ്. ഇതൊന്നും അംഗീകരിക്കാൻ അല്ലെങ്കിൽ ഇത് പറയുവാൻ കഴിയാത്തതുകൊണ്ടാണ്, അതിന്റെ ജാള്യം കൊണ്ടാണ് ഇങ്ങനെ വളരെ ദുർബ്ബലമായ വാദങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ ഉന്നയിക്കുന്നതെന്ന് എനിക്കറിയാം.

കേരളത്തിൽ കോൺഗ്രസ്സിനെ ഒരു വൈറസ് ബാധിച്ചിരിക്കുകയാണ്. ഇത് ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയതല്ല. ലീഡർ കെ. കരുണാകരനെ പുറത്താക്കിയ, ശ്രീ. എ. കെ. ആന്റണിയെ നാടുകടത്തിയ, ഇപ്പോൾ ചില മുതിർന്ന കോൺഗ്രസ് നേതാക്കളെ പുറത്താക്കാൻ ശ്രമിക്കുന്ന, മുതിർന്നവർ മാത്രമല്ല അല്ലാത്തവരും ഉൾപ്പെട്ടേയ്ക്കാം, അങ്ങനെയുള്ളവരെ പുറത്താക്കാൻ ശ്രമിക്കുന്ന ഈ വൈറസിന്റെ ഉറവിടം ഇപ്പോൾ കോൺഗ്രസ് നേതാക്കൾ പുറത്തുപറഞ്ഞിരിക്കുകയാണ്. പുതുപ്പള്ളി മണ്ഡലത്തിലാണ് അതിന്റെ ഉറവിടമെന്നാണ് കോൺഗ്രസിലെ മുതിർന്ന നേതാക്കൾ പറയുന്നത്. എനിക്ക് ഈ സഭയിലെ ബഹുമാനപ്പെട്ട കോൺഗ്രസിന്റെ യുവ എം.എൽ.എ.-മാരോട് ഒരു ബഹുമാനമുണ്ടായിരുന്നു. പക്ഷേ അവർ കഴിഞ്ഞ ദിവസം ഒരു പരാമർശം

നടത്തുന്നത് കണ്ടു. രാജ്യസഭയെ വൃദ്ധസദനം ആക്കരുതെന്നാണ് പറഞ്ഞത്. പക്ഷേ അതിനേക്കാൾ രണ്ട് വയസ് മൂപ്പുള്ള ഒരു നേതാവ് ഇവിടെ ഇരിക്കുമ്പോഴാണ് രാജ്യസഭയിലേയ്ക്ക് പ്രൊഫ. പി. ജെ. കുര്യനെ വിടരുത് എന്നുപറയുന്നത്. അത് അവരുടെ ആഭ്യന്തര കാര്യമാണ്. പക്ഷേ ഈ വൈറസ് ബാധ കേരളത്തിലെ കോൺഗ്രസ്സിനെ കൊണ്ടേ പോകൂ എന്നാണ് എനിക്ക് പറയുവാനുള്ളത്. ചെങ്ങന്നൂരിൽ ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ക്യാമ്പ് ചെയ്താണ് പ്രവർത്തിച്ചിരുന്നത്. ചെങ്ങന്നൂരിലെ പരാജയം മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ പരാജയമാണ്, കേരളത്തിലെ കോൺഗ്രസിന്റെ പരാജയമാണ്. ഇത് കോൺഗ്രസ് വളരെ ഗൗരവത്തോടെ ചിന്തിക്കുമെന്നാണ് ഞാൻ കരുതുന്നത്. ചിന്തിച്ചാൽ അവർക്ക് നല്ലത്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യരായ അംഗങ്ങളും ചെങ്ങന്നൂർ എം.എൽ.എ.-യും ഉൾപ്പെടെയുള്ളവർ സൂചിപ്പിച്ചതുപോലെ അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് ഉൾപ്പെടെ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തിളക്കമാർന്ന വിജയം ഉണ്ടാകുമെന്നുള്ളതാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഒരു വനിതാ എം.എൽ.എ. എന്നുള്ള രീതിയിൽ എടുത്തു പറയേണ്ടതായി ഞാൻ ആഗ്രഹിക്കുന്ന ഒരു വിഷയം, സംസ്ഥാനത്ത് ആദ്യമായി ഒരു വനിതാ ശിശുക്ഷേമ വകുപ്പ് നിലവിൽവന്നു എന്നുള്ളതാണ്. രാജ്യത്ത് സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ ഗോവയ്ക്ക് തൊട്ടുപിന്നിലായി കേരളമുണ്ട്. നിരവധി മേഖലകളിൽ, ക്രമസമാധാന പാലനം ഉൾപ്പെടെ കേരള സർക്കാരിന് ബഹുമതികളും പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിക്കുകയാണ്. അതുപോലെത്തന്നെ ജെൻഡർ ബജറ്റിംഗിൽ സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികളിൽ എങ്ങനെ, ഏത് വകുപ്പുകളിൽ തുക ചെലവാക്കപ്പെടുന്നു എന്ന് കൃത്യമായി അവലോകനം ചെയ്യപ്പെടുകയാണ്. ഇത് രാജ്യത്തിന് മാതൃകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ജനസംഖ്യാനുപാതികമായി ബജറ്റിൽ അവർക്ക് തുക നീക്കിവയ്ക്കുന്ന ഏക സംസ്ഥാനമാണ് കേരളം. സാമൂഹ്യനീതി ഉറപ്പാക്കുന്നതിൽ, ഒപ്പം ദീർഘകാലാടിസ്ഥാനത്തിൽ മണ്ണിനെയും മനസ്സിനെയും വീണ്ടെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നൂറ് ശതമാനം വിജയമാണെന്ന് എടുത്തുപറയേണ്ടതാണ്. അടിസ്ഥാന സൗകര്യ വികസന മേഖലയുടെ കാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വീണ്ടും ആവർത്തിച്ച് വ്യക്തമാക്കിക്കഴിഞ്ഞു. 50,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ഇതുവരെ നടത്തിയതും അടുത്ത 3 വർഷംകൊണ്ട് നടത്താനിരിക്കുന്നതുമെന്ന് പറഞ്ഞു.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്, തെരഞ്ഞുപിടിച്ച് യു.ഡി.എഫ്. എം.എൽ.എ.-മാർക്കായിരുന്ന പണം നൽകിയിരുന്നതെങ്കിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിലെ ജനങ്ങളെ ഒന്നായി കണ്ടുകൊണ്ട്, വേർതിരിവ് കാണിക്കാതെ എല്ലാ മണ്ഡലങ്ങളിലും തുക നീക്കിവച്ച് റോഡുകൾ നിർമ്മിക്കുകയാണ്. ദേശീയപാതാ വികസനം സംബന്ധിച്ച് ഇച്ഛാശക്തിയോടുകൂടി സർക്കാർ മുന്നോട്ടുപോകുകയാണ്. 2020-ഓടുകൂടി ജലപാതാ നിർമ്മാണം പൂർത്തിയാകും. കൃത്യമായ നയത്തിന്റെയും വീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുന്ന ഈ സർക്കാരിന് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായ കാലം മുതൽ ഇക്കഴിഞ്ഞ ബജറ്റ് വരെയുള്ള അദ്ദേഹത്തിന്റെ സമീപനങ്ങൾ സശ്രദ്ധമായി വീക്ഷിക്കുമ്പോൾ, ഒട്ടേറെ മാറ്റങ്ങൾ ആ കാഴ്ചപ്പാടിൽ ഉണ്ടായിട്ടുണ്ട്. വളരെ പ്രായോഗികമായ സമീപനങ്ങൾ പല കാര്യങ്ങളിലും സ്വീകരിച്ചുകൊണ്ട് ബജറ്റിനുപുറത്ത് കിഫ്ബിപോലുള്ള പദ്ധതികളുമായി മുമ്പോട്ട് പോകുമ്പോഴും സംസ്ഥാനത്തെ ധനസ്ഥിതിയെ സംബന്ധിച്ച് ആശങ്കകൾ നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ ദിവസം സി.&എ.ജി റിപ്പോർട്ടിൽ നികുതിവരവും ശമ്പളത്തിന് വേണ്ടിവരുന്ന ചെലവുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചും ധനസ്ഥിതി വളരെയേറെ മോശകരമായ ഒരു അവസ്ഥയിലേയ്ക്ക് പോകുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. ഒരു പൊതുവിഭവ സമാഹരണത്തിൽ കേരളത്തിന് എന്തുകൊണ്ട് കാര്യമായി സംഭാവന ചെയ്യാൻ കഴിയുന്നില്ലെന്നുള്ളത് വളരെ ഗൗരവകരമായി ചിന്തിക്കേണ്ട കാര്യമാണ്. ഇതു പറയാൻ കാരണം നമ്മുടെ ആളോഹരി ഗാർഹിക ഉപഭോഗത്തിന്റെ കാര്യത്തിൽ 1972-73 കാലയളവിൽ കേരളം 8-ാം സ്ഥാനത്തായിരുന്നു. പിന്നീട് ഒന്നാം സ്ഥാനത്തെത്തി. അത് നിലനിൽക്കുമ്പോൾത്തന്നെ നമ്മുടെ പൊതുവിഭവ സമാഹരണത്തിന്റെ കോൺട്രിബ്യൂഷൻ കുറഞ്ഞു വരുന്നുവെന്നുള്ളത് സാമ്പത്തികമായി കൃത്യമായി അവലോകനം ചെയ്യേണ്ട കാര്യമാണ്. ഗൾഫ് പണത്തിന്റെ ആധിക്യം കുറഞ്ഞുവരുന്ന അവസ്ഥയിൽ പൊതുകടം വർദ്ധിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് നമ്മുടെ പൊതുവിഭവ സമാഹരണത്തിലുണ്ടാകുന്ന പാളിച്ചയാണ്. സപ്ലിമെന്ററി ഡിമാന്റുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ അതോടൊപ്പം ചർച്ച ചെയ്യേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അസമത്വം (inequality). അതിന്റെ പ്രധാനപ്പെട്ട കാരണം, കൃത്യമായി നമുക്ക് വിഭവങ്ങൾ വിനിയോഗം ചെയ്യാനുള്ള സാദ്ധ്യതകൾ പലപ്പോഴും ഇല്ലാതായിപ്പോകുന്നതും അവ സമാഹരിക്കുന്നതിലുണ്ടാകുന്ന

അപാകതയുമാണ്. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം, സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ വലിയൊരു പങ്ക് ചെലവഴിക്കുന്നത് ശമ്പളത്തിനും പെൻഷനും മറ്റു കാര്യങ്ങൾക്കുമാണ്. പലപ്പോഴും വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ കഴിയുന്നില്ലെന്ന പരാതി നിലനിൽക്കുന്നുണ്ട്. ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങൾ വന്നു കഴിഞ്ഞപ്പോഴും ഒരു പരിധിവരെ പരോക്ഷ നികുതി മാറി കൂടുതൽ സാദ്ധ്യതകളുള്ള പ്രത്യക്ഷനികുതിയിലേയ്ക്കോ അല്ലെങ്കിൽ നികുതിയിതര മേഖലകളിലേയ്ക്കോ പോകേണ്ട ഒരു കാലത്തിലൂടെയാണ് സർക്കാർ കടന്നുപോകുന്നത്. ആ സമീപനത്തിൽ മാറ്റമുണ്ടാകണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അഡീഷണൽ സപ്ലിമെന്ററി ഡിമാന്റ് അംഗീകരിച്ചു പോകുമ്പോഴും ഉണ്ടാകുന്ന പ്രധാനപ്പെട്ട കാര്യം നമ്മുടെ ചെലവിന്റെ കാര്യത്തിലുള്ള ഗുണമേന്മ കൃത്യമായി പലപ്പോഴും നമുക്ക് നിലനിർത്താൻ കഴിയുന്നില്ല എന്നതാണ്. ഈ വർഷത്തെ ഡയറികളെ സംബന്ധിച്ച് ഒരു ചെറിയ ഉദാഹരണം പറയാം, എത്ര ഡിപ്പാർട്ടുമെന്റിന്റെ ഡയറികളാണുള്ളത്. സർക്കാർ വക കൂടാതെ ഡിപ്പാർട്ടുമെന്റുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ എന്നുവേണ്ട, ചെറിയൊരു കാര്യമാണെങ്കിലും എന്തിനാണിങ്ങനെ അനന്തമായ ഡയറികളെന്ന് എനിക്കറിയില്ല. ഇപ്പോൾ വെബ്സൈറ്റിൽ ഓരോ ഡിപ്പാർട്ടുമെന്റിനെയും കോർപ്പറേഷനുകളെയും കമ്മീഷനുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിക്കാൻ സാദ്ധ്യതയുള്ള കാലമാണ്. ഈ സമ്മേളനം തുടങ്ങിയതിനുശേഷം, ഇക്കഴിഞ്ഞ ദിവസം എനിക്ക് ഒരു ഡയറി ലഭിക്കുകയുണ്ടായി. എന്തിനാണ് ഇങ്ങനെയൊരു ധൂർത്തെന്നത് അങ്ങ് പരിശോധിക്കേണ്ട കാര്യമാണ്. ഞാൻ ചെറിയൊരു അന്വേഷണം നടത്തിയപ്പോൾ, കമ്മീഷൻ, അതോറിറ്റി, മിഷൻ, ബോർഡ്, കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ നമുക്ക് 231 സ്ഥാപനങ്ങളാണുള്ളത്. ഇതിൽ പലതും സമാന സ്വഭാവമുള്ളവയാണ്. ഇത്രയും കമ്മീഷനുകൾ യഥാർത്ഥത്തിൽ ആവശ്യമുണ്ടോയെന്നുള്ളത് പരിശോധിക്കണം. കാരണം ഒരു കമ്മീഷന് വേണ്ടി വരുന്ന ചെലവുകൾ എത്രയാണ്? മനുഷ്യാവകാശ കമ്മീഷൻ, യുവജന കമ്മീഷൻ തുടങ്ങി നിരവധി കമ്മീഷനുകളാണ്. ഇതിനെല്ലാം തുക ചെലവഴിക്കുകയാണ്. പബ്ലിക്കിന് എന്ത് കോൺട്രിബ്യൂഷനാണ് ഇവരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതെന്നുള്ളത് വളരെ ഗൗരവകരമായി പരിഗണിക്കേണ്ടതാണ്. ഇപ്പോൾ വീഡിയോ കോൺഫറൻസിംഗ് പോലുള്ള സംവിധാനങ്ങളുള്ള കാലഘട്ടത്തിൽ, ഉദ്ഘാടനത്തിനുവേണ്ടിവരുന്ന ചെലവുകൾ കുറയ്ക്കാവുന്നതാണ്. അതോടൊപ്പം ഉദ്യോഗസ്ഥരെ പലപ്പോഴും അന്വേഷിക്കുമ്പോൾ അവർ തിരുവനന്തപുരത്ത് മീറ്റിംഗിലാണെന്നാണ് പറയുന്നത്. നാട്ടിൽ കിട്ടുന്നില്ല; പലപ്പോഴും യോഗങ്ങളാണ്. ഇത്തരം കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ

വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ നമുക്ക് എന്തുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിച്ചുകൂടാ! ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പലതും വാടകയ്ക്ക് വാഹനങ്ങൾ എടുത്താണ് ഉപയോഗിക്കുന്നത്. അതിന് ഡ്രൈവറുടെ ശമ്പളം നൽകേണ്ട, മറ്റു മെയിന്റനൻസ് ഇല്ല, പല കാര്യങ്ങളിലും കുറവുണ്ടാക്കാൻ കഴിയും. തീർച്ചയായും ധനകാര്യ വകുപ്പ് ഈ കാര്യങ്ങളിൽ പരിശോധന നടത്തണമെന്നാണ് എനിക്ക് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ധാരാളം ക്ഷേമനിധി ബോർഡുകളുണ്ട്. സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഒന്നാക്കിക്കൊണ്ട് അതിന്റെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞാൽ തന്നെ സംസ്ഥാനത്തിന്റെ ചെലവ് കുറയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പല ഡിപ്പാർട്ടുമെന്റുകളിലും യഥാർത്ഥത്തിൽ ജോലിയില്ലാതെ ജീവനക്കാർ ഇരിക്കുന്നുണ്ട്. എന്നാൽ ഹെവി ജോലി ചെയ്യുന്നവരുമുണ്ട്. അത് കണ്ടെത്താൻ, അങ്ങയുടെ കീഴിലുള്ള ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിനെ കുറച്ചുകൂടി ശക്തിപ്പെടുത്തി ജോലി ചെയ്യാതെ വെറുതെയിരിക്കുന്നവരെ ഡിപ്ലോയ് ചെയ്ത് മറ്റു മേഖലകളിലേയ്ക്ക് മാറ്റിക്കൊണ്ട് ഈ കാര്യങ്ങളിൽ മികച്ച പ്രവർത്തനം നടത്താൻ കഴിഞ്ഞാൽ, പ്രത്യേകിച്ച് നമ്മുടെ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ ക്വാളിറ്റി മെയിന്റെയിൻ ചെയ്യാൻ കഴിയുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. എന്റെ സുഹൃത്ത് ഡോ. എൻ. ജയരാജിന്റെ ഭാഗത്തുനിന്നും വളരെ നല്ലൊരു പ്രസംഗമാണ് ഉണ്ടായത്. യഥാർത്ഥത്തിൽ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയോ, എതിർക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ഈ സർക്കാരിനും ജനങ്ങൾക്കും ഗുണകരമാകുന്ന, സർക്കാരിന്റെ ഭാഗത്ത് തിരുത്തൽ ആവശ്യമുള്ള, സർക്കാർ കുറച്ചുകൂടി ഗൗരവപൂർവ്വം പരിഗണിക്കേണ്ട കാര്യങ്ങളുണ്ടാകണം. തീർച്ചയായും അത്തരം ചർച്ചകളാണ് ഈ സഭാതലത്തിൽ ഉയർന്നുവരണമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നത്. ദൗർഭാഗ്യവശാൽ ഡോ. എൻ. ജയരാജ് ഒഴികെ ഇതുവരെ സംസാരിച്ച ഒരു പ്രതിപക്ഷാംഗംപോലും അത്തരത്തിലൊരു അഭിപ്രായം പറയാൻ തയ്യാറായില്ല. സത്യത്തിൽ അവർ പറയാത്തതുകൊണ്ട് എനിക്കോ ഭരണകക്ഷിക്കോ പ്രയാസമുള്ളതുകൊണ്ടല്ല, പക്ഷെ ഈ സഭാതലത്തിലെ നടപടിക്രമങ്ങളും അതിന്റെ ഉള്ളടക്കവും രാജ്യവും ജനങ്ങളും വീക്ഷിക്കുകയാണ്. നിയമസഭാ സമ്മേളനം തുടങ്ങിയതിനുശേഷം ഈ ആഴ്ചയിലെ രണ്ട് ദിവസങ്ങളൊഴിച്ചാൽ മറ്റെല്ലാ ദിവസവും സഭാനടപടികൾ

സ്തംഭിപ്പിച്ചു. എന്നാൽ എന്തുകൊണ്ട് ഈ രണ്ടു ദിവസം സ്തംഭിപ്പിച്ചില്ല എന്ന് മനസ്സിലാകുന്നില്ല, ഇപ്പോൾ സ്തംഭനത്തിനേക്കാൾ മോശമായ അവസ്ഥയാണ്. ഇതിലും ഭേദം സ്തംഭിപ്പിച്ച് പോയിരുന്നെങ്കിൽ നിങ്ങൾ അങ്ങനെയെങ്കിലും ഒരു കാര്യം ചെയ്തെന്ന് സമാധാനിക്കാമായിരുന്നു. യഥാർത്ഥത്തിൽ ഇവിടത്തെ പ്രതിപക്ഷത്തിന് നിയമസഭാ നടപടികളോട് ഏതെങ്കിലും തരത്തിലുള്ള കൂറോ, വിശ്വാസ്യതയോ ഇല്ലെന്ന് അവർ നിരന്തരം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഞാൻ മനസ്സിലാക്കുന്നത്, ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ജനങ്ങളുടെ പിന്തുണയ്ക്കുവേണ്ടി ഒരു പ്രകടനപത്രിക പ്രസിദ്ധീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നാൽ 600-ഓളം കാര്യങ്ങൾ ചെയ്യുമെന്ന് വലിയ പുസ്തകം അച്ചടിച്ച് പ്രസിദ്ധീകരിച്ചു. എന്നിട്ട് സർക്കാർ എന്തു ചെയ്തു? ആദ്യ വർഷം ആ പ്രകടനപത്രികയിലെ എത്രത്തോളം കാര്യങ്ങൾ ചെയ്യാൻ സാധിച്ചുവെന്ന് ഒരു പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഇപ്പോൾ രണ്ടു വർഷം പൂർത്തിയാകുകയാണ്. രണ്ടാമത്തെ വർഷം പൂർത്തിയാകുന്നതോടുകൂടി 600 കാര്യങ്ങളെ സംബന്ധിച്ചും അതിന് (എ), (ബി), (സി) എന്ന് പിരിവുമുണ്ട്; അപ്പോൾ 600 അല്ല 1200-നു മുകളിൽ വരും. അത്രയും കാര്യങ്ങളെ സംബന്ധിച്ച് ഈ സർക്കാർ എന്തു ചെയ്തുവെന്ന് കൃത്യമായി അക്കമിട്ട് നിരത്തി പറയുകയാണ്. ചിലത് നടപടി സ്വീകരിച്ചുവരികയാണ്, എന്താണ് നിങ്ങൾ സ്വീകരിച്ച നടപടി? എന്ത് നടപടിയാണ് ഭാവിയിൽ നിങ്ങൾ സ്വീകരിക്കാൻ പോകുന്നതെന്നെങ്കിലും ഒന്നു ചോദിച്ചുകൂടെ? അതുപോലും ചോദിക്കാനുള്ള ത്രാണിയില്ല നിങ്ങൾക്ക്. യഥാർത്ഥത്തിൽ നിങ്ങളുടെ അവസ്ഥയെന്താണെന്ന് നിങ്ങളൊന്ന് ആലോചിച്ച് നോക്കു. ഇങ്ങനെ നിയമസഭാ അംഗങ്ങളായിരിക്കുന്നതിനെക്കുറിച്ച് നിങ്ങൾക്ക് കുറച്ചെങ്കിലും പരിതാപം തോന്നുന്നില്ലേ? എന്റെ പ്രിയപ്പെട്ട സുഹൃത്ത്, ചെങ്ങന്നൂരിൽ നിന്ന് വലിയ ഭൂരിപക്ഷത്തിന് തെരഞ്ഞെടുത്ത, ശ്രീ. സജി ചെറിയാൻ പറഞ്ഞത് 20 പ്രതിപക്ഷാംഗങ്ങൾ അടുത്ത നിയമസഭയിൽ വരികയില്ലെന്നാണ്. ഈ നിലയ്ക്കാണെങ്കിൽ അതുപോലും ഉണ്ടാകില്ല. ജനങ്ങൾ ഇത് കാണുകയല്ലേ? അതുകൊണ്ട് എനിക്ക് നിങ്ങളോട് ഉപദേശിക്കാനും അഭ്യർത്ഥിക്കാനുമുള്ളത് വേറൊന്നുമല്ല, സർക്കാരിനെ നിങ്ങൾ വിമർശിക്കു, അടിസ്ഥാനപരമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് വസ്തുതാപരമായ വിമർശനങ്ങൾ നിങ്ങൾ ഉന്നയിക്കു, അതല്ലേ വേണ്ടത്. തീർച്ചയായിട്ടും മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെക്കൊണ്ടും മുഖ്യമന്ത്രിയെക്കൊണ്ടും പറയിക്കണം. അതൊന്നും ചിന്തയിലില്ല. എന്താണുള്ളത്; ആഭ്യന്തര വകുപ്പിനും കേരളത്തിന്റെ മുഖ്യമന്ത്രിക്കുമെതിരെ കുന്തമുന തിരിച്ചാൽ അത് കുറച്ച് ഗുണം കിട്ടുമെന്ന് ഏതോ

ചില കേന്ദ്രങ്ങളിൽ നിന്നുള്ള ബുദ്ധി ഉപദേശംകൊണ്ട് അവർക്ക് തോന്നിയിട്ടുണ്ട്. കഴിഞ്ഞ കുറച്ച് കാലമായി ഞങ്ങൾ കണ്ടുവരുന്നത് വേറെ ഒന്നുമല്ല, ഈ സർക്കാർ എന്ന് പറഞ്ഞാൽ മുഖ്യമന്ത്രി, മുഖ്യമന്ത്രിയെന്നു പറഞ്ഞാൽ ആഭ്യന്തര വകുപ്പ്, ആഭ്യന്തര വകുപ്പെന്ന് പറഞ്ഞാൽ പോലീസ്, പോലീസെന്നു പറഞ്ഞാൽ കുറച്ച് ക്രിമിനൽ നടപടികളുള്ള അല്ലെങ്കിൽ അത്തരം ക്രിമിനൽ വാസനയുള്ള കുറച്ച് സേനാംഗങ്ങൾ. ഞാൻ കഴിഞ്ഞ സഭയിലാണ് ആദ്യമായി വന്നത്. ആ സഭയിൽ വന്നതിനുശേഷം അതിന്റെ രണ്ടാമത്തെ സമ്മേളനം, അതായത് 13-ാം കേരള നിയമസഭയുടെ രണ്ടാമത്തെ സമ്മേളനത്തിൽ ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണി ഒരു ചോദ്യം ചോദിച്ചിരുന്നു. അത് സേനയിലെ ക്രിമിനൽ കുറ്റവാളികളെക്കുറിച്ചുള്ളതായിരുന്നു. അതിന് " സംസ്ഥാന പോലീസ് സേനയിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരും കേസിൽ പ്രതികളായിട്ടുള്ളവരുമുണ്ട്, അവരുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നു. അത്തരക്കാരെ കണ്ടെത്തി ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും സേനയെ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കും" എന്ന് രേഖാമൂലം ഈ സഭയിൽ അന്നത്തെ മുഖ്യമന്ത്രി ഉറപ്പുകൊടുത്തു. പ്രതിപക്ഷത്ത് ഇത് കേൾക്കാനുള്ളത് ആകെ മൂന്നുപേരാണ്. മറ്റുള്ളവർ വരുമ്പോൾ പറഞ്ഞുകൊടുക്കണം. അവരിൽ ചിലരെങ്കിലും വോട്ടിന്റെ സമയത്ത് വരും. അഞ്ചു കൊല്ലം ഭരിച്ചിട്ടും പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരെ നന്നാക്കാനായി സ്വീകരിച്ച ഒരു നടപടിയെപ്പറ്റിയെങ്കിലും നിങ്ങൾക്ക് പറയാനുണ്ടോ? ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായാൽ പിറ്റേന്ന് മുതൽ ഇവരെല്ലാം വളരെ നല്ല ആട്ടിൻകുട്ടികളായി മാറുമെന്നാണോ പറയുന്നത്? അങ്ങനെ എവിടെയെങ്കിലും സാധിക്കുമോ; ഏതെങ്കിലും അച്ഛനമ്മമാർക്കുംപോലും സ്വന്തം മക്കളെ അങ്ങനെ നന്നാക്കാൻ സാധിക്കുമോ? സാധിക്കില്ല. അതിന് നല്ല നടപടി സ്വീകരിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും ഒരു കുറ്റകൃത്യത്തിൽ പങ്കാളികളായവരെ രാഷ്ട്രീയം നോക്കാതെ, ജാതിയോ മതമോ നോക്കാതെ മറ്റൊരു പരിഗണനയും കൂടാതെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ട്. അല്ലെന്ന് പറയാൻ ഒരൊറ്റ കേസുണ്ടെങ്കിൽ പ്രതിപക്ഷം പറയണം. ഈ സഭ തുടങ്ങിയശേഷം ഏറ്റവും വലിയ വിവാദമായി നിങ്ങൾ ഉയർത്തിക്കൊണ്ടുവന്ന വരാപ്പുഴ ശ്രീജിത്തിന്റെ വിഷയം നോക്കാം. ഏപ്രിൽ 4-ാം തീയതി ശ്രീജിത്തിനെ കസ്റ്റഡിയിലെടുത്തു. 9-ാം തീയതി ശ്രീജിത്ത് മരിച്ചു. 10-ാം തീയതി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു, അന്നുതന്നെ മൂന്ന് പോലീസുകാരെ സസ്പെൻഡ് ചെയ്തു. 18-ാം തീയതി വിശദമായ പരിശോധനയ്ക്കുശേഷം എസ്.ഐ ഉൾപ്പെടെ നാല് പേരെക്കൂടി സസ്പെൻഡ് ചെയ്തു. കൊലക്കുറ്റത്തിന് സബ് ഇൻസ്പെക്ടറുടെ

പേരിൽ കേസെടുത്തു. എസ്.പി.-യെ സ്ഥലം മാറ്റി. നടപടിക്രമത്തിൽ എന്തു വീഴ്ചയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളതെന്ന് നിങ്ങൾ പറയണം. ഏറ്റവും ദാരുണമായ ഒരു ദുരന്തമായിരുന്നു ആ സംഭവം. അതിൽ കേരളം തന്നെ ലജ്ജിക്കുന്നുണ്ട്. അതിൽ ഒരു സംശയവും ഞങ്ങൾക്കില്ല. ഇതിൽ എന്താണ് ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് അത് സർക്കാർ ചെയ്തു. ആ കുടുംബത്തെ എങ്ങനെയെല്ലാം സഹായിക്കാനാകുമെന്ന് നോക്കി. പണം കൊണ്ടു മാത്രം ആ കുടുംബത്തെ സഹായിക്കാൻ സാധിക്കുമോ? 10 ലക്ഷം രൂപ കൊടുത്തുവെന്നത് വലിയ കാര്യമല്ല. ശ്രീജിത്തിന്റെ ഭാര്യ അഖിലയ്ക്ക് ജോലി കൊടുത്തു. പതിനഞ്ച് ദിവസം തികയുന്നതിന് മുമ്പ് ആ കുടുംബത്തെ ഏതെല്ലാം വിധത്തിൽ സഹായിക്കാൻ സാധിക്കുമോ ആ വിധത്തിലെല്ലാം സർക്കാർ സഹായിച്ചിട്ടുണ്ട്. നിഷേധിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? എന്തുകൊണ്ടാണ് സേനയ്ക്കകത്ത് നിന്നും ഇത്തരം ക്രിമിനൽ സ്വഭാവമുള്ളയാളുകൾ തലപൊക്കുന്നതെന്ന് നിങ്ങൾ പരിശോധിക്കണം, അങ്ങനെ പരിശോധിക്കുമ്പോഴാണ് അഞ്ചുവർഷം നടത്തിയ ഭരണത്തിൽ ഇതിനൊക്കെ നിങ്ങൾ കുടപിടിക്കുകയായിരുന്നുവെന്ന് മനസ്സിലാകുന്നത്. അന്നത്തെ മുഖ്യമന്ത്രിയുടെ ഗൺമാനെക്കുറിച്ച് കേരള ഹൈക്കോടതി ചോദിച്ചത്, കേരളത്തിലെ പോലീസ് സേനയെയാകെ നിയന്ത്രിക്കുന്നത് ഒരു കോൺസ്റ്റബിളാണോ എന്നാണ്. പിണറായി വിജയൻ സർക്കാരിനെക്കുറിച്ച് അങ്ങനെയൊരാക്ഷേപം കോടതിയെന്നല്ല, പ്രതിപക്ഷ നിരയിലെ നിങ്ങൾക്കുപോലും പറയാൻ സാധിക്കില്ല. ഈ സർക്കാർ അധികാരത്തിൽ വന്നത് മേയ് മാസത്തിലാണ്. ആഗസ്റ്റ് മാസത്തിൽ വെള്ളയമ്പലത്ത് എ.ടി.എം. കവർച്ച നടന്നു. ആ പ്രതികളെ പിടിക്കാനാവശ്യമായ എല്ലാ സഹായവും ചെയ്തു. മുംബൈയിൽ നിന്നും നിക്കരാഗ്വയിൽ നിന്നും പ്രതികളെ അറസ്റ്റ് ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കവർച്ചകളും ബലാത്സംഗങ്ങളും കൊലപാതകങ്ങളുമെല്ലാം നാട്ടിൽ നടന്നിട്ടുണ്ട്, അതിലൊക്കെ കുറ്റവാളികളോട് സർക്കാരും ആഭ്യന്തര വകുപ്പും സ്വീകരിച്ചിട്ടുള്ള സമീപനമെന്തായിരുന്നുവെന്ന് നിസ്സംശയം പറയാൻ സാധിക്കും. ഷുഹൈബ് വധക്കേസിലുൾപ്പെടെയുള്ള പ്രതികളെ സമയബന്ധിതമായി അറസ്റ്റ് ചെയ്യുകയും നിയമത്തിനുമുമ്പിൽ കൊണ്ടുവരികയും ചെയ്തു. നല്ല ഇച്ഛാശക്തിയുള്ള സർക്കാരാണ് ഭരിക്കുന്നത്. അതിനെതിരെ നിങ്ങൾ കുറച്ചാളുകൾ പ്രതിഷേധം പ്രകടിപ്പിച്ചതുകൊണ്ട് ഏറ്റുപിടിക്കാൻ ഒരു പക്ഷേ ചില ചാനലുകളും പത്രങ്ങളുമുണ്ടായെന്നിരിക്കും. ചാനലുകളെ മാത്രം ആശ്രയിച്ച് പ്രതിപക്ഷത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമോ? ചാനലുകളുടെ പ്രവർത്തനത്തെ ആശ്രയിച്ച് എല്ലാം നടക്കുമെന്ന് നിങ്ങൾ പ്രതീക്ഷിച്ച ഏറ്റവും

പ്രധാനപ്പെട്ട സന്ദർഭമായിരുന്ന ചെങ്ങന്നൂർ തെരഞ്ഞെടുപ്പ്. പത്രങ്ങളും ചാനലുകളും കണ്ടിരുന്നെങ്കിൽ ഇവിടെയിരിക്കുന്ന ശ്രീ. സജി ചെറിയാൻ എത്ര വോട്ടിന് തോൽക്കേണ്ടതായിരുന്നു? ചാനൽ ജഡ്ജിമാരുടെ വാദവും വിധി പ്രസ്താവവും എന്തായിരുന്നു. എല്ലാം കഴിഞ്ഞ് ഇരുപതിനായിരത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തോടെ ജയിച്ചപ്പോൾ ഞങ്ങൾക്കായിരുന്നു റേറ്റിംഗ് ഏറ്റവും കൂടുതലെന്ന് അതേ ചാനലുകൾ പറയുകയാണ്. നാണംകെട്ട ഇത്തരം ചില ചാനലുകളും അവരുടെ വൈതാളികരും പ്രതിപക്ഷത്തെ ഇങ്ങനെ വഴിതെറ്റിക്കുമ്പോൾ ഞാനൊരു കാര്യമേ പറയാനുദ്ദേശിക്കുന്നുള്ളൂ, ഇവിടെ ഒരു സർക്കാരുണ്ട്, ഈ സർക്കാർ ജനങ്ങൾക്ക് സംരക്ഷണവും പ്രതീക്ഷയും നൽകുന്നുണ്ട്. ആ പ്രതീക്ഷ നൽകുന്ന സർക്കാരിനെ നിങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിമർശിക്കൂ, അതല്ലാതെ ആടിനെ പട്ടിയാക്കി, പട്ടിയെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുന്ന നയവുമായി വന്നാൽ ചാനലുകളായ ചാനലുകളും പത്രങ്ങളായ പത്രങ്ങളും പറഞ്ഞാലും ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ ഇരുപതിനായിരത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിന് ശ്രീ. സജി ചെറിയാൻ ജയിച്ചതുപോലെ കേരള ജനത ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ വീണ്ടും തെരഞ്ഞെടുക്കുമെന്ന് മാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

1.00 PM]

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എനിക്ക് മുൻപ് സംസാരിച്ച ബഹുമാന്യനായ ജെയിംസ് മാത്യു പ്രതിപക്ഷ ബെഞ്ചുകളെ നോക്കി, പ്രതിപക്ഷത്തിന് ഈ നിയമസഭാ നടപടികളിൽ താൽപ്പര്യമുണ്ടോ എന്ന് ചോദിച്ചു. ഞാൻ തിരിച്ച് ചോദിക്കുകയാണ്, പത്തൊൻപത് മന്ത്രിമാരിൽ രണ്ട് മന്ത്രിമാർ മാത്രമാണ് അപ്പുറത്തുള്ളത്. അതിൽത്തന്നെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇരിക്കാൻ നിർബന്ധിതനായതുകൊണ്ടുമാത്രം ഇരിക്കുകയാണ്. മന്ത്രിമാർക്ക് നിയമസഭാ നടപടികളിലും നാട്ടിലെ വികസന കാര്യങ്ങളിലും ഒരു താൽപ്പര്യവുമില്ലെന്നുള്ളതാണ് ഇത് പ്രകടമാക്കുന്നത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ഒന്ന്, എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടാണ്. വർക്കുകൾ സാങ്കേതികത്വത്തിന്റെ നൂലാമാലകളിൽപ്പെട്ട് കൃത്യസമയത്ത് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഹൈ-മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനായി എം.എൽ.എ.-മാർ പ്രൊപ്പോസൽ കൊടുത്തിരുന്നു. ഇതിന് ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് ലഭിക്കാത്തതിനാൽ വലിയ

കാലതാമസം നേരിടുകയാണ്. ഇപ്പോൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടക്കുകയാണ്. എന്നാൽ ഇത് തുടങ്ങുന്നതിനു മുൻപുതന്നെ കേരളത്തിലെ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കണമെന്ന താൽപ്പര്യത്തോടെ, സർക്കാർ വിദ്യാലയത്തിലെ കുട്ടികളും സ്വന്തം സ്കൂൾ ബസിൽ സ്കൂളിലേയ്ക്ക് വരണമെന്ന അതിയായ താൽപ്പര്യമുള്ളതുകൊണ്ട് പല എം.എൽ.എ.-മാരും ആസ്തി വികസന ഫണ്ട് സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിലേയ്ക്കായി മാറ്റിവച്ചു. എന്റെ മണ്ഡലത്തിലെ 18 സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് ആസ്തിവികസന ഫണ്ട് നൽകി. പ്രൊപ്പോസൽ നൽകിയാലും ഒരു വർഷം കഴിഞ്ഞാണ് ബസ് റിലീസ് ആകുന്നത്, അപ്പോൾ ബസിന് ക്വട്ടേഷൻ വിലയേക്കാൾ വർദ്ധനവുണ്ടാകും. വിലയിലെ ഈ വ്യത്യാസം പല പി.ടി.എ.-കളും അടയ്ക്കേണ്ടിവരും. സാമ്പത്തികമായി മെച്ചമില്ലാത്ത പി.ടി.എ.-കൾക്ക് പലപ്പോഴും തുക അടയ്ക്കാൻ കഴിയാത്തതിനാൽ ബസുകൾ റിലീസ് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികനസ ഫണ്ടിൽ നിന്നും ബസുകൾ വാങ്ങുന്നതിനായി പ്രൊപ്പോസൽ നൽകിയാൽ അതിന്റെ സാങ്കേതികത്വം ഒഴിവാക്കി, ബസ് റിലീസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഓർഫനേജുകൾക്ക് കുറേക്കാലമായി ഫണ്ടൊന്നും നൽകുന്നില്ല. അത് അടിയന്തരമായി നൽകാനുള്ള സംവിധാനമുണ്ടാക്കണം. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള അമ്പലങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ലഭിച്ചിട്ട് കുറേയേറെ മാസങ്ങളായി. അതിനുള്ള തീരുമാനവും പെട്ടെന്നുണ്ടാക്കണം. എന്റെ മണ്ഡലത്തിൽ മൂന്ന് വർഷം മുൻപ് ആരംഭിച്ചതാണ് മലപ്പുറം ഗവൺമെന്റ് വിമൻസ് കോളേജ്. ബഹുമാന്യനായ കെ. എൻ. എ. ഖാദർ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിഗ്രി സീറ്റുകളിലെ കുറവിനെ സംബന്ധിച്ച് അടിയന്തരപ്രമേയം കൊണ്ടുവന്നിരുന്നു. മൂന്ന് വർഷം മുൻപ് ആരംഭിച്ച ഈ ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പൽ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ അതിനുശേഷം ഈ അടുത്ത ദിവസം അനുവദിച്ച കോളേജുകളിലടക്കം അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇത് കടുത്ത വിവേചനമാണ്. എനിക്ക് മുൻപ് സംസാരിച്ച പലയാളുകളും സർക്കാരിന്റെ ഇച്ഛാശക്തിയെക്കുറിച്ച് പറയുകയുണ്ടായി. ഇച്ഛാശക്തി വാചകത്തിൽ മാത്രമാണുള്ളത്. പ്രവൃത്തിപഥത്തിൽ ഇതൊന്നും കാണുന്നില്ല. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരേയും ഏതെങ്കിലും മുഖ്യമന്ത്രിമാർക്ക് ഇത്രയധികം ഉപദേഷ്ടാക്കൾ ഉണ്ടായതായി നമ്മളാരും കേട്ടിട്ടില്ല. ശാസ്ത്ര ഉപദേഷ്ടാവ്, മാധ്യമ ഉപദേഷ്ടാവ്, സാമ്പത്തിക ഉപദേഷ്ടാവ്, പോലീസ് ഉപദേഷ്ടാവ്, നിയമ ഉപദേഷ്ടാവ്, പ്രസ്സ് ഉപദേഷ്ടാവ് എന്നിങ്ങനെ ആറ് ഉപദേഷ്ടാക്കൾ നിലവിലുണ്ട്.

ഈ ഉപദേഷ്ടാക്കൾക്കൊക്കെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നുണ്ടോ എന്നൊന്നും എനിക്കറിയില്ല. ഇത്രയും ഉപദേഷ്ടാക്കളുണ്ടായിട്ടും കാര്യങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ലെന്നതാണ് കേരളത്തിലെ ജനങ്ങളുടെ അനുഭവം. ഉപദേഷ്ടാക്കൾക്ക് പുറമെയാണ് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനുള്ളത്. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് ഔദ്യോഗിക വാഹനമുൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും അനുവദിച്ചിട്ടുണ്ട്. രണ്ട് കൊല്ലമായിട്ട് എന്ത് ഭരണ പരിഷ്കാര റിപ്പോർട്ടാണ് അദ്ദേഹം സമർപ്പിച്ചതെന്ന് ഇതുവരെ സഭയിൽ പറഞ്ഞിട്ടില്ല. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ഈ സഭയിൽ വന്ന് തന്റെ മണ്ഡലത്തിലെ ഒരു ചെറിയ വ്യവസായ യൂണിറ്റ് ഏറ്റെടുക്കണമെന്ന് മന്ത്രിയോട് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. വളരെ വേദന തോന്നി. സീനിയറായിട്ടുള്ള ഒരു മെമ്പർ, ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാൻ ഒരു മന്ത്രിക്കു മുൻപാകെ.......

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, അദ്ദേഹത്തിന് അങ്ങനെയൊരു സബ്മിഷൻ അവതരിപ്പിക്കാൻ കഴിയില്ലേ; ഏത് മെമ്പർക്കാണ് സബ്മിഷൻ അവതരിപ്പിക്കാൻ കഴിയാത്തത്?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷൻ അവതരിപ്പിക്കാനുള്ള അവകാശത്തെക്കുറിച്ചല്ല ഞാൻ പറഞ്ഞത്. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് നടപ്പാക്കേണ്ട ഭരണപരിഷ്കാരങ്ങളിൽ ഒരെണ്ണമായി ഇത് ഉൾപ്പെടുത്തിക്കൊടുത്താൽപോരേ? എങ്കിൽ വളരെ വേഗം കാര്യങ്ങൾ നടക്കില്ലേ; അതൊന്നും ചെയ്യാതെ ഇവിടെ സബ്മിഷൻ അവതരിപ്പിച്ചതിൽ വിഷമം തോന്നിയതുകൊണ്ട് പറഞ്ഞതാണ്. ഇത്രയധികം ഉപദേഷ്ടാക്കളുണ്ടായിട്ടും ഒരു കാര്യവും നടക്കുന്നില്ല. ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കുറച്ച് ഉപദേഷ്ടാക്കളുടെ തസ്തികകൾകൂടി ഒഴിഞ്ഞുകിടക്കുകയാണ്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പിന് കുറച്ചുമുൻപാണല്ലോ ഓരോ മതവിഭാഗത്തിലുംപെട്ട മതസംഘടനാ നേതാക്കളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശയവിനിമയം നടത്തിയത്. തെരഞ്ഞെടുപ്പിന് ഒരാഴ്ച മുൻപാണ് ഇവരെയെല്ലാം കാണാൻ പോയത്. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കുറച്ച് മതകാര്യ ഉപദേഷ്ടാക്കളെക്കൂടി നിയമിക്കുന്നത് നന്നായിരിക്കും. മതകാര്യ ഉപദേഷ്ടാക്കളെ നിയമിക്കുമ്പോൾ ഒന്നും രണ്ടുമൊന്നും മതിയാകില്ല. കാരണം ഓരോ മതത്തിനും ജാതിയും ഉപജാതിയുമൊക്കെയുണ്ട്. എല്ലാ ജാതി-മത-ഉപജാതികളുടെയും കാലുപിടിച്ച്, കൂട്ടുപിടിച്ചിട്ടാണല്ലോ ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ വിജയിച്ചത്. അപ്പോൾ മതകാര്യ ഉപദേഷ്ടാക്കളുടെ കുറച്ച് തസ്തികകൂടി അനുവദിക്കുന്നത് നന്നായിരിക്കും. ഈ സർക്കാർ വീഴ്ചയുടെ രണ്ടാം വാർഷികമാണ് ആഘോഷിക്കുന്നത്. വീഴ്ചകൾ മാത്രമാണുള്ളത്. ഇത് ഞങ്ങൾ പറയുന്നതല്ല,

സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി സഖാവ് കോടിയേരി ബാലകൃഷ്ണൻ ഏറ്റവും അവസാനം പറഞ്ഞത് പോലീസിന് വീഴ്ച സംഭവിച്ചുകൊണ്ടേയിരിക്കുക യാണെന്നാണ്. ഇങ്ങനെ രണ്ട് കൊല്ലമായിട്ടും തന്റെ കീഴിലുള്ള പോലീസിനെപ്പോലും നേരെചൊവ്വെ കൊണ്ടുനടക്കാൻ കഴിയാത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്ത് ഇച്ഛാശക്തിയാണുള്ളത്? ഏത് വിഷയത്തിലാണ് വീഴ്ച സംഭവിക്കാത്തത്. ശ്രീജിത്തിന്റെ കൊലപാതകം ചെറിയ സംഭവമാണോ; നിരപരാധിയായ ഒരു ചെറുപ്പക്കാരനെ പോലീസ് പിടിച്ചുകൊണ്ടുപോയി കസ്റ്റഡിയിൽവച്ച് കൊലപ്പെടുത്തുകയാണ്. എന്നിട്ട് ആളുമാറിപ്പോയതാണെന്ന് വളരെ ലാഘവത്തോടെ പറയുന്നു. ഒരു ചെറുപ്പക്കാരനെ അകാരണമായി പിടിച്ച് കസ്റ്റഡിയിൽവച്ച് കൊലപ്പെടുത്തിയതിനുശേഷം ആളുമാറി പിടികൂടിയതാണെന്ന് പറയാൻ ലജ്ജയില്ലേ? കെവിന്റെ വിഷയത്തിലും എന്താണ് സംഭവിച്ചത്? കെവിന്റെ വിഷയത്തിൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ പോയപ്പോൾ പോലീസ് സ്റ്റേഷൻ പൂട്ടിയിരിക്കുകയാണ്. ഒറ്റ പോലീസും അവിടെയില്ലായിരുന്നു. പോലീസ് സ്റ്റേഷൻ പൂട്ടിയിട്ടതിനുശേഷം പോലീസുകാരൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അകമ്പടി സേവിക്കാൻ പോയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാരനായ ഒരു മുഖ്യമന്ത്രിക്ക് സ്വന്തം സംസ്ഥാനത്ത് നടക്കാൻ പോലീസ് വ്യൂഹങ്ങളുടെ അകമ്പടി വേണമെന്ന് പറഞ്ഞാൽ എന്ത് ജനകീയ ഭരണമാണിത്? ഒരു ജില്ലയിൽ മുഖ്യമന്ത്രി വരുന്നതുകൊണ്ട് അന്ന് ആ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളും പൂട്ടി.

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ..

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ആർ. രാജേഷ്: സർ, വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പറയുന്നത്. കേരളത്തിലെ പോലീസ് സ്റ്റേഷനുകളൊന്നും പൂട്ടിയിടാനാകില്ല. ഒരു പോലീസ് സ്റ്റേഷനും പൂട്ടിയിട്ടിട്ടില്ല. ഈ ഗവൺമെന്റിനെ ആക്ഷേപിക്കാൻവേണ്ടി പ്രചരിപ്പിക്കുന്ന കള്ളങ്ങളിൽ ഒന്നാണിത്. അസത്യം പ്രചരിപ്പിച്ച് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലല്ല. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാൻ പോയപ്പോൾ അവിടെ പോലീസുകാരുണ്ടായിരുന്നില്ല എന്നുള്ളതും അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അകമ്പടി സേവിക്കാൻ പോയി എന്നുള്ളതും ലോകം മുഴുവൻ അറിഞ്ഞ കാര്യമാണ്. ഇതാണ് കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. ഒരു വർഷമായി സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി നടക്കുന്നുണ്ടോ? ഞങ്ങൾ അധികാരത്തിൽ വന്നാൽ പെൻഷൻ വീട്ടിൽ എത്തിച്ചുകൊടുക്കുമെന്നാണ്

പറഞ്ഞത്. ഒന്നര വർഷമായി പെൻഷന് അപേക്ഷിക്കാൻ കഴിയുന്നില്ല. വെബ്സൈറ്റ് അടഞ്ഞുകിടക്കുകയാണ്. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി അഞ്ച് വർഷംകൊണ്ട് അഞ്ച് ലക്ഷം പേർക്ക് വീട് നൽകുമെന്നാണ് പറഞ്ഞത്. രണ്ട് വർഷം കഴിഞ്ഞു. എത്രപേർക്ക് വീട് നൽകി? ഏത് കാര്യത്തിലാണ് ഈ സർക്കാർ ഇച്ഛാശക്തി പ്രകടിപ്പിച്ചതായി കാണാൻ സാധിക്കുന്നത്? ഒരു കാര്യത്തിലും ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ഇതുവരെ നടപ്പാക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. എന്നിട്ടിപ്പോൾ ബി.ജെ.പി.-ക്ക് ആളുകളെ കൂട്ടുന്ന പണിയാണ് ചെയ്യുന്നത്. ഇവിടെ പറഞ്ഞല്ലോ, ഒരാൾ കുറിയിട്ടാൽ അയാൾ ബി.ജെ.പി., താടിവച്ചാൽ അയാൾ തീവ്രവാദി. തീവ്രവാദ പ്രസ്ഥാനത്തിലേയ്ക്കും ബി.ജെ.പി.-യിലേയ്ക്കുമൊക്കെ ആളുകളെ റിക്രൂട്ട് ചെയ്യുന്ന പണിയാണ് യഥാർത്ഥത്തിൽ സി.പി.ഐ.(എം.)കാർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിട്ട് ബി.ജെ.പി.-ക്കെതിരായി വലിയ വർത്തമാനം പറയുന്നു. എന്നാൽ ബി.ജെ.പി.-യെ അധികാരത്തിൽനിന്നും മാറ്റിനിർത്തേണ്ട സന്ദർഭത്തിൽ അതിനനുകൂലമായ നിലപാട് സ്വീകരിക്കുന്നുമില്ല. പാലക്കാട് നഗരസഭയിൽ ഇപ്പോൾ ബി.ജെ.പി. അംഗം ചെയർമാനായിരിക്കുന്നത് സി.പി.ഐ.(എം.)-ന്റെ നിലപാടുകൊണ്ടാണ്. കർണ്ണാടകയിൽ കോൺഗ്രസ് സ്വീകരിച്ച നിലപാട് സി.പി.ഐ.(എം.) അവിടെ സ്വീകരിക്കണ്ടേ; 78 അംഗങ്ങളുള്ള കോൺഗ്രസ് 37 അംഗങ്ങളുള്ള ജെ.ഡി.എസ്.ന് പിന്തുണ നൽകി ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കാനുള്ള നിലപാട് സ്വീകരിച്ചു. പാലക്കാട് നഗരസഭയിൽ അതേ നിലപാട് സ്വീകരിക്കാൻ എന്തുകൊണ്ട് സി.പി.ഐ.(എം.-ന് സാധിച്ചില്ല? പല പഞ്ചായത്തുകളിലും ഇവരിപ്പോൾ ഭരിക്കുന്നത് തീവ്രവാദ സംഘടനകളുമായി കൂട്ടുകൂടിയിട്ടാണെന്നുള്ള കാര്യം തീവ്രവാദത്തിനെതിരെ സംസാരിക്കുന്നവർ ഓർക്കണം. ഞങ്ങൾ തീവ്രവാദത്തിനെതിരെ അതിശക്തമായ നിലപാട് സ്വീകരിച്ചവരാണ്. ഒരാൾ നോമ്പ് അനുഷ്ഠിച്ചാൽ അയാളെ തീവ്രവാദിയാക്കാൻ കഴിയുമോ? ആ രീതിയിലുള്ള പ്രചരണങ്ങളാണ് കഴിഞ്ഞ ദിവസം ഇവിടെ നടന്നത്. അതുകൊണ്ട് ഇത്തരം പ്രചരണങ്ങൾകൊണ്ട് കേരളത്തിലെ ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ടുപോകുന്ന സി.പി.ഐ.(എം.)-ന് കരകയറാൻ കഴിയുമെന്ന പ്രതീക്ഷ വേണ്ട. ചെങ്ങന്നൂരിലേത് ഒരു അവസാന തെരഞ്ഞെടുപ്പല്ലെന്ന കാര്യം നിങ്ങൾ ഓർക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിന് ഒരു പുതിയ ദിശാബോധം നൽകിയിരിക്കുന്നുവെന്ന് ഇടതുപക്ഷ വിശ്വാസികൾ മാത്രമല്ല, കേരളത്തിലെ രാഷ്ട്രീയ വിമർശകരുൾപ്പെടെ പറയുന്ന ഒരു ചിത്രമാണ് ഈ സർക്കാർ രണ്ട് വർഷക്കാലം പൂർത്തിയാക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. ഇപ്പോൾ

സ്കൂളുകൾ തുറന്ന സമയമാണ്. ഈ സമയത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് ഇന്നുരാവിലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ ചുരുക്കം ചില കാര്യങ്ങൾ പ്രതിപാദിക്കുകയുണ്ടായി. കഴിഞ്ഞ വർഷം ഒന്നരലക്ഷം കുട്ടികളാണ് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വന്നതെങ്കിൽ ഈ വർഷം പ്രാഥമിക കണക്കുകൾ വന്നപ്പോൾത്തന്നെ രണ്ട് ലക്ഷത്തിലധികം കുട്ടികൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് വന്നിരിക്കുന്നുവെന്ന് പറയുന്നത് ഒരു ചെറിയ മാറ്റമല്ല. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ചെറിയ ചെറിയ ഓർമ്മകൾ ഈ രണ്ട് വർഷക്കാലവുമായി താരതമ്യം ചെയ്യുമ്പോഴാണ് വലിയ വ്യത്യാസം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.ക്ലാസ്സുകളിൽ ഡെസ്ക്കും ബെഞ്ചുമില്ലായിരുന്നു. എന്നാൽ ഇന്ന് ആ ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി. ഇത് ചുരുങ്ങിയ സമയത്തിനുള്ളിൽ വന്ന മാറ്റമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സ്കൂളുകളിൽ പാഠപുസ്തകമില്ലായിരുന്നു, സ്കൂൾ വിദ്യാർത്ഥികളോട് നിങ്ങൾ ഫോട്ടോസ്റ്റാറ്റ് എടുത്ത് പഠിച്ചുകൊള്ളാൻ പറഞ്ഞു. ഇപ്പോൾ സ്കൂൾ തുറക്കുംമുമ്പ് പാഠപുസ്തകം ലഭിക്കുകയാണ്. സ്കൂൾ അടച്ചപ്പോൾതന്നെ പാഠപുസ്തകം കുട്ടികളുടെ കയ്യിൽ കൊടുത്തുവിടുന്നതരത്തിലുള്ള വലിയ മാറ്റമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് യൂണിഫോം പ്രഖ്യാപിച്ചത് വിവാദമായി. ഇവിടെ സ്കൂൾ തുറക്കുന്നതിനുമുമ്പ് അല്ലെങ്കിൽ തുറന്നപ്പോൾ സൗജന്യ യൂണിഫോം നൽകുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങളെത്തി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ലഭിക്കണമെങ്കിൽ നടുവൊടിഞ്ഞവരും കാലൊടിഞ്ഞവരും കട്ടിലിൽത്തന്നെ മലമൂത്ര വിസർജ്ജനം നടത്തുന്നവരും തലേദിവസം ആംബുലൻസിൽ ജില്ലാ കളക്ടേറ്റിൽ എത്തണമായിരുന്നു. അങ്ങനെ പോയാൽത്തന്നെ 24 മണിക്കൂർ കഴിയുമ്പോൾ മാത്രമാണ് മുഖ്യമന്ത്രിയെ കാണാൻ കഴിയുന്നത്. ആ രീതിക്ക് മാറ്റം വന്നു. ഇന്ന് വീട്ടിലിരുന്ന് ഓൺലൈനിൽ അപേക്ഷ നൽകിയാൽ മതി. ചുരുങ്ങിയ കാലയളവിനുള്ളിൽ 393 കോടി രൂപ ദുരിതാശ്വാസ സഹായമായി നൽകാൻ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും അഭിമാനത്തോടെ പറയാൻ കഴിയും. ആ നിലയിൽ മുന്നോട്ട് വരുമ്പോഴാണ് രാജ്യത്തെ പ്രവർത്തനങ്ങളെ പരിശോധിക്കുന്ന വിവിധ തട്ടുകളിൽ നിന്നുള്ള അംഗീകാരം ഈ സർക്കാരിനെ തേടിയെത്തുന്നത്. രാജ്യത്തെ 10 മികച്ച പോലീസ് സ്റ്റേഷനുകളിലൊന്നായി വളപട്ടണം പോലീസ് സ്റ്റേഷനെ ഉയർത്തിയിരിക്കുന്നു. സ്ത്രീ സുരക്ഷ ഉറപ്പാക്കിയ കാര്യത്തിൽ 'പ്ലാൻ ഇന്ത്യ' കേരളത്തിന് രണ്ടാംസ്ഥാനം നൽകിയിരിക്കുകയാണ്. സൈബർ കുറ്റാന്വേഷണത്തിൽ കേരളത്തെ ഒന്നാമതായി പ്രഖ്യാപിച്ചിരിക്കുന്നത് 'നാസ്കോം ഡാറ്റാ സെക്യൂരിറ്റി കൗൺസി'ലാണ്. 'സ്റ്റുഡന്റ്സ് പോലീസ്' പദ്ധതി കേരളത്തിലാണ് ആരംഭിച്ചത്. അത് രാജ്യവ്യാപകമാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മികച്ച കൺസ്യൂമർ ട്രാവൽ ബ്രോഷർ ഫിലിം അവാർഡ്, പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ 2017-ലെ സ്വർണ്ണ മെഡൽ എന്നിവ നൽകാൻ തീരുമാനിച്ചിരിക്കുന്നത് കേരളത്തിനാണ്. മികച്ച ബാക്ക് വാട്ടർ ആയുർവേദ വിഭാഗം 2017-ലെ ടൂറിസം കോൺക്ലേവ് അവാർഡ് നൽകിയതും കേരളത്തിനാണ്. കേപ് ടുഡേ ഇന്റർനാഷണൽ പോലീസ് എക്സലൻസ് അവാർഡ്, 2017 നൽകിയിരിക്കുന്നത് കേരളത്തിലെ ജനമൈത്രി പോലീസിനാണ്. ഈ പട്ടിക നീളുകയാണ്. ഏറ്റവും ഒടുവിൽ മാതൃമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. 61-ൽ നിന്നും 46 ശതമാനമായാണ് കുറഞ്ഞിരിക്കുന്നത്. രാജ്യത്തെ ശരാശരി 130 ആണ്. വലിയ മാറ്റമാണ് വന്നിട്ടുള്ളത്. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ ഇന്ത്യക്കല്ല ലോകത്തിനാണ് കേരളം വഴികാട്ടി. സാക്ഷരതയുടെ കാര്യത്തിലും ജനന-മരണ നിരക്ക് രാജ്യത്ത് ഏറ്റവും കുറവുള്ള സംസ്ഥാനമായും കേരളം തല ഉയർത്തിപ്പിടിച്ച് നിൽക്കുകയാണ്. അങ്ങനെ നിരവധി കാര്യങ്ങളിൽ തല ഉയർത്തിപ്പിടിച്ച് നിൽക്കുന്ന കേരളത്തെ ഉയർച്ചയിൽ നിന്നും ഉയർച്ചയിലേയ്ക്ക് കൊണ്ടുപോകുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണെന്ന് പറയുമ്പോഴാണ് അഭിമാനത്തോടെ ഈ ഗവൺമെന്റിനെ നോക്കിക്കാണുന്നത്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനിൽ രണ്ടാമത്തെ ജില്ലാ പോലീസ് ഓഫീസായി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഓഫീസ് മാറിയിരിക്കുന്നു. ക്രമസമാധാന പരിപാലനത്തിനുള്ള ഇന്ത്യാ ടുഡേ അവാർഡ് ലഭിച്ചിരിക്കുന്നതും കേരളത്തിനാണ്. അഴിമതി കുറഞ്ഞ സംസ്ഥാനത്തിനുള്ള സെന്റർ ഫോർ മീഡിയ സ്റ്റഡീസ് അവാർഡ് നൽകിയിരിക്കുന്നത് കേരളത്തിനാണ്. കേരളത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങളെ ചെറുതായി കണ്ടിട്ട് കാര്യമില്ലെന്നാണ് ഞാൻ സൂചിപ്പിച്ചത്. നമുക്ക് താരതമ്യപ്പെടുത്താൻ കഴിയുന്ന മറ്റൊന്ന് കേന്ദ്ര സർക്കാരാണ്. അതിന്റെ അവസ്ഥ എന്താണ്? Make in India പൊളിഞ്ഞു, ഡിജിറ്റൽ ഇന്ത്യ ചീറ്റിപ്പോയി, സ്മാർട്ട് സിറ്റി വന്നില്ല, സ്ത്രീകൾക്ക് രക്ഷയില്ല, സ്റ്റാർട്ട്-അപ്-ഇന്ത്യ ചീറ്റിപ്പോയി, സ്കിൽ ഇന്ത്യ വെളിച്ചം കണ്ടില്ല. എല്ലാം ചീറ്റിപ്പോകുകയാണ്. 15 ലക്ഷം രൂപ ഒരു അക്കൗണ്ടിലും വന്നില്ല. ബ്ലാക്ക് മണി ഒന്നും നടന്നില്ല, ബുള്ളറ്റ് ട്രെയിൻ പാളത്തിൽ കയറിയില്ല, എല്ലാവർക്കും വീട് - ഒന്നും പ്രാവർത്തികമായില്ല, പാകിസ്ഥാനെ നിലയ്ക്ക് നിർത്തും - എങ്ങും നിർത്തിയില്ല, ലോക് പാൽ ബിൽ - വെളിച്ചം കണ്ടില്ല, അരിവില കുറയ്ക്കും - ഒന്നു കുറച്ചില്ല, പെട്രോൾ വില 50 രൂപയാക്കും - കുറഞ്ഞില്ലെന്ന് മാത്രമല്ല ഗ്യാസിന്റെ വില 425 രൂപയിൽ നിന്നും 800 രൂപയായി വർദ്ധിച്ചു. ഇതാണ് ഇന്ത്യയിലെ മാറ്റങ്ങൾ. ചെങ്ങന്നൂരിൽ എന്തുകൊണ്ടാണ് വോട്ടുകൾ മാറിയത്. അവിടെ രാഷ്ട്രീയമാണ് ചർച്ച ചെയ്തത്. ചെങ്ങന്നൂരിന്റെ

മാണിക്യമാണ് ശ്രീ. സജി ചെറിയാൻ. മാസങ്ങളായി മുടങ്ങിക്കിടന്ന ക്ഷേമ പെൻഷൻ കിട്ടിയവർ ആർക്ക് വോട്ട് ചെയ്യും. അവർ യു.ഡി.എഫ്.നോ ബി.ജെ.പി.ക്കോ വോട്ട് ചെയ്യില്ല, എൽ.ഡി.എഫ്.ന് വോട്ട് ചെയ്യും. ലോഡ് ഷെഡ്ഡിംഗ് ഇന്ന് കേരളത്തിലില്ല. ലോഡ് ഷെഡ്ഡിംഗ് ഇല്ലാത്തതിനാൽ ജനങ്ങൾ എൽ.ഡി.എഫ്.നേ വോട്ട് ചെയ്യുകയുള്ളൂ. ലൈഫ് പദ്ധതി സംബന്ധിച്ച് പറഞ്ഞ ആക്ഷേപങ്ങൾ നാളെ നിങ്ങൾ തിരുത്തും. ധനാഭ്യർത്ഥനയുടെ അടുത്ത പ്രസംഗം നടക്കുമ്പോൾ അത് തിരുത്തും, നിങ്ങൾ അത് കാണും. സ്കൂൾ തുറക്കുന്നതിന് മുമ്പുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചു. നഴ്സുമാർക്ക് മിനിമം വേതനം 20,000 രൂപയാക്കാനുള്ള തീരുമാനമെടുത്തപ്പോൾ അവർ എന്തുചെയ്യണം. അവർ ആദ്യം സ്ഥാനാർത്ഥിയെ നിർത്താൻ തീരുമാനിച്ചു. പിന്നീട് അത് വേണ്ടെന്നും 20,000 രൂപ മിനിമം വേജസ് പ്രഖ്യാപിച്ച എൽ.ഡി.എഫ്.നെ പിന്തുണയ്ക്കണമെന്നും തീരുമാനിച്ചു. ആ നിലയിലാണ് ഇക്കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. നഷ്ടത്തിലായിരുന്ന 24-ൽ 14 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുമ്പോൾ ജനങ്ങൾ ആർക്ക് വോട്ട് ചെയ്യണം? അതാണ് ചെങ്ങന്നൂരിൽക്കണ്ട പ്രതിഫലനം. വരട്ടാർ - അവിടെ ഒരു നദി ഇല്ലായിരുന്നു. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ വരട്ടാറിനെ മടക്കിക്കൊണ്ടുവന്നു. അതൊരു ചെറിയ കാര്യമല്ല. ലോകത്ത് എത്ര പുഴകൾ മടങ്ങിവന്നിട്ടുണ്ട്. ചരിത്രത്തിലേയ്ക്ക് സ്ഥാനം പിടിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറി. അങ്കണവാടി ടീച്ചർമാർ, ആശാ വർക്കർമാർ, സാക്ഷരതാ പ്രേരക്മാർ തുടങ്ങിയവരുടെ ശമ്പളം രണ്ടിരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിക്കുമ്പോൾ അവർ എൽ.ഡി.എഫ്.നല്ലാതെ ആർക്ക് വോട്ട് ചെയ്യണം. ആ മാറ്റമാണ് നമ്മൾ കണ്ടത്. നിപ വൈറസ് മലേഷ്യയിൽ എത്രയോ ആളുകളുടെ ജീവൻ കെടുത്തി. ആ രാജ്യം മരവിച്ചുനിന്നു. നമ്മുടെ സംസ്ഥാനത്ത് ചില ആളുകൾ ഒളിച്ചോടിയെങ്കിലും ഡോക്ടർമാരും നഴ്സുമാരും ആംബുലൻസ് ഡ്രൈവർമാരും ധീരതയോടെ മുന്നോട്ടുവന്നു. ആരോഗ്യ വകുപ്പുമന്ത്രി ഉണ്ണിയാർച്ചയെപ്പോലെ അവരുടെ മുമ്പിൽ നിന്നു. മരണമുഖത്ത് ജീവൻപോലും ബലിയർപ്പിക്കുമെന്ന ഘട്ടത്തിലാണ് അവിടെ പ്രയത്നം നടത്തിയത്. പണ്ട് കോളറ വന്നപ്പോഴുള്ള അവസ്ഥ എന്തായിരുന്നു? കോളറ ബാധിച്ചവരെ ദൂരെ പാർപ്പിക്കും. പിന്നെ അവർക്ക് തിരിച്ച് വരാൻ കഴിയില്ല. നിപയെ നമ്മൾ കീഴ്പ്പെടുത്തിയെന്ന് പറയുമ്പോൾ ഇടതുപക്ഷം മാത്രമല്ല, എല്ലാ രാഷ്ട്രീയ പാർട്ടികളും സമൂഹവും ഒരുമിച്ചുനിന്നു. അതിന് നേതൃത്വം നൽകാൻ ഒരു സർക്കാരുണ്ടായി എന്നുള്ളത് ഒരു ചെറിയ കാര്യമല്ല. നമ്മൾ ഈ മാറ്റങ്ങൾ കാണണം. ദൗർഭാഗ്യവശാൽ യു.ഡി.എഫ്. ഈ മാറ്റങ്ങൾ കാണുന്നില്ലെന്നുള്ളതാണ് കേരളത്തിന്റെ ശാപം.

അതുകൊണ്ടാണ് ചെങ്ങന്നൂരിനെ വർഗ്ഗീയതയാണെന്ന് പഴി പറഞ്ഞത്. കടുത്ത വർഗ്ഗീയതയും മൃദു വർഗ്ഗീയതയും എല്ലാം പയറ്റിയ സ്ഥലത്താണ് ശരിയുടെ, രാഷ്ട്രീയത്തിന്റെ ധ്രുവീകരണത്തിലേയ്ക്ക് ആ തെരഞ്ഞെടുപ്പിനെ കൊണ്ടുപോകാൻ ഇടതുപക്ഷം പരിശ്രമിച്ചതും ചെങ്ങന്നൂരിലെ ജനങ്ങൾ ഇടതുപക്ഷത്തോടൊപ്പം നിൽക്കാൻ തീരുമാനിച്ചതും. അതാണ് കേരളത്തിൽ വന്ന മാറ്റം. ആ മാറ്റം നിങ്ങൾ കാണണം. കൊലപാതക പരമ്പരകൾ, വർഗ്ഗീയ കലാപങ്ങൾ, അതുവഴി വോട്ട് കേന്ദ്രീകൃതം തുടങ്ങിയവ നടത്തിയ സംഘപരിവാർ രാഷ്ട്രീയം ഇവിടെ പൊളിഞ്ഞു.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്....

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ സർക്കാരിന്റെ നേട്ടങ്ങൾ പറയാൻ എല്ലാ മന്ത്രിമാരും എം.എൽ.എ.-മാരുമെത്തി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകി. അവർ ചർച്ച ചെയ്ത ആ പൊതുരാഷ്ട്രീയത്തോടൊപ്പം നിൽക്കാനാണ് എല്ലാ വിഭാഗം ജനങ്ങളും ചെങ്ങന്നൂരിലെ വോട്ടർമാരും, ഒരുപക്ഷേ സംസ്ഥാനത്തിന്റെ ഒരു പരിച്ഛേദം, തീരുമാനിച്ചത്. ഇന്നലെകളിൽ എൽ.ഡി.എഫ്.ന് വോട്ട് ചെയ്യാതിരുന്ന ജനങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയുടെ നേതൃത്വത്തെ അംഗീകരിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും പുതിയ തെളിവായി, ഒരു സാമ്പിളായി ചെങ്ങന്നൂരിനെ എടുക്കാം. സുസ്ഥിരമായ ധനകാര്യ മാനേജ്മെന്റിലൂടെ ഇന്ന് കേരളത്തെ മുന്നോട്ട് കൊണ്ടുപോകാൻ മുഖ്യമന്ത്രിക്കൊപ്പം ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും നിൽക്കുമ്പോൾ, മാറുന്ന രാഷ്ട്രീയത്തിൽ ഒരു മതേതര മുദ്രാവാക്യം അടിസ്ഥാനമാക്കി മുന്നോട്ട് പോകുമ്പോൾ, ശ്രീ. സജി ചെറിയാൻ പ്രഖ്യാപിച്ചതുപോലെ, ഇവിടെ ഇടതുപക്ഷം നൂറിലധികം സീറ്റുകൾ, ചിലപ്പോൾ 120 ആകാം, നേടുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുകാര്യം പറയാനുണ്ട്. ഇത്രയും ഡയറി പ്രിന്റ് ചെയ്യേണ്ട ആവശ്യമുണ്ടോ? ഇന്നലെ എന്റെ മുറിയിൽ മൂന്ന് ഡയറി കൊണ്ടുവന്നു. ഒരു ഡയറിക്ക് ഏകദേശം 500 രൂപ ചെലവ് വരും. ആ മൂന്ന് ഡയറിയും കൊണ്ടുവന്നവരുടെ കയ്യിൽ തിരികെ കൊടുത്തുവിട്ടു. ഡോ. എൻ. ജയരാജ് പറഞ്ഞത് വളരെ സത്യമാണ്. പ്രിന്റിംഗ് ചാർജ് കുറയ്ക്കണം. ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യംകൂടി ഒന്ന് ശ്രദ്ധിക്കണം. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ റോണിയോ ഓപ്പറേറ്റർ എന്നൊരു തസ്തികയുണ്ട്. റോണിയോ എന്നുള്ളത് പഴയകാലത്തെ ഒരു യന്ത്രമാണ്. അതിന് ഇപ്പോഴും ഒരു ഓപ്പറേറ്റർ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുകയാണ്. റോണിയോ എന്ന യന്ത്രം നിർമ്മിക്കുന്ന ഫാക്ടറി ലോകത്ത് ഒരിടത്തുമില്ല. എന്നിട്ടും സെക്രട്ടേറിയറ്റിലുണ്ട്. ഇതൊക്കെ

എടുത്തുകളയേണ്ട സമയം കഴിഞ്ഞു. ഇന്നെനിക്ക് സന്തോഷം തോന്നിയ ദിവസമാണ്. ഇന്ന് രാവിലെ യാക്കോബായ, ഓർത്തഡോക്സ് സഭകൾ തമ്മിലുള്ള രൂക്ഷമായ തർക്കം സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചു. ഇവിടെ രണ്ട് വിഭാഗത്തിലും ഉൾപ്പെട്ട ബഹുമാനപ്പെട്ട എം.എൽ.എ.-മാർ വളരെ വിനയത്തോടുകൂടി നിരീശ്വരവാദിയായ മുഖ്യമന്ത്രിയുടെ മുന്നിൽ, അങ്ങ് മദ്ധ്യസ്ഥനാകണമെന്ന് കേണപേക്ഷിക്കുകയാണ്. അത് കേട്ടപ്പോൾ അത്ഭുതം തോന്നി. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് ഇതിൽക്കൂടുതൽ ഒരു സർട്ടിഫിക്കറ്റ് നൽകാനുണ്ടോ? എനിക്ക് അത്ഭുതം തോന്നിയെന്ന് ഞാൻ വെറുതെ പറയുകയല്ല. ഞാൻ സഭകളുടെ കാര്യങ്ങളിൽ ഇടപെടുന്നില്ല. സഭകളുടെ തർക്കം തീർക്കാൻ ഇരുപക്ഷത്തെയും എം.എൽ.എ.-മാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ രക്ഷിക്കണമെന്നാണ് പറഞ്ഞത്. ഇടതുപക്ഷത്തുള്ള ഒരു എം.എൽ.എ.-യും ചാടി എഴുന്നേൽക്കുന്നതുകണ്ടു. ഏതായാലും മുഖ്യമന്ത്രിക്ക് അങ്ങനെ ഒരു തൂവൽ നൽകാൻ തയ്യാറായ എം.എൽ.എ.-മാരെ ഞാൻ അഭിനന്ദിക്കുന്നില്ലെങ്കിലും ജനം ഇത് കാണുന്നുണ്ടെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മത്സ്യത്തൊഴിലാളികളുടെ സ്ഥിതിയെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. ചെല്ലാനം ഉൾപ്പെടെയുള്ള മേഖല കടൽ കയറി നശിക്കുകയാണ്. ആലപ്പുഴ ടൗണിൽ ഞാൻ കഴിഞ്ഞ ദിവസം പോയിരുന്നു. അവിടെ 60 പാവങ്ങൾ കടലോരത്ത് താമസിക്കുകയാണ്. അവരെ സംരക്ഷിക്കാൻ കടൽഭിത്തി നിർമ്മിക്കണം, പുലിമുട്ട് പണിയണം തുടങ്ങിയ പല പ്രശ്നങ്ങളുണ്ട്. അക്കാര്യത്തിൽ ആലപ്പുഴക്കാരനായ ഡോ. ടി. എം. തോമസ് ഐസക് കുറച്ചുകൂടി പണം അനുവദിക്കണം. ഞാൻ അങ്ങയെപ്പറ്റി നല്ലതുമാത്രമേ പറഞ്ഞിട്ടുള്ളൂ. കേരളം കണ്ട ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക് എന്ന് ഞാൻ ഈ സഭയിൽത്തന്നെ മുമ്പും പറഞ്ഞിട്ടുണ്ട്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യംകൂടി ശ്രദ്ധിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. 'ചീത്ത ആളുകളുടെ അതിക്രമങ്ങളല്ല, നല്ല ആളുകളുടെ നിശബ്ദതയാണ് ലോകത്തിന് കുഴപ്പം' എന്ന് നെപ്പോളിയൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇവിടെ യു.ഡി.എഫ്. പറയുന്നതോ ബി.ജെ.പി. പറയുന്നതോ ആയ അതിക്രമങ്ങളൊന്നും എൽ.ഡി.എഫ്. കാര്യമാക്കുന്നില്ല; എൽ.ഡി.എഫ്. നിശബ്ദമാകുകയുമില്ല. അതാണ് ഈ ബജറ്റും ഈ ഉപധനാഭ്യർത്ഥനയുമെല്ലാം തെളിയിക്കുന്നത്. രണ്ട് വർഷത്തെ ഭരണം പൂർത്തിയാക്കുമ്പോൾ കേരളത്തിന്

അഭിമാനപുരസ്സരം ലോകത്തോടും ഇന്ത്യയോടും വിളിച്ചുപറയാവുന്ന ധാരാളം പുതിയ അടിത്തറകൾ കെട്ടിപ്പടുത്തിട്ടുണ്ട്. അതിൽ ഏറ്റവും വലിയ അടിത്തറ വിദ്യാഭ്യാസ മേഖലയിലാണ്. വിദ്യാഭ്യാസത്തിൽ കേരളം മുന്നോട്ടുവയ്ക്കുന്നത് ഒരുപക്ഷെ ലോക മാതൃകയാകാൻ സാദ്ധ്യതയുള്ള ഒന്നാണ്. നമുക്ക് ലോകനിലവാരത്തിലുള്ള വിദ്യാഭ്യാസത്തിലേയ്ക്ക് എത്താൻവേണ്ടി മുടക്കുന്നതെല്ലാം പത്തോ പതിനഞ്ചോ വർഷം കഴിയുമ്പോൾ പലിശ സഹിതം തിരിച്ചുകിട്ടുമെന്ന് ഉറപ്പാണ്. കാരണം കേരളം എപ്പോഴും ഇന്ത്യയെ മാത്രമല്ല, ലോകത്തെ നോക്കിയാണ് വളർന്നത്. കേരളത്തിലുണ്ടായ ജനകീയ വിദ്യാഭ്യാസം, മുൻകാലത്ത് അത് മതിയായിരുന്നു, ആ ജനകീയ വിദ്യാഭ്യാസമാണ് കേരളത്തിലെ യൗവനം പുറത്തുപോയി മറ്റുള്ളവരോട് മത്സരിച്ച് യൂറോപ്പ്, അമേരിക്ക, ഗൾഫ്, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണെങ്കിലും പലതും നേടി ഇന്നത്തെ കേരളത്തിന്റെ ഐശ്വര്യം കെട്ടിപ്പടുത്തത്. ഈ ഐശ്വര്യം നില നിർത്തണമെങ്കിൽ, ലോകത്തുനിന്ന് നാളെ കേരളത്തിൽ വരേണ്ടതെല്ലാം വരണമെങ്കിൽ, ലോകോത്തരമായ ഒരു വിദ്യാഭ്യാസം ആവശ്യമായിരുന്നു. അതിന്റെ അടിത്തറയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ രണ്ട് വർഷംകൊണ്ട് കേരളത്തിൽ ബലപ്പെടുത്തിയത്. പ്രധാനപ്പെട്ട കാര്യം, എയ്ഡഡ്/അൺ എയ്ഡഡ് മേഖല എന്നതല്ല, എയ്ഡഡ് മേഖല തീർച്ചയായും വളരുമ്പോൾ എല്ലാ മേഖലയിൽനിന്നും ആളുകൾ വരും; ഇപ്പോൾ മൊത്തത്തിൽ കുട്ടികൾ വർദ്ധിച്ചു. അതിനേക്കാൾ പ്രധാനം കേരളത്തിലെ ഓരോ യൗവനത്തിനും ഓരോ വീടിനും വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു പുതിയ സ്വപ്നമുണ്ടായി എന്നതാണ്. എനിക്ക് ഒരു അനുഭവമുണ്ട്; എന്റെ മണ്ഡലത്തിലെ ഒരു പ്രധാന സ്കൂളിൽ രണ്ട് വർഷംമുമ്പ് ഒരു പരിപാടിക്ക് കേരളത്തിലെ സീനിയർ ഐ.എ.എസ്. ഓഫീസർ ആയിരുന്ന ശ്രീ. ഡി. ബാബു പോൾ വന്നിരുന്നു. അദ്ദേഹം സംസാരിച്ചതിനുശേഷം കുട്ടികളോട് നിങ്ങൾക്കെന്തെങ്കിലും ചോദിക്കാനുണ്ടോ എന്ന് ചോദിച്ചപ്പോൾ ഹയർ സെക്കണ്ടറിക്ക് പഠിക്കുന്ന ഒരു കുട്ടി ചോദിച്ചു, ഞങ്ങളുടെ നാട്ടിൽ ഇഷ്ടംപോലെ എം.ബി.ബി.എസ്.-കാരും എഞ്ചിനീയർമാരും പ്രൊഫസർമാരും വരുന്നുണ്ട്. പക്ഷെ ഗ്രാമീണ മേഖലയായതുകൊണ്ട് ഞങ്ങളുടെ നാട്ടിൽ സിവിൽ സർവീസുകാർ വരുന്നില്ല. എന്താണ് കാരണം? അപ്പോൾ അദ്ദേഹം അവരോട് പറഞ്ഞത് 'നിങ്ങളുടെ അച്ഛനും അമ്മയ്ക്കും ആ സ്വപ്നമില്ല. അതുകൊണ്ട് നിങ്ങൾക്കും ആ സ്വപ്നമില്ല. എപ്പോൾ നിങ്ങൾക്ക് ആ സ്വപ്നമുണ്ടാകുന്നോ അപ്പോൾ അത് വരും' എന്നാണ്. ഒരു സ്വപ്നം നിലനിർത്തിയപ്പോൾ ഈ വർഷം ചടയമംഗലം മണ്ഡലത്തിൽ രണ്ട് സിവിൽ സർവീസുകാർ വന്നു. രണ്ട് വർഷം മാത്രമേ എടുത്തുള്ളൂ. അതൊരു പുതിയ കാര്യമാണ്. ഒരു പുതിയ സ്വപ്നമുണ്ടാക്കുക; ആ

സ്വപ്നമുണ്ടാക്കാൻ വിദ്യാഭ്യാസ മേഖലയ്ക്ക് കഴിഞ്ഞുവെന്നതാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ചെയ്ത ഏറ്റവും വലിയ കാര്യം. അത് വെറും വലുതാകുക എന്ന സ്വപ്നമല്ല, മാനവികതയും മതേതരത്വവും വലുതാകണമെന്നും വർഗ്ഗീയയ്ക്കെതിരായി ചിന്തിക്കണമെന്നും ഒരു ലോക പൗരന്റെ മുഖമുണ്ടാകണമെന്നും ഇന്ത്യയിൽ ഏറ്റവും വികസിതമായ, ഒരുപാട് പൊക്കമുള്ള മനുഷ്യനെ കേരളം സൃഷ്ടിക്കണമെന്നുമുള്ള ഒരു സ്വപ്നമാണ് കടം വാങ്ങിയും കിഫ്ബിയിലൂടെയും വിദ്യാഭ്യാസ മേഖലയിൽ മുടക്കിയതുകൊണ്ടും അത് തുടരുന്നതുകൊണ്ടും ഉണ്ടാകുന്നത്. ഇങ്ങനെ പറഞ്ഞുപോയാൽ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് മാത്രം പറയേണ്ടിവരും. കേരളത്തിൽ നമ്മുടെ സർക്കാരിനെതിരെ പ്രതിപക്ഷം ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. പറയുന്നതിലൊന്നും കുഴപ്പമില്ല. കാരണം അവർ വന്ന ഉടനെ പറഞ്ഞു തുടങ്ങിയതാണ്. ആദ്യം അവർ പറഞ്ഞത് 'നിങ്ങളുടെ കിഫ്ബി നടക്കുന്നതല്ല', അവസാനം പറഞ്ഞു 'നടക്കുന്നെങ്കിൽ അത് മുടക്കമാകും'. ഇപ്പോൾ പറയുന്നത് 'ഞങ്ങളുടെ മണ്ഡലത്തിൽക്കൂടി മുടക്കമില്ലാതെ നടക്കണമെന്നാണ്'. ഒരു പുതിയ വഴി തുറക്കുന്നത് വലിയ പ്രതിസന്ധി വരുമ്പോഴാണ്. വലിയ പ്രതിസന്ധി വരുമ്പോഴാണ് ഒരു പുതിയ പ്രതിഭയെ നമ്മൾ കണ്ടെത്തുന്നത്. ഒരു വഴി തുറക്കുന്ന ആളിനെയാണ് പുതിയൊരു സംവിധാനമായി നമ്മൾ കാണുന്നത്. അങ്ങനെയൊരു സംവിധാനമാണ് ആദ്യ ബജറ്റിൽത്തന്നെ പ്രഖ്യാപിച്ചത്. ഇപ്പോൾ 'നടക്കുന്നില്ല' എന്നുപറഞ്ഞവരെല്ലാം 'അവിടെക്കൂടി നടക്കണം' എന്നേ പറയുന്നുള്ളൂ. നമ്മൾ ചെറിയൊരു തലത്തിൽ നിന്നല്ല, ഭയാനകമായ ഇന്ത്യൻ സാഹചര്യത്തിൽ, പുതിയ സാഹചര്യത്തിൽ നോട്ട് നിരോധനമാണെങ്കിലും വ്യാപാര മേഖല തകർന്നുപോകുന്ന ജി.എസ്.ടി. ആണെങ്കിലും മറ്റ് സംവിധാനങ്ങളാണെങ്കിലും എല്ലാം യഥാർത്ഥ വികസനത്തെ ശീർഷാസനത്തിൽ നിർത്തിയിരിക്കുന്ന ഒരു ഘട്ടത്തിലാണ് കേരളത്തിന്റെ പരിമിതമായ അധികാരാവകാശങ്ങൾ ഉപയോഗിച്ച് ഈ ശീർഷാസനത്തിൽനിന്ന് നേരെ നിർത്തി വികസനത്തിന് ഒരു മാതൃക, ഒരു വഴി തുറക്കാൻ ശ്രദ്ധിക്കുന്നത്. അവിടെയാണ് ഇത് പ്രസക്തമാകുന്നത്. അത് വെറുതെയല്ല. അതായത് ഒരു വലതുപക്ഷ സാമ്പത്തിക നയം; ആ നയം തുടർന്നുവന്നത് കോൺഗ്രസാണ്. ആ നയം ഏറ്റെടുത്ത് മുന്നോട്ടുപോകുന്നത് ബി.ജെ.പി.-യാണ്. ഇത് രണ്ടും ഇന്ത്യയിൽ വളർത്തിയത് ജാതീയതയും വർഗ്ഗീയതയുമാണ്. അതിനെതിരായ ഒരു നയം മതേതരത്വ ജനാധിപത്യപരമായി കൊണ്ടുപോകണമെങ്കിൽ ഏറ്റവും പാവപ്പെട്ട മനുഷ്യന്റെ കയ്യിൽ, അവന് കമ്പോളത്തിൽ പോയി അരി വാങ്ങാനുള്ള കാശ് ഉണ്ടാകുമെന്ന് ഉറപ്പാക്കണം. ഇത് യു.ഡി.എഫ്. ഉറപ്പാക്കിയില്ല.

യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വർഷങ്ങളായി പെൻഷൻ ഇല്ലാതിരിക്കുമ്പോൾ ഏറ്റവും പാവപ്പെട്ട 60 വയസ്സ് കഴിഞ്ഞവരും കയർ തൊഴിലാളികളും കർഷക തൊഴിലാളികളും കമ്പോളത്തിൽനിന്ന് അരി വാങ്ങി അത്താഴം കഴിക്കുമെന്ന് ഉറപ്പാക്കിയിരുന്നില്ല. അത് ഉറപ്പാക്കുക എന്നുപറയുന്നത് ഒരു ബദൽ സംവിധാനമാണ്. അത് ഉറപ്പാക്കുന്ന നയത്തോടുകൂടിയാണ് ആധുനിക വികസനത്തിന്റെ പന്ഥാവ് ഒരുക്കാൻ കഴിയുന്ന മനോഹരമായ ഒരു മാനസികാവസ്ഥ ഉണ്ടാകുന്നത്. അത് ഇന്നത്തെ അവസ്ഥയിൽ ഇന്ത്യയിൽ കേരളം മാത്രം മുന്നോട്ടുവയ്ക്കുന്ന ഒരു ബദൽ സാമ്പത്തിക രീതിയാണ്. ആ ബദൽ സാമ്പത്തിക രീതി നടപ്പാക്കിക്കൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. അപ്പോൾ നമുക്ക് ധാരാളം പുതിയ ആവശ്യങ്ങൾ വരും. കോൺഗ്രസിന്റെ ഒരു പ്രത്യേകത വിന്ധ്യന് അപ്പുറംവരെ അവർ ബി.ജെ.പി.-ക്ക് എതിരാണ്; എന്നാൽ കേരളത്തിലേയ്ക്ക് എത്തുമ്പോൾ അവർ ബി.ജെ.പി.-യെക്കുറിച്ച് മിണ്ടുകയില്ല എന്നതാണ്. കാരണം, ഇവിടെ അവർ ഇടതുപക്ഷത്തിന് എതിരാണ്. അതിൽ അവർ എത്തിയിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് ആലോചിക്കണം. നിങ്ങൾക്ക് എതിർക്കാം. എതിർക്കുമ്പോഴും ജനാധിപത്യത്തിന്റെ ഏറ്റവും വലിയ സാദ്ധ്യത എന്ന് പറയുന്നത് സംവാദത്തിന്റെ തലങ്ങൾ വളരുക എന്നതാണ്. പ്രതിപക്ഷം ശ്രദ്ധിക്കേണ്ടത് ഈ ഭരണപക്ഷത്തെ ഒന്ന് വൃത്തിയാക്കുക എന്നതിലാണ്. ഭരണപക്ഷവുംകൂടി ചേരുമ്പോൾ ജനങ്ങളെ മൊത്തത്തിൽ വികസിപ്പിക്കാവുന്നതും വൃത്തികേടായി സമൂഹത്തിൽ നിൽക്കുന്ന എല്ലാത്തിനെയും ഇല്ലാതാക്കാവുന്നതുമാണ്. അത്തരമൊരു സംവിധാനത്തിലേയ്ക്ക് പ്രതിപക്ഷം ഉയരുന്നില്ല എന്നാണ് പറഞ്ഞത്. 'തെറ്റ് പറ്റിപ്പോയി, ഇനി ഉണ്ടാകുകയില്ല' എന്ന് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതായി ഇന്ന് പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. അദ്ദേഹം അങ്ങനെ പറഞ്ഞോ ഇല്ലയോ എന്ന് എനിക്കറിയില്ല. .... (ബഹളം).... അതുകൊണ്ട് അവരെത്തി നിൽക്കുന്ന പ്രതിസന്ധിയെക്കുറിച്ച് അവരാലോചിക്കണം. എന്തുകൊണ്ട് ആ പ്രതിസന്ധിയുണ്ടായെന്നും ആലോചിക്കണം. അവർക്കൊരു പ്രതിസന്ധി നൽകിയത് ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ചെങ്ങന്നൂരിൽ ഇങ്ങനെയൊരു വിധി വന്നതെന്തുകൊണ്ടാണെന്ന് ശ്രീ. സജി ചെറിയാൻ തന്നെ ഇവിടെ വിശദീകരിച്ചു. അവിടെ ഒരു രാഷ്ട്രീയ യുദ്ധമല്ലാതെ മറ്റൊരു യുദ്ധത്തിന്റെ കളമൊരുക്കാൻ അവർ ശ്രമിച്ചു. ...(ബഹളം)... കേരളത്തിലെ മനുഷ്യർ ചെങ്ങന്നൂരിനെ ഒരു രാഷ്ട്രീയ യുദ്ധമായി കണ്ടു.

ആ രാഷ്ട്രീയ യുദ്ധത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിച്ചത്. ....... (ബഹളം)...... കോൺഗ്രസുകാർ നാളെ രക്ഷപ്പെടാൻവേണ്ടിയാണ് ഞാൻ പറയുന്നത്; ഒരു രാഷ്ട്രീയ യുദ്ധത്തിനുവേണ്ടി കോൺഗ്രസ് തയ്യാറാകണം; ഒരു രാഷ്ട്രീയ യുദ്ധത്തിലൂടെ മാത്രമേ ബി.ജെ.പി.-യെ തോൽപ്പിക്കാനും ഇന്ത്യയിൽ നിലനിൽക്കാനും കഴിയൂ; ഒരു രാഷ്ട്രീയ യുദ്ധത്തിലൂടെ മാത്രമേ നിങ്ങളുടെ വോട്ട് നിങ്ങൾക്ക് നഷ്ടപ്പെടാതിരിക്കാനുള്ള കാവലും കരുതലുമായി നിൽക്കാൻ കഴിയൂ. ചെങ്ങന്നൂരിൽ സംഭവിച്ചത് ആ രാഷ്ട്രീയ യുദ്ധത്തിൽ കോൺഗ്രസ് വരാത്തതാണ്. രാഷ്ട്രീയമെന്ന് പറയുന്നത് കക്ഷി രാഷ്ട്രീയത്തിനപ്പുറമാണ്. കോൺഗ്രസിനും എൽ.ഡി.എഫ്.നും ഒരു രാഷ്ട്രീയമുണ്ട്, അത് കക്ഷിരാഷ്ട്രീയമാണ്. കക്ഷി രാഷ്ട്രീയത്തിനപ്പുറമൊരു രാഷ്ട്രീയമുണ്ട്. രാഷ്ട്രത്തിന്റെയും മനുഷ്യന്റെയും സംസ്ഥാനത്തിന്റെയും കാര്യങ്ങളാലോചിക്കുന്നൊരു രാഷ്ട്രീയം. ആ രാഷ്ട്രീയമാണ് എൽ.ഡി.എഫ്. ചെങ്ങന്നൂരിൽ ചർച്ച ചെയ്യാൻ ശ്രമിച്ചത്. അത് കർഷകത്തൊഴിലാളികളുടെയും കശുവണ്ടിത്തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും ചെറുപ്പക്കാരുടെയും മനസ്സിന്റെ വേദനയിൽത്തൊട്ടുള്ള രാഷ്ട്രീയമാണ്. ചെങ്ങന്നൂരിൽ ശ്രീ. സജി ചെറിയാന് 20000-ൽപ്പരം വോട്ട് അധികം ലഭിച്ചത് ആ രാഷ്ട്രീയത്തിനാണ്. നിങ്ങൾ ആ രാഷ്ട്രീയം ചർച്ച ചെയ്താൽ മാത്രമേ ശ്രീ. കെ. എം. മാണിക്കുമുമ്പിൽ ഇപ്പോൾ എത്തിനിൽക്കുന്ന അവസ്ഥയിൽനിന്ന് മാറാൻ സാധിക്കൂ എന്നാണ് എനിക്ക് കോൺഗ്രസുകാരോട് പറയാനുള്ളത്. കോൺഗ്രസൊരു വലിയ പാർട്ടിയാണ്. കോൺഗ്രസ് മാണി കോൺഗ്രസിനെപ്പൊലൊരു ചെറിയ പാർട്ടിയല്ല. ഇന്ത്യയിൽ ഇപ്പോഴും നിലനിൽക്കുന്ന പാർട്ടിയാണ്. പക്ഷേ നിങ്ങൾ നിലനിൽക്കാൻ വിഷമിക്കുന്ന പാർട്ടിയാണ്. നിലനിൽക്കാൻ വിഷമിക്കുന്ന സംവിധാനം രാജ്യത്തുണ്ടായത് നെഹ്റുവും മഹാത്മാഗാന്ധിയുമൊക്കെ കൊണ്ടുനടന്ന മതേതരത്വ രാഷ്ട്രീയത്തിന്റെ ഏറ്റവും വലിയ അടിത്തറയിൽനിന്ന് നിങ്ങൾ മാറിയതുകൊണ്ടാണ്. നിങ്ങൾ വലതുപക്ഷ സാമ്പത്തിക നയത്തിലേയ്ക്ക് പോയതുകൊണ്ടാണ്. അതുകൊണ്ടാണ് ഒരു രാഷ്ട്രീയ യുദ്ധത്തിൽ നിങ്ങൾക്ക് ഇന്ത്യയിൽ പലയിടത്തും നിൽക്കാൻ കഴിയാത്തത്. രാജസ്ഥാനിലും മദ്ധ്യപ്രദേശിലും നിങ്ങൾ ജയിക്കണമെന്ന് ആഗ്രഹിക്കുന്നൊരാളാണ് ഞാൻ. കാരണം, അവിടെ എൽ.ഡി.എഫ്.-നോ മറ്റൊരു പാർട്ടിക്കോ ജയിക്കാൻ കഴിയില്ല. വർഗ്ഗീയതയ്ക്കെതിരായി കൃത്യമായൊരു രാഷ്ട്രീയം ഉയർത്താൻ ശ്രമിക്കണം. രാഷ്ട്രീയത്തിന്റെ യുദ്ധക്കളത്തിൽ തോൽവി-വിജയങ്ങളൊന്നും വലിയ തോൽവിയും വിജയങ്ങളുമല്ല, പക്ഷേ രാഷ്ട്രീയമാകണം. നിങ്ങൾ അഞ്ചാറ് ദിവസമായി കേരളത്തിലെടുക്കുന്നത് രാഷ്ട്രീയ യുദ്ധങ്ങളല്ല,

രാഷ്ട്രീയമായ നിങ്ങളുടെ ഇടപെടലല്ല, രാഷ്ട്രീയമായ നിങ്ങളുടെ ബോധമല്ല, ഒരു രാഷ്ട്രീയ സംസ്കാരം വളർത്താനുമല്ല. അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് നിലനിൽക്കാൻ കഴിയില്ല. നിങ്ങൾക്ക് നിലനിൽക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ യുദ്ധം, അത് മതേതരത്വ ജനാധിപത്യപരമായ എല്ലാ മൂല്യങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ഒരു യുദ്ധമാണ്. അത് വിന്ധ്യനപ്പുറം ഒന്നും വിന്ധ്യനിപ്പുറം വേറൊന്നുമല്ല. ആ രാഷ്ട്രീയ യുദ്ധത്തിന് നിങ്ങളൊരുങ്ങുക, അതിന്റെ അരങ്ങാക്കി കേരളത്തെ മാറ്റുക. ഇന്നത്തെ അവസ്ഥയിൽ കേരളത്തിലെ എൽ.ഡി.എഫ്. മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തെ വെല്ലുവിളിക്കാനുള്ള രാഷ്ട്രീയത്തിന്റെ കൊടി കയ്യിലില്ലാത്തത് നിങ്ങളുടെയൊരു പരാജയമാണ്. ആ പരാജയമാണ് ചെങ്ങന്നൂരിൽ നേരിട്ടത്. അതിനെ അതിജീവിക്കണമെങ്കിൽ നിങ്ങൾ ഞങ്ങളുടെ വിജയത്തെ കണ്ട് അസൂയപ്പെടുകയല്ല വേണ്ടത്, നിങ്ങളുടെ പരാജയത്തെ ആഴത്തിൽ പരിശോധിക്കുകയും പഠിക്കുകയും തിരുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ആത്മാഭിമാനത്തോടുകൂടി ഈ ഉപധനാഭ്യർത്ഥനകൾ നിയമസഭയുടെ മുമ്പിൽ വയ്ക്കുന്നതിനും കൂടുതൽ ശക്തവും കരുത്തോടുകൂടിയതുമായ ജനകീയ ഭരണം മുമ്പോട്ടുകൊണ്ടുപോകുന്നതിനും ജനങ്ങൾ സർവ്വതാ വിശ്വാസമർപ്പിച്ചിട്ടുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് കേരളത്തിലെ ജനങ്ങൾ നൽകിയ ഏറ്റവും വിലപ്പെട്ട അംഗീകാരമാണ് ചെങ്ങന്നൂരിൽനിന്നും ശ്രീ. സജി ചെറിയാനെ നിയമസഭയിലേയ്ക്കെത്തിച്ചത്. എന്തെല്ലാം അപവാദ പ്രചരണങ്ങൾ കെട്ടഴിച്ചുവിട്ടാലും എന്തെല്ലാം കള്ള പ്രചരണങ്ങൾ നടത്തിയാലും ജനങ്ങളുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ മനുഷ്യന്റെ പച്ചയായ സത്യങ്ങളെ തിരിച്ചറിയാനുള്ള വിവേകത്തെ ചോദ്യം ചെയ്യാനോ ഇല്ലാതാക്കാനോ ഒരു ശക്തിക്കുമാകില്ലെന്നും ചരിത്രത്തിന്റെ അന്തിമമായ വിധികർത്താക്കൾ ജനങ്ങളായിരിക്കുമെന്നും ലോക സമൂഹത്തെ നോക്കി നിരീക്ഷണം നടത്തിയ മാർക്സിന്റെ നിഗമനത്തെ സാധൂകരിക്കുന്നതും അദ്ദേഹത്തിന്റെ ഇരുന്നൂറാം ജന്മദിനം ആഘോഷിക്കുന്ന ഈ വർഷത്തിൽ ശരിവയ്ക്കുന്നതുമായ അന്തിമമായ വിധികർത്താക്കൾ ജനങ്ങളാണെന്ന് കാലത്തെയും ചരിത്രത്തെയും സാക്ഷിനിർത്തിക്കൊണ്ടുള്ള വിധിയാണ് ചെങ്ങന്നൂരിൽ ജനങ്ങൾ നൽകിയത്. ചെങ്ങന്നൂരിലെ പൗരാവലിയെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭിവാദ്യം ചെയ്യുകയാണ്. അവിടെ മദ്യനയത്തിന്റെ ഹിതപരിശോധനയാണെന്ന് ഈ

സഭയുടെ കഴിഞ്ഞ സെഷൻ പിരിയുന്ന സന്ദർഭത്തിൽ പ്രതിപക്ഷം ഇവിടെ വിശകലനം ചെയ്യുകയുണ്ടായി. ചെങ്ങന്നൂരിൽ കാണാം, ചെങ്ങന്നൂരിൽ വിധി വന്നാൽ സർക്കാരിന്റെ ഹിതപരിശോധനയായി കണക്കാക്കുമോ എന്നെല്ലാമുള്ള ചോദ്യശരങ്ങളുമായി നിയമസഭയുടെ കഴിഞ്ഞ സെഷൻ പിരിഞ്ഞു. അതിനുശേഷം ഇപ്പോൾ ഇവിടെ സഭ ചേരുമ്പോൾ ഈ സഭയിൽ ചെങ്ങന്നൂരിനെക്കുറിച്ചൊരു വാക്കുപോലും പറയാൻ കഴിയാത്തവിധം നിരായുധരായി പ്രതിപക്ഷം മാറിക്കഴിഞ്ഞു എന്നതാണ് സ്ഥിതി. കഴിഞ്ഞ നിയമസഭാ സെഷൻ നമ്മൾ കണ്ടതാണ്. ഇവിടെ നടന്ന ചർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ടത് ചെങ്ങന്നൂരിനെ ചൂണ്ടിക്കാണിച്ചതന്നെയായിരുന്നു. അവിടെ കാണാമെന്നാണ് പ്രതിപക്ഷം പറഞ്ഞത്. ആ നിലയ്ക്ക് അവിടെ കണ്ടു. അവിടത്തെ ജനങ്ങൾ കേരളത്തിന്റെ പൊതുവികാരത്തെ മനസ്സിലാക്കി. അതുമാത്രമല്ല, ഇന്ത്യയിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അടിച്ചേൽപ്പിക്കുന്ന ഭീകര നയത്തെയും സംവിധാനത്തെയും ചെറുക്കാനും മതനിരപേക്ഷമായ ജനാധിപത്യ മൂല്യങ്ങൾക്കുവേണ്ടി ഈടുറ്റ രൂപത്തിൽ പങ്കുവഹിക്കുകയും ചെയ്യുന്ന ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ജനക്ഷേമത്തിന്റെയും വികസനത്തിന്റെയും അഴിമതിരഹിതമായ ഭരണ സംവിധാനത്തിന്റെയും ജനകീയ മോഡൽ ദേശീയാടിസ്ഥാനത്തിൽ മുന്നോട്ടു വച്ചിരുന്നു. ഒരു രാജ്യത്തെ ജനങ്ങൾ എങ്ങനെ ചിന്തിക്കുന്നു എന്നുള്ളതിന്റെ ഉത്തമോദാഹരണമായി ചെങ്ങന്നൂരിനെ കണക്കാക്കാം. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. തെരഞ്ഞെടുപ്പിന്റെ പ്രത്യേക ഘട്ടത്തിലും ശേഷവും ഇവിടെ സഭ ചേരുമ്പോഴും പ്രധാനമായും ഉന്നയിക്കപ്പെട്ടിരുന്ന ചില പ്രത്യേക പ്രശ്നങ്ങളോടുള്ള പ്രതികരണം നടത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

ഇവിടെ ഏറ്റവും പ്രധാനപ്പെട്ട രൂപത്തിൽ സർക്കാരിനെ പ്രതിക്കൂട്ടിൽ വിചാരണ ചെയ്യാൻ ശ്രമിക്കുന്ന ചില പോലീസ് നടപടികളെക്കുറിച്ച് അതിരൂക്ഷവും ശക്തവുമായ ചർച്ചകളും വിമർശനങ്ങളും അകത്തും പുറത്തും ഉയർന്നുവരികയുണ്ടായി. 1957 മുതൽ പോലീസ് കസ്റ്റഡി മർദ്ദനം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിക്കുന്നില്ല. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഒറ്റയ്ക്ക് അധികാരത്തിൽ വന്നപ്പോൾ 1957-ലെ നയപ്രഖ്യാപനത്തിൽ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരുന്നു. അന്നുതൊട്ട് ഇന്നുവരെ സ്വീകരിച്ചുപോന്നിരുന്ന സമീപനം ലോക്കപ്പ് മർദ്ദനത്തെ അംഗീകരിക്കുന്നില്ല, കസ്റ്റഡി മരണത്തെ അംഗീകരിക്കുന്നില്ല. ലോക്കപ്പ് കൊലപാതകങ്ങൾ ഒരു കാരണവശാലും വച്ചുപൊറുപ്പിക്കില്ലെന്ന് അസന്ദിഗ്ദ്ധമായി 1957 മുതൽ പ്രഖ്യാപിച്ചുവരുന്ന കാര്യമാണ്. ലോക്കപ്പ് മർദ്ദനങ്ങളും കൊലപാതകങ്ങളും ഓരോ സന്ദർഭങ്ങളിൽ

ചില പ്രത്യേക ഘട്ടങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. വരാപ്പുഴയിലെ ശ്രീജിത്തിന്റെ കാര്യം ഇവിടെയും പുറത്തും ചർച്ച ചെയ്യപ്പെട്ടു. പോലീസ് കസ്റ്റഡിയിൽ വച്ചാണ് അയാൾക്ക് മർദ്ദനമേൽക്കുന്നത്. ഹോസ്പിറ്റലിൽ കൊണ്ടുപോകുന്നു, മരിക്കുന്നു. അതിന് ആ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്തു, അവരിന്ന് ജയിലിലാണ്. ഗവൺമെന്റിന്റെ നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പരവതാനി വിരിച്ചുകൊടുക്കലല്ല, കൽത്തുറുങ്കായിരിക്കുമെന്ന് കാണിച്ചുകൊടുത്ത ഭരണസംവിധാനമാണ് കേരളത്തിലുള്ളത്. അതാണ് ഗവൺമെന്റിന്റെ നയം. സർക്കാർ അതാണ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും എന്റെ സ്നേഹിതനുമായ ശ്രീ. രമേശ് ചെന്നിത്തല വരാപ്പുഴയിലെ ശ്രീജിത്തിന്റെ കാര്യത്തിൽ എറണാകുളത്തുവന്ന് ഒരു ദിവസത്തെ ഉപവാസം സംഘടിപ്പിക്കുകയും അതിശക്തമായ ആക്രമണം നടത്തുകയും ചെയ്തു. പാറശ്ശാലയിലെ ശ്രീജീവിന്റെ മരണം ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പു മന്ത്രിയായിരിക്കുമ്പോൾ നടന്നതാണല്ലോ; പോലീസ് പിടിച്ച് ഭീകരമായി മർദ്ദിച്ച് വിഷംകൊടുത്ത് കൊന്നുവെന്നും പറയുന്നു, പോലീസ് മർദ്ദനത്തെത്തുടർന്നാണല്ലോ മരിച്ചത്. ആ പോലീസിന്റെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്തിരുന്നോ; ആ പോലീസ് ഉദ്യോഗസ്ഥരെ കൽത്തുറുങ്കിലടച്ചിരുന്നോ; പോലീസ് ഉദ്യോഗസ്ഥരുടെ ആക്രമണത്തിന് വിധേയമായി മരിച്ചയാളിന്റെ കുടുംബത്തെ സഹായിച്ചിരുന്നോ; പകരം ജോലി നൽകുകയോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തിയോ? ഇല്ല. അവസാനം സി.ബി.ഐ. അന്വേഷണത്തിനുള്ള കാര്യങ്ങൾ ചെയ്തു. പക്ഷെ വരാപ്പുഴയിൽ ശ്രീജിത്തിന്റെ കുടുംബത്തെ സഹായിക്കാൻ ഈ ഗവൺമെന്റ് നിശ്ചയിച്ചു. പോലീസ് കസ്റ്റഡിയിൽവച്ച് മരണപ്പെട്ടുപോയ ഒരു കുടുംബത്തെ സഹായിക്കുന്നത് കേരള ചരിത്രത്തിലാദ്യമാണ്. ഒരാൾ നഷ്ടപ്പെട്ടാൽ പകരമാകില്ല സഹായം എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. സർക്കാരിന്റെ പ്രഖ്യാപിത നയത്തെയാണ് പോലീസ് ഉദ്യോഗസ്ഥരിൽ ചെറിയൊരു വിഭാഗം ലംഘിക്കുന്നത്. അതുകൊണ്ടാണ് പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്തത്. യു.ഡി.എഫ്. ഭരണകാലത്ത് മരങ്ങാട്ടുപിള്ളിയിൽ സിബി എന്ന ചെറുപ്പക്കാരൻ പോലീസ് മർദ്ദനത്തിനിരയായി മരിച്ചു. ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ കൊലക്കുറ്റത്തിന് കേസെടുത്തോ? ഇല്ല. തീവണ്ടിയിൽ വച്ച് ഗോവിന്ദച്ചാമിയെന്നയാളുടെ ആക്രമണത്തിന് ഇരയായി സൗമ്യ എന്ന പെൺകുട്ടിയുടെ വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു. ആ പാവം പെൺകുട്ടിയെ പിച്ചിച്ചീന്തി. കേരളത്തെ നടുക്കിയ കൊലപാതകമായിരുന്നു, ലൈംഗിക

വേട്ടയായിരുന്നു, ഭീകരവും അങ്ങേയറ്റം പൈശാചികവുമായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ചാർജ് ഷീറ്റ് തയ്യാറാക്കി കുറ്റപത്രം നൽകി. കോടതി വാദം കേട്ട് ഗോവിന്ദച്ചാമിയെ വെറുതെവിടാൻ വിധിച്ചു. ഗോവിന്ദച്ചാമിയെ വെറുതെവിട്ടു. പെരുമ്പാവൂരിൽ ഇതുപോലെയൊരു ലൈംഗികവേട്ടയ്ക്കിരയായി ജിഷയ്ക്ക് ജീവൻ നഷ്ടപ്പെട്ടു. കേരള മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച കൊലപാതകമായിരുന്നു അത്. ആ കൊലപാതകത്തിന് കുറ്റപത്രം തയ്യാറാക്കി ചാർജ്ഷീറ്റ് നൽകുമ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണമായിരുന്നു; ശ്രീ. പിണറായി വിജയൻ ആഭ്യന്തര വകുപ്പുമന്ത്രിയും. കുറ്റപത്രം നൽകി, വിചാരണ കേട്ടു, സ്പെഷ്യൽ പ്രോസിക്യൂട്ടറെ വച്ചു, വിധി വന്നു, ജിഷയുടെ ഘാതകനെ കൊലക്കുറ്റത്തിന് തൂക്കിക്കൊല്ലാൻ കോടതി വിധിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് സൗമ്യയുടെ ഘാതകനെ കോടതി വെറുതെവിട്ടു. ഗോവിന്ദച്ചാമി പ്രതിയായ കേസിൽ കുറ്റപത്രം നൽകിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. ആദിവാസിയായ ജോഗിയെ വെടിവച്ച് കൊന്നത് ആരുടെ ഭരണകാലത്താണ്? കൊലക്കുറ്റത്തിന് കേസെടുത്തോ; കുടുംബത്തെ സഹായിച്ചോ? പത്ത് വർഷം കഴിഞ്ഞ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ആ കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകിയത്. എൽ.ഡി.എഫ്.-യു.ഡി.എഫ്. നയം ഇരുട്ടും പകലും പോലെയാണ്. ഈ വ്യത്യസ്തത ഇന്നത്തെ കേരള സമൂഹത്തിൽ പ്രകടമാണ്. ഇതിന് പകരം വയ്ക്കാൻ മറ്റൊരു വ്യത്യസ്തതയില്ല. കേരളത്തിൽ പോലീസ് മർദ്ദനത്തെ ന്യായീകരിക്കേണ്ട കാര്യമില്ല. തെറ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ കർശനമായ നടപടിയെടുത്തു. "പോലീസുകാർ നിർദ്ദേശങ്ങൾ ലംഘിക്കുന്നുണ്ട്, മൂന്നാംമുറ അനുവദനീയമായ കാര്യമല്ല, അരുതെന്ന് പറഞ്ഞിട്ടും ചില ഉദ്യോഗസ്ഥർ അത് ചെയ്യുന്നുണ്ട്, അത് തുടരുന്നവരുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കേണ്ടി വരും" എന്ന് കൊലക്കുറ്റത്തിന് കേസെടുക്കുന്നതിന് രണ്ട് ദിവസം മുമ്പുതന്നെ ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായി പ്രസ്താവിക്കുകയും ചെയ്തു. അതാണ് കേരളത്തിൽ നമ്മൾ കണ്ടത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പ്രതിജ്ഞാബദ്ധമായ ഒരു സർക്കാരിന്റെ നയം സുതാര്യമായ വിധത്തിൽ ജനങ്ങൾക്കുമുന്നിൽ സമർപ്പിക്കുകയാണ് ചെയ്തത്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിലെ ജനങ്ങളോട് യു.ഡി.എഫ്. നേതൃത്വം ഒരു കാര്യത്തിൽ മാപ്പ് പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരള കോൺഗ്രസ് (എം)-ന് സീറ്റ് കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യട്ടെ,

പക്ഷേ അഞ്ച് വർഷക്കാലത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കോട്ടയം പാർലമെന്റ് സീറ്റിൽ ഒരു വർഷത്തേയ്ക്ക് ജനപ്രതിനിധിയില്ലാത്ത അസാധാരണ സാഹചര്യം സൃഷ്ടിച്ച് ജനങ്ങളെ കൊഞ്ഞനം കുത്തുന്ന, ജനാധിപത്യത്തിന് അപമാനകരമായ സ്ഥിതി വിശേഷത്തിന് ആരാണ് ഉത്തരവാദിയെന്നകാര്യം കാലത്തിനും ചരിത്രത്തിനും വിട്ട് കുറ്റക്കാർ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ മാപ്പ് പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഇവയാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി വളരെ മോശം; നികുതി വരവ് 42,177 കോടി രൂപ; ശമ്പളച്ചെലവ് 43,650 കോടി രൂപ; റവന്യൂ കമ്മിയും ധനക്കമ്മിയും ഓരോരുത്തർക്കുമുള്ള ആളോഹരി കടവും വർദ്ധിക്കുന്നു; സംസ്ഥാനത്തിനകത്ത് നിന്ന് പിരിക്കുന്ന നികുതി വരുമാനത്തെക്കാൾ 1,473 കോടി രൂപ ശമ്പളവും പെൻഷനും നൽകാൻ അധികം വേണ്ടിവരുന്നു. പങ്കാളിത്ത പെൻഷനൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് നിലപാടുകൾ ഇനിയും വ്യക്തമാക്കാനിരിക്കുകയാണ്. റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് 9.53 ശതമാനമാണെന്ന് സി. ആൻഡ് എ. ജി. തന്നെ റിപ്പോർട്ട് ചെയ്യുന്നു. അഞ്ച് വർഷത്തെ ഏറ്റവും ചെറിയ വളർച്ചാ നിരക്കാണ് റവന്യൂ വരുമാനത്തിലുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ചരക്കുസേവന നികുതിയെയും വരുമാനത്തെയും സംബന്ധിച്ച് വലിയ ആശങ്ക നമുക്കിടയിൽ പങ്കുവയ്ക്കപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ നൽകിയ മറുപടിയിൽ 2017 ആഗസ്റ്റ് മുതൽ 2018 ഏപ്രിൽ വരെ ജി.എസ്.ടി.യും ജി.എസ്.ടി.യുടെ കോമ്പൻസേഷനുമുൾപ്പെടെ 30,037 കോടി രൂപ, മുൻസാമ്പത്തിക വർഷത്തേക്കാൾ 16% അധികം വർദ്ധനവ് കേരളത്തിന് ലഭിച്ചിട്ടുണ്ടെന്ന് പറയുന്നു. സാമ്പത്തിക പ്രതിസന്ധിയെ സംബന്ധിച്ച് കടുത്ത നടപടികൾക്ക് ബഹുമാനപ്പെട്ട മന്ത്രി ശിപാർശ ചെയ്യുന്നു. എല്ലാ പത്രങ്ങളിലും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് വാർത്തയും തലക്കെട്ടുമെല്ലാം വരുന്നത് ഇപ്രകാരമാണ്, "കെട്ടുപൊട്ടി സമ്പദ്‌വ്യവസ്ഥ; ബജറ്റിന് കൃത്യതയില്ല; കിഫ്ബി പണം ചെലവിട്ടില്ല എന്ന് സി. ആൻഡ് എ.ജി. റിപ്പോർട്ട്; ധനപ്രതിസന്ധിക്ക് പരിഹാരമാകില്ലെന്ന് സി. ആൻഡ് എ.ജി. റിപ്പോർട്ട്." പ്രതിസന്ധികളിൽ വകുപ്പുകളിൽ നിന്നും സർക്കാർ 3,000 കോടി രൂപ കടമെടുക്കുന്നുവെന്ന് പറഞ്ഞു. അദ്ദേഹം ചുമതലയേറ്റയുടനെ മാതൃഭൂമിക്ക് നൽകിയ ഒരു അഭിമുഖത്തിൽ മൂന്ന് വർഷത്തെ സമയമാണ് ആവശ്യപ്പെട്ടത്. രണ്ട് വർഷംകൊണ്ടുതന്നെ

പോസിറ്റീവായ സൈൻസ് നമുക്ക് കാണാൻ സാധിക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ രണ്ട് വർഷം തികയുമ്പോൾ വറുതിയിലേയ്ക്കാണ് നമ്മുടെ നാടെന്ന തരത്തിലുള്ള വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ട് അതിനെ സാധൂകരിക്കുന്നതുമാണ്. Austerity measures-ന്റെ ഭാഗമായുള്ള കടുത്ത സാമ്പത്തിക നടപടിയെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് സപ്ലിമെന്ററി ഡിമാന്റാണോ അതോ വണ്ടി ഡിമാന്റാണോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വാഹനം വാങ്ങുന്ന കാര്യത്തിലുൾപ്പെടെ കടുത്ത നിയന്ത്രണമാണ് പറഞ്ഞിരുന്നത്. എന്നാൽ ഇതൊരു ക്രിസ്റ്റ ഡിമാന്റാണ്. ഈ സപ്ലിമെന്ററി ഡിമാന്റിന്റെ ഓരോ പേജുകൾ മറിക്കുമ്പോഴും ഒന്നിടവിട്ട പേജുകളിൽ വി.ഐ.പി. വാഹനങ്ങൾ/ലക്ഷ്വറി വാഹനങ്ങൾ വാങ്ങാനുള്ള ഉത്തരവുകളാണുള്ളത്. പേജ് 3-ൽ, 8 വണ്ടി വാങ്ങാനുള്ള ഉത്തരവുണ്ട്. പേജ് 6-ൽ, വി.ഐ.പി. എസ്കോർട്ടിന് ക്രിസ്റ്റ തന്നെ വേണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പോരാത്തതിന് ഡൽഹിയിൽ രണ്ട് എസ്.യു.വി., അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കാണ് എന്ന് പ്രത്യേകം വ്യക്തമാക്കിയാണ് ഈ സപ്ലിമെന്ററി ഡിമാന്റിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പേജ് 7-ലും 8-ലും ക്രിസ്റ്റ ആവശ്യപ്പെടുന്നുണ്ട്. മറിച്ചുനോക്കുമ്പോൾ കൃത്യമായ ഇടവേളകളിൽ എന്നൊക്കെ പറയാവുന്നതുപോലെ, വി.ഐ.പി. ലക്ഷ്വറി വാഹനങ്ങൾ വാങ്ങാനുള്ള കടുത്ത നിയന്ത്രണം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചതിനുശേഷവും അതാണ് ഈ സപ്ലിമെന്ററി ഡിമാന്റിൽ കാണുന്നത്. അതുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതിസന്ധിയിലാക്കുന്ന തരത്തിലുള്ള ഈ സർക്കാരിന്റെ നയപരിപാടികളോടുള്ള എതിർപ്പിന്റെ ഭാഗമായാണ് ഞങ്ങൾ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ഡൽഹിയിൽ മുഖ്യമന്ത്രിക്ക് സുരക്ഷയൊരുക്കാനുള്ള രണ്ട് എസ്.യു.വി. വാഹനങ്ങളെങ്കിലും ഒഴിവാക്കാനുള്ള തീരുമാനം ഈ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ അങ്ങ് എടുക്കുമെന്നായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചത്.

പ്രതിപക്ഷത്തെ അംഗങ്ങളെല്ലാവരും എവിടെയോ പോയി ഒളിച്ചുവെന്നുള്ള അർത്ഥത്തിലുള്ള പ്രചരണങ്ങൾ ഇവിടെ കേട്ടു. ഇന്ന് കെ.പി.സി.സി.യുടെ നിർവ്വാഹക സമിതി യോഗമുൾപ്പെടെ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ പങ്കെടുക്കാൻ ചുമതലപ്പെട്ടവർക്ക് പോകേണ്ടതുണ്ട്. അതിനാണ് ഓടിയൊളിച്ചു വെന്ന തരത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നത്. ഞങ്ങൾ ഓടാനും ഒളിക്കാനും ഉദ്ദേശിക്കുന്നില്ല. ഈ ഭരണത്തിന്റെ വീഴ്ചകളെ ചൂണ്ടിക്കാണിക്കാൻ കേരളത്തിന്റെ പ്രതിപക്ഷം ഇവിടെത്തന്നെയുണ്ടായിരിക്കുമെന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്താൻ ഈ അവസരം വിനിയോഗിക്കുന്നു.

2.00 PM]

ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പോടുകൂടി ലോകം കീഴ്മേൽ മറിഞ്ഞുവെന്നുള്ള അർത്ഥത്തിൽ ചില പ്രചരണങ്ങളൊക്കെ ഇവിടെ കണ്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുമ്പ് ഈ സഭയിൽ വായിച്ച കാര്യം ഒന്നുകൂടി വായിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ പൊതുവായ അന്തരീക്ഷം നോക്കിയാൽ യു.ഡി.എഫ്. ജയിക്കേണ്ട സാഹചര്യമില്ല. മാത്രമല്ല, നല്ല രീതിയിൽ പരാജയപ്പെടേണ്ടതായിരുന്നു. എന്തുകൊണ്ട് യു.ഡി.എഫ്. വിജയിക്കാനിടയായി എന്നത് സ്വാഭാവികമായും പരിശോധിക്കേണ്ട കാര്യമാണ്. ഇതുപോലെ ജനവികാരം എതിരായ സർക്കാർ ഒരുകാലത്തും കേരളത്തിൽ അധികാരത്തിലുണ്ടായിട്ടില്ല. പക്ഷേ ജനവികാരം എന്തുകൊണ്ട് അരുവിക്കരയിൽ പ്രതിഫലിച്ചില്ല. ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെയുണ്ട്. അരുവിക്കരയിലെ ജനങ്ങൾക്കും സർക്കാരിനെതിരെ വികാരമില്ലെന്ന് ആർക്കും പറയാനാവില്ല. ജി. കാർത്തികേയന്റെ മരണത്തിനുശേഷം നടന്ന തെരഞ്ഞെടുപ്പായതിനാൽ സ്വാഭാവികമായുണ്ടാകുന്ന ഒരു സഹതാപമുണ്ടാകും. അതിനെയെല്ലാം കവച്ചുവയ്ക്കുന്ന ജനവികാരമുണ്ടായിട്ടും ഈ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് കാലേക്കൂട്ടി ശ്രമമുണ്ടായി. ജനവികാരത്തെ അട്ടിമറിക്കാനുള്ള ആ നീക്കത്തിനാണ് വിജയം നേടാൻ കഴിഞ്ഞതെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത് എന്നൊക്കെ പറഞ്ഞത് അന്നത്തെ കേരളത്തിൽ നിന്നുള്ള പോളിറ്റ് ബ്യൂറോ മെമ്പറായിരുന്ന നിങ്ങളുടെ മുൻ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയനാണ്. അരുവിക്കരയെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത് ചെങ്ങന്നൂരിനെ സംബന്ധിച്ച് ഇപ്പോൾ ബാധകമാകുന്ന കാഴ്ച മാത്രമാണ് കേരളത്തിൽ കണ്ടതെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. 157 വോട്ടിന് ജയിച്ച പിറവത്ത് പിന്നീട് 12000 വോട്ടിന് ഞങ്ങൾ ജയിച്ചപ്പോഴും; 6702 വോട്ടിന് എൽ.ഡി.എഫ്. ജയിച്ച നെയ്യാറ്റിൻകരയിൽ പിന്നീട് 6300 വോട്ടിന് ഞങ്ങൾ ജയിച്ചപ്പോഴും; പതിനായിരത്തിൽപ്പരം വോട്ടുകൾക്ക് ഞങ്ങൾ അരുവിക്കര നിലനിർത്തിയപ്പോഴും അതിനുമുമ്പ് കണ്ണൂരും ആലപ്പുഴയിലും എറണാകുളത്തും ജയിച്ചപ്പോഴും ലോക്സഭാ തെരഞ്ഞെടുപ്പിൽ 16 സീറ്റുമായി 2009-ലും പിന്നീട് 12 സീറ്റുമായും ഞങ്ങൾ മുന്നേറ്റമുണ്ടാക്കിയപ്പോഴൊക്കെ ഈ ഉപതെരഞ്ഞെടുപ്പുകളും അല്ലാത്ത തെരഞ്ഞെടുപ്പുകളുടെ റിസൾട്ടുമൊക്കെ കേരളത്തിൽ അങ്ങോട്ടുമിങ്ങോട്ടും വ്യത്യാസപ്പെട്ടിരുന്നു. അതുകൊണ്ട് ഒരു കാര്യം പറയുന്നു, ചെങ്ങന്നൂരിലെ തെരഞ്ഞെടുപ്പ് വിജയംകൊണ്ട് ഈ നാട്ടിലെ എല്ലാ ജനകീയ പ്രശ്നങ്ങളെയും മൂടിവയ്ക്കാൻ സാധിച്ചുവെന്നാണ് നിങ്ങൾ കരുതുന്നെങ്കിൽ അക്കാര്യം തെറ്റാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുന്ന ദിവസങ്ങൾ തന്നെയാണ് ഇനി വരാൻ പോകുന്നത്.

പോലീസ് ഡിപ്പാർട്ടുമെന്റിനെ വിമർശിക്കുന്നതിൽ പ്രിയപ്പെട്ട ജെയിംസ് മാത്യു ഉൾപ്പെടെയുള്ളവർ വളരെ ഖേദം രേഖപ്പെടുത്തുന്നതും ഖിന്നരാകുന്നതും കണ്ടു. ചെങ്ങന്നൂരിലെ തെരഞ്ഞെടുപ്പിന്റെ കാര്യം കൂടി പറഞ്ഞ് ഞാൻ അതിലേയ്ക്ക് വരാം. ചെങ്ങന്നൂർ തെരഞ്ഞെടുപ്പിനെ യു.ഡി.എഫ്. ജാതി-മത സമവാക്യങ്ങളാക്കാൻ ശ്രമിച്ചുവെന്നാണ് അവിടെ നിന്ന് വിജയിച്ച അംഗം ഇവിടെ പറഞ്ഞത്. തെരഞ്ഞെടുപ്പിൽ വിജയിച്ചതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ മെയ്ഡൻ പ്രസംഗമായിരുന്നു. സി.പി.ഐ.(എം)ന്റെ ഏതെങ്കിലും ഒരു പാർട്ടി സെക്രട്ടറി ഇതുപോലെ സാമുദായിക സംഘടനകളുടെ തിണ്ണനിരങ്ങിയ കാലം കേരളത്തിൽ ഇതുവരെയുണ്ടായിട്ടുണ്ടോ എന്ന് നിങ്ങൾ പരിശോധിക്കുക. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഒരു സാമുദായിക സംഘടനയ്ക്കെതിരെ അഭിപ്രായം രേഖപ്പെടുത്തിയപ്പോൾ അതിനെ പറഞ്ഞ് തിരുത്തിച്ച് അദ്ദേഹത്തെ ആ ഓഫീസിലേയ്ക്കുകൊണ്ടുപോയ പാർട്ടി സെക്രട്ടറി, ഈ തെരഞ്ഞെടുപ്പിൽ നടത്തിയ പ്രവർത്തനങ്ങളെല്ലാം നമ്മൾ കണ്ടു. അതുമാത്രമല്ല, സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി വിവിധ സംഘടനകളുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തുന്നുപോലും. അങ്ങനെ കൂടിക്കാഴ്ചയ്ക്ക് വിളിച്ചിട്ട് മത സാമുദായിക നേതാക്കന്മാരെ കണ്ട് അവരുടെ കാലുപിടിച്ച് വോട്ട് അഭ്യർത്ഥിച്ച് ജയിച്ചു. എന്നിട്ട് ജാതി-മത രാഷ്ട്രീയത്തെ മാറ്റാൻ ശ്രമിച്ചുവെന്നതിന്റെ കുറ്റം ആർക്കാണ്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു, ശബരിമല ശാസ്താവിനെ തൊഴാൻ പോകുന്നവർക്ക് സൗകര്യമൊരുക്കുന്ന അയ്യപ്പ സേവാ സംഘത്തിന്റെ ഒരു എളിയ ഭാരവാഹിയായി എന്നുള്ളതിന്റെ പേരിൽ അവരെ ആർ.എസ്.എസ്.കാരാക്കുന്ന രാഷ്ട്രീയം പാർട്ടി സെക്രട്ടറിയെക്കൊണ്ട് പറയിപ്പിച്ച് അവിടെ ഈ കൺസോളിഡേഷന് തുടക്കംകുറിച്ചത് ആരാണെന്ന് പുനർവിചിന്തനം നടത്താൻ സി.പി.ഐ.(എം)ന്റെ നേതാക്കന്മാർ തയ്യാറാകണം. ഒരു സംശയവും വേണ്ട. ആറന്മുളയിലൊക്കെ പരീക്ഷിച്ച കാര്യങ്ങൾ തന്നെയാണ് ഇവിടെയും പരീക്ഷിക്കുന്നതെന്ന് കാണാൻ കഴിയുന്നുണ്ട്. ഞങ്ങൾ മതങ്ങളെ അന്വേഷിച്ച് വോട്ടുപിടിക്കാൻ ശ്രമിച്ചുവെന്നാണ് പറഞ്ഞത്. പ്രിയപ്പെട്ട രാജു എബ്രഹാമിന് മാത്രം സി.പി.ഐ.(എം)-ന്റെ സീറ്റിന്റെ മാനദണ്ഡം ബാധകമാകാതെ വരുന്നതിന്റെ കാരണമൊന്നും ഞങ്ങൾ സൂചിപ്പിക്കുന്നില്ല. നിങ്ങൾക്ക് അത് എന്താണെന്നും ആരാണ് രാഷ്ട്രീയം കളിക്കുന്നതെന്നും വ്യക്തമായി അറിയാം. പോലീസിനെ വിമർശിക്കുന്നതിൽ അസ്വസ്ഥനായി, നടപടിയെടുത്തിട്ടുണ്ട് പിന്നെന്തിനാണ് വിമർശിക്കുന്നത് എന്നാണ് ശ്രീ. ജെയിംസ് മാത്യു ഉൾപ്പെടെയുള്ളവർ ചോദിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകലാണ് ഇവിടത്തെ പോലീസിന്റെ

കർത്തവ്യം. അതല്ലാതെ ആളെ കൊന്നും കൊല്ലിച്ചും വീട്ടിൽ ഓരോ വിധവാ പദ്ധതി നടപ്പിലാക്കിയും സർക്കാർ ജോലി നൽകലല്ല കേരള പോലീസിന്റെ കർത്തവ്യമെന്ന് ഓർമ്മപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എത്ര വീഴ്ചകളാണ് ഈ കാലഘട്ടത്തിൽ കേരള പോലീസിന് സംഭവിച്ചത്? ഒന്നിനുപുറകെ ഒന്നൊന്നായി എത്ര മനുഷ്യജീവനുകളാണ് പോലീസിന്റെ ഇടപെടൽകൊണ്ട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത്? എത്ര ജീവനുകൾ സംരക്ഷിച്ചുപിടിക്കുന്ന കാര്യത്തിൽ ജാഗ്രതക്കുറവുകൊണ്ട് നിങ്ങൾക്ക് വീഴ്ചകൾ പറ്റി. എണ്ണപ്പെട്ട വീഴ്ചകളൊക്കെ നിങ്ങൾ ഒറ്റപ്പെട്ടതാണെന്ന് പറയും. (ഒന്ന്) 2016 ജൂൺ 5-ന് ചക്കുപാറയിൽ റോബിൻ, 29 വയസ്; മദ്യപിച്ച നിലയിൽ പോലീസ് കസ്റ്റഡിയിലെത്തി; കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മരണപ്പെട്ടു. (രണ്ട്) അബ്ദുൾ ലത്തീഫ്, മലപ്പുറം - കസ്റ്റഡിയിലെടുത്ത് അറസ്റ്റ് രേഖപ്പെടുത്താതിരുന്ന ട്രക്ക് ഡ്രൈവറുടെ മരണം പോലീസ് സ്റ്റേഷനിൽ. (മൂന്ന്) 2016 സെപ്റ്റംബർ 25-ന് ആറ്റിങ്ങൽ സ്വദേശി പ്രതീഷ്. (നാല്) 2016 സെപ്റ്റംബർ 27-ന് സൂരജ്, 19 വയസ്സ്. പാലാരിവട്ടം ജനമൈത്രി പോലീസ് സ്റ്റേഷനിൽ പരാതി ചെന്നപ്പോൾ വെണ്ണല സ്വദേശിയായ ദളിത് യുവാവ് സൂരജിന് പോലീസിന്റെ അകാരണമായ ക്രൂരമർദ്ദനം. (അഞ്ച്) 2016 ഒക്ടോബർ 9, കാളിമുത്തു 44 വയസ്; മോഷണക്കുറ്റം ആരോപിച്ച് നാട്ടുകാർ പിടികൂടി പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ചപ്പോൾ പോലീസ് അടിച്ച് ലോക്കപ്പിൽ കൊല്ലപ്പെടുന്നു. (ആറ്) രാജീവ് 31 വയസ്, ഷിബു 40 വയസ്; 2016 ഒക്ടോബർ 23-ന് മോഷണക്കുറ്റം സംശയിച്ച് കൊല്ലം തൃക്കടവൂർ സ്വദേശികളെ ജോലിസ്ഥലത്തുനിന്ന് കസ്റ്റഡിയിലെടുക്കപ്പെട്ടു. അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ വച്ച് അഞ്ചുദിവസം മർദ്ദിച്ചു. പിന്നീട് ആരോപണം ശരിയല്ലെന്നു കണ്ടിട്ട് വിട്ടയച്ചുവത്രേ. (ഏഴ്) 2016 ഒക്ടോബർ 29-ന് കുഞ്ഞുമോൻ 39 വയസ്; പോലീസ് മർദ്ദനത്തെത്തുടർന്ന് ആശുപത്രിയിൽ മരണം. (എട്ട്) 2017 ഏപ്രിൽ 5-ന് സ്വന്തം മകനെ നഷ്ടപ്പെട്ടതിന്റെ വേദന പങ്കുവച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട മഹിജയെ കേരളത്തിന്റെ തെരുവോരങ്ങളിൽ വലിച്ചിഴച്ച സർക്കാർ. കേരളത്തിലെ ഏറ്റവും മഹത്തരമായ ഒരു ഗവൺമെന്റാണെന്ന് പ്രസംഗിച്ചവരിൽ ഏറ്റവും ചുരുങ്ങിയത് ശ്രീമതി വീണാ ജോർജ്ജിന്റെ അസാന്നിദ്ധ്യമെങ്കിലും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു, മകനെ നഷ്ടപ്പെട്ട ഒരു അമ്മയുടെ വേദന ഈ നാട്ടിലെ എല്ലാവർക്കും ബോദ്ധ്യം വന്നതാണ്. (ഒമ്പത്) 2017 ഏപ്രിൽ 7-ന് സന്ദീപ്. (പത്ത്) 2017 ഏപ്രിൽ 18-ന് വിനായകൻ. മുടി നീട്ടിവളർത്തിയതിന് ഒരു ചെറുപ്പക്കാരനെ പോലീസ് പിടിച്ച് അടിക്കുകയാണ്. കേരളത്തിന്റെ പോലീസ് സദാചാര പോലീസായി മാറുന്ന നാണംകെട്ട കാഴ്ച കണ്ടുനിൽക്കേണ്ടി വന്നു. കാണാൻ വന്ന പിതാവിനോട്

ഇവിടെ കരച്ചിലും കണ്ണീരുമൊന്നും വേണ്ടെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി. നിങ്ങൾ നേരത്തെ വൈറസ് എന്നു പറയുന്ന ഒരു സംവിധാനത്തെക്കുറിച്ച് വിശേഷിപ്പിച്ചല്ലോ. ഈ നാട്ടിലെ പാവപ്പെട്ടവന് കാരുണ്യ ചികിത്സാ ഫണ്ടിലൂടെ ധനസഹായമെത്തിച്ച, ജനസമ്പർക്ക പരിപാടിയിലൂടെ പാവങ്ങളുടെ ഏത് പരാതിയും കേട്ട് പരിഹാരമുണ്ടാക്കാൻ നിന്നിരുന്ന, അവസാനം നെഞ്ചിലേയ്ക്ക് കല്ലെറിഞ്ഞപ്പോൾ പ്പോലും അതിന്റെ പേരിൽ ഒരു ഹർത്താൽ വേണ്ടെന്ന് പറഞ്ഞ ഒരു ഭരണാധികാരിയെ വൈറസ് എന്നു വിളിക്കുമ്പോൾ ഓർക്കണം, മകനെ നഷ്ടപ്പെട്ട ഒരു അച്ഛന്റെ മുമ്പിൽ ഇവിടെ കണ്ണീർ വേണ്ട എന്നു പറയുന്നവരാണ് കേരളത്തിലെ വൈറസെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് ബോദ്ധ്യം വരും. (പതിനൊന്ന്) 2017 ഒക്ടോബർ 27-ന് 41 വയസ്സുള്ള ഫൈസൽ; (പന്ത്രണ്ട്) താനൂരിൽ പ്രതിയെ പിടിക്കാൻ പോലീസ് പാഞ്ഞപ്പോൾ ചവിട്ടേറ്റ് അഞ്ചു വയസ്സുകാരന്റെ കൈ ഒടിഞ്ഞത്; (പതിമൂന്ന്) രാജീവ് 30 വയസ്; (പതിനാല്) 2017 ഡിസംബർ 5-ന് രജീഷിന്റെ മരണം ആത്മഹത്യ; (പതിനഞ്ച്) ഷിബു 37 വയസ്; (പതിനാറ്) ഡിസംബർ 29-ന് ഭിന്നലിംഗക്കാരായ രണ്ട് പേർക്ക് മർദ്ദനം; (പതിനേഴ്) മാർച്ച് 11-ന് ആലപ്പുഴ കഞ്ഞിക്കുഴിയിൽ ഹൈവേ പട്രോളിംഗ് പോലീസിന്റെ മർദ്ദനമേറ്റ ബിച്ചു; (പതിനെട്ട്) മാർച്ച് 14-ന് ലാത്വിയൻ യുവതിയായ ഒരു സഹോദരി; (പത്തൊൻപത്) മാർച്ച് 28-ന് കുത്താട്ടുകുളം പോലീസ് സ്റ്റേഷനിലുണ്ടായ സംഭവം; അതുപോലെ വിനോദ് എന്ന് പറയുന്ന ചെറുപ്പക്കാരനുണ്ടായ അനുഭവം. ആളുമാറി കൊണ്ടുപോയി ഒരു തുള്ളിവെള്ളം കൊടുക്കാൻ ശ്രമിച്ചപ്പോൾ അതുപോലും തട്ടിമാറ്റി ക്രൂരമായി മർദ്ദിച്ചുകൊന്ന ശ്രീജിത്തിന്റെ ഭാര്യക്ക് ജോലി നൽകുമെന്ന് പറഞ്ഞതുകൊണ്ട് എല്ലാമായിയെന്നാണ് നിങ്ങൾ കരുതുന്നതെങ്കിൽ അതിനുശേഷവും തുടരുകയാണ്. മെയ് 8-ന് അനൂപ്, മെയ് 9-ന് വരാപ്പുഴ സംഭവത്തിൽ കൂടെയുണ്ടായിരുന്ന ആളിനെ മർദ്ദിക്കുന്നു. മെയ് 13-ന് സൗന്തൻ, മെയ് 14-ന് സൂരജ്, 32 വയസ്സുള്ള ഉനൈസ്, തന്റെ ഭർത്താവായ കെവിൻ ജോസഫിനെ കാണാനില്ലെന്ന് ഒരു പെൺകുട്ടി 11 മണിക്ക് പോലീസ് സ്റ്റേഷനിൽ പരാതി പറയുന്നു. രാവിലെ ആറ് മണിക്ക് ആ ചെറുപ്പക്കാരന്റെ അച്ഛൻ പരാതി പറഞ്ഞിട്ടും മുഖ്യമന്ത്രി ഏമാൻ തിരിച്ചുപോകട്ടേയെന്ന് കാഷ്വലായി പറഞ്ഞുവിട്ടിട്ട് ആ ചെറുപ്പക്കാരന്റെ മൃതദേഹം ആറ്റിൽ പൊങ്ങിയപ്പോൾ അവിടെയും നടപടിയെടുത്തുവെന്ന് അഭിമാനിക്കുന്നവരെ ആല് മുളച്ചാൽ അതും തണൽ എന്ന് വിശ്വസിക്കുന്നവരുമായിട്ടേ താരതമ്യം ചെയ്യാൻ കഴിയുകയുള്ളൂ. അതുകൊണ്ടൊന്നും തീരുന്നില്ല. ഒരു കൊച്ചുകുഞ്ഞിന് തീയേറ്ററിനകത്ത് പീഡനം ഏറ്റുവാങ്ങേണ്ടി വന്നു. അക്കാര്യം റിപ്പോർട്ട് ചെയ്ത തീയേറ്റർ ഉടമയെ അഞ്ചാറ്

തവണ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി അവർക്കെതിരെയും കേസെടുത്ത് അറസ്റ്റ് ചെയ്യാൻ ശ്രമിക്കുന്ന പോലീസിനെ കേരളത്തിലെ പ്രതിപക്ഷം ന്യായീകരിക്കുമെന്നാണ് കരുതുന്നതെങ്കിൽ നിങ്ങളുടെ വാക്കുകൾ ഞങ്ങൾ കടമെടുക്കുന്നു, അതിന് വേറെ ആളെ നോക്കണമെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

ഞങ്ങളുടെ രാഷ്ട്രീയ മര്യാദ. കേരള കോൺഗ്രസ്സൊക്കെ നിങ്ങൾ പഠിപ്പിക്കുന്നുണ്ട്. "ശ്രീ. കെ. എം. മാണി ഒരു നിമിഷം അധികാരത്തിൽ തുടരരുത്" എന്നായിരുന്നു ശ്രീ. പിണറായി വിജയന്റെ പ്രസ്താവന. അതേ ശ്രീ. കെ. എം. മാണിയുടെ പാർട്ടിക്ക് കോട്ടയം ജില്ലാ പഞ്ചായത്തിൽ വോട്ട് രേഖപ്പെടുത്തിയത് ആരാണ്; ശ്രീ. കെ. എം. മാണിയെ പാർട്ടി സമ്മേളനത്തിൽ സെമിനാർ നടത്താൻ ക്ഷണിച്ചത് ആരാണ്; ശ്രീ. കെ. എം. മാണിയുടെ വോട്ട് സി.പി.ഐ. വേണ്ടെന്ന് പറയുമ്പോഴും വേണമെന്ന് പറഞ്ഞ സി.പി.ഐ. (എം)-ന്റെ നിലപാട് എന്താണ്? ആ നിങ്ങളാണോ ഞങ്ങളെ രാഷ്ട്രീയ മര്യാദ പഠിപ്പിക്കുന്നത്? "ഭൂമി കയ്യേറുന്നത് ഏത് കുമാരന്മാരായാലും അനുവദിക്കില്ല" 2010 മാർച്ച് 1-ന് ശ്രീ. പിണറായി വിജയൻ പറഞ്ഞതാണ്. ഞാൻ ഈയിടെ ചെക്കൊസ്ലോവാക്യയിൽ പോയിരുന്നു. അവിടെ പ്രോലിറ്റേറിയൻ എന്ന് പറഞ്ഞാൽ കമ്മ്യൂണിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന് പറഞ്ഞാൽ പോളിറ്റ് ബ്യൂറോ, പോളിറ്റ് ബ്യൂറോ എന്ന് പറഞ്ഞാൽ സെക്രട്ടറി, സെക്രട്ടറി എന്ന് പറഞ്ഞാൽ സ്റ്റേറ്റ്. ഇവിടെയും പാർട്ടി സെക്രട്ടറി സ്റ്റേറ്റ് ആകാൻ ശ്രമിക്കുകയാണെന്ന് ശ്രീ. പിണറായി വിജയനുള്ള മറുപടിയായി ശ്രീ. എം. പി. വീരേന്ദ്രകുമാർ. ആ വീരേന്ദ്രകുമാറിനെ തിരിച്ചുവിളിക്കേണ്ട ഗതികേട് ഒരു കാലത്തും ഞങ്ങൾക്ക് വേണ്ടിവരില്ലായെന്ന് പറഞ്ഞിടത്ത് ഒഴിവുവന്ന രാജ്യസഭാ സീറ്റ് വീണ്ടും ശ്രീ. എം. പി. വീരേന്ദ്രകുമാറിന് നൽകിയ രാഷ്ട്രീയം ആരുടേതാണ്? 27000 ഏക്കർ ഭൂമി കയ്യേറിയെന്ന് പറഞ്ഞ് സമരം നടത്തിയത് ആരാണ്? ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും ശ്രീ. കെ. ബി. ഗണേഷ് കുമാറും ശ്രീ. വി. എസ്. അച്ചുതാനന്ദന് എതിരെ, ഈ സർക്കാരിനെതിരെ പറഞ്ഞതൊക്കെ നിങ്ങൾക്ക് ഓർമ്മയുണ്ട്. വർഷങ്ങളോളം കേസ് നടത്തി ഇടമലയാർ കേസിൽ കുടുക്കിയ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ ആനയിച്ചു കൊണ്ടുവന്നുവെന്ന് മാത്രമല്ല, ശ്രീ. വി. എസ്. അച്ചുതാനന്ദന് നൽകിയ അതേ റാങ്കോടെ, ക്യാബിനറ്റ് പദവിയോടെ അക്കോമൊഡേഷൻ നൽകിയ നിങ്ങൾ ഞങ്ങളെ മര്യാദ പഠിപ്പിക്കുകയാണോ? ഞങ്ങൾക്ക് വിയോജിപ്പ് പാർട്ടിക്കകത്ത് രേഖപ്പെടുത്താം. ഒരു കാര്യം ഞങ്ങൾക്ക് അറിയാം. ഞങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തിയാൽ ഞങ്ങളുടെ ശരീരം 52 തുണ്ടമായി വെട്ടിപോകില്ലെന്ന ഗ്യാരന്റിയുണ്ട്. നിങ്ങൾ ഒരു വിയോജിപ്പ്

രേഖപ്പെടുത്തിയാൽ എന്ത് സംഭവിക്കുമെന്നുള്ളത് നിങ്ങൾക്ക് വളരെ വ്യക്തമായി അറിയാം. അതുകൊണ്ട് ഈ സർക്കാർ ഉപതെരഞ്ഞെടുപ്പിൽ ജയിച്ചെങ്കിലും കേരളത്തിലെ ജനങ്ങളുടെ മുമ്പാകെയുള്ള ഒരു പ്രശ്നവും പരിഹരിക്കാൻ സാധിച്ചിട്ടില്ല. അതിനെ മറച്ചുവയ്ക്കാൻ ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് കൊണ്ടുമാത്രം കഴിയുമെന്നാണെങ്കിൽ, ഒറ്റപ്പെട്ട വീഴ്ചകളുടെ പേരിൽ പരമ്പരകളായി കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മരണങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ ഞാൻ പറയുന്നു, 'You still believe that your government is fine and safe. You are going to pay the price for that.' നിങ്ങൾ അതിനുള്ള മറുപടി കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ പറയേണ്ടിവരും. അത് പറയിപ്പിക്കാൻ കേരളത്തിന്റെ പ്രതിപക്ഷമായി ഞങ്ങൾ ഒറ്റക്കെട്ടായി പോരാടുമെന്നു പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) സർ, സർക്കാരിന്റെ ആദ്യ ഉപധനാഭ്യർത്ഥനയായി 1697 കോടി രൂപയുടെ ഡിമാന്റുകളാണ് വച്ചിട്ടുള്ളത്. ഇതിൽ 742 കോടി രൂപ മാത്രമേ സംസ്ഥാന ഖജനാവിൽ നിന്ന് അധിക ചെലവ് വരികയുള്ളൂ. 849 കോടി രൂപ ക്ഷേമ പെൻഷന് നൽകിയത് സാധൂകരിക്കലാണ്. 100 കോടി രൂപ എൻ.സി.ഡി.സി. ഫണ്ട് ലഭിച്ചത് കൈമാറുന്നതാണ്. പുതിയ അധിക ചെലവ് വരുന്നതിൽ പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നല്ലതാണ്. സർക്കാർ ഈ വർഷം നടപ്പാക്കാൻ പോകുന്ന ചില മുൻഗണനകളെക്കുറിച്ച് അത് വ്യക്തമായിട്ടുള്ള സൂചനകൾ നൽകും. ശ്രീ. അനിൽ അക്കരയും മറ്റ് അംഗങ്ങളും ചർച്ചാവിഷയമാക്കിയ 200 കോടി രൂപ ലൈഫ് പദ്ധതിയുടെ വായ്പക്കുവേണ്ടിയുള്ള പലിശയാണ്. 138 കോടി രൂപ Mid-day Meal Scheme-ലുള്ള പുതിയ അടുക്കളകൾ പണിയുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും വേണ്ടിയുള്ളതാണ്. 100 കോടി രൂപ കിഫ്ബി പ്രോജക്ടുകളുടെ കൺസൾട്ടൻസി ചാർജ്ജുകൾക്കും മറ്റും നൽകുന്നതിനുവേണ്ടിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും മറ്റുമായി വേറൊന്ന്. രണ്ടായിരം പൊതുകേന്ദ്രങ്ങളിൽ ഫ്രീ വൈഫൈ നൽകുന്നതിനുവേണ്ടി 28 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അതുപോലെ Young Innovators Programme നടപ്പാക്കുന്നതിനും ഇന്നൊവേഷൻ കൗൺസിലിനുവേണ്ടിയും 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഉപധനാഭ്യർത്ഥന പാസ്സായിക്കഴിഞ്ഞാൽ കശുവണ്ടി ത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ എന്നിവർക്കുള്ള റിട്ടയർമെന്റ് ബെനിഫിറ്റും മറ്റു ഗ്രാറ്റുവിറ്റികളും നൽകുന്നതിനുള്ള

പണം ലഭ്യമാകും. 30 കോടി രൂപ അതിനായി വകയിരുത്തിയിട്ടുണ്ട്. കയർ സഹകരണ സംഘം ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യം എത്രയോ നാളുകളായി മുടങ്ങിക്കിടക്കുന്നതാണ്. അത് നൽകുന്നതിനുള്ള പണമുണ്ട്. തീരദേശ സമഗ്ര പരിപാടി ആവിഷ്ക്കരിക്കുന്നതിനുവേണ്ടി കെ.പി.എം.ജി.-യെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് ഫീസ് നൽകുന്നതിനുള്ള പണം വകയിരുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങളാണ് ഇതിൽ ചെയ്യുന്നത്. ഇതിലിപ്പോൾ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ വാഹനം വാങ്ങുന്നതിനുള്ള തുകയുമുണ്ട്. വാഹനം വാങ്ങണമെങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടാക്കിയാൽ മാത്രമേ കഴിയുകയുള്ളൂ. അല്ലാതെ സ്വകാര്യമായി ആരും അറിയാതെ വാഹനം വാങ്ങാൻ കഴിയാത്ത അവസ്ഥാവിശേഷമാണ് ഇന്നുള്ളത്. സർക്കാർ ചെലവ് ചുരുക്കൽ ഉത്തരവിറക്കിയപ്പോൾ വളരെ കൃത്യമായി ചില കാറ്റഗറീസ്, ഹെഡ്സ് ഓഫ് ഡിപ്പാർട്ടുമെന്റ്സ് തുടങ്ങിയവർക്ക് പുതിയ വാഹനങ്ങൾ വാങ്ങാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളത്. എന്റെ ഡിപ്പാർട്ടുമെന്റായ കയർ ഡിപ്പാർട്ടുമെന്റിൽ ആയിരം കോടി രൂപയുടെ പ്രവൃത്തികളാണ് രണ്ട് വർഷംകൊണ്ട് നടപ്പിലാക്കുന്നത്. അതിന് ധാരാളം യാത്രകൾ ആവശ്യമുണ്ട്. ഈ പുതിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രോജക്ടിലും വാഹനം വാടകയ്ക്ക് എടുക്കാൻ പറഞ്ഞിരിക്കുകയാണ്. പുതിയ വാഹനങ്ങൾ വാങ്ങിച്ചുകൊടുക്കുകയല്ല ചെയ്യുന്നത്. അതിന്റെ മിതത്വവും ആവശ്യവും എല്ലാം പരിഗണിച്ചാണ് ഈ നിർദ്ദേശങ്ങൾ വച്ചിട്ടുള്ളത്.

ഇതിൽ പൊതുവായ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ചില പരാമർശങ്ങൾ വന്നു. അതിൽ ഏറ്റവും ശ്രദ്ധേയമായ നിരീക്ഷണം നടത്തിയത് ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി അംഗം ഡോ. എൻ. ജയരാജാണ്. അദ്ദേഹം പറഞ്ഞ രണ്ട് കാര്യങ്ങളിലൊന്ന് വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ വരുമാനത്തിൽ നികുതി വിഭവങ്ങൾ സമാഹരിക്കുന്നത് താരതമ്യേന കുറവാണ്. അത് വലുതാണെന്ന് പെട്ടെന്ന് തോന്നും കാരണം 7-8 ശതമാനമുണ്ട്. പക്ഷേ, ഗൾഫിൽ നിന്നുള്ള പണത്തിന്റെ വരുമാനവും കൂടി നോക്കിയാൽ ഇത് വളരെ ശുഷ്കിക്കും. അപ്പോൾ റിസോഴ്സ് മൊബിലൈസേഷന്റെ പ്രശ്നം അദ്ദേഹം ഉയർത്തി. ഇന്നിപ്പോൾ ഞാനിത് ചർച്ച ചെയ്യുന്നത്, സർക്കാർ എന്തെങ്കിലും ചെയ്യാൻ പോകുന്നുവെന്ന് പറയാൻ വേണ്ടിയല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിങ്ങൾ അവതരിപ്പിച്ച പെർസ്പെക്ടീവ് പ്ലാനിൽ കേരളം ക്ഷേമപ്രവർത്തനങ്ങളിൽ ഊന്നൽ നൽകിയ Nordic രാജ്യങ്ങളെപ്പോലെ ആകണമെന്നാണല്ലോ പറഞ്ഞത്. ആ രാജ്യങ്ങളിൽ 30 മുതൽ 50 ശതമാനം വരെ അവരുടെ വരുമാനത്തിന്റെ നികുതിയായി

സമാഹരിക്കുന്ന എന്നുള്ളതാണ്. അതേസമയം കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ 8 ശതമാനവും കേന്ദ്ര സർക്കാരിന്റെ 12 ശതമാനവും ചേർത്ത് 20 ശതമാനത്തിൽ താഴെയാണ് നമ്മുടെ വിഭവസമാഹരണമെന്ന് പറയുന്നത്. അതിന്റെയടിസ്ഥാനത്തിൽ ഇത്ര വിപുലമായ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് പോയാൽ ഇന്നത്തേതുപോലുള്ള സാമ്പത്തിക പ്രതിസന്ധികൾ അനിവാര്യമാണ്. ആ ഗൗരവമായ കാര്യത്തെക്കുറിച്ചാണ് ഡോ. എൻ. ജയരാജ് വളരെ ചെറുതായിട്ടാണെങ്കിലും പരാമർശിച്ചുപോയത്. രണ്ടാമത്തേത്, 15-16 ശതമാനം വച്ച് ചെലവ് വർദ്ധിക്കുന്നുണ്ടെങ്കിലും വരുമാനം കൂടുന്നില്ല. ചെലവ് ചുരുക്കുന്നതിനെക്കുറിച്ച് ശ്രീ. പി. സി. ജോർജ് ചില നിർദ്ദേശങ്ങൾ പറഞ്ഞു. ഒന്ന്, ഡയറിയുടെ കാര്യം. അതിനെക്കുറിച്ച് നിശ്ചയമായും പരിശോധന നടത്താം. രണ്ട്, വീഡിയോ കോൺഫറൻസിംഗ്. ഇങ്ങോട്ട് ക്ഷണിക്കുന്നതിനുപകരം ഇവിടെ വീഡിയോ കോൺഫറൻസ് നടത്താനുള്ള സാദ്ധ്യതകൾ, ക്ഷേമനിധി ബോർഡുകളുടെ സമാന്തരമായ ഏർപ്പാട് ഇതിനൊക്കെയായി ഒരു സോഷ്യൽ സെക്യൂരിറ്റി ബോർഡിന് രൂപം നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ആ ബോർഡിനുകീഴിൽ വിവിധങ്ങളായ ക്ഷേമനിധികളുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കാം. ആദ്യഘട്ടത്തിൽ ഈ ബോർഡിനുകീഴിൽ സംസ്ഥാന സർക്കാർ നേരിട്ട് നൽകുന്ന അഗ്രികൾച്ചർ പെൻഷനടക്കം കേന്ദ്രീകരിപ്പിക്കാം. ഘട്ടംഘട്ടമായി ഈ ബോർഡിനുകീഴിൽ ചെറിയ ക്ഷേമനിധികൾ ആരംഭിക്കുകയും ഓരോന്നിനും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുണ്ടാക്കുകയും ചെയ്യുന്ന കാര്യം പരിശോധനാടിസ്ഥാനത്തിൽ ചെയ്യാവുന്നതുമാണ്. അത്തരത്തിലൊരു ചിന്ത സർക്കാരിന്റെ ഭാഗത്തുണ്ടെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ റീ-ഡിപ്ലോയ്മെന്റിനെക്കുറിച്ച് പറഞ്ഞു. അത് വളരെ ശരിയായ കാര്യമാണ്. പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുമുൻപ് ഇതിനുള്ള സാദ്ധ്യതകളെന്താണെന്ന് പറയണം. ഉദാഹരണത്തിന് നികുതി വകുപ്പിൽ പ്യൂൺ, പരിശോധനക്കാർ തുടങ്ങിയ വിഭാഗത്തിന്റെതന്നെ ആവശ്യമില്ലാതായി മാറുകയാണ്. അവിടെയുള്ള ലാസ്റ്റ് ഗ്രേഡ് തസ്തിക ഇനിയിപ്പോൾ മറ്റെവിടെയെങ്കിലും റീ-ഡിപ്ലോയ് ചെയ്യാവുന്നതേയുള്ളൂ. അത്തരത്തിലുള്ള സാദ്ധ്യതകൾ സജീവമായി പരിശോധിക്കണം. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ശ്രീ. ഷാഫി പറമ്പിൽ പറയുകയുണ്ടായി. ഇത് പുതിയ കാര്യമല്ല. നിങ്ങൾ ചർച്ച ചെയ്യുന്നത് 2016-17-ലെ സി. ആൻഡ് എ.ജി. റിപ്പോർട്ടാണെന്ന് ഓർക്കുക. അതിനുശേഷം ഈ നിയമസഭയിൽ രണ്ട് ബജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. 2016-17-ൽ അഭികാമ്യമല്ലാത്ത സാമ്പത്തിക പ്രവണതകളെ വിലയിരുത്തുകയും ഗൗരവമായ പ്രതിസന്ധിയുള്ളത് പരിഹരിച്ച് നടപടി

സ്വീകരിക്കുമെന്ന് പറയുകയും ചെയ്തു. അതിനായി മൂന്ന് വർഷമെങ്കിലും വേണ്ടിവരുന്നു. ഇപ്പോൾ ഒരു വർഷം പിന്നിടുന്നു. നമ്മൾ ഫിസ്കൽ കൺസോളിഡേഷനിലേയ്ക്ക് നീങ്ങിയിട്ടുണ്ട്. എവിടെ എത്തുമെന്നുള്ളത് നിങ്ങൾ അടുത്തവർഷം നോക്കുക. ജി.എസ്.ടി.യുടെ വരുമാനം വർദ്ധിക്കുമ്പോൾ ഈ സ്ഥിതിവിശേഷത്തിൽ ഗൗരവമായ മാറ്റം വരും. റവന്യൂ വരുമാനം 9 ശതമാനമേ വർദ്ധിച്ചുള്ളൂവെന്ന കണക്ക് അങ്ങിവിടെ ഉദ്ധരിക്കുകയുണ്ടായി. അങ്ങ് മിടുക്ക് കാണിച്ചുവെന്ന് ഞാൻ പറയുന്നില്ല. യഥാർത്ഥത്തിൽ എന്താണ്? സംസ്ഥാനത്തിന്റെ ഓൺ റവന്യൂവും കേന്ദ്ര സർക്കാരിന്റെ സഹായവുമുണ്ട്. സംസ്ഥാനത്തിന്റെ ഓൺ റവന്യൂ എടുക്കുകയാണെങ്കിൽ 2013-14-ൽ 6.38 ശതമാനമേ വർദ്ധിച്ചിട്ടുള്ളൂ. ഇതാണ് ചരിത്രത്തിലെ ഏറ്റവും താഴ്ന്ന ഓൺ റവന്യൂ. 2014-15-ൽ 10.18 ശതമാനം. ഏറ്റവും കുറവെന്ന് നിങ്ങൾ പറയുന്ന 2015-16-ൽ 10.68 ശതമാനം. നിങ്ങളുടെ 10.12 ശതമാനത്തിൽനിന്നും 17 ശതമാനം കൂടാൻ കാരണം എന്താണെന്ന് അറിയാമോ? ഒരു അടിയന്തരപ്രമേയത്തിന്റെ വാക്കൗട്ട് പ്രസംഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഈ കണക്ക് പറഞ്ഞിരുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ തീർപ്പിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ ഗ്രാന്റിലുണ്ടായിട്ടുള്ള വർദ്ധനവ് 40 ശതമാനമാണ്. ആ പശ്ചാത്തലത്തിലാണ് 17 ശതമാനമായി വർദ്ധിക്കുന്നത്. എന്നാൽ ഓരോ വർഷവും ഇങ്ങനെ വർദ്ധിച്ചുകൊണ്ടിരിക്കുന്നില്ല. പിറ്റേവർഷം അത് നോർമലായി മാറി. ഇങ്ങനെ താരതമ്യപ്പെടുത്തി ഏറ്റവും താഴ്ന്ന് നിൽക്കുന്നുവെന്ന് വാശിപിടിച്ച് പറയുമ്പോൾ ഇക്കാര്യങ്ങളൊക്കെ മനസ്സിൽ വയ്ക്കുന്നത് വളരെ നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. റവന്യൂ വരുമാനത്തിന്റെ കൃത്യമായ കണക്ക് ഞാൻ പറയാം. 2014-15-ൽ കേന്ദ്ര നികുതി വരുമാനം 7929 കോടി രൂപയായിരുന്നു. എന്നാൽ 2015-16 ആയപ്പോൾ അത് 12690 ആയി വർദ്ധിച്ചു. അങ്ങനെയാണ് 17 ശതമാനം വരുന്നത്. പിറ്റേവർഷം മുതൽ കേന്ദ്ര സഹായം 10 ശതമാനം വച്ചുമാത്രമേ വർദ്ധിക്കുന്നുള്ളൂ. മൊത്തത്തിൽ കാര്യങ്ങൾ കണ്ടുകൊണ്ട് വിശകലനം ചെയ്യുന്നതാണ് എപ്പോഴും നല്ലത്. ഇവിടെയിരിക്കുന്ന ആരെങ്കിലും സി.ആൻഡ് എ.ജി.-യുടെ റിപ്പോർട്ട് വായിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാരണം, അതിൽ മറുപടി പറയേണ്ട ധാരാളം കാര്യങ്ങളുണ്ട്. അവയൊന്നും സഭയിൽ ഉയർന്നുവരാത്തതിന്റെ പശ്ചാത്തലത്തിൽ അതിലേയ്ക്ക് കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

രണ്ടുമൂന്ന് സ്പെസിഫിക് കാര്യങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ ചർച്ചയിൽ വന്നിരുന്നു. വോട്ടിനുവേണ്ടി കണ്ണിൽ പൊടിയിടാനുള്ള പരിപാടിയാണ് പെൻഷനെന്ന് ശ്രീ. അനിൽ അക്കര പറഞ്ഞു. നിങ്ങളുടെ ഭരണകാലത്ത് 2500 കോടി രൂപയാണ് ഏറ്റവും ഉയർന്ന പെൻഷനായി ഒരു വർഷം നൽകിയത്. ഈ

സർക്കാർ അധികാരത്തിൽവന്ന ആദ്യത്തെ വർഷം 6000 കോടി രൂപയുടെ പെൻഷനാണ് നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യവർഷം തന്നെ 600 രൂപയായിരുന്ന പെൻഷൻ 1,100 രൂപയാക്കാൻ തീരുമാനിച്ചത് വോട്ടിനുവേണ്ടി കണ്ണിൽ പൊടിയിടാൻവേണ്ടിയായിരുന്നോ? പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഒരു സർവ്വേ നടത്തി. കുറച്ചുകഴിയുമ്പോൾ ആ സർവ്വേ റിപ്പോർട്ട് പുറത്തുവിടും. സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്നതിന് ഇപ്പോൾ ആളുകളില്ല. പെൻഷൻ വാങ്ങുന്നവരെ കാണാൻ അനുവദിക്കുന്നില്ല. ചെന്ന് കാണുമ്പോൾ വലിയ പണക്കാരും മറ്റുമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ഏഴെട്ട് മാസക്കാലത്തിലധികമായി സൈറ്റ് ഓപ്പൺ ചെയ്യാത്തതുകൊണ്ട് പുതുതായി പെൻഷന് അപേക്ഷിക്കാൻ കഴിയുന്നില്ല. എല്ലാ എം.എൽ.എ.-മാരും നേരിടുന്ന ഒരു പ്രശ്നമാണിത്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ ലിസ്റ്റ് ക്ലീൻ ചെയ്തശേഷം പുതിയ ആളുകളെ എടുക്കാമെന്നാണ് സർക്കാർ ആദ്യം കരുതിയത്. എന്നാൽ ഇതത്ര എളുപ്പമുള്ള കാര്യമല്ല. നീണ്ടുനീണ്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പെൻഷൻ വാങ്ങുന്ന 52 ലക്ഷം ആളുകളുണ്ട്. അതിൽ ഏഴ് ലക്ഷത്തോളം ആളുകൾ അനർഹരാണ്. അത് കണ്ടുപിടിച്ച് അവരെയുംകൂടി ബോദ്ധ്യപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. അതിന് ഇനിയും കാലതാമസം വരുമെന്നുള്ളതുകൊണ്ട് ജൂലൈ മാസത്തിൽ സൈറ്റ് ഓപ്പൺ ചെയ്യും. സൈറ്റ് ഓപ്പൺ ചെയ്യുമ്പോൾ കർശനമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അതാത് തദ്ദേശഭരണ സ്ഥാപനത്തിന് പരിശോധന നടത്തി അവർക്ക് അപ്‍ലോഡ് ചെയ്യാൻ കഴിയും.

ശ്രീ. അനിൽ അക്കര: സർ, സൈറ്റ് ഓപ്പൺ ചെയ്യുന്നത് നല്ല കാര്യമാണ്. ഇതിലൊരു വിഷയമുള്ളത്, സൈറ്റ് ഓപ്പൺ ചെയ്യുന്ന അന്നുമുതലാണ് അവർക്ക് പെൻഷൻ പ്രാബല്യത്തിൽ വരുന്നത്. പക്ഷേ അവർ അപേക്ഷ നൽകിയിട്ട് ഒരു വർഷമായി. അത് മുൻകാല പ്രാബല്യത്തോടെ നൽകുമോ?

ശ്രീ. റോജി എം. ജോൺ: സർ, ഇതുതന്നെയാണ് എനിക്കും ചൂണ്ടിക്കാണിക്കാനുള്ളത്. പെൻഷന് അർഹരായവർ അപേക്ഷിക്കുന്ന ദിവസം മുതൽ മുൻകാല പ്രാബല്യത്തോടെ നൽകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇപ്പോൾ സർക്കാർ അതിന് ഉദ്ദേശിക്കുന്നില്ല. പെൻഷന് എന്ന് അപേക്ഷിച്ചോ അന്നുമുതലല്ല, എന്നാണ് സൈറ്റ് ഓപ്പൺ ചെയ്ത് അവർ എൻട്രി ചെയ്യുന്നതോ അന്നുമുതൽ മാത്രമേ പെൻഷൻ നൽകുകയുള്ളൂ. നിങ്ങൾക്ക് നിങ്ങളുടെ അഭിപ്രായവും ആഗ്രഹവും പറയാം. ഞാൻ തർക്കിക്കുന്നില്ല. ഞാൻ സർക്കാരിന്റെ നിലപാട് പറഞ്ഞതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ രണ്ട് പെൻഷൻ വാങ്ങുന്ന ആളുകളുണ്ടായിരുന്നു. ഒരു സർവ്വേ നടത്തിയതായി അങ്ങ് പറഞ്ഞു. ഞാൻ അതിനോട് യോജിക്കുകയാണ്. രണ്ട് പെൻഷനിൽ ഒരെണ്ണം കട്ട് ചെയ്യുകയും ഒന്ന് നിലനിർത്തുകയും ചെയ്യും. എല്ലാ ആളുകൾക്കും ഓരോ പെൻഷൻ. ഇവിടെ ക്ഷേമനിധി ബോർഡിൽനിന്ന് 600 രൂപ ലഭിക്കുന്നവരുണ്ട്. അവർക്ക് വാർദ്ധക്യകാല പെൻഷനായി ആയിരത്തിലധികം രൂപ സർക്കാർ നൽകുന്നുണ്ട്. ഈ രണ്ട് പെൻഷനിൽ ഒരെണ്ണം കട്ട് ചെയ്യുമ്പോൾ വാർദ്ധക്യകാല പെൻഷൻ കട്ട് ചെയ്യും. അതോടെ അവർക്ക് ലഭിക്കുന്ന കൂടുതൽ തുകയുള്ള പെൻഷൻ ഇല്ലാതാകുകയും അവരുടെ പെൻഷൻ 600 രൂപയായി ചുരുങ്ങുകയും ചെയ്യും. ഇങ്ങനെ രണ്ട് പെൻഷനിൽ ഒരെണ്ണം കട്ട് ചെയ്യുമ്പോൾ കുറഞ്ഞ തുകയുള്ള പെൻഷൻ കട്ട് ചെയ്തിട്ട് ബാക്കിയുള്ളത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങേയ്ക്ക് ഇത്ര വലിയ തെറ്റിദ്ധാരണയാണോ? ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ രണ്ട് പെൻഷനുണ്ടായിരുന്നവരുടെ രണ്ടാമത്തെ പെൻഷൻ കട്ട് ചെയ്യുന്നില്ല. അന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന 600 രൂപയിൽ ഫ്രീസ് ചെയ്തിട്ടുണ്ട്. സ്വന്തം ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്ന ചുമട്ടുതൊഴിലാളികൾ, മദ്യവ്യവസായ തൊഴിലാളികൾ എന്നിവർക്ക് സർക്കാർ ധനസഹായത്തിലല്ല പെൻഷൻ നൽകുന്നത്. അങ്ങനെയുള്ളവർക്ക് ഇനിയും രണ്ട് പെൻഷൻ അനുവദിക്കുന്നുണ്ട്. അതാണ് സർക്കാരിന്റെ നയം. അതുകൊണ്ട് രണ്ട് പെൻഷനും ഇല്ലാതാക്കിയിട്ടില്ല. എല്ലാ വർഷവും പെൻഷൻ തുക വർദ്ധിപ്പിക്കാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്. കേന്ദ്ര സർക്കാർ പെൻഷനായി 200 രൂപ തരുന്നതിനെ 1,100 രൂപയായിട്ടാണ് നൽകുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഭിന്നശേഷിക്കാരായവർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ അവർക്ക് വാർദ്ധക്യ പെൻഷൻ ലഭിക്കേണ്ട കാലഘട്ടത്തിൽ ഈ രണ്ട് പെൻഷനുംകൂടി അനുവദിച്ചുകൊടുക്കണ്ടേ? കാരണം

അവർ പിന്നെയും ഭിന്നശേഷിക്കാരായിട്ട തന്നെയാണ് ജീവിക്കുന്നത്. വാർദ്ധക്യം ബാധിക്കുമ്പോൾ അവർക്ക് ജീവിക്കാൻ പ്രയാസമാണ്. അവരെ അതിൽനിന്ന് ഒഴിവാക്കാതെ രണ്ട് പെൻഷനും ഭിന്നശേഷിക്കാർക്ക് നൽകാനുള്ള തീരുമാനം തുടർന്നുകൂടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ നിലവിലുള്ള ചട്ടം അങ്ങനെ തന്നെയാണ്. എവിടെയെങ്കിലും അതിന് വ്യത്യസ്തമായുണ്ടെങ്കിൽ നമുക്ക് പരിശോധിച്ച് തിരുത്താവുന്നതാണ്. ശ്രീ. അനിൽ അക്കരയുടെ പ്രസംഗം മുഴുവൻ ലൈഫ് മിഷനെക്കുറിച്ചായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കുകയും ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പാക്കുകയും ചെയ്ത ശ്രീ. അനിൽ അക്കരയ്ക്ക് എങ്ങനെയാണ് ഇത്തരത്തിലുള്ള തെറ്റിദ്ധാരണ ലൈഫ് മിഷനെക്കുറിച്ച് വന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇ.എം.എസ്. പാർപ്പിട പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പുതന്നെ നടപ്പാക്കിയിട്ടുള്ളത് കൊടകരയിലാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതി ആവിഷ്കരിച്ചശേഷം ആദ്യമായി തൃശ്ശൂർ ജില്ലയിൽ വായ്പ നൽകിയത് അടാട്ട് പഞ്ചായത്താണ്. ഏതായാലും അന്ന് നടന്നത് എന്താണെന്ന് നല്ല ഓർമ്മയുണ്ട്. എന്താണ് ലൈഫ് മിഷൻ? അങ്ങ് പറയുന്നത് 65000 വീടുകളേ നൽകുന്നുള്ളൂ; ബാക്കിയുള്ള നാലരലക്ഷം പേർ എന്തുചെയ്യുമെന്നുള്ളതാണ്. അങ്ങ് പറയുന്ന ഈ 65000 വീടുകൾ പണി തീരാത്തവയാണ്. രണ്ടോ മൂന്നോ ഗഡുക്കൾ ഭാഗികമായി വാങ്ങി പണിതീരാതെ കിടക്കുന്ന വീടുകളാണ് അവ. ആദ്യഘട്ടത്തിൽ ഇങ്ങനെ പണിതീരാതെ കിടക്കുന്ന വീടുകൾക്ക് രണ്ട് ഗഡുക്കൾ വാങ്ങിയിട്ടുണ്ടെങ്കിൽ നാലുലക്ഷം രൂപയുടെ ബാക്കി രണ്ട് ഗഡുക്കൾ കൂടി നൽകും. മൂന്ന് ഗഡുക്കൾ വാങ്ങിയിട്ടുണ്ടെങ്കിൽ നാലു ലക്ഷം രൂപയുടെ ഒരു ഗഡു കൂടി നൽകും. അങ്ങനെ 40000-ത്തിൽപ്പരം വീടുകൾ പൂർത്തിയായി. ബാക്കിയുള്ള വീടുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശ്രീ. എൻ. ഷംസുദ്ദീൻ അവിടെ 2000 വീടുകളാണെന്ന് പറയുന്നതു കേട്ടു. അത് മെയിന്റനൻസ് അല്ല; നേരത്തെ രണ്ട് ഗഡുക്കളാണ് വാങ്ങിയതെങ്കിൽ ബാക്കി രണ്ട് ലക്ഷം രൂപയാണ് നൽകുന്നത്. അതായത് അവസാനത്തെ രണ്ട് ഗഡുക്കൾ. ആ രീതിയിൽ ഇപ്പോൾ ബാക്കിയുള്ള വീടുകളിൽ സിംഹഭാഗവും എസ്.ടി. വീടുകളാണ്. വയനാട്ടുള്ള എസ്.ടി. വീടുകളുടെ 75 ശതമാനവും പണിതീരാതെ കിടക്കുകയാണ്. നിങ്ങൾ സുഗന്ധഗിരിയിൽ പോയിട്ടുണ്ടോ? അവിടെ എത്ര പൊക്കത്തിലാണ് ഓരോ വീടും നിർമ്മിക്കുന്നത്. തലച്ചുമടായി കുന്നിന്റെ മുകളിൽ മെറ്റീരിയൽ എത്തിക്കേണ്ടി വരും. അപ്പോൾ നാല് ലക്ഷം രൂപ നൽകുമെന്ന് പറഞ്ഞാൽപോലും വീടുപണി തീരില്ല. അതുകൊണ്ട് അവിടെ 6 ലക്ഷം രൂപയോ അതിൽ കൂടുതലോ നൽകും. ആക്ച്വൽ കോസ്റ്റ് എത്രയാണോ ആ രീതിയിൽ പണി തീർക്കുന്നതാണ്. ശ്രീ. അനിൽ അക്കരയ്ക്ക്

വലിയ സംശയമെന്താണെന്നു വച്ചാൽ ഒന്ന്, കേന്ദ്രാവിഷ്കൃത പദ്ധതിയായ PMAY-മായി എങ്ങനെ സംയോജിപ്പിക്കുന്നു എന്നതാണ്. ശ്രീ. അനിൽ അക്കര പറഞ്ഞതിൽ ഒരു കാര്യം ശരിയാണ്. ഇ.എം.എസ്. പാർപ്പിട പദ്ധതിയിൽ IAY സംയോജിപ്പിച്ചിരുന്നു. അതുപോലെതന്നെ കേന്ദ്രം, സംസ്ഥാനം, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ എല്ലാവരേയുംകൂടി സംയോജിപ്പിച്ചുതന്നെയാണ് ലൈഫ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ മാനദണ്ഡങ്ങൾ വ്യത്യസ്തമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. IAY നഗരത്തിൽ മാത്രമല്ല, ഗ്രാമത്തിലുമുണ്ട്. ഇവിടെ PMAY-ഉം ഉണ്ട്. രണ്ടിന്റെയും മാനദണ്ഡങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. കേന്ദ്രം നിശ്ചയിച്ചതാണെങ്കിലും 90 ശതമാനവും ഓവർലാപ്പിംഗ് വരും. അതിൽ 10 ശതമാനം മാത്രമേ ലൈഫിന്റെ മാനദണ്ഡത്തിൽനിന്ന് വ്യത്യസ്തമായി വരുന്നുള്ളൂ. എന്ത് ചെയ്യുമെന്നാണ് അങ്ങ് ചോദിക്കുന്നത്. PMAY എടുത്തിട്ടുള്ളവർക്ക് അവരുടെ ഗുണഭോക്തൃ വിഹിതമടക്കം ബാക്കി നാലുലക്ഷത്തിൽ നിന്ന് ബാലൻസ് വരുന്നത് ലൈഫ് മിഷന്റെ വായ്പയിൽനിന്ന് നൽകുമെന്നുള്ള ഉത്തരവ് കൃത്യമായി ഇറക്കിയിട്ടുണ്ട്. ഇതിലൊന്നും സംശയം വേണ്ട.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ അത് വളരെ കൃത്യമായി പരിശോധിക്കുന്ന ആളാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഒരു പഞ്ചായത്തിലെ യഥാർത്ഥ ഗുണഭോക്താക്കൾ 65-നും 100-നും ഇടയ്ക്ക് മാത്രമേയുള്ളൂ. തുടക്കത്തിൽ 250 ആളുകളുണ്ടായിരുന്നു. ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ള 150 ആളുകൾ പുറത്തുനിൽക്കുകയാണ്. ഈ 150 ആളുകൾക്ക്, ഏതെങ്കിലും കാറ്റഗറിയിൽപ്പെടുത്തി സബ്സിഡി നൽകാൻ സാധിക്കുമോയെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ വലിയ കൺഫ്യൂഷൻ നിലനിൽക്കുകയാണ്. സർക്കുലറിന്റെ പുറത്ത് സർക്കുലറാണ്. ഈ കാര്യത്തിൽ പഞ്ചായത്ത് പ്രസിഡന്റുമാർക്കോ ജനപ്രതിനിധികൾക്കോ ഒരു ക്ലാരിറ്റിയുമില്ല. ഞാൻ രാഷ്ട്രീയം പറയുന്നതല്ല; ഇപ്പോൾ അങ്ങ് എല്ലാംകൂടി സംയോജിപ്പിക്കാൻ പോകുകയാണെന്ന് പറഞ്ഞു; ഈ കാര്യത്തിൽ വലിയ കൺഫ്യൂഷനാണ്. കാരണം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ധാരാളം സർക്കുലറുകൾ ഇറങ്ങുന്നുണ്ട്. ഈ കൺഫ്യൂഷൻ അവസാനിപ്പിക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങനെയൊരു കൺഫ്യൂഷനില്ല. ഞാൻ സജീവമായി പോകുന്നുണ്ട്. എന്റെ മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ലൈഫിന്റെ ഗുണഭോക്താക്കളുടെ യോഗം കഴിഞ്ഞ ദിവസം

നടന്നു. മണ്ണഞ്ചേരി പഞ്ചായത്തിൽ 390 ഗുണഭോക്താക്കൾക്കുള്ള ആദ്യ ഗഡു പണം നൽകിയിട്ടാണ് ഞാനിവിടെ വരുന്നത്. ശ്രീ. അനിൽ അക്കര ചോദിച്ച ചോദ്യം, ഇത്രയും വന്നുകഴിഞ്ഞാൽ പ്ലാൻ ഫണ്ടിനെക്കാൾ 40 മുതൽ 60 ലക്ഷം രൂപ വരെ നൽകേണ്ടി വരുമെന്നുള്ളതാണ്; പിന്നെ വേറെ എന്തു ചെയ്യുമെന്നുള്ളതാണ്. സീലിംഗുള്ളതിനാൽ പ്ലാൻ ഫണ്ടിന്റെ 20 ശതമാനത്തിനപ്പുറത്തേയ്ക്ക് തിരിച്ചടവ് വരുന്ന രീതിയിൽ വായ്പ എടുക്കാൻ കഴിയില്ല. അങ്ങനെ വരുമ്പോൾ ബ്ലോക്കിന്റെയും ജില്ലാ പഞ്ചായത്തിന്റെ വിഹിതവുംകൂടി ചേർത്ത് അവിടെയെത്തും. ഈ പറഞ്ഞ 390 വീടുകൾ അങ്ങനെയാണ് അവിടെ ചെയ്യുന്നത്. ഇനി 20 ശതമാനം കൂടുതലാണെന്ന് തോന്നുന്നവർ ഒരു കാര്യമോർത്താൽ മതി. പ്ലാൻ ഫണ്ട് കൂടിക്കൊണ്ടിരിക്കുകയാണ്. അതായത്, 20 ശതമാനം ഫിക്സ് ചെയ്യുന്നത് ഇന്നത്തെ പ്ലാനിന്റെ അടങ്കൽ വച്ചിട്ടാണ്. ഓരോ വർഷം കഴിയുന്തോറും അത് കുറഞ്ഞുവരും. 10 വർഷത്തിനുള്ളിൽ ഇത് രണ്ടോ മൂന്നോ ശതമാനമായി കുറയും. അതുകൊണ്ട് ദുർവ്വഹമായിട്ടുള്ള ഭാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ തലയിലെടുത്തു വയ്ക്കുന്നുവെന്നൊക്കെ പറയുന്നത് തെറ്റാണ്.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഇവയെ വീടെന്ന് പറയാനേ സാധിക്കു, കാരണം ഏതു സമയത്തും ജീർണ്ണിച്ച് തലയ്ക്ക് മുകളിലൂടെ വീഴാവുന്ന രീതിയിലിരിക്കുന്ന വീടുകളാണ് കൂടുതലും. വീട്ടു നമ്പരുണ്ടെങ്കിലും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾ അതിലുൾപ്പെടുന്നില്ല. നമ്മൾ വീട് നൽകുന്നത് സുരക്ഷിതമായി ജീവിക്കാനാണല്ലോ. അതിനെന്താണ് പരിഹാരം?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, എന്റെ കയ്യിൽ ലൈഫ് മിഷന്റെ മാനദണ്ഡങ്ങളിരിക്കുകയാണ്. ആ മാനദണ്ഡങ്ങളിൽ ആദ്യം പറയുന്നത്, വാസയോഗ്യമല്ലാത്ത വീടുകളുള്ള നിർദ്ധന കുടുംബങ്ങളുടെ പട്ടികകളിൽ പുനരുദ്ധാരണം സാദ്ധ്യമായവയും അല്ലാത്തവയും ഉൾപ്പെടുത്താമെന്നാണ്. പണി പൂർത്തിയാകാത്ത വീടുകളുടെ കുടുംബപട്ടിക, സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരുടെ പട്ടിക, ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ എന്നീ കാറ്റഗറികളാണ് വരുന്നത്. അതുകൊണ്ട് നേരത്തെ പണിത ലക്ഷംവീട് പദ്ധതിയിൽ വീട് ലഭിച്ചിട്ടുള്ളവരെ പുറത്താക്കുന്നില്ല. ഇപ്പോൾ ഒരു ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. ആ ലിസ്റ്റിൽ ചിലർ വിട്ടുപോയിട്ടുണ്ടാകാം. എത്രലക്ഷം പേരുടെ കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്; ഏതെല്ലാം പഞ്ചായത്തിലെ കാര്യമാണ് ചെയ്യുന്നത്? അതല്ലെങ്കിൽ നിങ്ങളുടെ അഭിപ്രായത്തിൽ ഈ കാറ്റഗറിയിൽപ്പെടാത്ത ഇങ്ങനെയുള്ള ആളുകളെക്കൂടി ഉൾപ്പെടുത്തണം. ഈ

ലിസ്റ്റിലുള്ളവർക്ക് കൊടുത്തുതീർത്തുകഴിഞ്ഞാൽ അത് അവസാനിപ്പിക്കുകയല്ല. ഇനി ആരെങ്കിലുമുണ്ടെങ്കിൽ നമുക്ക് ഇപ്പോഴും പരിഗണിക്കാവുന്നതാണ്. നമ്മൾ മനസ്സിലാക്കേണ്ടത്, 65000 വീടുകൾക്കല്ല, 2.6 ലക്ഷം വീടുകൾക്കുള്ള പണം ഹഡ്കോയിൽനിന്ന് അനുവദിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ എന്തിനാണ്, ആരോടാണ് പറഞ്ഞ് പരിഭ്രമിക്കുന്നത്?നമ്മുടെ ഇന്നത്തെ ഉപധനാഭ്യർത്ഥനയിൽ ഹഡ്കോയ്ക്ക് നൽകാനുള്ള 20 കോടി രൂപയും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കാരണം ഇതുവരെയുള്ള ഡ്യൂസ് ക്ലിയർ ചെയ്യുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഹഡ്കോ തരുന്നത്. ഇതൊക്കെ ടൈ-അപ് ചെയ്തിട്ടാണ്; വാചകമടിയല്ല. ഇനി ആകെയുള്ളത് ഭൂരഹിതരായ ഭവനരഹിതരാണ്. അവരെ സംബന്ധിച്ചുള്ള കാര്യം ഈ ഇടവേളയിൽ നോക്കാം. അടുത്ത വർഷം എടുക്കാം; അവർക്ക് ഭൂമി കണ്ടുപിടിക്കാം. ഇപ്പോൾ ഒരു മാതൃകയായി എല്ലാ ജില്ലകളിലും ഒരു പാർപ്പിട സമുച്ചയം പണിയാം. അതിന്റെ അനുഭവംകൂടി നോക്കി കുറച്ചുമാസം കഴിഞ്ഞാൽ എങ്ങനെ ബാക്കിയുള്ള 2 ലക്ഷം പേർക്ക് വീട് നൽകാമെന്നുള്ള തീരുമാനമെടുക്കാം. ഒരു സംശയവും വേണ്ട; ആശയക്കുഴപ്പവും കാര്യങ്ങളുമില്ല; വളരെ കൃത്യമായി പോകുകയാണ്. സർക്കാരിന്റെ ഏറ്റവും വലിയ വികസന വിജയങ്ങളിലൊന്നായി ലൈഫ് മിഷൻ മാറുമെന്ന കാര്യത്തിൽ ആരും സംശയിക്കേണ്ടതില്ല. ഇവിടെ വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ചും ആർദ്രം പദ്ധതിയെക്കുറിച്ചുമൊക്കെ പല പരാമർശങ്ങളുമുണ്ടായി.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, നമുക്ക് 25 സെന്റ് സ്ഥലമുണ്ടെങ്കിൽ ലൈഫ് പദ്ധതിയുടെ ഭാഗമാകാൻ കഴിയുന്നില്ലെന്നുള്ള ഒരു പ്രശ്നമുണ്ട്. ഇടുക്കി പോലുള്ള പ്രദേശത്തൊക്കെ അത് വെരിഫൈ ചെയ്ത് മാർക്കറ്റ് വാല്യൂ എടുത്താൽപോലും 25 സെന്റ് സ്ഥലമുണ്ടെങ്കിലും വീടു വയ്ക്കാൻ പാകത്തിന് മൂന്നോ നാലോ സെന്റ് സ്ഥലമേ കാണുകയുള്ളൂ. ബാക്കിയുള്ള സ്ഥലം ഉപയോഗയോഗ്യമായിരിക്കില്ല. അതിനൊരു മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അർഹരായവർക്ക് വീട് ലഭിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. അതൊന്ന് പരിശോധിച്ചാൽ നന്നായിരുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, തീർച്ചയായും. ഞാൻ പറഞ്ഞല്ലോ, ഇന്നിപ്പോൾ ഒരു ലിസ്റ്റുണ്ടാക്കി; ആ ലിസ്റ്റ് വെരിഫൈ ചെയ്ത് ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചു. അപ്പോഴാണ് അതിന്റെ മാനദണ്ഡത്തിൽ ഒന്നിനെക്കുറിച്ചുള്ള അഭിപ്രായം പറയുന്നത്. നമുക്ക് ചർച്ച ചെയ്ത് സമന്വയമുണ്ടാക്കാം. എന്നാൽ ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ മുന്നോട്ടുപോകും. വേണമെന്നുണ്ടെങ്കിൽ 25 സെന്റിന് മുകളിൽ സ്ഥലമുള്ളവർക്ക് അല്ലെങ്കിൽ നഗരത്തിൽ ഇത്ര സെന്റിൽ കൂടുതലുണ്ടെങ്കിൽ പരിഗണിക്കണമെന്നുള്ളത് നമുക്ക്

അടുത്ത ഘട്ടത്തിൽ പരിശോധിക്കാം. ഇപ്പോൾ തയ്യാറാക്കിയ ലിസ്റ്റ് അഴിച്ചു പണിയാനൊന്നും പോകുന്നില്ല. സ്കൂൾ അദ്ധ്യാപകരുടെയും കോളേജ് അദ്ധ്യാപകരുടെയും നിയമനത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കോഴ്സ് അനുവദിച്ചാലും സ്കൂൾ അനുവദിച്ചാലും അദ്ധ്യാപകരെ നിയമിക്കണം. 2014-ൽ നിയമിച്ചതിന്റെ കാര്യമാണ് പറയുന്നത്. ഇപ്പോൾ 2018 ആയി. അത് പരിഹരിച്ചേ മതിയാകൂ. അതിനുവേണ്ടി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടിവരും. പക്ഷെ ഇനി കോഴ്സുകളും സ്കൂളുകളും അനുവദിക്കുമ്പോൾ കർശനമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരും. കാരണം നിങ്ങൾ ഇവിടെ പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ പെൻഷൻ, ശമ്പളം എന്നിവയെക്കാൾ കുറവാണ് സർക്കാരിന്റെ വരുമാനം. ഇങ്ങനെയൊരു പശ്ചാത്തലത്തിൽ നമുക്ക് ഒരുപാട് തസ്തികകൾ അനുവദിക്കാൻ സാധിക്കുകയില്ല. എന്നാൽ ബഹുമാനപ്പെട്ട അംഗങ്ങൾ അഭിപ്രായപ്പെട്ടതുപോലെ അദ്ധ്യാപകരുടെ തസ്തികകളില്ലാതെ നമുക്ക് മുന്നോട്ട് പോകാനും കഴിയില്ല. നോംസ് പാലിച്ചുകൊണ്ട് ലിസ്റ്റ് തയ്യാറാക്കി ആകെ എത്ര വരുമെന്ന് നോക്കി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാം. സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞു. എയ്ഡഡ് കോളേജുകളിലാണ് ഇനി നിയമനം നടത്തേണ്ടത്. മലപ്പുറത്തെ കോളേജ് എന്തുകൊണ്ടോ വിട്ടുപോയി, ഒരു വിവേചനവുമില്ല. സർക്കാർ കോളേജാണ്. സർക്കാർ കോളേജിലാണ് അദ്ധ്യാപകരും പ്രിൻസിപ്പാളും ഇല്ലെന്നു പറഞ്ഞത്. നമുക്കത് പരിഹരിക്കാം. ബാക്കിയുള്ള പുതിയ കോളേജുകളിൽ നിയമനം നടത്തിയപ്പോൾ എന്തോ കാരണവശാൽ വിട്ടുപോയതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ പ്രസംഗിച്ചപ്പോൾ എന്ത് പുതിയ കാര്യമാണ് നിങ്ങൾ കേരളത്തിൽ കൊണ്ടുവന്നതെന്ന് ചോദിച്ചു. അതേസമയം വികസന തുടർച്ച ഇല്ലാതാക്കിയെന്നും പറഞ്ഞു. ഉദാഹരണമായി ലൈറ്റ് മെട്രോയുടെ കാര്യം മാത്രമേ പറഞ്ഞുള്ളൂ. ലൈറ്റ് മെട്രോ വേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല. ഒരു സംശയവും വേണ്ട, നിങ്ങൾ പറഞ്ഞതുപോലെ ലൈറ്റ് മെട്രോ സാങ്കേതികമായി എത്രമാത്രം സാദ്ധ്യമാണെന്ന കാര്യത്തിൽ വാക്ക് പറയാൻ ഏറ്റവും അഗ്രഗണ്യൻ ശ്രീ. ഇ. ശ്രീധരനാണ്. അതിൽ ഒരു തർക്കവുമില്ല. പക്ഷെ ഇത് സാമ്പത്തികമായി എത്രമാത്രം വയബിളാണെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് ചില അഭിപ്രായങ്ങളുണ്ട്. കേന്ദ്ര സർക്കാർ ഇതുവരെ ഇതിന് അനുമതി നൽകിയിട്ടില്ല. അവർ പണം മുടക്കാൻ തയ്യാറല്ല. അവരുടെ നിലപാട് വയബിലിറ്റിയെക്കുറിച്ചാണ്. അത് പരിശോധിക്കേണ്ടിവരും. അങ്ങനെ പരിശോധന നടത്തുമ്പോൾ അതിന്റെ അർത്ഥം നമ്മളിത് വേണ്ടെന്നുവച്ചുവെന്നല്ല, മറിച്ച് ലൈറ്റ് മെട്രോ നടപ്പാക്കണമെങ്കിൽ അനുബന്ധമായി റോഡ് ജംഗ്ഷനുകളിലെല്ലാം ഫ്ലൈ

ഓവറുകളും മറ്റു കാര്യങ്ങളും വേണം. തിരുവനന്തപുരം നഗരത്തിൽ ശ്രീ. ഇ. ശ്രീധരൻ പറഞ്ഞ നാല് സ്ഥലത്തും ഫ്ലൈ ഓവറുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ലൈറ്റ് മെട്രോ ഔപചാരികമായി പ്രഖ്യാപിച്ചില്ലെങ്കിലും അതിന് അനുബന്ധമായി അനിവാര്യമായി വേണ്ട പ്രവർത്തനങ്ങൾ മുൻകയ്യെടുത്ത് നടത്തുന്നുണ്ട്. നിങ്ങൾ നടത്തുന്ന പുതിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് എങ്ങനെ ചോദിക്കാൻ കഴിയുന്നു? സൈക്ലിംഗ് ട്രാക്കോടുകൂടി ഒരു തീരദേശ ഹൈവേ ഇതിനുമുമ്പ് കേട്ടിട്ടുണ്ടോ? മലയോര ഹൈവേ നേരത്തെ തുടങ്ങിയെന്നു പറയാം. K-FON, ട്രാൻസ്ഗ്രിഡ് തുടങ്ങിയ പദ്ധതികൾ. INTEL കമ്പനി കെൽട്രോണിനെ സഹായിക്കാൻ മുന്നോട്ടുവരുന്നു. ലാപ്ടോപ്പുകൾ മുഴുവൻ ചൈനയിൽനിന്നും ഇറക്കുമതി ചെയ്യുകയാണ്. ഇന്ത്യയിൽ ഇല്ല. അതുകൊണ്ട് കേന്ദ്ര സർക്കാർ മേക്ക് ഇൻ ഇന്ത്യ എന്ന പരിപാടി ആരംഭിച്ചപ്പോൾ INTEL കമ്പനിയെ കേരളത്തിൽ കൊണ്ടുവരികയാണ്. NISSAN കഴിഞ്ഞ ക്യാബിനറ്റിന്റെ തീരുമാനമല്ലേ; 30 ഏക്കർ സ്ഥലത്ത് ഒരു നോളഡ്ജ് സിറ്റി, പുതിയ പദ്ധതിയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ കമ്പനികളെല്ലാം അസംബ്ലിംഗ് യൂണിറ്റുകളാണ്. അതല്ലാതെ ഇവിടെ പ്രൊഡക്ഷൻ നടക്കുന്നുണ്ടെന്ന് അങ്ങ് തെറ്റിദ്ധരിക്കരുത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, തെറ്റിദ്ധാരണയൊന്നുമില്ല. മൈക്രോ കണ്ടക്റ്റ് ചിപ്പ് ഇവിടെ നിർമ്മിക്കുന്നില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. അത്രത്തോളം പോയിട്ടില്ല. ഇപ്പോൾ നമുക്ക് അസംബിൾ ചെയ്യാം. അടുത്തതായി ചിപ്പ് നിർമ്മിക്കാം. അങ്ങനെയല്ലേ പോകാൻ സാധിക്കുകയുള്ളൂ. ഇതിൽ 50,000 കോടി രൂപയുടെ ഏത് പ്രോജക്ടാണ് നേരത്തെ ഉണ്ടായിരുന്നത്? കെ.എം.എം.എൽ.ലൂടെ വരാൻ പോകുന്ന പുതിയ മിനറൽ സിറ്റി, സിയാൽ മോഡലിൽ റബ്ബറിനുവേണ്ടി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതി തുടങ്ങിയവ ഓരോന്നോരോന്നായി എടുത്ത് പരിശോധിക്കൂ. എന്തായാലും ഈ വർത്തമാനത്തിന്റെ മുനയൊക്കെ അധികനാൾ നിൽക്കുകയില്ല. ഇതിനൊക്കെ മറുപടി അധികം നാൾ കഴിയുന്നതിനുമുമ്പുതന്നെ അനുഭവത്തിൽ ലഭിക്കുമെന്നതിനാൽ കൂടുതൽ പറയുന്നില്ല.

ശ്രീ. പി. സി. ജോർജ് മത്സ്യമേഖലയിലെ കാര്യം പറഞ്ഞു. കെ.പി.എം.ജി. സമഗ്രമായിട്ടുള്ള റിപ്പോർട്ട് തയ്യാറാക്കുകയാണ്. സൈക്ലോൺ ഉണ്ടാകുന്നതുകൊണ്ട് കിഴക്കൻ തീരദേശത്ത് ആളുകളാരും കടപ്പുറത്തല്ല, ദൂരെയാണ് താമസിക്കുന്നത് എന്നു പറഞ്ഞു. കേരളത്തിൽ ഒരുകാലത്തും സൈക്ലോൺ ഉണ്ടായിട്ടില്ല.

അതുകൊണ്ട് തീരത്തുതന്നെയാണ് ആളുകൾ താമസിക്കുന്നത്. കാലവും കാലാവസ്ഥയും മാറി. പുനരധിവാസത്തിന് ക്ലൈമറ്റ് ചേഞ്ച് ഫണ്ടിൽനിന്നും പണം സമാഹരിക്കാനാണ് അപേക്ഷ നൽകുന്നത്. മേയ്-ജൂൺ മാസത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പത്ത് ലക്ഷം രൂപ നൽകും. മറ്റൊരിടത്തും ബന്ധപ്പെടാതെതന്നെ ആ പത്ത് ലക്ഷം രൂപയിൽ ആറ് ലക്ഷം രൂപ ഇഷ്ടമുള്ളിടത്ത് ഭൂമി വാങ്ങിക്കുന്നതിനും നാല് ലക്ഷം രൂപ വീട് പണിയുന്നതിനും ഉപയോഗിക്കാവുന്ന സ്കീം നടപ്പിലാക്കാൻ പോകുകയാണ്. ഞാൻ രാവിലെ പറഞ്ഞതുപോലെ മൂവാറ്റുപുഴ പ്രോജക്റ്റിൽനിന്ന് പണ്ടെങ്ങോ പൊട്ടിച്ചിട്ട കല്ല് മുഴുവൻ പ്രതിരോധിക്കാൻ ഉപയോഗപ്പെടുത്തുകയാണ്. കിഫ്ബിയിൽനിന്നും 200 കോടി രൂപ നേരത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ്, ഇറിഗേഷൻ എന്നീ വകുപ്പുകൾ ചേർന്ന് നമ്മുടെ ഏറ്റവും vulnerable ആയ സ്ഥലത്ത് പ്രതിരോധം തീർക്കാനുള്ള പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ മഴക്കാലം കഴിഞ്ഞാൽ ആ സമഗ്ര പരിപാടി നടപ്പാക്കുകതന്നെ ചെയ്യും. കശുവണ്ടിയുമായി ബന്ധപ്പെട്ട പാക്കേജും മറ്റു കാര്യങ്ങളും സംബന്ധിച്ച് ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ള കാര്യങ്ങളൊന്നും ബജറ്റുമായി ബന്ധപ്പെട്ടതല്ല. ചെങ്ങന്നൂരിലുണ്ടായ വിജയം സമുദായങ്ങൾ മാനേജ് ചെയ്തതിന്റെ ഫലമാണെന്ന പരാമർശമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മത-ന്യൂനപക്ഷങ്ങളെ പ്രത്യേകം കണ്ടു, സമുദായ സംഘടനകളെ പ്രത്യേകം കണ്ടു, അതെല്ലാം വലിയ പ്രീണനമാണെന്ന അർത്ഥത്തിലാണ് പറയുന്നത്. ആരാണ് പറയുന്നത്? ലീഗാണ് പറയുന്നത്. ഈ സർക്കാരായാലും ഏത് സർക്കാരായാലും മൈനോറിറ്റീസിന്, ക്രിസ്ത്യനിയായാലും മുസ്ലീം ആയാലും ചില അവകാശങ്ങൾ നൽകും. സമുദായങ്ങൾക്ക് സംവരണമുണ്ട്. മുന്നോക്ക വിഭാഗമാണെങ്കിൽ വേറെ സഹായങ്ങളുണ്ട്. സ്വാഭാവികമായി അവർ ഈ പ്രശ്നങ്ങളുമായി സംവദിക്കും. സമുദായ അടിസ്ഥാനത്തിൽ, മതാടിസ്ഥാനത്തിൽ രാഷ്ട്രീയത്തിൽ എങ്ങനെ ഇടപെടാമെന്നുള്ള കാര്യങ്ങളല്ല ഇവരുമായി ചർച്ച ചെയ്യുന്നത്. മുസ്ലീം ആണെങ്കിൽ ലീഗ് വഴി വന്നേ മതിയാകൂ, ക്രിസ്ത്യാനിയാണെങ്കിൽ കേരളാ കോൺഗ്രസുവഴി വന്നേമതിയാകൂ എന്നല്ല ഞങ്ങൾ പറയുന്നത്. അതൊന്നും വേണ്ട, ഇവിടെ സർക്കാരുണ്ട്. അവരുമായി നേരിട്ട് വർത്തമാനം പറയാം. ഇത് കേരളത്തിൽ വരുന്നൊരു മാറ്റമാണ്. ആ മാറ്റം നിങ്ങൾ വേങ്ങരയിലും ചെങ്ങന്നൂരിലും കണ്ടു. എല്ലാ സമുദായങ്ങളും വന്നു. ശ്രീ. സജി ചെറിയാൻ പറഞ്ഞത് ശരിയാണ്. ഈ മാറ്റം വരുന്നുണ്ട്. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ നിരീശ്വരവാദികളാണ്, അക്രമകാരികളാണ് എന്നൊക്കെ പറഞ്ഞ് കുറച്ച് സമുദായങ്ങൾ

മാറിനിൽക്കുമായിരുന്നു. ആ അകൽച്ച അൽപ്പം കുറഞ്ഞിട്ടുണ്ട്. ഗർവ്വിച്ചിട്ട് കാര്യമില്ല, കുറയും. കാര്യമെന്താണ്? പക്ഷെ വെറും സാമുദായികമല്ല അത്. ചെങ്ങന്നൂരിൽ രണ്ട് തരത്തിലുള്ള ആളുകളുണ്ട്. 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയ്ക്ക് വരുന്ന, വിദേശത്ത് പോയി സമ്പാദിച്ച് നല്ല വീടുകളുള്ള ഇടത്തരക്കാരുണ്ട്. കേരളത്തിൽ ഇടത്തരക്കാർ ഏറ്റവും കൂടുതലുള്ള മണ്ഡലങ്ങളിൽ ഒന്നാണിത്. എന്നാൽ ഇങ്ങനെ പോകാൻ കഴിയാത്ത എസ്.സി/എസ്.ടി. വിഭാഗവും വളരെ പിന്നിലുള്ളവരുമുണ്ട്. രണ്ടാമത് പറഞ്ഞതിൽനിന്നും കുറച്ചധികംപേരെ കഴിഞ്ഞ പ്രാവശ്യം ഞങ്ങളുടെ കയ്യിൽനിന്നും ബി.ജെ.പി.-യിൽ പിടിച്ചുകൊണ്ടുപോയിട്ടുണ്ട്. അങ്ങനെ പോയവർ തിരിച്ചുവന്നിട്ടുണ്ട്. എന്താണ് കാര്യം? രാഷ്ട്രീയമുണ്ട്, രാഷ്ട്രീയത്തോടൊപ്പംതന്നെ ഇപ്പറഞ്ഞ ക്ഷേമ പ്രവർത്തനങ്ങൾ, നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ അംഗീകരിക്കേണ്ട, അവർക്ക് അറിയാം. അവർ തിരിച്ചറിയുന്നുണ്ട്. ഞാൻ യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ അവിടെയിരിക്കുന്ന കുട്ടികളോട് പഴയ ക്ലാസ്സിൽനിന്നും പുതിയ ക്ലാസ്സിലേയ്ക്ക് ചെല്ലുമ്പോൾ എന്തായിരിക്കും പണ്ടത്തേതിൽ നിന്നും വ്യത്യാസമെന്ന് ചോദിച്ചപ്പോൾ പുതിയ ക്ലാസ്സ് ഹൈടെക് ആയിരിക്കുമെന്ന് സകല കുട്ടികളും മറുപടി പറഞ്ഞു. അവിടംവരെ എത്തിയിട്ടുണ്ട് കാര്യങ്ങൾ. രണ്ട്, ഇടത്തരക്കാർ വിദേശത്തുപോയി കാറും പ്രതാപവും വീടുമൊക്കെയായി, പക്ഷേ യാത്ര ചെയ്യാൻ കഴിയുന്ന റോഡോ കുടിവെള്ളമോ ഇല്ല. ഇത്രയും നാൾ അവിടെയൊരു കുടിവെള്ള പദ്ധതിയില്ലായിരുന്നു. ചെന്നിത്തല ഭാഗത്തുമാത്രം പഴയ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ എക്സ്റ്റൻഷനുണ്ട്. ബാക്കിയൊരിടത്തും കുടിവെള്ള പദ്ധതിയില്ല. അവിടെയാണ് 750 കോടി രൂപയുടെ റോഡ്, പാലം, കെട്ടിടം, സ്റ്റേഡിയം മുതലായ കാര്യങ്ങൾ വരുന്നത്. ഇത് ആ ഇടത്തരക്കാർ കാണുകയാണ്. ഇടത്തരക്കാരന്റെ അംഗീകാരമാണ്. അത് ഇപ്പോൾ ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ പൊളിക്കാൻ നമ്മളെ സഹായിച്ചിട്ടുണ്ട്. ഇതാണ് രാഷ്ട്രീയം. നിങ്ങൾ ഇങ്ങനെയൊന്നും തപ്പിപ്പിടിച്ചു നടക്കാതെ ഈ രാഷ്ട്രീയം കാണുവെന്ന് ശ്രീ. മുല്ലക്കര രത്നാകരൻ വളരെ വ്യക്തമായി പറഞ്ഞു. ഞാനിപ്പോൾ നിങ്ങൾ കേരളാ കോൺഗ്രസ്സിനോടൊപ്പം കൂടിയതിനെക്കുറിച്ചൊന്നും പറയുന്നില്ല. അതൊക്കെ നിങ്ങളുടെ രാഷ്ട്രീയമാണ്. പക്ഷെ രാഷ്ട്രീയം മറന്നുകൊണ്ടുള്ള ഇടപെടലുകൾ, ഞങ്ങൾ എന്തോ സമുദായ മാനേജ്മെന്റ് നടത്താൻ ശ്രമിക്കുന്നുവെന്ന് പറഞ്ഞ നിങ്ങൾ അവിടെ ചെയ്തത് എന്താണ്? സ്ഥാനാർത്ഥി നിർണ്ണയമടക്കം ആ ചെയ്തികളുടെ ഫലം കൂടിയില്ലേ. അതുകൊണ്ട് ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ കാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. നല്ല രാഷ്ട്രീയ

നിലപാട് സ്വീകരിക്കാം. ഏതായാലും ഒരു കാര്യം വ്യക്തമാണ്, അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ്സിന് എന്ത് റോൾ ഉണ്ടെങ്കിലും കേരളത്തിൽ ബി.ജെ.പി.-യെ ചെറുക്കാനും പ്രതിരോധിക്കാനും ഞങ്ങൾ തന്നെയാണ് ഏറ്റവും നല്ലത്. കർണ്ണാടകയിൽ ഞങ്ങൾ ഒരു സീറ്റിലേ രണ്ടാം സ്ഥാനത്ത് വന്നുള്ളൂ. ജെ.ഡി.എസ്. ആയാലും ആരായാലും കുറച്ചുകൂടി വോട്ട് ലഭിച്ച് ഇപ്പുറത്തുവന്ന് ജയിച്ചിരുന്നുവെങ്കിൽ ഒരു കാര്യം പറയാമായിരുന്നു. കാലുമാറില്ലെന്ന് ഉറപ്പുള്ള ഒരു എം.എൽ.എ.-യും കർണ്ണാടകയിൽ ഉണ്ടാകില്ലായിരുന്നു. ഞങ്ങൾ കേരളത്തിൽ ജയിച്ചുവന്നിട്ടുണ്ടെങ്കിൽ ആ എം.പി.-മാർ ഇരുപതിൽ ഇരുപതുപേരും കേന്ദ്രത്തിൽ എത്തുവന്നാലും ബി.ജെ.പി.-ക്ക് എതിരായി നിലപാടെടുക്കുമെന്ന് കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പുണ്ട്. അതുകൊണ്ട് ഈ രാഷ്ട്രീയം ഞങ്ങളെ മുന്നോട്ട് കൊണ്ടുപോകുമെന്നും ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ ......................

പ്രതികൂലിക്കുന്നവർ .......................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 75,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ

47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്

72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ശ്രീ. തോമസ് ചാണ്ടി
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ

18. ശ്രീ. സണ്ണി ജോസഫ്

19. ശ്രീ. സി. എഫ്. തോമസ്

20. ശ്രീ. പി. ഉബൈദുള്ള

21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 78 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷതപാലിക്കുന്നവർ | - | 1 |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ

2. ശ്രീമതി പി. അയിഷാ പോറ്റി

3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. ആന്റണി ജോൺ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ

33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്

57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ശ്രീ. തോമസ് ചാണ്ടി
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിക്ഷ്പക്ഷത പാലിക്കുന്നവർ :

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 78 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

ഉപധനാഭ്യർത്ഥന പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യൂ
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.

34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ

58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. സി. കെ. ശശീന്ദ്രൻ
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീ. എ. എൻ. ഷംസീർ
65. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. വി. എസ്. സുനിൽ കുമാർ
69. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
70. ശ്രീ. കെ. സുരേഷ് കുറുപ്പ്
71. ശ്രീ. എം. സ്വരാജ്
72. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
73. ശ്രീ. പി. തിലോത്തമൻ
74. ശ്രീ. തോമസ് ചാണ്ടി
75. ഡോ. ടി. എം. തോമസ് ഐസക്
76. ശ്രീ. പി. ഉണ്ണി
77. ശ്രീമതി വീണാ ജോർജ്ജ്
78. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര

3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> :

ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ:</u>

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 78 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 1 |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്

17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ

65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ

9. ഡോ. എം. കെ. മുനീർ

10. ശ്രീ. കെ. മുരളീധരൻ

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. രമേശ് ചെന്നിത്തല

13. ശ്രീ. റോജി എം. ജോൺ

14. ശ്രീ. റോഷി അഗസ്റ്റിൻ

15. ശ്രീ. കെ. എസ്. ശബരീനാഥൻ

16. ശ്രീ. വി. പി. സജീന്ദ്രൻ

17. ശ്രീ. ഷാഫി പറമ്പിൽ

18. ശ്രീ. സണ്ണി ജോസഫ്

19. ശ്രീ. സി. എഫ്. തോമസ്

20. ശ്രീ. പി. ഉബൈദുള്ള

21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,37,80,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ

23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്

72. ശ്രീ. എം. സ്വരാജ്

73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

74. ശ്രീ. പി. തിലോത്തമൻ

75. ശ്രീ. തോമസ് ചാണ്ടി

76. ഡോ. ടി. എം. തോമസ് ഐസക്

77. ശ്രീ. പി. ഉണ്ണി

78. ശ്രീമതി വീണാ ജോർജ്ജ്

79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്

2. ശ്രീ. അനിൽ അക്കര

3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

6. ഡോ. എൻ. ജയരാജ്

7. ശ്രീ. കെ. സി. ജോസഫ്

8. ശ്രീ. കെ. എൻ. എ. ഖാദർ

9. ഡോ. എം. കെ. മുനീർ

10. ശ്രീ. കെ. മുരളീധരൻ

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. രമേശ് ചെന്നിത്തല

13. ശ്രീ. റോജി എം. ജോൺ

14. ശ്രീ. റോഷി അഗസ്റ്റിൻ

15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ

5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> : ആരുമില്ല.

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 896,63,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ

69. ശ്രീ. വി. എസ്. സുനിൽ കുമാർ

70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്

72. ശ്രീ. എം. സ്വരാജ്

73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

74. ശ്രീ. പി. തിലോത്തമൻ

75. ശ്രീ. തോമസ് ചാണ്ടി

76. ഡോ. ടി. എം. തോമസ് ഐസക്

77. ശ്രീ. പി. ഉണ്ണി

78. ശ്രീമതി വീണാ ജോർജ്ജ്

79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്

2. ശ്രീ. അനിൽ അക്കര

3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

6. ഡോ. എൻ. ജയരാജ്

7. ശ്രീ. കെ. സി. ജോസഫ്

8. ശ്രീ. കെ. എൻ. എ. ഖാദർ

9. ഡോ. എം. കെ. മുനീർ

10. ശ്രീ. കെ. മുരളീധരൻ

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. രമേശ് ചെന്നിത്തല

13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 32,00,32,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി

3. ശ്രീ. കെ. ആൻസലൻ

4. ശ്രീ. ആന്റണി ജോൺ

5. ശ്രീ. എ. എം. ആരിഫ്

6. പ്രൊഫ. കെ. യു. അരുണൻ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു

9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി

16. ശ്രീ. ജോർജ് എം. തോമസ്

17. ശ്രീ. പി. സി. ജോർജ്

18. ശ്രീ. ചിറ്റയം ഗോപകുമാർ

19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ

23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ

54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,19,84,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ

60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്

4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,21,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്

18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ ഹരി

44. ശ്രീ. പുരുഷൻ കടലുണ്ടി

45. ശ്രീ. പി. ടി. എ. റഹീം

46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ

48. ശ്രീ. എസ്. രാജേന്ദ്രൻ

49. ശ്രീ. ആർ. രാജേഷ്

50. ശ്രീ. റ്റി. വി. രാജേഷ്

51. ശ്രീ. കെ. രാജു

52. ശ്രീ. രാജു എബ്രഹാം

53. ശ്രീ. ആർ. രാമചന്ദ്രൻ

54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

56. ശ്രീ. മുല്ലക്കര രത്നാകരൻ

57. പ്രൊഫ. സി. രവീന്ദ്രനാഥ്

58. ശ്രീ. സജി ചെറിയാൻ

59. ശ്രീ. എസ്. ശർമ്മ

60. ശ്രീ. എ. കെ. ശശീന്ദ്രൻ

61. ശ്രീ. സി. കെ. ശശീന്ദ്രൻ

62. ശ്രീ. വി. ശശി

63. ശ്രീ. ഐ. ബി. സതീഷ്

64. ശ്രീ. ബി. സത്യൻ

65. ശ്രീ. എ. എൻ. ഷംസീർ

66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ

10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ

23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ

15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ

5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ

61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്

7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> : ആരുമില്ല

<u>മി. സ്പീക്കർ:</u>

അനുകൂലിക്കുന്നവർ - 79

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,23,17,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ

17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു

9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ

65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ

9. ഡോ. എം. കെ. മുനീർ

10. ശ്രീ. കെ. മുരളീധരൻ

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. രമേശ് ചെന്നിത്തല

13. ശ്രീ. റോജി എം. ജോൺ

14. ശ്രീ. റോഷി അഗസ്റ്റിൻ

15. ശ്രീ. കെ. എസ്. ശബരീനാഥൻ

16. ശ്രീ. വി. പി. സജീന്ദ്രൻ

17. ശ്രീ. ഷാഫി പറമ്പിൽ

18. ശ്രീ. സണ്ണി ജോസഫ്

19. ശ്രീ. സി. എഫ്. തോമസ്

20. ശ്രീ. പി. ഉബൈദുള്ള

21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ
42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ
70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ
15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,50,06,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീമതി ഗീതാ ഗോപി
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കോവൂർ കുഞ്ഞുമോൻ
28. ശ്രീ. വി. കെ. സി. മമ്മത് കോയ
29. ശ്രീ. എം. എം. മണി
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. എ. പ്രദീപ്കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ
43. ശ്രീമതി യു. പ്രതിഭ ഹരി
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. എസ്. രാജേന്ദ്രൻ
49. ശ്രീ. ആർ. രാജേഷ്
50. ശ്രീ. റ്റി. വി. രാജേഷ്
51. ശ്രീ. കെ. രാജു
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. പ്രൊഫ. സി. രവീന്ദ്രനാഥ്
58. ശ്രീ. സജി ചെറിയാൻ
59. ശ്രീ. എസ്. ശർമ്മ
60. ശ്രീ. എ. കെ. ശശീന്ദ്രൻ
61. ശ്രീ. സി. കെ. ശശീന്ദ്രൻ
62. ശ്രീ. വി. ശശി
63. ശ്രീ. ഐ. ബി. സതീഷ്
64. ശ്രീ. ബി. സത്യൻ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
67. ശ്രീ. ജി. സുധാകരൻ
68. ശ്രീ. വി. ആർ. സുനിൽ കുമാർ
69. ശ്രീ. വി. എസ്. സുനിൽ കുമാർ

70. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
71. ശ്രീ. കെ. സുരേഷ് കുറുപ്പ്
72. ശ്രീ. എം. സ്വരാജ്
73. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
74. ശ്രീ. പി. തിലോത്തമൻ
75. ശ്രീ. തോമസ് ചാണ്ടി
76. ഡോ. ടി. എം. തോമസ് ഐസക്
77. ശ്രീ. പി. ഉണ്ണി
78. ശ്രീമതി വീണാ ജോർജ്ജ്
79. ശ്രീ. പിണറായി വിജയൻ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അടൂർ പ്രകാശ്
2. ശ്രീ. അനിൽ അക്കര
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
5. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
6. ഡോ. എൻ. ജയരാജ്
7. ശ്രീ. കെ. സി. ജോസഫ്
8. ശ്രീ. കെ. എൻ. എ. ഖാദർ
9. ഡോ. എം. കെ. മുനീർ
10. ശ്രീ. കെ. മുരളീധരൻ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. രമേശ് ചെന്നിത്തല
13. ശ്രീ. റോജി എം. ജോൺ
14. ശ്രീ. റോഷി അഗസ്റ്റിൻ

15. ശ്രീ. കെ. എസ്. ശബരീനാഥൻ
16. ശ്രീ. വി. പി. സജീന്ദ്രൻ
17. ശ്രീ. ഷാഫി പറമ്പിൽ
18. ശ്രീ. സണ്ണി ജോസഫ്
19. ശ്രീ. സി. എഫ്. തോമസ്
20. ശ്രീ. പി. ഉബൈദുള്ള
21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 79 |
| പ്രതികൂലിക്കുന്നവർ | - | 21 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 250,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തികസർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച് രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്. എല്ലാവർക്കും റംസാൻ ആശംസകൾ.

(2018 ജൂൺ 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2021